COMPUTERISED

LA X2
32F5.3

32F5.3
N MOOSED
ura-
MUL
066803

COMPUTERISED

Madras University Library.

Date Label.

DOCTRINA-VIM-PROMOVET INSITAM

Ac. No. 66803 Cl. No. LAx2
32 F5.3

This book should be returned on or before the date last marked below.

3 APR 1941

Spl 27/88

PROFESSIONAL

COMPU

UNIVERSITY ... 11 MAR 1932 MADRAS

ശ്രീഃ

# അഷ്ടാംഗസംഗ്രഹം

## നിദാനസ്ഥാനം.

"ലീലാപ്ലവം"

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

---

വ്യാഖ്യാതാവ്

കെ. വാസുദേവൻമൂസ്സത്.

---

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

---

൧൧൦൭.

വില ഉറുപ്പിക ഒന്ന്.

---

പകൎപ്പവകാശം ടി. അച്ചുക്കൂടത്തിലേക്കുള്ളതാകുന്നു.

66283

LAx2
32F5.3

RISED

# മുഖവുര.

ശ്രീവാഹടാചാൎയ്യരുടെ കൃതിയും ആയുൎവ്വേദശാസ്ത്രത്തിൽ സൎവ്വഥാ പ്രാധാന്യം വഹിക്കുന്നതുമായ "അഷ്ടാംഗസംഗ്രഹം, "ഇന്ദു" വ്യാഖ്യാതാവിനെ അനുസരിച്ച് എഴുതപ്പെട്ട 'ലീലാപ്ലവം' എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടി തൃശ്ശിവപേരൂർ ഭാരതവിലാസം അച്ചുകൂടത്തിൽനിന്നു പ്രസിദ്ധംചെയ്തു വരുന്നതിൽ പ്രഥമസ്ഥാനമായ സൂത്രസ്ഥാനവും, ദ്വിതീയസ്ഥാനമായ ശാരീരസ്ഥാനവും ഇതിന്നുമുമ്പുതന്നെ പൊതുജനസമക്ഷം അവതരിച്ചു കഴിഞ്ഞുവല്ലോ. അത്യായാസസാദ്ധ്യമായ പ്രസ്തുതപ്രസിദ്ധീകരണത്തിൽ മൂന്നാമത്തേതായ നിദാനസ്ഥാനവും ഇതാ ആയുൎവ്വേദപ്രണയികളുടെ മുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

വാഹടാചാൎയ്യരുടെ ഈ അഷ്ടാംഗസംഗ്രഹത്തിലെ വിഷയപ്രതിപാദനരീതി വായനക്കാൎക്കു പരിചിതമാണല്ലോ. അഷ്ടാംഗഹൃദയത്തിലെപ്പോലെതന്നെ പതിനാറദ്ധ്യായങ്ങളിലായിട്ടാണ് ആചാൎയ്യർ ഈ ഗ്രന്ഥത്തിലും വിഷയവിനിവേശനം ചെയ്തിട്ടുള്ളത്. എന്നാൽ, സംഗ്രഹത്തിൽ സംഗതികൾ വിസ്തരിച്ചു പറകയും, ഹൃദയത്തിൽ സംഗതികളുടെ ഹൃദയംമാത്രം ചുരുക്കിപ്പറകയും ചെയ്തിട്ടുണ്ടെന്നേ വ്യത്യാസമുള്ളു. സംഗ്രഹം എന്ന വാക്കിന്നു സംക്ഷേപം എന്നൊരൎത്ഥം പലരും ധരിച്ചുവെച്ചിട്ടുണ്ട്. അഷ്ടാംഗസംഗ്രഹം എന്നു കേൾക്കുമ്പോൾ അഷ്ടാംഗഹൃദയത്തിന്റെ ഒരു സംക്ഷേപമാണിതെന്ന് അവർ തെറ്റിദ്ധരിക്കുന്നു. വാസ്തവത്തിൽ, നേരേമറിച്ച്, സംഗ്രഹം ഹൃദയത്തിന്റെയല്ലാ ഹൃദയം സംഗ്രഹത്തിന്റെയാണ് സംക്ഷേപമായിട്ടുള്ളത്. "കായബാലഗ്രഹോൎദ്ധ്വാംഗശല്യദംഷ്ട്രാജരാവൃഷ"ങ്ങളാകുന്ന ചികിത്സയുടെ എട്ടംഗങ്ങളുടെ സംഗ്രഹമാകയാൽ സംഗ്രഹത്തിന്ന് അഷ്ടാംഗസംഗ്രഹമെന്നും ഹൃദയമാകയാൽ ഹൃദയത്തിന്ന് അഷ്ടാംഗഹൃദയമെന്നും നാമകരണം ചെയ്തിരിക്കുന്നുവെന്നേയുള്ളു. ഹൃദയാപേക്ഷയാ അധികമായിട്ടുള്ള വിസ്തരം പ്രായേണ എല്ലാ സ്ഥാ

നങ്ങളിലും ഉള്ളതു പ്രസ്തുത നിദാനസ്ഥാനത്തിലും പ്രസ്താവയോഗ്യമായ വിധം കാണപ്പെടുന്നുണ്ട്.

ആദ്യത്തെ അദ്ധ്യായമായ സർവ്വരോഗനിദാനത്തിൽ പണ്ടു കൃതയുഗത്തിൽ ജനങ്ങൾ രോഗരഹിതന്മാരായിരുന്നുവെന്നും അതിന്നു കാരണം ഇന്നതായിരുന്നുവെന്നും ഉള്ള പൂർവ്വചരിത്രം പ്രതിപാദിച്ചിട്ടുള്ളതിന്നുപുറമേ, ദക്ഷയാഗത്തിൽ വെച്ച് ജ്വരം എന്ന പ്രധാനരോഗം ഉണ്ടായതും അതിന്റെ കൂടപ്പിറപ്പുകളായി അരോചകാദികൾ ഉത്ഭവിച്ചതുമായ കഥകളും വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. ഹൃദയത്തിലാകട്ടേ, "നിദാനം പൂർവ്വരൂപാണി" ഇത്യാദിയായി സർവ്വരോഗനിദാനങ്ങൾ പറയപ്പെടുകമാത്രമേ ചെയ്തിട്ടുള്ളൂ. ദോഷങ്ങളുടെ വികാരപ്രാപ്തികഥനത്തോടുകൂടി ഹൃദയത്തിലെ പ്രഥമാദ്ധ്യായം അവസാനിക്കുന്നു. സംഗ്രഹത്തിലാകട്ടേ, വ്യാധി ഇന്നിന്ന നക്ഷത്രങ്ങളിലുണ്ടായാൽ ഇന്നിന്ന ഫലങ്ങൾ വരുമെന്നുകൂടി പ്രതിപാദിക്കുന്നുണ്ട്. ഇതിൽ വിസ്തരം സ്പഷ്ടമാണല്ലോ.

മററുള്ള അദ്ധ്യായങ്ങളിലും യഥാസംഭവം സംഗ്രഹത്തിൽ നിന്നു വിഷയപരിപൂർത്തിയേ ഗ്രഹിക്കാവുന്നതാണ്. വിഷമജ്വരങ്ങളുടെ വിഷയത്തിലും മററും സംഗതികൾ സുവ്യക്തമാകുന്നതിന്ന്, "ഏതൽ പഠൻ സംഗ്രഹബോധസക്തഃ" എന്നു ഹൃദയത്തിൽ പറഞ്ഞപ്രകാരം, ഈ സംഗ്രഹത്തിന്റെ ആവശ്യം പ്രസ്പഷ്ടമാകുന്നുണ്ട്. വിശകലിതങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്നതിന്നുവേണ്ടി സംഗ്രഹത്തിൽ ആചാര്യൻ ധാരാളമായി ഗദ്യം ഉപയോഗിച്ചിട്ടുണ്ട്. മററ ദിക്കുകളിൽ അഷ്ടാംഗഹൃദയത്തിൽ കാണപ്പെടുന്ന ശ്ലോകങ്ങൾമാത്രമേ ഉള്ളുതാനും. സംഗ്രഹത്തിന്നും ഹൃദയത്തിന്നും തമ്മിൽ ഉള്ള മററു വ്യത്യാസങ്ങൾ സുഖാവബോദ്ധ്യങ്ങളാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല.

സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്ക് ഈ പ്രസിദ്ധീകരണം വളരെ ഉപയോഗപ്പെടുന്നുണ്ടെന്ന് അനുഭവം കൊണ്ടു വ്യക്തമാകുന്നുണ്ട്. ധന്വന്തരിമാസികാപ്രവൎത്തകന്മാരെപ്പോലെയുള്ള നിമത്സരന്മാരായ ശാസ്ത്രകുശലന്മാർ ഈ പ്രസിദ്ധീകരണ

ത്തിന്റെ ഗുണദോഷനിരീക്ഷണംചെയ്തു ദോഷഭാഗങ്ങളെ ചൂണ്ടിക്കാണിച്ചുതരുന്നതിന്നു വ്യാഖ്യാതാവ് അവരോടു വളരെ കൃതജ്ഞനായിരിക്കുന്നു. അവരുടെ നിരൂപണത്തിൽ സ്വീകാൎയ്യമായിത്തോന്നുന്ന സംഗതികൾ പുസ്തകത്തിന്റെ പുനസ്സംസ്കരണത്തിൽ സമീകരിക്കപ്പെടുന്നതുമാണ്.

അപൂൎവ്വഗ്രന്ഥങ്ങളെ പുറത്തിറക്കുന്നതിൽ പരേതനായ മിസ്റ്റർ, 'മാളിയമ്മാവ് മാത്തു' പ്രദർശിപ്പിച്ചിരുന്ന സ്ഥിരോത്സാഹം അദ്ദേഹത്തിന്റെ പ്രിയപുത്രനും ഭാരതവിലാസമുദ്രാലയത്തിന്റെ അദ്ധ്യക്ഷനുമായ മിസ്റ്റർ 'ലോന'യ്ക്കും പിതൃസ്വത്തായി സിദ്ധിച്ചിട്ടുള്ളതുകൊണ്ടു ഞങ്ങൾ രണ്ടുപേരുടേയും ഏതദ്വിഷയമായ പരിശ്രമം സാനുബന്ധമായി വരുവാൻ വഴികാണുന്നുണ്ട്. സംഗതികൾ എല്ലാം നിൎവ്വിഘ്നമായി വരുന്ന പക്ഷം ഈ 'ലീലാപ്ലവം' അതിന്റെ സങ്കേതസ്ഥാനത്തിൽ യഥാവസരം എത്തിച്ചേരുമെന്നു ഞങ്ങൾ കേരളീയരോട് ഉറപ്പായിപ്പറഞ്ഞുകൊള്ളുന്നു.

എന്ന്

വെള്ളിനാഴി, 13—3—1926. } കെ. വാസുദേവൻ മൂസ്സത്, വ്യാഖ്യാതാവ്.

ശ്രീരസ്തു.

# അഷ്ടാംഗസംഗ്രഹം

11 MAR 1932

## നിദാനസ്ഥാനം.

### പ്രഥമോദ്ധ്യായഃ.

മൂ—അഥാതസ്സർവ്വരോഗനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

### വ്യാഖ്യാനപ്രാരംഭഃ.

ദയാനദീനാഃ കലയന്തു ദീനേ
ദൈന്യാപഹാ നാന്യഗതൌ ജനേസ്മിൻ,
പുരോവിപാകം പുരുഷോത്തമസ്യ
പുണ്യാങ്കുരാഃ കഞ്ചന ദൃഷ്ടിപാതമ്॥

അഷ്ടാംഗസംഗ്രഹമെന്ന ഈ ഗ്രന്ഥത്തിൽ, ആദ്യത്തേതായ സൂത്രസ്ഥാനത്തിൽ സ്വസ്ഥവൃത്തം പറയപ്പെട്ടു; ആതുരവൃത്തമാകട്ടേ അതിൽ സൂചിപ്പിക്കയേ ചെയ്തുള്ളു. സ്വസ്ഥവൃത്തവും ആതുരവൃത്തവും ശരീരായത്തമായതുകൊണ്ട്, രണ്ടാമത്തെ സ്ഥാനത്തിൽ ജനനംമുതൽക്കുള്ള ശരീരനിർണ്ണയം ചെയ്യപ്പെട്ടു. ഇനി വ്യാധിനിർണ്ണയമാണ് പ്രകൃതം. വ്യാധികളുടെ സംഗതിയിൽ ഒന്നാമതുവേണ്ടത് അവയുടെ ഉൽപത്തിക്കുള്ള കാരണം അറിയുകയാണ്. പിന്നെ ലക്ഷണങ്ങളും അറിയണം. ഈ രണ്ടുകൂട്ടം—അതായതു ഹേതുവും ലക്ഷണവും—അറിഞ്ഞിട്ടുവേണം വ്യാധികളുടെ പ്രതികാരത്തെപ്പററി അറിയുവാൻ. ആകയാൽ, നിദാനലക്ഷണപരിജ്ഞാനത്തിന്നായി മൂന്നാമത്തേതായ നിദാനസ്ഥാനം ആരംഭിക്കുന്നു. ഈ സ്ഥാനത്തിന്നു "നിദാനസ്ഥാനം" എന്നു പേർപറയുന്നത് ഇതിൽ നിദാനം പ്രധാനമാകയാലാകുന്നു. നിദാനമെന്നതു, ഒന്നു സർവ്വരോഗങ്ങളേയും സാമാന്യമായി സംബന്ധിക്കുന്നതും മററൊ

ന്നു പ്രത്യേകരോഗങ്ങളെ ആശ്രയിച്ചതും എന്നിങ്ങിനെ രണ്ടുവിധത്തിലുണ്ട്. ഈ രണ്ടുതരം നിദാനങ്ങളിൽ പ്രത്യേകരോഗാശ്രയമായ നിദാനം ജ്വരനിദാനാദിഭേദേന ഈ സ്ഥാനത്തിൽ അദ്ധ്യായംപ്രതി പറയപ്പെടും. ഈ അദ്ധ്യായത്തിലാകട്ടെ സകലരോഗവ്യാപകങ്ങളായ നിദാനങ്ങളാണ് ആരംഭിക്കുന്നത്. അഥേതി—അനന്തരം സർവ്വരോഗനിദാനമെന്ന അദ്ധ്യായത്തെ പറവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇപ്രകാരം പറഞ്ഞു. സർവ്വരോഗനിദാനമെന്നതിന്ന് സർവ്വരോഗങ്ങളുടെ കാരണമെന്നർത്ഥം.

രോഗങ്ങളുടെ നിദാനം രണ്ടുവിധമാണ്. ഒന്ന്, പുരാകല്പത്തിൽ, അതായതു കൃതയുഗത്തിൽ ഇല്ലാതിരുന്ന രോഗങ്ങൾക്കുള്ള കാരണം; രണ്ട്, ദൃഷ്ടാദൃഷ്ടങ്ങളായ അശുഭകർമ്മങ്ങളെക്കൊണ്ടുള്ള രോഗങ്ങൾക്കുള്ള കാരണം. ഈ രണ്ടുതരം രോഗങ്ങളുടെ ആഗമത്തെപ്പററി പറയുന്നു:—

മൂ—ഇഹ കൃതയുഗേ വിഗതരാഗദ്വേഷാദിദ്വന്ദ്വാ ജിതലോഭക്രോധശ്രമക്ലമാലസ്യഭയാ നിഷ്പരിഗ്രഹാഃ പുരുഷാ ബഭൂവുഃ। തേഷാം പുണ്യബലേന പൃഥിവ്യാദീനാം സർവ്വഗുണസമുദായാദചിന്ത്യരസവീര്യാദിസമുദിതാനി സസ്യാന്യോഷധയശ്ചാസൻ, താനി ജിതേന്ദ്രിയത്വാൽ കാലേ മാത്രയാ ചോപയുഞ്ജാനാഃ സത്യാർജ്ജവാനൃശംസ്യാദിഗുണയോഗാച്ച സുരസദൃശതേജസോ രൂപാകൃതിപ്രമാണപ്രസാദോപചയസംഹനനസത്വസാരസംപന്നാ ദീർഘായുഷോ നീരുജശ്ച ബഭൂവുഃ ॥

സാ—ഈ മനുഷ്യലോകത്തിൽ പണ്ട് കൃതയുഗത്തിൽ മനുഷ്യർ രാഗദ്വേഷാദികളായ ദ്വന്ദ്വങ്ങൾ (=ക്ലേശങ്ങൾ) ഇല്ലാത്തവരും, ലോഭം-ക്രോധം-ശ്രമം-ക്ലമം (=ഇന്ദ്രിയസാദം)-ആലസ്യം-ഭയം എന്നിവയെ ജയിച്ചവരും, നിഷ്പരിഗ്രഹന്മാരും (സ്വച്ഛന്ദചാരികളും) ആയിരുന്നു. അവരുടെ പുണ്യബലംനിമിത്തം അന്നു പൃഥിവ്യാദികളായ ഭൂതങ്ങൾ അവയ്ക്കുള്ള സകലഗുണങ്ങളും ചേർന്നിരുന്നതുകൊണ്ട് സസ്യങ്ങളും ഓഷധികളും അചിന്ത്യങ്ങളായ രസവീര്യാദികളോടുകൂടിയവയായുമിരുന്നു. അന്നു മനുഷ്യർ ജിതേന്ദ്രിയരായിരുന്ന് അങ്ങിനെയുള്ള സസ്യങ്ങളേയും ഓഷധികളേയും, സമയംതെററാതെയും മാത്രയനുസരിച്ചും ഉപയോഗിച്ചുവരികയും ചെയ്തു. അതുനിമിത്തവും, കൂടാതെ സത്യം-ആർജ്ജവം-ആനൃശംസ്യം (സദാചാരം) മുതലായ ഗുണങ്ങളുടെ ചേർച്ചനിമിത്ത

വും അവർ ദേവതുല്യമായ തേജസ്സോടുകൂടിയവരും, രൂപം-ആകൃതി-പ്രമാണം (=ദേഹവലിപ്പം)- പ്രസാദം (=നിർമ്മലത്വം)- ഉപചയം (=പുഷ്ടി)- സംഹനനം (=കാഠിന്യം)- സത്വം- സാരങ്ങൾ (=ത്വഗ്രക്താദികൾ) എന്നിവ തികഞ്ഞവരും, ദീർഘായുസ്സുള്ളവരും രോഗങ്ങളില്ലാത്തവരുമായിരുന്നു.

പുരാകല്പത്തിൽ * രോഗങ്ങളുണ്ടാവാൻ സാമാന്യമെന്നും വിശേഷമെന്നും രണ്ടുവിധത്തിലുള്ള കാരണങ്ങളുണ്ടായിരുന്നു. അവയിൽ ആദ്യത്തേതായ സാമാന്യഹേതുവിനെ സാമാന്യേന പറയുന്നു:—

മൂ—ഭ്രശ്യതി തു കൃതയുഗേ യുഗസ്വഭാവാൽ ക്രമേണ പരിഹീയമാണസത്വഗുണേഷു പൃഥിവ്യാദിഷു ശരീരേഷു ച ധർമ്മാതിക്രമാൽ പുരുഷേഷ്വവശ്യംഭാവിനോ നിരപേക്ഷരക്ഷാഭിരുപേക്ഷിതാ ദേവതാഭിർജ്ജ്വരാദയഃ പ്രാദുരഭൂവന്നിതി സർവ്വരോഗാണാം സാമാന്യതഃ സംഭവഃ ॥

സാ—പിന്നെ കൃതയുഗം കഴിഞ്ഞുതുടങ്ങിയപ്പോൾ, പൃഥിവ്യാദികളായ ഭൂതങ്ങൾ യുഗസ്വഭാവം ഹേതുവായിട്ടു ക്രമത്തിൽ കുറഞ്ഞുവരുന്ന സത്വഗുണങ്ങളോടുകൂടി വരികയും ശരീരങ്ങളുടെ ഗുണങ്ങൾ ക്രമേണ കുറഞ്ഞുവരികയും ചെയ്തസമയത്ത്, ജ്വരംമുതലായവ, ധർമ്മലോപംകൊണ്ടു കോപിച്ച ദേവതമാർ രൂക്ഷമാരായിച്ചമയുകയാൽ മനുഷ്യശരീരങ്ങളിൽ അവശ്യംഭാവികളായി കടന്നുകൂടി സമുത്ഭവിച്ചു—ഇങ്ങിനെയാണ് സാമാന്യേന സകലരോഗങ്ങളുടേയും ഉൽപത്തി. ശരീരരക്ഷയെച്ചെയ്തിരുന്ന ദേവതമാർ ആ രക്ഷാഭാരം കൈവിടുകയാലാണ് രോഗങ്ങളുണ്ടായതെന്നു സാരം. ഇങ്ങിനെ സാമാന്യകാരണം പറയപ്പെട്ടു.

ഇനി വിശേഷകാരണത്തെപ്പറയുന്നു:—

മൂ—ജ്വരസ്തു സ്ഥാണുശാപാൽ പ്രാചേതസത്വമുപാഗതസ്യ പ്രജാപതേഃ ക്രതൌ ഭാഗമപരികല്പയതസ്തദ്വിനാശാർത്ഥം പൂർവ്വജന്മാവമാനിതയാ രുദ്രാണ്യാ പ്രേരിതസ്യ പശുപതേർദ്ദിവ്യമബ്ദസ

* ഇവിടെ പുരാകല്പമെന്നതിനു ദ്വിതീയയുഗമെന്നർത്ഥം. "ദ്വിതീയേ ഹി യുഗേ ശർവ്വമക്രോധവ്രതമാസ്ഥിതം । ദിവ്യം സഹസ്രം വർഷാണാമസുരാ അഭിദുദ്രുവുഃ । തപോവിഘ്നം സമീകർത്തും" ഇത്യാദിയായ ചരകവചനം നോക്കുക.

ഹസ്രം പരിരക്ഷിതവതഃ ക്രോധമതിചിരകാലസംഭൃതോ വ്രതാന്തേ രോഷാഗ്നിഃ കിംകരരൂപേണ കില പിണ്ഡിതമൂർത്തിർവ്വീരഭദ്രനാമാ ഭസ്മപ്രഹരണസ്ത്രിശിഃരാക്ഷിബാഹുപാദഃ പിംഗലലോചനോ ദംഷ്ട്രീ ശംകുകർണ്ണഃ കൃഷ്ണതനുരുത്തമാംഗാന്നിശ്ചചാര । സ ദേവീവിനിർമ്മിതയാ സഹ ഭദ്രകാള്യാ പ്രതിരോമകൂപമഭിനിഃസൃതൈർവ്വിവിധവികൃതാകൃതിഭിരനന്തൈർഭയാനകവാക്യക്രിയാവപുർഭിരനുചരൈഃ പരിവൃതശ്ചതുർയ്യുഗാന്തകരകാളാംഭോദസഹസ്രാനിനദോന്നാദയൻ രോദസീ ജ്വാലാഗർഭേണ പരീതഃ കളകളാരാവേണ മഹാദ്ഭുതസംപ്ലവകാരിണാ വിധായ ദാനവവധമശ്വമേധാധ്വരവിധ്വംസനഞ്ച പ്രാഞ്ജലിർവ്വിജ്ഞാപയാമാസ ശിവം— "ശിവീഭൂതോസി ദേവ ദേവൈഃ പിതാമഹപ്രഭൃതിഭിർജ്ജഗതഃ പിത്രാ ച ധാത്രാഭിഷ്ടൂയമാനഃ । സംപ്രത്യഹം കിം കരവാണി" ഇതി । തം ശൂലീ ക്രോധമാദിദേശ— "യസ്മാൽ ത്രിദശൈരപ്യജയ്യ മൽക്രോധ! വ്രതവിഘ്നം ചികീർഷു ദൈത്യസൈന്യം ദക്ഷോ ദക്ഷഹവ്യഞ്ച ത്വയാ ജീർണ്ണമതോ ജഗതോസ്യ സസ്ഥാവരസ്യ ജ്വരയിതാ ജ്വരോ ഭവാൻ ഭവതു । ത്വം ഹി സർവ്വരോഗാണാം പ്രഥമഃ പ്രവരോ ജന്മമരണേഷു തമോമയതയാ മഹാമോഹഃ പ്രാഗ് ജന്മനോ വിസ്മാരയിതാപചാരാന്തരേഷു ചോഷ്മായമാണത്വാൽ സന്താപാത്മാ ദ്വയേഷ്വപി ധ്രുവോ ജ്വരോ ഭവ"തി । സോയമേവമുമാപതിനാനുഗൃഹീതോ നാനാനാമഭിഃ സർവ്വതോനുഭുവി വിചരതി । തദ്യഥാ പാകലോ ഗജേഷ്വഭിതാപോ വാജിഷ്വലർക്കഃ കുക്കുരേഷ്വിന്ദ്രമദോ ജലദേഷു ജ്യോതിരോഷധീഷു ചൂർണ്ണകോ ധാന്യേഷ്വപ്സു നീലികാ ഉമാവൃഷരോ മനുഷ്യേഷു ജ്വര ഇതി ॥

സാ—ജ്വരമാകട്ടേ, സ്ഥാണുവായ ശ്രീപരമേശ്വരന്റെ ശാപംനിമിത്തം പ്രാചേതസനായിത്തീർന്ന പ്രജാപതി, യാഗത്തിങ്കൽ ശിവന്നു യജ്ഞഭാഗം കല്പിക്കാതിരുന്നപ്പോൾ അദ്ദേഹത്തെ നശിപ്പിക്കുവാൻവേണ്ടി പൂർവ്വജന്മത്തിൽ അവമാനിക്കപ്പെട്ട രുദ്രാണിദേവിയാൽ പ്രേരിതനായ പശുപതിയുടെ ക്രോധമാകുന്നു. ആ ക്രോധത്തെ അദ്ദേഹം ആയിരം ദിവ്യസംവത്സരകാലം പരിരക്ഷിച്ചുവന്നു. വളരെ അധികം കാലമായി സംഭൃതമായ പരമശിവന്റെ ആ ക്രോധാഗ്നി വ്രതാവസാനത്തിങ്കൽ അദ്ദേഹത്തിന്റെ കിങ്കരരൂപേണ പിണ്ഡീഭൂതമായ മൂ

ത്തിയോടുകൂടിയതായിച്ചമഞ്ഞ് വീരഭദ്രൻ എന്ന പേരോടുകൂടി, ഭസ്മപ്രഹരണത്തോടും മൂന്നു ശിരോക്ഷിബാഹുപാദങ്ങളോടും പിംഗളവർണ്ണമായ കണ്ണുകളോടും ദംഷ്ട്രകളോടും കുററികളുടെ ആകൃതിയിലുള്ള കർണ്ണങ്ങളോടും കറുത്തിരുണ്ട ദേഹത്തോടും കൂടിയവനായിട്ട് ശിവന്റെ ശിരസ്സിൽനിന്നു പൊട്ടിപ്പുറപ്പെട്ടു ചാടി. അപ്പോഴേക്കും രുദ്രാണീദേവിയുടെ സൃഷ്ടിയായ ഭദ്രകാളിയും ആവിർഭവിച്ചു. അതോടുകൂടി വീരഭദ്രന്റെ രോമകൂപങ്ങൾതോറും നാനാപ്രകാരത്തിലുള്ള വികൃതവേഷങ്ങളോടുകൂടിയവരും ഭയങ്കരങ്ങളായ വാക്ക്-പ്രവൃത്തി-ദേഹം എന്നിവയോടുകൂടിയവരുമായ അസംഖ്യം അനുചരന്മാരും പൊട്ടിപ്പുറപ്പെട്ടു. വീരഭദ്രൻ ഭദ്രകാളിയോടുകൂടി, ഈ അനുചരന്മാരാൽ പരിവൃതനായിട്ടു, നാലു യുഗങ്ങളുടേയും അന്തംവരുത്തുന്ന കാളമേഘസഹസ്രത്തിന്റെ നാദംപോലെയുള്ള നാദത്തോടുകൂടിയവനായിട്ടു, ജ്വാലാഗർഭവും മഹാഭൂതങ്ങൾക്കു നാശം വരുത്തുന്നതുമായ കളകളശബ്ദംകൊണ്ട് ഭൂമിയും ആകാശവും മുഴുവൻ മുഴക്കിക്കൊണ്ട് അസുരസംഹാരവും അശ്വമേധയാഗത്തിന്റെ വിധ്വംസനവും ചെയ്തു് അഞ്ജലിബന്ധം ചെയ്തുംകൊണ്ട് ശിവനോടിങ്ങിനെ ഉണർത്തിച്ചു:—"ഹേ ദേവദേവ! പിതാമഹപ്രഭൃതികളായ ദേവന്മാരും ജഗൽപിതാവായ ധാതാവും നാനാപ്രകാരത്തിൽ സ്തുതിച്ചതുകൊണ്ട് നിന്തിരുവടി ശിവീഭൂതൻ(=ശിവനായി ഭവിച്ചവൻ; ശിവൻ=കോപമില്ലാത്തവൻ) ആയിരിക്കുന്നു. ഇനി അടിയൻ എന്താണു ചെയ്യേണ്ടതു്?" ഇങ്ങിനെ ഉണർത്തിച്ച തന്റെ ക്രോധത്തോട്—അതായതു വീ വീരഭദ്രനോടു—ശൂലിയായ ശിവൻ കല്പിച്ചു:—"ഹേ ദേവന്മാരാൽകൂടി അജയ്യമായ എന്റെ ക്രോധമേ! നീ വ്രതവിഘ്നം ചെയ്യാനൊരുങ്ങിയ ദൈത്യസൈന്യത്തേയും ദക്ഷനേയും ദക്ഷഹവ്യത്തേയും ജീർണ്ണമാക്കിച്ചെയ്തുകൊണ്ട് സ്ഥാവരജംഗമാത്മകമായ ഈ ജഗത്തിനെ ജ്വലിപ്പിക്കുന്നവൻ(=ദഹിപ്പിക്കുന്നവൻ) ആയ നീ ജ്വരമായി ഭവിക്കട്ടെ. നീ, സർവ്വരോഗങ്ങളിലുംവെച്ച് പ്രഥമവും പ്രവരവും ജനനമരണങ്ങളിൽ തമോരൂപമാകയാൽ മഹാമോഹമയവും പൂർവ്വജന്മത്തിന്റെ ഓർമ്മയില്ലാതാക്കുന്നതും ഊഷ്മായമാനതാപം (അതായതു് ചൂടുപിടിപ്പിക്കുന്ന സ്വഭാവം) ഉള്ളതുകൊണ്ട് അപചാരാന്തരങ്ങളിൽ (എന്നുവെച്ചാൽ അപഥ്യവിശേഷങ്ങളിൽ) സന്താപാത്മകവും ആ രണ്ടിലും (അതായതു ജനനമരണങ്ങളിലും അപത്ഥ്യവിശേഷങ്ങളിലും) അവശ്യംഭാവിയുമായ ജ്വരമായി ഭവിക്കട്ടെ" ഇപ്രകാരം ഉമാപതിയാൽ അനുഗ്രഹിക്കപ്പെ

ട്ട ശിവക്രോധം നാനാനാമങ്ങളോടുകൂടി ഭൂമിയിലൊക്കയും സഞ്ചരിക്കുന്നു. എങ്ങിനെയെന്നാൽ—ആനകളിൽ പാകലം, കുതിരകളിൽ അഭിതാപം, ശ്വാക്കളിൽ അളൎക്കം, താമരകളിൽ ഇന്ദ്രമദം, ഓഷധികളിൽ ജ്യോതിസ്സ്, ധാന്യങ്ങളിൽ ചൂൎണ്ണകം, ജലത്തിൽ നീലിക, ഭൂമിയിൽ ഊഷരം, മനുഷ്യരിൽ ജ്വരം(=പനി) എന്നിങ്ങിനെയാണ് ജ്വരത്തിന്നുള്ള നാമഭേദങ്ങൾ *

ജ്വരത്തിന്റെ അനുഗാമികളെ പറയുന്നു:—

മൂ—തത്സഹജാശ്ചാരോചകാംഗമൎദ്ദശിരോവ്യഥാഭ്രമക്ലമഗ്ലാനിതൃഷ്ണാസന്താപാദയഃ തത്സന്താപാച്ച രക്തപിത്തമ്। തത്രൈവ ച യജ്ഞേ ക്രോധഭയാഭിദ്രുതാനാം പരിതോ വിദ്രവതാം ലംഘനപ്ലവനാദ്യൈൎദ്ദേഹവിക്ഷോഭണൈൎഗ്ഗുല്മവിദ്രധി വൃദ്ധിജഠരാദയോ ഹവിഃപ്രാശാന്മേഹകുഷ്ഠാൎശശ്ശോഫാതിസാരാദയോ ഭയോത്ത്രാസശോകാശുചിസംസ്പൎശൈരുന്മാദാപസ്മാരഗ്രഹാദയോ രോഹിണ്യതിപ്രസംഗാച്ഛേഷദുഹിതൃസംഭോഗകൃതാച്ച പ്രജാപതിക്രോധാന്നക്ഷത്രരാജസ്യ രാജയക്ഷ്മാ തത്സഹോത്ഭവാശ്ച കാസശ്വാസാദയഃ। സോപി ഹി ന വിനാ ജ്വരേണാനുബദ്ധ്നാതീതി സകലോപി രോഗഗ്രാമോ ജ്വരപൂൎവ്വകോ ജ്വരശബ്ദവാച്യോ വാ॥

സാ—ആ ജ്വരത്തോടൊപ്പംതന്നെ അപ്പോൾ ഉണ്ടായവയാണ് അരോചകം, അംഗമൎദ്ദം (മേൽ കുത്തിനോവ്), തലവേദന, തലതിരിച്ചിൽ, ക്ലമം (ഇന്ദ്രിയസാദം), തളൎച്ച, തണ്ണീൎദാഹം, ചുട്ടുനീറൽ മുതലായവ. തത്സന്താപം നിമിത്തം രക്തപിത്തവും ഉണ്ടായി. ആ ദക്ഷയാഗത്തിൽത്തന്നെ ശിവക്രോധത്തിൽനിന്നുള്ള ഭയത്താൽ അഭിദ്രുതന്മാരായി ചുററുപാടും ഓടുന്നവരുടെ ലംഘനം, പ്ലവനം (ഓട്ടം, ചാട്ടം) മുതലായിട്ടുള്ള ദേഹക്ഷോഭകരങ്ങളായ കൎമ്മങ്ങളെക്കൊണ്ടു ഗുൽമം-വിദ്രധി-വൃദ്ധി-ഉദരം തുടങ്ങിയ രോഗങ്ങളും, യാഗഹവിസ്സിനെ ഭക്ഷിച്ചതു ഹേതുവായിട്ടു പ്രമേഹം-കുഷ്ഠം-അൎശസ്സ്-ശോഫം-അതിസാരം മുതലായ രോഗങ്ങളും, ഭയപ്പെടുകയും ഞെട്ടിത്തരിക്കുകയും അശുചിസ്പൎശം വ

* പാകലം=ആനകളുടെ പനി; അഭിതാപം=കുതിരകളുടെ പനി; അളൎക്കം=നായിനു വിഷമുണ്ടാക്കുന്നതായ പനി; ഇന്ദ്രമദം=ഗ്ലാനികരമായ താപം; ജ്യോതിസ്സ്=പ്രകാശം; ചൂൎണ്ണകം=ചാഴികൾ കാരണമായ താപം; നീലികാ=നീലച്ഛായ; ഊഷരം=ഉവർ.

രികയും ചെയ്കനിമിത്തം ഉന്മാദം-അപസ്മാരം ഗ്രഹം തുടങ്ങിയ രോഗങ്ങളും ഉണ്ടായി. നക്ഷത്രരാജനായ ചന്ദ്രൻ രോഹിണിയിൽ അധിസംഗം ചെയ്കകൊണ്ടു മററുള്ള ദക്ഷപുത്രിമാരെ ഗമിക്കാതിരുന്നതുനിമിത്തം ദക്ഷപ്രജാപതിക്കുണ്ടായ ക്രോധത്തിൽനിന്നു ചന്ദ്രന്ന് രാജയക്ഷ്മാവും (ക്ഷയവും) ഉണ്ടായി. അതിനോടുകൂടിത്തന്നെ കാസശ്വാസാദികളും ഉത്ഭവിച്ചു. അതും ജ്വരത്തോടുകൂടാതെ അനുബന്ധിക്കുന്നില്ല. എന്നുവെച്ചാൽ അനുബന്ധിച്ചുനിൽക്കുന്ന ആ രോഗത്തിന്ന് ജ്വരം അവശ്യംഭാവിയായിരിക്കുമെന്നത്ഥം. ആകയാൽ സകല രോഗസമൂഹവും ജ്വരപൂവ്വകമായൊ ജ്വരമെന്ന ശബ്ദംകൊണ്ടു പറയപ്പെടാവുന്നതായൊ ഭവിക്കുന്നു. ഇപ്രകാരം സകല രോഗങ്ങളുടേയും ഉൽപത്തി ദക്ഷയാഗത്തിൽ വെച്ചും ശിവക്രോധത്തെ സാക്ഷാത്തായൊ പരമ്പരയായൊ ഹേതുകരിച്ചുമാണെന്നു പറയപ്പെട്ടു.

മൂ—ജ്വരസ്തമോ വികാര ആതങ്കഃ പാപ്മാ ഗദോ വ്യാധിരാബാധോ ദുഃഖമാമയോ യക്ഷ്മാ രോഗ ഇത്യനത്ഥാന്തരമ് । തത്ര രുജതീതി രോഗഃ । തസ്യോപലബ്ധിന്നിദാനപൂവ്വരൂപരൂപോപശയസംപ്രാപ്തിഭിഃ ॥

സാ.—ജ്വരം, തമസ്സ്, വികാരം, ആതങ്കം, പാപ്മാവ്, ഗദം, വ്യാധി, ആബാധം, ദുഃഖം, ആമയം, യക്ഷ്മാവ്, രോഗം എന്നിവ അത്ഥഭേദമില്ലാത്ത ശബ്ദങ്ങളാകുന്നു. ഇവ സവ്വരോഗങ്ങൾക്കുമുള്ള പൎയ്യായനാമങ്ങളാണെന്നത്ഥം. പൎയ്യായമെന്നാൽ തുല്യമായ അത്ഥത്തെപ്പറയുന്ന ശബ്ദങ്ങളുടെ അഭിധാനമാണ്. ഈ പൎയ്യായങ്ങളുടെ അത്ഥബോധനത്തിന്നായി അധികം പ്രസിദ്ധിയുള്ളതായ രോഗശബ്ദത്തെ നിവ്വചിക്കുന്നു. തത്രേതി—അവയിൽവെച്ച് രോഗമെന്ന ശബ്ദത്തിന്നു വേദനപ്പെടുത്തുന്നത് ('രുജതീതി') എന്നാകുന്നത്ഥം. ആ രോഗത്തിന്റെ ഉപലബ്ധി, നിദാനം-പൂവ്വരൂപം-രൂപം-ഉപശയം-സംപ്രാപ്തി എന്നിവയെക്കൊണ്ടാകുന്നു. ഉപലബ്ധി എന്നതിന്നു ബുദ്ധിയിലുള്ള ഉപസ്ഥിതിയെന്നും നിശ്ചയമെന്നുമത്ഥം. ആകയാൽ എല്ലാ രോഗങ്ങളേയും ഉദന്തമായി അറിയുന്നതും നിർണ്ണയിക്കുന്നതും നിദാനാദികളായ അഞ്ചു ഹേതുക്കളെക്കൊണ്ടാണെന്നു സാരം.

മൂ—തത്ര നിദാനം വാതാദിപ്രകോപഃ। തസ്യ പുനരഹിതാഹാരവിഹാരസേവാ । നിദാനപൎയ്യായാസ്തു ഹേതുന്നിമിത്തമായതനം കാരകഃ കത്താ കാരണം പ്രത്യയഃ സമുത്ഥാനം മൂലം യോനിരിതി ॥

സാ—നിദാനമെന്നാൽ കാരണം. ജ്വരാദികൾക്കു നിദാനം വാതാദിദോഷങ്ങളുടെ പ്രകോപമാകുന്നു. ആ വാതാദികളുടെ കോപത്തിനു നിദാനമാകട്ടെ അഹിതങ്ങളായ ആഹാരവിഹാരങ്ങളുടെ സേവയുമാണ്. ഈ വാതാദികോപവും തൽകാരണമായ അഹിതസേവയും രണ്ടും രോഗവിശേഷനിർണ്ണയത്തിൽ ഹേതുവാകുന്നു. ഏതു രോഗത്തിൽ സ്തംഭപാദഷ്യാദികളായ ലക്ഷണങ്ങൾ കാണുകയും, അതുപോലെതന്നെ ലഘുരൂക്ഷാദ്യാഹാരസേവയും അതിവ്യായാമാദിയും മുമ്പ് ചെയ്തിട്ടുള്ളതായി കാണുകയും ചെയ്യുന്നുവോ ആ രോഗം ഒരിക്കലും കഫകാരണമാണെന്നു ശങ്കിക്കുവാൻ വയ്യല്ലോ. അതുകൊണ്ട് മേൽപറഞ്ഞ രണ്ടും കൂടിയായാലേ രോഗങ്ങളുടെ നിദാനം പൂർണ്ണമാകയുള്ളൂ. ഈ നിദാനത്തിന്റെ പര്യായങ്ങളാണ് ഹേതു, നിമിത്തം, ആയതനം, കാരകം, കർത്താവ്, കാരണം, പ്രത്യയം, സമുത്ഥാനം, മൂലം, യോനി എന്നിവ.

എന്നാൽ ഒരേ നിദാനംതന്നെ അനേകരോഗങ്ങളുടെ കാരണമായി വരാം. അതുകൊണ്ട് നിദാനം മാത്രംകൊണ്ട് രോഗനിർണ്ണയം സുകരമല്ല; പൂർവ്വരൂപാദികളും കൂടിയേ കഴിയൂ. അതുകൊണ്ട് പൂർവ്വരൂപാദികളെ വിവരിക്കുന്നു:—

മൂ—പൂർവ്വരൂപം നാമ യേന ഭാവിവ്യാധിവിശേഷോ വിജ്ഞായതേ ന തു ദോഷവിശേഷഃ । തദുത്പത്സ്യമാനസ്യ വ്യാധേരല്പതായാദവ്യക്തം രൂപമ് ॥

സാ—യാതൊന്നുകൊണ്ട് വരുവാൻപോകുന്ന വ്യാധിവിശേഷം അറിയപ്പെടുന്നുവോ അതാണ് പൂർവ്വരൂപം. ഇതിൽ ദോഷവിശേഷത്തിന്റെ അപേക്ഷയില്ല. ഇത് അല്പമാകയാൽ വരുവാൻപോകുന്ന വ്യാധിയുടെ അവ്യക്തകാരണമാകുന്നു. ആകയാൽ ദോഷവിശേഷത്തിന്റെ അപേക്ഷകൂടാതെ ഭാവിയായ വ്യാധിവിശേഷത്തിന്റെ ഗമകമാണ് പൂർവ്വരൂപം എന്നു സാരം. പ്രത്യേകം ഒരു രോഗത്തിന്റെ സ്വരൂപമെന്ന നിലയിൽ എല്ലാ പ്രത്യേകരോഗങ്ങളിലും ഉണ്ടാകുന്നതായ ഈ പൂർവ്വരൂപം വ്യാധിവിശേഷത്തിന്റെ മാത്രം ഗമകമാണ്; ദോഷവിശേഷത്തിന്റെ ഗമകമല്ല. ജ്വരം, രക്തപിത്തം മുതലായവയുടെ പൂർവ്വരൂപം എന്നല്ലാതെ വാതജ്വരത്തിന്റെയോ മറ്റോ പൂർവ്വരൂപമെന്ന് പൂർവ്വരൂപത്തെ പറയുവാൻ വയ്യ. ദോഷവിശേഷത്തെ പിടിച്ചല്ല വ്യാധിവിശേഷ

ത്തമാത്രം പിടിച്ചാണ് പൂൎവ്വരൂപം ഉണ്ടാകുന്നത്. ഇന്ന ദോഷംകോപിച്ചുണ്ടായത് എന്നറിയാവുന്നതിന്നു മുമ്പുതന്നെ ഇന്ന വ്യാധിയുണ്ടാവാൻ പോകുന്നു എന്നറിയുന്നതെന്തുകൊണ്ടാണോ അതാണ് പൂൎവ്വരൂപം എന്നു ഭാവം. ഇത് വ്യാധിയുടെ അസ്പഷ്ടമായ രൂപംതന്നെയാകുന്നു.

മൂ—സ്പഷ്ടം പുനാ രൂപമ് । തസ്യ ശബ്ദാന്തരാണി ലിംഗമാകൃതില്ലക്ഷണം ചിഹ്നം സംസ്ഥാനം വ്യഞ്ജനമിതി॥

സാ—ദോഷവിശേഷാധിഷ്ഠിതമായ വ്യാധിയുടെ സ്പഷ്ടമായ ഗമകമായാൽ അതു രൂപമാകുന്നു. നിദാനം കൊണ്ട് രോഗത്തെ തെല്ലൊന്നറിഞ്ഞ്, പിന്നെ പൂൎവ്വരൂപം കൊണ്ടു ദോഷവിശേഷജ്ഞാനം കൂടാതെ വ്യാധിവിശേഷത്തെ അറിഞ്ഞു കഴിഞ്ഞതിന്നുമേൽ, ദോഷവിശേഷത്തെ അറിവാൻ അവശ്യം ഉപയോഗപ്പെടുന്ന ഒന്നാണ് രൂപം. ഈ രൂപത്തിന്റെ ശബ്ദാന്തരങ്ങൾ (അതായതു പൎയ്യായങ്ങൾ) ആണ് ലിംഗം, ആകൃതി, ലക്ഷണം, ചിഹ്നം, സംസ്ഥാനം, വ്യഞ്ജനം എന്നിവ.

മേൽകാണിച്ച നിദാനപൂൎവ്വരൂപരൂപങ്ങളെക്കൊണ്ടും ചിലപ്പോൾ വ്യാധിവിശേഷത്തെ ശരിയായറിവാൻ സാധിക്കാതെ വന്നേക്കാം. സംയോഗവശാൽ പ്രാപ്തങ്ങളും വിരുദ്ധങ്ങളും വിരുദ്ധകാൎയ്യകരങ്ങളുമായ ഗുണങ്ങൾ നിമിത്തം നിദാനാദികൾ ചിലപ്പോൾ അനേകകാൎയ്യങ്ങളുടെ കാരണങ്ങളാകുവാനും തന്നിമിത്തം വ്യാധിവിശേഷത്തെ അറിയിക്കാതിരിപ്പാനും ഇടയുണ്ട്. ആകയാൽ വിശേഷഗമകതാഹേതുവായി ഉപശയത്തേയും പറഞ്ഞിരിക്കുന്നു. അതിനെയാണ് ഇനി വിവരിക്കുന്നത്:—

മൂ—ഉപശയോ ഹേതുവ്യാധിവിപരീതൈൎവ്വിപരീതാൎത്ഥകാരിഭിശ്ചൌഷധാഹാരവിഹാരൈഃ സുഖാനുബന്ധഃ । സ ഹി വ്യാധിസാത്മ്യസംജ്ഞഃ । തദ്വിപരീതോനുപശയഃ । ഏതേന ദേശകാലൌ വ്യാഖ്യാതൌ॥

സാ—ഉപശയമെന്നാൽ ഔഷധാഹാരവിഹാരങ്ങളെക്കൊണ്ടുള്ള സുഖാനുബന്ധമാകുന്നു. എങ്ങിനെയുള്ള ഔഷധാഹാരവിഹാരങ്ങൾ എന്നു പറയുന്നു. ഹേതുവ്യാധീതി—ഹേതുവിപരീതങ്ങളും വ്യാധിവിപരീതങ്ങളും വിപരീതാൎത്ഥകാരികളുമായ ഔഷധാദികളെക്കൊണ്ടുള്ള സുഖാനുബന്ധമാണ് ഉപശയം. ഇവയുടെ ലക്ഷണങ്ങൾ സൂത്രസ്ഥാനത്തിൽ

കാണിച്ചിട്ടുണ്ട്. ഈ ഉപശയത്തിന്നുതന്നെ വ്യാധിസാത്മ്യമെന്നും പേരുണ്ട്. ഉപശയത്തിന്റെ പ്രസംഗംകൊണ്ട് അനുപശയത്തെയും പറയുന്നു. തദ്വിപരീത ഇതി—ഉപശയത്തിന്നുവിപരീതമാണ് അനുപശയം. അപ്പോൾ അനുപശയംകൊണ്ട് വ്യാധിയുടെ സ്വരൂപവിശേഷമാണ് പരിച്ഛേദിക്കപ്പെടുന്നത്. ഉപശയം എന്നു പേരായ ഈ സുഖാനുബന്ധംകൊണ്ട് ദേശകാലങ്ങളും പറയപ്പെട്ടു. അതായതു ഒരു വ്യാധിക്ക് ഏതു ദേശവും കാലവും സുഖാനുബന്ധഹേതുവായിരിക്കുന്നുവോ ആ ദേശവും കാലവും ആ വ്യാധിക്കു സാത്മ്യമാണെന്നറിയണം. ഈ പറയപ്പെട്ട ഉപശയമെല്ലാം വൈദ്യൻ ചെയ്യുന്ന രോഗപരീക്ഷയിൽ സാമഗ്രിയായി ഭവിക്കുന്നു. ഇങ്ങിനെ രോഗവിശേഷാവച്ഛേദത്തിന്നായി നിദാനാദികളായ നാലു കൂട്ടം പറയപ്പെട്ടു.

ഇനി ചിലപ്പോൾ നിദാനാദികൾ സാധാരണത്വം കൊണ്ടോ വ്യാമോഹം കൊണ്ടോ മററു കാരണവശാലോ വ്യാധിസ്വരൂപത്തെക്കാണിപ്പാൻ അസമർത്ഥങ്ങളായി വന്നേയ്ക്കാം. അങ്ങിനെയുള്ള ഘട്ടങ്ങളിൽ സംപ്രാപ്തികൊണ്ട് വ്യാധിവിശേഷത്തെ അറിയണം. അതുകൊണ്ട് സംപ്രാപ്തിയെപ്പറയുന്നു:—

മൂ—സംപ്രാപ്തിഃ പുനരേവം ദുഷ്ടോ ദോഷസ്സ്യേന ചൈവമാരബ്ധോ വ്യാധിസ്സൽപത്ത്യായാ ജാതിരാഗതിൎന്നിർവൃത്തിൎന്നിഷ്പത്തിരിതി॥

സാ—സംപ്രാപ്തി എന്നതു ദോഷം ഇന്നപ്രകാരത്തിൽ ദുഷിച്ചു, അതുകൊണ്ട് ഇന്നപ്രകാരത്തിൽ വ്യാധി ആരംഭിച്ചു എന്നുള്ള പ്രകാരമാകുന്നു. അതിന്റെ പര്യായങ്ങളാണ് ജാതി, ആഗതി, നിവൃത്തി, നിഷ്പത്തി എന്നിവ. രോഗോൽപത്തിക്കുള്ള പ്രകാരം അപത്ഥ്യവിശേഷസേവനിമിത്തം പലപ്രകാരത്തിൽ വരാം. ഒരേ ദ്രവ്യംതന്നെ അതിന്റെ കാര്യമായ ഒരു ദോഷത്തെ പ്രകൃത്യാദികളുടെഭേദമനുസരിച്ച് ചിലപ്പോൾ ലഘുത്വംകൊണ്ടും, ചിലപ്പോൾ രൌക്ഷ്യംകൊണ്ടും, ചിലപ്പോൾ കാഠിന്യംകൊണ്ടും, ചിലപ്പോൾ അജീർണ്ണംകൊണ്ടും, ചിലപ്പോൾ അന്യദോഷകോപനംകൊണ്ടും, ചിലപ്പോൾ ശൈത്യം കൊണ്ടും, ചിലപ്പോൾ മററെതെങ്കിലും ഗുണംകൊണ്ടും കോപിപ്പിക്കും. അപ്രകാരംതന്നെ ചിലദ്രവ്യങ്ങൾ ഉഭയഭാഗികങ്ങളായിരിക്കും. അവ അങ്ങിനെയല്ലാതിരുന്നു ദോഷത്തെ കോപിപ്പിക്കും. ചിലദ്രവ്യങ്ങൾ അധോ

ഭാഗികങ്ങളായിരിക്കും. അവയും അങ്ങിനെയല്ലാതിരുന്ന് ദോഷത്തെ
കോപിപ്പിക്കും. ഉഭയഭാഗികമായിട്ടുള്ള ദ്രവ്യവും പ്രകാരാന്തരേണ ദോ
ഷകോപത്തെ ഉണ്ടാക്കും. ഇങ്ങിനെയുള്ള കാർയ്യവിശേഷം കൊണ്ട്
ദോഷം ഇന്നപ്രകാരത്തിൽ ദുഷിച്ചു എന്നറിയാം. കുരുമുളകിന്റെ രൌ
ക്ഷ്യം കൊണ്ടു വായുകോപിക്കുന്നു; അതിന്റെ തന്നെ ലാഘവംകൊ
ണ്ടും വായുകോപിക്കുന്നു; ഈ രണ്ടുതരം വായുകോപങ്ങൾ ഒരു പോലെ
യാവാൻ തരമില്ല. രൌക്ഷ്യം കൊണ്ടു കോപിച്ച വായു സ്വഗുണമായ
രൌക്ഷ്യത്തെത്തന്നെ ഉപബൃംഹണം ചെയ്ത് തദനുഗുണങ്ങളായ കാ
ഠിന്യം ഉപശോഷണം മുതലായവയെയാണ് ചെയ്യുക. ലാഘവംകൊ
ണ്ടു കോപിച്ച വായു ലാഘവാദികളെത്തന്നെയാണുണ്ടാക്കുക. ഇങ്ങി
നെ എല്ലാം ഊഹിക്കണം. ചരകത്തിൽ ചിലതിവിടെ പറയാം—
വാതകോപത്തിന്നു കാരണമായി തിക്തം, കടുകം, കഷായം, രൂക്ഷം,
ലഘു, ശീതം, വിഷ്ടംഭി, വിരുദ്ധകം, തൃണധാന്യം തുടങ്ങി പലതും
പറയുന്നുണ്ട്; എന്നാൽ തിക്തരസമായ ദ്രവ്യംകൊണ്ടുണ്ടാകുന്ന കോ
പം കടുകരസമോ മറ്റോ ആയ വിരുദ്ധകാദിയെക്കൊണ്ടുണ്ടാകയില്ല.
കാരണം ദ്രവ്യങ്ങൾ അനേകകാരണാരബ്ധങ്ങളായതുതന്നെ. ഇതുപോ
ലെതന്നെ പടോലം നിമിത്തമായുണ്ടായ കോപം ത്രായന്തീവാളുകാദിക
ളെക്കൊണ്ടും ഉണ്ടാകയില്ല. ഇങ്ങിനെതന്നെ ഒരു ദ്രവ്യം ഒരു ദോഷത്തി
ന്റെ നിമിത്തം മാത്രമായിരിക്കയുമില്ല. ഒരു ദ്രവ്യംതന്നെ അനുചിതമാ
ത്രാദിയോടുകൂടി പ്രയോഗിച്ചാൽ ചിലപ്പോൾ അതു ദോഷത്തിന്നനുകൂ
ലമായിരിക്കേണ്ടതിന്നു പകരം അതിനെ കോപിപ്പിച്ചേക്കാം. ചില
പ്പോൾ സദൃശമായോ വിസദൃശമായോ ഉള്ള ഗുണാന്തരം കൊണ്ടും പ്ര
ഭാവാദികളെക്കൊണ്ടും കോപിപ്പിക്കാം. ഒരു ദോഷം ഒരുകാരണംകൊ
ണ്ടു കോപിച്ച് വ്യാധിയെ ചെയ്യുമ്പോൾ മറെറാരുദോഷം യഥാർത്ഥ
ത്തിൽ ആദ്യത്തെ ദോഷത്തിന്നു കാരണമല്ലെങ്കിലും ആഹാരാദി മാത്രാ
വശാൽ കോപിച്ച് വികാരവിശേഷത്തെ ഉണ്ടാക്കിയേക്കാം. ജ്വരചി
കിത്സിതത്തിൽ “കഷായപാനപഥ്യാന്നൈഃ” ഇത്യാദിപ്രകരണത്തിൽ
നിന്നു ഇത് വ്യക്തമാകുന്നതാണ്. ഏകദോഷജങ്ങളായ രോഗങ്ങളിൽ
മറെറാരു ദോഷവും സംപ്രാപ്ത്യഭിമുഖമായി ഭവിക്കാം. ജ്വരചികിത്സ
യിൽ ജ്വരകാരണമായ കഫം വമനാദികളെക്കൊണ്ടു ക്ഷയിച്ചാലും ക
ഫകാർയ്യമായ ജ്വരം ക്ഷയിക്കാതെ ദോഷാന്തരത്തെ ഉദീരണം ചെയ്യു
ന്നും. ആ ദോഷം കാലാദികളായ സഹായങ്ങളെ അവലംബിച്ച് പി

ന്നെ നാനാവിധവികാരങ്ങളെ ഉണ്ടാക്കും. "പ്രയോഗശ്ശമയേദ്വ്യാധിം യോന്യമന്യമുദീരയേൽ । നാസൌ വിശുദ്ധഃ ശുദ്ധസ്തു ശമയേദ്യോ ന കോപയേൽ" എന്നതു കാണ്ക. ആകയാൽ വ്യാധികാരണമായ ദോഷം എങ്ങിനെ ദൂഷിച്ചുവെന്നറിയേണ്ടതു വ്യാധിവിശേഷനിർണ്ണയത്തിൽ അത്യാവശ്യകമാകുന്നു. ഇനി ദോഷം എങ്ങിനെ ദൂഷിച്ചാലും ചിലപ്പോൾ ശരീരം മുഴുവൻ വ്യാപിച്ചും ചിലപ്പോൾ ശരീരൈകദേശത്തിൽ മാത്രം വ്യാപിച്ചും ഈഷൽ ഭേദത്തോടു കൂടിയ രോഗങ്ങളെയാണുണ്ടാക്കുക. ഒരിടത്തു അവസ്ഥിതമായ ദോഷം വിശിഷ്ടമായ അന്യദോഷത്താൽ വിഹതഗതിയായിത്തീൎന്നു് മറെറാരു ദോഷത്തേയും കോപിപ്പിച്ചു് നാനാരോഗങ്ങളെ ഉളവാക്കും. അതിനാലാണു് വായു ദൂഷിച്ചു് ചിലപ്പോൾ ജ്വരത്തേയും ചിലപ്പോൾ കുഷ്ഠാദികളേയും ഉളവാക്കുന്നതു്. ഇതാണു് സംപ്രാപ്തി. ഇതു് രോഗവിശേഷാധിഗമത്തിന്നു ഹേതുവാകുന്നു. നിദാനാദികളായ ഈ അഞ്ചും ചേൎന്നാണു് രോഗവിശേഷത്തെ അറിയുന്നതിന്നു ഹേതുവാകുന്നതു്. സംപ്രാപ്തിയെന്നാൽ രോഗോൽപത്തിയുടെ വഴി എന്നു ഭാവം.

മൂ—സാ സംഖ്യാ വികല്പപ്രാധാന്യബലകാലവിശേഷൈൎഭിദ്യതേ । തത്ര സംഖ്യാ താവദഷ്ടൗ ജ്വരാസ്ത്രിവിധം രക്തപിത്തം പഞ്ച കാസാ ഇതി । വികല്പസ്സമവേതാനാം ദോഷാണാമംശാംശകല്പനാ പ്രാധാന്യം വ്യാധീനാമനുബന്ധ്യാനുബന്ധകഭേദാത്തരതമയോഗാദ്വാ ദോഷാണാം । ബലാബലവിശേഷോ ഹേത്വാദികാൎത്സ്ന്യാവയവവിഭാവനയാ । കാലവിശേഷഃ പുനൎദ്ദോഷാണാമൃത്വഹോരാത്ര്യാഹാരസമയനിയതഃ പ്രകോപ ഇതി ഏതാവദേവ സമാസതഃ കഥിതോ നിദാനാൎത്ഥഃ । വിസ്തരേണ തു യഥാസ്വം പ്രതി രോഗമുപദേക്ഷ്യതേ ॥

സാ—ആ സംപ്രാപ്തി സംഖ്യയെന്നും വികല്പമെന്നും പ്രാധാന്യമെന്നും ബലമെന്നും കാലമെന്നുമുള്ള അഞ്ചു വിശേഷങ്ങളെക്കൊണ്ടു ഭേദിക്കുന്നു. അവയെ വിവരിക്കുന്നു. തത്രേതി—എട്ടു ജ്വരങ്ങൾ, മൂന്നുവിധം രക്തപിത്തം, അഞ്ചു കാസങ്ങൾ എന്നിങ്ങിനെ വ്യാധികളെ എണ്ണംകൊണ്ടു പരിച്ഛേദിക്കുന്നതാണു് സംഖ്യ എന്ന സംപ്രാപ്തി. ഒരേ രോഗംതന്നെ പലപ്രകാരമായി ഭവിക്കുന്നതുകൊണ്ടു് സംഖ്യക്കു സംപ്രാപ്തിത്വം ഉപപന്നമാകുന്നു. വികല്പമെന്നതു സമവേതങ്ങൾ (മിശ്രീഭൂത

ങ്ങൾ) ആയ ദോഷങ്ങളുടെ അംശാംശകല്പനയാകുന്നു. സന്നിപതിതങ്ങളായ ദോഷങ്ങളിൽ ഓരോന്നും ഇത്രഇത്ര അംശമുണ്ടെന്നു കല്പിക്കുന്നതാണിത്. പ്രാധാന്യമെന്ന സംപ്രാപ്തി രോഗങ്ങളുടെ അനുബന്ധ്യം-അനുബന്ധകം എന്ന ഭേദംകൊണ്ടോ, അല്ലെങ്കിൽ ദോഷങ്ങളുടെ തരതമയോഗംകൊണ്ടോ രണ്ടുവിധത്തിലാകുന്നു. ഇതിനെപ്പററി സൂത്രസ്ഥാനത്തിൽ പറഞ്ഞിട്ടുണ്ട്. അനുബന്ധ്യാനുബന്ധകങ്ങളിൽ അനുബന്ധ്യം പ്രധാനവും അനുബന്ധകം അപ്രധാനവുമാകുന്നു. തരതമയോഗത്തിൽ ഏതു ദോഷം അധികമായിരിക്കുന്നുവോ അതു പ്രധാനം. ഇങ്ങിനെയാണ് പ്രാധാന്യമെന്ന സംപ്രാപ്തി. ദോഷങ്ങളുടെ ബലാബലവിശേഷവിജ്ഞാനം ഹേത്വാദികളുടെ കാർത്സ്ന്യത്തേയും അവയവത്തേയും വിഭാവനം ചെയ്തിട്ടാണുണ്ടാകേണ്ടത്. (കാർത്സ്ന്യം=സാമഗ്ര്യം; അവയവം=അംശം) ഹേതു-നിദാനം. നിദാനപൂർവ്വരൂപാദികൾ കൃത്സ്നമായി ഒരു ദോഷത്തിൽ കാണപ്പെട്ടാൽ അതു ബലവത്താണെന്നറിയണം. നിദാനാദികൾ അവയവമാത്രമായി കാണപ്പെട്ടാൽ അതു ദുർബ്ബലമാണെന്നും അറിയണം. "ഹേത്വാദി" എന്നതിൽ ആദിശബ്ദംകൊണ്ടു പൂർവ്വരൂപാദികളെ ഗ്രഹിക്കണം. ഇങ്ങിനെ ബലമെന്ന സംപ്രാപ്തി പറയപ്പെട്ടു. കാലവിശേഷമാകട്ടേ ഋതു, അഹസ്സ് രാത്രി ആഹാരസമയം എന്നിവയിൽ ദോഷങ്ങൾക്കു നിയതമായുള്ള കോപമാകുന്നു. വാതാദികളായ ദോഷങ്ങൾ ഋത്വഹോരാത്ര്യാദിപരതന്ത്രങ്ങളാകയാൽ അവയ ശ്ലോകപ്രകാരേണ കോപിക്കും. ഇത്രമാത്രം പറഞ്ഞതുകൊണ്ട് ചുരുക്കത്തിൽ നിദാനാർത്ഥം പറയപ്പെട്ടു. നിദാനാർത്ഥം=വ്യാധികാരണസ്വരൂപം. വിസ്തരിച്ചുള്ള നിദാനാർത്ഥം അതാതവസരങ്ങളിൽ പ്രതിരോഗം വേറെ വേറെ പറയപ്പെടും.

ഇനി സർവ്വരോഗനിദാനഭൂതങ്ങളായ വാതാദികളുടെ പ്രകോപകാരണത്തെ പറയുന്നു:—

മൂ—അഥ തിക്തകടുകഷായരൂക്ഷലഘുശീതവിഷ്ടംഭിവിരുദ്ധകതൃണധാന്യകളായചണകകരീരതുംബകാലിംഗചിർഭിടവിസശാലൂകജാംബവതിന്ദുകഹീനശുഷ്കപ്രമിതരൂഷിതാശനക്ഷുധിതാംബു-പാനാസൃക്ക്ഷയവിരേചനാദികർമ്മാതിയോഗവേഗവിധാരണോദീരണരാത്രിജാഗരണപ്രവാതവ്യവായവ്യായാമബലവദ്വിഗ്രഹനിഗ്രഹാതിഭാരചാപകർഷണാത്യുച്ചവിഷമലംഘനാദ്ധ്വാദ്ധ്യയനധാവനസലിലതരണാഭിഘാതമൃഗഗോവാജിഗജനിഗ്രഹാശ്മശിലാലോഹകാ

ശ്മോൽക്ഷേപവിക്ഷേപഭ്രമണചാലനഗാഢോച്ഛാദനപരാഘാത-നാദിസാഹസഭയശോകോൽകണ്ഠാദിഭിരതിസേവിതൈർഗ്രീഷ്മവ-ർഷാപരാഹ്ണാപരരാത്രാഹാരപരിണാമാന്തേഷു ച വായുഃ പ്രകോപമാപദ്യതേ ॥

സാ—തിക്താദികളായിട്ടുള്ളവയെ അധികമായി സേവിക്കുന്നതുകൊണ്ടും ഗ്രീഷ്മാന്താദികളായ കാലങ്ങളിലും വായു പ്രകോപത്തെ പ്രാപിക്കുന്നു. കളായം=കടലക്ക. തുംബം=പേച്ചുര. കാലിംഗം=കുമ്മട്ടിക്കാ. ചിർഭിടം=കാട്ടുവെള്ളരി. ശാലൂകം=താമരക്കിഴങ്ങ് (തോട്ടാമ്പലെന്നു പക്ഷാന്തരം). തിന്ദുകം=പനിച്ചകം. ശേഷം സ്പഷ്ടം. തിക്തം മുതൽ തിന്ദുകാന്തമുള്ളവ അതിസേവിതങ്ങളായാൽ വാതം കോപിക്കും. അശനശബ്ദത്തിനു ഹീനാദികളോടു സംബന്ധം. ആകയാൽ ഹീനാശനവും ശുഷ്കാശനവും പ്രമിതാശനവും തൃഷിതാശനവുമെന്നർത്ഥം. ഹീനാശനം=ഹീനമാത്രകമായ ഭക്ഷണം. ശുഷ്കാശനം=ശുഷ്കാന്നഭക്ഷണം. പ്രമിതാശനം=മാത്രാതീതഭക്ഷണം. തൃഷിതാശനം=വെള്ളം ദാഹിക്കുമ്പോഴുള്ള ഭക്ഷണം. ക്ഷുധിതാംബുപാനം=വിശന്നിരിക്കുമ്പോൾ വെള്ളം കുടിക്കൽ. അസൃക്ക്ഷയം=രക്തക്ഷയം. വിരേചനാദികർമ്മാതിയോഗം=വിരേചനം തുടങ്ങിയ കർമ്മങ്ങളുടെ യഥോക്തലക്ഷണമായ അതിയോഗം. വിരേചനം=വമനവിരേകങ്ങൾ. ആദിശബ്ദംകൊണ്ട് നിരൂഹനസ്യഗണ്ഡൂഷാദികളെ ഗ്രഹിക്കണം. വേഗവിധാരണാദി രാത്രിജാഗരണാന്തമുള്ളവ പ്രസിദ്ധങ്ങൾ. പ്രവാതം=പ്രകൃഷ്ടമായ കാററ്. വ്യവായം=മൈഥുനം. ബലവദൃഢനിഗ്രഹം=ബലവാനോടുള്ള യുദ്ധത്തിലുള്ള നിഗ്രഹം. നിഗ്രഹം=പരുക്ക്. അതിഖരചാപകർഷണം മുതലായുള്ള സാഹസങ്ങൾ എന്നർത്ഥം ഗ്രഹിക്കണം. അതിഖരചാപകർഷണം=അധികം കഠിനമായ വില്ലിനെ വലിക്കൽ. അത്യുച്ചവിഷമലംഘനം=അധികം ഉയരമുള്ളതോ സമമല്ലാത്തതോ ആയ സ്ഥലത്തിന്റെ ലംഘനം. അത്യദ്ധ്വയാനം=അധികം വഴിനടക്കൽ. അത്യദ്ധ്യയനം=അധികം വായിക്കൽ. അതിധാവനം=അധികമായ ഓട്ടം. സലിലതരണം=വെള്ളം നീന്തിക്കടക്കൽ. അഭിഘാതം=ചതവ്. ദമ്യഗോവാജിഗജനിഗ്രഹം=ദമ്യങ്ങൾ (=അടങ്ങാത്തങ്ങൾ) ആയ ഗവാദികളുടെ നിഗ്രഹം. നിഗ്രഹം=ഗ്രഹണം. അശ്മാദിശബ്ദങ്ങൾക്ക് ഉൽക്ഷേപാദികളോടു സംബന്ധം. ആകയാൽ അശ്മാ (കല്ല്), ശില (പാറ) ലോഹം (ഇരുമ്പ്), കാഷ്ഠം (മരമുട്ടി), എന്നിവയുടെ ഉൽക്ഷേപം (പൊക്കൽ) വിക്ഷേപം (വലി

ക്കൽ) ഭ്രമണം (തിരിക്കൽ) ചാലനം (ഇളക്കൽ) ഗാത്രോത്സാദനം (ഉറക്കെ ഉത്സാദനം ചെയ്യൽ) പരാഘാതനം (അവയെക്കൊണ്ട് അന്യന്മാരെ പ്രഹരിക്കൽ) എന്നിവയെന്നൎത്ഥം. ആദിഗ്രഹണംകൊണ്ട് ഇതുപോലെയുള്ള മററു സാഹസങ്ങളെ ഗ്രഹിക്കണം. ഭയശോകോൽകണ്ഠകൾ സ്പൃഷ്ടങ്ങൾ. ഗ്രീഷ്മാന്താദികൾ സ്പൃഷ്ടാൎത്ഥങ്ങൾ.

മൂ—കട്വമ്ലലവണക്ഷാരോഷ്ണതീക്ഷ്ണവിദാഹിശുക്തശാണ്ഡാകീമദ്യമൂത്രമസ്തുദധിധാന്യാമ്ലതൈലകുലത്ഥമാഷനിഷ്പാവതിലാന്നകട്വരകുഠേരകാദിവൎഗ്ഗാമാമ്രാതകാഞ്ജീകാപീലുഭല്ലാതകാസ്ഥിലാംഗലികാമരിചാതപാഗ്നിരജോധൂമക്രോധേൎഷ്യാജീൎണ്ണമൈഥുനോപഗമനാദിഭിൎവ്വൎഷാശരന്മദ്ധ്യന്ദിനാൎദ്ധരാത്രാഹാരവിദാഹകാലേഷു ച പിത്തം ॥

സാ—കട്വാദികളെക്കൊണ്ടും ശരദാദികാലങ്ങളിലും പിത്തം പ്രകോപത്തെ പ്രാപിക്കുന്നു. ശുക്തം=ചുത്തപ്പുളി. ധാന്യാമ്ലം=കാടി. തിലാന്നം=എൾച്ചോറ്. ആമാമ്രാതകം=പച്ച അമ്പഴങ്ങ. അജീൎണ്ണമൈഥുനോപഗമനം=അജീൎണ്ണമുള്ളപ്പോൾ മൈഥുനം ചെയ്യൽ. ശേഷം പ്രസിദ്ധം. ആദിശബ്ദംകൊണ്ട് പിത്തഹേതുക്കളായ മററുള്ളവയേയും ഗ്രഹിക്കണം.

മൂ—മധുരാമ്ലലവണസ്നിഗ്ദ്ധഗുരുശീതപിച്ഛിലാഭിഷ്യന്ദിനവാന്നപിഷ്ടപൃഥുകസ്ഥൂലഭക്ഷ്യശഷ്കുല്യാമക്ഷീരകീലാടമോരടകൂചീകാതക്രപിണ്ഡകപീയൂഷേക്ഷുരസഫാണിതഗുഡാനൂപപിശിതമോചഖൎജ്ജൂരഭവ്യനാളികേരനിശാംബുപാനാത്യംബുപാനാതിസന്തൎപ്പണഭുക്തമാത്രദിവാസ്വപ്നകാലാതിസ്വപ്നകായവാങ്മനോവ്യാപാരാനാരംഭാനുപധാനശയനാവശ്യായഹൎഷച്ഛൎദ്ദിവിഘാതവിരേചനാദ്യയോഗാദിഭിഃ ശിശിരവസന്തപൂൎവ്വാഹ്ണപ്രദോഷഭുക്തമാത്രേഷു ച ശ്ലേഷ്മാ ॥

സാ—അതിസേവിതങ്ങളായ മധുരാമ്ലാദികളെക്കൊണ്ടും ഭുക്തമാത്രാദികളായ കാലങ്ങളിലും കഫം പ്രകോപത്തെ പ്രാപിക്കുന്നു. കാലാതിസ്വപ്നം=ശാസ്ത്രോക്തമായ കാലത്തിങ്കൽ അധികമുറങ്ങൽ. കായവാങ്മനോവ്യാപാരാനാരംഭം=കായംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടുമുള്ള വ്യാപാരങ്ങളെ ചെയ്യാതിരിക്കൽ. അവശ്യായം=രാത്രിയിൽ ആകാശത്തുനിന്നു വീഴുന്ന സൂക്ഷ്മമായ ജലരസം. ഛൎദ്ദിവിഘാതം=

ഛർദ്ദിവേഗത്തിന്റെ ധാരണം. ഭുക്തമാത്രസ്വപ്നം=ഊണുകഴിഞ്ഞ ഉടനെ ഉറങ്ങുക. ദിവാസ്വപ്നം=പകലുറങ്ങൽ. ശേഷം സ്പഷ്ടം. (ക്രീലാടാദികൾ സൂത്രോക്തങ്ങൾ).

മൂ—ദ്വയസംസർഗ്ഗാൽ സംസർഗ്ഗഃ സർവ്വേഷാന്തു മിശ്രീഭാവാത്തഥാദ്ധ്യശനസമശനവിഷമാശനവിരുദ്ധാശനസംകീർണ്ണാശന-വ്യാപന്നാംബുമദ്യമന്ദകദധിയാവകയവസുരാപിണ്യാകാമമൂലകസർഷപശുഷ്കശാകവല്ലൂരകൃശപിശിതലകുചാമഫലമൃത്തികാഭ്യവഹാരാന്നപരിവർത്തർത്തുവ്യാപദസാത്മ്യൌഷധിഗന്ധാഘ്രാണവിഷപിടകാവിഷഗരാഭ്യവഹാരാനാർത്തവദുർദ്ദിനഗ്രഹപീഡാഗ്രഹാവേശപുരോവാതപർവ്വതോപശ്ലേഷരസായനസ്നേഹസ്വേദവിരേചനാദി-മിഥ്യായോഗേഭ്യഃ പാപാനാഞ്ച കർമ്മണാമഭ്യാസാൽ പൂർവ്വകൃതാനാഞ്ച പരിണാമാൽ സ്ത്രീണാം വിഷമപ്രസവാൽ പ്രസൂതാനാഞ്ച മിഥ്യോപചാരാൽ സന്നിപാതഃ ॥

സാ—ദ്വയസംസർഗ്ഗം ഹേതുവായിട്ടു സംസർഗ്ഗം കോപിക്കും. ദ്വയസംസർഗ്ഗം=രണ്ടു ദോഷങ്ങൾ കോപിക്കാനുള്ള ഹേതുക്കളുടെ സംസർഗ്ഗം. സംസർഗ്ഗം=ദോഷദ്വയസംയോഗം. ഇപ്രകാരം സർവ്വദോഷകോപഹേതുക്കളുടെ മിശ്രീഭാവം ഹേതുവായിട്ടും, അപ്രകാരംതന്നെ അദ്ധ്യശനാദികളെക്കൊണ്ടും സന്നിപാതവും കോപിക്കും. സന്നിപാതം=ത്രിദോഷസമവായം. അദ്ധ്യശനാദികളുടെ ലക്ഷണങ്ങൾ സൂത്രസ്ഥാനത്തിൽ പറയപ്പെട്ടിട്ടുണ്ട്. സംകീർണ്ണാശനം=നാനാജാതീയഭോജനം. വ്യാപന്നശബ്ദം അംബുമദ്യങ്ങളോടു സംബന്ധിക്കുന്നു. വ്യാപന്നമെന്നതിന്നു വികൃതമെന്നർത്ഥം. മന്ദകം-ഉറകൂടാത്ത തയിര്. യവസുരാ=ഒരുജാതി സുരാവിശേഷം വല്ലൂരം=ഉണങ്ങിയ മാംസം. അന്നപരിവർത്തം=ദേശാദിഭേദംകൊണ്ടുള്ള അന്നം മാറൽ. ഋതുവ്യാപത്ത്=കാലത്തിന്റെ ഹീനമിത്ഥ്യാതിയോഗങ്ങൾ. വിഷപിടകകൾ=വിഷംകൊണ്ടുണ്ടായ കുരുക്കൾ. ഗരം=മുകളിൽ പറയപ്പെട്ടു. അനാർത്തവദുർദ്ദിനം=അകാലമേഘാവരണം. വർഷർത്തുവിലും ഹേമന്തർത്തുവിലുമുള്ള ദുർദ്ദിനം ആർത്തവദുർദ്ദിനമെന്നും തദന്യർത്തുവിലുള്ളത് അനാർത്തവമെന്നും അറിഞ്ഞുകൊൾക. ഗ്രഹപീഡാ=സൂര്യാദിഗ്രഹങ്ങളെക്കൊണ്ടു ജനനരാശിക്കുള്ള പീഡനം. അഥവാ ദേവദാനവാദിഭേദേനയുള്ള പതിനെട്ടു ഗ്രഹങ്ങൾക്കു ശരീരത്തിങ്കലുള്ള സംബന്ധം. രസായനാദികൾക്കു മിഥ്യായോഗത്തോടാണു

സംബോധം. രസായനം, സ്നേഹം, സ്വേദം, വിരേചനം മുതലായവയുടെ മിഥ്യായോഗമെന്നർത്ഥം. ശേഷം സ്പഷ്ടം.

മൂ—ഇതി സാമാന്യതസ്സർവ്വേഷു രോഗേഷു ദോഷപ്രകോപഹേതുരുക്ത ഇതി। ഭവന്തി ചാത്ര—

പ്രതിരോഗമിതി ക്രുദ്ധാ രോഗാധിഷ്ഠാനഗാമിനീഃ
രസായനീഃ പ്രപദ്യാശു ദോഷാ ദേഹേ വികുർവ്വതേ.

സാ—ഇപ്രകാരം സാമാന്യേന എല്ലാ രോഗങ്ങളിലും കാരണഭൂതങ്ങളായിട്ടുള്ള ദോഷങ്ങളുടെ പ്രകോപത്തിനുള്ള ഹേതു പറയപ്പെട്ടു. ഇപ്പറഞ്ഞ കാരണങ്ങൾകൊണ്ട് പലപ്രകാരത്തിലുള്ള ഭേദങ്ങളോടുകൂടി മുൻപറഞ്ഞ പലതരം സംപ്രാപ്തിപ്രകാരങ്ങളെ അനുസരിച്ചു വാതാദികളായ ത്രിദോഷങ്ങൾ കോപിക്കയും കുപിതങ്ങളായ അവ അസംഖ്യങ്ങളായ രോഗങ്ങളെ ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിനെത്തന്നെ ശ്ലോകംകൊണ്ടുപപാദിക്കുന്നു. ഭവന്തി ചാത്രേതി—ഇപ്രകാരം ഓരോ രോഗങ്ങളിലും ക്രുദ്ധങ്ങളായ ദോഷങ്ങൾ ദേഹത്തിങ്കൽ വികരിക്കുന്നു. എന്തു ചെയ്തിട്ട്? രോഗാധിഷ്ഠാനഗാമിനികളായ രസായനികളെ പ്രാപിച്ചിട്ട്, രസായനികൾ=രസവാഹിനികളായ ധമനികൾ അഥവാ സിരകൾ. രോഗാധിഷ്ഠാനഗാമിനികൾ=രോഗം നിൽക്കുന്ന സ്ഥാനത്തേക്കു പോകുന്നവ. രോഗം എവിടെനിന്നുണ്ടാകുന്നുവോ അവിടെക്കു പോകുന്നവ എന്നു സാരം. ഉദാഹരണമായി, ദോഷം കോപിച്ച് വസ്തിഗാമിനികളായ സിരകളെ പ്രാപിച്ച് മൂത്രകൃച്ഛ്രത്തെയും മേഹത്തെയും ഉണ്ടാക്കുന്നതിനെ പറയാം. ഇപ്രകാരം എല്ലാടത്തും ഊഹ്യം.

ഇനി പ്രസംഗവശാൽ, ഇന്ന നക്ഷത്രം ചന്ദ്രനോടുകൂടി നില്ക്കുമ്പോളുണ്ടായ വ്യാധി ഇന്ന വിധത്തിലായി ഭവിക്കുമെന്നു പറയുന്നു:—

ആധാനജന്മനിധനപ്രത്യരാഖ്യവിപൽക്കരേ
നക്ഷത്രേ വ്യാധിരുൽപന്നഃ ക്ലേശായ മരണായ വാ.
ജ്വരസ്തു ജാതഃ ഷഡ്രാത്രാദശ്വിനീഷു നിവർത്തതേ
ഭരണീഷു തു പഞ്ചാഹാത്സപ്താഹാൽ കൃത്തികാസു തു.
ത്രിസ്സപ്തരാത്രാദഥവാ രോഹിണ്യാമഷ്ടരാത്രതഃ
ഏകാദശാദ്വാ ദിവസാൽ മൃഗേ ഷണ്ണവരാത്രയോഃ.
പഞ്ചാഹാൽ മൃത്യുരാർദ്രായാം ത്രിപക്ഷേ സംശയോഥവാ

പുനർവ്വസൌ പ്രവൃത്തസ്തു ജ്വരോപൈതി ത്രയോദശാൽ.
ദിവസാൽ പഞ്ചവിംശാദ്വാ ദ്ര്യഹാത്സപ്താഹതോഥവാ
പുഷ്യേ ശ്ലേഷ്മാസു മരണം ചിരേണാപി മഘാസു തു.
അവശ്യം സ്വാസ്ഥ്യമാപ്നോതി ദ്വാദശാഹാൽ മൃതോ ന ചേൽ
ഫാൽഗുന്യോഃ പൂർവ്വയോർമ്മൃത്യുരന്യയോശ്ച ദിനേഷ്ടമേ.
നവമേഹ്ന്യേകവിംശേ വാ ജ്വരഃ സൌമ്യത്വമൃച്ഛതി
ഹസ്തേന സപ്തമേ ശാന്തിശ്ചിത്രായാമഷ്ടമേഥവാ.
പുനശ്ചിത്രാഗമേ സ്വാതൌ ദശാഹാദഥവാ ത്രിഭിഃ
പക്ഷൈർമ്മൃത്യും വിശാഖാസു ദ്വാവിംശേഹനി നിർദ്ദിശേൽ
നവമേഹനി ന ചേച്ഛാന്തിർമ്മൈത്രേ മൃത്യുസ്തതഃ പരം
ജ്യേഷ്ഠായാം പഞ്ചമേ മൃത്യുർദ്ധ്രുവം വാ ദ്വാദശാത്സുഖമ്.
സ്വാസ്ഥ്യം ദശാഹാന്മൂലേ തു ത്രിസപ്താഹേഥവാ ഗതേ
പൂർവ്വാഷാഢാസു നവമേ തതോന്യാസു തു മാസതഃ
അഷ്ടാഭിരഥവാ മാസൈസ്സന്നവഭിവ്വാ ഭവേച്ഛിവമ്
ആ ജ്യേഷ്ഠാഹാദ്ധനിഷ്ഠാസു ദ്വാദശാദ്വാരുണേഷു തു
ഷഡഹേ ദ്വാദശാഹേ വാ മൃത്യുർഭദ്രപദാസു തു
ഉത്തരാസു ത്രിസപ്താഹാൽ പ്രശമോ രേവതീഷു ച
ചതുരാത്രേഷ്ടരാത്രേ വാ ക്ഷേമമിത്യാഹ ഗൌതമഃ.

സാ—ആധാനം, ജന്മം, നിധനം, പ്രത്യരം, വിപൽകരം ഈ നക്ഷത്രങ്ങളിൽ വ്യാധിയുണ്ടായാൽ അതു ക്ലേശത്തെയോ മരണത്തെയോ ഉണ്ടാക്കും. ആധാനം=ഗർഭമുണ്ടായ നക്ഷത്രം. ജന്മം=ജന്മനക്ഷത്രം. നിധനം=ജനിച്ചതിന്റെ ഏഴാം നക്ഷത്രം. പ്രത്യരം=ജനിച്ചതിന്റെ അഞ്ചാം നക്ഷത്രം. വിപത്കരം=ജനിച്ചതിന്റെ മൂന്നാം നക്ഷത്രം. ഇത്രയുമുള്ളതു സർവ്വരോഗസാമാന്യമാകുന്നു. ഇനി പ്രധാനരോഗമായ ജ്വരം അശ്വതിമുതലായ നക്ഷത്രങ്ങളിൽ ഉൽപന്നമായാലുള്ള ഫലങ്ങളെ പറയുന്നു. ജ്വരസ്ഥിതി—അശ്വതിനക്ഷത്രത്തിലുണ്ടായ ജ്വരം ആറു രാത്രികളുള്ളിൽ നിവർത്തിക്കും. ഭരണിനക്ഷത്രത്തിലുണ്ടായ ജ്വരം അഞ്ചുദിവസത്തിന്നകത്തും, കാർത്തികനക്ഷത്രത്തിലുണ്ടായ ജ്വരം ഏഴുദിവസത്തിന്റെ അല്ലെങ്കിൽ ഇരുപത്തൊന്നു ദിവസത്തിന്റെ ഉള്ളിലും, രോഹിണിനക്ഷത്രത്തിലുണ്ടായ ജ്വരം എട്ടുദിവസത്തിന്റെ അല്ലെങ്കിൽ പതിനൊന്നു ദിവസത്തിന്റെ ഉള്ളിലും, മകീരം നക്ഷത്രത്തിലുണ്ടായ ജ്വരം ആറ് അല്ലെങ്കിൽ ഒമ്പത് രാത്രിക്ക

ങ്ങളിലും നിവൎത്തിക്കും. തിരുവാതിര നക്ഷത്രത്തിലുണ്ടായ ജ്വരം അഞ്ചു ദിവസത്തിനകം മരണം വരുത്തും; അല്ലെങ്കിൽ ത്രിപക്ഷത്തിനുള്ളിൽ സംശയം വരുത്തും. പുണർതം നക്ഷത്രത്തിൽ ജ്വരം ആരംഭിച്ചാൽ പതിമൂന്നാം ദിവസത്തിന്നകം വിട്ടുപോകും. പൂയം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഇരുപത്തേഴോ രണ്ടോ ഏഴോ ദിവസത്തിനുള്ളിൽ ശമിക്കും. ആയില്യം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ വളരെക്കാലം താമസിച്ചാലും മരണം ഭവിക്കും. മകം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ പന്ത്രണ്ടു നാൾകളിൽ മരിച്ചില്ലെങ്കിൽ തീൎച്ചയായും സ്വാസ്ഥ്യം ലഭിക്കും. പൂരം, ഉത്രം നക്ഷത്രങ്ങളിൽ ജ്വരമുണ്ടായാൽ എട്ടാം ദിവസം മരണം ഭവിക്കും. അത്തം നക്ഷത്രം കൊണ്ടുണ്ടായ ജ്വരം ഒമ്പതാം നാളിലൊ ഇരുപത്തൊന്നാം നാളിലൊ സൌമ്യതയെ പ്രാപിക്കും. ചിത്ര നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഏഴാം ദിവസമോ എട്ടാം ദിവസമോ ശമിക്കും. ചോതി നക്ഷത്രത്തിലുണ്ടായ ജ്വരം പിന്നത്തെ ചിത്രയിൽ അതായതു് ഇരുപത്തേഴാം നാളിൽ ശാന്തിയെ പ്രാപിക്കും; അല്ലെങ്കിൽ പത്തുദിവസം കൊണ്ടോ മൂന്നു പക്ഷംകൊണ്ടോ ശമിക്കും. വിശാഖനക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഇരുപത്തിരണ്ടാം ദിവസം മരണം വരുമെന്നു നിൎദ്ദേശിക്കുന്നു. അനിഴം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഒമ്പതാം ദിവസത്തേക്കു ശമനം വന്നില്ലെങ്കിൽ പിന്നെ മരണം ഭവിക്കും. കേട്ട നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ അഞ്ചാം ദിവസം മരണം; അല്ലെങ്കിൽ പന്ത്രണ്ടാം ദിവസത്തിനുശേഷം സുഖം ഭവിക്കും. മൂലം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ പത്തുദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇരുപത്തൊന്നു ദിവസം കഴിഞ്ഞതിനുശേഷമോ സ്വാസ്ഥ്യം ഭവിക്കും. പൂരാടം നക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഒമ്പതാം ദിവസത്തേക്കു സുഖം സിദ്ധിക്കും. ഉത്രാടത്തുന്നാൾ ജ്വരമുണ്ടായാൽ ഒരു മാസംകൊണ്ടോ എട്ടു മാസംകൊണ്ടോ ഒമ്പതു മാസംകൊണ്ടോ സുഖം ലഭിക്കും. അവിട്ടം നക്ഷത്രത്തിലുണ്ടായ ജ്വരം പിന്നത്തെ തൃക്കേട്ടക്കുള്ളിലും ചതയം നക്ഷത്രത്തിലുണ്ടായ ജ്വരം പന്ത്രണ്ടാം ദിവസത്തിനുള്ളിലും ശമിക്കും. പൂരോരട്ടാതി നക്ഷത്രത്തിലുണ്ടായ ജ്വരം ആറുദിവസത്തിനുള്ളിലോ പന്ത്രണ്ടുദിവസത്തിനുള്ളിലൊ മരണം വരുത്തും. ഉത്രട്ടാതിനക്ഷത്രത്തിൽ ജ്വരമുണ്ടായാൽ ഇരുപത്തൊന്നു ദിവസത്തിനുള്ളിൽ സുഖപ്പെടും. രേവതിനക്ഷത്രത്തിൽ ജ്വരമുണ്ടായാൽ നാലു രാത്രികളിലോ എട്ടു രാത്രികളിലോ ക്ഷേമം ഭവിക്കും—ഇങ്ങിനെയാണു് ഗൌതമൻ പറയുന്നതു്. "ഇത്യാഹഗൌതമഃ"

എന്നതുകൊണ്ട് ആചാര്യന്ന് ഇതിൽ ഉറപ്പില്ലെന്നു ധ്വനിപ്പിച്ചിരിക്കുന്നു. അശ്വിന്യാദിനക്ഷത്രങ്ങൾക്കു പറഞ്ഞതായ ഈ ഫലങ്ങൾ ജ്വരത്തെ മാത്രം സംബന്ധിക്കുന്നതാണെന്നറിയേണ്ടതാണ്. ഈ കൂട്ടത്തിൽ തിരുവാണം നക്ഷത്രം മാത്രം പറയപ്പെട്ടിട്ടില്ലല്ലോ. അതിന്നു കാരണം എന്തെന്നറിഞ്ഞില്ല. മാതവാഹിയാകട്ടെ "കൃത്തികാ ശ്രാവണോ മഘാസ്തു പുഷ്യശ്ച ദശരാത്രികാഃ" എന്നു പഠിക്കുന്നു. അതിൽനിന്നു തിരുവോണത്തിന്റെ ഫലം അറിഞ്ഞുകൊൾക.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ

പ്രഥമാദ്ധ്യായഃ

സമാപ്തഃ.

## ദ്വിതീയോദ്ധ്യായഃ.

ഒന്നാമദ്ധ്യായത്തിൽ സർവ്വരോഗങ്ങളുടേയും നിദാനം സാമാന്യേന പറയപ്പെട്ടു. ഇനി ജ്വരാദികളായ ഓരോ രോഗങ്ങൾക്കും വിശേഷേണയുള്ള നിദാനത്തെയാണ് പറയുന്നത്. അവയിൽവെച്ചു ജ്വരത്തിന്നു സർവ്വഥാ പ്രാധാന്യമുള്ളതുകൊണ്ട് ജ്വരനിദാനത്തെപ്പറവാനായി അദ്ധ്യായം ആരംഭിക്കുന്നു:—

മൂ—അഥാതോ ജ്വരനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ॥

സാ—ഇനി ജ്വരനിദാനത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. ഇതിൽ ജ്വരത്തിന്റെ നിദാനം മാത്രമല്ല, പ്രാഗ്രൂപം സംപ്രാപ്തി മുതലായവയും പറയുന്നുണ്ടെങ്കിലും അവയിൽവെച്ചു നിദാനത്തിന്നു പ്രാധാന്യമുള്ളതുകൊണ്ടാണു "ജ്വരനിദാനം" എന്നദ്ധ്യായസംജ്ഞ ചെയ്തതെന്നു കാണുക. ഇത് ഇനിയുള്ള അദ്ധ്യായങ്ങളിലും ഊഹ്യമാകുന്നു.

മൂ—അഷ്ടാഭിഃ കാരണൈർജ്ജ്വരഃ സഞ്ജായതേ മനുഷ്യാണാം പൃഥഗ്ദോഷൈഃ സംസൃഷ്ടൈഃ സന്നിപതിതൈരാഗന്തുനാ ച ॥

സാ—എട്ടു കാരണങ്ങളെക്കൊണ്ടാണ് ജ്വരമുണ്ടാകുന്നത്. വാതാദിദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, ഈരണ്ടു ദോഷങ്ങളുടെ സംസർഗ്ഗംകൊണ്ടു മൂന്നും, ത്രിദോഷസന്നിപാതംകൊണ്ടൊന്നും, ആ

ഗന്തുവിനെക്കൊണ്ടുള്ളതും കൂടിയാണ് എട്ടുവിധം. ഈ എട്ടുകാരണങ്ങളിൽ ആഗന്തുകാരണം ബഹുവിധമായിട്ടുണ്ടെങ്കിലും അന്യതന്ത്രങ്ങളാൽ പ്രസിദ്ധമായ സംഖ്യാനിയമമനുസരിച്ച് അതിനെ വേറെ വേറെ ഗ്രഹിക്കാതെ അവിശേഷേണ പറകയാണിവിടെ ചെയ്തത്. ഈ എട്ടു കാരണങ്ങളെക്കൊണ്ടുള്ള ജ്വരങ്ങളിൽവെച്ച് ആദ്യം ദോഷജങ്ങളായവയെത്തന്നെ പറയുന്നു.

മൂ—തത്ര യഥോക്തൈഃ പ്രകോപനവിശേഷൈഃ പ്രകുപിതാ ദോഷാഃ പ്രവിശ്യാമാശയമൂഷ്മണാ മിശ്രീഭൂയാമമനുഗമ്യ രസസ്വേദവാഹീനി സ്രോതാംസി പിധായ പിത്തം തു ദ്രവത്വാത്തപ്തമിവ ജലമനലമുപഹത്യ സർവ്വേപി ച ദോഷാഃ പക്താരം സ്വസ്ഥാനാൽ ബഹിർന്നിരസ്യ സഹ തേന സകലമപി ശരീരമഭിസർപ്പന്തസ്തത്സംപർക്കാല്ലബ്ധബലേന സ്വേനോഷ്മണാ നിതരാം ദേഹോഷ്മാണമേധയന്തോന്തഃസ്രോതോമുഖപിധാനാൽ സ്തംഭമാദധാനാ ബഹിരപി സ്വേദമപഹരന്തഃ സർവ്വേന്ദ്രിയാണി ചോപതാപയന്തോ ജ്വരമഭിനിർവ്വർത്തയന്തി ॥

സാ—അവയിൽവെച്ച് യഥോക്തങ്ങളായ പ്രകോപനവിശേഷങ്ങളെക്കൊണ്ട് (അതായത് തിക്തകടുകാദികളെക്കൊണ്ടു വാതവും, കട്വമ്ലാദികളെക്കൊണ്ടു പിത്തവും, മധുരാമ്ലാദികളെക്കൊണ്ടു കഫവും) പ്ര പ്രകുപിതങ്ങളായ ദോഷങ്ങൾ ആമാശയത്തെ പ്രാപിച്ച് ഊഷ്മാവിനോട് (ആമാശയസ്ഥമായ അഗ്നിയോട്) മിശ്രീഭവിച്ച് ആമത്തോടുകൂടിച്ചേർന്ന് രസത്തേയും സ്വേദത്തേയും വഹിക്കുന്ന സ്രോതസ്സുകളെ നിരോധിച്ച് ജ്വരത്തെ ഉണ്ടാക്കുന്നു. പിത്തത്തിന്നൊരു വിശേഷമുണ്ട്. അതു ദ്രവമാകകൊണ്ട് തപ്തമായ ജലം അഗ്നിയെ കെടുക്കുന്നതെങ്ങിനെയൊ അങ്ങിനെ ജഠരാഗ്നിയെ ഉപഹനിച്ചിട്ടാണ് ജ്വരത്തെ ഉണ്ടാക്കുന്നത്. എല്ലാ ദോഷങ്ങളും പക്താവിനെ (അതായതു കോഷ്ഠാഗ്നിയെ) പുറത്തേക്കു നീക്കിക്കളഞ്ഞ് ആ അഗ്നിയോടുകൂടി ശരീരം മുഴുവൻ വ്യാപിച്ച് ആ അഗ്നിയുടെ സംപർക്കത്താൽ ബലം കിട്ടിയതായ തങ്ങളുടെ ഊഷ്മാവിനെക്കൊണ്ട് ദേഹത്തിലെ ഊഷ്മാവിനെ (ചൂടിനെ) അധികം വർദ്ധിപ്പിച്ച്, അന്തർഭാഗത്തുള്ള സ്രോതസ്സുകളുടെ ദ്വാരങ്ങളെ നിരോധിക്കുകയാൽ സ്തംഭത്തെ ഉണ്ടാക്കി, ബഹിർഭാഗത്തും സ്വേദത്തെ ഇല്ലാതാക്കി, എല്ലാ ഇന്ദ്രിയങ്ങളേയും തപിപ്പിച്ചാണ് ജ്വരത്തെ ഉ

ണ്ടാകുന്നതു്. ഇവിടെ "തങ്ങളുടെ ഊഷ്മാവ്" എന്നു പറഞ്ഞതു ദോഷങ്ങൾ തന്നെത്താൻ പചിക്കുന്നതായ ഊഷ്മാവിനെയാകുന്നു. ദോഷധാതുക്കളിൽ സ്വല്പമായ അഗ്നിയുടെ അംശങ്ങൾ ഉണ്ടെന്നു പറഞ്ഞിട്ടുമുണ്ടല്ലോ. പിത്തത്തിന്നു് ഊഷ്മാവുണ്ടെന്നു സർവ്വസമ്മതമാണു്. വാതകഫങ്ങൾക്കു് ഊഷ്മാവുണ്ടെന്നും "ഭൌമാപ്യാഗ്നേയവായവ്യാഃ പഞ്ചോഷ്മാണസ്സനാഭസാഃ" എന്നു പറഞ്ഞ ഊഷ്മാക്കളുടെ സമ്പർക്കം അവയിലും ഉണ്ടാകാവുന്നതാണെന്നും ജർജ്ജടാചാര്യർ പറയുന്നു. ഈ സ്ഥാനത്തിൽ പ്രതിരോഗമുള്ള അദ്ധ്യായങ്ങളിൽ പ്രത്യേകം പ്രത്യേകം നിദാനത്തെപ്പറയുന്നതു് വ്യാധിസ്വരൂപജ്ഞാനത്തിന്നും ചികിത്സയിൽ ഹേതുവിപരീതമായ ഔഷധത്തെ അറിയുന്നതിനുമാകുന്നു. പ്രതിരോഗസമ്പ്രാപ്തിയെപ്പറയുന്നതു വ്യാധിപരിജ്ഞാനത്തിന്നും, രോഗകാരണമായ സംപ്രാപ്തിയെ അന്യഥാകരിച്ചാൽ രോഗശാന്തിവരുമെന്നു കാണിപ്പാനുമാകുന്നു. ദോഷങ്ങളുടെ സമ്പ്രാപ്തി അറിഞ്ഞാൽ അപത്ഥ്യം ഇന്നതാണെന്നും അതുകൊണ്ടുള്ള വികാരം ഇന്നതാണെന്നും ദോഷങ്ങളുടെ വികാരസ്വരൂപം ഇന്നതാണെന്നും കണ്ടുപിടിച്ചു് ഗൂഢലിംഗമായ വ്യാധിയുടെ സ്വരൂപത്തെക്കൂടിയും നിർണ്ണയിക്കുവാൻ ബുദ്ധിമാനായ ഒരു വൈദ്യന്നു സാധിക്കും. എന്നുതന്നെയല്ല ചികിത്സിതത്തിൽ ഓരോ വ്യാധിക്കും പറയുന്ന ചികിത്സകൾക്കു പുറമേ വേറെയും സ്വബുദ്ധികൊണ്ടാലോചിച്ചു് ചില ചികിത്സകൾ കല്പിക്കുവാൻ പ്രതിരോഗമുള്ള സമ്പ്രാപ്തിയുടെ ജ്ഞാനം വൈദ്യന്നുപകരിക്കും. എല്ലാ രോഗത്തിന്റെ ചികിത്സയിലും പ്രധാനമായ കാർയ്യം സമ്പ്രാപ്തിവിനാശനമാകുന്നു. ജ്വരചികിത്സയിലെ "ആമാശയസ്ഥോ ഹത്വാഗ്നിം സാമോ മാർഗ്ഗാൻ പിധായ യൽ വിദധാതി ജ്വരം ദോഷസ്തസ്മാൽ കുർവ്വീത ലംഘനം" എന്ന വിധിതന്നെ ഇതിന്നു തെളിവാകുന്നു.

മൃ—തസ്യേമാനി പൂർവ്വരൂപാണി—മുഖവൈരസ്യമന്നാനഭിലാഷോ ഗുരുഗാത്രത്വമാലസ്യമല്പപ്രാണതാ ഗതിസ്ഖലനം നിദ്രാധിക്യമരതിരസൂയാ ഹിതോപദേശേഷു പ്രദ്വേഷോ ബാലേഷു മധുരേഷു ച ഭക്ഷ്യേഷ്വമ്ലലവണകടുകാഭിനന്ദനമവിപാകോങ്ഗമർദ്ദശ്ചക്ഷുഷോരാകുലത്വം സാശ്രുതാ ജൃംഭാ വിനാമഃ ക്ലമോ രോമഹർഷശ്ശബ്ദാനലാംബുശീതവാതച്ഛായാതപേഷ്വകസ്മാദിച്ഛാദ്വേഷൗ ച । തദനന്തരം വ്യക്തിഭാവോ ജ്വരസ്യേതി ॥

സാ—അതിൻെറ പൂർവ്വരൂപങ്ങൾ മുഖവൈരസ്യാമുതലായവയാകുന്നു. മുഖവൈരസ്യം=വായക്കു വിരസത. അന്നാനഭിലാഷം=അന്നം വേണ്ടെന്നു തോന്നുക. ഗുരുഗാത്രത്വം=ദേഹത്തിന്നു കനം. ആലസ്യം=ഉത്സാഹമില്ലായ്മ. അല്പപ്രാണതാ=ശക്തിക്കുറവ്. ഗതിസ്ഖലനം=നടക്കുമ്പോൾ ഇടച്ചു. നിദ്രാധിക്യം=അധികം ഉറക്കം. അരതി=സ്ഥാനാസനാദികളിൽ അനവസ്ഥിതി. ഹിതോപദേശങ്ങളിലും ബാലന്മാരിലും മധുരങ്ങളായ ഭക്ഷ്യങ്ങളിലും പ്രദ്വേഷം എന്നു യോജന. അമ്ലലവണകടുകാഭിനന്ദനം=അമ്ലാദികളിൽ പ്രിയം. അവിപാകം=പചനാഭാവം. അംഗമർദ്ദാദികൾ സ്പഷ്ടാർത്ഥങ്ങൾ. ഈവക പൂർവ്വരൂപങ്ങൾ ഉണ്ടായതിന്നു ശേഷം ജ്വരം വ്യക്തമായി ഭവിക്കുകയും ചെയ്യും. മുഖവൈരസ്യാദികളായ ഈ പൂർവ്വരൂപങ്ങൾ ദോഷാനുരോധേന അവ്യക്തങ്ങളായും അല്പങ്ങളായും ഭവിക്കുമെന്നും അറിയണം. ഈ പൂർവ്വരൂപങ്ങളും നിദാനസംപ്രാപ്തികളെപ്പോലെതന്നെ വ്യാധിവിശേഷജ്ഞാനത്തിന്നും ചികിത്സക്കും ഉപകരിക്കുന്നു. പൂർവ്വരൂപം കണ്ട ഉടനെ ആയാൽ അതുകൊണ്ടും നിദാനംകൊണ്ടും വ്യാധി ഇന്നതെന്നു തീർച്ചപ്പെടുത്താവുന്നതും വ്യാധി ക്ഷിപ്രസാദ്ധ്യമായി ഭവിക്കുന്നതുമാണല്ലൊ. ചിലപ്പോൾ പൂർവ്വരൂപംകണ്ടാലും രോഗത്തിന്നു കാരണമായ ദോഷവിശേഷത്തെ അറിവാൻ സാധിക്കാതെ വരും. അങ്ങിനെ വരുന്ന സംഗതിയിൽ ദോഷവിശേഷത്തെ നോക്കാതെ രോഗവിശേഷത്തെ മാത്രം നോക്കി ചികിത്സചെയ്താൽ സുഖം വരേണ്ടതല്ലേ? എന്നു കരുതിയിട്ടാണ് ഭട്ടാരഹരിശ്ചന്ദ്രൻ "ലംഘനമപതർപ്പണം വാ" എന്ന ചരകഗ്രന്ഥപാഠത്തിൽ കാണിച്ചിട്ടുള്ള 'വാ' ശബ്ദം അപ്രധാനമാണെന്നു പറഞ്ഞ്, ജ്വരപൂർവ്വരൂപങ്ങളിൽ ലംഘനം പ്രധാനമെന്നും ലംഘനം അപ്രധാനമെന്നും വ്യാഖ്യാനിച്ചിരിക്കുന്നത്. ഇത് വൈദ്യസമയസമ്മതമായ പക്ഷമാണെന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ വൈദ്യൻ പൂർവ്വരൂപം മാത്രം കണ്ടിട്ടല്ല, നിദാനാദികളെക്കൂടി അറിഞ്ഞിട്ടാണ് ചികിത്സിക്കുവാൻ തുടങ്ങുന്നത്. അതുകൊണ്ട് കഫകാരണമായ സ്നിഗ്ദ്ധഗുർവ്വാദികളെ ഉപയോഗിച്ചിട്ടുള്ളാൾക്ക് അപതർപ്പണമല്ലാതെ ലംഘനം പ്രധാനമാകുവാൻ തരമില്ല. ആകയാൽ ഭട്ടാരകൻ ലംഘനത്തിന്നു പ്രാധാന്യം പറഞ്ഞത് അതു സകലദോഷസാധാരണമാകകൊണ്ടാണെന്നു വിചാരിക്കേണ്ടതാണ്.

ഭവതി ചാത്ര—

ആഗമാപഗമക്ഷോഭമൃദുതാ വേദനോഷ്മണാമ്
വൈഷമ്യം തത്ര തത്രാംഗേ താസ്താഃ സ്യുർവ്വേദനാശ്ചലാഃ
പാദയോസ്സുപ്തതാ സ്തംഭഃ പിണ്ഡികോദ്വേഷ്ടനം ക്ലമഃ
വിശ്ലേഷ ഇവ സന്ധീനാം സാദ ഊർവ്വോഃ കടീഗ്രഹഃ
പൃഷ്ഠം ക്ഷോദമിവാപ്നോതി നിഷ്പീഡ്യത ഇവോദരം
ഭിദ്യന്ത ഇവ ചാസ്ഥീനി പാർശ്വഗാനി വിശേഷതഃ
ഹൃദയസ്യ ഗ്രഹസ്തോദഃ പ്രാജനേനേവ വക്ഷസഃ
സ്കന്ധയോർമ്മഥനം ബാഹ്വോർഭേദഃ പീഡനമംസയോഃ
അശക്തിർഭക്ഷണേ ഹന്വോർജ്ജൃംഭണം കർണ്ണയോഃ സ്വനഃ
നിസ്തോദശ്ശംഖയോർമ്മൂർദ്ധ്നി വേദനാ വിരസാസ്യതാ
കഷായാസ്യത്വമഥവാ മലാനാമപ്രവർത്തനം
രൂക്ഷാരുണത്വഗാസ്യാക്ഷിനഖമൂത്രപുരീഷതാ
പ്രസേകാരോചകാശ്രദ്ധാവിപാകാസ്വേദജാഗരാഃ
കണ്ഠൌഷ്ഠശോഷസ്തൃൾശുഷ്കൌ ഛർദ്ദികാസൌ വിഷാദിതാ
ഹർഷോ രോമാംഗദന്തേഷു വേപഥുഃ ക്ഷവഥോർഗ്രഹഃ
ഭ്രമഃ പ്രലാപോ ഘർമ്മേച്ഛാ വിനാമശ്ചാനിലജ്വരേ॥

സാ—അനന്തരം വാതജ്വരങ്ങളുടെ രൂപങ്ങളെ വിവരിക്കുന്നു. ആഗമേതി—ആഗമാപഗമേത്യാദികൾ വാതജ്വരത്തിങ്കൽ ഭവിക്കുന്ന രൂപങ്ങളാകുന്നു. വേദനോഷ്മാക്കൾക്കു ആഗമാപഗമക്ഷോഭമൃദുതകളോ വൈഷമ്യമോ ഭവിക്കുമെന്നു സംബന്ധം. ആഗമാപഗമക്ഷോഭമൃദുതകൾ=ആഗമാപഗമങ്ങളും ക്ഷോഭമൃദുതകളും. നാനാവേദനകളും ചൂടുകളും വാതവശാൽ ചിലപ്പോൾ വന്നും പോയും ക്ഷോഭിച്ചും മൃദുഭവിച്ചും ഇരിക്കുമെന്നർത്ഥം. വൈഷമ്യം=വിഷമത്വം, അനേകരൂപത്വം. ദേഹദേശവിശേഷേണയും കാലവിശേഷേണയും വേദനോഷ്മാക്കൾക്കു നാനാരൂപത്വമെന്നർത്ഥം. വായ്വാശ്രയമായിട്ടുള്ള അതാതംഗത്തിങ്കൽ ചലകൾ (അസ്ഥിരകൾ) ആയ അതാതു വേദനകളുമുണ്ടാകും. പാദങ്ങളിൽ സുപ്തത (തരിപ്പ്) യും, സ്തംഭവും, പിണ്ഡികോദ്വേഷ്ടന (കാൽവണ്ണ ഉരുട്ടിക്കയററൽ) വും, ക്ലമവും, സന്ധികൾക്കു വിശ്ലേഷപ്രതീതിയും, തുടകൾക്കു തളച്ചയും, കടിയിങ്കൽ പിടുത്തവും, പൃഷ്ഠം പൊടിഞ്ഞുപോകുന്നതുപോലെയും വയറ് ഞെക്കപ്പെടുന്നതുപോലെയും എല്ലു

കൾ, വിശേഷിച്ചും വാരിയെല്ലുകൾ, നുറുങ്ങുന്നതുപോലെയും ഉള്ള പ്രതീതിയും, ഹൃദയഗ്രഹവും, മാറിന്നു് പ്രാജനം (പ്രതോദം) കൊണ്ടു് ഇതുന്നതുപോലെയുള്ള വേദനയും ഭവിക്കും. സ്കന്ധങ്ങളിൽ കടച്ചിലുണ്ടാകും. കൈകളിൽ പിളരുന്ന നോവും, അംസങ്ങളിൽ ഞെരുക്കവുമുണ്ടാവും. ഭക്ഷണത്തിങ്കൽ താടിയെല്ലുകൾക്കു ശക്തിയുണ്ടാകയില്ല. ജൃംഭണവും കർണ്ണങ്ങളിൽ ശബ്ദവുമുണ്ടാകും. ശംഖങ്ങളിൽ കുത്തിനോവും മൂർദ്ധാവിൽ അധികം വേദനയും ഭവിക്കും. വായ്ക്കു വൈരസ്യമുണ്ടാകും, അല്ലെങ്കിൽ ചവർപ്പുരസം തോന്നും. മലങ്ങൾ (മൂത്രശകൃൽ സ്വേദാദികൾ) പ്രവർത്തിക്കയില്ല. ത്വക്കു്, മുഖം, കണ്ണു്, നഖം, മൂത്രം, മലം എന്നിവ രൂക്ഷങ്ങളായും അരുണവർണ്ണങ്ങളായും ഭവിക്കും. പ്രസേകാദി ജാഗരപര്യന്തമുള്ളവ സ്പഷ്ടങ്ങൾ. കണ്ഠൌഷ്ഠശോഷം=കണ്ഠത്തിന്നും ചുണ്ടുകൾക്കും വരൾച്ച. തൃട്ടു്=ദാഹം. ഛർദ്ദിയും കാസവും ശുഷ്കങ്ങൾ, അതായതു കഫാദികളോടു കൂടാത്തവയായി ഭവിക്കും. വിഷാദം, രോമാദിഹർഷം, വിറച്ചിൽ, ക്ഷവഥുഗ്രഹം (തുമ്മുവാൻ തടസ്ഥം) എന്നിവയും ഭ്രമപ്രലാപാദികളും ഭവിക്കും.

അനന്തരം പിത്തജജ്വരസ്വരൂപത്തെപ്പറയുന്നു:—

യുഗപദ്വ്യാപ്തിരങ്ഗാനാം പ്രലാപഃ കടുവക്ത്രതാ
നാസാസ്യപാകശ്ശീതേച്ഛാ ഭ്രമോ മൂർഛാ മദോരതിഃ
വിൾഭ്രംശഃ പിത്തവമനം രക്തഷ്ഠീവനമമ്ലകഃ
രക്തകോഠോൽഗമഃ പീതഹരിതത്വം ത്വഗാദിഷു
സ്വേദോ നിശ്വാസവൈഗന്ധ്യമതിതൃഷ്ണാ ച പിത്തജേ॥

സാ—പിത്തജമായ ജ്വരത്തിങ്കൽ അംഗങ്ങൾക്കു യുഗപദ്വ്യാപ്ത്യാദികൾ ഭവിക്കും. യുഗപദ്വ്യാപ്തി=അംഗങ്ങളിലെല്ലാം ഒന്നിച്ചുതന്നെ ജ്വരം വ്യാപിക്കൽ. ത്വഗാദികളിൽ പീതഹരിതത്വം=ത്വഗാസ്യാക്ഷിനഖമൂത്രപുരീഷങ്ങളിൽ മഞ്ഞയും പച്ചയും ചേർന്നനിറം. രക്തകോഠോൽഗമം=രക്തവർണ്ണങ്ങളായ വട്ടപ്പുണ്ണുകളുണ്ടാകൽ. ശേഷം സ്പഷ്ടം.

പിത്തജജ്വരസ്വരൂപത്തെപ്പറയുന്നു:—

വിശേഷാദരുചിർജ്ജാഡ്യം സ്രോതോരോധോല്പവേഗതാ
പ്രലേപോ മുഖമാധുര്യം ഹൃല്ലേപശ്വാസപീനസാഃ

ഹൃല്ലാസഃ ഛർദ്ദനം കാസഃ സ്തംഭഃ ശൈത്യം ത്വഗാദിഷു
അങ്ഗേഷു ശീതപിടകാസ്തന്ദ്രോദർദ്ദഃ കഫോത്ഭവേ॥

സാ—കഫജ്വരത്തിങ്കൽ വിശേഷാൽ അരുചി മുതലായിട്ടുള്ള ലക്ഷണങ്ങൾ ഭവിക്കും. അല്പവേഗതാ=ജ്വരവേഗത്തിന്റെ അല്പത്വം. ഹൃല്ലേപം=ഹൃദയത്തിന്നു പ്രലേപം. ഹൃല്ലാസം=ഹൃദയോൽക്ലേശത്തോടു കൂടിയ പ്രസേകം. ത്വഗാദികളിൽ ശൈത്യം=ത്വഗാസ്യാക്ഷ്യാദികളിൽ ശ്വേതവർണ്ണം. ശേഷം സ്പഷ്ടം.

മൂ— കാലേ യഥാസ്വം സർവ്വേഷാം പ്രവൃത്തിർവൃദ്ധിരേവ വാ
നിദാനോക്താനുപശയോ വിപരീതോപശായിതാ ॥

സാ—ഈ വാതപിത്തകഫജ്വരങ്ങൾക്കെല്ലാം യഥാസ്വം പറയപ്പെട്ടിട്ടുള്ള കാലത്തിങ്കൽ ജ്വരം പ്രവർത്തിക്കുകയോ വർദ്ധിക്കുകയോ ചെയ്യും. ഗ്രീഷ്മാപരാഹ്ണാദികളിൽ വാതജ്വരത്തിന്നും വർഷാശരന്മദ്ധ്യന്ദിനാദികളിൽ പിത്തജ്വരത്തിന്നും ശിശിരവസന്താദികളിൽ കഫജ്വരത്തിന്നും പ്രവൃത്തിയോ വൃദ്ധിയോ വരുമെന്നർത്ഥം. നിദാനമായി പറയപ്പെട്ട വസ്തുക്കളെക്കൊണ്ടു (അതായതു വാതജ്വരത്തിൽ തിക്താദികളെക്കൊണ്ടും പിത്തജ്വരത്തിൽ കട്വാദികളെക്കൊണ്ടും കഫജ്വരത്തിൽ മധുരാദികളെക്കൊണ്ടും എന്നർത്ഥം) അനുപശയം അതായതു രോഗവർദ്ധനയും തദ്വിപരീതങ്ങളായ ദ്രവ്യങ്ങളെക്കൊണ്ട് ഉപശയവും ഭവിക്കുകയും ചെയ്യും.

പൃഥഗ്ദോഷജങ്ങളായ ജ്വരങ്ങളെപ്പറഞ്ഞതിന്നു ശേഷം മിശ്രദോഷജങ്ങളായ ജ്വരങ്ങളുടെ ലക്ഷണം പറയുന്നു:—

മൂ—യഥാസ്വം ലിങ്ഗസംസർഗ്ഗേ ജ്വരസ്സംസർഗ്ഗജോപി ച॥

സാ—മേല്പറഞ്ഞ പൃഥഗ്ദോഷലിംഗങ്ങൾക്കു യഥാസ്വം സംസർഗ്ഗം കാണുമ്പോൾ സംസർഗ്ഗജമായ ജ്വരത്തേയും അറിയേണ്ടതാണ്. വാതപിത്തജ്വരലിംഗങ്ങൾ ചേർന്നുകണ്ടാൽ വാതപിത്തസംസർഗ്ഗജ്വരമെന്നും വാതകഫജ്വരലിംഗസംസർഗ്ഗം കണ്ടാൽ വാതകഫസംസർഗ്ഗജ്വരമെന്നും പിത്തകഫജ്വരലിംഗസംസർഗ്ഗം കണ്ടാൽ പിത്തകഫസംസർഗ്ഗജ്വരമെന്നും മനസ്സിലാക്കേണമെന്നർത്ഥം. ഇത് സംസർഗ്ഗജജ്വരങ്ങളുടെ സാമാന്യലക്ഷണമാകുന്നു. അനന്തരം അവയുടെ വിശേഷലക്ഷണങ്ങളെപ്പറയുന്നു:—

മൂ— ശിരോൎത്തിമൂൎച്ഛാവമിദാഹമോഹ-
കണ്ഠാസ്യശോഷാരതിപൎവ്വഭേദാഃ।
ഉന്നിദ്രതാതൃഡ് ഭ്രമരോമഹൎഷാ
ജൃംഭാതിവാക്ത്വഞ്ച ചലാത്സപിത്താൽ॥
താപഹാന്യരുചിപൎവ്വശിരോരുക്-
പീനസശ്വാസകാസവിബന്ധാഃ।
ശീതജാഡ്യതിമിരഭ്രമതന്ദ്രാഃ
ശ്ലേഷ്മവാതജനിതജ്വരലിങ്ഗമ്॥
ശീതസ്തംഭസ്വേദദാഹാവ്യവസ്ഥാ
തൃഷ്ണാ കാസഃ ശ്ലേഷ്മപിത്തപ്രവൃത്തിഃ।
മോഹസ്തന്ദ്രാ ലിപ്തതിക്താസ്യതാ ച
ജ്ഞേയം രൂപം ശ്ലേഷ്മപിത്തജ്വരസ്യ॥

സാ—ശിരോൎത്തി മുതൽ അതിവാക്ത്വം വരെയുള്ളവ വാതപിത്തജ്വരത്തിന്റെ ലക്ഷണമാകുന്നു. പൎവ്വഭേദം=സന്ധികളിൽ പിളൎന്നുനോവ്. ഉന്നിദ്രതാ=ഉറക്കമില്ലായ്മ. ശേഷം സ്പഷ്ടം. താപഹാനിമുതൽ തന്ദ്രാപൎയ്യന്തമുള്ളവ വാതകഫജ്വരത്തിന്റെ ലിംഗമാകുന്നു. എല്ലാം സ്പഷ്ടം. ശീതംമുതൽ ലിപ്തതിക്താസ്യതാപൎയ്യന്തമുള്ളവ കഫപിത്തജ്വരത്തിന്റെ രൂപമാകുന്നു. ശ്ലേഷ്മപിത്തപ്രവൃത്തി ഛൎദ്ദിരൂപേണയായിരിക്കും. ശേഷം സ്പഷ്ടം.

അനന്തരം സന്നിപാതജ്വരത്തെ വിവരിക്കുന്നു:—

സൎവ്വജോ ലക്ഷണൈസ്സൎവ്വൈൎദ്ദാഹോത്ര ച മുഹുൎമ്മുഹുഃ
തദ്വച്ഛീതം മഹാനിദ്രാ ദിവാ ജാഗരണം നിശി॥
സദാ വാ നൈവ വാ നിദ്രാ മുഹുഃ സ്വേദോതി നൈവ വാ।
ഗീതനൎത്തനഹാസ്യാദിവികൃതേഹാപ്രവൎത്തനമ്॥
സസ്രുതീ കലുഷേ രക്തേ ഭുഗ്നേ ലുളിതപക്ഷ്മണീ।
അക്ഷിണീ പിണ്ഡികാ പാൎശ്വമൂൎദ്ധപൎവ്വാസ്ഥിരുഗ് ഭ്രമഃ॥
സസ്വനൌ സരുജൌ കൎണ്ണൌ കണ്ഠഃ ശൂകൈരിവാചിതഃ।
പരിദഗ്ദ്ധാ ഖരാ ജിഹ്വാ ഗുരുസ്രസ്താങ്ഗസന്ധിതാ॥
രക്തപിത്തകഫഷ്ഠീവോ ലോളനം ശിരസോതിരുൿ।

കോഠാനാം ശ്യാവരക്താനാം മണ്ഡലാനാഞ്ച ദർശനമ്॥
ഹൃദ്വ്യഥാ മലസംസംഗഃ പ്രവൃത്തിർവാല്പശോതി വാ।
സ്നിഗ്ദ്ധാസ്യതാ ബലഭ്രംശഃ സ്വരസാദഃ പ്രലാപിതാ॥
ദോഷപാകശ്ചിരാത്തന്ദ്രാ പ്രതതം കണ്ഠകൂജനമ്।
സന്നിപാതമഭിന്യാസം തം ബ്രൂയാച്ച ഹതൌജസം॥
വായുനാ കഫരുദ്ധേന പിത്തമന്തഃ പ്രപീഡിതം।
വ്യവായിത്വാച്ച സൌക്ഷ്മ്യാച്ച ബഹിർമ്മാർഗ്ഗം പ്രവർത്തതേ॥
തേന ഹാരിദ്രനേത്രത്വം സന്നിപാതോത്ഭവേ ജ്വരേ।
ദോഷേ വിബദ്ധേ നഷ്ടേഗ്നൌ സർവ്വസംപൂർണ്ണലക്ഷണഃ।
അസാദ്ധ്യസ്സോന്യഥാ കൃച്ഛ്രോ ഭവേദ്വൈകല്യദോപി വാ॥

സാ—പൃഥഗ്ദോഷജങ്ങളും സംസർഗ്ഗജങ്ങളുമായ ജ്വരങ്ങൾക്കു പറഞ്ഞ എല്ലാ ലക്ഷണങ്ങളും തികഞ്ഞു കണ്ടാൽ അതു സർവ്വജം (സന്നിപാതജം) ആണെന്നറിയണം. ഈ സന്നിപാതത്തിൽ വീണ്ടും വീണ്ടും ചൂടും അതുപോലെ തന്നെ കുളിരുമുണ്ടാകും. പകൽ വലിയ നിദ്രയും രാത്രിയിൽ നിദ്രാഹാനിയും ഭവിക്കും. ഒന്നുകിൽ എപ്പോഴും ഉറക്കം അല്ലെങ്കിൽ ഉറക്കം തന്നെയില്ല ഇങ്ങിനേയും വരാം. പിന്നേയും അതിയായ വിയർപ്പുണ്ടാകയോ അല്ലെങ്കിൽ വിയർപ്പുതന്നെ ഇല്ലാതിരിക്കയോ ചെയ്യും. പാട്ട് ആട്ടം ചിറി തുടങ്ങിയ വികൃതചേഷ്ടകളെ കാണിക്കും. കണ്ണുകൾ പഴുത്തൊലിച്ചും കലങ്ങിയും ചുവന്നും വളഞ്ഞും പോളരോമങ്ങൾ കൊഴിഞ്ഞും ഭവിക്കും. കാൽവണ്ണകളിലും വാരിഭാഗങ്ങളിലും തലയിലും സന്ധികളിലും അസ്ഥികളിലും വേദനയും തലചുറ്റലുമുണ്ടാകും. ചെവികൾക്കു മൂളക്കവും വേദനയുമുണ്ടാകും. കഴുത്തിൽ നെല്ലിന്റെ ഓവുകൾകൊണ്ടു തടഞ്ഞാലത്തെപ്പോലെ തോന്നും. നാവ് തീപ്പൊള്ളിയപോലെയും ഖരമായുമിരിക്കും. അംഗങ്ങൾക്കു ഗുരുത്വവും സന്ധികൾക്ക് അയവും ഉണ്ടാകും. രക്തപിത്തകഫങ്ങളെ തുപ്പും. ശിരസ്സിന്നു ലോളനം (ചലനം) ഉണ്ടാകും. അതിയായ ദാഹവുമുണ്ടാകും. കരുവാളിച്ചും ചുകന്നുമുള്ള വട്ടപ്പുണ്ണുകളും പുള്ളികളുമുണ്ടായിക്കാണും. ഹൃദയത്തിൽ വേദനയും മലങ്ങൾക്കു സംഗ(അപ്രവൃത്തി)വും അല്ലെങ്കിൽ അല്പമായിട്ടുള്ള പ്രവൃത്തിയുമുണ്ടാകും. അതല്ലെങ്കിൽ മലങ്ങൾ അതിയായി പ്രവർത്തിക്കും. മുഖം സ്നിഗ്ദ്ധമായിരിക്കുകയും ബലം ക്ഷയിക്കുകയും ഒച്ച അടങ്ങുകയും പേയ് പറകയും ചെയ്യും. ദോഷങ്ങൾക്കു ചിരകാലം

കൊണ്ടേ പചനം വരികയുള്ളൂ. മടിയും സദാ കണ്ഠകൂജനവുമുണ്ടാകും. ഈ ജ്വരത്തിന്നു സന്നിപാതമെന്നും അഭിന്യാസമെന്നും ഏതെങ്കിലുമൊന്നു പേരുണ്ട്. ഇതിങ്കൽ കഫത്താൽതടയപ്പെട്ടതായ വായു പിത്തത്തെ അന്തർഭാഗത്തിൽ പ്രപീഡനം ചെയ്കയാൽ അതു് അതിനുള്ള വ്യാപന സ്വഭാവത്താലും സൂക്ഷ്മതയാലും പുറത്തേക്കു പ്രവൃത്തിക്കും. തന്നിമിത്തം സന്നിപാതജ്വരത്തിങ്കൽ കണ്ണുകൾ മഞ്ഞനിറമായിരിക്കും. ദോഷം ബദ്ധിക്കപ്പെട്ടും അഗ്നി നശിച്ചും വരികയും എല്ലാ ലക്ഷണങ്ങളും തികഞ്ഞുവരികയും ചെയ്താൽ ആ സന്നിപാതം അസാദ്ധ്യമാകുന്നു. മറിച്ചായാൽ (അതായതു ദോഷം ചലവും അഗ്നി ബലവത്തും ലക്ഷണാം അപൂർണ്ണവുമായാൽ) കൃച്ഛ്രസാദ്ധ്യമോ അംഗവൈകല്യം നൽകുന്നതോ ആയിരിക്കും.

സന്നിപാതം മറെറാരു വിധത്തിലുമുണ്ടു്. അതിനെപ്പറയുന്നു:—

അന്യച്ച സന്നിപാതോത്ഥോ യത്ര പിത്തം പൃഥക്‌സ്ഥിതം
ത്വചി കോഷ്ഠേഥവാ ദാഹം വിദധാതി പുരോനു വാ
തദ്വദ്വാതകഫൌ ശീതം ദാഹാദിർദ്ദുസ്തരസ്തയോഃ.

സാ—സന്നിപാതോത്ഥമായ ജ്വരം മറെറാരു വിധത്തിലുമുണ്ടു്. അതിൽ മൂന്നു ദോഷങ്ങളും കോപിച്ചിട്ടുള്ളതിൽ പിത്തം വേറെയും വാതകഫങ്ങൾ വേറെയും സ്ഥിതി ചെയ്യും. അതിങ്കൽ പിത്തം ത്വക്കിലും വാതകഫങ്ങൾ കോഷ്ഠത്തിങ്കലും സ്ഥിതിചെയ്യുമ്പോൾ ജ്വരവേഗകാലത്തിൽ ആദ്യം ദാഹ (ചുട്ടുനീറൽ) ത്തെയും പിന്നെ ശീതത്തേയും ഉണ്ടാക്കും. വാതകഫങ്ങൾ ത്വക്കിലും പിത്തം കോഷ്ഠത്തിലുമാണ് നിൽക്കുന്നതെങ്കിൽ ആദ്യം ശീതത്തേയും പിന്നെ ദാഹത്തെയുമുണ്ടാക്കും. ഇങ്ങിനെ ശീതാദിയും ദാഹാദിയുമായി രണ്ടുതരം സന്നിപാതജ്വരങ്ങളുള്ളവയിൽവെച്ച് അധികം പ്രയാസമുള്ളത് ദാഹാദിയാകുന്നു. അവയുടെ രണ്ടിന്റെയും സ്വരൂപത്തെത്തന്നെ പറയുന്നു.

ശീതാദൌ തത്ര പിത്തേന കഫേ സ്യന്ദിതശോഷിതേ
ശീതേ ശാന്തേമ്ലകോ മൂർച്ഛാ മദസ്തൃഷ്ണാ ച ജായതേ
ദാഹാദൌ പുനരന്തേ സ്യുസ്തന്ദ്രാഷ്ഠീവവമിക്ലമാഃ.

സാ—ശീതാദിയിങ്കൽ പിത്തം കോഷ്ഠത്തിലാണല്ലോ ഇരിക്കുക. അതു് ഉദീർണ്ണമായി ത്വക്കിൽ സ്ഥിതിചെയ്യുന്ന കഫത്തെ സ്യന്ദിതമാക്കി ശോഷിപ്പിക്കും. ആകയാൽ ശീതം ശാന്തമാകുമ്പോൾ പിത്താധിക്യംഹേതുവായിട്ടു് അമ്ലമൂർച്ഛാമദതൃഷ്ണകൾ ജനിക്കും. (അമ്ലകം=പുളിച്ച

ത്തേട്ടൽ) ദാഹാദിയിങ്കലാകട്ടേ കോഷ്ഠസ്ഥങ്ങളായ വാതകഫങ്ങൾ ഉദീർണ്ണങ്ങളാകയാൽ ജ്വരവേഗം കഴിഞ്ഞ് ദാഹം ശമിച്ചാൽ കഫകാര്യങ്ങളായ തന്ദ്രാഷ്ഠേവവമില്ലമങ്ങളും ഭവിക്കും. ഇങ്ങിനെ പൃഥഗ്ദോഷസംസർഗ്ഗസന്നിപാതങ്ങളെക്കൊണ്ട് ഏഴുവിധത്തിലുള്ള ജ്വരങ്ങൾ പറയപ്പെട്ടു. ഇനി അഷ്ടമമായ ആഗന്തുജ്വരത്തെപ്പറയുന്നു.

ആഗന്തുരഭിഘാതാഭിഷങ്ഗശാപാഭിചാരതഃ
ചതുർദ്ധാത്ര ക്ഷതച്ഛേദദാഹാദ്യൈരഭിഘാതജഃ
ശ്രമാച്ച തസ്മിൻ പവനഃ പ്രായോ രക്തം പ്രദൂഷയൻ
സവ്യഥാശോഫവൈവർണ്ണ്യം സരുജം കുരുതേ ജ്വരം.

സാ—ആഗന്തുജ്വരം നാലുവിധത്തിലുണ്ട്. ഒന്ന് അഭിഘാതംകൊണ്ട്, രണ്ട് അഭിഷംഗംകൊണ്ട്, മൂന്ന് ശാപംകൊണ്ട്, നാല് ആഭിചാരംകൊണ്ട് ഇങ്ങിനെയാണ് നാലുവിധം. ഇവയിൽ അഭിഘാതജമായിട്ടുള്ളത് ക്ഷതച്ഛേദദാഹാദ്യങ്ങളെക്കൊണ്ടും ശ്രമംകൊണ്ടുമാണുണ്ടാകുന്നത്. അതിങ്കൽ പ്രായേണ വാതം കോപിച്ച് രക്തത്തെ ദൂഷിപ്പിച്ച് വ്യഥാശോഫവൈവർണ്ണ്യങ്ങളോടും വേദനയോടുംകൂടിയ ജ്വരത്തെ ഉണ്ടാക്കും. 'പ്രായേണ' എന്നു പറകയാൽ ചിലപ്പോൾ ഇങ്ങിനെയല്ലാതെയും വരാമെന്നു സൂചിപ്പിച്ചിരിക്കുന്നു. ഇനി അഭിഷംഗജമായതിനെ പറയുന്നു.

ഗ്രഹാവേശൌഷധിവിഷക്രോധഭീശോകകാമജഃ
അഭിഷങ്ഗാൽ ഗ്രഹേണാസ്മിന്നകസ്മാദ്ധാസരോദനേ
ഔഷധീഗന്ധജേ മൂർച്ഛാ ശിരോരുക്ശ്വയഥുഃ ക്ഷവഃ
വിഷാന്മൂർച്ഛാതിസാരാസ്യശ്യാവതാദാഹഹൃൽഗ്രഹാഃ
ക്രോധാൽ കമ്പശ്ശിരോരുക്ച പ്രലാപോ ഭയശോകജേ
കാമാന്മോഹോരുചിർദ്ദാഹോ ഹ്രീനിദ്രാധീധൃതിക്ഷയഃ
ഗ്രഹാദൌ സന്നിപാതസ്യ ഭയാദൌ മരുതസ്ത്രയഃ
കോപഃ ക്രോധേ തു പിത്തസ്യ... ... ...

സാ—ഗ്രഹാവേശം, ഓഷധി, വിഷം, ക്രോധം, ഭയം, ശോകം, കാമം ഇവയെക്കൊണ്ടുണ്ടാകുന്ന ജ്വരം അഭിഷംഗം നിമിത്തമായ ജ്വരമാകുന്നു. ഈ ഏഴിൽവെച്ച് ഗ്രഹംകൊണ്ടുള്ളതിൽ അകാരണമായി ചിരിക്കുകയും കരയുകയും ചെയ്യും. ഗ്രഹങ്ങൾ=ദേവാദിഗ്രഹങ്ങൾ. ഓഷധികളുടെ ഗന്ധം ഹേതുവായുണ്ടാകുന്ന ജ്വരത്തിങ്കൽ മൂർച്ഛാശിരോരുക്ശ്വയഥുക്ഷവങ്ങളുണ്ടാകും. വിഷം നിമിത്തമായുള്ളതിൽ മൂർച്ഛാ

തിസാരാന്യശ്യാവതാദാഹഹൃൽഗ്രഹങ്ങൾ ഭവിക്കും. ക്രോധംകൊണ്ടുള്ളതിൽ കമ്പശിരോവേദനകളും ഭയശോകങ്ങളെക്കൊണ്ടുള്ളതിൽ പ്രലാപവുമുണ്ടാകും. കാമംകൊണ്ടുള്ള ജ്വരത്തിങ്കൽ മോഹാരുചിദാഹങ്ങളും ഹ്രീനിദ്രാധീധൃതിക്ഷയവും ഭവിക്കും. ഇവയിൽവെച്ച് ഗ്രഹാദിയായിട്ടുള്ള മൂന്നിൽ (അതായതു ഗ്രഹൌഷധിവിഷജങ്ങളിൽ) സന്നിപാതമാണ് കോപിക്കുക; ഭയാദിയായ മൂന്നിൽ (എന്നുവെച്ചാൽ ഭയശോകകാമജങ്ങളിൽ) വാതത്തിൻെറ കോപമാണുണ്ടാവുക. ബാക്കിയുള്ളതായ ക്രോധത്തിങ്കൽ പിത്തത്തിൻെറ കോപമാണുണ്ടാവുക. ഇങ്ങിനെ അഭിഷംഗജമായ ആഗന്തുജ്വരം പറയപ്പെട്ടു.

... ... ... ...യൌ തു ശാപാഭിചാരജൌ
സന്നിപാതജ്വരൌ ഘോരൌ താവസഹ്യതമൌ മതൌ.

സാ—ശാപംകൊണ്ടും ആഭിചാരംകൊണ്ടും ഉണ്ടാവുന്നവ രണ്ടും ഭയങ്കരങ്ങളായ സന്നിപാതജ്വരങ്ങളാകുന്നു. ശാപാഭിചാരങ്ങളിൽ മൂന്നു ദോഷങ്ങളും കോപിക്കുമെന്നു കാണുക. ശാപം=ഗുരുമുതലായവർ ചെയ്യുന്ന ശാപം. ആഭിചാരം=മാരണം. ഈ രണ്ടുതരം ആഗന്തുജ്വരങ്ങൾ ഏററവും അസഹ്യങ്ങളാണെന്നാണ് വൈദ്യന്മാരുടെ പക്ഷം.

തത്രാഭിചാരികൈർമ്മന്ത്രൈർഹൂയമാനസ്യ തപ്യതേ
പൂർവ്വം ചേതസ്തതോ ദേഹസ്തതോ വിസ്ഫോടതൃൾഭ്രമൈഃ
സദാഹമൂർച്ഛൈർഗ്ഗ്രസ്തസ്യ പ്രത്യഹം വർദ്ധതേ ജ്വരഃ
ഇതി ജ്വരോഷ്ടധാ ദൃഷ്ടഃ... ... ... ...

സാ—അതിൽവെച്ച് ആഭിചാരജജ്വരത്തിൽ ആഭിചാരികമന്ത്രങ്ങളെക്കൊണ്ട് "ഇന്നവനെദ്ദഹിപ്പിക്കുക" എന്ന സങ്കല്പത്തോടെ ഹോമിക്കപ്പെടുന്നവൻെറ മനസ്സ് ആദ്യമായി തപിക്കുന്നു. പിന്നെ ദേഹവും തപിക്കും. തദനന്തരം ദാഹമൂർച്ഛാസഹിതങ്ങളായ വിസ്ഫോടാദികളാൽ അവൻ ഗ്രസിക്കപ്പെടും. അപ്പോൾ ജ്വരം ദിവസന്തോറും വർദ്ധിക്കുകയും ചെയ്യും. ഇങ്ങിനെ ദോഷാഗന്തുജങ്ങളായി എട്ടുപ്രകാരത്തിലാണ് ജ്വരം കാണപ്പെട്ടിരിക്കുന്നത്.

... ... ... ...സമാസാൽ ദ്വിവിധസ്തു സഃ
ശാരീരോ മാനസഃ സൌമ്യസ്തീക്ഷ്ണോന്തർബ്ബഹിരാശ്രയഃ
പ്രാകൃതോ വൈകൃതഃ സാദ്ധ്യോസാദ്ധ്യസ്സാമോ നിരാമകഃ.

സാ—മേൽപ്പറഞ്ഞപ്രകാരം എട്ടുവിധത്തിലാണെങ്കിലും വേറെ ഒരു വിധം നോക്കുമ്പോൾ ജ്വരം സംക്ഷേപേണ രണ്ടുവിധമാണ്.

ശാരീരമെന്നും മാനസമെന്നും രണ്ടുവിധം; സൌമ്യമെന്നും തീക്ഷ്ണമെന്നും രണ്ടുവിധം; അന്തരാശ്രയമെന്നും ബഹിരാശ്രയമെന്നും രണ്ടുവിധം; പ്രാകൃതമെന്നും വൈകൃതമെന്നും രണ്ടുവിധം, സാദ്ധ്യമെന്നും അസാദ്ധ്യമെന്നും രണ്ടുവിധം; സാമമെന്നും നിരാമമെന്നും രണ്ടുവിധം.

ഇങ്ങിനെ ഈരണ്ടുവിധത്തിൽ ഭേദിക്കുന്ന ജ്വരങ്ങളിൽ ശാരീരാദികളുടെ ലക്ഷണം പറയുന്നു:—

പൂർവ്വം ശരീരേ ശാരീരേ താപോ മനസി മാനസേ
പവനേ യോഗവാഹിത്വാച്ഛീതം ശ്ലേഷ്മയുതേ ഭവേൽ
ദാഹഃ പിത്തയുതേ മിശ്രം മിശ്രേ... ... ...

സാ—ശാരീരമായ ജ്വരത്തിങ്കൽ ആദ്യം ശരീരത്തിലാണു താപം ഭവിക്കുക. മാനസജ്വരത്തിൽ താപം ഭവിക്കുന്നതു ആദ്യം മനസ്സിലാണ്. ഇങ്ങിനെ ശാരീരമാനസജ്വരങ്ങൾ പറയപ്പെട്ടു. ഇനി സൌമ്യതീക്ഷ്ണങ്ങളെപ്പറയുന്നു. പവന ഇതി—വായു കഫത്തോടുചേർന്നിരിക്കുമ്പോൾ വായുവിന്നുള്ള യോഗവാഹിത്വം നിമിത്തം ജ്വരത്തിങ്കൽ ശീതം ഭവിക്കും. ഇതാണ് അത്ഥവശാൽ സൌമ്യജ്വരം. വായു പിത്തയുതമായിരിക്കുമ്പോൾ അതേകാരണത്താൽത്തന്നെ ദാഹവും ഭവിക്കും. ഇതാണ് തീക്ഷ്ണജ്വരം. മിശ്രമായിരിക്കുമ്പോൾ (അതായതു വായു കഫത്തോടും പിത്തത്തോടും ചേർന്നിരിക്കുമ്പോൾ) മിശ്രമായി ശീതവും ദാഹവും ഉണ്ടാകും. മിശ്രജ്വരത്തിൽ മിശ്രീഭവിക്കുന്ന ദോഷങ്ങളിൽ ഏതിന്നുൽക്കഷമുണ്ടോ അതിനെപ്പിടിച്ചാണ് വ്യവഹാരമെന്നും അതുകൊണ്ട് സൌമ്യതീക്ഷ്ണഭേദേനയുള്ള ദ്വൈവിദ്ധ്യത്തിന്ന് അസംഗതിയില്ലെന്നും അറിയേണ്ടതാണ്. ഇനി അന്തർബ്ബഹിരാശ്രയങ്ങളെ വിവരിക്കുന്നു.

... ... ... ...അന്തസ്സംശ്രയേ പുനഃ
ജ്വരേധികം വികാരാഃ സ്യുരന്തഃക്ഷോഭോ മലഗ്രഹഃ
ബഹിരേവ ബഹിർവ്വേഗേ താപോപി ച സുസാധതാ.

സാ—അന്തരാശ്രയമായ ജ്വരത്തിങ്കൽ അന്തർഭാഗത്തിൽ, അതായതു കോഷ്ഠത്തിൽ അധികം വികാരങ്ങളും ക്ഷോഭവും മലഗ്രഹവും ഭവിക്കും. ബഹിർവ്വേഗത്തിങ്കൽ (ബഹിരാശ്രയജ്വരത്തിൽ) ബഹിർഭാഗത്തിങ്കൽ മാത്രമേ താപം ഭവിക്കയുള്ളൂ. കോഷ്ഠത്തിങ്കൽ വികാരങ്ങളുണ്ടാകയില്ല. അതു സുസാധ്യവും ആകുന്നു. അത്ഥവശാൽ അന്തരാശ്രയജ്വരം ദുസ്സാധ്യമാണെന്നും സിദ്ധിക്കുന്നു. ഇനി പ്രാകൃതവൈകൃതങ്ങളെപ്പറയുന്നു.

വർഷാശരദ്വസന്തേഷു വാതാദ്യൈഃ പ്രാകൃതഃ ക്രമാൽ
വൈകൃതോന്യസ്സ ദുസ്സാധ്യഃ പ്രായശഃ പ്രാകൃതോനിലാൽ
ഏകമാർഗ്ഗക്രിയാരംഭവ്യതിവൃത്തേർമഹാത്യയാൽ.

സാ—വർഷർത്തുവിൽ വാതംകൊണ്ടും ശരത്തിൽ പിത്തംകൊണ്ടും വസന്തത്തിൽ കഫംകൊണ്ടുമുണ്ടാകുന്ന ജ്വരം അതാതു ദോഷങ്ങൾ പ്രകൃത്യാ കോപിക്കുന്ന കാലത്തുണ്ടാകുന്നതാകയാൽ പ്രാകൃതജ്വരമാകുന്നു. അങ്ങിനെയല്ലാതെ വരുന്നതു വൈകൃതവുമാണ്. അതു ദുസ്സാധ്യവുമാണ്. പ്രായേണ വാതം ഹേതുവായുള്ള പ്രാകൃതജ്വരവും ദുസ്സാധ്യമായിരിക്കും. അതിന്നു ഹേതുവെന്തെന്നു പറയുന്നു. ഏകമാർഗ്ഗേതി—ഒരു വഴിക്കുള്ള ചികിത്സയുടെ ആരംഭത്തിന്നു വ്യതിവൃത്തി (വൈപരീത്യം) വരുന്നതുകൊണ്ടും വലിയ അത്യയം ഉള്ളതുകൊണ്ടുമാണു ദുസ്സാധ്യത്വം. ജ്വരചികിത്സയിൽ ആദ്യം ലംഘനമാണല്ലോ ചെയ്യേണ്ടത്; അതു വായുവിന്ന് അപഥ്യവുമാണ്. അതുകൊണ്ട് രോഗത്തിന്റെ ചികിത്സാമാർഗ്ഗം ദോഷത്തിന്നു വിപരീതമാകുമെന്നറിഞ്ഞുകൊൾക.

ഈ പറഞ്ഞതിൽ പ്രാകൃതജ്വരം വാതാദികളെക്കൊണ്ടാണല്ലോ. അതിങ്കൽ അനുബലമായിട്ടു ദോഷാന്തരം കൂടി ഭവിക്കുമെന്നു പറയുന്നു:—

വർഷാസു മാരുതോ ദുഷ്ടഃ പിത്തശ്ലേഷ്മാന്വിതോ ജ്വരം
കുര്യാൽ പിത്തഞ്ച ശരദി തസ്യ ചാനുബലഃ കഫഃ
തൽപ്രകൃത്യാ വിസർഗ്ഗാച്ച തത്ര നാനശനാൽ ഭയം
കഫോ വസന്തേ തമപി വാതപിത്തം ഭവേദനു.

സാ—വർഷർത്തുവിൽ വായു ദുഷിച്ച് ജ്വരത്തെ ഉണ്ടാക്കുന്നതു പിത്തകഫങ്ങളോടുകൂടിയായിരിക്കും. ശരത്തിങ്കൽ പിത്തം ദുഷിച്ച് ജ്വരത്തെ ഉണ്ടാക്കുമല്ലോ, ആ പിത്തത്തിന്നും കഫം അനുബലം (=സഹായം) ആയിരിക്കും. വർഷർത്തുവിൽ ജ്വരകാരിയായ വാതത്തിന്നു കഫപിത്തങ്ങളുടേയും ശരത്തിൽ പിത്തത്തിന്നു കഫത്തിന്റേയും കൂട്ടുണ്ടായിരിക്കുമെന്നർത്ഥം. ഇവയ്ക്കു ക്രമത്തിൽ ഹേതുക്കളെ പറയുന്നു. തൽപ്രകൃത്യേതി—"വർഷാസു മാരുതോ ദുഷ്ടഃ പിത്തശ്ലേഷ്മാന്വിതോ ജ്വരം കുര്യാൽ" എന്നതിൽ ഹേതു തൽപ്രകൃതി, അതായതു കാലത്തിന്റെ താദൃശസ്വഭാവമാകുന്നു. "പിത്തഞ്ച ശരദി തസ്യ ചാനുബലഃ കഫഃ" എന്നതിൽ ഹേതു കാലം വിസർഗ്ഗകാലമായതുതന്നെ. ഈ രണ്ടിലും അനശനത്തിൽനിന്നു ഭയമില്ല. വർഷർത്തുവിൽ വാതത്തിന്നു പിത്തകഫാനുബന്ധമുണ്ടാകുകകൊണ്ടും ശരത്തിൽ പിത്തത്തിന്നു കഫാനുബന്ധമുണ്ടാക

കൊണ്ടും അനശനം അപായകരമാകയില്ലെന്നത്ഥം. അവയിൽ ലംഘനം ചെയ്യേണമെന്നു സാരം. എന്നാൽ വസന്തത്തിലെ കഫജ്വരത്തിൽ ഇങ്ങിനെയല്ല. വസന്തത്തിൽ കഫം ദുഷിച്ച് ജ്വരമുണ്ടാക്കുമല്ലോ. ഇതിൽ കഫത്തിൻെറ പിന്നാലെ (പ്രകൃതിവശാലും ആദാനകാലമാകയാലും) വാതപിത്തങ്ങളുമുണ്ടാകും. അതുകൊണ്ട് അതു കഫജ്വരമാണെങ്കിലും അനശനഭയമുണ്ടാകയാൽ അതിലംഘനം വരാതെ സൂക്ഷിക്കണമെന്നു സാരം.

ഇനി സാദ്ധ്യാസാദ്ധ്യഭേദേനയുള്ള ദ്വൈവിദ്ധ്യത്തെ പറയുന്നു:—

ബലവത്സ്വല്പദോഷേഷു ജ്വരഃ സാദ്ധ്യോനുപദ്രവഃ
സർവ്വഥാ വികൃതിജ്ഞാനേ പ്രാഗസാദ്ധ്യ ഉദാഹൃതഃ.

സാ—ബലവാന്മാരും അല്പദോഷന്മാരുമായവരിൽ ഉണ്ടായതും ഉപദ്രവങ്ങളധികമില്ലാത്തതുമായ ജ്വരം സാദ്ധ്യമാണ്. (ഉപദ്രവങ്ങൾ ഭ്രമപ്രലാപാദികൾ) അസാദ്ധ്യമായ ജ്വരമാകട്ടെ മുമ്പ് വികൃതിവിജ്ഞാനീയത്തിൽ സർവ്വപ്രകാരേണയും പറയപ്പെട്ടിട്ടുണ്ട്. "ജ്വരോ നിഹന്തി ബലവാൻ" ഇത്യാദിഗ്രന്ഥം നോക്കുക.

ഇനി സാമനിരാമഭേദേനയുള്ള ദ്വൈവിദ്ധ്യത്തെപ്പറയുന്നു:—

ജ്വരോപദ്രവതീക്ഷ്ണത്വമഗ്ലാനിർബ്ബഹുമൂത്രതാ
ന പ്രവൃത്തിർന്ന വിഡ് ജീർണ്ണാ ന ക്ഷുത്സാമജ്വരാകൃതിഃ
ജ്വരവേഗോധികം തൃഷ്ണാ പ്രലാപഃ ശ്വസനം ഭ്രമഃ
മലപ്രവൃത്തിരുൽക്ലേശഃ പച്യമാനസ്യ ലക്ഷണമ്
ജീർണ്ണതാമവിപര്യ്യാസാത്സപ്തരാത്രഞ്ച ലംഘനാൽ.

സാ—ജ്വരോപദ്രവങ്ങൾ തീക്ഷ്ണങ്ങളായിരിക്കുക, തളച്ചയില്ലാതിരിക്കുക, വളരെ മൂത്രം പോവുക, മലം പ്രവത്തിക്കാതിരിക്കുക, മലം ജീർണ്ണമല്ലാതിരിക്കുക, വിശപ്പില്ലാതിരിക്കുക, ഇവയെല്ലാമാണ് സാമജ്വരത്തിൻെറ ലക്ഷണങ്ങൾ. അധികമായ ജ്വരവേഗം, തൃഷ്ണ, പ്രലാപം, ശ്വസനം, ഭ്രമം, മലം പ്രവത്തിക്കുക, ഉൽക്ലേശം, ഇവയെല്ലാമാണ് പച്യമാനജ്വരത്തിൻെറ ലക്ഷണങ്ങൾ. പച്യമാനം=പചനം വന്നു തുടങ്ങിയത്. ജ്വരത്തിങ്കൽ ജീർണ്ണതയെ അറിയേണ്ടതു ആമലക്ഷണങ്ങളുടെ വൈപരീത്യംകൊണ്ടും ഏഴു ദിവസത്തെ ലംഘനം (അനശനം, ഉപവാസം) കൊണ്ടുമാകുന്നു. ഇതുകൊണ്ടറിയേണ്ടതെന്തെന്നാൽ—ജ്വരമുള്ളവന്നു ആമലക്ഷണങ്ങൾ കാണാതിരുന്നാലും ഏഴു ദിവസം കഴിയുന്നതിന്നു മുമ്പായി ജീർണ്ണജ്വരോക്തമായ ഔഷധാദിക

ളൊന്നും പ്രയോഗിക്കരുത്. ഏഴുദിവസം കഴിഞ്ഞിട്ടായാലും ജ്വരോപദ്രവതീക്ഷ്ണതാദികളായ ആമലക്ഷണങ്ങളുള്ള പക്ഷം ഔഷധാദികളുപയോഗിക്കരുത്. ആമവിപൎയ്യാസവും സപ്തരാത്രലംഘനവും കൂടിയതാണ് ജീൎണ്ണതാലക്ഷണമെന്നു സാരം.

അനന്തരം പ്രകാരാന്തരേണ ജ്വരം പഞ്ചവിധമാണെന്നു പറയുന്നു:—

ജ്വരഃ പഞ്ചവിധഃ പ്രോക്തോ മലകാലബലാബലാൽ
പ്രായസ്സ സന്നിപാതേന ഭൂയസാ ത്വപദിശ്യതേ
സന്തതസ്സതതോഽന്യേദ്യുസ്തൃതീയകചാതുൎത്ഥകൌ.

സാ—മലങ്ങളുടെയും കാലത്തിന്റെയും ബലാബലം നിമിത്തം ജ്വരം അഞ്ചുവിധമെന്നു പറയപ്പെട്ടിരിക്കുന്നു. ഇവിടെ മലങ്ങളെന്നതിനു ദോഷങ്ങളെന്നൎത്ഥം. ജ്വരകാരണമായ ദോഷങ്ങളുടേയും തൽകോപത്തിൽ നിമിത്തമായിത്തീരുന്ന കാലമേതൊ അതിന്റേയും ബലവത്ത്വവും അബലവത്ത്വവും ഹേതുവായിട്ട് ജ്വരം അഞ്ചുവിധമെന്നു സാരം. "തുല്യദൂഷ്യാദിവൎദ്ധിതാഃ സന്തതം" എന്നും "സപ്രത്യനീകോ വിഷമം കുൎയ്യാദ്വൃദ്ധിക്ഷയാന്വിതഃ" എന്നും മലങ്ങളുടെ വൃദ്ധിക്ഷയങ്ങൾ പറയപ്പെട്ടും. ഈ അഞ്ചുവിധത്തിലുള്ള ജ്വരവും പ്രായേണ സന്നിപാതംകൊണ്ടാണുണ്ടാകുന്നത്. എന്നാൽ ഭൂയസ്സ് (അധികം) ആയ ദോഷത്തെക്കൊണ്ടാണ് വ്യപദേശിക്കപ്പെടുന്നത്. സന്തതാദികളായി പറയപ്പെടുന്ന ജ്വരങ്ങളെല്ലാം ത്രിദോഷസന്നിപാതജങ്ങളാണെന്നും, വാതാധിക്യമുള്ളപ്പോൾ വാതികമെന്നും മറ്റും പറയപ്പെടുന്നുവെന്നേയുള്ളു എന്നൎത്ഥം. സന്തതജ്വരം, സതതജ്വരം, അന്യേദ്യുൎജ്വരം, തൃതീയകജ്വരം, ചതുൎത്ഥകജ്വരം എന്നിവയാണ് ആ പഞ്ചവിധജ്വരങ്ങളുടെ പേരുകൾ.

ഇവയിൽ സന്തതജ്വരത്തെ വിവരിക്കുന്നു:—

ധാതുമൂത്രശകൃദ്വാഹിസ്രോതസാം വ്യാപിനോ മലാഃ
താപയന്തസ്തനും സൎവ്വാം തുല്യദൂഷ്യാദിവൎദ്ധിതാഃ
ബലിനോ ഗുരവഃ സ്തബ്ധാ വിശേഷേണ രസാശ്രിതാഃ
സന്തതം നിഷ്പ്രതിദ്വന്ദ്വാ ജ്വരം കുൎയ്യുസ്സുദുസ്സഹം.

സാ—മലങ്ങൾ (ദോഷങ്ങൾ) ദുഷിച്ച് ധാതുക്കളെയും മൂത്രത്തെയും മലത്തെയും വഹിക്കുന്ന സ്രോതസ്സുകളിൽ വ്യാപിച്ച് ദേഹത്തെ മുഴുവൻ തപിപ്പിക്കുന്നവയായിട്ട് ഏറ്റവും ദുസ്സഹമായ സന്തതജ്വരത്തെ ചെയ്യും. തുല്യദൂഷ്യാദിവൎദ്ധിതങ്ങളും ബലികളും ഗുരുക്കളും സ്തബ്ധ

ങ്ങളും വിശേഷിച്ചും രസധാതുവിനെ ആശ്രയിച്ചവയുമായിട്ടാണ് ഈ ജ്വരത്തെ ഉണ്ടാക്കുന്നത്. തുല്യദൂഷ്യാദിവർദ്ധിതങ്ങൾ=തുല്യങ്ങളായിരിക്കുന്ന ദൂഷ്യാദികളാൽ വർദ്ധിപ്പിക്കപ്പെട്ടവ. അതായതു ദോഷങ്ങൾ വാതാധികങ്ങളായിരിക്കുകയും, ദൂഷ്യം അസ്ഥിയായും ദേശം ജാംഗലമായുമിരിക്കുകയും, രോഗി ദുർബ്ബലനും കാലം വർഷർത്തുവും അഗ്നി വിഷമവുമായിരിക്കുകയും, വാർദ്ധക്യം-ഹീനസത്വത-രൂക്ഷാദിസാത്മ്യത്വം എന്നിവയോടുകൂടിയിരിക്കയും ചെയ്താൽ വാതത്തിന്നു തുല്യദൂഷ്യാദിത്വം വരും. ഇതുപോലെ പിത്താധികങ്ങളിലും കഫാധികങ്ങളിലും തുല്യദൂഷ്യാദിത്വം ഊഹ്യമാകുന്നു. ഇങ്ങിനെ തുല്യദൂഷ്യാദിത്വം വരുമ്പോൾ ദോഷങ്ങൾ വർദ്ധിതങ്ങളായും നിഷ്പ്രതിദ്വന്ദ്വങ്ങൾ (പ്രതികൂലശക്തിയില്ലാത്തവ) ആയും അതഏവ ബലികളായും സാമത്വം നിമിത്തം ഗുരുക്കളായും ഊർദ്ധ്വാധോഭാഗങ്ങളിലേക്കു പ്രവൃത്തിയില്ലായ്കയാൽ സ്തബ്ധങ്ങളായുമാണു ദോഷങ്ങൾ ഈ ജ്വരത്തെ ഉണ്ടാക്കുക. ദോഷങ്ങൾ എല്ലാ ധാതുക്കളേയും ആശ്രയിച്ചിരിക്കുമെങ്കിലും വിശേഷിച്ചും രസധാതുവിനെ ആശ്രയിച്ചാണിരിക്കുക. രസധാതുവിനെയാണ് രക്താദികളെക്കാളധികം ദുഷിപ്പിക്കുക എന്നർത്ഥം. ഇങ്ങിനെയാണ് സന്തതജ്വരം. ഇത് അതിദുസ്സഹമാകുന്നു.

മലാൻ ജ്വരോഷ്മാ ധാതൂൻ വാ സ ശീഘ്രം ക്ഷപയംസ്സുതഃ
സർവ്വാകാരം രസാദീനാം ശുദ്ധ്യാശുദ്ധ്യാപി വാ ക്രമാൽ
വാതപിത്തകഫൈസ്സപ്ത ദശ ദ്വാദശ വാസരാൻ
പ്രായോനുയാതി മർയ്യാദാം മോക്ഷായ ച വധായ ച
ഇത്യഗ്നിവേശസ്യ മതം ... ... ...

സാ—ഈ സന്തതജ്വരത്തിങ്കൽ ദുഷ്ടാദുഷ്ടകാരണവശാൽ ചിലപ്പോൾ രസാദികൾക്കു സർവ്വാകാരമാകുംവണ്ണം ശുദ്ധിയും ചിലപ്പോൾ അശുദ്ധിയും ഭവിക്കും അങ്ങിനെ രസാദികൾക്കു ശുദ്ധിയുണ്ടെങ്കിൽ ജ്വരോഷ്മാവ് മലങ്ങളെ ക്ഷയിപ്പിക്കും. അശുദ്ധിയുള്ളപ്പോൾ അതു ധാതുക്കളെയാണ് ക്ഷയിപ്പിക്കുക. ഊഷ്മാവിന്നു സർവ്വഥാ ക്ഷപണധർമ്മമുള്ളതുകൊണ്ട് മലത്തെയൊ ധാതുക്കളെയൊ ഏതിനെയെങ്കിലും ഒന്നിനെ ക്ഷയിപ്പിക്കാതെ ഇരിക്കുക വയ്യ. അതു നിമിത്തം വാതപിത്തകഫങ്ങളെക്കൊണ്ടുള്ള ജ്വരം ക്രമത്താലെ രസാദിശുദ്ധിയാൽ മലങ്ങളെ ക്ഷയിപ്പിക്കുന്ന സംഗതിയിൽ ജ്വരമോക്ഷം വരും; അതിന്നു ക്രമത്തിൽ ഏഴും പത്തും പന്ത്രണ്ടും ദിവസങ്ങളാണ് അവധി. വാതാധികജ്വര

ത്തിന്നു ഏഴും, പിത്താധികജ്വരത്തിന്നു പത്തും, കഫാധികജ്വരത്തിന്നു പന്ത്രണ്ടും ദിവസങ്ങളെന്നർത്ഥം. രസാദ്യശുദ്ധിയാൽ ധാതുക്കളെ ക്ഷയിപ്പിക്കുന്ന സംഗതിയിൽ രോഗിയുടെ വധം ഫലം; അതിലും അവധി മേൽപ്രകാരംതന്നെ, ഇങ്ങിനെയാണ് അഗ്നിവേശന്റെ മതം.

... ... ... ഹാരീതസ്യ പുനഃ സ്മൃതിഃ
ദ്വിഗുണാ സപ്തമീ യാവന്നവമ്യേകാദശീ തഥാ
ഏഷാ ത്രിദോഷമര്യാദാ മോക്ഷായ ച വധായ ച
ശുദ്ധ്യശുദ്ധ്യോ ജ്വരഃ കാലം ദീർഘമപ്യനുവർത്തതേ.

സാ—ഹാരീതന്റെ സ്മൃതിയാകട്ടെ ഇങ്ങിനെയാകുന്നു. വാതാധികജ്വരത്തിന്നു ദ്വിഗുണയായ സപ്തമി(അതായതു പതിനാല്)യും പിത്താധികത്തിന്നു ദ്വിഗുണയായ നവമി (അതായതു പതിനെട്ട്) യും, കഫാധികജ്വരത്തിന്നു ദ്വിഗുണയായ ഏകാദശി(അതായതു ഇരുപത്തിരണ്ട്)യും ആണ് ജ്വരമോക്ഷത്തിന്നും വധത്തിന്നുമുള്ള കാലാവധി. രസാദിധാതുക്കളിൽ ചിലതിന്നു ശുദ്ധിയും മററു ചിലതിന്ന് അശുദ്ധിയും ഉള്ളപ്പോൾ സന്തതജ്വരം വിട്ടുപോകയില്ല; രോഗിയെ വധിക്കുകയുമില്ല; കേവലം ദീർഘകാലത്തേക്ക് അനുബന്ധിച്ചു നില്ക്കുകയേ ഉള്ളൂ. അതു സൂത്രസ്ഥാനോക്തപ്രകരണപര്യാലോചനകൊണ്ടറിയേണ്ടതുമാണ്. ഇങ്ങിനെ സതതജ്വരം പറയപ്പെട്ടു.

ഇനി സതതാദികളായ വിഷമജ്വരങ്ങളെ പറയുന്നു:—

കൃശാനാം വ്യാധിമുക്താനാം മിത്ഥ്യാഹാരാദിസേവിനാമ്
അല്പോപി ദോഷോ ദൂഷ്യാദേല്ലബ്ധ്വാന്യതമതോ ബലമ്
സപ്രത്യനീകോ വിഷമം കുര്യാദ്വൃദ്ധിക്ഷയാനുഗഃ.

സാ—കൃശന്മാരും വ്യാധിമുക്തന്മാരും മിത്ഥ്യാഹാരാദിസേവികളുമായിട്ടുള്ളവക്ക് അല്പമായ ദോഷവും ദൂഷ്യം മുതലായവയിൽ ഏതെങ്കിലും ഒന്നിൽനിന്നു ബലത്തെ ലഭിച്ച് സപ്രത്യനീകം(=പ്രതിപക്ഷസഹിതം) ആയി വൃദ്ധിക്ഷയങ്ങളോടുകൂടിയതായിട്ട് വിഷമജ്വരത്തെ, (അതായതു സതതജ്വരം, അന്യേദ്യുഷ്കജ്വരം, തൃതീയകജ്വരം, ചാതുർത്ഥകജ്വരം എന്നിവയെ) ഉണ്ടാക്കും. 'കൃശാനാം' എന്നതുകൊണ്ട് സ്വാഭാവികമായ ദൌർബ്ബല്യവും, 'വ്യാധിമുക്താനാം' എന്നതുകൊണ്ട് അവസ്ഥാവിശേഷത്താലുള്ള ദൌർബ്ബല്യവും, 'മിത്ഥ്യാഹാരാദിസേവിനാം' എന്നതുകൊണ്ട് ആഹാരാദികൃതമായ ദൌർബ്ബല്യവും പറയപ്പെട്ടിരിക്കുന്നു. വൃദ്ധിക്ഷയാനുഗം=ചിലപ്പോൾ വൃദ്ധിയോടും ചിലപ്പോൾ ക്ഷയത്തോടും കൂടിയതു്. അങ്ങിനെയാവാൻ ഹേതു സപ്രത്യനീകത്വമെന്നു കാണുക. സ്ഥ

ശദൃഷ്യാദികളുള്ളപ്പോൾ വൃദ്ധിയും തൽപ്രതിദ്വന്ദ്വിയായ ദൃഷ്യാദികളുള്ളപ്പോൾ ക്ഷയവും ഭവിക്കുമല്ലോ. ബലവത്തായ ദോഷം സദൃശദൃഷ്യാദികൃതമായ ബലത്തെ ലഭിച്ചു് നിഷ്പ്രതിപക്ഷമായിട്ടു് അവിച്ഛിന്നസന്താപമായ സന്തതജ്വരത്തെ ചെയ്യുന്നു; തദ്വൈപരീത്യത്തിൽ സതതാദികളായ വിഷമജ്വരങ്ങളേയും ചെയ്യുന്നു; അവയിൽ വെച്ചു് ദൂഷ്യാദികളിൽ അധികവും (മുഴുവനല്ല) സദൃശങ്ങളായിട്ടു വരുമ്പോൾ സതതജ്വരവും, സദൃശദൃഷ്യാദികൾ കുറവായിവരുമ്പോൾ അന്യേദ്യുരാദിജ്വരങ്ങളും ഉണ്ടാകുന്നു;—എന്നു ഭാവം.

ഇനി, സതതാദികളായ വിഷമജ്വരങ്ങൾ വിച്ഛിന്നസന്താപങ്ങൾ (വിട്ടുപനിക്കുന്നവ) ആകുവാനുള്ള കാരണത്തെ പറയുന്നു:—

സൂക്ഷ്മസൂക്ഷ്മതരാസ്യേഷു ദൂരദൂരതരേഷു ച
ദോഷോ രക്താദിമാർഗ്ഗേഷു ശനൈരല്പശ്ചിരേണ യൽ
യാതി ദേഹഞ്ച നാശേഷം ഭൂയിഷ്ഠം ഭേഷജേപി ച
ക്രമോയം തേന വിച്ഛിന്നസന്താപോ ലക്ഷ്യതേ ജ്വരഃ
വിഷമോ വിഷമാരംഭക്രിയാകാലോനുഷംഗവാൻ.

സം__രക്താദിമാർഗ്ഗങ്ങൾ=രക്താദിധാതുക്കളെ വഹിക്കുന്ന സ്രോതസ്സുകൾ. ഈ ധാതുവാഹിസ്രോതസ്സുകൾ പ്രതാനസദൃശങ്ങളാണെന്നു പറയപ്പെട്ടിരിക്കുന്നു. അവ ക്രമത്തിൽ ചുവട്ടിൽ ചുവട്ടിലുള്ളവ സ്ഥൂലങ്ങളും അഗ്രത്തിലേക്കു ചെല്ലുംതോറും സൂക്ഷ്മങ്ങളുമാകുന്നു. അതായതു ചിലതു സൂക്ഷ്മാസ്യങ്ങളും (സൂക്ഷ്മമുഖങ്ങളും) ചിലതു സൂക്ഷ്മതരാസ്യങ്ങളുമാകുന്നു. അതുപോലെതന്നെ ചിലതു ദൂരവ്യാപികളും ചിലതു് അതിലും ദൂരത്തേക്കു വ്യാപിക്കുന്നവയുമാണു്. ഇങ്ങിനെയുള്ള സ്രോതസ്സുകളിൽ അല്പമായ ദോഷം പതുക്കെപ്പതുക്കെ മാത്രമെ പോകയുള്ളു. വളരെ നേരംകൊണ്ടേ സ്ഥാനത്തെത്തുകയുമുള്ളു. ദേഹംമുഴുവനും വ്യാപിക്കയുമില്ല. ഈ കാരണത്താലാണു് വിഷമജ്വരം വിച്ഛിന്നസന്താപമായി കാണപ്പെടുന്നതു്. ഇതുകൊണ്ടു വന്നുകൂടുന്നതെന്തെന്നാൽ—പ്രഭൂതമായ ദോഷം അതിസ്ഥൂലമുഖങ്ങളായ സ്രോതസ്സുകളിൽ വേഗത്തിൽ വ്യാപിക്കയും അധികം ആഴത്തിലേക്കു വ്യാപിക്കയും ചെയ്തിട്ടു സന്തതജ്വരത്തെ ഉണ്ടാക്കുന്നു. അല്പമായ ദോഷമാകട്ടേ സൂക്ഷ്മമുഖങ്ങളായ സ്രോതസ്സുകളിൽ സാവധാനത്തിൽ വ്യാപിക്കയും ദൂരതരപ്രദേശത്തേക്കു പോകയും പതുക്കെമാത്രം വ്യാപിക്കയും ചെയ്തിട്ടാണു് സതതജ്വരത്തെ ജനിപ്പിക്കുന്നതു്. അതിലും അധികം അല്പമായ ദോഷം സൂക്ഷ്മതരമുഖ

ങ്ങളും അതി ദൂരതരങ്ങളുമായ സ്രോതസ്സുകളിൽ വ്യാപിച്ചിട്ട് അന്യേദ്യുഷ്കജ്വരത്തെ ഉണ്ടാക്കുന്നു. അതിലുമധികം അല്പമായ ദോഷമാകട്ടേ സൂക്ഷ്മതമമുഖങ്ങളും ദൂരതമങ്ങളുമായ സ്രോതസ്സുകളിൽ അതി മന്ദഗതിയായി ചിരനേരംകൊണ്ടു വ്യാപിച്ച് തൃതീയകജ്വരത്തെ ഉണ്ടാക്കുന്നു. അതിലും അല്പമായ ദോഷമാണ് ചാതുർത്ഥകജ്വരത്തെജ്ജനിപ്പിക്കുന്നതു്. ഇങ്ങിനെ ദോഷവ്യാപ്തിയുള്ള താമസംനിമിത്തമാണ് സന്താപത്തിന്നു വിച്ഛേദംവരുന്നത്. ഈ ക്രമംതന്നെയാണ് പ്രായേണ സന്തതാദിജ്വരങ്ങളിൽ ഔഷധം പ്രയോഗിക്കുന്നതിലും ഉള്ളത്. സന്തതജ്വരത്തിൽ ഔഷധം വേഗത്തിൽ ദോഷത്തെ വ്യാപിക്കുന്നതുകൊണ്ട് ജ്വരം വേഗത്തിൽ ഉപശമിക്കും. സതതാദിജ്വരങ്ങളിലാകട്ടേ ദോഷം ദൂരദൂരതരസ്രോതോനുഗതമാകയാൽ ഔഷധം ദോഷത്തിലെത്തുവാൻ വിളംബമുള്ളതുകൊണ്ട് ചിരകാലംകൊണ്ടോ ചിരതരകാലംകൊണ്ടോ മാത്രമേ ജ്വരത്തിന്നുപശമം ഭവിക്കയുള്ളൂ. 'പ്രായേണ'(ഭൂയിഷ്ഠം) എന്നു പറഞ്ഞതുകൊണ്ട് ചിലപ്പോൾ ഇങ്ങിനെയല്ലാതെയും വരുമെന്നു സൂചിതമായിരിക്കുന്നു. അതുകൊണ്ട് ചില ഔഷധങ്ങൾ ആദ്യംതന്നെ രസസ്രോതസ്സുകളെ പ്രാപിച്ച് വേഗത്തിൽ ദേഹമാസകലം വ്യാപിക്കുമെന്നും, മറ്റു ചിലത് ധാതുക്രമേണ ദൂരതരസ്രോതസ്സുകളെ പ്രാപിച്ച് മന്ദമായേ ദേഹത്തിൽ വ്യാപിക്കയുള്ളുവെന്നും ഗ്രഹിക്കണം. ഇങ്ങിനെ വിഷമജ്വരം വിച്ഛിന്നസന്താപമാകയാൽ അതു ഏകരൂപമായിരിക്കയുമില്ല. എന്നുതന്നെയല്ല അത് വിഷമാരംഭക്രിയാകാലമായും അനുഷംഗവാനായും ഭവിക്കുന്നതുകൊണ്ടും അതു വിഷമമാകുന്നു. വിഷമാരംഭക്രിയാകാലം=വിഷമങ്ങളായ ആരംഭക്രിയാകാലങ്ങളോടുകൂടിയത്. വിഷമങ്ങൾ=സമങ്ങളല്ലാത്തവ. ആരംഭക്രിയാകാലങ്ങൾ=ആരംഭവും ക്രിയയും കാലവും. ആരംഭം=പ്രഥമപ്രവൃത്തി. ക്രിയാ=ദോഷൌഷധങ്ങളുടെ പ്രവൃത്തി. കാലം=ജ്വരാഗമനസമയം. കഫജമായ ചാതുർത്ഥകജ്വരം ആദ്യം ജംഘകളിൽനിന്നും, വാതജമായ ആ ജ്വരംതന്നെ ആദ്യം ശിരസ്സിൽനിന്നുമാണാരംഭിക്കുക. ഇതിൽനിന്നു വിഷമാരംഭത്വം വ്യക്തമാകുന്നു. വിഷമക്രിയത്വം ദോഷത്തിന്റേത് "ഗ്രാഹീ പിത്താനിലാന്മൂർദ്ധ്നഃ" ഇത്യാദിയായും, ഔഷധത്തിന്റേത് "മാംസം മേദ്ധ്യമന്നേന സഹ സേവിതോല്ലിഖേൽ" ഇത്യാദിയായും പറയപ്പെട്ടും. വിഷമകാലത്വം പ്രസിദ്ധം. സതതാദിജ്വരങ്ങൾ ചിലദിവസം പൂർവ്വാഹ്ണത്തിലാണ് തുടങ്ങുന്നതെങ്കിൽ മറ്റു ചിലദിവസം അപരാഹ്ണത്തിലാണ് തുടങ്ങുക എന്നു പറയേണ്ട

തില്ലല്ലോ. അനുഷംഗവാൻ=അനുഷംഗത്തോടുകൂടിയത്. അനുഷംഗം=അനുബന്ധം. ഒരിക്കൽ ശമിച്ചാൽ പിന്നെ സ്വല്പമായ ഹേതുകൊണ്ട് വീണ്ടും ഇത് അനുഷംഗിക്കുന്നതാകുന്നു. ഇങ്ങിനെ വിഷമാരംഭക്രിയാകാലത്വവും അനുഷംഗവത്ത്വവുമുള്ളതുകൊണ്ടാണ് ഇതിന്നു വിഷമജ്വരമെന്നു പേർപറയുന്നത്. ഇതുകൊണ്ടു ഒരു സംഗതികൂടി അറിയണം. എന്തെന്നാൽ—സന്തതജ്വരം അതിന്റെ സ്വരൂപംകൊണ്ടുതന്നെ ദുസ്സാധമാണ്. സതതാദിജ്വരങ്ങളാകട്ടെ സന്തതത്തിൽനിന്നു വിപരീതങ്ങളാണെങ്കിലും വിഷമങ്ങളാകയാൽ ദുസ്സാധ്യങ്ങൾതന്നെ.

ഇനി ദോഷത്തിന്റെ ഗതിമാന്ദ്യത്തിന്നു ഹേതുവിനെപ്പറയുന്നു:—

യഥോത്തരം മന്ദഗതിർമ്മന്ദശക്തിശ്ചഥാ യഥാ
കാലേനാപ്നോതി സദൃശാൻ സ രസാദീംസ്തഥാ തഥാ
ദോഷോ ജ്വരയതി കൃച്ഛ്രശ്ചിരാച്ചിരതരേണ ച.

സാ—മന്ദശക്തിയായിരിക്കുന്ന ദോഷം യഥോത്തരം (മേല്പോട്ടു മേല്പോട്ട് അധികമധികം) മന്ദഗതിയായിട്ട് എങ്ങിനെയെങ്ങിനെ കാലംകൊണ്ട് സദൃശങ്ങളായിരിക്കുന്ന രസാദികളെ പ്രാപിക്കുന്നുവോ അങ്ങിനെ അങ്ങിനെ കൃച്ഛ്രമായിട്ടു ചിരകാലംകൊണ്ടും ചിരതരകാലംകൊണ്ടും ജ്വരത്തെജ്ജനിപ്പിക്കുന്നു. ഇതുകൊണ്ടു വന്നുകൂടുന്നതെന്തെന്നാൽ—ദോഷം ആദ്യംതന്നെ സ്ഥൂലമുഖങ്ങളായ രസവാഹിസ്രോതസ്സുകളെ പ്രാപിച്ച് ദേഹത്തിലെല്ലാം വ്യാപിച്ച് ദൂഷ്യാദിസാദൃശ്യത്താൽ പ്രവൃദ്ധമായിട്ടാണ് സന്തതജ്വരത്തെ ഉണ്ടാക്കുന്നത്. എന്നാൽ എപ്പോൾ ദോഷത്തിന്നു സൂക്ഷ്മസ്രോതസ്സുകളെ ഗമിക്കേണ്ടതായ ആവശ്യം വരികയും ദൂഷ്യാദികൾ അസദൃശങ്ങളായിരിക്കയും പ്രാപ്യസ്ഥാനങ്ങളിൽ വ്യാപ്തികിട്ടാതാവുകയും ചെയ്യുന്നുവോ അപ്പോൾ വിച്ഛിന്നസന്താപമായ സതതാദിജ്വരത്തെ ജനിപ്പിക്കുന്നു. ദോഷങ്ങളുടെ ശക്തിയും ഗതിവേഗവും സദൃശരസാദിപ്രാപ്തിയുമനുസരിച്ചിരിക്കും ജ്വരസന്താപമെന്നു സാരം.

മേല്പറഞ്ഞ സംഗതിയെത്തന്നെ ദൃഷ്ടാന്തമുഖേന സ്പഷ്ടമാക്കുന്നു:—

ഭൂമൌ സ്ഥിതം ജലൈസ്സിക്തം കാലമേവ പ്രതീക്ഷതേ
അങ്കുരായ യഥാ ബീജം ദോഷബീജം ജ്വരേ തഥാ.

സാ—മണ്ണിൽ കിടന്ന് ജലങ്ങളാൽ നനയ്ക്കപ്പെട്ട (അതായത് കാരണസാമഗ്രി തികഞ്ഞ) ശാലിബീജം അങ്കുരത്തിന്ന് (മുളയ്ക്കുവാൻ) എങ്ങിനെ കാലത്തെ പ്രതീക്ഷിക്കുന്നുവോ അങ്ങിനെ ദോഷമാകുന്ന ബീ

ജവും രോഗോൽപാദനത്തിന്നു കാലത്തെ പ്രതീക്ഷിക്കുന്നു. ഈ ദൃഷ്ടാന്തത്തിൽ ദോഷാശ്രയത്തിന്നു ഭൂമിയോടും ദൂഷ്യത്തിന്നു ജലസേകത്തോടും സാദൃശ്യം കാണുക. ദോഷം സദൃശമായ ദൂഷ്യാദിയെ എത്രത്തോളവും എത്രകാലംകൊണ്ടും ലഭിക്കുന്നുവോ അത്രത്തോളവും അത്രകാലം കൊണ്ടും അത്ര ജ്വരത്തെ ഉൽപാദിപ്പിക്കുന്നുവെന്നു സാരം.

വേഗം കൃത്വാ വിഷം യദ്വദാശയേ ലീയതേ ബലം
കുപ്യത്യാപ്തബലം ഭൂയഃ കാലേ ദോഷവിഷം തഥാ
ഏവം ജ്വരാഃ പ്രവർത്തന്തേ വിഷമാസ്സതതാദയഃ.

സാ—യാതൊരു പ്രകാരം വിഷം അതിന്റെ വേഗത്തെ പ്രകടിപ്പിച്ച് ബലഹീനമായി ചമഞ്ഞ് സ്വസ്ഥാനത്തിങ്കൽ ലയിച്ച് പിന്നേയും സദൃശകാരണവശാൽ ബലം വന്ന് കോപിക്കുന്നുവോ അപ്രകാരം ദോഷമാകുന്ന വിഷവും ലീനമായി നിന്നിട്ട് കാലം വരുമ്പോൾ പിന്നേയും കോപിക്കുന്നു. ഇങ്ങിനെയാണ് സതതാദികളായ വിഷമജ്വരങ്ങൾ പ്രവർത്തിക്കുന്നത്.

അനന്തരം പൂർവ്വോക്തമായ വിഷമജ്വരസംപ്രാപ്തിയെ നിഗമനം ചെയ്യുന്നു.

ദോഷഃ പ്രവർത്തതേ തേഷാം സ്വേ കാലേ ജ്വരയൻ ബലീ
നിവർത്തതേ പുനശ്ചൈവ പ്രത്യനീകബലാബലഃ
ക്ഷീണേ ദോഷേ ജ്വരസ്സൂക്ഷ്മോ രസാദിഷ്വേവ ലീയതേ
ലീനത്വാൽ കാർശ്യവൈവർണ്ണ്യജാഡ്യാദീനാദധാതി സഃ.

സാ—അവക്ക് (=സതതാദിജ്വരങ്ങൾക്ക്) വാതാദിദോഷം സ്വകാലത്തിങ്കൽ ബലത്തോടു കൂടിയതായി ചമഞ്ഞ് ജ്വരത്തെ ജനിപ്പിച്ചുംകൊണ്ടു പ്രവർത്തിക്കുന്നു. പിന്നെ പ്രത്യനീകത്തിന്റെ (=പ്രതിദ്വന്ദ്വിയുടെ) ബലംകൊണ്ടു ദുർബ്ബലമായിട്ട് നിവർത്തിക്കുകയും ചെയ്യുന്നു. ദോഷം ക്ഷയിച്ചാൽ പിന്നെ ജ്വരം സൂക്ഷ്മമായിട്ടു രസാദിധാതുക്കളിൽ തന്നെ ഒളിക്കുന്നു. ഇതാണ് അന്തരാ നിവൃത്തിക്കു കാരണം. ഒളിച്ചു കിടക്കുക നിമിത്തം ആ ദോഷം മെലിച്ചിൽ, നിറഭേദം, ജാഡ്യം മുതലായവയെ ഉണ്ടാക്കുകയും ചെയ്യും.

അതിലീനോതിമന്ദത്വാൽ ഭവത്യഹ്നി ന പഞ്ചമേ.

സാ—അധികം ലീനമായ ജ്വരം അതിന്റെ അതിമാന്ദ്യം നിമി

ത്തം അഞ്ചാമത്തെ ദിവസം ഉണ്ടാകുന്നില്ല. "ദോഷം മജ്ജധാതുവിനെ ആശ്രയിച്ചിരിക്കുമ്പോളാണ് ചാതുർത്ഥകജ്വരം ഉണ്ടാവുക. ഈ സ്ഥിതിക്ക് ശുക്ലധാതുവിനെ ആശ്രയിച്ചിരിക്കുമ്പോൾ പഞ്ചമജ്വരവും ഉണ്ടാകേണ്ടതല്ലേ? അങ്ങിനെ കാണപ്പെടുന്നതുമില്ലല്ലോ" എന്നൊരു ശങ്ക ഇവിടെ ഉണ്ടാവാം. അതിന്നു സമാധാനമാണ് ഈ വാക്യംകൊണ്ടു പറയുന്നത്. അതിലീനമായിത്തീൎന്ന ദോഷം അതിമന്ദഗതിയാകയാൽ ജ്വരണസംസ്കാരം വിട്ട് അതിക്ഷീണമാകകൊണ്ടു പഞ്ചമമെന്നൊരു ജ്വരത്തെ ഉണ്ടാക്കുകയില്ല. ദോഷം ജ്വരനിഷ്പാദനശക്തിയില്ലാത്ത വിധം ലീനവും ദുർബ്ബലവുമാകുമെന്നു സാരം. ഇതുകൊണ്ടുതന്നെ ഷഷ്ഠാദിശങ്കയും നിരസ്തമായി. ദോഷം മജ്ജധാതുവിലോളമെത്തുമ്പോളാണല്ലോ ചാതുർത്ഥകജ്വരോൽപത്തി. അതുവരെയേ ദോഷത്തിന്നു ജ്വരനിഷ്പാദനശക്തിയുള്ളു എന്നതിന്നു സ്വഭാവം തന്നെ ഹേതു. എന്നാൽ ദോഷം ശുക്ലത്തിൽ നിൽക്കുമ്പോൾ തമോദർശനാദികളുണ്ടാകുമെന്നു പറയുന്നതെന്തുകൊണ്ട് എന്നൊരു ചോദ്യമുണ്ടാകാം. അതു ദോഷം ശുക്ലത്തെ മാത്രമായി വ്യാപിച്ച് ജ്വരകാരണമാവുകകൊണ്ടാണെന്നും, അല്ലാതെ ധാതുവ്യാപ്തി ക്രമേണ ശുക്ലാശ്രിതമായിട്ടല്ലെന്നും അറിഞ്ഞുകൊൾകയും വേണം.

ഇനി സതതാദിജ്വരങ്ങളുടെ വിശേഷത്തെപ്പറയുന്നു:—

ദോഷോ രക്താശ്രയഃ പ്രായഃ കരോതി സതതം ജ്വരം
അഹോരാത്രസ്യ സ ദ്വിഃ സ്യാത്സകൃദന്യേദ്യുരാശ്രിതഃ
തസ്മിൻ മാംസവഹാ നാഡീർമ്മേദോനാഡീസ്തൃതീയകേ
ഗ്രാഹീ പിത്താനിലാന്മൂർദ്ധ്നസ്ത്രികസ്യ കഫപിത്തതഃ
സ പൃഷ്ഠസ്യാനിലകഫാത്സ ചൈകാഹാന്തരഃ സ്മൃതഃ.

സാ—പ്രായേണ രക്താശ്രയമായിട്ടാണ് ദോഷം സതതജ്വരത്തെ ചെയ്യുന്നത്. 'പ്രായേണ' എന്നു പറഞ്ഞതു ദോഷം രസാശ്രയമായിട്ടും ജ്വരത്തെ ചെയ്യുന്നതിനെ നിഷേധിക്കുന്നില്ലെന്നു കാണിപ്പാനാകുന്നു. ദോഷം രസാശ്രിതമാകുന്നതു സർവ്വജ്വരസാധാരണമാകുന്നു. ഇങ്ങിനെ എല്ലാ ജ്വരങ്ങളിലും പറയേണ്ടതാണ്. ഈ സതതജ്വരം ഒരഹോരാത്രത്തിൽ രണ്ടു പ്രാവശ്യം ഉണ്ടാകും. അന്യേദ്യുജ്വരമാകട്ടേ ഒരഹോരാത്രത്തിൽ ഒരിക്കൽ മാത്രമേ ജ്വരവേഗത്തെ ചെയ്യുകയുള്ളു. ആ അന്യേദ്യുജ്വരത്തിൽ ദോഷങ്ങൾ മാംസവഹങ്ങളായ നാഡികളെ ആശ്ര

യിച്ചിരിക്കയും ചെയ്യും. തൃതീയകജ്വരത്തിങ്കൽ ദോഷങ്ങൾ മേദോവഹങ്ങളായ നാഡികളെയാണാശ്രയിച്ചിരിക്കുക. ഈ തൃതീയകജ്വരത്തിൽ വാതപിത്തങ്ങളുടെ കോപം ഉണ്ടെങ്കിൽ അത് അധികമായി മൂർദ്ധാവിനെ പിടിച്ചു വലിക്കും. കഫപിത്തങ്ങളുടെ കോപമാണെങ്കിൽ ത്രികപ്രദേശത്തെയാണധികം പിടിച്ചു വലിക്കുക. വാതകഫങ്ങളുടെ കോപമാണുള്ളതെങ്കിൽ പൃഷ്ഠഭാഗത്തേയും അധികമായിപ്പിടിച്ചു വലിക്കും. ഈ തൃതീയകജ്വരം ഏകാഹാന്തരമാണെന്നും വൈദ്യന്മാരാൽ സ്മരിക്കപ്പെട്ടിരിക്കുന്നു. ഏകാഹാന്തരം=ഒന്നിടവിട്ടു ദിവസന്തോറും പനിക്കുന്നതെന്നർത്ഥം. ഇങ്ങിനെ സന്തതം മുതലായ മൂന്നു ജ്വരങ്ങൾ പറയപ്പെട്ടു. ഇനി ചാതുർത്ഥകജ്വരത്തെപ്പറയുന്നു.

ചതുർത്ഥകോ മലേ മേദോമജ്ജാസ്ഥ്യന്യതമസ്ഥിതേ
മജ്ജസ്ഥ ഏവേത്യപരേ പ്രഭാവം സ തു ദർശയേൽ
ദ്വിധാ കഫേന ജങ്ഘാഭ്യാം പ്രഥമം ശിരസോനിലാൽ
ഗംഭീരധാതുചാരിത്വാത്സന്നിപാതേന സംഭവാൽ
തുല്യോത്സ്രായാച്ച ദോഷാണാം ദുശ്ചികിത്സ്യശ്ചതുർത്ഥകഃ.

സാ—ചാതുർത്ഥകജ്വരം ഉണ്ടാകുന്നതു മേദസ്സ്, മജ്ജ, അസ്ഥി ഇവയിലേതിലെങ്കിലും ഒന്നിൽ ദോഷം ആശ്രയിച്ചു നിൽക്കുമ്പോഴാണ്, ഒന്നുകിൽ മേദസ്സിൽ അല്ലെങ്കിൽ മജ്ജയിൽ അതുമല്ലെങ്കിൽ അസ്ഥിയിൽ ദോഷം സ്ഥിതിചെയ്താണ് ചാതുർത്ഥകജ്വരത്തെ അഭിനിവൃത്തിപ്പിക്കുന്നതെന്നർത്ഥം. മററു ചില ആചാര്യന്മാർ ദോഷം മജ്ജയിൽ സ്ഥിതിചെയ്യുമ്പോൾ മാത്രമാണിതുണ്ടാകുന്നതെന്നും പറയുന്നു. ദോഷം മജ്ജസ്ഥമായിരിക്കുമ്പോൾ ഇതു രണ്ടു പ്രകാരത്തിൽ തന്റെ ശക്തിയെ കാണിക്കും. കഫം അധികമായിരുന്നാൽ ആദ്യം ജംഘകളിൽ നിന്നാണ് ജ്വരവേഗത്തെ കാണിക്കുക. വാതമാണധികമെങ്കിൽ ആദ്യം ശിരസ്സിൽനിന്നായിരിക്കും ജ്വരവേഗം. ഈ ചാതുർത്ഥകജ്വരത്തിൽ ദോഷം ഗംഭീരമായ (=ആഴത്തിലുള്ള) ധാതുക്കളിൽ സഞ്ചരിക്കും; സന്നിപാതംകൊണ്ടാണ് ഇതുണ്ടാകുന്നത്; ദോഷങ്ങൾക്കു തുല്യമായ ഉത്സ്രായം (=വർദ്ധന) ഉണ്ടായിരിക്കയും ചെയ്യും. തന്നിമിത്തം ഈ ജ്വരത്തെ ചികിത്സിക്കുവാൻ പ്രയാസമാണെന്നാണ് ആചാര്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. ചാതുർത്ഥകം=രണ്ടുദിവസം വിട്ട് പനിക്കുന്നത്.

അസ്ഥിമജ്ജാഭയഗതേ ചതുൎത്ഥകവിപൎയ്യയഃ
ത്രിധാ ദ്ര്യഹം ജ്വരയതി ദിനമേകന്തു മുഞ്ചതി.

സാ—ദോഷം അസ്ഥിയും മജ്ജയുമെന്ന രണ്ടുധാതുക്കളിൽ ആശ്രയിച്ചു നിൽക്കുമ്പോൾ ചതുൎത്ഥകവിപൎയ്യയമെന്ന ജ്വരം ഉണ്ടാകുന്നു. ഇതിൽ ദോഷത്തിന്റെ ആശ്രയസ്ഥാനവും ദിനസംഖ്യയും ഭേദപ്പെടാത്തതുകൊണ്ട് ഇതിനെ ചതുൎത്ഥകത്തിൽതന്നെ അന്തൎഭവിപ്പിച്ചിരിക്കുന്നു. ഉഭയാശ്രയത്വവും രണ്ടുദിവസം പനിക്കുക എന്നതും മാത്രമേ ഇതിനു ചതുൎത്ഥകത്തിൽ നിന്നു ഭേദമുള്ളു. ഈ ചതുൎത്ഥകവിപൎയ്യയം മൂന്നുവിധമാണ്. വാതാധികമെന്നും പിത്താധികമെന്നും കഫാധികമെന്നുമാണ് മൂന്നുവിധം. ചതുൎത്ഥകത്തിൽ പിത്താധികത്തെപ്പറഞ്ഞിട്ടില്ലല്ലോ. ആകയാൽ ജ്വരസംഖ്യയിലും ഇതു ചതുൎത്ഥകത്തിൽ നിന്നു വ്യത്യസ്തമാകുന്നു. ഈ ചതുൎത്ഥകത്തിന്റെ ത്രൈവിധ്യം മുമ്പത്തേപ്പോലെ പ്രഭാവമുഖേന പറയാതിരുന്നതു ജ്വരവേഗപ്രാരംഭത്തിനു വിഷമതയില്ലായ്കകൊണ്ടാണ്. ദോഷലക്ഷണദൎശനം കൊണ്ടുതന്നെ ഇതിന്റെ സ്വരൂപം അറിയേണ്ടതാകുന്നു. ഈ ജ്വരം രണ്ടു ദിവസം പനിപ്പിക്കുകയും ഒരുദിവസം വിടുകയും ചെയ്യും. [ചതുൎത്ഥകവിപൎയ്യയം=ചതുൎത്ഥകവിപരീതം. വൈപരീത്യം ഇതുതന്നെ. ചതുൎത്ഥകം രണ്ടുദിവസം വിട്ട് ഒരു ദിവസം പനിക്കുന്നതാണല്ലോ. വിപൎയ്യമാകട്ടേ രണ്ടുദിവസം പനിച്ച് ഒരു ദിവസം വിടുന്നതാണ്] ഇങ്ങിനെ സന്തതാദിജ്വരങ്ങൾ പറയപ്പെട്ടു.

ഇപ്പറഞ്ഞ സന്തതാദിജ്വരങ്ങൾ ഒന്നിന്റെ രൂപത്തിൽ ആവിൎഭവിച്ച് മറെറാന്നിന്റെ രൂപത്തിലായിത്തീരുന്നതായി കാണുന്നുണ്ട്. അതിനെപ്പററിയാണ് ഇനി പറയുന്നത്:—

ബലാബലേന ദോഷാണാമന്നചേഷ്ടാദിജന്മനാ
ജ്വരഃ സ്യാന്മനസസ്തദ്വൽ കൎമ്മണശ്ച തദാ തദാ.

സാ—ദോഷങ്ങൾക്ക് അന്നചേഷ്ടാദികളാലുണ്ടാവുന്ന ബലാബലംകൊണ്ടും മനസ്സിന്റെ ബലാബലംകൊണ്ടും അപ്രകാരംതന്നെ പൂൎവ്വജന്മകൃതമായ കൎമ്മത്തിന്റെ ബലാബലംകൊണ്ടും അപ്പോളപ്പോൾ ജ്വരം ഭവിക്കും. ഇതിൽനിന്നു സിദ്ധിക്കുന്നതെന്തെന്നാൽ:—അബലമായ ദോഷം സന്തതാദികളിലൊരു ജ്വരത്തിന്റെ രൂപത്തിൽ കാണപ്പെട്ടാലും അത് അന്നാദികളിലൊന്നിൽനിന്നു ബലത്തെ ലഭിച്ചിട്ട്

മററൊന്നിൻെറ രൂപത്തിൽ പരിണമിക്കും. ദോഷം ദുർബ്ബലമായിരുന്നാലും പ്രബലമായിച്ചമയുമെന്നു താല്പര്യം. അപ്രകാരംതന്നെ ബലവാനായ ദോഷം അന്നാദികളിൽനിന്നു ബലത്തെ ലഭിച്ച് അധികം പ്രബലമായ ജ്വരമായിച്ചമയുകയും ചെയ്യും.

ഇനി രസാദിധാതുക്കളെ ആശ്രയിക്കുമ്പോൾ ജ്വരത്തിന്നുണ്ടാകുന്ന വിശേഷത്തെപ്പറയുന്നു:—

ഉൽക്ലേശോ ഗൌരവം ദൈന്യം ഭംഗോംഗാനാം വിജൃംഭണം
അരോചകോ വമിസ്സാദഃ സർവ്വസ്മിൻ രസഗേ ജ്വരേ.
രക്തനിഷ്ഠീവനം തൃഷ്ണാ രൂക്ഷോഷ്ണപിടകോൽഗമഃ
ദാഹരാഗഭ്രമമദപ്രലാപാ രക്തസംശ്രിതേ.
തൃഡ് ഗ്ലാനിഃ സൃഷ്ടവച്ചസ്കതാന്തർദ്ദാഹോ ഭ്രമസ്തമഃ
ദൌർഗ്ഗന്ധ്യം ഗാത്രവിക്ഷേപോ മാംസസ്ഥേ മേദസി സ്ഥിതേ.
സ്വേദോതി തൃഷ്ണാ വമനം സ്വഗന്ധസ്യാസഹിഷ്ണുതാ
പ്രലാപോ ഗ്ലാനിരരുചിരസ്ഥിസ്ഥേ ത്വസ്ഥിഭേദനം.
ദോഷപ്രവൃത്തിരൂർദ്ധ്വാധഃശ്വാസാസാംഗക്ഷേപകൂജനം
അന്തർദ്ദാഹോ ബഹിഃ ശൈത്യം ശ്വാസാ ഹിക്കാ ച മജ്ജ-
തമസോ ദർശനം മർമ്മച്ഛേദനം സ്തബ്ധമേഢ്രതാ (ഗേ.
ശുക്ലപ്രവൃത്തിർമൃത്യുശ്ച ജായതേ ശുക്ലസംശ്രയേ.
ഉത്തരോത്തരദുസ്സാദ്ധ്യാഃ പഞ്ചാത്രാന്ത്യൌ തു വർജ്ജയേൽ
പ്രലിമ്പന്നിവ ഗാത്രാണി ശ്ലേഷ്മണാ ഗൌരവേണ ച.
മന്ദജ്വരഃ പ്രലേപസ്തു സശീതഃ സ്യാൽ പ്രലേപകഃ
നിത്യം മന്ദജ്വരോ രൂക്ഷശ്ശീതഃ കൃച്ഛ്രേണ സിദ്ധ്യതി.
സ്തബ്ധാംഗഃ ശ്ലേഷ്മഭൂയിഷ്ഠോ ഭവേദ്വാതബലാസകഃ
ഹരിദ്രാഭേകവർണ്ണാഭസ്തദ്വർണ്ണം യഃ പ്രമേഹതി.
സ വൈ ഹാരിദ്രകോ നാമ ജ്വരഭേദോന്തകഃ സ്മൃതഃ
കഫവാതൌ സമൌ യസ്യ ഹീനപിത്തസ്യ ദേഹിനഃ.
തീക്ഷ്ണോ വാ യദി വാ മന്ദോ ജായതേ രാത്രികോ ജ്വരഃ
ദിവാകരാപീതബലേ വ്യായാമാച്ച വിശോഷിതേ.
ശരീരേ നിയതം വാതാൽ ജ്വരഃ സ്യാൽ പൂർവ്വരാത്രികഃ
ആമാശയേ യദാ ദുഷ്ടേ ശ്ലേഷ്മപിത്തേ വ്യവസ്ഥിതേ.
തദാർദ്ധം ശീതളം ദേഹേ ത്വർദ്ധഞ്ചോഷ്ണം പ്രജായതേ
കായേ പിത്തം യദാ ദുഷ്ടം ശ്ലേഷ്മാ ചാന്തേ വ്യവസ്ഥിതഃ.

ഉഷ്ണത്വം തേന ദേഹസ്യ ശീതത്വം കരപാദയോഃ

വ്യാ— രസധാതുവിനെ ആശ്രയിച്ചിട്ടുള്ള എല്ലാ ജ്വരങ്ങളിലും (വാതപിത്തകഫഭേദംകൂടാതെ) ഉൽക്ലേശാദികൾ ഭവിക്കും. ഉൽക്ലേശം=ഉൾപ്പുഴുക്ക്. ഗൌരവം=കനം. ദൈന്യം=പാരവശ്യം. അംഗഭംഗം=അവയവങ്ങൾ മുറിയുന്നതുപോലെ തോന്നൽ. വിജൃംഭണം=കോട്ടുവായ. അരോചകം=രുചിയില്ലായ്മ. വമി=ഛർദ്ദി. സാദം=തളർച്ച. രക്തത്തെ ആശ്രയിച്ചിട്ടുള്ള ജ്വരങ്ങളിലെല്ലാം രക്തനിഷ്ഠീവനാദികൾ ഭവിക്കും. രക്തനിഷ്ഠീവനം=രക്തം തുപ്പൽ. തൃഷ്ണ=തണ്ണീർദാഹം. രക്തോഷ്ണപിടകോൽഗമം=ചുവന്നും ചൂടുള്ളതായുമുള്ള കുരുക്കൾ ഉണ്ടാവുക. ദാഹം=ചുട്ടുനീറൽ. രാഗം=ചുവപ്പ്. ഭ്രമം=തലതിരിച്ചിൽ. മദം=മത്ത്. പ്രലാപം=പേപറയൽ. മാംസധാതുവിനെ ആശ്രയിച്ചിട്ടുള്ള ജ്വരത്തിൽ തൃഡാദികൾ ഭവിക്കും. തൃട്ട്=തണ്ണീർദാഹം. ഗ്ലാനി=തളർച്ച. സൃഷ്ടവർച്ചസ്ത്വം=മലപ്രവൃത്തി. അന്തർദ്ദാഹം=അകത്തു ചുട്ടുനീറൽ. ഭ്രമം=തലതിരിച്ചൽ. തമസ്സ്=കണ്ണിരുട്ടടയ്ക്കൽ. ദൌർഗ്ഗന്ധ്യം=ദുർഗ്ഗന്ധത്വം. ഗാത്രവിക്ഷേപം=കരചരണാദ്യവയവങ്ങളെ തല്ലുക. മേദസ്സിനെ ആശ്രയിച്ചിട്ടുള്ള ജ്വരത്തിൽ സ്വേദാദികൾ ഭവിക്കും. സ്വേദം=വിയർപ്പ്. അതിതൃഷ്ണാ=അധികമായ ദാഹം. വമനം=ഛർദ്ദി. സ്വഗന്ധാസഹിഷ്ണുതാ=വസ്തുക്കളുടെ സ്വന്തഗന്ധത്തെ സഹിപ്പാൻ വയ്യായ്മ. പ്രലാപം=പേപറയൽ. ഗ്ലാനി=തളർച്ച. അരുചി=അരോചകം. അസ്ഥിയെ ആശ്രയിച്ചിട്ടുള്ള ജ്വരത്തിൽ അസ്ഥിഭേദനം മുതലായവ ഭവിക്കും. അസ്ഥിഭേദനം=എല്ലുപിളർച്ച. ഊർദ്ധ്വാധോദോഷപ്രവൃത്തി=കഫാദികൾ മേല്പോട്ടും കീഴ്പോട്ടും പോവുക. ശ്വാസം=വായുമുട്ടൽ. അംഗക്ഷേപം=അവയവങ്ങളെ തല്ലൽ. കൂജനം=ഞരങ്ങൽ. മജ്ജധാതുവിനെ ആശ്രയിട്ടുള്ള ജ്വരത്തിൽ അന്തർദ്ദാഹാദികൾ ഭവിക്കും. അന്തർദ്ദാഹം=അകത്തു ചുട്ടുനീറൽ. ബഹിശ്ശൈത്യം=പുറത്തു തണുപ്പ്. ശ്വാസം=വായുമുട്ടൽ. ഹിക്കാ=ഇക്കിൾ. ശുക്ലധാതുവിനെ ആശ്രയിച്ചിട്ടുള്ള ജ്വരത്തിൽ തമോദർശനാദികൾ ഭവിക്കും. തമോദർശനം=ദൃഷ്ടികൾ ഇരുളടയുക. മർമ്മച്ഛേദനം=മർമ്മങ്ങൾ മുറിയുന്നതായി തോന്നുക. സ്തബ്ധമേഢ്രതാ=ലിംഗം എടുത്തു പിടിക്കുക. ശുക്ലപ്രവൃത്തി=ശുക്ലം പോവുക. മൃത്യു=മരണം. ഇങ്ങിനെ രസാദിധാതുക്കളെ ആശ്രയിച്ചിട്ടുള്ള ജ്വരങ്ങളിൽ അഞ്ചെണ്ണം മേല്പോട്ടു മേല്പോട്ടു പറയപ്പെട്ടവ അധികമധികം ദുസ്സാദ്ധ്യങ്ങളാകുന്നു. രസാശ്രിതം ദുസ്സാദ്ധ്യം; രക്താശ്രിതം അതിലധികം ദുസ്സാദ്ധ്യം; മാംസാശ്രിതം അതിലും ദുസ്സാദ്ധ്യം; മേദസ്സംശ്രയം അതിലുമധികം ദുസ്സാദ്ധ്യം; അസ്ഥ്യാശ്രിതം ഏററ

വുമധികം ദുസ്സാദ്ധ്യം;—ഇങ്ങിനെ അസ്ഥ്യാശ്രിതപര്യന്തമുള്ളവയുടെ സാദ്ധ്യാസാദ്ധ്യതയെ അറിഞ്ഞുകൊൾക. ബാക്കിയുള്ള രണ്ടു ജ്വരങ്ങൾ(അതായതു മജ്ജയേയും ശുക്ലത്തേയും ആശ്രയിച്ചിട്ടുള്ളവ)വർജ്ജിക്കുകയും വേണം* അനന്തരം കഫാദികളായ ദോഷങ്ങളെക്കൊണ്ടുള്ള ചില ജ്വരങ്ങൾക്കുള്ള ചില വ്യത്യാസങ്ങളേയും നാമാന്തരങ്ങളേയും പറയുന്നു. പ്രലിമ്പന്നിത്യാദി—കഫംകൊണ്ടും ദേഹത്തിന്റെ ഗൌരവംകൊണ്ടും അവയവങ്ങളെ പ്രലേപനം ചെയ്യുന്നുവോ (എന്തെങ്കിലും ഒന്നൊരച്ചു തേക്കുന്നുവോ)എന്നു തോന്നിക്കുന്നതായിട്ട് ഒരു മന്ദജ്വരമുണ്ട്. അതിന്നു പ്രലേപജ്വരമെന്നു പേർ. ഇതുതന്നെ സശീതം(തണുപ്പുള്ളതു)ആയിരുന്നാൽ അതിന്നു പ്രലേപകമെന്നു പേർ. മന്ദജ്വരം നിത്യമായിട്ടു രൂക്ഷമായിരിക്കും. ശീതമായിട്ടുള്ള ജ്വരം വളരെ പണിപ്പെട്ടു സിദ്ധിക്കുകയുള്ളൂ. വാതവലാസകം എന്നു പേരായിട്ടൊരു ജ്വരമുണ്ട്. അതുണ്ടായാൽ അംഗം സ്തംഭിക്കുകയും കഫം അധികമായിരിക്കുകയും ചെയ്യും. ഇനി ഹാരിദ്രകം എന്നു പേരായിട്ടൊരു ജ്വരമുണ്ട്. അതുള്ളവൻ മഞ്ഞളിന്റെയും തവളയുടേയും വർണ്ണംപോലെയിരിക്കുന്ന വർണ്ണത്തോടുകൂടിയവനായിരിക്കും. ആ നിറത്തോടുകൂടിയ മൂത്രത്തെ വിസർജ്ജിക്കുകയും ചെയ്യും. ഈ ജ്വരം അന്തകനാണെന്ന് ആചാര്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. യാതൊരാൾക്ക് കഫവും വാതവും സമങ്ങളായും പിത്തം ഹീനമായും കുപിതമായിരിക്കുന്നുവോ ആ ആൾക്കു തീക്ഷ്ണമായോ മന്ദമായോ ഉള്ള രാത്രികജ്വരം (=രാപ്പനി) ഉണ്ടാകും. പകൽ സൂര്യനാൽ ക്ഷയിക്കപ്പെട്ട ബലത്തോടുകൂടിയതും വ്യായാമം നിമിത്തം വിശേഷേണ ശോഷിപ്പിക്കപ്പെട്ടതും ആയ ശരീരത്തിൽ വാതം ഹേതുവായിട്ടുള്ള പൂർവ്വരാത്രിയിലെ ജ്വരം തീവ്രമായും ഭവിക്കും. എപ്പോൾ ആമാശയം ദുഷ്ടമായും കഫപിത്തം ആ ദുഷ്ടമായ ആമാശയത്തിൽ അവ സ്ഥിതമായുമിരിക്കുന്നുവോ അപ്പോളുണ്ടാകുന്ന ജ്വരത്തിൽ ശരീരത്തിൽ അർദ്ധഭാഗം ശീതളമായും അർദ്ധഭാഗം ഉഷ്ണമായും ഭവിക്കുന്നു. യാതൊരിക്കൽ ശരീരത്തിൽ പിത്തം ദുഷിച്ചും അന്തർഭാഗത്തിൽ കഫം ദുഷിച്ചും ഇരിക്കുന്നുവോ അപ്പോൾ ദേഹത്തിന്ന് ഉഷ്ണതാപവും കൈകാലുകൾക്കു ശീതതാപവും ഉണ്ടാകും.

ധാതൂൻ പ്രക്ഷോഭയൻ ദോഷോ മോക്ഷകാലേ വിലീയതേ

* ചരകാചാര്യനാകട്ടെ മജ്ജാഗതമായ ജ്വരം കൃച്ഛ്രസാദ്ധ്യമാണെന്നേ പറയുന്നുള്ളൂ.

തതോ നരഃ ശ്വസൻ സ്വിദ്യൻ കൂജൻ വമതി ചേഷ്ടതേ.
വേപതേ പ്രലപത്യുഷ്ണൈശ്ശീതൈശ്ചാംഗൈർഹതപ്രഭഃ
വിസംജ്ഞോ ജ്വരവേഗാൎത്തസ്സക്രോധ ഇവ വീക്ഷതേ.
സദോഷശബ്ദഞ്ച ശകൃൽ ദ്രവം സൃജതി വേഗവൽ.

സാ—എല്ലാ ജ്വരങ്ങളിലും ജ്വരകാരണമായിരിക്കുന്ന ദോഷം ജ്വരം വിടുന്ന സമയത്ത് ധാതുക്കളെ ക്ഷോഭിപ്പിച്ചു വശാക്കിയിട്ട് വിലയിക്കുന്നു (ദേഹത്തിൽ ഒളിക്കുന്നു). ഇങ്ങിനെ ധാതുക്കൾക്കു ക്ഷോഭം വരികനിമിത്തം മനുഷ്യൻ ശ്വാസം വിടുകയും വിയൎക്കുകയും ഞെരുങ്ങുകയും ഛൎദ്ദിക്കുകയും നാനാചേഷ്ടകളെച്ചെയ്യുകയും വിറയ്ക്കുകയും പ്രലപിക്കുകയും ഉഷ്ണങ്ങളായിട്ടും ശീതങ്ങളായിട്ടുമുള്ള അംഗങ്ങളോട് ഉപലക്ഷിതനായിരിക്കുകയും നിഷ്പ്രഭനായിരിക്കയും ചെയ്യും. ജ്വരവേഗത്താൽ ആൎത്തനായി തന്റേടമില്ലാത്തവനായിട്ടു ക്രോധമുള്ളവനെന്നപോലെ നോക്കുകയും, ദോഷകലുഷവും ശബ്ദത്തോടുകൂടിയതും ദ്രവവുമായ മലത്തെ വേഗത്തോടുകൂടി വിസൎജ്ജിക്കുകയും ചെയ്യും. ഇതാണ് പനി വിടുന്ന സമയത്തെ ലക്ഷണം.

അനന്തരം ജ്വരം ശമിച്ചാലുള്ള ലക്ഷണങ്ങളെ പറയുന്നു:—

ദേഹോ ലഘുൎവ്യപഗതക്ലമമോഹതാപഃ
പാകോ മുഖേ കരണസൌഷ്ഠവമവ്യഥത്വമ്
സ്വേദഃ ക്ഷവഃ പ്രകൃതിയോഗി മനോന്നലിപ്സാ
കണ്ഡൂശ്ച മൂൎദ്ധ്നി വിഗതജ്വരലക്ഷണാനി.

സാ—ദേഹം ലഘുവായിരിക്കുക, ക്ലമമോഹതാപങ്ങൾ വിട്ടുപോവുക, വായിൽ പഴുപ്പുണ്ടാവുക, കരണങ്ങൾ (=ഇന്ദ്രിയങ്ങൾ)ക്കു വൈശദ്യം വരിക, വേദനയില്ലാതിരിക്കുക, വിയൎപ്പ് തുമ്മൽ എന്നിവയുണ്ടാവുക, മനസ്സ് പ്രകൃതിസ്ഥമാവുക, അന്നത്തിൽ അഭിലാഷമുണ്ടാവുക, തലയിൽ ചൊറിച്ചിലുണ്ടാവുക,—എന്നിവയാണ് വിഗതജ്വരന്റെ(=ജ്വരം ശമിച്ചവന്റെ)ലക്ഷണങ്ങൾ. ഇപ്രകാരം ജ്വരത്തിന്റെ നിദാനപൂൎവ്വരൂപരൂപോപശയസംപ്രാപ്തികളും ജ്വരവിഭാഗങ്ങളും പറയപ്പെട്ടു.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ദ്വിതീയാദ്ധ്യായഃ
സമാപ്തഃ.

# അഥ തൃതീയോദ്ധ്യായഃ.

ജ്വരസന്താപത്തിൽനിന്നാണ് രക്തപിത്തത്തിന്റെ ഉൽപത്തി എന്നു മുമ്പുപറഞ്ഞിട്ടുണ്ടല്ലൊ. ആകയാൽ ജ്വരാനന്തരം രക്തപിത്തമാണ് പ്രകൃതം. രക്തപിത്തം ക്ഷിപ്രകാരിയുമാണ്. ഈ രണ്ടു കാരണങ്ങളാൽ ജ്വരാനന്തരമ്മുണ രക്തപിത്തനിൎണ്ണയത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു. രക്തപിത്തമെന്നപോലെ കാസവും ക്ഷിപ്രകാരിയായ ഒരു രോഗമാകയാൽ കാസനിൎണ്ണയവും ഈ അദ്ധ്യായത്തിൽത്തന്നെ പെടുത്തുന്നു:—

മൂ—അഥാതോ രക്തപിത്തകാസനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹൎഷയഃ.

സാ—ഇനി രക്തപിത്തകാസനിദാനമെന്ന അദ്ധ്യായത്തെപ്പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹൎഷിമാർ ഇങ്ങിനെ പറഞ്ഞു.

ഭൃശോഷ്ണതീക്ഷ്ണകടമ്ലലവണാതിവിദാഹിഭിഃ
കോദ്രവോദ്ദാലകൈശ്ചാന്നൈസ്തദ്യുക്തൈരതിസേവിതൈഃ
കുപിതം പിത്തളൈഃ പിത്തം ദ്രവം രക്തഞ്ച മൂൎച്ഛിതേ
തേ മിഥസ്തുല്യരൂപത്വമാഗമ്യ വ്യാപ്നുതസ്തനും
പിത്തം രക്തസ്യ വികൃതേസ്സംസൎഗ്ഗാദ്ദൂഷണാദപി
ഗന്ധവൎണ്ണാനുവൃത്തേശ്ച രക്തേന വ്യപദിശ്യതേ.
പ്രഭവത്യസൃജഃ സ്ഥാനാൽ പ്ലീഹതോ യകൃതശ്ച തൽ.

സാ—എരിവും ഉഷ്ണങ്ങളും തീക്ഷ്ണങ്ങളും കടുമ്ലലവണങ്ങളും അതിവിദാഹികളും (അധികം ഉൾപ്പുഴുക്കുണ്ടാക്കുന്നവയും) ആയ ദ്രവ്യങ്ങളെക്കൊണ്ടും കോദ്രവാന്നം, ഉദ്ദാളകാന്നം എന്നിവയെക്കൊണ്ടും തദ്യുക്തങ്ങളായ ദ്രവ്യങ്ങൾ അധികമായി സേവിക്കപ്പെട്ടാൽ അവയെക്കൊണ്ടും പിത്തവൃദ്ധികരങ്ങളായ മററു ദ്രവ്യങ്ങളെക്കൊണ്ടും പിത്തം കോപിച്ചു ദ്രവമായിച്ചമഞ്ഞത് അതും രക്തവുംകൂടി മൂൎച്ഛിതങ്ങളായിച്ചമയുന്നു. ഈ പിത്തവും രക്തവും അന്യോന്യം തുല്യരൂപതത്വത്തെ (അതായത് ഏകതത്വത്തെ, അഥവാ സവൎണ്ണതയെ) പ്രാപിച്ചിട്ട ദേഹത്തെ വ്യാപിക്കുന്നു. ഇനി രക്തപിത്തമെന്ന സംജ്ഞയുടെ ഹേതുവിനെപ്പറയുന്നു. പിത്തമിതി—പിത്തമെന്നതു രക്തത്തിന്റെ വികാരമാണ്. രക്തത്തോടു സംസൎഗ്ഗം (-മിശ്രീഭാവം) വരുന്നതുമാണ്. രക്തദൂഷണവുമുണ്ട്. രക്ത

ത്തിന്റെ ഗന്ധത്തേയും വർണ്ണത്തേയും പിത്തം അനുസരിച്ചിരിക്കയും ചെയ്യും. ഈ കാരണങ്ങളാൽ പിത്തം രക്തംകൊണ്ടു വ്യവഹരിക്കപ്പെടുന്നു. ഈ രക്തപിത്തം രക്തത്തിന്റെ സ്ഥാനത്തിൽനിന്നും പ്ലീഹയിൽനിന്നും യകൃത്തിൽനിന്നും ആണ് ഉണ്ടാകുന്നത്.

രക്തപിത്തത്തിന്റെ പൂർവ്വരൂപത്തെപ്പറയുന്നു:—

ശിരോഗുരുത്വമരുചിശ്ശീതേച്ഛാ ധൂമകോമ്ലകഃ
ഛർദ്ദിഃ ഛർദ്ദിതബൈഭത്സ്യം കാസശ്വാസൗ ഭ്രമഃ ക്ലമഃ
ലോഹലോഹിതമത്സ്യാമഗന്ധാസ്യത്വം സ്വരക്ഷയഃ
രക്തഹാരിദ്രഹരിതവർണ്ണതാ നയനാദിഷു.
നീലലോഹിതപീതാനാം വർണ്ണാനാമവിവേചനമ്
സ്വപ്നേ തദ്വർണ്ണദർശിത്വം ഭവത്യസ്മിൻ ഭവിഷ്യതി.

സാ—രക്തപിത്തം വരുവാൻപോകുമ്പോൾ ശിരോഗുരുത്വാദികളായ ലിംഗങ്ങൾ ഭവിക്കും. ശിരോഗുരുത്വം=തലക്കു കനം. അരുചി=അരോചകം. ശീതേച്ഛാ=തണുപ്പിൽ ആഗ്രഹം. ധൂമകം=പുകഞ്ഞു തേട്ടൽ. അമ്ലകം=പുളിച്ചു തേട്ടൽ. ഛർദ്ദിതബൈഭത്സ്യം=ഛർദ്ദിക്കപ്പെട്ടതു കാണുവാൻ വെടിപ്പു തോന്നിക്കുന്നതായിരിക്കുക. കാസശ്വാസഭ്രമക്ലമങ്ങൾ സ്പഷ്ടങ്ങൾ. ലോഹലോഹിതമത്സ്യാമഗന്ധാസ്യത്വം=വായക്കു ലോഹത്തിന്റെയോ രക്തത്തിന്റെയോ മത്സ്യത്തിന്റെയോ ഗന്ധംപോലെയുള്ള ഗന്ധമോ ആമഗന്ധമോ ഉണ്ടായിരിക്കുക. സ്വരക്ഷയം=ഒച്ച ക്ഷയിക്കുക. നയനാദികളിൽ രക്തഹാരിദ്രഹരിതവർണ്ണതാ=കണ്ണ് മുതലായവ രക്തവർണ്ണമായോ മഞ്ഞവർണ്ണമായോ പച്ചവർണ്ണമായോ ഇരിക്കുക. നീലലോഹിതപീതവർണ്ണാവിവേചനം=നീലം, രക്തം, മഞ്ഞ ഈ നിറങ്ങൾ തിരിച്ചറിവാൻ വയ്യാഴ്ക. സ്വപ്നത്തിൽ തദ്വർണ്ണദർശിത്വം=മേല്പറഞ്ഞ നീലലോഹിതാദിനിറങ്ങളുള്ള വസ്തുക്കളെ സ്വപ്നം കാണുക.

ഊർദ്ധ്വം നാസാക്ഷികർണ്ണാസ്യൈർമ്മേഢ്രയോനിഗുദൈരധഃ
കുപിതം രോമകൂപൈശ്ച സമസ്തൈസ്തൽ പ്രവർത്തതേ.

സാ—ആ രക്തപിത്തം കാരണവിശേഷവശാൽ എപ്പോൾ മേൽഭാഗത്തു കോപിക്കുന്നുവോ അപ്പോൾ ദോഷബലാനുസാരേണ മൂക്കിൽക്കൂടേയും കണ്ണിൽക്കൂടേയും ചെവിയിൽക്കൂടേയും മററും പ്രവർത്തിക്കും. എപ്പോൾ അധോഭാഗത്തിങ്കൽ കുപിതമാകുന്നുവോ അ

66803

MUL 066803

ല്പോൾ ലിംഗം, യോനി, ഗുദം എന്നിവയിൽക്കൂടേയും പ്ര എല്ലാവിധകോപങ്ങളിലും അതു എല്ലാ രോമക്കൂപങ്ങളിൽക്കൂടേയും പ്രവൎത്തിക്കുകയും ചെയ്യും.

ഊൎദ്ധ്വം സാദ്ധ്യം കഫാദ്യസ്മാത്തദ്വിരേചനസാധനമ്
ബഹ്വൌഷധഞ്ച പിത്തസ്യ വിരേകോ ഹി വരൌഷധം
അനുബന്ധീ കഫോ യശ്ച തത്ര തസ്യാപി ശുദ്ധികൃൽ
കഷായാഃ സ്വാദവോഽപ്യസ്യ വിശുദ്ധശ്ലേഷ്മണോ ഹിതാഃ
കിമു തിക്താഃ കഷായാ വാ യേ നിസൎഗ്ഗാൽ കഫാപഹാഃ.

സാ—മേൽപ്രകാരം ഊൎദ്ധ്വഗമെന്നും അധോഗമെന്നും രണ്ടുതരം രക്തപിത്തമുള്ളതിൽ ഊൎദ്ധ്വം (=ഊൎദ്ധ്വഗം) സാദ്ധ്യമാകുന്നു. എന്തുകൊണ്ടെന്നാൽ അതു കഫം ഹേതുവായിട്ടാണുണ്ടാകുന്നതു്. അതു വിരേചനസാദ്ധ്യവുമാണു്. രക്തപിത്തത്തിൽ രോഗസ്വഭാവവിശേഷത്താൽ ശോധനംചെയ്തു് ദോഷത്തെ വിപരീതമായി നയിക്കുകയാണു വേണ്ടതു്; അതുകൊണ്ടു് ഊൎദ്ധ്വഗരക്തപിത്തം ക്ഷിപ്രചികിത്സ്യമാകുന്നു. ഈ രക്തപിത്തത്തിന്നു് ഔഷധങ്ങളും വളരെയുണ്ടു്. പിത്തത്തിന്നു വിരേകം ശ്രേഷ്ഠമായ ഔഷധവുമാകുന്നു. എന്നുതന്നെയല്ല, ഊൎദ്ധ്വഗരക്തപിത്തത്തിൽ അനുബന്ധിയായിട്ടുള്ളതു് കഫമാകയാൽ വിരേകം അതിന്നും ശുദ്ധിയെ കൊടുക്കുന്നതാകുന്നു. വിരേചനംകൊണ്ടു കഫത്തിന്നു ശുദ്ധിവന്നാൽ പിന്നെ മധുരങ്ങളായ കഷായങ്ങൾ ഹിതങ്ങളുമാകുന്നു. മധുരകഷായങ്ങൾ കഫത്തിന്നു വിപരീതങ്ങളല്ലെങ്കിലും അവ രോഗസ്വഭാവംകൊണ്ടു ഹിതങ്ങളാണെന്നു സാരം. ഈ സ്ഥിതിക്കു സ്വതേതന്നെ കഫഹരങ്ങളായ തിക്തരസങ്ങളായിട്ടുള്ള കഷായാദികൾ ഹിതങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. ഈവക കാരണങ്ങളാൽ ഊൎദ്ധ്വഗരക്തപിത്തം സാദ്ധ്യമാകുന്നു.

അധോ യാപ്യം ചലാദ്യസ്മാത്തൽ പ്രച്ഛൎദ്ദനസാധനമ്
സ്വല്പൌഷധഞ്ച പിത്തസ്യ വമനം ന വരൌഷധമ്.
അനുബന്ധീ ചലോ യശ്ച ശാന്തയേഽപി ന തസ്യ തൽ
കഷായാശ്ച ഹിതാസ്ത്വസ്യ മധുരാ ഏവ കേവലമ്.

സാ—അധോഗമായിരിക്കുന്ന രക്തപിത്തം യാപ്യമാണു്. എന്തുകൊണ്ടെന്നാൽ അതു വാതം ഹേതുവായിട്ടാണുണ്ടാകുന്നതു്. അതു രോഗസ്വഭാവം ഹേതുവായിട്ടു പ്രച്ഛൎദ്ദനസാധനവുമാകുന്നു. പോരാ അതു് സ്വല്പൌഷധവുമാകുന്നു. എന്തുകൊണ്ടെന്നാൽ പിത്തത്തിന്നു വമനം

ശ്രേഷ്ഠമായ ഔഷധമല്ല. അധോഗരക്തപിത്തത്തിൽ അനുബന്ധിയായിട്ടു നിൽക്കുന്നതു വാതമാണ്. അതിന്നു വമനം ശാന്തികരംകൂടിയായിരിക്കയില്ല. വാതത്തിന്നു വമനം ഔഷധമല്ലല്ലോ. അതിന്നു മധുരങ്ങൾ മാത്രമായ കഷായങ്ങളേ ഹിതങ്ങളായിരിക്കയുള്ളൂ. അവ മാത്രമേ വാതപിത്തങ്ങൾക്കു ഹിതങ്ങളായിരിക്കയുള്ളൂ. അമ്ലാദികളായ അന്യരസങ്ങൾ പിത്തത്തിങ്കലും വാതത്തിലും അപത്ഥ്യങ്ങളുമാകുന്നു. വാതപിത്തഹരങ്ങളായ ഔഷധങ്ങൾ മാത്രമേ ഇതിന്നു പത്ഥ്യമാകയുള്ളൂ എന്ന കാരണത്താൽ ഈ അധോഗരക്തപിത്തം സ്വല്പൌഷധവുമാകുന്നു. ഈവക കാരണങ്ങളാൽ അധോഗരക്തപിത്തം യാപ്യമാകുന്നു.

കഫമാരുതസംസൃഷ്ടമസാദ്ധ്യമുഭയായനമ്
അശക്യപ്രാതിലോമ്യത്വാദഭാവാദൌഷധസ്യ ച.
ന ഹി സംശോധനം കിഞ്ചിദസ്ത്യസ്യ പ്രതിലോമനമ്
ശോധനം പ്രതിലോമഞ്ച രക്തപിത്തേ ഭിഷഗ്ജിതമ്.
ഏവമേവോപശമനം സർവ്വശോ നാസ്യ വിദ്യതേ
സംസൃഷ്ടേഷു ഹി ദോഷേഷു സർവ്വജിച്ഛമനം ഹിതമ്.

സാ—ഉഭയായനം (മേല്പോട്ടും കിഴ്പോട്ടും ഒരേസമയത്തുതന്നെ രക്തം പ്രവർത്തിക്കുന്നത്) ആയ രക്തപിത്തം കഫവാതസംസർഗ്ഗംകൊണ്ടാണുണ്ടാകുന്നത്. അത് അസാദ്ധ്യമാകുന്നു. ഇതിന്നു കാരണം അശക്യപ്രാതിലോമ്യത്വവും ഔഷധത്തിന്റെ അഭാവവുമാകുന്നു. ഇതിങ്കൽ ദോഷത്തിന്റെ വിപരീതനയനം അശക്യമാകുന്നു എന്നു താല്പര്യം. ഇതിന്നു പ്രതിലോമനമായിട്ടു സംശോധനം ഒന്നും തന്നെയില്ല. ഊർദ്ധ്വപ്രവൃത്തിയുണ്ടാകയാൽ വമനവും അധഃപ്രവൃത്തിയുണ്ടാകയാൽ വിരേചനവും ഇതിങ്കൽ അപത്ഥ്യമാണ്. ശോധനമായും പ്രതിലോമമായുമുള്ള ഔഷധമാണ് രക്തപിത്തത്തിൽ വേണ്ടത്. അങ്ങിനെയുള്ള ഔഷധമൊക്കെയും തന്നെ ഇതിങ്കൽ അപത്ഥ്യവുമാണ്. ഇപ്രകാരംതന്നെ ഈ ഉഭയമാർഗ്ഗരക്തപിത്തത്തിന്നു ഉപശമനമായിട്ടും യാതൊന്നും ഇല്ല. ദോഷങ്ങൾ സംസൃഷ്ടങ്ങളായിരിക്കും സമയത്തിങ്കൽ സർവ്വത്തേയും ജയിക്കുന്നതായ ശമനൌഷധമേ ഹിതമായിരിക്കയുള്ളൂവല്ലോ.

തത്ര ദോഷാനുഗമനം സിരാസ്ര ഇവ ലക്ഷയേൽ
ഉപദ്രവാംശ്ച വികൃതിജ്ഞാനതഃ ... ... ...

സാ—ഈ രക്തപിത്തത്തിങ്കൽ വാതാദികളായ ദോഷങ്ങളുടെ അനുഗമന(=അനുബന്ധ)ത്തെ സിരാരക്തത്തിലേപ്പോലെ അറിയേണ്ട

താണ്. "ഛാതാൎച്ഛ്യാവാരുണം ശുക്ലം" ഇത്യാദിയായിട്ടുള്ള ലക്ഷണങ്ങളെക്കൊണ്ടറിയേണമെന്നു സാരം. ഇതിങ്കലുണ്ടാകുന്ന ഉപദ്രവങ്ങളെ വികൃതിവിജ്ഞാനീയത്തിൽനിന്നും അറിയണം. "രക്തപിത്തം ഭൃശംരക്തം" ഇത്യാദിയായി വികൃതിവിജ്ഞാനീയത്തിൽ പറഞ്ഞതനുസരിച്ച് ഉപദ്രവനിൎണ്ണയം ചെയ്യണമെന്നു സാരം. ഇങ്ങിനെ രക്തപിത്തനിദാനം പറയപ്പെട്ടു. ഇനി കാസനിദാനത്തെപ്പറയുന്നു.

... ... ... ... തേഷ്വ ചാധികമ്.

ആശുകാരീ യതഃ കാസസ്സമേവാതഃ പ്രവക്ഷ്യതേ.

സാ—ഇവിടെ 'തേഷു' എന്ന തച്ഛബ്ദം കൊണ്ട് രക്തപിത്തോപദ്രവങ്ങളിൽ വെച്ച് അധികം ആശുകാരിയായിട്ടുള്ളതു കാസം(=ചുമ) ആണ്. അതുകൊണ്ട് അതിനെത്തന്നെ ഇനിപറയുവാൻ പോകുന്നു. 'ആശുകാരീ' എന്നതുകൊണ്ട് തന്ത്രകാരൻ സ്വയം കാസനിൎണ്ണയപ്രസംഗത്തെ ചെയ്തിരിക്കുന്നുവെന്നു കാണുക.

പഞ്ച കാസാഃ സ്മൃതാ വാതപിത്തശ്ലേഷ്മക്ഷതക്ഷയൈഃ
ക്ഷയായോപേക്ഷിതാസ്സൎവ്വേ ബലിനശ്ചോത്തരോത്തരം.

സാ—വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും ക്ഷതം(=ഉരഃക്ഷതം)കൊണ്ടും ക്ഷയം (=രാജയക്ഷ്മാവു) കൊണ്ടും ഇങ്ങിനെ അഞ്ചുവിധത്തിലാണു കാസങ്ങൾ എന്നു ആയുൎവ്വേദാചാൎയ്യന്മാരാൽ പറയപ്പെട്ടിരിക്കുന്നു. ഈ സൎവ്വവിധകാസങ്ങളും ചികിത്സ ചെയ്യാതെ ഉപേക്ഷിക്കപ്പെട്ടാൽ ക്ഷയത്തിന്നായിക്കൊണ്ടു ഭവിക്കും. ക്ഷയമെന്നതിന്നു ആരോഗമെന്നും ശരീരനാശമെന്നും അൎത്ഥം. ഇവ ഉത്തരോത്തരം ബലവത്തുക്കളുമാകുന്നു. വാതകാസത്തേക്കാൾ പിത്തകാസത്തിന്നും, പിത്തകാസത്തേക്കാൾ കഫകാസത്തിന്നും കഫകാസത്തേക്കാൾ ഉരഃക്ഷതകാസത്തിന്നും, എല്ലാററിനേക്കാളും ക്ഷയകാസത്തിന്നും ബലം കൂടുമെന്നൎത്ഥം. ഈ പ്രകൃതത്തിൽ ക്ഷയകാസത്തെ മാത്രമേ പറയുന്നുള്ളൂ. ക്ഷയത്തെ വേറെത്തന്നെ പറയുന്നതായിരിക്കും. ഈ കാസങ്ങളുടെ നിദാനം "വാതപിത്തശ്ലേഷ്മക്ഷതക്ഷയൈഃ" എന്നതു കൊണ്ടുതന്നെ ഉക്തമായിരിക്കുന്നു.

ഇനി ഇവയുടെ പൂൎവ്വരൂപത്തെപ്പറയുന്നു:—

തേഷാം ഭവിഷ്യതാം രൂപം കണ്ഠേ കണ്ഡൂരരോചകഃ

ശൂകപൂർണ്ണാഭകണ്ഠത്വമസ്വാസ്ഥ്യം ഹൃദയസ്യ ച.

സാ—ഈ കാസങ്ങൾ വരുവാൻ പോകുന്നതിന്റെ രൂപം (അതായതു പൂർവ്വരൂപം) കണ്ഠത്തിങ്കൽ കണ്ഡു(ചൊറി), രുചിയില്ലായ്മ, ശൂകപൂർണ്ണാഭകണ്ഠത്വം(കണ്ഠത്തിൽ നെല്ലിന്റെ ഓവുകൾ നിറച്ചുവെന്നപോലെ തോന്നുക), ഹൃദയത്തിന്നു് അസ്വാസ്ഥ്യം എന്നിവയാകുന്നു.

ഇനി ഇവകളെ സംപ്രാപ്തിവിശേഷവശാൽ ഉള്ള രൂപവിശേഷത്തെ പറയുന്നു:—

കഷായവിജ്ജലാസാത്മ്യകട്വമ്ലലവണോഷ്ണൈഃ
രൂക്ഷശീതഗുരുസ്നിഗ്ദ്ധാൽക്ലേദിപർയ്യുഷിതാശനൈഃ
ധാരണോദീരണായാസരാത്ര്യഹസ്സ്വപ്നജാഗരൈഃ
അന്യൈശ്ച തദ്വിധൈർദ്ധാതുക്ഷയാവരണകാരിഭിഃ
ക്രുദ്ധഃ പ്രതിഹതോഽപാനേ യദാപാനഃ പ്രവർത്തതേ
ഊർദ്ധ്വം രസസ്യ സ സ്ഥാനേ തിഷ്ഠന്നുരസി പീഡ്യതേ
ഉദാനേന സജംസൃത്യ കണ്ഠേ ചാനുപ്രവിശ്യ ച
വാഹിനീർഗ്ഗളമൂർദ്ധസ്ഥാസ്സ്രോതോങ്ഗാന്യുൽക്ഷിപന്നിവ
ക്ഷിപന്നിവാക്ഷിണീ പൃഷ്ഠമുരഃപാർശ്വേ ച പീഡയൻ
വിവൃതത്വാന്മുഖേനൈതി ഭിന്നകാംസ്യോപമദ്ധ്വനിഃ
യസ്മാത്തസ്മാത്സ വർണ്ണൗജോബലമാംസക്ഷയാവഹഃ.

സാ—കഷായരസം, വിജ്ജലം (=ക്ലിന്നപിച്ഛിലപ്രായമായ ഗുണവിശേഷം) അസാത്മ്യം, കട്വമ്ലലവണോഷണരസങ്ങൾ (ഉഷണം=എരുവു്), രൂക്ഷശീതഗുരുസ്നിഗ്ദ്ധങ്ങൾ, ഉൽക്ലേദികൾ (അതായതു രക്തമാംസാദികൾക്കു നലവുണ്ടാക്കുന്നവ), പർയ്യുഷിതാശനം, വാതാദിവേഗങ്ങളുടെ ധാരണോദീരണങ്ങൾ, ആയാസം, രാത്ര്യഹസ്സ്വപ്നജാഗരങ്ങൾ എന്നിവയെക്കൊണ്ടും, ഇപ്രകാരംതന്നെ ധാതുക്ഷയാവരണകാരികളായ മററുള്ളവയെക്കൊണ്ടും (ധാതുക്ഷയകാരികളായ ചിലവയെക്കൊണ്ടും സ്രോതസ്സുകൾക്കു് ആവരണം വരുത്തുന്ന ചിലവയെക്കൊണ്ടും) വായു കോപിച്ചു് അപാനപ്രദേശത്തു തടയപ്പെട്ടതായി ഭവിക്കുന്നു. അപ്പോൾ അപാനവായു ഊർദ്ധ്വഭാഗത്തേക്കു പ്രവർത്തിക്കുന്നു. അതു രസത്തിന്റെ സ്ഥാനത്തിൽ ചെന്നു നിന്നു് പീഡിക്കപ്പെടുന്നു. അവിടെവെച്ചു് ഉദാനവായുവിനോടു സംഗത്തെ പ്രാപിച്ചു് കണ്ഠനാളത്തിൽ ചെന്നു നിറഞ്ഞു് ഗളത്തിങ്കലും മൂർദ്ധാവിങ്കലുമുള്ള വാഹിനികളെ

(=സിരകളേ)യും നിറച്ച് പിന്നെ അംഗങ്ങളെ ഉൽക്ഷേപിക്കുന്നതു പോലെയും കണ്ണുകളെ അങ്ങുമിങ്ങും എറിയുന്നതുപോലെയും ഭാവിച്ചും പുറവും മാറും വാരികളും പീഡനംചെയ്ത് ഭിന്നകാംസ്യ (പൊട്ടിയ ഓട്ടുപാത്രം)ത്തിനോടു തുല്യമായ ശബ്ദത്തോടുകൂടി വായിൽക്കൂടെ വരുന്നു. വായ്പിളൎന്നിരിക്കുന്നതു നിമിത്തം അതിലെ പുറത്തേക്കു വരുവാൻ അതിന്നു സൌകൎയ്യവുമുണ്ട്. ഇങ്ങിനെയെല്ലാമായതുകൊണ്ട് ഈ കാസം വൎണ്ണത്തിന്നും ഓജസ്സിന്നും ബലത്തിന്നും മാംസത്തിന്നും ക്ഷയം വരുത്തുന്നതാകുന്നു. എല്ലാവിധകാസങ്ങളിലും വായുകോപിക്കുന്നതു ധാതുക്ഷയത്താലോ മാൎഗ്ഗത്തിന്റെ ആവരണത്താലോ ആണ്. അപാനനെന്ന വായുകോപിച്ചാൽ അതു ആദ്യം അതിന്റെ സജാതീയം തന്നെയായ അപാനത്തിൽ ഹേതുവിശേഷവശാൽ പ്രതിഹതമായി ഭവിക്കും. പിന്നെ മേല്പോട്ടു പ്രവൎത്തിച്ച് ഉരസ്സിങ്കൽ സ്ഥിതിചെയ്യുന്ന ഉദാനവായുവിനോടു കൂടിച്ചേരുന്നു. ഉരസ്സും കണ്ഠവും രസസ്ഥാനങ്ങളാകയാൽ അതു പിന്നെ മേൽപറയപ്പെട്ട അവസ്ഥകളെയെല്ലാം പ്രാപിക്കുമെന്നു സാരം.

കാസത്തിന്നു മുഖ്യകാരണം വാതമാത്രമാണെങ്കിലും അതു തഝാദികളെക്കൊണ്ടു ഭിന്നരൂപമാകുവാനുള്ള ന്യായത്തെപ്പറയുന്നു.

ഹേതുഭേദാൽ പ്രതീഘാതഭേദോ വായോസ്സരംഹസഃ
യദ്രുജാശബ്ദവൈഷമ്യം കാസാനാം ജായതേ തതഃ.

സാ—സരംഹസ്സ് (വേഗവത്ത്) ആയ വായുവിന്ന്, കാരണഭേദത്താൽ പ്രതിഘാതഭേദം വരുന്നു. അതുകൊണ്ടാണ് കാസങ്ങൾക്കു രുജ(=വേദന)യിലും ശബ്ദത്തിലും വൈഷമ്യം ഭവിക്കുന്നത്. ഇതുകൊണ്ടു പറയപ്പെട്ടതെന്തെന്നാൽ—വായു സ്വതേതന്നെ സവേഗമാകുന്നു. ആ വേഗം നാനാപ്രകാരത്തിലുള്ള കാരണങ്ങളെക്കൊണ്ട് ഏറിയും കുറഞ്ഞുംവരും. ആ വായുവിനെ തടസ്ഥപ്പെടുത്തുന്നതു യാതൊന്നോ അതും കാരണവിശേഷവശാൽ ദേഹത്തിന്റെ നാനാസ്ഥാനങ്ങളിൽ സ്ഥിതിചെയ്ത് നാനാപ്രകാരമായ പ്രതിഘാതത്തെ ജനിപ്പിക്കും. ആ പ്രതിഘാതമാണ് കാസങ്ങളിൽ വേദനയും ശബ്ദവുമുണ്ടാവാനുള്ള നിമിത്തം. ആകയാൽ ഓരോ കാസത്തിലും വേദനയും ശബ്ദവും ഓരോവിധത്തിലായിരിക്കുമെന്നു താല്പൎയ്യം.

ഇനി ക്രമത്തിൽ പഞ്ചകാസങ്ങളുടേയും ലക്ഷണങ്ങളെ പറയുന്നു:—

കുപിതോ വാതളൈർവ്വായുശ്ശുഷ്കോരഃകണ്ഠവക്ത്രതാഃ
ഹൃൽപാർശ്വോരശ്ശിരശ്ശൂലം മോഹക്ഷോഭസ്വരക്ഷയാൻ
കരോതി ശുഷ്കകാസഞ്ച മഹാവേഗരുജാസ്വനം
സോംഗഹർഷീ കഫം ശുഷ്കം കൃച്ഛ്രാന്മുക്ത്വാല്പതാം വ്രജേൽ
പിത്താൽ പീതാക്ഷികഫതാതിക്താസ്യത്വം ജ്വരോ ഭ്രമഃ
പിത്താസൃഗ്വമനം തൃഷ്ണാ വൈസ്വര്യം ധൂമകോ മദഃ
പ്രതതം കാസവേഗേന ജ്യോതിഷാമിവ ദർശനം
കഫാദുരോല്പരുങ്ങ് മൂർദ്ധ്ഹൃദയം സ്തിമിതം ഗുരു
കണ്ഠോപലേപസ്സദനം പീനസഛർദ്ദ്യരോചകാഃ
രോമഹർഷോ ഘനസ്നിഗ്ദ്ധശ്വേതശ്ലേഷ്മപ്രവർത്തനം.

സാ—എല്ലാ കാസങ്ങളുടേയും സംപ്രാപ്തി ഒന്നുതന്നെയാണ്. ഹേതുവിശേഷാനുസാരേണ ദോഷാനുബന്ധം ഭവിക്കുന്നു. ആദ്യം വാതകാസത്തിന്റെ ലക്ഷണംപറയുന്നു. കുപിത ഇതി—വാതവൃദ്ധികാരണങ്ങളായ വസ്തുക്കളെക്കൊണ്ടു വാതം കോപിച്ച് ശുഷ്കോരഃകണ്ഠവക്ത്രതാദികളെച്ചെയ്യുന്നു. ശുഷ്കോരഃകണ്ഠവക്ത്രതാ=ഉരസ്സ്, കണ്ഠം, വായ എന്നിവകൾ വറൾച്ച. ഹൃൽപാർശ്വോരശ്ശിരശ്ശൂലം=ഹൃൽപാർശ്വാദിവേദന. മോഹം=ആലസ്യം. ക്ഷോഭം=എളക്കം. സ്വരക്ഷയം=ഒച്ചയടപ്പ്. ശുഷ്കകാസം=ഉണങ്ങിയ കഫത്തോടുകൂടിയ ചുമ. അതു വലുതായ വേഗത്തോടും വേദനയോടും ശബ്ദത്തോടും കൂടിയതായിരിക്കയും ചെയ്യും. ഈ കാസം അംഗഹർഷി (അംഗങ്ങളെ കോൾമയിർകൊള്ളിക്കുന്നത്) യായിട്ടു ശുഷ്കമായ കഫത്തെ വളരെ പണിപ്പെട്ട് മോചിച്ചിട്ട് അല്പമായിച്ചമയുകയും ചെയ്യും. ഇനി പിത്തകാസലക്ഷണം പറയുന്നു. പിത്താദിതി—പിത്തം ഹേതുവായിട്ടുള്ള കാസത്തിൽ പീതാക്ഷികഫതാദികൾ ഭവിക്കും. പീതാക്ഷികഫതാ=കണ്ണുകളും കഫവും പീതവർണ്ണങ്ങളായിരിക്കുക. തിക്താസ്യത്വം=വായക്കു കയ്പ്രസം. ജ്വരഭ്രമങ്ങൾ സ്പഷ്ടം. പിത്താസൃഗ്വമനം=പിത്തരക്തങ്ങളെ ഛർദ്ദിക്കൽ. തൃഷ്ണാവൈസ്വര്യധൂമകമദങ്ങൾ സ്പഷ്ടാർത്ഥങ്ങൾ. കാസവേഗംകൊണ്ട് എല്ലായ്പോഴും ജ്യോതിസ്സുകളെ (വെളിച്ചങ്ങളെ) കാണുന്നതുപോലെ തോന്നുകയും ചെ

ഷ്ടം. ഇനി കഫകാസലക്ഷണം പറയുന്നു. കഫാദിതി—കഫം ഹേതുവായിട്ടുള്ള കാസത്തിൽ ഉരോല്പരുഗാദികൾ ഭവിക്കും. ഉരോല്പരുക് = ഉരസ്സിങ്കൽ അല്പമായ വേദന. മൂർദ്ധഹൃദയങ്ങൾ സ്തിമിതങ്ങൾ (സ്തബ്ധങ്ങൾ) ആയും ഗുരുത്വമുള്ളവയായുമിരിക്കുകയും ചെയ്യും. കണ്ഠോപലേപം = കണ്ഠത്തിൽ ലേപപ്രതീതി. സദനം = തളച്ച്. പീനസാദികൾ സ്പഷ്ടങ്ങൾ.

ക്ഷതകാസലക്ഷണത്തെപ്പറയുന്നു:—

യുദ്ധാദ്യൈസ്സാഹസൈസ്തൈസ്തൈസ്സേവിതൈരയഥാബലം
ഉരസ്യന്തഃ ക്ഷതേ വായുഃ പിത്തേനാനുഗതോ ബലീ
കുപിതഃ കുരുതേ കാസം കഫം തേന സശോണിതം
പീതം ശ്യാവഞ്ച ശുഷ്കഞ്ച ഗ്രഥിതം കുഥിതം ബഹു
ഷ്ഠീവേൽ കണ്ഠേന രുജതാ വിഭിന്നേനേവ ചോരസാ
സൂചിഭിരിവ തീക്ഷ്ണാഭിസ്തുദ്യമാനേന ശൂലിനാ
പർവ്വഭേദജ്വരശ്വാസതൃഷ്ണാവൈസ്വര്യകമ്പവാൻ
പാരാവത ഇവാകൂജൻ പാർശ്വശൂലീ തതോസ്യ ച
ക്രമാദ്വീര്യം രുചിഃ പക്തിർബ്ബലം വർണ്ണശ്ച ഹീയതേ
ക്ഷീണസ്യ സാസൃങ്മൂത്രത്വം സ്യാച്ച പൃഷ്ഠകടീഗ്രഹഃ.

സാ—യുദ്ധം മുതലായിട്ടുള്ള ഓരോരോ സാഹസങ്ങൾ തന്റെ ബലത്തിന്റെ അവസ്ഥയിൽ കവിഞ്ഞ് ചെയ്തതുകൊണ്ട് ഉരസ്സ് അന്തർഭാഗത്തിങ്കൽ ക്ഷതം (വ്രണപ്പെട്ടതു) ആയിരിക്കുമ്പോൾ വാതം കോപിച്ച് പിത്തത്താൽ അനുഗമിക്കപ്പെട്ട ബലവത്തായിത്തീർന്ന് ക്ഷതകാസത്തെ ഉണ്ടാക്കുന്നു. അതുണ്ടായാൽ രോഗി സശോണിതം (രക്തസഹിതം) ആയും പീതമായും ശ്യാവമായും ശുഷ്കമായും ഗ്രഥിതം (കട്ടപിടിച്ചത്) ആയും കുഥിതം (നാറുന്നത്) ആയും ബഹുവായുമിരിക്കുന്ന കഫത്തെ തുപ്പും. തുപ്പുമ്പോൾ കണ്ഠം വേദനിക്കുകയും മാറ് പിളർന്നതുപോലെയും തീക്ഷ്ണമായ സൂചികളെക്കൊണ്ടു കുത്തുന്നതുപോലെയും വേദനയുള്ളതായിരിക്കുകയും ചെയ്യും. രോഗി പർവ്വഭേദാദികളോടുകൂടിയവനായിരിക്കയും ചെയ്യും. പർവ്വഭേദം = സന്ധി പിളർന്നവേദന. ജ്വരശ്വാസാദികൾ പ്രസിദ്ധങ്ങൾ. പാരാവതമെന്ന പ്രാവിനെപ്പോലെ ശബ്ദം പുറപ്പെടുവിക്കും. പാർശ്വഭാഗങ്ങളിൽ ശൂലവേദന തോന്നും. പിന്നെ ആ രോഗിയുടെ വീര്യവും രുചിയും പക്തി (ദഹനം) യും ബലവും വർണ്ണവും ക്ഷയിക്കുകയും ചെയ്യും. ഇങ്ങിനെ ക്ഷീണിച്ച വശായാൽ രക്ത

ത്തോടുകൂടി മൂത്രം പോവുകയും, പൃഷ്ഠഭാഗത്തും അരക്കെട്ടിലും പിടിച്ചു വലിക്കുകയും ചെയ്യും.

അനന്തരം ക്ഷയകാസലക്ഷണത്തെ പറയുന്നു:—

വായുപ്രധാനാഃ കുപിതാ ധാതവോ രാജയക്ഷ്മിണഃ
കുർവ്വന്തി യക്ഷ്മായതനൈഃ കാസം ഷ്ഠീവേൽ കഫം തതഃ
പൂതിപൂയോപമം പീതം വിസ്രം ഹരിതലോഹിതം
ലുപ്യേതേ ഇവ പാർശ്വേ ച ഹൃദയം പതതീവ ച
അകസ്മാദുഷ്ണശീതേച്ഛാ ബഹ്വാശിത്വം ബലക്ഷയഃ
സ്നിഗ്ദ്ധപ്രസന്നവക്ത്രത്വം ശ്രീമദ്ദർശനനേത്രതാ
തതോഽസ്യ ക്ഷയരൂപാണി സർവ്വാണ്യാവിർഭവന്തി ച.

സാ—രാജയക്ഷ്മാവ് (ക്ഷയം) ഉള്ളവന്ന് വായു മുതലായ ധാതുക്കൾ (=ദോഷങ്ങൾ) മേൽ പറയുവാൻപോകുന്ന യക്ഷ്മായതന (=ക്ഷയകാരണ) ങ്ങളെക്കൊണ്ടു കുപിതങ്ങളായിട്ടു ക്ഷയകാസത്തെ ഉണ്ടാക്കുന്നു. ഇതുകൊണ്ട് രോഗി പൂത്യാദിതപയുക്തമായ കഫത്തെ ഷ്ഠീവനം ചെയ്യും. പൂതി=ദുർഗ്ഗന്ധമുള്ളത്. പൂയോപമം=ചലംപോലെയുള്ളത്. പീതം=മഞ്ഞയായിട്ടുള്ളത്. വിസ്രം=പച്ചനാററമുള്ളത്. ഹരിതലോഹിതം=പച്ചനിറമായും രക്തവർണ്ണമായുമുള്ളത്. പാർശ്വഭാഗങ്ങൾ പിളൎന്നുപോകുന്നുവോ എന്നുതോന്നും. ഹൃദയം മറിഞ്ഞു വീഴുന്നതുപോലേയും തോന്നും. കാരണംകൂടാതെ ഉഷ്ണശീതങ്ങളിൽ ഇച്ഛയുണ്ടാകും. വളരെ ഭക്ഷിക്കും. ബലം ക്ഷയിക്കും. മുഖം സ്നിഗ്ദ്ധപ്രസന്നമായിരിക്കും. ദർശനവും നേത്രവും ശ്രീമത്തായിരിക്കും. ഇത്രയുമായാൽ അവന്നു ക്ഷയത്തിൻെറ സർവ്വലക്ഷണങ്ങളും പ്രത്യക്ഷപ്പെടുകയും ചെയ്യും.

ഇത്യേഷ ക്ഷയജഃ കാസഃ ക്ഷീണാനാം ദേഹനാശനഃ
യാപ്യോ വാ ബലിനാം തദ്വൽ ക്ഷതജോഽഭിനവൌ തു തൌ
സിദ്ധ്യേതാമപി സാനാഥ്യാൽ... ... ...

സാ—ഇപ്രകാരമുള്ള രൂപത്തോടുകൂടിയതാണ് ക്ഷയംകൊണ്ടുള്ള കാസം. ഇത് ക്ഷീണദേഹന്മാൎക്കു തീച്ചയായും ദേഹനാശം വരുത്തുന്നതാണ്. ബലമുള്ളവൎക്കാകട്ടേ ദേഹനാശനമായോ അല്ലാത്തപക്ഷം യാപ്യമായോ ഭവിക്കും. ഇപ്രകാരംതന്നെ ക്ഷതകാസവുമെന്നറിയണം. ക്ഷതകാസവും ക്ഷീണന്മാൎക്കു ദേഹനാശനമാണെന്നും ബലവാന്മാൎക്കു ദേഹനാശനമോ യാപ്യമോ ആണെന്നും സാരം. ഈ ക്ഷതക്ഷയകാസ

ങ്ങൾ അഭിനവങ്ങളായിരുന്നാൽ സാനാഥ്യം ഹേതുവായിട്ടു ശമിച്ചുവെന്നും വരാം. സാനാഥ്യം = ചികിത്സാസമ്പത്തി.

... ... സാദ്ധ്യാ ദോഷൈഃ പൃഥക്ത്രയഃ
മിശ്രാ യാപ്യാ ദ്വയാത്സർവ്വേ ജരസാ സ്ഥവിരസ്യ ച.

സാ—മേല്പറയപ്പെട്ട കാസങ്ങളിൽവെച്ച് ദോഷങ്ങളെക്കൊണ്ടു വെവ്വേറെയുള്ള മൂന്നെണ്ണം സാദ്ധ്യങ്ങളാകുന്നു. ദ്വയം(=സംസർഗ്ഗം)ഹേതുവായിട്ടുള്ള കാസങ്ങൾ മിശ്രങ്ങളാണ്. മിശ്രലക്ഷണങ്ങളായ അവകൾ യാപ്യങ്ങളത്രേ. എല്ലാ കാസങ്ങളും ജരഹേതുവായിട്ടു സ്ഥവിരൻ (=വൃദ്ധൻ) ആയവന്നുണ്ടായാൽ യാപ്യങ്ങൾതന്നെയാകുന്നു. സാദ്ധ്യങ്ങളായിപ്പറയപ്പെട്ടവയും കൂടി വൃദ്ധന്നാണെങ്കിൽ യാപ്യങ്ങളാണെന്നു സാരം. സർവ്വദോഷസന്നിപാതംകൊണ്ടുള്ള കാസം അസാദ്ധ്യമാകയാൽ അതിനെപ്പററി പറയാത്തതാകുന്നു എന്നറിയേണ്ടതാണ്.

കാസാച്ഛ്വാസക്ഷയച്ഛർദ്ദിസ്വരസാദാദയോ ഗദാഃ
ഭവന്ത്യുപേക്ഷയാ യസ്മാത്തസ്മാത്തം ത്വരയാ ജയേൽ.

സാ—കാസം നിമിത്തമായിട്ട് ശ്വാസം, ക്ഷയം, ഛർദ്ദി, സ്വരസാദം മുതലായ രോഗങ്ങൾ സംഭവിക്കും. എന്തുകൊണ്ട്? ഉപേക്ഷകൊണ്ട്. ചികിത്സചെയ്യാനുള്ള ഉപേക്ഷകൊണ്ടെന്നർത്ഥം. ഈ കാരണത്താൽ കാസത്തെ ത്വരയോടുകൂടി ജയിക്കണം. സർവ്വകാസങ്ങളേയും ധൃതിയിൽ ചികിത്സിച്ചു നോക്കേണമെന്നു സാരം.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
തൃതീയോദ്ധ്യായഃ
സമാപ്തഃ.

## ചതുർത്ഥോദ്ധ്യായഃ.

കാസം ചികിത്സിക്കാതെ ഉപേക്ഷിക്കപ്പെട്ടാൽ ശ്വാസം സംഭവിക്കുന്നതുകൊണ്ടും ഹിദ്ധ്മാ ശ്വാസൈകരൂപമായതുകൊണ്ടും ആ രണ്ടു രോഗങ്ങളെ നിർണ്ണയിപ്പാനാണ് ഇനി അദ്ധ്യായം ആരംഭിക്കുന്നത്:—

മൂ—അഥാതഃ ശ്വാസഹിദ്ധ്മാനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ.

സാ—ഇനി ശ്വാസഹിദ്ധ്മാനിദാനമെന്ന അദ്ധ്യായത്തെ പറയു

വാൻ ആരംഭിക്കുന്നു. ആത്രേയാദികളായ മഹൎഷിമാർ ഇങ്ങിനെ പറഞ്ഞു.

കാസവൃദ്ധ്യാ ഭവേച്ഛ്വാസഃ പൂൎവ്വൈൎവ്വാ ദോഷകോപനൈഃ
ആമാതിസാരവമഥുവിഷപാണ്ഡുജ്വരൈരപി.
രജോധൂമാനിലൈൎമ്മൎമ്മഘാതാദതിഹിമാംബുനാ
ക്ഷുദ്രകസ്തമകഃ ഛിന്നോ മഹാനൂൎദ്ധ്വശ്ച പഞ്ചമഃ.

സാ—കാസത്തിന്റെ വൃദ്ധികൊണ്ട് ശ്വാസം ഭവിക്കും. അതിപ്രവൃദ്ധമായ കാസംതന്നെയാണ് ശ്വാസത്തിന്നു കാരണമെന്നൎത്ഥം. ഒരു രോഗം മറ്റൊരു രോഗത്തിന്നു കാരണമാകുമെന്നു മുമ്പൊരിടത്തു പറഞ്ഞിട്ടുണ്ടല്ലോ. അല്ലെങ്കിൽ മുമ്പു കാസഹേതുക്കളായി പറയപ്പെട്ടിട്ടുള്ള ദോഷകോപനങ്ങളെക്കൊണ്ടും ശ്വാസം ഉണ്ടാകും; അതായതു കഷായവിജ്ജലാദികളെക്കൊണ്ടും കാസമുണ്ടാകും. അഥവാ പൂൎവ്വദോഷകോപനങ്ങളെന്നതിന്നു സൎവ്വരോഗനിദാനത്തിൽ പറയപ്പെട്ട തിക്തകടുകാദികളെന്നും അൎത്ഥമാകാം. അതുപോലെതന്നെ ആമാദികളായി അതിഹിമാംബുപൎയ്യന്തമുള്ളവയെക്കൊണ്ടും ശ്വാസം ഭവിക്കും. ആമം=ആമദോഷം. വമഥു=ഛൎദ്ദി. രജസ്സ്=പൊടി. ധൂമം=പുക. അനിലൻ=കാറ്റ്. മൎമ്മഘാതം=മൎമ്മച്ഛേദം. അതിഹിമാംബു=അധികം തണുത്ത വെള്ളം. ശേഷം=സ്പഷ്ടം. ക്ഷുദ്രകം, തമകം, ഛിന്നൻ, മഹാൻ, ഊൎദ്ധ്വൻ, ഇങ്ങിനെ അഞ്ചുവിധത്തിലാണ് ശ്വാസങ്ങൾ.

ശ്വാസത്തിന്റെ സംപ്രാപ്തിയെ പറയുന്നു:—

കഫോപരുദ്ധഗമനഃ പവനോ വിഷ്വഗാസ്ഥിതഃ
പ്രാണോദകാന്നവാഹീനി ദുഷ്ടഃ സ്രോതാംസി ദൂഷയൻ
ഉരസ്ഥഃ കുരുതേ ശ്വാസമാമാശയസമുത്ഭവം.

സാ—വായു അതിന്റെ ദൂഷണഹേതുക്കളാൽ ദുഷിച്ച് കഫത്താൽ രുദ്ധഗതിയായിത്തീൎന്ന് ചുഴലവും സ്ഥിതിചെയ്യുന്നതായിട്ടു, പ്രാണനേയും ജലത്തേയും അന്നത്തേയും വഹിക്കുന്ന സ്രോതസ്സുകളെ ദുഷിപ്പിച്ച് ഉരസ്സിങ്കൽ സ്ഥിതിചെയ്തിട്ട് ആമാശയോത്ഭവമായ ശ്വാസത്തെ ഉണ്ടാക്കിത്തീൎക്കുന്നു. ആമാശയത്തിൽനിന്നുള്ള പ്രവൃത്തി ശ്വാസത്തിന്റെ വ്യാപാരമാകുന്നു.

ശ്വാസത്തിന്റെ പൂൎവ്വരൂപം പറയുന്നു:—

പ്രാഗ്രൂപം തസ്യ ഹൃൽപാൎശ്വശൂലം പ്രാണവിലോമതാ
ആനാഹശ്ശംഖഭേദശ്ച... ... ... ...

സാ—എല്ലാവിധ കാസത്തിന്റെയും പൂർവ്വരൂപം ഹൃൽപാർശ്വശൂലാദികളാകുന്നു. ഹൃൽപാർശ്വശൂലം=ഹൃദയത്തിലും പാർശ്വഭാഗങ്ങളിലും വേദന. പ്രാണവിലോമതാ=പ്രാണവായുവിന്റെ വിപരീതഗമനം. ആനാഹം=മേൽവയറുവീർപ്പ്. ശംഖഭേദം=ശംഖാസ്ഥികളിൽ പിളർന്നുനോവ്. [പ്രാണവായുവിന്റെ വിപരീതഗമനം തൽകാർയ്യങ്ങളെക്കൊണ്ടറിയേണ്ടതാകുന്നു].

അനന്തരം ക്ഷുദ്രകാദികളായ ശ്വാസങ്ങളുടെ ലക്ഷണത്തെപ്പറയുന്നു:—

... ... ... തത്രായാസാതിഭോജനൈഃ
പ്രേരിതഃ പ്രേരയേൽ ക്ഷുദ്രം സ്വയം സംശമനം മരുൽ.

സാ—അവയിൽവെച്ച്, ക്ഷുദ്രകമെന്ന ശ്വാസത്തെ ആയാസങ്ങളെക്കൊണ്ടും അതിഭോജനങ്ങളെക്കൊണ്ടും പ്രേരിതനായ വായുവാണ് പുറപ്പെടുവിക്കുന്നത്. അതു സ്വയംസംശമന(=താനേതന്നെ ശമിക്കുന്നതു)മാകുന്നു. അത്യദ്ധ്വാനംകൊണ്ടും അതിഭോജനംകൊണ്ടും പെട്ടന്നുണ്ടാകുന്ന കിതപ്പിന്നാണ് ക്ഷുദ്രകമെന്നു പേർ. അതു അതിന്റെ വേഗം കഴിഞ്ഞാൽ തന്നെത്താൻ ശമിക്കുന്നതുമാണ്.

തമകത്തിന്റെ ലക്ഷണം പറയുന്നു:—

പ്രതിലോമം സിരാ ഗച്ഛന്നുദീര്യ്യ പവനഃ കഫമ്
പരിഗൃഹ്യ ശിരോഗ്രീവമുരഃ പാർശ്വേ ച പീഡയൻ.
കാസം ഘുർഘുരകം മോഹമരുചിം പീനസം തൃഷമ്
കരോതി തീവ്രവേഗഞ്ച ശ്വാസം പ്രാണോപതാപിനമ്
പ്രതാമ്യേത്തസ്യ വേഗേന നിഷ്ഠ്യൂതാന്തേ ക്ഷണം സുഖീ.
കൃച്ഛ്രാച്ഛയാനഃ ശ്വസിതി നിഷണ്ണഃ സ്വാസ്ഥ്യമൃച്ഛതി
ഉച്ഛ്രിതാക്ഷോ ലലാടേന സ്വിദ്യതാ ഭൃശമർത്തിമാൻ
വിശുഷ്കാസ്യോ മുഹുഃ ശ്വാസീ കാംക്ഷത്യുഷ്ണം സവേപഥുഃ.
മേഘാംബുശീതപ്രാഗ്വാതൈഃ ശ്ലേഷ്മളൈശ്ച വിവർദ്ധതേ
സ യാപ്യസ്തമകസ്സാദ്ധ്യോ നവോ വാ ബലിനോ ഭവേൽ
ജ്വരമൂർച്ഛായുതശ്ശീതൈശ്ശാമ്യേൽ പ്രതമകസ്തു സഃ.

സാ—വായു, വിപരീതമാകുംവണ്ണം സിരകളെ പ്രാപിച്ച്, കഫത്തേയും ഉദീരണംചെയ്ത്, ശിരസ്സിനേയും ഗ്രീവയേയും പിടിച്ചുവലിച്ച്, ഉരസ്സിനേയും പാർശ്വങ്ങളേയും പീഡനം ചെയ്തിട്ട് ഘുർഘുരക

മായ കാസത്തേയും (ഘുർഘുരകം=ഘുർഘുരശബ്ദത്തോടുകൂടിയത്) മോഹാലസ്യത്തേയും അരോചകപീനസതൃഷ്ണകളേയും കഠിനവേഗത്തോടുകൂടിയ ശ്വാസത്തേയും ഉണ്ടാക്കുന്നു. ആ ശ്വാസം പ്രാണനെ ഉപതപിപ്പിക്കുന്നതായിരിക്കും. ഇതാണ് തമകമെന്ന ശ്വാസം, ഇതിന്റെ വേഗംകൊണ്ട് രോഗി കലശലായി തളൎന്നുപോകും. നിഷ്ഠ്യൂതം (=തുപ്പൽ) ചെയ്തു കഴിഞ്ഞാൽ ക്ഷണനേരത്തേക്കു കുറച്ചാശ്വാസം തോന്നും. കിടന്നാൽ ശ്വാസംകഴിക്കുന്നതിന്നു വലിയ ബുദ്ധിമുട്ടുണ്ടാകും. ഇരുന്നാൽ കുറച്ച് സുഖം തോന്നും. ശ്വാസവേഗം വരുമ്പോൾ കണ്ണുകൾ തുറിക്കും. നെററി വിയൎക്കും. വലിയ വേദനയുമുണ്ടാകും. വായവരണ്ടിരിക്കും. വീണ്ടും വീണ്ടും ശ്വസിക്കുകയും ഉഷ്ണത്തെ കാംക്ഷിക്കയും ചെയ്യും. ദേഹം വിറയ്ക്കുകയും ചെയ്യും. ഈ ശ്വാസം മേഘംകൊണ്ടും ജലംകൊണ്ടും തണുപ്പുകൊണ്ടും പുരോവാതംകൊണ്ടും കഫകരങ്ങളായ വസ്തുക്കളെക്കൊണ്ടും വൎദ്ധിക്കും. ഇങ്ങിനെയുള്ള തമകശ്വാസം യാപ്യമാകുന്നു. അഥവാ ബലവാനായ ആൾക്കുണ്ടായതും പുതിയതുമാണെന്നിരിക്കിൽ ഇത് സാദ്ധ്യമായിട്ടും വരാം. ഈ ശ്വാസംതന്നെ ജ്വരത്തോടും മൂൎച്ഛയോടുംകൂടിയതായിരിക്കയും ശീതങ്ങളായ ആഹാരാദികളെക്കൊണ്ടു ശമിക്കയും ചെയ്താൽ അതിന്നു പ്രതമകമെന്നു പേരാകുന്നു.

ഛിന്നന്റെ ലക്ഷണം പറയുന്നു:—

ഛിന്നാച്ഛ്വസിതി വിച്ഛിന്നം മൎമ്മച്ഛേദരുജാൎദ്ദിതഃ
സസ്വേദമൂൎച്ഛസ്സാനാഹോ വസ്തിദാഹനിരോധവാൻ
അധോദൃഗ്വിപ്ലുതാക്ഷശ്ച മുഹ്യൻ രക്തൈകലോചനഃ
ശുഷ്കാസ്യഃ പ്രലപൻ ദീനോ നഷ്ടച്ഛായോ വിചേതനഃ.

സാ—ഛിന്നമുണ്ടായാൽ രോഗി വിച്ഛിന്നമാംവണ്ണം (അതായതു മുറിഞ്ഞുമുറിഞ്ഞുംകൊണ്ട്) ശ്വസിക്കും. ശ്വസിക്കുമ്പോൾ മൎമ്മങ്ങൾ മുറിയുന്നതുപോലെയുള്ള വേദനയാൽ പീഡിതനായിരിക്കും. വിയൎക്കുകയും മൂൎച്ഛിക്കുകയും ചെയ്യും. മേൽവയറ് വീൎക്കും. വസ്തിക്കു ചുട്ടുനീറലും തടവും ഉണ്ടാകും. ദൃഷ്ടികൾ കീഴ്പോട്ടായിരിക്കയും വിപ്ലുതങ്ങളായിരിക്കയും ചെയ്യും. മോഹാലസ്യമുണ്ടാകും. ഒരു കണ്ണ് രക്തവൎണ്ണമായിരിക്കും. വായ് വരളും. പേയ്പറയും. ദീനനായും ഛായയില്ലാത്തവനായും തന്റേടമില്ലാത്തവനായും ഭവിക്കയും ചെയ്യും.

മഹാന്റെ ലക്ഷണം പറയുന്നു:—

മഹതാ മഹതാ ദീനോ നാദേന ശ്വസിതി ക്രുഥൻ

ഉദ്ധൂയമാനസ്സംരബ്ധോ മത്തഷണ്ഡ ഇവാനിശമ്.
പ്രണഷ്ടജ്ഞാനവിജ്ഞാനോ വിഭ്രാന്തനയനാനനഃ
വക്ഷസ്സമാക്ഷിപൻ ബദ്ധമൂത്രവൎച്ചാ വിശീൎണ്ണവാക്.
ശുഷ്കകണ്ഠോ മുഹുൎമ്മുഹ്യൻ കൎണ്ണശംഖശിരോതിരുക്.

സാ—മഹാനെന്നുപേരായ ശ്വാസം ഹേതുവായിട്ടു മനുഷ്യൻ ദീനനായിട്ട് മഹത്തായ നാദത്തോടുകൂടി ശ്വസിക്കും. ശ്വസിക്കുമ്പോൾ ക്രഥനം ചെയ്കയും ചെയ്യും. ക്രഥനം=നാസാശബ്ദം. ഉദ്ധൂയമാനൻ (പൊക്കിയെറിയപ്പെടുന്നവൻ) ആയും, മത്തഷണ്ഡം (മദമുള്ള കൂററൻ) എന്നപോലെ സംരബ്ധനായുമിരിക്കയും ചെയ്യും. ജ്ഞാനം (=ചേതന), വിജ്ഞാനം (=വിചാരം) എന്നിവ നശിക്കും. കണ്ണുകളും മുഖവും വട്ടംചുററുകയും ചെയ്യും. വക്ഷസ്സിനെ സമാക്ഷേപിക്കും (=പിടിച്ചുവലിക്കും). മലമൂത്രങ്ങൾ ബന്ധിക്കും. വാക്കുകൾ ഇടറും. കണ്ഠം വരളും. വീണ്ടും വീണ്ടും മോഹിക്കും. കൎണ്ണങ്ങളിലും ശംഖങ്ങളിലും ശിരസ്സിലും അധികമായ വേദനയുമുണ്ടാകും.

ഊൎദ്ധ്വന്റെ ലക്ഷണം പറയുന്നു:—

ദീൎഘമൂൎദ്ധ്വം ശ്വസിത്യൂൎദ്ധ്വാന്ന ച പ്രത്യാഹരത്യധഃ
ശ്ലേഷ്മാവൃതമുഖസ്രോതാഃ ക്രുദ്ധഗന്ധവഹാൎദ്ദിതഃ.
ഊൎദ്ധ്വദൃഗ്വീക്ഷതേ ഭ്രാന്തമക്ഷിണീ പരിതഃ ക്ഷിപൻ
മൎമ്മസു ഛിദ്യമാനേഷു പരിദേവീ നിരുദ്ധവാക്.

സാ—ഊൎദ്ധ്വനെന്നു പേരായ ശ്വാസം ഹേതുവായിട്ടു ഊൎദ്ധ്വഭാഗത്തേക്കു ദീൎഘമാകുംവണ്ണം ശ്വസിക്കും. ആ ഊൎദ്ധ്വശ്വാസത്തെ കീഴ്പോട്ടു വലിക്കുകയുമില്ല. മേല്പോട്ടല്ലാതെ കീഴ്പോട്ടു ശ്വാസമുണ്ടാവില്ലെന്നൎത്ഥം. വായയും സ്രോതസ്സുകളും കഫത്താൽ ആവൃതങ്ങളായിരിക്കും. ക്രുദ്ധനായ ഗന്ധവഹനാൽ പീഡിതനായിരിക്കുകയും ചെയ്യും. ദൃഷ്ടിയെ ഊൎദ്ധ്വഭാഗത്തേക്കു നയിച്ചും കണ്ണുകളെ ചുഴലവും എറിഞ്ഞും പരിഭ്രമത്തോടുകൂടി നോക്കും. മൎമ്മങ്ങൾ മുറിഞ്ഞുപോകും. അപ്പോൾ പരിദേവനം ചെയ്യും (വിലപിക്കും). എന്നാൽ അതിനു വാക്കുകൾ തടയപ്പെടുകയും ചെയ്യും.

ഈ ശ്വാസങ്ങളുടെ സാദ്ധ്യാസാദ്ധ്യവിഭാഗത്തെ കാണിക്കുന്നു:—

ഏതേ സിദ്ധ്യേയുരവ്യക്താ വ്യക്താഃ പ്രാണഹരാ ധ്രുവമ്.

സാ—ഈ ശ്വാസങ്ങൾ അവ്യക്തങ്ങൾ (അപരിപൂൎണ്ണമാകയാൽ

അസ്ഫുടങ്ങൾ) ആയിരുന്നാൽ സാദ്ധ്യങ്ങളായിരിക്കും. വ്യക്തങ്ങളായാ ലാകട്ടെ തീർച്ചയായും പ്രാണഹരങ്ങളാകുന്നു. ഇങ്ങിനെ ശ്വാസങ്ങൾ പറയപ്പെട്ടു.

അനന്തരം ഹിദ്ധ്മകൾ നിർണ്ണയിക്കപ്പെടുന്നു:—

ശ്വാസൈസകഹേതുപ്രാഗ്രൂപസംഖ്യാപ്രകൃതിസംശ്രയാഃ
ഹിദ്ധ്മാ ഭക്തോത്ഭവാ ക്ഷുദ്രാ യമളാ മഹതീതി ച
ഗംഭീരാ ച ... ... ... ...

സാ—ഹിദ്ധ്മകൾ ശ്വാസങ്ങളോടു ഏകങ്ങൾ (തുല്യങ്ങൾ) ആയ നിദാനം, പൂർവ്വരൂപം, സംഖ്യാ പ്രകൃതി (സംഖ്യാ സ്വരൂപം, എണ്ണം), സംശ്രയം (സ്ഥാനം) എന്നിവയോടുകൂടിയവയാണ്. നിദാനാദികൾ ശ്വാസത്തെപ്പോലെതന്നെയാണെന്നർത്ഥം. ശ്വാസങ്ങളെപ്പോലെ അ ഞ്ചുവിധം ഹിദ്ധ്മകളുള്ളതിൻെറ പേരുകൾ പറയുന്നു. ഭക്തോത്ഭവേ തി—ഭക്തോത്ഭവാ, ക്ഷുദ്രാ, യമളാ, മഹതീ, ഗംഭീരാ എന്നിങ്ങിനെയാ ണ് അഞ്ചു ഹിദ്ധ്മകൾ. ഹിദ്ധ്മാ=ഇക്കിൾ. ഇവയിൽ ഭക്തോത്ഭവയെ ആദ്യം പറയുന്നു.

... ... മരുത്തത്ര ത്വരയാ യുക്തിസേവിതൈഃ
രൂക്ഷതീക്ഷ്ണഖരാസാത്മ്യൈരന്നപാനൈഃ പ്രപീഡിതഃ
കരോതി ഹിദ്ധ്മാമരുജാം മന്ദശബ്ദാം ക്ഷവാനുഗാം
ശമം സാത്മ്യാന്നപാനേന യാ പ്രയാതി ച സാന്നജാ.

സാ—ആ ഹിദ്ധ്മകളിൽവെച്ച്, ബദ്ധപ്പാടോടുകൂടിയും അയുക്തി (വൈപരീത്യം) യോടുകൂടിയും സേവിക്കപ്പെട്ടവയും രൂക്ഷങ്ങളും തീക്ഷ്ണ ങ്ങളും ഖരങ്ങളും അസാത്മ്യങ്ങളുമായ അന്നപാനങ്ങളാൽ വായു പീ ഡിതമായിട്ടു വേദനയില്ലാത്തതും മന്ദമായ ശബ്ദത്തോടുകൂടിയതും ക്ഷവാ നുഗയുമായ ഒരു ഹിദ്ധ്മയെ ഉണ്ടാക്കുന്നു. (ക്ഷവം=തുമ്മൽ). ഇത് സാ ത്മ്യമായിട്ടുള്ള അന്നപാനംകൊണ്ടു ശമിക്കുകയും ചെയ്യും. ഈ ഹിദ്ധ്മ അന്നജ (അതായതു ഭക്തോത്ഭവ) ആകുന്നു.

ക്ഷുദ്രയെ വിവരിക്കുന്നു:—

ആയാസാൽ പവനഃ ക്രുദ്ധഃ ക്ഷുദ്രാം ഹിദ്ധ്മാം പ്രവർത്തയേൽ
ജത്രുമൂലപ്രവിസൃതാമല്പവേഗാം മൃദുഞ്ച സാ.
വൃദ്ധിമായസ്യതോ യാതി ഭുക്തമാത്രേ ച മാർദ്ദവമ്.

സാ—ആയാസംനിമിത്തം വായു കോപിച്ച് ക്ഷുദ്രയെന്ന ഹി

ദ്ധ്മയെ പ്രവൎത്തിപ്പിക്കും. അത് ജത്രുമൂലത്തിൽ നിന്നു പുറപ്പെട്ടുന്നതും, അല്പമായ വേഗത്തോടു കൂടിയതും മൃദുവുമായിരിക്കും. ആയസ്യൻ (=ആയാസം ചെയ്യുന്നവൻ) ആയാൽ അതു വൃദ്ധിയെ പ്രാപിക്കും. ഭുക്തമാത്രത്തിൽ (അതായതു ഭക്ഷണം കഴിഞ്ഞ ഉടനെ) മാൎദ്ദവത്തെ പ്രാപിക്കയും ചെയ്യും. ഇതാകുന്നു ക്ഷുദ്ര എന്നു പേരായ ഹിദ്ധ്മ.

യമളയെ വിവരിക്കുന്നു:—

ചിരേണ യമളൈൎവ്വേഗൈരാഹാരേ യം പ്രവൎത്തതേ
പരിണാമോന്മുഖേ വൃദ്ധിം പരിണാമേ ച ഗച്ഛതി
കമ്പയന്തീ ശിരോഗ്രീവമാദ്ധ്മാതസ്യാതിതൃഷ്യതഃ
പ്രലാപഛൎദ്ദ്യതീസാരനേത്രവിപ്ലുതിജൃംഭിണഃ
യമളാ വേഗിനീ ഹിദ്ധ്മാ പരിണാമവതീ ച സാ.

സാ—യമളാ എന്നു പേരായ ഹിദ്ധ്മ ചിരകാലം കൊണ്ടു് യമളങ്ങളായ (ഇരട്ടയായ) വേഗങ്ങളോടുകൂടി പ്രവൎത്തിക്കും. ആഹാരം പരിണാമോന്മുഖമായിരിക്കുമ്പോൾ (ദഹിപ്പാൻ തുടങ്ങുമ്പോൾ) ആണ് ഇതുണ്ടാകുന്നത്. പരിണാമത്തിൽ ഇതു വൃദ്ധിയെ പ്രാപിക്കുകയും ചെയ്യും. അപ്പോൾ ശിരസ്സിനേയും ഗ്രീവയേയും കമ്പിപ്പിക്കും. രോഗിയുടെ മേൽവയറു വീൎത്തിരിക്കും. അധികമായ തണ്ണീർദാഹവുമുണ്ടായിരിക്കും. പേപറയുക, ഛൎദ്ദിക്കുക, അതിസരിക്കുക, കണ്ണു ചുഴറുക, കോട്ടുവായിടുക എന്നിവയുമുണ്ടാകും ഇതാണ് യമള. ഈ ഹിദ്ധ്മക്കു വേഗിനി എന്നും പരിണാമവതി എന്നും നാമങ്ങളുണ്ടു്.

മഹതിയെ വിവരിക്കുന്നു:—

ധ്വസ്തഭ്രൂശംഖയുഗ്മസ്യ സാസ്രവിപ്ലുതചക്ഷുഷഃ
സ്തംഭയന്തീ തനും വാചം സ്മൃതിം സംജ്ഞാഞ്ച മുഷ്ണതീ
രുന്ധതീ മാൎഗ്ഗമന്നസ്യ കുൎവ്വതീ മൎമ്മഘട്ടനമ്
പൃഷ്ഠതോ നമനം ശോഷം മഹാഹിദ്ധ്മാ പ്രവൎത്തതേ
മഹാമൂലാ മഹാശബ്ദാ ഭഹാവേഗാ മഹാബലാ.

സാ—ധ്വസ്തഭ്രൂശംഖയുഗ്മനും (പുരികങ്ങൾ രണ്ടും ശംഖങ്ങൾ രണ്ടും പിളൎന്നവനും), സാസ്രവിപ്ലുതചക്ഷുസ്സും (വെള്ളം ഉറന്നും അടയാതെയുമുള്ള കണ്ണുകളോടുകൂടിയവനും) ആയവന്ന്, ദേഹത്തേയും വാക്കിനേയും സ്തംഭിപ്പിച്ചുകൊണ്ടും ഓൎമ്മയേയും തന്റേടത്തേയും ഇല്ലായ്മചെയ്തും അന്നത്തിന്റെ മാൎഗ്ഗത്തെ നിരോധിച്ചുകൊണ്ടും മൎമ്മഘട്ടനം ചെയ്തു

കൊണ്ടും, (മൎമ്മഘട്ടനം=ഹൃദയാദികളിൽ വേദന) പൃഷ്ഠഭാഗത്തേക്കു നാമനം (പിന്നാക്കം വളച്ചിൽ) ദേഹത്തിന്നു മെലിച്ചിൽ എന്നിവയുണ്ടാക്കിക്കൊണ്ടും മഹതി എന്ന ഹിക്ക പ്രവൎത്തിക്കുന്നു. ഇത് മഹാമൂല (ആമാശയത്തിൽ നിന്നാരംഭിക്കുന്നത്) യും മഹത്തായ ശബ്ദത്തോടു കൂടിയതും മഹത്തായ വേഗത്തോടു കൂടിയതും മഹത്തായ ബലത്തോടു കൂടിയതും ആകുന്നു.

ഗംഭീരയെ വിവരിക്കുന്നു:—

പക്വാശയാദ്വാ നാഭേൎവ്വാ പൂൎവ്വവദ്യാ പ്രവൎത്തതേ
തദ്രൂപാ സാ മുഹുഃ കുൎവ്വൻ ജൃംഭാമംഗപ്രസാരണമ്
ഗംഭീരേണാനുനാദേന ഗംഭീരാ ... ... ...

സാ—പക്വാശയത്തിൽ നിന്നോ നാഭിയിൽ നിന്നോ മുമ്പത്തെപ്പോലെ (അതായത് ബലപുഷ്ടിരംഖയശോദിമാനായവന്ന് തന്സ്തംഭാദികളെ ചെയ്തും കൊണ്ടെന്നൎത്ഥം) തദ്രൂപയായി (അതായത് മഹാമൂലതാദിരൂപയായി) യാതൊരു ഹിക്ക പ്രവൎത്തിക്കുന്നുവോ അതാകുന്നു ഗംഭീരാ. ഈ ഹിക്ക പിന്നേയും പിന്നേയും ജൃംഭവും അംഗപ്രസാരണവും ഉണ്ടാക്കും (അംഗപ്രസാരണം=കരചരണാദ്യവയവങ്ങളെ പരത്തൽ.) ഈ ഹിക്ക ഗംഭീരമായ അനുനാദത്തോടു കൂടിയതായിരിക്കയും ചെയ്യും. ഗംഭീരം=മുഴങ്ങുന്നത്. അനുനാദം=അനുശബ്ദം. ഇങ്ങിനെ അഞ്ചു ഹിക്കകളും പറയപ്പെട്ടു. ഇനി ഇവയുടെ സാദ്ധ്യാസാദ്ധ്യതയെ പറയുന്നു.

... ... ... തസ്യ സാധ്യയൽ

ആദ്യേ ദ്വേ വൎജ്ജയേദന്ത്യേ സൎവ്വലിംഗാം ച വേഗിനീമ്
സൎവ്വാശ്ച സഞ്ചിതാമസ്യ സ്ഥവിരസ്യ വ്യവായിനഃ
വ്യാധിഭിഃ ക്ഷീണദേഹസ്യ ഭക്തഛേദക്ഷതസ്യ ച.

സാ—മേൽ പറഞ്ഞ അഞ്ചു ഹിക്കകളിൽ ആദ്യം പറഞ്ഞ രണ്ടെണ്ണം സാദ്ധ്യമാകുന്നു. [ഭക്തോത്ഭവാ, ക്ഷുദ്രാ ഇവ സാദ്ധ്യങ്ങൾ] ഒടുവിൽ പറഞ്ഞ രണ്ടെണ്ണം ഉപേക്ഷിക്കണം [മഹതീ, ഗംഭീരാ എന്നിവ അസാദ്ധ്യങ്ങളെന്നൎത്ഥം]. വേഗിനീ എന്ന ഹിക്ക, അതിന്നു പറഞ്ഞ സൎവ്വ ലക്ഷണങ്ങളോടും കൂടിയിരുന്നാൽ അതിനേയും വൎജ്ജിക്കണം. എല്ലാ ഹിക്കകളും ആമദോഷമധികമുള്ളവന്നോ വൃദ്ധന്നോ മൈഥുനശീലന്നോ വ്യാധികളെക്കൊണ്ടു ദേഹം ക്ഷയിച്ചവന്നോ ഭക്തച്ഛേദം

കൊണ്ട് (=ആഹാരവിച്ഛേദനംകൊണ്ട്) ക്ഷതനായവനോ ആണ
ണ്ടായതെങ്കിൽ വർജ്ജിക്കുകതന്നെ വേണം.

സർവ്വേപി രോഗാ നാശായ ന ത്വേവം ശീഘ്രകാരിണഃ
ഹിദ്ധ്മാശ്വാസൌ യഥാ തൌ ഹി മൃത്യുകാലേ കൃതാലയൌ.

സാ—എല്ലാ രോഗങ്ങളും നാശം വരുത്തുന്നവതന്നെയാണെങ്കിലും ഹിദ്ധ്മാശ്വാസങ്ങളെന്ന പോലെ മററുള്ളവ ശീഘ്രകാരികളല്ല. ഹിദ്ധ്മാശ്വാസങ്ങൾ മററു രോഗങ്ങളെക്കാൾ വേഗത്തിൽ തങ്ങളുടെ കാർയ്യത്തെ (അത്യയത്തെ) മരണത്തെ ചെയ്യുമെന്നർത്ഥം. എന്തുകൊണ്ടെന്നാൽ ഈ ഹിദ്ധ്മയും ശ്വാസവും മനുഷ്യന്റെ മരണകാലത്തിൽ പിടിപെടുന്നവയാകുന്നു. ആകയാൽ അവയെ വേഗത്തിൽ ചികിത്സിക്കണമെന്നു സാരം.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ചതുർത്ഥോദ്ധ്യായഃ
സമാപ്തഃ.

## പഞ്ചമോദ്ധ്യായഃ.

---

രാജയക്ഷ്മാവ് എന്ന രോഗം ധാതുക്ഷയഹേതുവാകയാലും മഹാരോഗമാകയാലും നാശകാരിയാകയാലും ഹിദ്ധ്മാശ്വാസങ്ങളോടു സാദൃശ്യമുള്ളതാകയാൽ ഹിദ്ധ്മാശ്വാസാനന്തരം അതിനെ നിർണ്ണയിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു:—

മൂ—അഥാതോ രാജയക്ഷ്മാദിനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ।

സാ—ഇനി രാജയക്ഷ്മാവ് മുതലായവയുടെ നിദാനമെന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. രാജയക്ഷ്മാവ്=ക്ഷയരോഗം. ആദിശബ്ദം കൊണ്ട് അരോചകാദികളെ ഗ്രഹിക്കണം.

അനേകരോഗാനുഗതോ ബഹുരോഗപുരോഗമഃ
രാജയക്ഷ്മാ ക്ഷയശ്ശോഷോ രോഗരാഡിതി ച സ്മൃതഃ

നക്ഷത്രാണാം ദ്വിജാനാഞ്ച രാജ്ഞോഭൂദ്യദയം പുരാ
യച്ച രാജാ ച യക്ഷ്മാ ച രാജയക്ഷ്മാ തതോ മതഃ
ദേഹൌഷധക്ഷയകൃതേഃ ക്ഷയസ്തത്സംഭവാച്ച സഃ
രസാദിശോഷണാച്ഛോഷോ രോഗരാൾ തേഷു രാജനാൽ.

സാ—രാജയക്ഷ്മാവ് എന്ന രോഗം രാജാവെന്ന പോലെ അനേകരോഗങ്ങളാൽ അനുഗതനായിട്ടും ബഹുരോഗങ്ങൾ പുരോഗാമികളായുള്ളവനായിട്ടും ഭവിക്കുന്നു. രാജാവിന്റെ മുമ്പിലും പിമ്പിലും അനേകം പേർ അനുചരന്മാരായി നടക്കുന്നതുപോലെ ഈ രോഗം ഉണ്ടാവുന്നതിന്നു മുമ്പും ഉണ്ടായതിന്നു ശേഷവും അനേകരോഗങ്ങൾ അതിനോടു ചേർന്നുണ്ടാകുമെന്നർത്ഥം. മുമ്പിലുള്ള രോഗങ്ങൾ പീനസശ്വാസാദികളും പിമ്പിലുള്ളവ ഉപദ്രവരോഗങ്ങളുമാണെന്നറിയണം. അവയൊക്കെയും സ്വപരിവാരസംയുതങ്ങളാണെങ്കിലും ഇതിന്റെ അംഗങ്ങളാണെന്നു വിചാരിക്കേണ്ടതാണ്. രാജയക്ഷ്മാവ്, ക്ഷയം, ശോഷം, രോഗരാട്ട് എന്നിങ്ങിനെ നാലു പര്യായങ്ങൾ ഈ രോഗത്തിനുണ്ട്. ഇത് പണ്ട് നക്ഷത്രങ്ങളുടേയും ദ്വിജന്മാരുടെയും രാജാവിന്ന് (അതായതു ചന്ദ്രന്ന്) ഉണ്ടായി എന്നും, ഇത് രാജാവായ രോഗം ആണെന്നുമുള്ള കാരണങ്ങളാൽ വൈദ്യന്മാർ ഇതിനെ രാജയക്ഷ്മാവെന്നു പറയുന്നു. "രാജ്ഞോ യക്ഷ്മാ രാജയക്ഷ്മാ" (രാജാവിന്റെ രോഗം) എന്നു ഷഷ്ഠീതൽപുരുഷസമാസപ്രകാരവും, "രാജാ ചാസൌ യക്ഷ്മാ ചേതി രാജയക്ഷ്മാ" (രാജാവായ രോഗം) എന്നു കർമ്മധാരയസമാസപ്രകാരവും ഈ സംജ്ഞ അന്വർത്ഥമാണെന്നർത്ഥം. ദേഹൌഷധങ്ങൾക്കു ക്ഷയത്തെ ഉണ്ടാക്കുന്നതുകൊണ്ടും ഈ രോഗത്തിൽ ക്ഷയം സംഭവിക്കുന്നതുകൊണ്ടും ഇതു ക്ഷയവുമാകുന്നു. അപ്രകാരം തന്നെ രസാദികളെ ശോഷിപ്പിക്കുന്നതുകൊണ്ട് ശോഷമെന്നും, രോഗങ്ങളിൽ രാജിക്കുന്നതുകൊണ്ട് രോഗരാട്ടെന്നും ഇതിന്നു പേർ പറയുന്നു. എല്ലാ നാമങ്ങളും അന്വർത്ഥങ്ങളാണെന്നു സാരം.

സാഹസം വേഗസംരോധഃ ശുക്രൌജഃസ്നേഹസംക്ഷയഃ
അന്നപാനവിധിത്യാഗശ്ചതുരസ്തസ്യ ഹേതവഃ.

സാ—അതിന്ന് (രാജയക്ഷ്മാവിന്ന്) സാഹസാദികളായ നാലുകൂട്ടമാകുന്നു ഹേതുക്കൾ. സാഹസം=ആത്മശക്തിയെ വിചാരിക്കാതെ ചെയ്യപ്പെടുന്ന യുദ്ധാദികൾ. വേഗസംരോധം=വാതാദിവേഗങ്ങളുടെ ധാര

ണം. ശുക്ലൌജഃസ്നേഹസംക്ഷയം-ശുക്ലം, ഓജസ്സ്, സ്നേഹം എന്നിവകൾ സ്വസ്വകാരണങ്ങളാലുണ്ടാകുന്ന ക്ഷയം. അന്നപാനവിധിത്യാഗം= അന്നപാനങ്ങളെ യഥാസമയം സേവിക്കാതിരിക്കുക.

തൈരുദീർണ്ണോനിലഃ പിത്തം കഫഞ്ചോദീര്യ സർവ്വതഃ
ശരീരസന്ധീനാവിശ്യ താൻ സിരാശ്ച പ്രപീഡയൻ
മുഖാനി സ്രോതസാം രുദ്ധ്വാ തഥൈവാതിവിവൃത്യ വാ
സർപ്പന്നൂർദ്ധ്വമധസ്തിര്യഗ്യഥാസ്വം ജനയേൽ ഗദാൻ.

സാ—മേൽപ്പറഞ്ഞ സാഹസാദികളാൽ ഉദീർണ്ണനായ വായു, പിത്തത്തെയും കഫത്തെയും സർവ്വദിക്കുകളിലേക്കും പുറപ്പെടുവിച്ച്, ശരീരസന്ധികളിൽ ചെന്നുകൂടി അവയേയും (സന്ധികളേയും) സിരകളേയും പ്രപീഡനം ചെയ്ത്, സ്രോതസ്സുകളുടെ ദ്വാരങ്ങളെ തടസ്ഥപ്പെടുത്തുകയോ അധികം തുറക്കുകയോ ചെയ്ത്, മേല്പോട്ടും കീഴ്പോട്ടും വിലങ്ങത്തിലും വ്യാപിച്ച് യഥാസ്വമുള്ള ഗദങ്ങളെ (പീനസാദികളെ) ജനിപ്പിക്കും.

രൂപം ഭവിഷ്യതസ്തസ്യ പ്രതിശ്യായോ ഭൃശം ക്ഷവഃ
പ്രസേകോ മുഖമാധുര്യം സദനം വഹ്നിദേഹയോഃ.
സ്ഥാല്യമത്രാന്നപാനാദൌ ശുചാവപ്യശുചീക്ഷണം
മക്ഷികാതൃണകേശാദിപാതഃ പ്രായോന്നപാനയോഃ.
ഹൃല്ലാസഃ ഛർദ്ദിരരുചിരശ്നതോപി ബലക്ഷയഃ
പാണ്യോരവേക്ഷാ പാദസ്യ ശോഫോക്ഷ്ണോരതിശുക്ലതാ
ബാഹ്വോഃ പ്രമാണജിജ്ഞാസാ കായേ ബൈഭത്സ്യദർശനം
സ്ത്രീമദ്യമാംസപ്രിയതാ ഘൃണിത്വം മൂർദ്ധഗുണ്ഠനം
നഖകേശാതിവൃദ്ധിശ്ച സ്വപ്നേ ചാഭിഭവോ ഭവേൽ
പതംഗകൃകലാസാഹികപിശ്വാപദപക്ഷിഭിഃ.
കേശാസ്ഥിതുഷഭസ്മാദിരാശൌ സമധിരോഹണം
ശൂന്യാനാം ഗ്രാമദേശാനാം ദർശനം ശുഷ്യതോംഭസഃ
ജ്യോതിർഗ്ഗിരീണാം പതതാം ജ്വലതാഞ്ച മഹീരുഹാം.

സാ—വരുവാൻപോകുന്ന രാജയക്ഷ്മാവിന്റെ രൂപം പ്രതിശ്യായാദികളാകുന്നു. പ്രതിശ്യായം-പീനസം. ക്ഷവം=തുമ്മൽ. പ്രസേകം=വായിൽ വെള്ളംതെളിയുക. മുഖമാധുര്യം=വായയ്ക്കു മധുരരസം. വഹ്നിദേഹസദനം=അഗ്നിയും ദേഹവും തളരുക. ഇതുകൂടാതെ, സ്ഥാലി (കിണ്ണം),

അമത്രം (പാത്രം), അന്നപാനങ്ങൾ മുതലായവയിൽ, അവ ശുചിയായിരിക്കുമ്പോഴും അശുചിയെ കാണും. അന്നപാനങ്ങളിൽ പ്രായേണ മക്ഷിക (ഈച്ച), തൃണം (പുല്ല്), കേശം (തലനാര്) മുതലായവ വീഴും. ഹൃല്ലാസച്ഛർദ്ദ്യരോചകങ്ങളുണ്ടാവും. അശനം മുറയ്ക്കു ചെയ്തുകൊണ്ടിരുന്നാലും ബലക്ഷയം വരും. കാരണംകൂടാതെ പാണികളെ നോക്കും. പാദങ്ങളിൽ വീക്കമുണ്ടാകും. കണ്ണുകൾ അധികം വെളുത്തിരിക്കും. കൈകളുടെ വലുപ്പംനോക്കി അറിവാനാഗ്രഹംതോന്നും. ദേഹത്തിൽ ബൈഭത്സ്യത്തെക്കാണും. സ്ത്രീസേവയിലും മദ്യപാനത്തിലും മാംസാശനത്തിലും ഇഷ്ടംതോന്നും. ഘൃണിത്വം (ദയ) ഉണ്ടാകും. മൂർദ്ധഗുണ്ഠനം (വസ്ത്രാദികളെക്കൊണ്ടു ശിരസ്സുമൂടൽ) ചെയ്യും. നഖങ്ങളും തലമുടിയും അധികമായി വളരും. കൂടാതെ സ്വപ്നത്തിൽ പതംഗാദികളെക്കൊണ്ട് അഭിദ്രവംവരികയുംചെയ്യും. പതംഗം=അഗ്നി. കൃകലാസം=ഓന്ത്. അഹി=സർപ്പം. കപി=വാനരൻ. ശ്വാവിദം=മുള്ളൻപന്നി. പുറമെ കേശരാശി (തലനാരിൻകൂട്ടം), അസ്ഥിരാശി (എല്ലിൻകൂട്ടം), തുഷരാശി (ഉമിക്കുണ്ട), ഭസ്മരാശി (വെണ്ണീറിൻകുണ്ട) എന്നിവയിൽ കയറിയതായിട്ടും സ്വപ്നംകാണും. ശൂന്യങ്ങളായ ഗ്രാമദേശങ്ങളേയും ശുഷ്യന്തമായ (വറ്റുന്ന) വെള്ളത്തേയും സ്വപ്നത്തിൽ കാണും. ജ്യോതിസ്സുകൾ (നക്ഷത്രങ്ങൾ) പർവ്വതങ്ങൾ എന്നിവ വീഴുന്നതും വൃക്ഷങ്ങൾ കത്തിജ്വലിക്കുന്നതും സ്വപ്നത്തിൽ കാണും.

പീനസശ്വാസകാസാംസമൂർദ്ധസ്വരരുജോരുചിഃ
ഊർദ്ധ്വം വിട്സ്രംസസംശോഷാവധശ്ഛർദ്ദിസ്തു കോഷ്ഠഗേ
തിര്യക്സ്ഥേ പാർശ്വരുഗ്ദോഷേ സന്ധിഗേ ഭവതി ജ്വരഃ
രൂപാണ്യേകാദശൈതാനി ജായന്തേ രാജയക്ഷ്മിണഃ.

സാ—"സർപ്പന്നൂർദ്ധ്വമധസ്തിര്യക്" ഇത്യാദിഗ്രന്ഥംകൊണ്ട് ദോഷം ഊർദ്ധ്വാദിഭാഗങ്ങളിൽ വ്യാപിക്കുമെന്നു പറഞ്ഞുവല്ലോ. അങ്ങിനെ ഓരോഭാഗങ്ങളിൽ വ്യാപിച്ചാലുള്ള ലക്ഷണം പറയുന്നു. പീനസേതി—ദോഷം ഊർദ്ധ്വഗതമായിരിക്കുമ്പോൾ രാജയക്ഷ്മിക്ക് പീനസാദികൾ ഭവിക്കും. പീനസം=മൂക്കിൽനിന്നു വെള്ളംവരിക. ശ്വാസം=വായുക്ഷോഭം. കാസം=ചുമ. അംസമൂർദ്ധസ്വരരുക്=ചുമലുകളിലും തലയിലും ഒച്ചക്കും വേദന. അരുചി=രുചിക്ഷയം. ദോഷം അധോഗതമായിരിക്കുമ്പോൾ വിട്ടിന് (മലത്തിന്നു) അയച്ചിലോ വരൾച്ചയോ ഉ

ണ്ടാകും. ദോഷം കോഷ്ഠഗതമായിരിക്കുമ്പോൾ ഛർദ്ദിയുണ്ടാകും. ദോഷം വിലഗ്നത്തിൽ നില്ക്കുമ്പോൾ പാർശ്വവേദനയുണ്ടാകും. ദോഷം സന്ധിഗതമായിരിക്കുമ്പോൾ ജ്വരം ഭവിക്കും. ഇങ്ങിനെ പതിനൊന്നു ലക്ഷണങ്ങൾ ക്ഷയരോഗിക്കുണ്ടാകും. ദോഷങ്ങൾ ശരീരത്തിൽ വ്യാപിക്കുന്നതു അവയുടെ കോപവിശേഷമനുസരിച്ചാകുന്നു. ദോഷവ്യാപ്തിയെ അനുസരിച്ചാണു രോഗസംഭവം. ഉക്തസ്ഥാനങ്ങളിലെല്ലാം ദോഷം വ്യാപിച്ചിരുന്നാൽ മേല്പറഞ്ഞ ഏകാദശരൂപങ്ങളും പരിപൂർണ്ണമായിക്കാണുമെന്നു ഭാവം. "വിൾസ്രംസസംശോഷൌ" എന്നതുകൊണ്ടു രൂപസംഖ്യയിൽ ഒന്നുകിൽ വിൾസ്രംസം അല്ലെങ്കിൽ വിൾസംശോഷം എന്നു ഒന്നിനെ മാത്രമേ ഗ്രഹിക്കേണ്ടു. സ്രോതസ്സുകൾ വിവൃതങ്ങളായാൽ മലത്തിന്നു സ്രംസവും രുദ്ധങ്ങളായാൽ സംശോഷവും ഭവിക്കും. 1 പീനസം, 2 ശ്വാസം, 3 കാസം, 4 അംസരുക്കു, 5 മൂർദ്ധരുക്കു, 6 സ്വരരുക്കു, 7 അരുചി, 8 വിട്ടിന്നു സ്രംസം അഥവാ ശോഷം, 9 ഛർദ്ദി, 10 പാർശ്വരുക്കു, 11 ജ്വരം—ഇങ്ങിനെ പതിനൊന്നു രൂപങ്ങളെന്നറിഞ്ഞുകൊൾക.

തേഷാമുപദ്രവാൻ വിദ്യാൽ കണ്ഠോദ്ധ്വംസമുരോരുജം
ജൃംഭാംഗമർദ്ദനിഷ്ഠീവവഹ്നിസാദാസ്യപൂതിതാഃ.

സാ—അവറ്റക്കു (പീനസാദികൾക്കു) കണ്ഠോദ്ധ്വംസാദികളായ ഉപദ്രവങ്ങൾ ഉണ്ടാകുമെന്നും അറിയണം. കണ്ഠോദ്ധ്വംസം=കഴുത്തിൽ വേദന. ഉരോരുക്കു=മാറത്തു വേദന. ജൃംഭാ=കോട്ടുവായ. അംഗമർദ്ദം=അംഗങ്ങളിൽ കുത്തിനോവു. നിഷ്ഠീവം—തുപ്പൽ. വഹ്നിസാദം=അഗ്നിമാന്ദ്യം. ആസ്യപൂതിതാ=വായക്കു ദുർഗ്ഗന്ധം. ഉപദ്രവമെന്നാൽ ഒരു രോഗമുണ്ടായതിനുശേഷം ഉണ്ടാകുന്നതായ രോഗമെന്നർത്ഥം.

തത്ര വാതാച്ഛിരഃപാർശ്വശൂലമംസാങ്ഗമർദ്ദനം
കണ്ഠോദ്ധ്വംസസ്സ്വരഭ്രംശഃ പിത്താൽ പാദാസ്യപാണിഷു
ദാഹോതിസാരോസൃച്ഛർദ്ദിർമ്മുഖഗന്ധോ ജ്വരോ മദഃ
കഫാദരോചകഃ ഛർദ്ദിഃ കാസോ മൂർദ്ധാങ്ഗഗൌരവം
പ്രസേകഃ പീനസഃ ശ്വാസഃ സ്വരസാദോല്പവഹ്നിതാ.

സാ—അവയിൽവെച്ചു വാതം ഹേതുവായിട്ടുള്ള രാജയക്ഷ്മാവിൽ ശിരസ്സിന്നും പാർശ്വങ്ങൾക്കും വേദനയും ചുമലുകൾക്കും അംഗങ്ങൾക്കും മർദ്ദനവും കണ്ഠവേദനയും സ്വരഭ്രംശവും ഭവിക്കും. പിത്തം ഹേതു

വായിട്ടുള്ളതിൽ പാദാസ്യപാണിദാഹം, അതിസാരം, രക്തച്ഛർദ്ദനം, മുഖദുർഗ്ഗന്ധം, ജ്വരം, മദം എന്നിവയുണ്ടാകും. കഫം ഹേതുവായിട്ടുള്ള രാജയക്ഷ്മാവിൽ അരോചകം, ഛർദ്ദി, ചുമ, തലയ്ക്കും ദേഹത്തിന്നും കനം, പ്രസേകം, പീനസം, ശ്വാസം, സ്വരസാദം, അഗ്നിമാന്ദ്യം എന്നിവയുമുണ്ടാകും.

രാജയക്ഷ്മാവുള്ളവൻ മാംസാദികളെ ഭക്ഷിച്ചാലും അവന്നു ധാതുപുഷ്ടിക്കു പകരം ധാതുക്ഷയമാണുണ്ടാവുക എന്നതിന്നു യുക്തിയെപ്പറയുന്നു:—

ദോഷൈർമ്മന്ദാനലത്വേന സോപലേപൈഃ കഫോൽബണൈഃ
സ്രോതോമുഖേഷു രുദ്ധേഷു ധാതൂഷ്മസ്വല്പകേഷു ച.
വിദഹ്യമാനഃ സ്വസ്ഥാനേ രസസ്തസ്താനുപദ്രവാൻ
കുര്യാദഗച്ഛൻ മാംസാദീനസൃക്ചോർദ്ധ്വം പ്രധാവതി.
പച്യതേ കോഷ്ഠ ഏവാന്നമന്നപക്ത്രൈവ ചാസ്യ യൽ
പ്രായോസ്മാന്മലതാം യാതം നൈവാലം ധാതുപുഷ്ടയേ.
രസോപ്യസ്യ ന രക്തായ മാംസായ കുത ഏവ തു
അവഷ്ടബ്ധസ്സ ശകൃതാ കേവലം വർത്തതേ ക്ഷയീ.

സാ—രാജയക്ഷ്മരോഗത്തിൽ രോഗസ്വഭാവംകൊണ്ടുതന്നെ അഗ്നിമാന്ദ്യമുണ്ടാകയാൽ ദോഷങ്ങൾ സോപലേപങ്ങൾ (അപാകത്താൽ അവിശദങ്ങൾ) ആയും കഫോൽബണങ്ങളായും ഭവിച്ച് അവ സ്രോതസ്സുകളുടെ ദ്വാരങ്ങളെ രോധിക്കുകയും ധാതുക്കളിലുള്ള അഗ്നികൾ ഏററവും അല്പങ്ങളായി ഭവിക്കുകയും ചെയ്യുന്നു. അപ്പോൾ രസമെന്ന ധാതു അതിൻെറ സ്ഥാനത്തിൽവെച്ചുതന്നെ വിശേഷേണ ദഹിക്കപ്പെടുന്നതായിട്ട് ഭവിക്കുന്നു. അപ്പോൾ ആ രസധാതു രക്താദികളായ ധാതുക്കളെ പ്രാപിക്കാതെകണ്ടായിട്ട് ഓരോരോ ഉപദ്രവങ്ങളെ ഉണ്ടാക്കും. രക്തവും മാംസാദികളെ പ്രാപിക്കാതെ ഊർദ്ധ്വഭാഗത്തേക്ക് നിർഗ്ഗമിക്കും. അന്നം അന്നപാചനകർത്താവായ അഗ്നിയാൽ കോഷ്ഠത്തിൽവെച്ചു പചിപ്പിക്കപ്പെടുകയേ ഉള്ളൂ. രസാദിക്രമേണ ധാതുക്കളിൽവെച്ച് ധാതൂഷ്മാക്കളാൽ പചിക്കപ്പെടുകയില്ലെന്നർത്ഥം. ആകയാൽ അന്നം പ്രായേണ മലമായിത്തീരുകയും ധാതുപുഷ്ടിക്കു മതിയാകാതെ പോകയും ചെയ്യുന്നു. അപ്പോൾ രസം രക്തത്തെ പോഷിപ്പിക്കുന്നതായി ഭവിക്കുന്നില്ല; പിന്നെ മാംസത്തെപ്പോഷിപ്പിക്കുകയില്ലെന്നു പറയേണ്ടതില്ലല്ലോ. അതു

കൊണ്ടു്, ക്ഷയരോഗി കേവലം മലത്താൽ മാത്രം അവഷ്ടബ്ധനായിട്ടു വർത്തിക്കുന്നു. മലം മാത്രമേ ക്ഷയരോഗിക്കു ബലമായിട്ടുള്ളു എന്നു സാരം.

ലിങ്ഗേഷ്വല്പേഷ്വപി ക്ഷീണം വ്യാധ്യൌഷധബലാക്ഷമമ്
വർജ്ജയേത്സാധയേദേവ സർവ്വേഷ്വപി തതോന്യഥാ.

സാ— ക്ഷയരോഗമുള്ളവൻ ക്ഷീണനായും വ്യാധികളുടേയും ഔഷധത്തിൻെറയും ബലത്തെ സഹിപ്പാൻ അശക്തനായും ഇരുന്നാൽ അവന്നു് രോഗലിംഗങ്ങൾ അല്പങ്ങളായിരുന്നാൽകൂടിയും അവനെ വർജ്ജിക്കണം. മറിച്ചായാൽ (അതായതു വ്യാധ്യൌഷധബലക്ഷമനായിരുന്നാൽ) സർവ്വലക്ഷണങ്ങളും തികഞ്ഞിരുന്നാലും അവനെ ചികിത്സിക്കതന്നെ വേണം. ലക്ഷണങ്ങളുടെ പൂർത്ത്യപൂർത്തികളെക്കൊണ്ടല്ല ദേഹക്ഷയാക്ഷയങ്ങളെക്കൊണ്ടാണു് ക്ഷയത്തിൻെറ സാദ്ധ്യാസാദ്ധ്യതയെ അറിയേണ്ടതെന്നു സാരം. ഇങ്ങിനെ രാജയക്ഷ്മനിദാനം കഴിഞ്ഞു.

അനന്തരം ക്ഷയത്തിൻെറ അംഗങ്ങളായ സ്വരഭേദാദികളെ പറയുന്നു:—

ദോഷൈർവ്യസ്തൈസ്സമസ്തൈശ്ച ക്ഷയാൽ ഷഷ്ഠശ്ച മേദസാ
സ്വരസാദോ ഭവേത്തത്ര ക്ഷാമോ രൂക്ഷശ്ചലഃ സ്വരഃ
ശൂകപൂർണ്ണാഭകണ്ഠത്വം സ്നിഗ്ദ്ധോഷ്ണോപശയോനിലാൽ
പിത്താത്താലുഗളേ ദാഹഃ ശോഷ ഉക്താവസൂയനമ്
ലിമ്പന്നിവ കഫാൽ കണ്ഠം മന്ദഃ ഖുരഖുരായതേ
സ്വരോ വിബദ്ധസ്സർവ്വൈസ്തു സർവ്വലിങ്ഗഃ ക്ഷയാൽ കഷേൽ
ധൂമായതീവ ചാത്യർത്ഥം മേദസാ ശ്ലേഷ്മലക്ഷണഃ
കൃച്ഛ്രലക്ഷ്യാക്ഷരശ്ചാത്ര സർവ്വൈരന്ത്യഞ്ച വർജ്ജയേൽ.

സാ— സ്വരസാദം ആറു വിധത്തിൽ ഭവിക്കും. ഒന്നു് വാതംകൊണ്ടു്, രണ്ടു് പിത്തംകൊണ്ടു്, മൂന്നു് കഫംകൊണ്ടു്, നാലു് ത്രിദോഷസന്നിപാതംകൊണ്ടു്, അഞ്ചു് ക്ഷയംകൊണ്ടു് ആറു്, മേദസ്സുകൊണ്ടു് എന്നിങ്ങിനെയാണു് ആറുവിധം. അവയിൽ വാതംകൊണ്ടുള്ള സ്വരസാദത്തിൽ സ്വരം ക്ഷാമ (=കൃശ)മായും രൂക്ഷമായും ചലമായും ഭവിക്കും. കണ്ഠം ശൂകങ്ങളെക്കൊണ്ടു് (നെല്ലിൻെറ ഓവുകളെക്കൊണ്ടു്) പൂർണ്ണമായതുപോലെ തോന്നും. സ്നിഗ്ദ്ധങ്ങളും ഉഷ്ണങ്ങളുമായ ദ്രവ്യങ്ങളെക്കൊണ്ടു് സുഖം കിട്ടുകയും ചെയ്യും. പിത്തംകൊണ്ടുള്ള സ്വരസാദത്തിൽ താലുപ്രദേശത്തും ഗളത്തിലും ചുട്ടുനീറലും മെലിച്ചിലും വാക്കുകൾ പറയുന്നതിൽ അസൂയന(=അപരിസമാപ്തി)വും ഭവിക്കും. കഫംകൊണ്ടുള്ള

സന്നിപാതത്തിൽ സ്വരം പുറപ്പെടുമ്പോൾ കണ്ഠലേപപ്രതീതിയുണ്ടാകും. സ്വരം മന്ദമായിരിക്കും. ഘർഘരശബ്ദവുമുണ്ടാകും. സന്നിപാതംകൊണ്ടുള്ള സ്വരഭേദങ്ങൾ സ്വരം അടച്ചിരിക്കും. വാതാദിസ്വരഭേദങ്ങളുടെ ലക്ഷണങ്ങളെല്ലാം കാണുകയും ചെയ്യും. ക്ഷയംകൊണ്ടുള്ള സ്വരഭേദം കണ്ഠാദിസ്ഥാനങ്ങളെ കഷ്ണം ചെയ്കയും പുക പുറപ്പെടുവിക്കുന്നതുപോലെ ഇരിക്കുകയും ചെയ്യും. മേദസ്സുകൊണ്ടുള്ള സ്വരഭേദത്തിന്റെ ലക്ഷണങ്ങൾ കഫസ്വരഭേദത്തിന്നു പറഞ്ഞവതന്നെയാണ്. അതു കൃച്ഛ്രലക്ഷ്യാക്ഷരം(=അക്ഷരങ്ങൾ പുറപ്പെടുവാൻ പ്രയാസമുള്ളത്) ആയിരിക്കയും ചെയ്യും. ഇങ്ങിനെ ആറുവിധത്തിലുള്ള സ്വരഭേദങ്ങളിൽവെച്ച് ത്രിദോഷസന്നിപാതംകൊണ്ടുള്ളതിനേയും അന്ത്യത്തേയും (അതായത് മേദസ്സുകൊണ്ടുള്ളതിനേയും) വർജ്ജിക്കണം. ശേഷമുള്ള നാലും സാദ്ധ്യങ്ങളാണെന്നർത്ഥം.

അനന്തരം അരോചകത്തെപ്പറയുന്നു:—

അരോചകോ ഭവേദ്ദോഷൈർജ്ജിഹ്വാഹൃദയസംശ്രയൈഃ
സന്നിപാതേന മനസസ്സന്താപേന ച പഞ്ചമഃ.

സാ— ദോഷങ്ങൾ കോപിച്ച് ജിഹ്വയിലും ഹൃദയത്തിലും ചെന്നുകൂടിയാലാണ് അരോചകം ഉണ്ടാകുന്നത്. ഇത് അഞ്ചുവിധം. വാതാദിദോഷങ്ങളെക്കൊണ്ടു മൂന്നും, സന്നിപാതംകൊണ്ടൊന്നും, മനസ്സിന്റെ സന്താപംകൊണ്ടൊന്നും, ഇങ്ങിനെ അഞ്ചുവിധം. ഇവയിൽ ദോഷങ്ങളുടെ കോപകാരണം സാമാന്യം തന്നെയെന്നും സമ്പ്രാപ്തിഭേദത്താലാണ് രോഗഭേദോത്പത്തി എന്നും ധരിക്കേണ്ടതാണ്. മനസ്സന്താപമെന്നതു പല തരത്തിലുള്ള ശോകക്രോധാദികളെക്കൊണ്ടു മനസ്സിന്നുണ്ടാകുന്ന ചൂടാകുന്നു. ഇത് ആഗന്തുവാണെന്നു പറയേണ്ടതില്ലല്ലോ. ആഗന്തുവായ ഇതിലും ആഗന്തുകാരണവശാലുള്ള താപത്തിന്റെ പിന്നിൽ ദോഷകോപവുമുണ്ടാകുമെന്ന് ധരിക്കേണ്ടതാകുന്നു.

കഷായതിക്തമധുരം വാതാദിഷു മുഖം ക്രമാൽ
സർവ്വോത്ഥേ വിരസം ശോകക്രോധാദിഷു യഥാമലം.

സാ—വാതാദികളിൽ ക്രമത്താലേ മുഖം കഷായതിക്തകടുകമായി ഭവിക്കും. വാതാരോചകത്തിൽ വായക്കു ചവർപ്പുരസവും പിത്താരോചകത്തിൽ കയ്പുരസവും കഫാരോചകത്തിൽ മധുരരസവും ഉണ്ടായിരിക്കുമെന്നർത്ഥം. സന്നിപാതംകൊണ്ടുള്ള അരോചകത്തിൽ മുഖം വിരസമായിട്ടുമിരിക്കും. ഒരു രസവും തിരിച്ചറിവില്ലെന്നർത്ഥം. ശോകക്രോധാദിക

ളിൽ ഏതുദോഷം അനുകോപിക്കുന്നുവോ ആ ദോഷത്തിന്റെ സ്ഥിതിയനുസരിച്ചിക്കും. ഇങ്ങിനെ അരോചകം കഴിഞ്ഞു.

അനന്തരം ഛർദ്ദിയെപ്പറയുന്നു:—

ഛർദ്ദിഃദ്ദോഷൈഃ പൃഥക്സർവ്വൈർദ്വിഷ്ടൈരർത്ഥൈശ്ച പഞ്ചമീ
ഉദാനോ വികൃതോ ദോഷാൻ സർവ്വാസ്വപ്യൂർദ്ധ്വമസ്യതി
താസൂൽക്ലേശാസ്യലാവണ്യപ്രസേകാരുചയോഗ്രഗാഃ.

സാ—ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും എല്ലാ ദോഷങ്ങളുടേയും സന്നിപാതംകൊണ്ടൊന്നും, ദ്വിഷ്ടങ്ങളായിരിക്കുന്ന അർത്ഥങ്ങളെക്കൊണ്ടൊന്നും, എന്നിങ്ങിനെ ഛർദ്ദി അഞ്ചുവിധത്തിലാകുന്നു. എല്ലാ ഛർദ്ദികളിലും ഉദാനനെന്ന വായു വികൃതനായിത്തീർന്നിട്ടു വാതാദികളായ ദോഷങ്ങളെ ഊർദ്ധ്വഭാഗത്തേക്കു തള്ളുന്നു. ഇതാണ് ഛർദ്ദിയുടെ സാമാന്യമായ സംപ്രാപ്തി. ഇവയിലെല്ലാം തന്നെ ഉൽക്ലേശം (ഉൾപ്പുഴക്ക്), ആസ്യലാവണ്യം (വായക്ക് ഉപ്പുരസം), പ്രസേകം (വായിൽ വെള്ളം തെളിയൽ) എന്നിവ പൂർവ്വരൂപങ്ങളായിരിക്കും. ദ്വിഷ്ടാർത്ഥങ്ങൾ=മനസ്സിൽ പിടിക്കാത്ത പദാർത്ഥങ്ങൾ.

നാഭിം പൃഷ്ഠം രുജൻ വായുഃ പാർശ്വേ ചാഹാരമുൽക്ഷിപേൽ
തതോ വിച്ഛിന്നമല്പാല്പം കഷായം ഫേനിലം വമേൽ
ശബ്ദോൽഗാരയുതം കൃഷ്ണമച്ഛം കൃച്ഛ്രേണ വേഗവൽ
കാസാസ്യശോഷഹൃന്മൂർദ്ധസ്വരപീഡാക്ലമാന്വിതഃ
പിത്താൽ ക്ഷാരോദകനിഭം ധൂമ്രം ഹരിതപീതകമ്
സാസൃഗമ്ലം കടൂഷ്ണഞ്ച തൃണ്മൂർച്ഛാദാഹതാപവാൻ
കഫാൽ സ്നിഗ്ദ്ധം ഘനം ശീതം ശ്ലേഷ്മതന്തുഗവാക്ഷിതമ്
മധുരം ലവണം ഭൂരിപ്രസക്തം ലോമഹർഷണമ്
മുഖശ്വയഥുമാധുര്യ്യതന്ദ്രാഹൃല്ലാസകാസവാൻ.

സാ—വായു, നാഭിയേയും പൃഷ്ഠത്തേയും പാർശ്വങ്ങളേയും വേദനപ്പെടുത്തിക്കൊണ്ട് ആഹാരത്തെ മേൽപ്പോട്ടുന്തും. പിന്നെ മുറിഞ്ഞു മുറിഞ്ഞുകൊണ്ടും, അല്പാല്പമായും, ചവർപ്പുരസമായും, നുരയോടുകൂടിയും, ശബ്ദത്തോടും തേട്ടലോടു കൂടിയായും, കൃഷ്ണനിറമായും, അച്ഛമായും, വളരെ പണിപ്പെട്ടും, വേഗത്തോടുകൂടിയും ഛർദ്ദിക്കും. ഛർദ്ദിയുള്ളവൻ, കാസം-ആസ്യശോഷം-ഹൃന്മൂർദ്ധസ്വരപീഡാ-ക്ലമം എന്നിവയുള്ളവനായിരിക്കയും ചെയ്യും. ഇതാണ് വാതഛർദ്ദിലക്ഷണം. പിത്തംകൊണ്ടുള്ളതിൽ ക്ഷാരോദകം (കാരവെള്ളം)പോലെയും ധൂമ്രവർണ്ണമായും പച്ചനിറ

മോ മഞ്ഞനിറമോ ഉള്ളതായും രക്തത്തോടുകൂടിയും ഉപ്പുരസവും എരിവുരസവും കലന്നും ഉഷ്ണമായും ഛർദ്ദിക്കും. രോഗി തണ്ണീർദാഹത്തോടും മൂർച്ഛയോടും ദാഹതാപങ്ങളോടും കൂടിയവനായിരിക്കയും ചെയ്യും. ഇതാണ് പിത്തഛർദ്ദിലക്ഷണം. കഫംകൊണ്ടാകട്ടേ സ്നിഗ്ദ്ധഘനശീതവും ശ്ലേഷ്മതന്തുക്കൾ(കഫനൂലുകൾ) ചിന്നിയതും മധുരലവണരസയുക്തവും ഭൂരിയും പ്രസക്ത(=സാനുബന്ധ)വുമായിട്ടു ഛർദ്ദിക്കും. ഛർദ്ദിക്കുമ്പോൾ രോമങ്ങൾ എടുത്തു പിടിക്കുകയും ചെയ്യും. രോഗിക്കു മുഖത്തു വീക്കവും വായ്ക്കു മധുരരസവും തന്ദ്രാഹൃല്ലാസകാസങ്ങളും ഉണ്ടാകയും ചെയ്യും. ഇതാണ് കഫഛർദ്ദിലക്ഷണം.

സർവ്വലിംഗാ മലൈസ്സർവ്വൈ രിഷ്ടോക്താ യാ ച താം ത്യജേൽ
പൂത്യമേദ്ധ്യാശുചിദ്വിഷ്ടദർശനശ്രവണാദിഭിഃ
തപ്തേ ചിത്തേ ഹൃദി ക്ലിഷ്ടേ ഛർദ്ദിർദ്വിഷ്ടാർത്ഥയോഗജാ.

സാ—സർവ്വങ്ങളായ മലങ്ങളെക്കൊണ്ടു് (അതായതു ത്രിദോഷസന്നിപാതംകൊണ്ടു്) ഉള്ള ഛർദ്ദി മേല്പറഞ്ഞ വാതാദികളായ മൂന്നു ഛർദ്ദികളുടേയും ലക്ഷണങ്ങളെല്ലാം തികഞ്ഞതായിരിക്കും. രിഷ്ടത്തിങ്കൽ (വികൃതിവിജ്ഞാനീയത്തിൽ) യാതൊരു ഛർദ്ദി പറയപ്പെട്ടിരിക്കുന്നുവോ അതിനേയും മേൽപറഞ്ഞ സർവ്വലിംഗസന്നിപാതഛർദ്ദിയേയും ഉപേക്ഷിക്കണം *. വികൃതിവിജ്ഞാനീയത്തിൽ "ഛർദ്ദിർവ്വേഗവതീ മൂത്രശകൃൽഗന്ധിഃ" ഇത്യാദി ഗ്രന്ഥംകൊണ്ടു പറയപ്പെട്ടതായ ഛർദ്ദിയെയാണിവിടെ കാണിച്ചതെന്നറിഞ്ഞുകൊൾക. ഇനി ദ്വിഷ്ടാർത്ഥങ്ങളെക്കൊണ്ടുള്ള ഛർദ്ദിയെ വിവരിക്കുന്നു. പൂത്യമേദ്ധ്യേതി—ദുർഗ്ഗന്ധമുള്ളവയും മനസ്സിൽ പിടിക്കാത്തവയും അശുചികളും അഹിതങ്ങളുമായ വസ്തുക്കളുടെ ദർശനശ്രവണചിന്തനാദികളെക്കൊണ്ടു് ചിത്തം തപ്തമായും ഹൃദയം ക്ലിഷ്ടമായും വരുന്നതെപ്പോഴോ അപ്പോളാണു് ദ്വിഷ്ടാർത്ഥയോഗജയായ ഛർദ്ദി ഉണ്ടാകുന്നതു്.

വാതാദീനേവ വിമൃശേൽ കൃമിതൃഷ്ണാമദൌഹൃദേ
ശൂലവേപഥുഹൃല്ലാസൈസ്സവിശേഷാൽ കൃമിജാം വദേൽ.
കൃമിഹൃദ്രോഗലിംഗൈശ്ച... ... ... ...

സാ— കൃമി, ഹൃദ്രോഗം, ആമം, ദൌഹൃദം എന്നിവയിലുള്ള ഛർദ്ദിയിൽ വാതാദികളെത്തന്നെ വിമർശിക്കണം. കൃമ്യാദികളെക്കൊണ്ടു

* സർവ്വലിംഗങ്ങളും തികഞ്ഞു കാണാത്തതായ സന്നിപാതഛർദ്ദി അസാദ്ധ്യമെന്നഭിപ്രായമില്ല. അതിനെ ചികിത്സിക്കണം.

71 MAR 1932

ള്ളവ ഇവയിൽനിന്നു വേറിട്ടുള്ളവയല്ലെന്നും അവയും വാതാദി ഹേതുക്കളാണെന്നുമർത്ഥം. ദൌഹൃദം=ഗർഭമുണ്ടായിരിക്കുമ്പോളുണ്ടാകുന്ന നാനാവിധാഹാരേച്ഛ. ആ ഇച്ഛ സാധിക്കാഞ്ഞതാലാണ് ഛർദ്ദിയുണ്ടാകുന്നത്. വിശേഷിച്ചും കൃമികൊണ്ടുള്ള ഛർദ്ദിയെ ശൂലവേപഥുഹൃല്ലാസങ്ങളെക്കൊണ്ടും കൃമിഹൃദ്രോഗലിംഗങ്ങളെക്കൊണ്ടും വധിക്കണം. ശൂലം=വയറുവേദന. വേപഥു=വിറ. ഹൃല്ലാസം=നെഞ്ഞുകലിപ്പ്. കൃമിഹൃദ്രോഗലിംഗങ്ങൾ=കൃമിഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ. കൃമികൊണ്ടുള്ള ഛർദ്ദിയിൽ ശൂലാദികൾ വിശേഷാലുള്ള ലക്ഷണങ്ങളാകുന്നു. കൃമിഹൃദ്രോഗലിംഗങ്ങൾ ശ്യാവനേത്രതാദികളാണെന്നറിഞ്ഞുകൊൾക. ഇങ്ങിനെ ഛർദ്ദികൾ കഴിഞ്ഞു.

അനന്തരം ഹൃദ്രോഗങ്ങളെ പറയുന്നു:—

... ... ... സ്മൃതാഃ പഞ്ച തു ഹൃൽഗദാഃ
തേഷാം ഗുല്മനിദാനോക്തൈസ്സമുത്ഥാനൈശ്ച സംഭവഃ.

സാ—വാതാദിദോഷങ്ങളെക്കൊണ്ടു മൂന്നും, സന്നിപാതംകൊണ്ടൊന്നും, കൃമികളെക്കൊണ്ടൊന്നും എന്നിങ്ങിനെ അഞ്ചുവിധത്തിലാണ് ഹൃദ്രോഗങ്ങൾ. ആ ഹൃദ്രോഗങ്ങളുണ്ടാകുന്നത് ഗുല്മനിദാനത്തിൽ പറയപ്പെട്ട സമുത്ഥാനങ്ങളെക്കൊണ്ടാകുന്നു. സമുത്ഥാനങ്ങൾ=ഹേതുക്കൾ.

വാതേന ശൂല്യതേത്യർത്ഥം തുദ്യതേ സ്ഫുടതീവ ച
ഭിദ്യതേ ശുഷ്യതി സ്തബ്ധം ഹൃദയം ശൂന്യതാ ദ്രവഃ.
അകസ്മാദ്ദീനതാ ശോകോ ഭയം ശബ്ദാസഹിഷ്ണുതാ
വേപഥുർവ്വേഷ്ടനം മോഹഃ ശ്വാസരോധോല്പനിദ്രതാ.
പിത്താത്തൃഷ്ണാ ഭ്രമോ മൂർച്ഛാ സ്വേദോ ദാഹോഷ്മകഃ ക്ലമഃ
ഛർദ്ദനഞ്ചാമ്ലപിത്തസ്യ ധൂമകഃ പീതതാ ജ്വരഃ.
ശ്ലേഷ്മണാ ഹൃദയം സ്തബ്ധം ഭാരികം സാശ്മഗർഭവൽ
കാസാഗ്നിസാദനിഷ്ഠീവനിദ്രാലസ്യാരുചിജ്വരാഃ.

സാ—വാതംകൊണ്ടുള്ള ഹൃദ്രോഗത്തിൽ ഹൃദയത്തിൽ അതിയായ ശൂലവേദനയുണ്ടാകും. ഹൃദയം കുത്തിനോവുകയും പിളർന്നുനോവുകയും ചെയ്യും. ഹൃദയം കീറുന്നതായും വരളുന്നതായും തോന്നും. സ്തംഭിച്ചിരിക്കുകയും ചെയ്യും. ശൂന്യതയും ദ്രവീഭാവവും കാരണംകൂടാതെയുള്ള ദീനതയും ശോകവും ഭയവും ശബ്ദം സഹിപ്പാൻ വഹിയായ്കയും ഭവിക്കും. വിറയൽ, വേഷ്ടനം (ചുററൽ), മോഹം, ശ്വാസംകഴിക്കുന്നതിനു ത

ടസ്ഥം, നിദ്രാഹാനി എന്നിവയുമുണ്ടാകും. "വാതേന ശൂല്യതേത്യത്ഥം" എന്നു പറഞ്ഞതുകൊണ്ട് മററുള്ള ഹൃദ്രോഗങ്ങളിലും ഹൃദയശൂലമുണ്ടാകുമെന്നും വാതഹൃദ്രോഗത്തിൽ അതു അധികമായുണ്ടാകുമെന്നും ഗ്രഹിക്കണം. പിത്തംകൊണ്ടുള്ള ഹൃദ്രോഗത്തിൽ തണ്ണീർദാഹവും തലതിരിച്ചിലും മൂർച്ഛയും സ്വേദവും ദാഹവും പുളിച്ചുതേട്ടലും ക്ലമവും അമ്ലരസമായ പിത്തം ഛർദ്ദിക്കലും പുകഞ്ഞുതേട്ടലും പീതവർണ്ണവും ജ്വരവുമുണ്ടാകും. പീതവർണ്ണം അംഗങ്ങളിലാണെന്നറിയണം. കഫംകൊണ്ടുള്ള ഹൃദ്രോഗത്തിൽ ഹൃദയം സ്തബ്ധമായിരിക്കും. ഹൃദയത്തിൻെറ ഉള്ളിൽ കാംസ്യമോ കല്ലോ പെട്ടാലെന്നപോലെ കനവും തോന്നും. കാസം, അഗ്നിസാദം, നിഷ്ഠീവനം, നിദ്ര, ആലസ്യം, അരുചി, ജ്വരം എന്നിവയുമുണ്ടാകും.

സർവ്വലിംഗസ്ത്രിഭിർദ്ദോഷൈഃ കൃമിഭിഃ ശ്യാവനേത്രതാ
തമഃപ്രവേശോ ഹൃല്ലാസശ്ശോഷഃ കണ്ഡൂഃ കഫസ്രുതിഃ
ഹൃദയം പ്രതതഞ്ചാത്ര ക്രകചേനേവ ദാർയ്യതേ
ചികിത്സേദാമയം ഘോരം തം ശീഘ്രം ശീഘ്രകാരിണമ്.

സാ—മൂന്നുദോഷങ്ങളുടേയും സന്നിപാതംകൊണ്ടുള്ള ഹൃദ്രോഗം മേല്പറഞ്ഞ വാതാദിഹൃദ്രോഗങ്ങളുടെയെല്ലാം ലക്ഷണങ്ങൾ തികഞ്ഞതായിരിക്കും. കൃമികളെക്കൊണ്ടുള്ള ഹൃദ്രോഗത്തിൽ ശ്യാവനേത്രതാദികൾ ഉണ്ടാകും. ശ്യാവനേത്രതാ=കണ്ണുകൾക്കു കരുവാളിപ്പ്. തമഃപ്രവേശം=ഇരുളടക്കൽ. ഹൃല്ലാസം=നെഞ്ചുകലിപ്പ്. ശോഷം=മെലിച്ചിൽ. കണ്ഡൂ=ചൊറി. കഫസ്രുതി=കഫമൊലിക്കൽ. ഈ കൃമിഹൃദ്രോഗത്തിൽ കൃമികളുടെ ഉപദ്രവംനിമിത്തം ഹൃദയം എല്ലായ്പോഴും ക്രകചം (=ഈർച്ചവാൾ) കൊണ്ട് ഈർന്നുപൊളിക്കുന്നതുപോലെയുള്ള വേദനതോന്നുകയും ചെയ്യും. കൃമിഹൃദ്രോഗമെന്ന ഈ രോഗം ഭയങ്കരവും ശീഘ്രകാരിയുമാണ്. ഇതിനെ ശീഘ്രം ചികിത്സിക്കണം. കൃമികൾ മഹാമർമ്മമായ ഹൃദയത്തെ ഭക്ഷിക്കുന്നതുനിമിത്തമാണ് ഈ രോഗം ഇത്ര ഭയങ്കരമായതെന്നറിയേണ്ടതാണ്. ഇങ്ങിനെ ഹൃദ്രോഗം കഴിഞ്ഞു.

ഇനി തൃഷ്ണകളെ പറയുന്നു:—

വാതാൽ പിത്താൽ കഫാത്തൃഷ്ണാ സന്നിപാതാദ്രസക്ഷയാൽ
ഷഷ്ഠീ സ്യാദുപസർഗ്ഗാച്ച വാതപിത്തേ തു കാരണം
സർവ്വാസു തൽപ്രകോപോ ഹി സൌമ്യധാതുപ്രശോഷണാൽ
സർവ്വദേഹഭ്രമോൽകമ്പതാപതൃഡ്ദാഹമോഹകൃൽ.

സാ—വാതം, പിത്തം, കഫം എന്നിവയെക്കൊണ്ടും സന്നിപാതംകൊണ്ടും, രസക്ഷയംകൊണ്ടും, ഉപസൎഗ്ഗംകൊണ്ടും, എന്നിങ്ങിനെ തൃഷ്ണകൾ ആറുവിധമാകുന്നു. ഉപസൎഗ്ഗം=അന്യരോഗാഭിഷംഗം. വാതപിത്തങ്ങളാകട്ടെ എല്ലാ തൃഷ്ണകളിലും പ്രധാനമായ കാരണമാകുന്നു. ആ വാതപിത്തങ്ങളുടെ കോപമാകട്ടെ സൌമ്യധാതുവിന്നു (അതായതു രസധാതുവിന്നു) കാരണവശാൽ വരുന്ന പ്രശോഷണം ഹേതുവായിട്ടാണുണ്ടാവുന്നതു്. ആ കോപം സൎവ്വദേഹഭ്രമത്തേയും ഉൽകമ്പത്തേയും താപതൃൾദാഹമോഹങ്ങളേയും ഉണ്ടാക്കുകയും ചെയ്യും.

ജിഹ്വാമൂലഗളക്ലോമതാലുതോയവഹാസ്സിരാഃ
സംശോഷ്യ തൃഷ്ണാ ജായന്തേ താസാം സാമാന്യലക്ഷണമ്.
മുഖശോഷോ ജലാതൃപ്തിരന്നദ്വേഷഃ സ്വരക്ഷയഃ
കണ്ഠൌഷ്ഠജിഹ്വാകാൎക്കശ്യം ജിഹ്വാനിഷ്ക്രമണം ക്ലമഃ.
പ്രലാപശ്ചിത്തവിഭ്രംശസ്തൃഡ്ഗ്രഹോക്താസ്തഥാമയാഃ

സാ—എല്ലാതൃഷ്ണകളും ജനിക്കുന്നതു് ജിഹ്വാമൂലം, ഗളം, ക്ലോമം, താലു, തോയം (=ജലം) എന്നിവയെ വഹിക്കുന്ന സിരകളെ ശോഷിപ്പിച്ചിട്ടാണു്. അവയുടെ സാമാന്യലക്ഷണം മുഖശോഷംമുതൽ തൃഡ്ഗ്രഹോക്താമയപൎയ്യന്തമുള്ളവയാകുന്നു. മുഖശോഷം=വായവരൾച്ച. ജലാതൃപ്തി=വെള്ളംകുടിച്ചാൽ മതിയാവായ്ക. അന്നദ്വേഷം=അന്നം വേണ്ടെന്നു തോന്നുക. സ്വരക്ഷയം=ഒച്ച പുറപ്പെടായ്ക. കണ്ഠൌഷ്ഠജിഹ്വാകാൎക്കശ്യം=കണ്ഠത്തിന്നും ചുണ്ടുകൾക്കും നാവിന്നും കൎക്കശത്വം. ജിഹ്വാനിഷ്ക്രമണം=നാവു് പുറത്തേക്കു തുറിക്കൽ. ക്ലമം=ഇന്ദ്രിയസാദം. പ്രലാപം=പേപറയൽ. ചിത്തവിഭ്രംശം=ചിത്തഭ്രമം. തൃഡ്ഗ്രഹോക്താമയങ്ങൾ-തൃഷ്ണാധാരണംകൊണ്ടുണ്ടാകുന്നതായി രോഗാനുൽപാദനീയാദ്ധ്യായത്തിൽ പറയപ്പെട്ട ശോഷാദിരോഗങ്ങൾ.

മാരുതാൽ ക്ഷാമതാ ദൈന്യം ശംഖതോദശ്ശിരോഭ്രമഃ
ഗന്ധാജ്ഞാനാസ്യവൈരസ്യശ്രുതിനിദ്രാബലക്ഷയാഃ.
ശീതാംബുപാനാദ്വൃദ്ധിശ്ച പിത്താന്മൂൎച്ഛാസ്യതിക്തതാ
രക്തേക്ഷണത്വം പ്രതതം ശോഷോ ദാഹോതിധൂമകഃ.

സാ—വാതം ഹേതുവായിട്ടുള്ള തൃഷ്ണയിങ്കൽ ക്ഷാമതാദിലക്ഷണങ്ങളുണ്ടാകും. ക്ഷാമതാ=കൃശത. ദൈന്യം=പാരവശത. ശംഖതോദം=ശംഖാസ്ഥികളിൽ കുത്തിനോവു്. ശിരോഭ്രമം=തലതിരിച്ചിൽ. ഗന്ധാജ്ഞാനം=ഗന്ധമറിയായ്ക. ആസ്യവൈരസ്യം=വായ്ക്കു വിരസത. ശ്രുതിനി

ദാബലക്ഷയം=ശ്രവണത്തിന്നും നിദ്രക്കും ബലത്തിന്നും ക്ഷയം. ശീതാംബുപാനം ഹേതുവായിട്ടു വൃദ്ധി=തണുത്തവെള്ളം കുടിച്ചാൽ രോഗവൃദ്ധി. പിത്തജയായ തൃഷ്ണയിങ്കൽ, മൂർച്ഛാദികളായ ലക്ഷണങ്ങൾ ഭവിക്കും. മൂർച്ഛാ=ആലസ്യം. ആസ്യതിക്തതാ=വായ്ക്കു കയ്പുരസം. രക്തേക്ഷണതാ=കണ്ണുകൾ രക്തവർണ്ണങ്ങളായിരിക്കൽ. ശോഷം=മെലിച്ചിൽ. ദാഹം=മുട്ടുനീറൽ. ധൂമകം=പുകഞ്ഞുതേട്ടൽ.

തൃഷ്ണകളിൽ ശോഷമുണ്ടാകുന്നതിന്നു വാതപിത്തങ്ങളാണല്ലോ കാരണമെന്നു പറഞ്ഞത്. അതു ചിലപ്പോൾ സൌമ്യതാനിമിത്തം കഫത്തിൽ ഭവിക്കയില്ല. അതുകൊണ്ട് കഫജതൃഷ്ണയുടെ സമ്പ്രാപ്തിയെപ്പറയുന്നു:—

കഫോ രുണദ്ധി കുപിതസ്തോയവാഹിഷു മാരുതം
സ്രോതസ്സു സകഫസ്തേന പങ്കവച്ഛോഷ്യതേ തതഃ.
ശൂകൈരിവാചിതഃ കണ്ഠോ നിദ്രാമധുരവക്ത്രതാ
ആദ്ധ്മാനം ശിരസോ ജാള്യം സ്തൈമിത്യച്ഛർദ്ദ്യരോചകാഃ.
ആലസ്യമവിപാകശ്ച സർവ്വൈഃ സ്യാത്സർവ്വലക്ഷണാ

സാ—കഫം കുപിതമായിട്ടു ജലവാഹികളായ സ്രോതസ്സുകളിൽ വായുവിനെ രോധിക്കുന്നു; അപ്പോൾ ആ കഫം ആ വായുവിനാൽ ചളിയെന്നപോലെ ശോഷിപ്പിക്കപ്പെടുന്നു. അനന്തരം കഫം ശുഷ്കമായിത്തീർന്നു കഫതൃഷ്ണയെ ജനിപ്പിക്കുന്നു. ഈ തൃഷ്ണയുണ്ടായാൽ കണ്ഠം ശൂകങ്ങളാൽ ആചിതം (പൂർണ്ണം) ആയതുപോലെ തോന്നുകയും നിദ്രയും മുഖമാധുര്യ്യവും ആദ്ധ്മാനവും ശിരോജാള്യവും സ്തൈമിത്യവും ഛർദ്ദിയും അരോചകവും ആലസ്യവും അവിപാകവും ഭവിക്കും. സന്നിപാതംകൊണ്ടുള്ള തൃഷ്ണ മേൽപ്പറയപ്പെട്ട സർവ്വലക്ഷണങ്ങളോടും കൂടിയതായും ഭവിക്കും. ത്രിദോഷതൃഷ്ണാലക്ഷണങ്ങളെല്ലാം തികഞ്ഞിരിക്കുമെന്നു സാരം.

ആമോത്ഭവാ ച ഭക്തസ്യ സംരോധാദ്വാതപിത്തജാ
ഉഷ്ണക്ലാന്തസ്യ സഹസാ ശീതാംഭോ ഭജതസ്തൃഷം
ഊഷ്മാ രുദ്ധോ ഗതഃ കോഷ്ഠം യാം കുര്യാൽ പിത്തജൈവ സാ
യാ ച പാനാതിപാനോത്ഥാ തീക്ഷ്ണാഗ്നേഃ സ്നേഹജാ ച യാ.

സാ—ആമംകൊണ്ടുത്ഭവിക്കുന്ന തൃഷ്ണയാകട്ടെ വാതപിത്തകോപത്താലുണ്ടാകുന്നതാണ്. എന്തുകൊണ്ടെന്നാൽ അതു ഭക്തത്തിന്റെ രോ

ധം ഹേതുവായിട്ടുണ്ടാകുന്നതാണ്. അന്നം ആമപ്പൂന്നമാകയാൽ അതു പചിക്കപ്പെടാതെ പോകയും അപ്പോൾ തർപ്പണാഭാവത്താൽ വാതപിത്തങ്ങൾ വർദ്ധിക്കയും ചെയ്യും. ആ വാതപിത്തങ്ങളാണ് ആമോത്ഭവതൃഷ്ണയെ ജനിപ്പിക്കുന്നത്. ഉഷ്ണത്താൽ (വെയിൽ മുതലായവയാൽ) ക്ലാന്തനായവൻ പെട്ടന്നു തണുത്ത വെള്ളം സേവിച്ചാൽ അവന്നു ഊഷ്മാവ് തടുക്കപ്പെട്ടു കോഷ്ഠത്തെ പ്രാപിച്ച് ഒരുതരം തൃഷ്ണയെ ഉണ്ടാക്കും. ഈ തൃഷ്ണ പിത്തജതന്നെയാകുന്നു. ഉഷ്ണരൂപമായ പിത്തം ശരീരമെങ്ങും വ്യാപിച്ച് വർത്തിക്കുന്നുണ്ടല്ലോ. ആ പിത്തം ശീതാംബുസേകത്താൽ പ്രതിഘാതമായിട്ടു കോഷ്ഠത്തിൽ ചെന്നിട്ടാണ് ഇതിനെജ്ജനിപ്പിക്കുന്നത്. അതുകൊണ്ടാണ് ഇതു പിത്തജയാണെന്നു പറഞ്ഞത്. യാതൊരു തൃഷ്ണ പാനാതിപാനം (=അതിമദ്യപാനം) കൊണ്ടുണ്ടാകുന്നുവോ അതും, യാതൊരു തൃഷ്ണ തീക്ഷ്ണാഗ്നിയായവന്ന് സ്നേഹപാനം നിമിത്തമായിട്ടുണ്ടാകുന്നുവോ അതും പിത്തജതന്നെയാകുന്നു.

സ്നിഗ്ദ്ധഗുർവ്വമ്ലലവണഭോജനേന കഫോത്ഭവാ
തൃഷ്ണാ രസക്ഷയോക്തേന ലക്ഷണേന ക്ഷയാത്മികാ
ശോഷമേഹജ്വരാദ്യന്യദീർഘരോഗോപസർഗ്ഗതഃ
യാ തൃഷ്ണാ ജായതേ തീവ്രാ സോപസർഗ്ഗാത്മികാ സ്മൃതാ.

സാ—സ്നിഗ്ദ്ധങ്ങളും ഗുരുക്കളും അമ്ലലവണരസങ്ങളുമായ ദ്രവ്യങ്ങളുടെ ഭോജനംകൊണ്ടുണ്ടാകുന്ന തൃഷ്ണ കഫോത്ഭവയാണെന്നറിയണം.* ഇനി അഞ്ചാമത്തേതായ രസക്ഷയതൃഷ്ണയെ പറയുന്നു. രസക്ഷയേതി—രസക്ഷയത്തിന്നു പറയപ്പെട്ട ലക്ഷണംകൊണ്ട് ക്ഷയാത്മികയായ തൃഷ്ണയെ അറിയണം. രസക്ഷയലക്ഷണമാകട്ടേ "രസേ രൌക്ഷ്യം" ഇത്യാദിയായി സൂത്രസ്ഥാനത്തിൽ പറയപ്പെട്ടിട്ടുണ്ട്. അനന്തരം ആറാമത്തേതായ ഉപസർഗ്ഗതൃഷ്ണയെ പറയുന്നു. ശോഷേതി—ശോഷം(=ക്ഷയം), പ്രമേഹം, ജ്വരം മുതലായിട്ടുള്ള മററു ദീർഘരോഗങ്ങളുടെ ഉപസർഗ്ഗം നിമിത്തം തീവ്രയായ ഒരു തൃഷ്ണ ജനിക്കുന്നു. അതാണ് ഉപസർഗ്ഗാത്മികയായ തൃഷ്ണ എന്നു പറയപ്പെട്ടിരിക്കുന്നത്. ഇപ്രകാരം തൃഷ്ണകൾ പറയപ്പെട്ടു.

* ആമോത്ഭവതൃഷ്ണ, ഉഷ്ണക്ലാന്തനുള്ള തൃഷ്ണ, പാനാതിപാനജതൃഷ്ണ, സ്നേഹജതൃഷ്ണ, സ്നിഗ്ദ്ധാദിഭോജനതൃഷ്ണ, എന്നിവ വാതപിത്തകഫജങ്ങളാകയാൽ അവ ത്രിദോഷജതൃഷ്ണകളിൽതന്നെ അന്തർഭവിക്കുമെന്നും, അവയെ വേറിട്ടെടുത്തു സംഖ്യാധിക്യം വരുത്തേണ്ടതില്ല എന്നും സാരം.

[ഇപ്രകാരം ഈ അദ്ധ്യായത്തിൽ രാജയക്ഷ്മാവ്, സ്വരഭേദം, അരോചകം, ഛർദ്ദി, ഹൃദ്രോഗം, തൃഷ്ണാ എന്നീ രോഗങ്ങളുടെ നിദാനം പറയപ്പെട്ടിരിക്കുന്നു. അദ്ധ്യായത്തിന്നു "രാജയക്ഷ്മാദി നിദാനം" എന്നു നാമകരണം ചെയ്തത് ഇവയെയെല്ലാം കൂടി പറയുന്നതിലുള്ള ഗൌരവം വിചാരിച്ചാണ്. "രാജയക്ഷ്മാദിനിദാനം" എന്നതിലെ ആദിഗ്രഹണാംകൊണ്ട് ഇപ്പറഞ്ഞ സ്വരഭേദാദികളെ ഗ്രഹിക്കേണ്ടതാണ്.]

ഇത്യഷ്ടാങ്ഗസംഗ്രഹേ നിദാനസ്ഥാനേ
പഞ്ചമാദ്ധ്യായഃ
സമാപ്തഃ.

## ഷഷ്ഠോദ്ധ്യായഃ.

രാജയക്ഷ്മാവിനെ പറഞ്ഞതിന്നു ശേഷം, മദാത്യയാദി നിർണ്ണയത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു. വാതകോപഹേതുകൊണ്ടും ധാതുശോഷണംകൊണ്ടും മദാത്യയത്തിന്നു രാജയക്ഷ്മസാമാന്യമുള്ളതുകൊണ്ടാണ് അതിന്നടുത്ത് മദാത്യയത്തിന്നു സ്ഥാനം കൊടുക്കുന്നത്:—

മൂ—അഥാതോ മദാത്യയനിദാനം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം മദാത്യയനിദാനമെന്നു പേരായ അദ്ധ്യായത്തെ പറവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. മദാത്യയമെന്നതിന്നു മദം കൊണ്ടുള്ള അത്യയം അതായത് മദഹേതുകമായ വ്യാധി എന്നർത്ഥം. മദം എന്നത് ചിത്തധാതുവിൻെറ വികാരമാണ്. അതു മദകാൎയ്യവുമാകുന്നു. മദ്യം ഈ ചിത്തധാതുവികാരത്തിന്നു കാരണമാകുന്നു. അങ്ങിനെ ആകുന്നതെന്തുകൊണ്ടെന്നുതന്നെ ഒന്നാമത് പറയുന്നു.

മൂ— തീക്ഷ്ണോഷ്ണരൂക്ഷസൂക്ഷ്മാമ്ലം വ്യവായ്യാശുകരം ലഘു
വികാഷി വിശദം മദ്യമോജസോസ്മാദ്വിപര്യയഃ
തീക്ഷ്ണാദയോ വിഷേപ്യുക്താശ്ചിത്തോപപ്ലാവിനോ ഗുണാഃ
ജീവിതാന്തായ ജായന്തേ വിഷേ തൂൽകർഷവൃത്തിതഃ.

സാ—തീക്ഷ്ണവും, ഉഷ്ണവും, രൂക്ഷവും, സൂക്ഷ്മവും, അമ്ലവും, വ്യ

വായിയും, ആശുകരവും, ലഘുവും, വികാശിയും വിശദവുമായിട്ടുള്ളതാണ് മദ്യം. ഓജസ്സിന്ന് ഇതിങ്കൽനിന്നു വൈപരീത്യമാണുള്ളത്. മദ്യത്തിന്നുള്ള തീക്ഷ്ണാദികളായ പത്തു ഗുണങ്ങളിൽനിന്നു വിപരീതങ്ങളായിട്ടുള്ള മന്ദാദികളായ പത്തു ഗുണങ്ങളോടുകൂടിയതാണ് ഓജസ്സെന്നത്ഥം. മദ്യത്തിന്നു പറഞ്ഞവയും ചിത്തോപപ്ലാവികൾ (=മനസ്സിനെ ഭ്രമിപ്പിക്കുന്നവ) ആയിട്ടുള്ളവയുമായ ഗുണങ്ങൾ വിഷത്തിലും പറയപ്പെട്ടിട്ടുണ്ട്. വിഷത്തിലാകട്ടേ അവയ്ക്കു് ഉൽകഷ്ടവൃത്തി (അതിമാത്രവൃത്തി) ഉള്ളതുകൊണ്ടു് അവ ജീവനാശത്തെ വരുത്തുന്നവയായി ഭവിക്കുന്നു. ആകയാൽ വിഷവും മദ്യവും ഒരുപോലെ ഓജസ്സിന്നു വിപരീതമാണെന്നു സിദ്ധിച്ചു.

തീക്ഷ്ണാദിഭിർഗ്ഗുണൈർമ്മദ്യം മന്ദാദീനോജസോ ഗുണാൻ
ദശഭിർദ്ദശ സംക്ഷോഭ്യ ചേതോ നയതി വിക്രിയാം
ആദ്യേ മദേ... ... ... ... ...

സാ—മേൽപറഞ്ഞപ്രകാരമിരിക്കുന്ന മദ്യം തീക്ഷ്ണാദികളായ പത്തു ഗുണങ്ങളെക്കൊണ്ടു് തദ്വിപരീതങ്ങളായ ഓജസ്സിൻെറ പത്തു ഗുണങ്ങളെ ക്ഷോഭിപ്പിച്ചു് മനസ്സിന്നു വികാരത്തെ ഉണ്ടാക്കിത്തീക്കുന്നു. എപ്പോൾ? ആദ്യമായ മദത്തിൽ. മദത്തിൻെറ ആദ്യത്തെ പതനത്തിൽ എന്നത്ഥം. മദത്തിൻെറ ഒന്നാമത്തെ അവസ്ഥയിൽ മനസ്സിന്നു മദ്യഗുണവശാൽ വികാരപ്രാപ്തി ഭവിക്കുന്നുവെന്നത്ഥം.

... ...ദ്വിതീയേ ത്വ പ്രമാദായതനേ സ്ഥിതഃ
ദുർവ്വികല്പഹതോ മൂഢസ്സുഖമിത്യവബുദ്ധ്യതേ.

സാ—മദ്യം അതിയായി പാനം ചെയ്താൽ മേല്പറഞ്ഞതിൽക്കവിഞ്ഞു് രണ്ടാമത്തെ മദവും ഉണ്ടാകും. ആ അവസ്ഥ പ്രമാദായതനം (അതായതു പ്രമാദങ്ങൾക്കു കാരണം) ആകുന്നു. മദത്തിൻെറ ഈ അവസ്ഥയിലെത്തിയാൽ പുരുഷൻ നാനാപ്രകാരത്തിലുള്ള ദുർവ്വികല്പങ്ങളാൽ (ഭ്രമങ്ങളാൽ) ഹതനായി തീരെ മൂഢനായിട്ടു് അതാണു സുഖമെന്നു വിചാരിക്കുന്നു. ആദ്യത്തെ മദത്തിൽ മനസ്സിന്നു വികാരം മാത്രമേ ഉള്ളൂ. രണ്ടാമത്തേതിൽ മനസ്സിന്നു പ്രമാദം വന്നു് മദാവസ്ഥയിൽ സുഖഭ്രമം ഉളവാകും.

മദ്ധ്യമോത്തമയോസ്സന്ധിം പ്രാപ്യ രാജസതാമസഃ
നിരങ്കുശ ഇവ വ്യാളോ ന കിഞ്ചിന്നാചരേജ്ജഡഃ

ഇയം ഭൂമിരവദ്യാനാം ദൌശ്ശീല്യസ്യൈദമാസ്പദമ്
ഏകോയം ബഹുമാർഗ്ഗായാ ദുർഗ്ഗതേർദ്ദേശികഃ പരമ്.

സാ—മേല്പറഞ്ഞ ദ്വിതീയമദം മദ്ധ്യമമാകുന്നു. അതിലും കവിഞ്ഞതായി മൂന്നാമത്തെ മദം ഭവിക്കും. അത് ഉത്തമമാകുന്നു. ഈ മദ്ധ്യമാവസ്ഥയുടേയും ഉത്തമാവസ്ഥയുടേയും സന്ധിയെ പ്രാപിച്ചാൽ (അതായത് മദ്ധ്യമാവസ്ഥ പരിപൂർണ്ണമായി ഉത്തമാവസ്ഥയിലേക്കു കടക്കേണ്ട ഘട്ടത്തിലെത്തിയാൽ) പുരുഷൻ രാജസതാമസനായിട്ട് (=രജോഗുണത്തോടും തമോഗുണത്തോടും യുക്തനായിട്ട്), തോട്ടിയില്ലാത്തതായ ദുഷ്ടഗജമെന്നപോലെ, എന്തും ചെയ്യാതിരിക്കയില്ല. തോട്ടിയില്ലാത്തതായ ദുഷ്ടഗജം സ്വതന്ത്രവൃത്തിയാണല്ലോ. അതുപോലെ ഇവനും തോന്നിയതു കാട്ടിത്തുടങ്ങുമെന്നു സാരം. ഈ മദാവസ്ഥ അവദ്യങ്ങളുടെ (ദോഷങ്ങളുടെ) ഭൂമിയാകുന്നു, ഇത് ദൌശ്ശീല്യത്തിൻെറ സ്ഥാനവുമാകുന്നു; ഇതൊന്നാണ് ബഹുമാർഗ്ഗങ്ങളിൽക്കൂടെയുള്ള ദുർഗ്ഗതിയുടെ ഗുരു. ഈ അവസ്ഥയിൽ സർവ്വദോഷങ്ങളിലും പെട്ട സകലവിധ ദുശ്ശീലങ്ങളേയും കാണിച്ചു നാനാപ്രകാരമായ ദുർഗ്ഗതികളെ പ്രാപിച്ച് മനുഷ്യൻ ദുഷിച്ചുപോകുമെന്നു സാരം.

നിശ്ചേഷ്ടശ്ശവവച്ഛേതേ തൃതീയേ തു മദേ സ്ഥിതഃ
മരണാദപി പാപാത്മാ ഗതഃ പാപതരാം ദശാമ്.

സാ—തൃതീയമായ മദത്തിങ്കൽ സ്ഥിതനായവൻ (അതായതു സമ്പൂർണ്ണമായും മൂന്നാമത്തെ അവസ്ഥയിലെത്തിയവൻ) ശവംപോലെ നിശ്ചേഷ്ടനായിട്ടു കിടക്കുന്നു. പാപാത്മാവായിരിക്കുന്ന അവൻ മരണത്തെക്കാളധികം പാപമായ അവസ്ഥയെ പ്രാപിച്ചവനായി ഭവിക്കുന്നു. മരണമെന്നതു പാപമായ ഒരവസ്ഥയാണല്ലോ. അതിലുമധികം പാപമാണ് മദത്തിൻെറ മൂന്നാം പതനമായ ഈ അവസ്ഥ എന്നർത്ഥം. ഇങ്ങിനെയാണ് മൂന്നു വിധത്തിലുള്ള മദത്തിൻെറ ലക്ഷണങ്ങൾ.

ധർമ്മാധർമ്മം സുഖം ദുഃഖമർത്ഥാനർത്ഥം ഹിതാഹിതമ്
യദാസക്തോ ന ജാനാതി കഥം തച്ഛീലയേൽ ബുധഃ
മദ്യേ മോഹോ ഭയം ശോകഃ ക്രോധോ മൃത്യുശ്ച സംശ്രിതാഃ
സോന്മാദമദമൂർച്ഛായാസ്സാപസ്മാരാപതാനകാഃ.

സാ—മദ്യത്തിൽ ആസക്തനായ മനുഷ്യൻ ദുഷ്ടാദുഷ്ടഫലങ്ങളായ ധർമ്മാധർമ്മങ്ങളേയും സുഖദുഃഖങ്ങളേയും, അർത്ഥാനർത്ഥങ്ങളേയും, ഹിതാ

ഹിതങ്ങളേയും തിരിച്ചറിയുകയില്ല. അങ്ങിനെയുള്ള മദ്യത്തെ അറിവുള്ളവൻ എങ്ങിനെ ശീലിക്കും? അധൎമ്മം, ദുഃഖം, അനൎത്ഥം, അഹിതം എന്നിവയിൽനിന്നു നിവൎത്തിച്ചു് ധൎമ്മാൎത്ഥസുഖഹിതങ്ങളിൽ പ്രവൎത്തിക്കുകയാണു് അറിവിന്റെ ഫലം. താദൃശമായ അറിവിനെ കെടുത്തുന്നതാണു് മദ്യം. അതുകൊണ്ടതു ശീലിക്കരുതെന്നൎത്ഥം. എന്നുതന്നെയല്ല, മദ്യത്തിൽ മോഹം- ഭയം- ശോകം- ക്രോധം- മൃത്യു- ഉന്മാദം- മദം- മൂൎച്ഛായം- അപസ്മാരം-അപതാനകം (=ഒരുതരം വാതവ്യാധി) എന്നിവ ആശ്രയിച്ചിരിക്കുന്നുണ്ടു്. മോഹാദികൾക്കൊക്കെയും മദ്യംകാരണമാണെന്നു താല്പൎയ്യം.

യത്രൈകഃ സ്മൃതിവിഭ്രംശസ്തത്ര സൎവ്വമസാധു യൽ
അയുക്തിയുക്തമന്നം ഹി വ്യാധയേ മരണായ വാ.
മദ്യം ത്രിവൎഗ്ഗധീധൈൎയ്യലജ്ജാദേരപി നാശനം്

സാ—അല്ലെങ്കിൽ എന്തിനു മോഹാദികളെപ്പറയുന്നു? യാതൊന്നിൽ സ്മൃതിവിഭ്രംശം (ഓൎമ്മക്കേടു്) എന്ന ഏകസംഗതി ഭവിക്കുന്നുവോ അതിങ്കൽ അസാധുവായിട്ടുള്ളതെല്ലാം സ്ഥിതമാകുന്നു. സ്മൃതിഭ്രംശം എന്ന ഒന്നുണ്ടായാൽത്തന്നെ സൎവ്വദോഷങ്ങളും തികയുമെന്നു സാരം. ഇങ്ങിനെ അസാധുവായ മദ്യം അയുക്തിയുക്തമായാൽ (കണക്കുകൂടാതെ ഉപയോഗിച്ചാൽ) അധികം അസാധുവാകുന്നു. അന്നംതന്നെ അയുക്തിയുക്തമായാൽ അതു വ്യാധിക്കോ മരണത്തിന്നുതന്നെയോ ഹേതുവായി ഭവിക്കും. മദ്യമാകട്ടേ അയുക്തിയുക്തമായാൽ ത്രിവൎഗ്ഗം, ധീ, ധൈൎയ്യം, ലജ്ജ മുതലായവയെക്കൂടിയും നശിപ്പിക്കുന്നതായി ഭവിക്കുന്നു. ത്രിവൎഗ്ഗം=ധൎമ്മാൎത്ഥകാമങ്ങൾ. ധീ=വസ്തുഗ്രഹണശക്തി. ധൈൎയ്യം=മനഃസ്ഥൈൎയ്യം. ആദിഗ്രഹണംകൊണ്ടു് മറ്റുള്ള ശ്ലാഘ്യഗുണങ്ങളേയും ഗ്രഹിക്കണം.

നാതിമാദ്യന്തി ബലിനഃ കൃതാഹാരാ മഹാശനാഃ
സ്നിഗ്ദ്ധാസ്സത്വവയോയുക്താ മദ്യനിത്യാസ്സദന്വയാഃ
മേദഃകഫാധികാ മന്ദവാതപിത്താ ദൃഢാഗ്നയഃ.

സാ—ബലികൾ മുതലായവർ അധികമായി മദിക്കുകയില്ല. മദ്യം ദോഷാവഹമാണെങ്കിലും ബലികൾമുതലായവൎക്കു അത്ര കഠിനമായ ദോഷത്തെ ചെയ്യയില്ലെന്നൎത്ഥം. ബലികൾ=ബലവാന്മാർ. കൃതാഹാരന്മാർ=ഭക്ഷണംകഴിഞ്ഞവർ. മഹാശനന്മാർ=വളരെ ഭക്ഷിക്കുന്നവർ. സ്നിഗ്ദ്ധന്മാർ=ബാഹ്യാന്തഃസ്നിഗ്ദ്ധതയുള്ളവർ. സത്വവയോയുക്തന്മാർ=

ധൈൎയ്യവും യൌവനവുമുള്ളവർ. മദ്യനിത്യന്മാർ=പതിവായി മദ്യം ശീലിക്കുന്നവർ. തദനപായന്മാർ=മദ്യപകുലോൽപന്നന്മാർ. മേദഃകഫാധികന്മാർ=മേദസ്സും കഫവും അധികമുള്ളവർ. മന്ദവാതപിത്തന്മാർ=വാതവും പിത്തവും കുറഞ്ഞവർ. ദീപ്താഗ്നികൾ=അഗ്നിബലമുള്ളവർ.

വിപൎയ്യയേതിമാദ്യന്തി വിസ്രബ്ധാഃ കുപിതാശ്ച യേ
മദ്യേന ചാമ്ലരൂക്ഷേണ സാജീൎണ്ണേ ബഹുനാതി ച.

സാ—മേല്പറഞ്ഞതിന്റെ വൈപരീത്യത്തിൽ (എന്നുവെച്ചാൽ ദുൎബ്ബലന്മാർ മുതലായവർ മദ്യം സേവിച്ചാൽ) അധികമായി മദിക്കും. യാവചിലർ വിസ്രബ്ധന്മാരും കുപിതന്മാരുമായിരിക്കുന്നുവോ അവരും അധികമായി മദിക്കും, (വിസ്രബ്ധന്മാർ=വിശ്വസ്തന്മാർ). അമ്ലരൂക്ഷമായ മദ്യം പാനംചെയ്താൽ അതുകൊണ്ടും, അജീൎണ്ണത്തിൽ കുടിക്കുന്ന മദ്യംകൊണ്ടും, വളരെ മദ്യം പാനംചെയ്യുന്നതുകൊണ്ടും എല്ലാവരും അധികമായ മദത്തെ പ്രാപിക്കും.

വാതാൽ പിത്താൽ കഫാത്സൎവ്വൈശ്ചതാരഃ സ്യുൎമ്മദാത്യയാഃ
സൎവ്വേപി സൎവ്വൈൎജ്ജായന്തേ വ്യപദേശസ്തു ഭൂയസാ.

സാ—മദാത്യയങ്ങളെ പറയുന്നു. വാതാദിതി—വാതം, പിത്തം, കഫം, സന്നിപാതം എന്നിവയെക്കൊണ്ട് നാലുവിധം മദാത്യയങ്ങൾ ഭവിക്കും. ഇവ എല്ലാം എല്ലാദോഷങ്ങളും ചേൎന്നാണുണ്ടാകുന്നത്. എന്നാൽ ഭൂയസ്സിനെക്കൊണ്ടാണ് വ്യപദേശം. വാതം അധികമായാൽ വാതമദാത്യയമെന്നും പിത്തം അധികമായാൽ പിത്തമദാത്യയമെന്നും മററും വ്യവഹരിക്കുന്നുവെന്നൎത്ഥം. ഇനി ഇവയുടെ സാമാന്യലക്ഷണങ്ങളെ പറയുന്നു.

സാമാന്യം ലക്ഷണം തേഷാം പ്രമോഹോ ഹൃദയവ്യഥാ
വിഡ്ഭേദസ്സതതം തൃഷ്ണാ സൌമ്യാഗ്നേയോ ജ്വരോരുചിഃ.
ശിരഃപാൎശ്വാസ്ഥിരുക്കമ്പോ മൎമ്മഭേദസ്ത്രികഗ്രഹഃ
ഉരോവിബന്ധസ്തിമിരം കാസശ്വാസപ്രജാഗരാഃ.
സ്വേദോതിമാത്രം വിഷ്ടംഭഃ ശ്വയഥുശ്ചിത്തവിഭ്രമഃ
പ്രലാപഃ ഛൎദ്ദിരുൽക്ലേശോ ഭ്രമോ ദുസ്വപ്നദൎശനമ്.

സാ—എല്ലാ പ്രമേഹങ്ങളുടേയും സാമാന്യലക്ഷണം പ്രമോഹാദികളാകുന്നു. പ്രമോഹം=മോഹാലസ്യം. ഹൃദയവ്യഥാ=ഹൃദയവേദന. വിഡ്ഭേദം=മലഭേദനം. സതതതൃഷ്ണാ=എപ്പോഴും വെള്ളംദാഹം. സൌമ്യാ

ദോഷജ്വരം=മിശ്രലക്ഷണമായിട്ടുള്ള പനി. അരുചി=രുചിയില്ലായ്മ. ശിരഃപാർശ്വാസ്ഥിരുക്ക്=ശിരസ്സിലും വാരിയെല്ലുകളിലും വേദന. കമ്പം=വിറ. മർമ്മഭേദം=മർമ്മങ്ങളിൽ പിളരുംവേദന. ത്രികഗ്രഹം=ത്രികത്തിങ്കൽ പിടുത്തം. അതിമാത്രസ്വേദം=അധികം വിയർപ്പ്. വിഷ്ടംഭം=സ്തംഭനം. ശ്വയഥു-ശോഫം. ചിത്തവിഭ്രമം=ചിത്തഭ്രമം. പ്രലാപം=പേപറയൽ. ഉൽക്ലേശം=ഉൾപ്പുഴുക്ക്. ഭ്രമഃ=തലതിരിച്ചിൽ. ശേഷം സ്പഷ്ടം.

വിശേഷാജ്ജാഗരശ്വാസകമ്പമൂർദ്ധരുജോനിലാൽ
സ്വപ്നേ ഭ്രമത്യുൽപതതി പ്രേതൈശ്ച സഹ ഭാഷതേ
പിത്താദ്ദാഹജ്വരസ്വേദമോഹാതീസാരതൃഡ് ഭ്രമാഃ
ദേഹോ ഹരിതഹാരിദ്രോ രക്തനേത്രകപോലതാ
ശ്ലേഷ്മണാ ഛർദ്ദിഹൃല്ലാസനിദ്രോദർദ്ദാങ്ഗഗൗരവം
സർവ്വജേ സർവ്വലിങ്ഗത്വം ... ... ...

സാ—വാതംകൊണ്ടുള്ള മദാത്യയത്തിൽ മേല്പറഞ്ഞ സാമാന്യലക്ഷണങ്ങൾക്കു പുറമെ ജാഗരാദികൾ വിശേഷിച്ചും ഭവിക്കും. ജാഗരാദിമൂർദ്ധരുക്പര്യന്തം സ്പഷ്ടം. സ്വപ്നത്തിൽ ഭ്രമിക്കുകയും ചാടുകയും മരിച്ചുപോയവരോടുകൂടി സംസാരിക്കുകയും ചെയ്യും. പിത്തംകൊണ്ടുള്ള മദാത്യയത്തിൽ സാമാന്യലക്ഷണങ്ങൾക്കു പുറമെ ദാഹം മുതൽ രക്തനേത്രകപോലതാപര്യന്തമുള്ള ലക്ഷണങ്ങൾ വിശേഷിച്ചും ഉണ്ടാകും. കഫംകൊണ്ടുള്ള മദാത്യയത്തിൽ ഛർദ്ദിമുതൽ അംഗഗൗരവപര്യന്തമുള്ളവ വിശേഷലക്ഷണങ്ങളാകുന്നു. സന്നിപാതംകൊണ്ടുള്ള മദാത്യയത്തിൽ വാതാദിമദാത്യയങ്ങൾക്കെല്ലാമുള്ള ലക്ഷണങ്ങൾ ഒക്കെയുമുണ്ടാകും.

അനന്തരം മദ്യകാരണങ്ങളായ ധ്വംസകം, വിക്ഷയം എന്ന രണ്ടു വ്യാധികളെപ്പറയുന്നു:—

... ... ... മുക്ത്വാ മദ്യം പിബേത്തു യഃ
സഹസാനുചിതം ചാന്യത്തസ്യ ധ്വംസകവിക്ഷയൗ.
ഭവതാം മാരുതാൽ കഷ്ടൗ ദുർബ്ബലസ്യ വിശേഷതഃ
ധ്വംസകേ ശ്ലേഷ്മനിഷ്ഠീവഃ കണ്ഠശോഷോതിനിദ്രതാ.
ശബ്ദാസഹത്വം തന്ദ്രാ ച വിക്ഷയേങ്ഗശിരോതിരുക്
ഹൃത്കണ്ഠരോധസ്സമ്മോഹഃ കാസസ്തൃഷ്ണാ വമിർജ്ജ്വരഃ.

സാ—യാതൊരു പുരുഷൻ സ്വതേ മദ്യപനായിട്ടു സംഗതിവശാൽ

വളരെ കാലം മദ്യത്തെ ഉപേക്ഷിച്ച് പിന്നെ പെട്ടന്ന് അനുചിതം (അനഭ്യസ്തം) ആയ അന്യമദ്യത്തെ പാനംചെയ്യുന്നുവോ അവന്ന് വാതകോപംകൊണ്ട് ധ്വംസകമെന്നും വിക്ഷയമെന്നും പേരായി കഷ്ടങ്ങളായ രണ്ടു വ്യാധികൾ ഭവിക്കും. ദുർബ്ബലനായിട്ടുള്ളവന്നു വിശേഷിച്ചും ഈ വ്യാധികൾ ഉണ്ടാകും. ഇവയിൽവെച്ച് ധ്വംസകത്തിൽ കഫം തുപ്പുകയും കണ്ഠം വരളുകയും അധികമാങ്ങുകയും ശബ്ദം സഹിപ്പാൻ വഹിയാതാകയും മടിതോന്നുകയുമാണ് ലക്ഷണം. വിക്ഷയത്തിലാകട്ടേ അംഗങ്ങൾക്കും ശിരസ്സിന്നും അധികമായ വേദന, ഹൃദയകണ്ഠങ്ങൾക്കു രോധം, സമ്മോഹം, കാസം, തൃഷ്ണാ, ഛർദ്ദി, പനി ഇവയത്രേ ലക്ഷണം.

നിവൃത്തോ യസ്തു മദ്യേഭ്യോ ജിതാത്മാ ബുദ്ധിപൂർവ്വകൃൽ
വികാരൈഃ സ്പൃശ്യതേ ജാതു ന സ ശാരീരമാനസൈഃ.

സാ—യാതൊരുവൻ മദ്യങ്ങളിൽനിന്നു നിവർത്തിച്ച് ഇന്ദ്രിയജയമുള്ളവനായും ബുദ്ധിപൂർവ്വമായി എല്ലാം പ്രവർത്തിക്കുന്നവനായും ഭവിക്കുന്നുവോ അവനാകട്ടേ ശാരീരങ്ങളും മാനസങ്ങളുമായ വികാരങ്ങളാൽ ഒരിക്കലും സ്പൃശിക്കപ്പെടുകയില്ല. ഇങ്ങിനെ മദ്യപ്രകരണം ഉപസംഹരിക്കപ്പെട്ടു.

അനന്തരം മദ്യംപോലെതന്നെ ചിത്തോപഘാതകാരണങ്ങളായ മദാദികളെ പറയുന്നു:—

രജോമോഹാഹിതാഹാരപരസ്യ സ്യുസ്ത്രയോ ഗദാഃ
രസാസൃക്ചേതനാവാഹിസ്രോതോരോധസമുത്ഭവാഃ.
മദമൂർച്ഛായസന്ന്യാസാ യഥോത്തരബലോത്തരാഃ.

സാ—രജസ്സ്, മോഹം, അഹിതാഹാരം എന്നിവയെ അഭ്യസിക്കുന്നതിൽ താല്പര്യമുള്ള പുരുഷന്ന് ദോഷങ്ങൾ കോപിച്ച് രസത്തെയും രക്തത്തെയും ചേതനയെയും വഹിക്കുന്ന സ്രോതസ്സുകളെ രോധിക്കുന്നതുകൊണ്ടുണ്ടാകുന്നവയായി മദം, മൂർച്ഛായം, സന്ന്യാസം എന്നിങ്ങിനെ മൂന്നു രോഗങ്ങൾ ഭവിക്കും. ഇവ യഥോത്തരം ബലോത്തരങ്ങളാകുന്നു. മദത്തെക്കാൾ മൂർച്ഛായവും അതിനെക്കാൾ സന്ന്യാസവും അധികം ബലവത്താണെന്നർത്ഥം.

മദോത്ര ദോഷൈസ്സർവ്വൈശ്ച രക്തമദ്യവിഷൈരപി
സക്താനല്പദ്രുതാഭാഷശ്ചലഃ സ്ഖലിതചേഷ്ടിതഃ.

രൂക്ഷശ്യാവാരുണതനുമ്മദേ വാതോത്ഭവേ ഭവേൽ
പിത്തേന ക്രോധനോ രക്തപീതാഭഃ കലഹപ്രിയഃ.
സ്വല്പാസംബദ്ധവാക്പാണ്ഡുഃ കഫാദ്ധ്യാനപരോലസഃ
സർവ്വാത്മാ സന്നിപാതേന, രക്താൽ സ്തബ്ധാംഗദൃഷ്ടിതാ.
പിത്തലിംഗഞ്ച മദ്യേന വികൃതേഹാസ്വരാംഗതാ
വിഷാൽ കംപോതിനിദ്രാ ച സർവ്വേഭ്യോഭ്യധികശ്ച സഃ.
ലക്ഷയേല്ലക്ഷണോൽകർഷാദ്വാതാദീൻ ശോണിതാദിഷു.

സാ—അവയിൽവെച്ചു മദം വാതാദികളായ ദോഷങ്ങളെക്കൊണ്ടുള്ളവ മൂന്നും, സന്നിപാതംകൊണ്ടൊന്നും, രക്തം-മദ്യം-വിഷം ഇവകൊണ്ട് ഓരോന്നും കൂടി ആകെ ഏഴാകുന്നു. ഇവയിൽ വാതംകൊണ്ടുള്ള മദത്തിൽ രോഗി സക്തമായും അനല്പമായും ദ്രുതമായും സംസാരിക്കുന്നവനും ഏളകിക്കൊണ്ടിരിക്കുന്നവനും സ്ഖലിതങ്ങളായ ചേഷ്ടകളോടുകൂടിയവനും രൂക്ഷമായും ശ്യാവാരുണവർണ്ണമായുമുള്ള ദേഹത്തോടുകൂടിയവനുമായി ഭവിക്കും. പിത്തംകൊണ്ടുള്ള മദത്തിൽ രോഗി ക്രോധശീലനായും രക്തമോ പീതമോ ആയ ദേഹവർണ്ണത്തോടുകൂടിയവനായും കലഹപ്രിയനായും സ്വല്പവും അസംബദ്ധവുമായുള്ള വാക്കുകളെ പറയുന്നവനായും പാണ്ഡുവായും ഭവിക്കും. കഫംകൊണ്ടുള്ള മദത്തിൽ രോഗി ധ്യാനതല്പരനായും അലസനായും ഭവിക്കും. സന്നിപാതത്താലുള്ള മദമാകട്ടേ സർവ്വാത്മാവ് (അതായതു വാതാദിമദലക്ഷണസമ്പൂർണ്ണം) ആയിരിക്കും. രക്തംകൊണ്ടുള്ള മദത്തിൽ അംഗങ്ങളും ദൃഷ്ടികളും സ്തബ്ധങ്ങളായിരിക്കും. പുറമേ പിത്തമദത്തിന്റെ ലക്ഷണം ഉണ്ടായിരിക്കയും ചെയ്യും. മദ്യംകൊണ്ടുള്ള മദത്തിൽ വികൃതമായ ഈഹ (ചേഷ്ട) യോടും സ്വരത്തോടും അംഗത്തോടും കൂടിയവനായിരിക്കും. വിഷം ഹേതുവായിട്ടുള്ള മദത്തിൽ ദേഹത്തിന്നു കമ്പവും അതിനിദ്രയും ഭവിക്കും. അത് എല്ലാവിധ മദങ്ങളെക്കാളുമധികം ദുസ്സാധ്യവുമാകുന്നു. മേൽക്കാണിച്ച രക്താദിമദങ്ങളിൽ വാതാദികളുടെ കോപം അവശ്യംഭാവിയാണല്ലോ. എന്നാൽ ആ വാതാദികളെ, അവയുടെ ലക്ഷണങ്ങളുടെ ആധിക്യംകൊണ്ട് അറിയേണ്ടതാണ്. രക്തമദ്യവിഷമദങ്ങൾ ത്രിദോഷജങ്ങളാണെന്നിരിക്കിലും അവയിൽ ഏതിന്നാണാധിക്യമെന്നു പരീക്ഷിച്ചറിയേണമെന്നു സാരം. ഇങ്ങിനെ മദങ്ങൾ പറയപ്പെട്ടു.

മൂർച്ഛായങ്ങളെ പറയുന്നു:—

അരുണം നീലകൃഷ്ണം വാ ഖം പശ്യൻ പ്രവിശേത്തമഃ

ശീഘ്രഞ്ച പ്രതിബുദ്ധ്യേത ഹൃൽപീഡാവേപഥുർഭ്രമഃ.
കാർശ്യം ശ്യാവാരുണാ ഛായാ മൂർച്ഛായേ മാരുതാത്മകേ
പിത്തേന രക്തം പീതം വാ നഭഃ പശ്യൻ വിശേത്തമഃ.
വിബുദ്ധ്യേത ച സസ്വേദോ ദാഹതൃൾത്താപപീഡിതഃ
ഭിന്നവിൺനീലപീതാഭോ രക്തപീതാകുലേക്ഷണഃ
കഫേന മേഘസങ്കാശം പശ്യന്നാകാശമാവിശേൽ
തമശ്ചിരാച്ച ബുദ്ധ്യേത സഹൃല്ലാസപ്രസേകവാൻ
ഗുരുഭിഃ സ്തിമിതൈരംഗൈരാർദ്രചർമ്മാവനദ്ധവൽ
സർവ്വാകൃതിസ്ത്രിഭിർദ്ദോഷൈരപസ്മാര ഇവാപരഃ
പാതയത്യാശു നിശ്ചേഷ്ടം വിനാ ബീഭത്സചേഷ്ടിതൈഃ.

സാ—വാതംകൊണ്ടുള്ള മൂർച്ഛായത്തിൽ പുരുഷൻ ആകാശത്തെ അരുണവർണ്ണമായോ നീലനിറമായോ കൃഷ്ണവർണ്ണമായോ കണ്ടിട്ട് ഇരുട്ടിൽ ആണ്ടുപോകും (=തന്റേടം വിടും) വേഗത്തിൽ ആ തമോമോഹത്തിൽനിന്നുണരുകയും ചെയ്യും. ഹൃദയവേദന വിറച്ചിൽ തലതിരിച്ചിൽ, കൃശത, ശ്യാവാരുണമായ ദേഹഛായ എന്നിവയുമുണ്ടാകും. പിത്തംകൊണ്ടുള്ള മൂർച്ഛായത്തിൽ ആകാശത്തെ രക്തവർണ്ണമായോ പീതവർണ്ണമായോ കണ്ടിട്ട് ഇരുട്ടിൽ പ്രവേശിക്കും (ബോധംകെട്ടു വീഴും.) പിന്നെ ദേഹം വിയർത്തുകൊണ്ടാണുണരുക. ചുട്ടുനീറൽ, തണ്ണീർദാഹം, താപം എന്നിവയാൽ പീഡിതനായിരിക്കയും മലം ഭേദിക്കുകയും നീലമായോ മഞ്ഞയായോ ഉള്ള ദേഹഛായയോടുകൂടിയവനായിരിക്കയും രക്തപീതങ്ങളായും ആകുലങ്ങളായുമുള്ള നേത്രങ്ങളോടുകൂടിയവനായിരിക്കയും ചെയ്യും. കഫംകൊണ്ടുള്ള മൂർച്ഛായത്തിൽ ആകാശത്തെ മേഘതുല്യമായിക്കണ്ടിട്ട് ഇരുട്ടിൽ പ്രവേശിക്കും. അതിൽനിന്നു വളരെ നേരംകൊണ്ടേ ഉണരുകയുമുള്ളൂ. നെഞ്ഞുകലിപ്പും വായിൽ വെള്ളം തെളിയലും ഉണ്ടാകും. കനത്തും നിശ്ചലങ്ങളായും ഉള്ള അംഗങ്ങളോടുകൂടിയവനായിട്ടു നനഞ്ഞ തോലുകൊണ്ടു കെട്ടിയതുപോലെ ആയി തോന്നുകയും ചെയ്യും. ത്രിദോഷസന്നിപാതംകൊണ്ടുള്ള മൂർച്ഛായം മേൽക്കാണിച്ച മൂന്നുവിധം മൂർച്ഛായങ്ങളുടേയും ലക്ഷണങ്ങളൊക്കെയും കൂടിയതായിരിക്കും. അതു മഹാരംഭമാകയാൽ മറ്റൊരപസ്മാരമോ എന്നു തോന്നുമാറിരിക്കും. ഈ സന്നിപാതമൂർച്ഛായം, അപസ്മാരമെന്നപോലെ, മനുഷ്യനെ യാതൊരു ചേഷ്ടയുംകൂടാതെ നിപതിപ്പിക്കും. എന്നാൽ അത് ബീഭത്സചേഷ്ടിതങ്ങളോട് (അതായതു മലമൂത്രവിസർജ്ജനാദികളോടു) കൂടാതെകണ്ടായിരിക്കുമെന്നേയുള്ളൂ.

ദോഷേഷു മദമൂർച്ഛായാഃ കൃതവേഗേഷു ദേഹിനാമ്
സ്വയമേവോപശാമ്യന്തി സന്ന്യാസോ നൌഷധൈർവ്വിനാ.

സാ—മദമൂർച്ഛായങ്ങൾ, അവറ്റിന്നു കാരണങ്ങളായ ദോഷങ്ങൾ അവയുടെ വേഗത്തെ പ്രദർശിപ്പിച്ചു കഴിഞ്ഞാൽ താനേതന്നെ ഉപശമിക്കും. സന്ന്യാസമാകട്ടെ ഔഷധങ്ങൾ ചെയ്യാതെ ശമിക്കുകയില്ല.

അനന്തരം സന്ന്യാസത്തെപ്പറയുന്നു:—

വാഗ്ദേഹമനസാം ചേഷ്ടാമാക്ഷിപ്യാതിബലാ മലാഃ
സന്ന്യാസം സന്നിപതിതാഃ പ്രാണായതനസംശ്രയാഃ.
കുർവ്വന്തി തേന പുരുഷഃ കാഷ്ഠഭൂതോ മൃതോപമഃ
മ്രിയേത ശീഘ്രം ശീഘ്രഞ്ചേച്ചികിത്സാ ന പ്രയുജ്യതേ.

സാ—അതിബലങ്ങളായ ദോഷങ്ങൾ സ്വകാരണവിശേഷവശാൽ ദുഷിച്ചു വശായി വാക്ക്, ദേഹം, മനസ്സ് എന്നിവയുടെ ചേഷ്ടയെ ആക്രമിച്ച് പിടിച്ചു നിറുത്തി അന്യോന്യസന്നിപാതം ചെയ്ത് പ്രാണസ്ഥാനങ്ങളിൽ ആശ്രയിച്ച് സന്ന്യാസമെന്ന രോഗത്തെ ഉണ്ടാക്കുന്നു (=പ്രാണസ്ഥാനം=ഹൃദയാദി). ആ സന്ന്യാസംകൊണ്ട് പുരുഷൻ മരമുട്ടിപോലെയും മരിച്ചവനെപ്പോലേയും ആയിത്തീരും. ഈ രോഗത്തിന്നു വേഗം ചികിത്സ ചെയ്യപ്പെട്ടില്ലെങ്കിൽ രോഗി വേഗത്തിൽ മരിച്ചുപോകും. അതിശീഘ്രകാരിയാണിതെന്നർത്ഥം.

അഗാധേ ഗ്രാഹബഹുലേ സലിലൌഘ ഇവാതടേ
സന്ന്യാസേ വിനിമജ്ജന്തം നരമാശു നിവർത്തയേൽ.

സാ—അഗാധവും വളരെ ഗ്രാഹങ്ങൾ (=നക്രങ്ങൾ) ഉള്ളതും കരയില്ലാത്തതുമായ ജലൌഘത്തിൽ മുങ്ങി പോകുവാൻ തുടങ്ങുന്നവനെ അവന്റെ ബന്ധുക്കൾ എങ്ങിനെ അതിൽനിന്നു കയറ്റുമോ അങ്ങിനെ വൈദ്യൻ സന്ന്യാസരോഗത്തിൽ ആണ്ടുപോകുന്നവനെ അതിവേഗത്തിൽ ചികിത്സ ചെയ്തു നിവർത്തിപ്പിക്കണം. സമയം തെറ്റിയാൽ അപായം തീർച്ചയായും സംഭവിക്കുമെന്നഭിപ്രായം.

ഈ അദ്ധ്യായം മദാത്യനിദാനമാകയാൽ മദ്യത്തെത്തന്നെ പരാമർശിച്ചുകൊണ്ട് അദ്ധ്യായം ഉപസംഹരിക്കുന്നു:—

മദമാനരോഷതോഷ-
പ്രഭൃതിഭിരരിഭിന്നിജൈഃ പരിഷ്വങ്ഗഃ
യുക്തായുക്തഞ്ച സമം
യുക്തിവിയുക്തേന മദ്യേന.

സാ—യുക്തിവിയുക്തം (=അയുക്ത്യാ പ്രയുക്തം) ആയ മദ്യംകൊണ്ട് മനുഷ്യനെ മദം, മാനം, ക്രോധം, സന്തോഷം തുടങ്ങി നിജങ്ങൾ (=സഹജങ്ങൾ) ആയ ശത്രുക്കൾ പരിഷ്വംഗിക്കും. ആന്തരശത്രുക്കൾ അവനിൽ യഥേഷ്ടം വ്യാപരിക്കുമെന്നത്ഥം. എന്നുതന്നെയല്ല, അവന്ന് യുക്തായുക്തങ്ങൾ സമങ്ങളായി ഭവിക്കയും ചെയ്യും. കൃത്യാകൃത്യവിവേകം നശിക്കുമെന്നത്ഥം.

ഇനി യുക്തിയുക്തമായ മദ്യത്തിൻെറ ഗുണം പറയുന്നു:—

ബലകാലദേശസാത്മ്യ-
പ്രകൃതിസഹായാമയവയാംസി
പ്രവിഭജ്യ തദനുരൂപം
യദി പിബതി തതഃ പിബത്യമൃതമ്.

സാ—എന്നാൽ ദേഹബലം, കാലം, ദേശം, സാത്മ്യം, പ്രകൃതി, സഹായം, രോഗം, പ്രായം എന്നിവയെ നോക്കി അവസ്ഥാനുരൂപമാകും വണ്ണമാണ് മദ്യത്തെ സേവിക്കുന്നതെങ്കിൽ അങ്ങിനെ ചെയ്യുന്നവൻ അമൃതമാണ് സേവിക്കുന്നത്. യുക്തിയുക്തമായാൽ മദ്യം അമൃതതുല്യമാണെന്നത്ഥം.

ഇത്യഷ്ടാങ്ഗസംഗ്രഹേ നിദാനസ്ഥാനേ
ഷഷ്ഠാദ്ധ്യായഃ
സമാപ്തഃ.

## സപ്തമോദ്ധ്യായഃ.

മദാത്യയാനന്തരം അർശോനിദാനത്തെപ്പറയുവാനായി അദ്ധ്യായമാരംഭിക്കുന്നു. മദാത്യയാനന്തരം അർശസ്സിനെ എടുക്കുവാനുള്ള കാരണം പ്രാണായതനാശ്രയത്വസാമാന്യമാകുന്നു:—

മൂ—അഥാതോശ്സാം നിദാനം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ। ഇതിഹ സ്മാഹുരാത്രേയാദയോ മഹഷയഃ॥

സാ—ഇനി അർശസ്സുകളുടെ നിദാനമെന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹഷിമാർ ഇങ്ങിനെ പറഞ്ഞു.

അരിവദ്വിശസന്തീത്യർശാംസി । താനി പുനർബ്ബഹുപ്രകാരാണി സുബഹൂപദ്രവാണി ച പായുമേഢ്രാദിസംശ്രയാ മാംസകീലാഃ । സമാസതസ്തു ദ്വിവിധാന്യർശാംസി സഹജാനി ജന്മോത്തരകാലജാനി ച । പുനശ്ച ദ്വിവിധാനി ശുഷ്കാണ്യാർദ്രാണി ച । സർവ്വേഷാം പുനരധിഷ്ഠാനം മേദോ മാംസം ത്വക്ച । സ്ഥൂലാന്ത്രപ്രതിബദ്ധോഽർദ്ധപഞ്ചാംഗുലോ ഹി ഗുദഃ । തസ്മിൻ പൂർവ്വമുക്താ വലിസംജ്ഞാസ്തിസ്രഃ പേശ്യോഽദ്ധ്യർദ്ധാംഗുലാഃ । താഃ പ്രവാഹിണീ വിസർജ്ജനീ സംവരണീ ച । രോമാന്താദദ്ധ്യർദ്ധയവം ഗുദോഷ്ഠമാഹുഃ । പ്രഥമാ തു ഗുദോഷ്ഠാദംഗുലമാത്രേ ॥

സാ—അരികൾ (=ശത്രുക്കൾ) എന്നപോലെ പ്രാണികളെ വിശസനംചെയ്യുന്നതു (കൊല്ലുന്നതു)കൊണ്ടാണ് അർശസ്സുകൾ എന്ന് ഈ രോഗത്തിന്നു പേർപറയുന്നത്. നാനാപ്രകാരങ്ങളും നാനോപദ്രവകാരികളുമായ ഈ അർശസ്സുകളെന്നവ പായു (ഗുദം) മേഢ്രം മുതലായവയിലുണ്ടാകുന്ന മാംസകീലങ്ങൾ (മാംസ ആണികൾ) ആകുന്നു. ചുരുക്കത്തിൽ അർശസ്സുകൾ സഹജങ്ങളെന്നും ജന്മോത്തരകാലജങ്ങളെന്നും രണ്ടുവിധമാകുന്നു. സഹജങ്ങൾ=ജനനത്തോടുകൂടിത്തന്നെ ഉണ്ടാകുന്നവ. ജന്മോത്തരകാലജങ്ങൾ=ജനനത്തിന്നു ശേഷം ഉണ്ടാകുന്നവ. പിന്നേയും അവ ശുഷ്കങ്ങളെന്നും ആർദ്രങ്ങളെന്നും രണ്ടുവിധം. ഈ അർശസ്സുകളുടെ അധിഷ്ഠാനം മേദസ്സും മാംസവും ത്വക്കുമാകുന്നു. ഗുദമെന്നതു സ്ഥൂലാന്ത്രത്തോടു ബന്ധിക്കപ്പെട്ടതും അഞ്ചര അംഗുലം നീളമുള്ളതുമായ കുഴലാണല്ലോ. അതിലാണ് മുമ്പ് അംഗവിഭാഗത്തിൽ പറയപ്പെട്ടിട്ടുള്ളവയും വലികൾ എന്ന സംജ്ഞയോടുകൂടിയവയും ഒന്നര അംഗുലംവീതം അകലമുള്ളവയുമായ മൂന്നു പേശികൾ സ്ഥിതിചെയ്യുന്നത്. ആ പേശികൾക്ക പ്രവാഹിണി, വിസർജ്ജനി, സംവരണി എന്ന പേരുകൾ പറയുന്നു. പുറമേയുള്ള രോമക്ഷത്തിൽനിന്നു തുടങ്ങി അദ്ധ്യർദ്ധയവം (ഒന്നരയവപ്രമാണം) ആണ് ഗുദോഷ്ഠം. ഒന്നരയവമുള്ള ഗുദോഷ്ഠം കഴിഞ്ഞ് ഒരംഗുലം ചെല്ലുമ്പോഴാണ് ഒന്നാമത്തെ വലി. ഇത് സംവരണി എന്ന വലിയത്രേ *

* ഒന്നാമത്തേത് എന്നു പറഞ്ഞത് പുറത്തുനിന്നു തുടങ്ങിയാകുന്നു. എല്ലാററിലും പുറത്തുള്ള വലി സംവരണി, പിന്നത്തേതു വിസർജ്ജനി, എല്ലാററിൻെറയും ഉള്ളിലുള്ളത് പ്രവാഹിണി എന്നാണ് ക്രമം.

തത്ര സഹജാനാം ഗുദവലീബീജോപതപ്തിരായതനമ് । തസ്യാ ദ്വിവിധോ ഹേതുഃ, മാതാപിത്രോരപചാരോ ദൈവഞ്ച । തഭ്യാം സന്നിപാതപ്രകോപഃ । തസ്മാത്താന്യസാദ്ധ്യാനി । ഏതേന കുലജാസ്സർവ്വേ വികാരാ വ്യാഖ്യാതാഃ ॥

സാ—അവയിൽവെച്ച സഹജങ്ങളായ അർശസ്സുകളുടെ ഹേതു ഗുദവലീബീജങ്ങൾക്കു ദോഷങ്ങളെക്കൊണ്ടുള്ള ഉപതാപമാകുന്നു. ഗർഭാധാനകാലത്തു യാതൊരു ബീജാംശംകൊണ്ട് ഗുദത്തിലെ വലികൾ ഉണ്ടാകുന്നുവോ ആ ബീജാംശത്തിന്നു വാതാദി ദോഷങ്ങളെക്കൊണ്ടുള്ള ഉപതാപമാണ് ഹേതുവെന്നർത്ഥം. ആ ഉപതപ്തിക്കു രണ്ടുവിധത്തിലുള്ള കാരണം ഭവിക്കുന്നു. ഒന്ന് മാതാപിതാക്കന്മാരുടെ അപചാരം (അപത്ഥ്യാചരണം); രണ്ട് ദൈവം. അവനിമിത്തം (അതായതു മാതാപിതാക്കന്മാരുടെ അപചാരംനിമിത്തവും ദൈവംനിമിത്തവും) സന്നിപാതം കോപിക്കുന്നു. അതുകൊണ്ട് (ഈദൃശമായ ബീജോപതാപംകൊണ്ട്) ഈ സഹജാർശസ്സുകൾ അസാദ്ധ്യങ്ങളാകുന്നു. ഇതുകൊണ്ട് കുലജങ്ങളായ സർവ്വരോഗങ്ങളും വ്യാഖ്യാനിക്കപ്പെട്ടു. കുലജങ്ങൾ=മാതാപിതാക്കന്മാർവഴിക്കുണ്ടാകുന്നവ. കുലജരോഗങ്ങളെല്ലാം ബീജോപതാപത്താൽ സന്നിപാതം കോപിച്ചുണ്ടാകുന്നവയാകയാൽ അവ ഒക്കേയും അസാദ്ധ്യങ്ങളാണെന്നു സാരം.

വിശേഷതസ്തു സഹജാനി ദ്ദർശനപരുഷപാണ്ഡൂപചിതദാരുണാന്യന്തർമ്മുഖാനി ബഹൂപദ്രവോപദ്രുതാനി ഭവന്തി ॥

സാ—സഹജങ്ങളായ അശ്സ്സുകൾ, അർശസ്സുകൾക്കു സാമാന്യേനയുള്ള ലക്ഷണങ്ങൾക്കു പുറമേ, വിശേഷിച്ചും ദുർദ്ദർശനത്വാദികളായ ലക്ഷണങ്ങളോടുംകൂടിയവയായിരിക്കും. ദുർദ്ദർശനങ്ങൾ=യന്ത്രംകൊണ്ടു നോക്കിയാലും തടവിനോക്കിയാലും കാണ്മാൻ പ്രയാസമുള്ളവ. പരുഷങ്ങൾ=പരുപരുത്തവ. ഉപചിതങ്ങൾ=വർദ്ധിച്ചവ. ദാരുണങ്ങൾ=ഭയങ്കരങ്ങൾ. അന്തർമ്മുഖങ്ങൾ=ഉള്ളിലേക്കു മുഖത്തോടുകൂടിയവ. ബഹൂപദ്രവോപദ്രുതങ്ങൾ=വളരെ ഉപദ്രവങ്ങളാൽ ഉപദ്രവിക്കപ്പെട്ടവ. ഇങ്ങിനെ സഹജാർശസ്സുകൾ പറയപ്പെട്ടു.

അനന്തരം ജന്മോത്തരജങ്ങളെ പറയുന്നു:—

അഥേതരാണി ഷഡ്വിധാനി പൃഥഗ്ദോഷൈഃ സംസൃഷ്ടൈശ്ച

സ്സന്നിപതിതൈഃ ശോണിതേന ച । തത്ര വാതശ്ലേഷ്മോത്തരാണി ശുഷ്കാണി രക്തപിത്തോത്തരാണ്യാർദ്രാണി ॥

സാ—മററുള്ള (അതായതു ജനിച്ചതിനു ശേഷമുണ്ടാകുന്നവ) ആയ അർശസ്സുകൾ ആറു് പ്രകാരത്തിലാകുന്നു. ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, സംസൃഷ്ടങ്ങളായ ദോഷങ്ങളെക്കൊണ്ടൊന്നും, സന്നിപാതംകൊണ്ടൊന്നും, രക്തംകൊണ്ടൊന്നും ഇങ്ങിനെയാണു് ആറു വിധം. സംസർഗ്ഗംകൊണ്ടുള്ള അർശസ്സുകൾ ഏകജാതീയങ്ങളാകയാൽ പൂർവ്വാചാര്യന്മാരുടെ മതമനുസരിച്ചു് ഒന്നായിട്ടു മാത്രമേ ഗണിക്കപ്പെട്ടിട്ടുള്ളു. ഇവയിൽ വാതകഫാധികങ്ങളായ അർശസ്സുകൾ ശുഷ്കങ്ങളും രക്തപിത്താധികങ്ങളായവ ആർദ്രങ്ങളുമാകുന്നു.

ദോഷപ്രകോപഹേതുസ്തു പ്രാഗുക്തഃ । സ യദാ മലോപചയമാദധാതി പുനശ്ചോൽക്കടകവിഷമകഠിനാസനസേവനാദുൽഭ്രാന്തയാനോഷ്ട്രാദിപ്രയാണാദതിവ്യവായാദ്വസ്തിനേത്രാസമ്യക്പ്രണിധാനാദിനാ ഗുദക്ഷണനാദഭീക്ഷ്ണം ശീതാംബുസംസ്പർശാച്ചേലലോഷ്ടതൃണാദിസംഘർഷാൽ പ്രതതാർത്തിപ്രവാഹണാദ്വാതമൂത്രപുരീഷവേഗോദീരണധാരണാൽ സ്ത്രീണാഞ്ചാമഗർഭഭ്രംശാൽ ഗർഭോത്പീഡനാദ്വിഷമപ്രസൂതേരേവംവിധൈശ്ചാപരൈഃ കുപിതോ വായുരപാനസ്തം മലമുപചിതമധോഗതമാസാദ്യ ഗുദവലീഷ്വാധത്തേ । തതസ്താസ്വഭിഷ്യണ്ണാസ്വർശാംസി സംഭവന്തി ॥

സാ—വാതാദിദോഷങ്ങൾ കോപിക്കാനുള്ള കാരണം മുമ്പു സർവ്വരോഗനിദാനത്തിൽ സാമാന്യേന പറയപ്പെട്ടിട്ടുണ്ടല്ലോ. ആ ദോഷകോപകാരണം യാതൊരിക്കൽ വാതാദിദോഷങ്ങൾക്കു് ഉപചയത്തെ (വൃദ്ധിയെ) ഉണ്ടാക്കുന്നുവോ അപ്പോഴും, പിന്നെ ഉൽകടകാസനാദികളെക്കൊണ്ടും അപാനൻ എന്ന വായു കോപിച്ചു് ഉപചിതമായ ആ ദോഷത്തെ കടന്നുപിടിച്ചു് കീഴ്പോട്ടഭിമുഖമാക്കിക്കൊണ്ടുവന്നു് ഗുദവലികളിൽ ആക്കും. അപ്പോൾ ആ ദോഷത്താൽ ഗുദവലികൾ അഭിഷ്യണ്ണകൾ (ശിഥിലീകൃതകൾ) ആവുകയും അർശസ്സുകൾ ഉണ്ടാവുകയും ചെയ്യുന്നു. ഇങ്ങിനെയാണു് അർശസ്സുകളുടെ സമ്പ്രാപ്തിയും നിദാനവും. ഉൽക്കടകാസനം=കുന്തിച്ചിരിക്കൽ. വിഷമാസനം=സമമല്ലാതെയിരിക്കൽ. കഠിനാസനം=കട്ടപ്പുമുള്ള സാധനത്തിന്മേലിരിക്കൽ. ഉൽഭ്രാന്തയാനോഷ്ട്രാദിപ്രയാണം=കുലുക്കമുള്ള വാഹനം, ഒട്ടകംമുതലായവയിലേറി സഞ്ചരിക്കൽ. അതിവ്യവായം=അതിമൈഥുനം. വസ്തിനേത്രാസമ്യക്പ്ര

ണിധാനം=വസ്തിയന്ത്രത്തെ വിഷമമായിവെക്കൽ. ഗുദക്ഷണനം=ഗുദം മുറിയൽ. അഭീക്ഷ്ണശീതാംബുസംസ്പർശം=അധികമായി തണുത്ത വെള്ളം പെരുമാറൽ. ചൈലലോഷ്ടതൃണാദിസംഘർഷം=വസ്ത്രം മണ്കട്ട പുല്ല് മുതലായവകൊണ്ടുള്ള ഘട്ടനം. പ്രതതാതിപ്രവാഹണം=എപ്പോഴും അധികമായി മുക്കൽ. വാതമൂത്രപുരീഷവേഗോദീരണധാരണം=വാതം മൂത്രം മലം എന്നീ വേഗങ്ങളെ മുക്കിപ്പുറപ്പെടുവിക്കയും തടുത്തുനിൎത്തുകയും. ആമഗൎഭഭ്രംശം=ആമമായ ഗൎഭം ഭ്രംശിക്കൽ. ഗൎഭോൽപീഡനം=ഗൎഭത്തിന്നുള്ള പീഡനം. വിഷമപ്രസൂതി=സമമല്ലാതേകണ്ടുള്ള പ്രസവം. (ആമഗൎഭഭ്രംശാദികൾ സ്ത്രീകൾക്കു മാത്രം.)

തേഷാം പൂൎവ്വരൂപാണി കൃച്ഛ്രാൽ പക്തിരാന്ത്രകൂജനമുൽഗാരബാഹുല്യമമ്ലകോന്നാശ്രദ്ധാവിഷ്ടംഭോശ്മഗൎഭാഭനാഭിതപമാടോപോ ധസ്സാൽ കൃഛ്രേണ സശബ്ദസ്യ ച വായോഃ പ്രവൃത്തിൎബ്ബഹുമൂത്രതപമല്പപുരീഷതാ ഗുദപരികൎത്തനം സക്ഥിസദനമക്ഷ്ണോഃ ശ്വയഥുരവിമലേന്ദ്രിയതപമാലസ്യം തന്ദ്രാ കാൎശ്യം ദൌൎബ്ബല്യമാശങ്കാ ഗ്രഹണീദോഷശോഫോദരപാണ്ഡുരോഗഗുല്മേഷു । ജാതേഷു ചൈതാനി ലിംഗാനി പ്രവ്യക്തതരാണി ഭവന്തി ॥

സാ—ജന്മോത്തരകാലജങ്ങളായ ആ അൎശസ്സുകളുടെ പൂൎവ്വരൂപങ്ങൾ കൃച്ഛ്രാൽപക്തിമുതലായവയാകുന്നു. കൃച്ഛ്രാൽപക്തി=ആഹാരം ദഹിപ്പാനുള്ള പ്രയാസം. ആന്ത്രകൂജനം=ആന്ത്രം ശബ്ദിക്കൽ. ഉൽഗാരബാഹുല്യം=അധികമായി തേട്ടൽ. അമ്ലകം=പുളിച്ചുതേട്ടൽ. അന്നാശ്രദ്ധാ=അന്നം വേണ്ടായ്മ. വിഷ്ടംഭം=സ്തംഭനം. അശ്മഗൎഭാഭനാഭിതപം=നാഭിയുള്ളിൽ കല്ലുള്ളതുപോലെയിരിക്കുക. ആടോപം=വയറു 'പടപടാ' എന്നു പതക്കൽ. അധോവായു വളരെ വളരെ പണിപ്പെട്ടും ശബ്ദത്തോടുകൂടിയും പോവുക. ബഹുമൂത്രതപം=മൂത്രം വളരെ പോവുക. അല്പപുരീഷതാ=മലംപോകുന്നതു കുറയുക. ഗുദപരികൎത്തനം=ഗുദത്തിൽ അരിഞ്ഞുനോവ്. സക്ഥിസദനം=തുടകൾ തളരുക. അക്ഷികളിൽ ശ്വയഥു=കണ്ണുകളിൽ വീക്കം. അവിമലേന്ദ്രിയതപം=ഇന്ദ്രിയങ്ങൾക്കു അവൈശദ്യം. ആലസ്യതന്ദ്രികാൎശ്യദൌൎബ്ബല്യങ്ങൾ പ്രസിദ്ധങ്ങൾ. ഗ്രഹണീദോഷാദികളിൽ ആശങ്കാ=ഗ്രഹണിയോ ശോഫമോ ഉദരമോ പാണ്ഡുരോഗമോ ഗുല്മമോ ആണുണ്ടാകുന്നതെന്നുള്ള ശങ്ക. ഈ ശങ്കക്കു കാരണം അവയുടെ ലക്ഷണങ്ങൾ അല്പാല്പമായി കലൎന്നിരിക്കുന്നതുതന്നെ. ഇവയാണൎശസ്സിന്റെ പൂൎവരൂപം. അൎശസ്സുണ്ടായാൽ ഈ ലക്ഷണങ്ങൾ തന്നെ വ്യക്തങ്ങളായി ഭവിക്കും.

തൈഃ ഖല്വധോമാൎഗ്ഗോപരോധാദഭ്യായുരപാനോ നിവൎത്തമാനസ്സമാനവ്യാനോദാനപ്രാണാൻ പിത്തശ്ലേഷ്മാണൌ ച പ്രകോപയന്നനലമുപമൃദ്നാതി ॥

സാ—ഈ അൎശസ്സുകളാൽ അധോമാൎഗ്ഗം തടുക്കപ്പെടുന്നതുകൊണ്ട് അപാനവായു സ്വമാൎഗ്ഗത്തിൽക്കൂടെ പോകാൻ വയ്യാഞ്ഞ് മടങ്ങി സമാനൻ, വ്യാനൻ, ഉദാനൻ, പ്രാണൻ എന്ന വായുക്കളേയും പിത്തകഫങ്ങളേയും കോപിപ്പിച്ച് അഗ്നിയെ നശിപ്പിക്കുന്നു.

അഥ സൎവ്വ ഏവാൎശസോ ഭവത്യതികൃശോ വിവൎണ്ണഃ ക്ഷാമോ ദീനഃ പ്രചുരവിബദ്ധവാതമൂത്രപുരീഷോശ്മരീശൎക്കരാവാനനിയതവിബദ്ധമുക്താമപക്വഭിന്നശുഷ്കവൎച്ചാസ്സൂദന്തരാന്തരാ ശ്വേതപാണ്ഡുഹരിതപീതരക്താരുണതനു – സ്സാന്ദ്രപിച്ഛിലോപവേശീ നാഭിവംക്ഷണോദ്ദേശപ്രചുരപരികൎത്തികാന്വിതഃ സഗുദശൂലപ്രവാഹികാപ്രഹൎഷപ്രമോഹോല്പശുക്ലപ്രജോല്പഭൂക്ക്വിരാസന്നതഗാത്രഃ ക്രോധനോ ദുരുപചാരഃ കാസശ്വാസപീനസതൃഷ്ണാരോചകപാണിപാദവദനാക്ഷികൂടശ്വയഥുക്ഷവഥുഃവപഥുവമഥുപരീതസ്സ്മൈമിരികഃ ശിരശ്ശൂലീ ക്ഷാമഭിന്നസ്വരഃ കൎണ്ണരോഗീ സജ്വരസ്സാങ്ഗമൎദ്ദസ്സൎവ്വപൎവ്വാസ്ഥിശൂലോന്തരാന്തരാ ഹൃദയകുക്ഷിപാൎശ്വപൃഷ്ഠവസ്തിത്രികഗ്രഹോപതപ്തഃ പ്രദ്ധ്യാനപരഃ പരമലസശ്ച ॥

സാ—അനന്തരം എല്ലാ അൎശോരോഗിയും അതികൃശാദിരൂപനായി ഭവിക്കും. "എല്ലാ അൎശോരോഗിയും" എന്നതുകൊണ്ട് സഹജാൎശസ്സുള്ളവനും ഉത്തരകാലാൎശസ്സുള്ളവനും ഈ ലക്ഷണങ്ങളോടുകൂടിയവനായിരിക്കുമെന്നു ഗ്രഹിക്കണം. അതികൃശൻ, വിവൎണ്ണൻ, ക്ഷാമൻ, ദീനൻ എന്നിവ സ്പഷ്ടാൎത്ഥങ്ങൾ. പ്രചുരവിബദ്ധവാതമൂത്രപുരീഷൻ=വായു, മൂത്രം, മലം എന്നിവ വൎദ്ധിച്ചും ബന്ധിച്ചും ഇരിക്കുന്നവൻ. അശ്മരിശൎക്കരാവാൻ=അശ്മരീരോഗത്തിൽ പറയുവാൻപോകുന്ന അശ്മരി, ശൎക്കര എന്നീ കല്ലടപ്പുകളോടുകൂടിയവൻ. അനിയതവിബദ്ധമുക്താമപക്വഭിന്നശുഷ്കവൎച്ചസ്സ്=വ്യവസ്ഥയില്ലാതെ ചിലപ്പോൾ ബന്ധിച്ചും ചിലപ്പോൾ മോചിച്ചും ചിലപ്പോൾ ദഹിക്കാതെയും ചിലപ്പോൾ പക്വമായും, ചിലപ്പോൾ അയഞ്ഞും ചിലപ്പോൾ ശുഷ്കമായും ഇരിക്കുന്ന മലത്തോടുകൂടിയവൻ. അന്തരാന്തരാശ്വേത..........തനു=ഇടക്ക് ശ്വേതമായും ഇടക്കു പാണ്ഡുവായും ഇടക്കു പച്ചനിറമായും ഇടക്കു മഞ്ഞനിറമായും ഇടക്കു രക്തവൎണ്ണമായും ഇടക്ക് അരുണവൎണ്ണമായുമുള്ള

ദേഹത്തോടുകൂടിയവൻ. സാന്ദ്രപിച്ഛിലോപവേശീ=സാന്ദ്രമായും പിച്ഛിലമായും മലവിസർജ്ജനം ചെയ്യുന്നവൻ. നാഭിവംക്ഷണോദ്ദേശപ്രചുരപരികർത്തികാന്വിതൻ=പൊക്കിൾപ്രദേശത്തും ഒടിയിലും പ്രചുരമായ പരികർത്തിക (അറിഞ്ഞുനോവ്) ഉള്ളവൻ. സഗുദശൂലപ്രവാഹികാപ്രഹർഷപ്രമോഹൻ=ഗുദശൂലവും മുക്കലും രോമാഞ്ചവും പ്രമോഹവുമുള്ളവൻ. അല്പശുക്ലപ്രജൻ=ശുക്ലവും സന്തതിയും കുറഞ്ഞവൻ. അല്പഭുക്ക്=അല്പം ഭക്ഷിക്കുന്നവൻ. സിരാസന്തതഗാത്രൻ=ദേഹത്തിൽ ഞരമ്പുകൾ നിറഞ്ഞവൻ. ക്രോധനൻ=കോപശീലൻ. ദുരുപചാരൻ=എങ്ങിനെ ശുശ്രൂഷിച്ചാലും തെളിയാത്തവൻ. കാസശ്വാസ.........പരീതൻ=കാസശ്വാസപീനസതൃഷ്ണാരോചകങ്ങളാലും, കൈകാലുകളിലും മുഖത്തും കൺകൂടുകളിലുമുള്ള വീക്കത്താലും, തുമ്മൽ-വിറ-ഛർദ്ദി എന്നിവയാലും പീഡിതൻ. തൈമിരികൻ=കണ്ണിനു കാഴ്ചയില്ലാത്തവൻ. ശിരശ്ശൂലീ=തലവേദനയുള്ളവൻ. ക്ഷാമഭിന്നസ്വരൻ=നേർത്തും ചിലമ്പിച്ചുമുള്ള ഒച്ചയോടുകൂടിയവൻ. കർണ്ണരോഗജ്വരാംഗമർദ്ദങ്ങളുള്ളവനെന്നു സ്പഷ്ടാർത്ഥം. സർവ്വപർവ്വാസ്ഥിശൂലൻ=എല്ലാ സന്ധിയെല്ലുകളിലും വേദനയുള്ളവൻ. അന്തരാന്തരാഹൃദയകുക്ഷി..........ഗ്രഹോപതപ്തൻ=എടക്കെടക്ക് ഹൃദയത്തിലും കുക്ഷിയിലും പാർശ്വങ്ങളിലും പൃഷ്ഠത്തിലും വസ്തിയിലും ത്രികത്തിലുമുള്ള പിടിച്ചുവലികൊണ്ട് ക്ലേശിക്കുന്നവൻ. പ്രധ്യാനപരൻ=ധ്യാനശീലൻ. അലസൻ=മന്ദൻ.

തത്ര വാതോല്ബണാനി ശുഷ്കമ്ലാനകഠിനപരുഷരൂക്ഷശ്യാവാരുണാനി തീക്ഷ്ണസ്ഫുടിതമുഖാനി വിഷമമദ്ധ്യാനി കദംബപുഷ്പതുണ്ഡികേരീകർക്കന്ധൂസിദ്ധാർത്ഥബിംബീഖർജ്ജൂരഫലപ്രമാണാനി വക്രാണി മിഥോ വിസദൃശാനി കടീപാർശ്വാദിഷ്വധികവേദനാനി സശൂലോദാവർത്തകരാണി ഗുല്മാഷ്ഠീലാപ്ലീഹോദരാണി ചാസ്യ തന്നിമിത്താന്യേവ । കൃഷ്ണത്വങ്നഖനയനവദനമലാശ്ച ഭവന്തി॥

സാ—അവയിൽവെച്ച് വാതാധികങ്ങളായ അർശസ്സുകൾ ശുഷ്കങ്ങളായും മ്ലാനങ്ങളായും കഠിനങ്ങളായും പരുഷങ്ങളായും ശ്യാവവർണ്ണങ്ങളായും അരുണവർണ്ണങ്ങളായുമിരിക്കും. അവയുടെ മുഖം തീക്ഷ്ണമായും സ്ഫുടിതമായുമിരിക്കും. (സ്ഫുടിതങ്ങൾ=വിണ്ടവ). അവയുടെ മദ്ധ്യപ്രദേശം വിഷമ (=സമമല്ലാത്തത്) മായും ഭവിക്കും. ചിലതു കദംബപുഷ്പത്തോടും (കടമ്പിൻപൂവ്വിനോടും) ചിലതു തുണ്ഡികേരീഫല (പരുത്തിക്കായ) ത്തോടും ചിലതു കർക്കന്ധൂഫല (തുടരിക്കായ) ത്തോടും ചിലതു

സിദ്ധാൎത്ഥഫല (വെണ്കടുക) ത്തോടും ചിലതു ബിംബീഫല (തൊണ്ടിക്കായ) ത്തോട്ടം ചിലതു ഖൎജ്ജൂരഫല (ഈന്തക്കായ) ത്തോട്ടം തുല്യങ്ങളായിരിക്കും. വക്രങ്ങളായുമിരിക്കും. മിഥോവിസദൃശങ്ങൾ (ഒന്നിനോടൊന്നു തുല്യമല്ലാത്തവ) ആയുമിരിക്കും. കടി, പാൎശ്വം മുതലായവയിൽ അധികമായ വേദനയോട്ടകൂടിയവയുമായിരിക്കും. ശൂലത്തോട്ടകൂടിയ ഉദാവൎത്തരോഗത്തെ ഉണ്ടാക്കുന്നവയുമായിരിക്കും. ഈ വാതാൎശസ്സു നിമിത്തമായിട്ട ഗുൽമം, അഷ്ഠീലാ, പ്ലീഹോദരം എന്നിവയും ഉണ്ടാകും. ഈ രോഗമുള്ളവർ കൃഷ്ണവൎണ്ണമായ ത്വക്ക്, നഖം, നേത്രം, മുഖം, മലം എന്നിവയോടുകൂടിയവരായിരിക്കയും ചെയ്യും.

പിത്തോല്ബണാനി നീലാഗ്രാണി രക്തപീതകൃഷ്ണാനി മൃദുശിഥിലാനി സ്പൎശാസഹാനി വിസ്രഗന്ധീനി തന്വനി തനുരക്തസ്രാവീണി ദാഹപാകവന്തി ജ്വരമോഹാരുചികരാണി യകൃൽപ്രകാശാനി ശുകജിഹ്വാജളൌകാവക്ത്രസദൃശാനി യവമദ്ധ്യാനി പ്രക്ലിന്നാനി ഭിന്നപീതവൎച്ചാംസി ഹാരിദ്രത്വങ്ങ്നഖാദികരാണി ച॥

സാ—പിത്താധികങ്ങളായ അൎശസ്സുകൾ നീലവൎണ്ണമായ അഗ്രത്തോട്ടകൂടിയവയായിരിക്കും. രക്തം, പീതം, കൃഷ്ണം എന്നീ വൎണ്ണങ്ങളോട്ടകൂടിയവയായുമിരിക്കും. മൃദുത്വം, ശൈഥില്യം എന്നിവയോട്ടകൂടിയും തൊടുവാൻ വഹിയാത്തവയായും പച്ചഗന്ധമുള്ളവയായും തനുത്വമുള്ളവയായും അല്പമായ രക്തത്തെ ഒലിപ്പിക്കുന്നവയായും ചുട്ടുനീറൽ, പഴുപ്പ് എന്നിവയോട്ടകൂടിയും, ജ്വരമോഹാരുചികരങ്ങളായും, യകൃത്തിന്റെ പ്രകാശംപോലെയുള്ള പ്രകാശത്തോട്ടകൂടിയവയായും, ശുകജിഹ്വ (തത്തയുടെ ജിഹ്വ), ജളൌകാവക്ത്രം (അട്ടയുടെ മുഖം) എന്നിവയോടു തുല്യങ്ങളായും, യവപ്രമാണമായ മദ്ധ്യത്തോട്ടകൂടിയവയായും, പ്രക്ലിന്നങ്ങൾ (നനഞ്ഞവ) ആയും, മലത്തെ ഭേദിപ്പിക്കുന്നവയും പീതവൎണ്ണമാക്കുന്നവയുമായും ഭവിക്കുകയും ചെയ്യും. ത്വങ്ങ്നഖാദികളെ മഞ്ഞവൎണ്ണമാക്കിത്തീൎക്കുകയും ചെയ്യും.

ശ്ലേഷ്മോല്ബണാനി മഹാമൂലാനി സ്ഥിരസ്നിഗ്ദ്ധപാണ്ഡുവൃത്തോപചിതാനി ഗുരുസ്തബ്ധശ്ലക്ഷ്ണപിച്ഛിലാനി സുപ്തസുപ്താനിസ്പൎശക്ഷമാണി കരീരപനസാസ്ഥിഗോസ്തനാകാരാണ്യതിമാത്രോത്ഥാനപ്രവാഹികാവംക്ഷണാനാഹനാഭിപരികൎത്തികാഹൃല്ലാസപ്രസേകകാസശ്വാസപീനസാരുചിച്ഛൎദ്ദികൃച്ഛ്രമൂത്രപ്രമേഹശീതജ്വരശോഫശിരോഗൌരവേന്ദ്രിയോപലേപാഗ്നിമാൎദ്ദവക്ലൈബ്യാ

മവികാരപ്രബലാനി ച ഭിദ്യന്തേ ന സ്രവന്തി കണ്ഡൂബഹുലാനി സശ്ലേഷ്മവസാപ്രകാശാതിമലോപവേശീനി ശുക്ലത്വങ്നഖാദികരാണി ച ॥

സാ—കഫാധികങ്ങളായ അർശസ്സുകൾ മഹാമൂലങ്ങൾ (അടിക്ക് കനമുള്ളവ) ആയിരിക്കും. സ്ഥിരങ്ങളും സ്നിഗ്ധങ്ങളും പാണ്ഡുവർണ്ണങ്ങളും വൃത്തങ്ങളും ഉപചിതങ്ങളുമായിരിക്കും. ഗുരുത്വവും സ്തംഭവും മിനുപ്പും പഴുപ്പുമുണ്ടായിരിക്കും. സുപ്തസുപ്തങ്ങൾ (അലസങ്ങൾ) ആയിരിക്കും. തൊടുവാൻ വയ്യായ്മ ഉണ്ടാകയില്ല. കരീരം (അഗസ്തി), ചക്ക എന്നിവയുടെ കുരുവിന്റേയും ഗോസ്തനത്തിന്റേയും ആകൃതിപോലുള്ള ആകൃതിയോടുകൂടിയവയായിരിക്കും. അതിമാത്രമായ ഉത്ഥാനം (വിരേചനം), പ്രവാഹികാ (മുക്കൽ), കടികളിൽ വീപ്പ്, നാഭിയിൽ അരിഞ്ഞുവേവ്, ഹൃല്ലാസപ്രസേകം (നെഞ്ചുകലിപ്പോടുകൂടി വായിൽ വെള്ളംതെളിയൽ), കാസശ്വാസപീനസാരുചിച്ഛർദ്ദികൾ, കൃച്ഛ്രമൂത്രപ്രമേഹം, ശീതജ്വരം, ശോഫം, തലകനം, ഇന്ദ്രിയങ്ങൾക്കുപലേപം (വിഷയഗ്രഹണാശക്തി), അഗ്നിമാന്ദ്യം, ക്ലൈബ്യം (സ്ത്രീഗമനാശക്തി), ആമവികാരം എന്നിവ ധാരാളമുണ്ടാകും. ഈ അർശസ്സുകൾ പൊട്ടും; പക്ഷേ ഒലിക്കുകയില്ല. ചൊറിച്ചിൽ വളരെ ഉണ്ടാകും. കഫത്തിന്റേയും വസയുടേയും നിറത്തിലുള്ള മലം വളരെ പോയിക്കൊണ്ടിരിക്കും. നഖാദികളെ ശുക്ലവർണ്ണങ്ങളാക്കുകയും ചെയ്യും. അർശസ്സുകളിലെല്ലാം അഗ്നിമാന്ദ്യം സാമാന്യമായിരിക്കെ കഫാർശസ്സിൽ അതുണ്ടാകുമെന്നു പറഞ്ഞതുകൊണ്ട് ഇതിൽ അതിശയേന അഗ്നിമാന്ദ്യമുണ്ടാകുമെന്നു ഗ്രഹിക്കണം.

ലക്ഷണസംകരാൽ സംസർഗ്ഗസന്നിപാതജാനി വിഭജേൽ ॥

സാ—വാതാദിദോഷങ്ങളുടെ സംസർഗ്ഗംകൊണ്ടും ത്രിദോഷസന്നിപാതംകൊണ്ടും ഉണ്ടാകുന്ന അർശസ്സുകളെ ലക്ഷണസങ്കരംകൊണ്ടറിയേണ്ടതാണ്. വാതാദ്യർശസ്സുകളിൽ ഈരണ്ടെണ്ണത്തിന്റെ ലക്ഷണങ്ങൾ കലർന്നിരുന്നാൽ സംസർഗ്ഗജങ്ങളായ അർശസ്സുകളെന്നും സർവ്വദോലക്ഷണങ്ങൾ തികഞ്ഞിരുന്നാൽ സന്നിപാതജങ്ങളെന്നും അറിയേണമെന്നു സാരം.

രക്തോല്ബണാനി തു വടപ്രരോഹവിദ്രുമകാകനന്ദികാഫലാഭാനി പിത്തലക്ഷണാനി ച തഥാ ഗാഢപുരീഷപ്രതിപീഡി

താന്യത്യർത്ഥം ദുഷ്ടമുഷ്ണമസൃക് സഹസാ വിസൃജന്തി । തസ്യാതിപ്രവൃത്തൗ രക്തക്ഷയോപദ്രവാ ഭവന്തീതി ॥

സാ—രക്താധികങ്ങളായ അർശസ്സുകൾ വടപ്രരോഹം (പേരാൽക്കൂമ്പ്), വിദ്രുമം (പവിഴം), കാകനന്ദികാഫലം (കുന്നിക്കായ) എന്നിവയെപ്പോലെയിരിക്കും. പിത്താർശസ്സിന്റെ ലക്ഷണങ്ങളുണ്ടായിരിക്കും. ഗാഢമായ (ഉറപ്പുള്ള) മലത്താൽ പീഡിതങ്ങളായിട്ടുപെട്ടന്ന് ഏററവും ദുഷിച്ചതും ചൂടുള്ളതുമായ രക്തത്തെ വിസർജ്ജിക്കയും ചെയ്യും. രക്തം അധികമായി പോയാൽ രക്തക്ഷയോപദ്രവങ്ങൾ ഉണ്ടാകയും ചെയ്യും. രക്തക്ഷയോപദ്രവങ്ങൾ ശിരോഭിതാപാദികളാണെന്നു കാണുക. ഇത്രയും ഭാഗത്തെ തന്ത്രകാരൻ ഗദ്യപ്രബന്ധമായി രചിച്ചത് സങ്കലാർത്ഥപ്രകാശനത്തിന്നും വൈചിത്ര്യത്തിന്നും വേണ്ടിയാകുന്നു.

ഭവന്തി ചാത്ര ശ്ലോകാഃ—

മുദ്ഗകോദ്രവജൂർണ്ണാഹ്വകരീരചണകാദിഭിഃ
രൂക്ഷൈസ്സംഗ്രാഹിഭിർവ്വായുഃ സ്വേ സ്ഥാനേ കുപിതോ ബലീ
അധോവഹാനി സ്രോതാംസി സംരുദ്ധ്യാതഃ പ്രശോഷയൻ
പുരീഷം വാതവിണ്മൂത്രസംഗം കുർവ്വീത ദാരുണമ്.
തേന തീവ്രരുജാ കോഷ്ഠപൃഷ്ഠഹൃൽപാർശ്വഗാ ഭവേൽ
ആദ്ധ്മാനമുദരാവേഷ്ടോ ഹൃല്ലാസഃ പരികർത്തനമ്.
വസ്തൗ ച സുതരാം ശൂലം ഗണ്ഡശ്വയഥുസംഭവഃ
പവനസ്യോർദ്ധ്വഗാമിത്വം തതഃ ഛർദ്ദ്യരുചിജ്വരാഃ.
ഹൃദ്രോഗഗ്രഹണീദോഷമൂത്രസംഗപ്രവാഹികാഃ
ബാധിര്യതിമിരശ്വാസശിരോരുക്കാസപീനസാഃ.
മനോവികാരസ്തൃഷ്ണാസ്രപിത്തഗുല്മോദരാദയഃ
തേ തേ ച വാതജാ രോഗാ ജായന്തേ ഭൃശദാരുണാഃ
ദുർന്നാമ്നാമിത്യുദാവർത്തഃ പരമോയമുപദ്രവഃ.
വാതാഭിഭൂതകോഷ്ഠാനാം തൈർവ്വിനാപി സ ജായതേ.

സാ—ഇനി അർശസ്സുകളുടെ ഉപദ്രവരോഗമായ ഉദാവർത്തത്തിന്റെ നിദാനാദികളെ പറയുന്നു. മുദ്ഗേതി—മുദ്ഗം=ചെറുപയറ്. കോദ്രവം=വരക്. ജൂർണ്ണാഹ്വം=ഒരുതരം ധാന്യം. കരീരം=മുളനെല്ല്. ചണകം=ചണമ്പയറ്, മുതലായവയെക്കൊണ്ടും രൂക്ഷങ്ങളും സംഗ്രാഹികളുമായ മററു ദ്രവ്യങ്ങളെക്കൊണ്ടും വായു ദുഷിച്ച് അതിന്റെ സ്ഥാനത്തുനിന്നുതന്നെ കോപിച്ച് ബലവാനായിത്തീൎന്ന്, അധോവഹങ്ങ

ളായ സ്രോതസ്സുകളെ രോധിച്ച് മലത്തെ പ്രകർഷേണ ശോഷണം ചെയ്തിട്ട് മലമൂത്രങ്ങൾക്കു ഭയങ്കരമായ പ്രതിബന്ധത്തെ ഉണ്ടാക്കും. [ഇവിടെ വായു എന്നതിന്ന് അപാനവായു എന്നും സ്വസ്ഥാനമെന്നതിന്നു നാഭിയുടെ അധോഭാഗമെന്നും അർത്ഥം ഗ്രഹിക്കണം.] അതുകൊണ്ടു കോഷ്ഠം, പൃഷ്ഠം, ഹൃദയം, പാർശ്വം എന്നിവയിൽ കഠിനമായ വേദനയുണ്ടാവും. ആദ്ധ്മാനം, ഉദരവേഷ്ടനം, ഹൃല്ലാസം, പരികർത്തനം, വസ്തിപ്രദേശത്തു കലശലായ വേദന, കവിളത്തു നീര്, വായുവിന്റെ ഊർദ്ധ്വഗമനം എന്നിവയുണ്ടാകും. പിന്നെ ഛർദ്ദി, അരോചകം, ജ്വരം, ഹൃദ്രോഗം, ഗ്രഹണീദോഷം, മൂത്രസംഗം, പ്രവാഹിക, ബാധിര്യം, തിമിരം, ശ്വാസം, ശിരോവേദന, കാസം, പീനസം, മനോവികാരം, തൃഷ്ണ, രക്തപിത്തം, ഗുൽമം, ഉദരം മുതലായവയും വാതം ഹേതുവായിട്ടുള്ള അതിഭയങ്കരങ്ങളായ പല രോഗങ്ങളും ഉണ്ടാകും. ഉദാവർത്തമെന്ന ഈ രോഗം അർശസ്സുകളിൽവെച്ച് കഠിനമായ ഉപദ്രവമാകുന്നു. എന്നാൽ, കോഷ്ഠത്തിങ്കൽ വാതകോപമുള്ളവൎക്ക് അർശസ്സുകൂടാതെയും ഉദാവർത്തമുണ്ടാകും.

അനന്തരം അർശസ്സുകളുടെ സാദ്ധ്യാസാദ്ധ്യലക്ഷണങ്ങളെ പറയുന്നു:—

സഹജാനി ത്രിദോഷാണി യാനി ചാഭ്യന്തരേ വലൌ
സ്ഥിതാനി താന്യസാദ്ധ്യാനി യാപ്യന്തേഗ്നിബലാദിഭിഃ.
ദ്വന്ദ്വജാനി ദ്വിതീയായാം വലൌ യാന്യാശ്രിതാനി ച
കൃച്ഛ്രസാദ്ധ്യാനി താന്യാഹുഃ പരിസംവത്സരാണി ച.
ബാഹ്യായാന്തു വലൌ ജാതാന്യേകദോഷോല്ബണാനി ച
അർശാംസി സുഖസാദ്ധ്യാനി നചിരോൽപതിതാനി ച.

സാ.—സഹജങ്ങളായ അർശസ്സുകളും, ത്രിദോഷകോപംകൊണ്ടുണ്ടായ (ഇത് ഗർഭജങ്ങളായാലും ജാതജങ്ങളായാലും ഇങ്ങിനെതന്നെ) അർശസ്സുകളും, ആഭ്യന്തരമായ വലിയിൽ സ്ഥിതിചെയ്യുന്നവയായ അർശസ്സുകളും (ഇത് ഏകദോഷജങ്ങളോ ദ്വിദോഷജങ്ങളോ ആയാലും ഒരുപോലെതന്നെ) അസാദ്ധ്യങ്ങളാകുന്നു. എന്നാൽ ഇവ അഗ്നിബലാദികളുണ്ടെങ്കിൽ യാപ്യങ്ങളായി ഭവിക്കുന്നു. ദ്വന്ദ്വജങ്ങൾ (ഈരണ്ടു ദോഷങ്ങൾ കോപിച്ചുണ്ടാകുന്നവ) ആയിട്ടുള്ളവയും രണ്ടാമത്തെ വലിയിൽ ആശ്രിതങ്ങളായിട്ടുള്ളവയുമായ അർശസ്സുകൾ കൃച്ഛ്രസാദ്ധ്യങ്ങളാകുന്നു. പരിസംവത്സരങ്ങൾ (ഒരു കൊല്ലം ചികിത്സിക്കാതെ ഉ

പേക്ഷിക്കപ്പെട്ടവ) ആയിട്ടുള്ള അർശസ്സുകളും കൃച്ഛ്രസാദ്ധ്യങ്ങളാണ്. ബാഹ്യമായ വലിയിൽ ഉണ്ടായവയും ഒരു ദോഷം മാത്രം കോപിച്ചുണ്ടാകുന്നവയും അഭിനവമായിട്ടുണ്ടായവയുമായ അർശസ്സുകളാകട്ടെ സുഖസാദ്ധ്യങ്ങളാകുന്നു. ഇങ്ങിനെ ഗുദജാർശസ്സുകൾ പറയപ്പെട്ടു.

മേഢ്രാദിഷ്വപി വക്ഷ്യന്തേ യഥാസ്വം നാഭിജാനി തു
ഗണ്ഡൂപദാസ്യരൂപാണി പിച്ഛിലാനി മൃദൂനി ച.
വ്യാനോ ഗൃഹീത്വാ ശ്ലേഷ്മാണം കരോത്യർശസ്ത്വചോ ബഹിഃ
കീലോപമം സ്ഥിരഖരം ചർമ്മകീലന്തു തം വിദുഃ
വാതേന തോദപാരുഷ്യം പിത്താദസിതരക്തതാ.
ശ്ലേഷ്മണാ സ്നിഗ്ദ്ധതാ തസ്യ ഗ്രഥിതത്വം സവർണ്ണതാ
അർശസാം പ്രശമേ യത്നമാശു കുർവ്വീത ബുദ്ധിമാൻ.
താന്യാശു ഹി ഗുദം ബദ്ധ്വാ കുർയ്യുർബ്ബദ്ധഗുദോദരമ്.

സാ—മേഢ്രം മുതലായ സ്ഥാനങ്ങളിലും അർശസ്സുകൾ യഥാസ്വം പറയപ്പെടും. [ഗുഹ്യരോഗം, നാസാരോഗം, കണ്ണുരോഗം എന്നിവയിൽ തത്തൽസ്ഥാനങ്ങളിലുണ്ടാകുന്ന അർശസ്സുകൾ പറയപ്പെടും.] നാഭിയിങ്കലും അർസ്സുകളുണ്ടാവും. അവയാകട്ടെ ഗണ്ഡൂപദ (ഞാഞ്ഞൂൽ) ത്തിന്റെ മുഖംപോലെയുള്ള മുഖത്തോടുകൂടിയവയും പിച്ഛിലങ്ങളും മൃദുക്കളുമായിരിക്കും. വ്യാനവായു കഫത്തെ സംഗ്രഹിച്ചിട്ടു ഗുദത്തിന്റെ പുറത്തു ത്വക്കിൽനിന്നു പുറമെയായിട്ട് ഒരു തരം അർശസ്സിനെജ്ജനിപ്പിക്കും. അതു ആണിപോലെയുള്ളതും സ്ഥിരവും ഖരവുമായിരിക്കും. ഈ അർശസ്സിനെ ആചാര്യന്മാർ ചർമ്മകീലം എന്നു പറയുന്നു. വാതംകൊണ്ടുള്ള ചർമ്മകീലത്തിൽ തോദപാരുഷ്യവും, പിത്തംകൊണ്ടുള്ളതിൽ കൃഷ്ണരക്തവർണ്ണതയും, കഫംകൊണ്ടുള്ളതിൽ സ്നിഗ്ദ്ധത-ഗ്രഥിതത്വം-സവർണ്ണത എന്നിവയും ലക്ഷണങ്ങളാകുന്നു. ഇനി ഈ അർശോനിദാനത്തെ ഉപസംഹരിക്കുന്നു. അർശസാമിതി—ബുദ്ധിമാനായ വൈദ്യൻ അർശസ്സുകളെ ശമിപ്പിക്കുന്നതിൽ അതിവേഗത്തിൽ യത്നം ചെയ്യണം. എന്തുകൊണ്ടെന്നാൽ, അർശസ്സുകൾ വേഗത്തിൽ ഗുദമാർഗ്ഗത്തെ ബന്ധിച്ചിട്ട് മുകളിൽ പറയുവാൻ പോകുന്ന ബദ്ധഗുദോദരം എന്ന ഉദരരോഗത്തെ ഉണ്ടാക്കും.

ഇത്യഷ്ടാങ്ഗസംഗ്രഹേ നിദാനസ്ഥാനേ
സപ്തമാദ്ധ്യായഃ
സമാപ്തഃ.

## അഷ്ടമോദ്ധ്യായഃ.

അർശോനിദാനാനന്തരം അതിസാരനിർണ്ണയത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു. അർശസ്സിങ്കലെന്നപോലെ അതിസാരത്തിങ്കലും അഗ്നിസാദം, അധോഗദോഷഹേതുത്വം എന്നിവ ഭവിക്കുന്നതുകൊണ്ട് രണ്ടിനും തമ്മിൽ അടുപ്പമുണ്ടെന്നു പറയേണ്ടതില്ലല്ലോ:—

മൂ—അഥാതോതീസാരഗ്രഹണീദോഷനിദാനം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—ഇനി അതിസാരഗ്രഹണീദോഷനിദാനം എന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു.

ദോഷൈർവ്യസ്തൈസ്സമസ്തൈശ്ച ഭയാച്ഛോകാച്ച ഷഡ്വിധഃ
അതീസാരഃ സ സുതരാം ജായതേത്യംബുപാനതഃ.
കൃശശുഷ്കാമിഷാസാത്മ്യതിലപിഷ്ടവിരുദ്ധകൈഃ
മദ്യരൂക്ഷാതിമാത്രാന്നൈരർശോഭിഃ സ്നേഹവിഭ്രമാൽ.
കൃമിഭ്യോ വേഗരോധാച്ച തദ്വിധൈഃ കുപിതോനിലഃ
വിസ്രംസയത്യധോബ്ധാതും ഹത്വാ തേനൈവ ചാനലം.
വ്യാപയ്യാനു ശകൃൽ കോഷ്ഠം പുരീഷം ദ്രവതാം നയൻ
പ്രകല്പതേതിസാരായ ... ... ...

സാ—വാതാദികളായ ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, സന്നിപാതംകൊണ്ടൊന്നും, ഭയംകൊണ്ടൊന്നും, ശോകംകൊണ്ടൊന്നും എന്നിങ്ങിനെ ആറുവിധത്തിൽ അതിസാരമുണ്ടാകും. അത് അധികവും ഉണ്ടാകുന്നത് അതിയായി വെള്ളം കുടിക്കുന്നതു നിമിത്തമാകുന്നു. എല്ലാവിധം അതിസാരങ്ങളുടേയും നിദാനവും സമ്പ്രാപ്തിയും പറയുന്നു. കൃശശുഷ്ക—മെലിഞ്ഞും ശുഷ്കമായുമിരിക്കുന്ന മാംസം, അസാത്മ്യമായ പദാൎത്ഥം, തിലം, പിഷ്ടം, വിരുദ്ധകം എന്നിവയെക്കൊണ്ടും മദ്യം, രൂക്ഷമായും അതിമാത്രമായുമുള്ള അന്നങ്ങൾ എന്നിവയെക്കൊണ്ടും, അർശസ്സുകളെക്കൊണ്ടും, സ്നേഹപാനത്തിൽ വരുന്ന തകരാറുകളെക്കൊണ്ടും, കൃമികളെക്കൊണ്ടും, വേഗരോധംകൊണ്ടും, ഇതുപോലെയുള്ള മററു കാരണങ്ങളെക്കൊണ്ടും വാതം കോപിച്ച് അധോഭാഗത്തിലുള്ള ജലധാതുവിനെ വിസ്രംസിപ്പിക്കുന്നു. പിന്നെ ആ ജലത്തെക്കൊണ്ടുതന്നെ അ

ഗ്നിയെ കെടുത്തി, തദനന്തരം മലത്തെ കോഷ്ഠത്തിങ്കലെക്കാക്കി മലത്തെ ദ്രവമാക്കിത്തീർത്ത് അതിസാരത്തെ ഉണ്ടാക്കുന്നു.

... ... ... ലക്ഷണം തസ്യ ഭാവിനഃ
തോദോ ഹൃൽഗുദകോഷ്ഠേഷു ഗാത്രസാദോ മലഗ്രഹഃ
ആദ്ധ്മാനമവിപാകശ്ച തത്ര വാതേന വിഡ്ജലമ്
അല്പാല്പം ശബ്ദശൂലാഢ്യം വിബദ്ധമുപവേശ്യതേ
രൂക്ഷം സഫേനമച്ഛഞ്ച ഗ്രഥിതം വാ മുഹുർമ്മുഹുഃ
തഥാ ദശ്ധഗുഡാഭാസം സപിഞ്ഛാപരികർത്തികം
ശുഷ്കാസ്യോ ഭ്രഷ്ടപായുശ്ച ഹൃഷ്ടരോമാ വിനിഷ്ടനൻ
പിത്തേന പീതമസിതം ഹാരിദ്രം ശാദ്വലപ്രഭം
സരക്തമതിദുർഗ്ഗന്ധം തൃണ്മൂർച്ഛാസ്വേദദാഹവാൻ
സശൂലഃ പായുസന്താപപാകവാൻ, ശ്ലേഷ്മണാ ഘനം
പിച്ഛിലം തന്തുമച്ഛ്വേതം സ്നിഗ്ദ്ധമാമം കഫാന്വിതം
അഭീക്ഷ്ണം ഗുരു ദുർഗ്ഗന്ധം വിബദ്ധമനുബദ്ധരുക്
നിദ്രാലുരലസോന്നദ്ധിഡല്പാല്പം സപ്രവാഹികം
സരോമഹർഷഃ സോൽക്ലേശോ ഗുരുവസ്തിഗുദോദരഃ
കൃതേപ്യകൃതസംജ്ഞശ്ച, സർവ്വാത്മാ സർവ്വലക്ഷണഃ.

സാ—വരുവാൻപോകുന്ന എല്ലാ അതിസാരത്തിന്റെയും പൂർവ്വരൂപം ഹൃദയം-ഗുദം- കോഷ്ഠം എന്നിവയിൽ കുത്തിനോവും ദേഹത്തിന്നു തളർച്ചയും മലഗ്രഹവും വയറുവീർപ്പും അവിപാകവുമാകുന്നു. അവയിൽ വെച്ച് വാതംകൊണ്ടുള്ള അതിസാരത്തിൽ അല്പാല്പമായും വലിയ ശബ്ദത്തോടും വേദനയോടും കൂടിയും വിബദ്ധമായും വിഡ്ജലത്തെ ഉപവേശിക്കും. (വിഡ്ജലം=ക്ലിന്നോദകം. ഉപവേശിക്കുക=വിസർജ്ജിക്കുക). ചിലപ്പോൾ രൂക്ഷമായും നുരയോടുകൂടിയതായും അച്ഛമായും ഗ്രഥിതമായുമിരിക്കുകയും ചെയ്യും. വീണ്ടും വീണ്ടും വിസർജ്ജിക്കുകയും ചെയ്യും. അപ്രകാരംതന്നെ ദഗ്ദ്ധമായ ശർക്കരയുടെ നിറത്തോടുകൂടിയും പിഞ്ഛയോടുകൂടിയും അരിഞ്ഞുനോവോടുകൂടിയുമിരിക്കും. രോഗി ശുഷ്കമുഖനായും ഭ്രഷ്ടഗുദനായും രോമാഞ്ചത്തോടുകൂടിയവനായും മുക്കലോടുകൂടിയവനായുമിരിക്കുകയും ചെയ്യും. ഇങ്ങിനെയാണ് വാതാതിസാരലക്ഷണം. പിത്തംകൊണ്ടുള്ള അതിസാരത്തിൽ അതിസരിക്കപ്പെടുന്ന സാധനം പീതവർണ്ണമോ കൃഷ്ണവർണ്ണമോ ഹാരിദ്രമോ ശാദ്വല (പച്ച) നിറമോ ആ

യിരിക്കും. രക്തത്തോടും വലിയ ദുർഗ്ഗന്ധത്തോടും കൂടിയതുമായിരിക്കും. രോഗിക്കു തണ്ണീർദാഹവും മൂർച്ഛയും വിയർപ്പും ചുട്ടുനീറലും ശൂലവും ഗുദത്തിങ്കൽ ചൂടും പഴുപ്പും ഉണ്ടാകയും ചെയ്യും. ഇതാണ് പിത്താതിസാരലക്ഷണം. കഫംകൊണ്ടുള്ള അതിസാരത്തിൽ അതിസരിക്കപ്പെടുന്നതു ഘനമായും പിച്ഛിലമായും നൂലുകളുള്ളതായും ശ്വേതവർണ്ണമായും സ്നിഗ്ദ്ധമായും ആമമായും കഫംകലന്നതായും ഏററവും ഗുരുവായും ദുർഗ്ഗന്ധമായും വിബന്ധമായുമിരിക്കും. അതിസരിച്ചാലുള്ള വേദന കുറേനേരത്തേക്കു അനുബന്ധിച്ചുനിൽക്കുകയും ചെയ്യും. രോഗി നിദ്രാശീലനും അലസനും അന്നദ്വേഷിയുമായിരിക്കും. അല്പാല്പമായേ അതിസരിക്കയുള്ളൂ. മുക്കലോടുകൂടിയിരിക്കയും ചെയ്യും. കൂടാതെ രോമാഞ്ചം, ഉൾപ്പുഴുക്ക്, വസ്തി ഗുദോദരങ്ങളിൽ ഗുരുത്വം ഇവയുമുണ്ടാകും. അതിസാരം കഴിഞ്ഞാലും അതിസരിച്ചില്ലെന്നു തോന്നുന്നതുമാണ്. ഇതാണ് കഫാതിസാരലക്ഷണം. സന്നിപാതംകൊണ്ടുള്ള അതിസാരം ഈ വാതപിത്തകഫാതിസാരങ്ങൾക്കു പറഞ്ഞ ലക്ഷണങ്ങളെല്ലാമുള്ളതായിരിക്കും.

ഭയേന ക്ഷോഭിതേ ചിത്തേ സപിത്തോ ദ്രാവയേച്ഛകൃൽ
വായുസ്തതോതിസാര്യേത ക്ഷിപ്രമുഷ്ണം ദ്രവം പ്ലവമ്
വാതപിത്തസമം ലിംഗൈരാഹുസ്തദ്വച്ച ശോകതഃ.

സാ—ഭയശോകാതിസാരങ്ങളെ പറയുന്നു. ഭയേതി—ഭയംകൊണ്ടു മനസ്സ് ക്ഷോഭിപ്പിക്കപ്പെട്ടാൽ വായു പിത്തത്തോടുകൂടി മലത്തെ ദ്രവിപ്പിക്കും. തന്നിമിത്തം വേഗത്തിലും ഉഷ്ണമായും ദ്രവമായും പ്ലവമായും അതിസരിക്കും. ഈ അതിസാരത്തിൽ വാതവും പിത്തവും കോപിക്കുന്നതുകൊണ്ട് ഇത് ലക്ഷണങ്ങളെക്കൊണ്ടു വാതപിത്താതിസാരങ്ങളോടു തുല്യമായിരിക്കും. ശോകംകൊണ്ടുള്ള അതിസാരവും ഇതുപോലെതന്നെയാണ്.

അതീസാരസ്സമാസേന ദ്വിധാ സാമോ നിരാമകഃ
സാസൃങ്ങ്നിരസ്രസ്തത്രാദ്യേ ഗൌരവാദപ്സു മജ്ജതി
ശകൃദ്ദുർഗ്ഗന്ധമാടോപവിഷ്ടംഭാർത്തിപ്രസേകിനഃ
വിപരീതോ നിരാമസ്തു കഫാൽ പക്വോപി മജ്ജതി.

സാ—അതിസാരം ചുരുക്കത്തിൽ സാമമെന്നും നിരാമമെന്നും സാസ്രമെന്നും നിരസ്രമെന്നും രണ്ടുവിധത്തിലാകുന്നു. അവയിൽവെച്ച് ആദ്യത്തേതിൽ (അതായതു സാമത്തിൽ) മലം അതിന്റെ ഗൌരവംനിമിത്തം ജലത്തിൽ വീണാൽ താണുപോകും. ദുർഗ്ഗന്ധത്തോടുകൂടിയതായിരി

ക്കയും ചെയ്യും. രോഗിക്കു ആടോപവിഷ്ടംഭാർത്തിപ്രസേകങ്ങളുമുണ്ടാകും. നിരാമമായ അതിസാരം ഇതിൽനിന്നു വിപരീതമായിരിക്കും. എന്നുവെച്ചാൽ മലം വെള്ളത്തിൽവീണാൽ താഴുകയില്ലെന്നും ദുർഗ്ഗന്ധാദികളുണ്ടാകയില്ലെന്നുമർത്ഥം. എന്നാൽ കഫംകൊണ്ടുള്ള അതിസാരം പക്വം (നിരാമം) ആയിരുന്നാലും അതിങ്കൽ മലം ജലത്തിൽ താണുപോകും. (സാസ്രനിഃസ്രങ്ങളുടെ ലക്ഷണം രക്തംപോലെതന്നെ കണ്ടുകൊൾക). ഇങ്ങിനെ അതിസാരം പറയപ്പെട്ടു.

അനന്തരം ഗ്രഹണീദോഷത്തെ പറയുന്നു;—

അതീസാരേഷു യോ നാതിയത്നവാൻ ഗ്രഹണീഗദഃ
തസ്യ സ്യാദഗ്നിവിധ്വംസകരൈരന്യസ്യ സേവിതൈഃ.

സാ—അതിസാരങ്ങളിൽ യാതൊരുവൻ അതിയായ യത്നംചെയ്യാതിരിക്കുന്നുവോ അവന്നു ഗ്രഹണീരോഗം ഭവിക്കും. അതിസാരമുണ്ടായാൽ വർജ്ജിക്കേണ്ടതിനെ വർജ്ജിക്കുന്നതിലും സേവിക്കേണ്ടതിനെ സേവിക്കുന്നതിലും മനസ്സിരുത്താതെ പെരുമാറുന്നവന്നു ഗ്രഹണിയുണ്ടാകുമെന്നർത്ഥം. അന്യനായിട്ടുള്ളവന്നും (അതായതു അതിസാരമില്ലാത്തവന്നും) അഗ്നിനാശം വരുത്തുന്ന ആഹാരാദികളെ അധികമായി സേവിച്ചാൽ ഗ്രഹണീരോഗമുണ്ടാകും.

അതിസാരഗ്രഹണീദോഷങ്ങൾക്കു സാദൃശ്യമുള്ളത്‌കൊണ്ട് ലക്ഷണവിശേഷത്തെപ്പറയുന്നു:—

സാമം ശകൃന്നിരാമം വാ ജീർണ്ണേ യേനാതിസാർയ്യതേ
സോതിസാരോതിസരണാദാശുകാരീ സ്വഭാവതഃ.
സാമം സാന്നമജീർണ്ണേന്നേ ജീർണ്ണേ പക്വന്തു നൈവ വാ
അകസ്മാദ്വാ മുഹുർബ്ബദ്ധമകസ്മാച്ഛിഥിലം മുഹുഃ
ചിരകൃൽ ഗ്രഹണീദോഷസ്സഞ്ചയാച്ചോപവേശയേൽ.

സാ—ഏതൊരു രോഗംനിമിത്തമായിട്ട് അന്നം ജീർണ്ണമായിരിക്കും സമയത്തിങ്കൽ ആമത്തോടുകൂടിയോ കൂടാതെയോയുള്ള മലവു അതിസരിക്കപ്പെടുന്നുവോ അതാണ് അതിസാരം. അതിസരണം ഹേതുവായിട്ട് ഇത് അതിസാരസംജ്ഞമാകുന്നു. അതിസാരം സ്വഭാവേന ആശുകാരിയാകുന്നു. ഇങ്ങിനെയാണതിസാരം. ഗ്രഹണീദോഷത്തിങ്കലാകട്ടേ അതിസരിക്കുന്നതിന്നു നിയമമില്ല. അന്നം ജീർണ്ണമായിരിക്കുമ്പോഴും അജീർണ്ണമായിരിക്കുമ്പോഴും അതിസരിക്കുമെന്നർത്ഥം. ഇതിൽ അജീർണ്ണ

മായിരിക്കുമ്പോൾ അതിസരിക്കുന്നത് ആമത്തോടും അന്നത്തോടും കൂടിയതായിരിക്കും. ജീർണ്ണമായിരിക്കുമ്പോൾ അതിസരിക്കുന്നതാകട്ടെ പക്വമായിരിക്കും. അഥവാ ജീർണ്ണമായിരിക്കുമ്പോൾ അതിസരിച്ചില്ലെന്നും വരാം. കാരണംകൂടാതെ വീണ്ടും വീണ്ടും ബദ്ധമായിട്ടും, കാരണംകൂടാതെതന്നെ വീണ്ടും വീണ്ടും ശിഥിലമായിട്ടും അതിസരിക്കും. ഇങ്ങിനെയുള്ളതാണ് ഗ്രഹണീദോഷം. ഇത് ചിരകാരിയാകുന്നു. ദോഷസഞ്ചയംകൊണ്ടും അതിസരിക്കും.

സ ചതുർദ്ധാ പൃഥഗ്ദോഷൈസ്സന്നിപാതാച്ച ജായതേ
പ്രാഗ്രൂപം തസ്യ സദനം ചിരാൽ പചനമല്ലകഃ.
പ്രസേകോ വക്ത്രവൈരസ്യമരുചിസ്തൃൾ ക്ലമോ ഭ്രമഃ
ആനദ്ധോദരതാ ഛർദ്ദിഃ കർണ്ണക്ഷ്വേളാന്ത്രകൂജനമ്.
സാമാന്യലക്ഷണം കാർശ്യം ധൂമകസ്തമകോ ജ്വരഃ
മൂർച്ഛാ ശിരോരുഗ്വിഷ്ടമ്ഭഃ ശ്വയഥുഃ കരപാദയോഃ.

സാ—ആ ഗ്രഹണീദോഷം വാതപിത്തകഫങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും സന്നിപാതംകൊണ്ടൊന്നും എന്നിങ്ങിനെ നാലുപ്രകാരത്തിൽ ഉണ്ടാകുന്നു. അതിന്റെ പൂർവ്വരൂപം അഗ്നിസാദവും ആഹാരം ദഹിക്കുവാൻ താമസവും പുളിച്ചുതേട്ടലും പ്രസേകവും വായക്കു വിരസതയും അരുചിയും ദാഹവും ഇന്ദ്രിയസാദവും തലതിരിച്ചിലും വയിററിൽ ആനാഹവും ഛർദ്ദിയും ചെവിയിൽ മൂളക്കവും ആന്ത്രം ശബ്ദിക്കലും ആകുന്നു. എല്ലാ ഗ്രഹണികൾക്കുമുള്ള സാമാന്യലക്ഷണം ദേഹത്തിന്നു കൃശതയും പുകഞ്ഞുതേട്ടലും തമകവും പനിയും മൂർച്ഛയും തലവേദനയും വിഷ്ടംഭവും കൈകാലുകളിൽ വീക്കവും ആകുന്നു.

തത്രാനിലാത്താലുശോഷസ്തിമിരം കർണ്ണയോഃ സ്വനഃ
പാർശ്വോരുവംക്ഷണഗ്രീവാരുജാഭീക്ഷ്ണം വിഷൂചികാ
രസേഷു ഗൃദ്ധിസ്സർവ്വേഷു ക്ഷുത്തൃഷ്ണാ പരികർത്തികാ
ജീർണ്ണേ ജീര്യതി ചാദ്ധ്മാനം ഭുക്തേ സ്വാസ്ഥ്യം സമശ്നുതേ
വാതഹൃദ്രോഗഗുല്മാർശഃപ്ലീഹപാണ്ഡുത്വശങ്കിതഃ
ചിരാദ്ദുഃഖം ദ്രവം ശുഷ്കം തന്വാമം ശബ്ദഫേനവൽ.
പുനഃ പുനഃ സൃജേദ്വർച്ചഃ പായുരുക്ശ്വാസകാസവാൻ

സാ—അവയിൽവെച്ച് വാതം ഹേതുവായിട്ടുള്ള ഗ്രഹണിയിൽ താലുപ്രദേശത്തിന്നു മെലിച്ചിലും കണ്ണുകാണായ്കയും ചെവികളിൽ ശബ്ദ

വും പാൎശ്വഭാഗങ്ങൾ, തുടകൾ, ഒടികൾ, കഴുത്ത് എന്നിവയിൽ വേദനയും വിഷൂചികയും മധുരാദികളായ സൎവ്വരസങ്ങളിലും ആഗ്രഹവും വിശപ്പും ദാഹവും അരിഞ്ഞുനോവും ദഹിച്ചുകഴിഞ്ഞാലും ദഹനം തുടങ്ങുമ്പോഴും വയറുവീൎപ്പും ഉണ്ടാകും. ഊണുകഴിഞ്ഞാൽ കുറച്ചു സുഖം തോന്നും. വാതഹൃദ്രോഗാദികളുടെ ശങ്ക തോന്നുകയും ചെയ്യും. മലം പോകുന്നതു വളരെ നേരംകൊണ്ടും കഷ്ടപ്പെട്ടും ദ്രവമായും അല്ലെങ്കിൽ ശുഷ്കമായും അല്പമായും ആമമായും ശബ്ദഫേനസഹിതമായും ഇരിക്കും. പിന്നേയും പിന്നയും പോകയും ചെയ്യും. പോകുമ്പോൾ ഗുദത്തിൽ വേദനയും ശ്വാസകാസങ്ങളും ഉണ്ടായിരിക്കയും ചെയ്യും.

പിത്തേന നീലം പീതാഭം പീതാഭഃ സൃജതി ദ്രവമ് ।
പൂത്യമ്ലോൽഗാരഹൃൽകണ്ഠദാഹാരുചിതൃഡൎദ്ദിതഃ ॥

സാ—പിത്തംകൊണ്ടുള്ള ഗ്രഹണിയിൽ നീലവൎണ്ണമായും പീതവൎണ്ണമായും ഉള്ള മലംപോകും. രോഗി പീതവൎണ്ണനായിരിക്കയും ചെയ്യും. ദുൎഗ്ഗന്ധത്തോടുകൂടിയ പുളിച്ചുതേട്ടലും ഹൃദയം- കണ്ഠം എന്നിവയിൽ ചുട്ടുനീറലും അരുചിയും തണ്ണീൎദാഹവും ഉണ്ടായിരിക്കയും ചെയ്യും.

ശ്ലേഷ്മണാ പച്യതേ ദുഃഖമന്നം ഛൎദ്ദിരരോചകഃ ।
ആസ്യോപദേഹനിഷ്ഠീവകാസഹൃല്ലാസപീനസാഃ ॥
ഹൃദയം മന്യതേ സ്ത്യാനമുദരം സ്തിമിതം ഗുരു ।
ഉൽഗാരോ ദുഷ്ടമധുരഃ സദനം സ്ത്രീഷ്വഹൎഷണമ് ॥
ഭിന്നാമശ്ലേഷ്മസംസൃഷ്ടഗുരുവൎച്ചഃപ്രവൎത്തനമ് ।
അകൃശസ്യാപി ദൌൎബ്ബല്യം സൎവ്വജേ സൎവ്വസങ്കരഃ ॥

സാ—കഫംകൊണ്ടുള്ള ഗ്രഹണിയിൽ അന്നം വളരെ പണിപ്പെട്ടേ ദഹിക്കുകയുള്ളൂ. ഛൎദ്ദി, അരോചകം, ആസ്യോപലേപം, തുപ്പൽ, കാസം, ഹൃല്ലാസം, പീനസം എന്നിവയുണ്ടാകും. ഹൃദയം കട്ടപിടിച്ചതുപോലെ തോന്നും. വയറ് നിശ്ചലമായും ഗുരുവായുമിരിക്കും. തേട്ടുന്നതു ദുഷ്ടോടുകൂടിയതായും മധുരമായുമിരിക്കും. തളൎച്ചയുണ്ടാകും. സ്ത്രീഗമനത്തിൽ ലിംഗം ഹൎഷിക്കയുമില്ല. ഭിന്നമായും ആമകഫങ്ങൾ കലൎന്നതായും ഗുരുവായുമുള്ള മലംപോകയും ചെയ്യും. രോഗി കൃശനായിരിക്കയില്ല; എങ്കിലും ബലം കുറഞ്ഞിരിക്കും—ഇവയാണ് കഫഗ്രഹണീലക്ഷണങ്ങൾ. സന്നിപാതംനിമിത്തമുണ്ടാകുന്ന ഗ്രഹണിയിങ്കൽ മേല്പറഞ്ഞ ത്രിദോഷഗ്രഹണികളുടെ ലക്ഷണങ്ങൾതന്നെ കലൎന്നിരിക്കും.

സിരാവിഭാഗേ യേ പ്രോക്താ വിഷമാദ്യാസ്ത്രയോഗ്നയഃ ।
തേപി സ്യുർഗ്രഹണീദോഷാഃ സമസ്തു സ്വാസ്ഥ്യകാരണമ് ॥
വാതവ്യാധ്യശ്മരീകുഷ്ഠമേഹോദരഭഗന്ദരാഃ ।
അശാംസി ഗ്രഹണീത്യഷ്ടൌ മഹാരോഗാസ്സുദുസ്തരാഃ ॥

സാ—മുമ്പ് സിരാവിഭാഗത്തിങ്കൽ വിഷമാഗ്നിമുതലായി മൂന്നഗ്നികൾ (അതായതു വിഷമാഗ്നി, തീക്ഷ്ണാഗ്നി, മന്ദാഗ്നി എന്നിവ) പറയപ്പെട്ടിട്ടുണ്ടല്ലോ. അവയും ഗ്രഹണ്യാശ്രിതങ്ങളായതുകൊണ്ടു ഗ്രഹണീദോഷങ്ങളായിട്ടു ഭവിക്കും. സമാഗ്നിയാകട്ടേ സ്വാസ്ഥ്യത്തിന്നു കാരണമാകുന്നു. ഇനി ഗ്രഹണീരോഗത്തിൻെറ ഗൌരവത്തെ കാണിപ്പാനായി അതിൻെറയും പ്രസംഗവശാൽ മററു ചിലതിൻെറയും മഹാരോഗത്വത്തെ ഉപന്യസിച്ച് അദ്ധ്യായം ഉപസംഹരിക്കുന്നു. വാതേതി—വാതവ്യാധി, അശ്മരി, കുഷ്ഠം, പ്രമേഹം, ഉദരം, ഭഗന്ദരം, അശസ്സ്, ഗ്രഹണി എന്നിങ്ങിനെ എട്ടു വ്യാധികൾ മഹാരോഗങ്ങളാണ്. ഇവ മാറുന്നതിന്നു വളരെ പ്രയാസമുള്ളവയാകുന്നു.

ഇത്യഷ്ടാങ്ഗസംഗ്രഹേ നിദാനസ്ഥാനേ
അഷ്ടമാദ്ധ്യായഃ
സമാപ്തഃ.

---

# നവമോദ്ധ്യായഃ.

---

അനന്തരം, അധോഭാഗത്തിൽ ദോഷം കോപിക്കുക എന്ന അംശത്തിൽ ഗ്രഹണിയോടു സാമ്യമുള്ള മൂത്രകൃച്ഛ്രം, പ്രമേഹം എന്നീ രോഗങ്ങളാണ് പ്രകൃതം. അവയിൽവെച്ച് മൂത്രകൃച്ഛ്രം അധികം കഷ്ടമായ രോഗമായതുകൊണ്ട് അതിനെപ്പറയുവാനായി ആദ്യം അദ്ധ്യായം ആരംഭിക്കുന്നു:—

മൂ—അഥാതോ മൂത്രാഘാതനിദാനം വ്യാഖ്യാസ്യാമഃ । ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—അനന്തരം മൂത്രാഘാതനിദാനം എന്ന അദ്ധ്യായത്തെ പറയുവാൻപോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. മൂത്രാഘാതം=മൂത്രകൃച്ഛ്രം.

മൂ—വിംശതിർമൂത്രാഘാതാ ഭവന്തി । തദ്യഥാ—വാതപിത്തകഫസന്നിപാതകൃച്ഛ്രാണി । വാതപിത്തശ്ലേഷ്മശുക്ലാശ്മര്യഃ । വാതവസ്ത്യഷ്ഠീലാകുണ്ഡലികാമൂത്രാതീതജഠരോത്സങ്ഗഗ്രന്ഥിശുക്ലവിഡ്വിഘാതോഷ്ണവാതമൂത്രക്ഷയാവസാദാശ്ചേതി ॥

സാ—ഇരുപതു മൂത്രാഘാതങ്ങളാണുള്ളതു്. ഈ ഇരുപതു രോഗങ്ങളിലും മൂത്രം തടുക്കപ്പെടുന്നതുകൊണ്ടാണ് ഇവയ്ക്കു മൂത്രാഘാതങ്ങളെന്നു പേർപറയുന്നതു്. ഇവയുടെ പേരുകളെന്തെന്നാൽ—വാതം, പിത്തം, കഫം, സന്നിപാതം എന്നിവയെക്കൊണ്ടുള്ള മൂത്രകൃച്ഛ്രങ്ങൾ നാലു്; വാതം, പിത്തം, കഫം, ശുക്ലം എന്നിവയെക്കൊണ്ടുള്ള അശ്മരികൾ നാലു്; വാതവസ്തി, വാതാഷ്ഠീല, വാതകുണ്ഡലിക, മൂത്രാതീതം, മൂത്രജഠരം, മൂത്രോത്സംഗം, മൂത്രഗ്രന്ഥി, മൂത്രശുക്ലം, വിഡ്വിഘാതം, ഉഷ്ണവാതം, മൂത്രക്ഷയം, മൂത്രാവസാദം എന്നിങ്ങിനെ പന്ത്രണ്ടു്; കൂടി വക മൂന്നിൽ ആകെ ഇരുപതു രോഗങ്ങൾ.

തത്ര വാതവസ്ത്യാദയോ നവ വാതോല്ബണാഃ । തതോ ദ്വൌ വാതപിത്തോല്ബണൌ । അന്ത്യഃ കഫപിത്തോല്ബണഃ ॥

സാ—അവയിൽവെച്ചു് വാതവസ്തിമുതൽ വിഡ്വിഘാതംവരെയുള്ള ഒമ്പതു രോഗങ്ങൾ വാതാധികങ്ങളാകുന്നു. പിന്നെയുള്ള രണ്ടു് (ഉഷ്ണവാതവും മൂത്രക്ഷയവും) വാതപിത്താധികങ്ങളാണു്. ഒടുവിലത്തേതു് (അതായതു മൂത്രാവസാദം) കഫപിത്താധികവുമാണു്.

സർവ്വേഷാം പുനർമൂത്രരോഗാണാമധിഷ്ഠാനം വസ്തിഃ । സ മർമ്മസ്വഭിഹിതഃ പ്രാക് । സ ചാധോമുഖോപി മൂത്രവഹാസു നാഡീഷു സൂക്ഷ്മമുഖസഹസ്രനിഷ്യന്ദേന മൂത്രാഭ്യേനാവിരതം നവോ ഘട ഇവാപ്സു നിമഗ്നമുഖോപി പാർശ്വേഭ്യോംഭസാ പൂര്യതേ തൈരേവ ച സ്രോതോഭിർവ്വാതാദയോപി ദുഷ്ടാഃ പ്രവിശ്യ വസ്തിം യഥാസ്വമാഘാതാൻ പ്രമേഹാംശ്ച ജനയന്തി ॥

സാ—മൂത്രാഘാതങ്ങളുടേയും തൽപ്രസംഗവശാൽ പ്രമേഹങ്ങളുടേയും ആശ്രയം, സമ്പ്രാപ്തി എന്നിവയെപ്പറയുന്നു. സർവ്വേഷാമിതി—എല്ലാ മൂത്രാഘാതങ്ങളുടേയും ആശ്രയം (സ്ഥാനം) വസ്തിയാകുന്നു. അതു ശാരീരസ്ഥാനത്തിൽ "മൂത്രാശയോ ധനുർവ്വക്രഃ" ഇത്യാദി ഗ്രന്ഥത്താൽ മർമ്മവിഭാഗത്തിൽ പറയപ്പെട്ടിട്ടുണ്ടു്. ഈ വസ്തിയുടെ മുഖം കീഴ്പോ

ട്ടാണെങ്കിലും മൂത്രത്തെ വഹിക്കുന്ന നാഡികളിലുള്ള സൂക്ഷ്മങ്ങളായ നിരവധി ദ്വാരങ്ങളിൽനിന്ന് നിരന്തരം ഒലിച്ചുകൊണ്ടിരിക്കുന്ന മൂത്രത്താൽ അതു പുതുതായ ഒരു കുടമെന്നപോലെ നിറയ്ക്കപ്പെടുന്നു. കുടം വെള്ളത്തിൽ നിമഗ്നമുഖമായിരുന്നാലും അതിൻ പാൎശ്വഭാഗങ്ങളിൽക്കൂടെ വെള്ളം കടന്ന് അതു നിറയുന്നതെപ്രകാരമോ അപ്രകാരം വസ്തിയും അധോമുഖമായിരുന്നാലും പാൎശ്വഭാഗങ്ങളിൽനിന്നു നാഡീമുഖേന മൂത്രം കടന്ന് അതു നിറയുന്നു. ഈ മൂത്രം വരുന്ന സ്രോതസ്സുകളിൽക്കൂടെത്തന്നെ ദുഷിച്ച വാതാദികളും വസ്തിയിൽക്കടന്ന് യഥാസ്വം മൂത്രാഘാതങ്ങളേയും പ്രമേഹങ്ങളേയും ജനിപ്പിക്കുന്നു.

ഇനി വാതകൃച്ഛ്രാദികളായ മൂത്രാഘാതങ്ങളുടെ ലക്ഷണം പറയുന്നു:—

തത്രാല്പശോ മുഹുർമുഹുർവ്വസ്തിമേഢ്രവംക്ഷണേഷു തീവ്രശൂലഃ കൃച്ഛ്രാന്മൂത്രയതി വാതകൃച്ഛ്രേ । സദാഹം സരുജം രക്തം പീതം കൃഷ്ണം വാ പിത്തകൃച്ഛ്രേ । വസ്തിമേഢ്രയോർഗ്ഗൗരവം ശോഫോ മൂത്രഞ്ച സപിച്ഛം മേഹതി കഫകൃച്ഛ്രേ । സൎവ്വലക്ഷണസന്നിപാതേന സന്നിപാതകൃച്ഛ്രേ । സ ച കൃച്ഛ്രതമഃ ॥

സാ—അവയിൽവെച്ച് വാതകൃച്ഛ്രത്തിൽ അല്പാല്പമായും വസ്തിയിങ്കലും മേഢ്രത്തിങ്കലും ഒടികളിലും വേദനയോടുകൂടിയും പിന്നേയും പിന്നേയും മൂത്രം പോകും. പോകുന്നതിന്നു വളരെ കഷ്ടപ്പാടുണ്ടാകയും ചെയ്യും. പിത്തകൃച്ഛ്രത്തിലാകട്ടേ ചുട്ടുനീറലോടും വേദനയോടും കൂടിയും രക്തമോ പീതമോ കൃഷ്ണമോ ആയ വൎണ്ണത്തോടുകൂടിയും ഉള്ള മൂത്രത്തെ വിസൎജ്ജിക്കും. കഫകൃച്ഛ്രത്തിങ്കൽ മൂത്രം പോകുമ്പോൾ വസ്തിപ്രദേശത്തും മേഢ്രത്തിങ്കലും കനവും നീരും ഉണ്ടാകയും മൂത്രം സപിഞ്ഛരമായിരിക്കയും ചെയ്യും. സന്നിപാതകൃച്ഛ്രത്തിങ്കലാകട്ടേ മേൽപ്പറഞ്ഞ സൎവ്വലക്ഷണങ്ങളും കൂടിച്ചേൎന്നിരിക്കുകയും ചെയ്യും. ഈ സന്നിപാതകൃച്ഛ്രം മററു കൃച്ഛ്രങ്ങളെക്കാളധികം കൃച്ഛ്രസാദ്ധ്യവുമാകുന്നു.

ഇനി അശ്മരികളെപ്പറയുന്നു:—

യദാ തു വായുൎവ്വസ്തിമുഖമാവൃത്യ സപിത്തം സകഫം സശുക്രം വാ മൂത്രം പരിശോഷയതി തദാ ക്രമേണ ഗോരിവ പിത്താദ്രോചനാ മണികസ്യേവ സ്വച്ഛാദപി ജലാൽ പങ്കസ്തദ്വദശ്മൎയ്യഭിനിൎവ്വൎത്തതേ । സൎവ്വാ ച സാ ശ്ലേഷ്മാശ്രയാ । അഥാസ്യാഃ

പൂർവ്വരൂപാണി ജ്വരോ വസ്ത്യാധ്മാനമരുചിർമൂത്രകൃച്ഛ്രം വസ്തി
ശിരോമുഷ്കശേഫസാം വേദനാ ബസ്തഗന്ധിത്വം മൂത്രസ്യേതി ॥

സാ—യാതൊരിക്കൽ വായു വസ്തിദ്വാരത്തെ ആവരണം ചെയ്തിട്ടു കഫത്തോടൊ ശുക്ലത്തോടൊ സമ്മിശ്രമായ മൂത്രത്തെ മൂത്രദ്വാരത്തിൽ വെച്ച് ശോഷിപ്പിക്കുന്നുവോ അപ്പോൾ പശുവിന്റെ പിത്തത്തിൽനിന്ന ഗോരോചനമുണ്ടാകുന്നപോലെയും, മണികത്തിലെ (മങ്ങലി എന്ന പറയുന്ന ഒരു തരം കുടത്തിലെ) സ്വച്ഛമായ ജലത്തിൽനിന്നുകൂടി ചളിയുണ്ടാകുന്നപോലെയും അശ്മരി ആവിർഭവിക്കുന്നു. ഇങ്ങിനെയാണ് അശ്മരിയുടെ സമ്പ്രാപ്തി. എല്ലാതരം അശ്മരിയും കഫത്തെ ആശ്രയിച്ചാണുണ്ടാകുന്നത്. ഇതിന്റെ പൂർവ്വരൂപങ്ങൾ ജ്വരവും, വസ്തിയിൽ വീർപ്പും അരോചകവും മൂത്രകൃച്ഛ്രവും വസ്തി ശിരസ്സ് വൃഷണങ്ങൾ, ലിംഗം എന്നിവകളെ വേദനയും മൂത്രത്തിന്ന ബസ്തഗന്ധിത്വവും ആകുന്നു. ബസ്തഗന്ധിത്വം=ആടിന്റേപോലെയുള്ള ഗന്ധത്തോടു കൂടിയിരിക്കൽ.

സാമാന്യലിങ്ഗാനി തു നാഭിവസ്തിസേവനീഷു മേഹതസ്തു
യാ മാർഗ്ഗനിരോധനേ വേദനാ മൂത്രധാരാസങ്ഗസ്തദ്വ്യപായേ ച
ഗോമേദകപ്രകാശമനാവിലമസിതാ സുസുഖം മൂത്രം വിസൃജ
തി । തത്സംക്ഷോഭണാച്ച സരുധിരമ് । ധാവനലംഘനാദിഭി
ശ്ചാസ്യ വിവിധാ വേദനാ ഭവന്തി । യദൈവ ച പകാശ
യാൽ സ്രസ്തേന ശകൃതാധിഷ്ഠിതേ വസ്തൌ മൂത്രം ന പ്രവർത്ത
തേ തഥാശ്മര്യ്യാപി ॥

സാ—അശ്മരി മൂത്രമാർഗ്ഗത്തെ അടയ്ക്കുമ്പോൾ രോഗി മൂത്രവിസർജ്ജനം ചെയ്യുന്ന സമയത്ത് നാഭി, വസ്തി, സേവനി എന്നിവയിൽ വേദനയുണ്ടാകും. മൂത്രത്തിന്റെ ധാരക്ക് തടവും വരും. അശ്മരി മൂത്രമാർഗ്ഗത്തിൽനിന്ന പോയാൽ ഗോമേദകനിറമുള്ളതായും അനാവിലം (കലങ്ങാത്തത്) ആയും കൃഷ്ണവർണ്ണമായുമിരിക്കുന്ന മൂത്രത്തെ സുഖമാംവണ്ണം വിസർജ്ജിക്കുകയും ചെയ്യും. അശ്മരിയുടെ സംക്ഷോഭണംകൊണ്ട് മൂത്രമാർഗ്ഗം ക്ഷതമായാൽ മൂത്രം രക്തത്തോടുകൂടിയതായി പ്രവർത്തിക്കയും ചെയ്യും. ധാവനലംഘനാദി വ്യാപാരങ്ങളെക്കൊണ്ട് രോഗിക്കു നാനാപ്രകാരത്തിലുള്ള വേദനകൾ ഉണ്ടാകും. പകാശയത്തിൽനിന്നു സ്രസ്തമായ മലം വസ്തിയിൽ വന്നുകൂടിയാൽ മൂത്രം പോകാതാവുന്നതെങ്ങി

നെയോ അങ്ങിനെ അശ്മരികൊണ്ടും മൂത്രം പോകാതെയാകും—ഇവയാണ് അശ്മരിയുടെ സാമാന്യലക്ഷണങ്ങൾ.

തത്ര വായുനാ വസ്തിസേവനീമേഹനേഷു തീവ്രവേദനാർദ്ദിതോ ദന്താൻ ഖാദതി നാഭിം പ്രപീഡയതി മേഢ്രം മൃദ്നാതി। മുഹുർമുഹുർവ്വേപഥുമാൻ കൃച്ഛ്രാത്സവാതം ശകൃദപിമുഞ്ചതി। വിശീർണ്ണധാരഞ്ച മൂത്രയത്യശ്മരീ ചാസ്യ ശ്യാവാ പരുഷാ വിഷമാ കദംബപുഷ്പവൽ കണ്ടകാചിതാ ഭവതി। പിത്തേന പച്യമാന ഇവ ദഹ്യതേ വസ്തിഃ। അശ്മരീ ച രക്താ പീതാവഭാസാ കൃഷ്ണാ ഭല്ലാതകാസ്ഥി സംസ്ഥാനാ। ശ്ലേഷ്മണാ ഭിദ്യതേ നിസ്തുദ്യത ഇവ ഗുരുഃ ശീതശ്ച വസ്തിരശ്മരീ ച ശ്വേതാ മഹതീ കുക്കുടാണ്ഡപ്രതിമാ മധുവർണ്ണാ വാ ഭവതി। പ്രായേണൈതാസ്തിസ്രോശ്മര്യോ ബാലാനാം ജായന്തേ। തേഷാമേവ ചാല്പവസ്തിതാദല്പമാംസോപചയതാച്ച സുഖഗ്രഹണാഹരണാ ഭവന്തി॥

സാ—അവയിൽവെച്ച് വാതംകൊണ്ടുള്ള അശ്മരിയിൽ, രോഗി വസ്തിസേവനീമേഢ്രങ്ങളിൽ കഠിനമായ വേദനയാൽ പീഡിതനായി ഭവിക്കും. പല്ലുകൾ കടിക്കുകയും പൊക്കിൾ പീഡിക്കുകയും ലിംഗം തിരുമ്മുകയും ചെയ്യും. വീണ്ടും വീണ്ടും വിറയലോടുകൂടിയും വളരെ പണിപ്പെട്ടും വാതസഹിതമായ മലത്തെ വിസൎജ്ജിക്കും. മൂത്രത്തിന്റെ ധാര മുറിഞ്ഞുമുറിഞ്ഞിരിക്കും. അശ്മരീപ്രണം കറുവാളിച്ചും പരുഷമായും സമമല്ലാതെയും കടമ്പിൻപൂവുപോലെ മുള്ളുകളാൽ നിറയപ്പെട്ടതായുമിരിക്കുകയും ചെയ്യും. പിത്തംകൊണ്ടുള്ള അശ്മരിയിൽ വസ്തിപ്രദേശം വേവിക്കുന്നതുപോലെ ചുട്ടുനീറിക്കൊണ്ടിരിക്കും. അശ്മരീപ്രണം രക്തവൎണ്ണവും പീതവൎണ്ണവും കൃഷ്ണവൎണ്ണവും ചേരിൻകുരുവിന്റെ ആകൃതിയുള്ളതുമായിരിക്കയും ചെയ്യും. കഫംകൊണ്ടുള്ള അശ്മരിയിൽ വസ്തിപ്രദേശത്തു പിളൎന്നോവും കുത്തിനോവും കനവുമുണ്ടാകയും വസ്തി തണുത്തിരിക്കയും ചെയ്യും. അശ്മരീപ്രണം വെളുത്തും വലുതായും ഇരിക്കയും കോഴിമുട്ടയോടു തുല്യമായോ തേനിന്റെ നിറമായോ ഭവിക്കയും ചെയ്യും. ഈ മൂന്നശ്മരികൾ പ്രായേണ ബാലന്മാൎക്കാണുണ്ടാവുക. അവരുടെ വസ്തി അല്പമാകയാലും മാംസം അധികമില്ലായ്കയാലും ബാലന്മാൎക്കുണ്ടാകുന്ന അശ്മരി എളുപ്പത്തിൽ പിടിപ്പാനും എടുപ്പാനും സാധിക്കുകയും ചെയ്യും. 'പ്രായേണ' എന്നുള്ളത്കൊണ്ട്, ചിലപ്പോൾ ബാലന്മാരല്ലാത്തവൎക്കും ഈ അ

ശ്മരികൾ ഉണ്ടാകുമെന്നും, എന്നാലതു് എടുപ്പാൻ പ്രയാസമാണെന്നും കാണിച്ചിരിക്കുന്നു.

മഹതാന്തു ശുക്ലാശ്മരീ ശുക്ലനിമിത്താ ഭവതി । മൈഥുനവിഘാതാച്ഛുക്ലമുപസ്ഥിതമനിരസ്യമാനം വിമാർഗ്ഗഗമനിലോ വിഗൃഹ്യ വൃഷണയോരന്തരേ സംഹരതി, സംഹൃത്യോപശോഷയതി, തതഃ ശുഷ്കമശ്മരീ ഭവതി । സാ ശുക്ലമാർഗ്ഗമാവൃണോതി മൂത്രകൃച്ഛ്രം വസ്തിവേദനാം വൃഷണയോശ്ച ശ്വയഥുമാപാദയതി । ഉൽപന്നമാത്രായാഞ്ച ശുക്ലം നിഃരതി । പ്രപീഡിതമാത്രേ ച തസ്മിന്നേവാവകാശേ വിലീയത ഇതി॥

സാ—ശുക്ലാശ്മരിയാകട്ടെ വലിയവൎക്കാണുണ്ടാകുന്നതു്. അതു ശുക്ലം നിമിത്തമായിട്ടുണ്ടാകുന്നതാണു്. മൈഥുനത്തിന്നു വിഘാതം സംഭവിക്കുകയാൽ, പ്രവൃത്തമായ ശുക്ലം ബഹിൎഗ്ഗമിക്കാതെ വിമാൎഗ്ഗമായി വരികയും, അപ്പോൾ ആ ശുക്ലത്തെ വായു കടന്നുപിടിച്ചു് വൃഷണങ്ങളുടെ മദ്ധ്യത്തിൽ സംഹരിക്കുയും സംഹരിച്ചതിന്നുശേഷം വായു അതിനെ ശോഷിപ്പിക്കുയും ചെയ്യുന്നു. ആ ശുക്ലം അവിടെവെച്ചു് ശുഷ്കമായിട്ടു് അശ്മരിയായി ഭവിക്കുന്നു. ഇതാണു് ശുക്ലാശ്മരി. ഈ അശ്മരി ശുക്ലമാൎഗ്ഗത്തെ അടച്ചു് മൂത്രം പോകുന്നതിന്നു തടവു്, വസ്തിയിങ്കൽ വേദന, വൃഷണങ്ങൾക്കു വീക്കം എന്നിവയെ ഉണ്ടാക്കുകയും ചെയ്യുന്നു. ഇതു് ഉണ്ടായ ഉടനെ ശുക്ലം നിൎഗ്ഗമിക്കും. എന്നാൽ പ്രപീഡനം ചെയ്താൽ ആ സ്ഥാനത്തുതന്നെ വിലയിക്കുയും ചെയ്യും.

അശ്മര്യേവ തു വായുനാണുശോ വിഭിന്നാ ശൎക്കരേത്യുച്യതേ ।
അനുലോമേ ച മാരുതേ സാ സികതേവ മൂത്രേണ സഹ ച്യവതേ॥

സാ—അശ്മരിതന്നെ വായുവിനാൽ അണുപ്രമാണമായി ഭേദിക്കപ്പെടും. എന്നാൽ അതിന്നു ശൎക്കര എന്നു പേർ. വായു അനുലോമമായാൽ അതു മണൽപോലെ മൂത്രത്തോടുകൂടി പോകയും ചെയ്യും. "അശ്മര്യേവ" എന്ന ഏവകാരംകൊണ്ടു് ശൎക്കര എന്നതു് അശ്മരിയല്ലാതെ മറ്റൊന്നല്ലെന്നു പറഞ്ഞിരിക്കുന്നു.

വായുസ്തു മൂത്രവേഗരോധാദ്വസ്തിമുഖമാവൃണോതി । തതോ മൂത്രസങ്ഗം വേദനാം കണ്ഡൂഞ്ച കരോതി । കദാചിച്ച വസ്തിം സ്വസ്ഥാനാൽ പ്രച്യാവ്യ ഗൎഭമിവോദ്വൃത്തം സ്ഥൂലം പരിപ്ലുത

ഞ്ച കുരുതേ । തത്ര ശൂലസ്പന്ദനദാഹോദ്വേഷ്ടനാനി ബിന്ദുശശ്ച മൂത്രസ്രവണമ് । പീഡിതേത്വത്ര വസ്തൗ ധാരയാ പ്രവൃത്തിഃ । അയം ദ്വിവിധോപി വാതവസ്തിഃ കൃച്ഛ്രസാദ്ധ്യഃ । തയോരപി ദ്വിതീയോനിലപ്രബലഃ കൃച്ഛ്രസാദ്ധ്യതരഃ ॥

സാ—ഇനി വാതവസ്തിയെ പറയുന്നു. വായുസ്ത്വിതി—വായുവാകട്ടെ മൂത്രവേഗത്തിന്റെ രോധത്താൽ വസ്തിമുഖത്തെ ആവരണം ചെയ്യുന്നു. തന്നിമിത്തം മൂത്രത്തിന്നു തടവും വേദനയും ചൊറിച്ചിലും ഉണ്ടാകും. ഇതാണ് ഒരുതരം വാതവസ്തി. ചിലപ്പോൾ വായു, വസ്തിയെ അതിന്റെ സ്ഥാനത്തുനിന്നു ഭ്രംശിപ്പിച്ച് ഗർഭംപോലെ പൊങ്ങിയും തടിച്ചും ഇളകിയും ഉള്ള നിലയിൽ ആക്കിത്തീർക്കും. അപ്പോൾ ശൂലം, സ്പന്ദനം, ദാഹം, ഉദ്വേഷ്ടനം എന്നിവയുണ്ടാകയും തുള്ളി തുള്ളിയായി മൂത്രം സ്രവിക്കുകയും ചെയ്യും. വസ്തിയെ പീഡനം ചെയ്താലാകട്ടെ മൂത്രം ധാരയായി പോകയും ചെയ്യും. ഈ രണ്ടുതരം വാതവസ്തിയും കൃച്ഛ്രസാദ്ധ്യമാണ്. അവയിൽ വെച്ചും രണ്ടാമതു പറഞ്ഞതു വാതാധികവും അധികം കൃച്ഛ്രസാദ്ധ്യവുമാകുന്നു.

വസ്തിവിണ്മാർഗ്ഗാന്തരേ വായുഃഘനോന്നതം തീവ്രരുജമചലമഷ്ഠീലാഭം ഗ്രന്ഥിം കരോതി । തേനാനിലവിണ്മൂത്രസങ്ഗോ ഭവത്യാദ്ധ്മാനഞ്ച । സാ വാതാഷ്ഠീലാ । വിഗുണോ വായുർവ്വസ്തൗ കുണ്ഡലീഭൂതസ്തീവ്രശൂലസ്തംഭഗൗരവവാനപിതോ മൂത്രമാവിദ്ധ്യാല്പശോ വാ പ്രവർത്തയൻ ഭ്രമതി സാ വാതകുണ്ഡലികാ । മൂത്രമതിവേലം വിധാര്യ്യ വിമഥ്യമാനം ന പ്രവർത്തതേ, വാഹമാനസ്യ തു കൃച്ഛ്രാദല്പം പ്രവർത്തതേ തന്മൂത്രാതീതമ് ॥

സാ—വസ്തിയുടേയും മലദ്വാരത്തിന്റെയും നടുവിൽ വായു, കനത്തും എകന്നും വലിയ വേദനയോടുകൂടിയും ഇളകാതെയും അഷ്ഠീല (=അമ്മിക്കൊഴ)പോലെയിരിക്കുന്ന ഒരു മുഴയെ ഉണ്ടാക്കും. അതുകൊണ്ട് വായു വീണ്ടും മലത്തിന്നും മൂത്രത്തിന്നും തടവും ആദ്ധ്മാനവും ഉണ്ടാകും. അതാണ് വാതാഷ്ഠീല. അഷ്ഠീല എന്നുവെച്ചാൽ അമ്മിക്കൊഴപോലെയുള്ള ഒരു ഗ്രന്ഥിയാകുന്നു. ഇനി വാതകുണ്ഡലികയെ പ്പറയുന്നു. വിഗുണ ഇതി—വിഗുണമായ വായു വസ്തിയിങ്കൽ കുണ്ഡലാകാരേണ സ്ഥിതിചെയ്ത് വലുതായ വേദനയോടും സ്തംഭത്തോടും കനത്തോടുംകൂടിയതായിത്തീർന്ന് മൂത്രത്തെ തീരെ തടുത്തുംകൊണ്ടോ അല്ലെ

ങ്കിൽ അല്പാല്പമായിട്ടുമാത്രം മൂത്രത്തെ പ്രവൎത്തിപ്പിച്ചുംകൊണ്ടോ കിടന്നു മുറുകും. അതാണ് വാതകുണ്ഡലിക. അനന്തരം മൂത്രാതീതത്തെപ്പറയുന്നു. മൂത്രമിതി—മൂത്രത്തെ വളരെ നേരം ധാരണം ചെയ്തതിനുശേഷം മൂത്രം വീഴ്ത്തുമ്പോൾ മൂത്രം പ്രവൎത്തിക്കയില്ല. വാഹമാനൻ (അതായതു പ്രയത്നം ചെയ്യുന്നവൻ) ആ കാലാകട്ടെ വളരെ പണിപ്പെട്ട് അല്പമാത്രം പ്രവൎത്തിക്കും. അതാണ് മൂത്രാതീതം.

മൂത്രരോധാദപാനോ വായുൎന്നാഭേരധസ്ഥാത്തീവ്രരുജമാദ്ധ്മാനം മലസങ്ഗഞ്ച കുൎവ്വന്നുദരമഭിപൂരയേൽ തന്മൂത്രജഠരമ് । മാരുതേനാക്ഷിപ്തം ഛിദ്രവൈഗുണ്യേന വാ മൂത്രയതോ മൂത്രമല്പം വസ്തൌ നാളേ മണൌ വാ സ്ഥിത്വാ തച്ഛേഷഗുരുമേഢ്രസ്യ സരുജമരുജം വാ ശനൈഃ സ്രവേൽ സ മൂത്രോത്സങ്ഗഃ । വസ്തിദ്വാരേല്പോ വൃത്തഃ ശീഘ്രസംഭവോശ്മരീതുല്യലിങ്ഗോ മൂത്രഗ്രന്ഥിഃ ॥

സാ—മൂത്രജഠരത്തിന്റെ ലക്ഷണം പറയുന്നു. മൂത്രരോധാദിതി—മൂത്രത്തിന്റെ രോധംനിമിത്തം അപാനവായു നാഭിയുടെ ചുവട്ടിൽ വലിയ വേദനയോടുകൂടിയതായ ആദ്ധ്മാനത്തേയും മലസംഗത്തേയും ചെയ്ത് വയറിനെ വീൎപ്പിക്കും. ഇതാണ് മൂത്രജഠരം. ഇനി മൂത്രോത്സംഗത്തിന്റെ ലക്ഷണം പറയുന്നു. മാരുതേനേതി—മൂത്രം വായുവിനാൽ അങ്ങുമിങ്ങും ക്ഷേപിക്കപ്പെട്ടുകനിമിത്തമോ മൂത്രദ്വാരത്തിന്റെ വൈഗുണ്യനിമിത്തമോ, മൂത്രം വീഴ്ത്തുമ്പോൾ അല്പമായ മൂത്രം വസ്തിയിലോ നാളത്തിലോ മണിയിലോ സ്ഥിതിചെയ്തിട്ട് വേദനയോടുകൂടിയോ കൂടാതെയോ പതുക്കെപ്പതുക്കെ സ്രവിക്കും. മുഴുവൻ മൂത്രംപോകാതെ കെട്ടിനില്ക്കുന്നതുകൊണ്ട് ലിംഗം കനത്തിരിക്കയും ചെയ്യും. ഇതാണ് മൂത്രോത്സംഗം (നാളം=മേഢ്രബഹിൎഭാഗത്തിന്റെയും വസ്തിയുടേയും കൂടിയ മദ്ധ്യം. മണി=മേഢ്രത്തിന്റെ അഗ്രം). ഇനി മൂത്രഗ്രന്ഥിയെ പറയുന്നു. വസ്തിദ്വാര ഇതി—വസ്തിദ്വാരത്തിങ്കൽ അല്പമായും വൃത്താകാരമായുമുള്ള ഒരു മുഴ പെട്ടന്നുണ്ടാകും. അതിന്നു അശ്മരിയുടെ ലക്ഷണങ്ങൾ കാണുകയും ചെയ്യും. ഇതത്രേ മൂത്രഗ്രന്ഥി.

മൂത്രിതസ്യ വ്യവായഗമനാദ്വാതോദ്ധതം സ്വസ്ഥാനാച്ച്യുതം ശുക്ലം മേഹതോ മൂത്രസ്യ പ്രാക്പശ്ചാദ്വാ ഭസ്മോദകസങ്കാശം പ്രവൎത്തതേ തന്മൂത്രശുക്ലമ് । വായുനാ പീഡിതം ശകൃന്മൂത്രസ്രോതഃ പ്രപദ്യതേ തതോ വിഡ്ഗന്ധി വിട്സംസൃഷ്ടഞ്ച കൃച്ഛ്രാന്മൂത്രയതി

സ വിഡ്വിഘാതഃ । അത്യദ്ധ്വാതപോഷ്ണഭോജനാദിഭിഃ പിത്തം പ്രവൃദ്ധമനിലേരിതം വസ്തിമേഢ്രഗുദദാഹം കുർവ്വദ്ധരിതഹാരിദ്രക്തം സരക്തം വാ മൂത്രം കൃച്ഛ്രാൽ പ്രവർത്തയേൽ സ ഉഷ്ണവാതഃ । വാതപിത്തം വസ്തിമാശ്രിത്യ മൂത്രം സശൂലദാഹം ക്ഷപയതി സ മൂത്രക്ഷയഃ । പിത്തം ശ്ലേഷ്മോഭയമപി വാ വാതേന വസ്തൗ സംഹന്യതേ തതോ മൂത്രം സദാഹം സരക്തം പീതം ശ്വേതം സാന്ദ്രം കൃച്ഛ്രപ്രവൃത്തി ശുഷ്കഞ്ച ശംഖരോചനാന്യതരചൂർണ്ണവർണ്ണം സർവ്വവർണ്ണയുക്തം വാ ഭവതി സ മൂത്രാവസാദഃ ॥

സാ—മൂത്രശുക്ലത്തെപ്പറയുന്നു. മൂത്രിതസ്യേതി—മൂത്രിതനായിട്ടു വ്യവായം (മൈഥുനം) ചെയ്താൽ ശുക്ലം വാതത്താൽ ഉദ്ധതമായി സ്വസ്ഥാനത്തുനിന്നു ചലിച്ച് മൂത്രം പോകുന്നതിന്നു മുമ്പോ പിമ്പോ പ്രവർത്തിക്കും. അതു ഭസ്മോദകം (ചാരവെള്ളം) പോലെ ഇരിക്കുകയും ചെയ്യും. ഇതാണ് മൂത്രശുക്ലം. ഇനി വിഡ്വിഘാതത്തെ പറയുന്നു. വായുനേതി—മലം വായുവിനാൽ പീഡിതമായിട്ടു മൂത്രസ്രോതസ്സിനെ പ്രാപിക്കുന്നു. തന്നിമിത്തം മലത്തിന്റെ ഗന്ധത്തോടുകൂടിയും മലസമ്മിശ്രമായും വളരെ പണിപ്പെട്ടു മൂത്രം പ്രവർത്തിക്കും. ഇതാണ് വിഡ്വിഘാതം. ഇനി ഉഷ്ണവാതത്തെ പറയുന്നു. അത്യദ്ധ്വേതി—അതിയായി വഴിനടക്കുക, അതിവെയിലേല്ക്കുക, അത്യുഷ്ണഭോജനം ചെയ്ക മുതലായവയാൽ പിത്തം വർദ്ധിച്ച് വായുവിനാൽ പ്രേരിതമായിട്ട് വസ്തിക്കും ലിംഗത്തിന്നും ഗുദത്തിന്നും ചുട്ടുനീറലുണ്ടാക്കിക്കൊണ്ട് പച്ച, മഞ്ഞ, ചുവപ്പ് എന്നീ വർണ്ണങ്ങളോടുകൂടിയതോ രക്തസമ്മിശ്രമോ ആയ മൂത്രത്തെ കൃച്ഛ്രേണ പ്രവർത്തിപ്പിക്കും. ഇതാണ് ഉഷ്ണവാതം. ഇനി മൂത്രക്ഷയത്തെ പറയുന്നു. വാതപിത്തമിതി—വാതവും പിത്തവും വസ്തിയെ ആശ്രയിച്ച് മൂത്രത്തെ ക്ഷയിപ്പിക്കും. ശൂലവും ചുട്ടുനീറലും ഉണ്ടാകയും ചെയ്യും. ഇതാണ് മൂത്രക്ഷയം. ഇനി മൂത്രാവസാദത്തെ പറയുന്നു. പിത്തമിതി—പിത്തമോ കഫമോ അവ രണ്ടും കൂടിയോ വായുവിനാൽ വസ്തിയിൽവെച്ച് അമർത്തപ്പെടുന്നു. അതുകൊണ്ട് മൂത്രം ചുട്ടുനീറലോടുകൂടിയും രക്തത്തോടുകൂടിയും പീതവർണ്ണമോ ശ്വേതവർണ്ണമോ ആയും സാന്ദ്രമായും കൃച്ഛ്രേണ പ്രവർത്തിക്കും. അതു ഉണങ്ങിയാൽ ശംഖിൻപൊടിയുടേയോ ഗോരോചനപ്പൊടിയുടേയോ നിറത്തോടുകൂടിയിരിക്കും; അല്ലെങ്കിൽ എല്ലാ വർണ്ണങ്ങളും കലർന്നിരിക്കും. ഇതാണ് മൂത്രാവസാദം.

ഇതി വിസ്തരതഃ പ്രോക്താ രോഗാ മൂത്രാപ്രവൃത്തിജാഃ
നിദാനലക്ഷണൈരൂൎദ്ധ്വം വക്ഷ്യന്തേതിപ്രവൃത്തിജാഃ.

സാ—ഇപ്രകാരം, മൂത്രത്തിൻെറ അപ്രവൃത്തികൊണ്ടുണ്ടാകുന്ന രോഗങ്ങൾ അവയുടെ നിദാനത്തോടും ലക്ഷണങ്ങളോടുംകൂടി വിസ്തരിച്ചു പറയപ്പെട്ടു. ഇനി മേലിൽ മൂത്രത്തിൻെറ അതിപ്രവൃത്തികൊണ്ടുണ്ടാകുന്ന രോഗങ്ങൾ പറയപ്പെടുന്നതാണ്. ഈ ശ്ലോകം ഈ അദ്ധ്യായത്തിൻെറ ഉപസംഹാരവും ഇനിയത്തെ അദ്ധ്യായത്തിൻെറ പ്രസ്താവനയും അടങ്ങിയതാണെന്നു കാണുക.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
നവമോദ്ധ്യായഃ
സമാപ്തഃ.

---

## ദശമോദ്ധ്യായഃ.

അനന്തരം, പൂൎവ്വാദ്ധ്യായത്തിൻെറ അന്തത്തിൽ പ്രസ്താവിച്ചപ്രകാരം മൂത്രാതിപ്രവൃത്തിരൂപമായ പ്രമേഹത്തിൻെറ നിൎണ്ണയത്തിന്നായി അദ്ധ്യായമാരംഭിക്കുന്നു:—

മൂ—അഥാതഃ പ്രമേഹനിദാനം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹൎഷയഃ ॥

സാ—ഇനി പ്രമേഹനിദാനമെന്നു പേരായ അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹൎഷിമാർ ഇങ്ങിനെ പറഞ്ഞു. പ്രമേഹനിദാനം=പ്രമേഹത്തിൻെറ നിദാനം. പ്രമേഹം=മൂത്രാതിപ്രവൃത്തി.

വിംശതിഃ പ്രമേഹാ ഭവന്തി । തദ്യഥാ—കഫാദുദകേക്ഷുസാന്ദ്രസുരാപിഷ്ടശുക്ലസികതാശീതശനൈർല്ലാലാപ്രമേഹാ ദശ । പിത്താൽ ക്ഷാരകാളനീലഹാരിദ്രമാഞ്ജിഷ്ഠശോണിതമേഹാഃ ഷൾ । വാതാദ്വസാമജ്ജഹസ്തിമധുമേഹാശ്ചത്വാര ഇതി ॥

സാ—പ്രമേഹരോഗങ്ങൾ ഇരുപത് വിധത്തിലുണ്ട്. അവ എങ്ങിനെ എന്നാൽ പറയുന്നു. കഫാദിതി—കഫം ഹേതുവായിട്ടു ഉദകമേഹം, ഇക്ഷുമേഹം, സാന്ദ്രമേഹം, സുരാമേഹം, പിഷ്ടമേഹം, ശുക്ലമേഹം, സികതാമേഹം, ശീതമേഹം, ശനൈൎമ്മേഹം, ലാലാമേഹം

എന്നിങ്ങിനെ പത്തു പ്രമേഹങ്ങളുണ്ടാകും; പിത്തം ഹേതുവായിട്ടു ക്ഷാരമേഹം, കാളമേഹം, നീലമേഹം, ഹാരിദ്രമേഹം, മാഞ്ജിഷ്ഠമേഹം, ശോണിതമേഹം എന്നിങ്ങിനെ ആറു പ്രമേഹങ്ങളുണ്ടാകും; വാതം ഹേതുവായിട്ടു വസാമേഹം, മജ്ജമേഹം, ഹസ്തിമേഹം, മധുമേഹം എന്നിങ്ങിനെ നാലു പ്രമേഹങ്ങളുമുണ്ടാകും. എല്ലാ പ്രമേഹങ്ങൾക്കും യഥാർത്ഥത്തിൽ കഫമാണു് ഹേതു. എല്ലാ പ്രമേഹങ്ങളും നവോൽപന്നങ്ങളായിരിക്കുമ്പോൾ രോഗസ്വഭാവവശാൽ കഫപ്രമേഹങ്ങളായിരിക്കും. ഈ കാരണത്താലാകുന്നു വാതാദിക്രമം വിട്ടു് കഫാദിക്രമത്തിൽ പ്രമേഹങ്ങളെ പറഞ്ഞതെന്നു ധരിക്കുകയും വേണം.

തേഷാം യൽകിഞ്ചിദാഹാരജാതം ശ്ലേഷ്മമേദോമൂത്രജനനം സ ഹേതുഃ। തത്ര വാതപിത്തമേദഃക്ലേദമാംസശുക്ലരസൈരന്വിതോ വസ്തിഗതഃ ശ്ലേഷ്മാ പ്രമേഹാൻ ജനയതി। തൈഃ കഫശോണിതാഭ്യാഞ്ച യുക്തം പിത്തമ്। തൈർവ്വസാലസീകാമജ്ജൗജോഭിശ്ച വായുഃ॥

സാ—പ്രമേഹങ്ങളുടെ നിദാനം പറയുന്നു. തേഷാമിതി—കഫം, മേദസ്സ്, മൂത്രം എന്നിവയെ ജനിപ്പിക്കുന്ന ആഹാരവിഹാരങ്ങൾ ഏതെല്ലാമോ അവ ഒക്കെയും പ്രമേഹങ്ങൾക്കു കാരണമാകുന്നു. ഇനി ഇവയുടെ സമ്പ്രാപ്തിയെ പറയുന്നു, തത്രേതി—സ്വകാരണങ്ങളാൽ ദുഷിതമായ കഫം പ്രമേഹങ്ങളെ ജനിപ്പിക്കുമ്പോൾ അതു വാതം, പിത്തം, മേദസ്സ്, ക്ലേദം, മാംസം, ശുക്ലം, രസം എന്നിവയോടുംകൂടി വസ്തിയെ പ്രാപിച്ചിട്ടാണു് പ്രമേഹങ്ങളെ ജനിപ്പിക്കുന്നതു്. പിത്തം അവയോടും (അതായതു വാതാദിയായി രസാന്തമുള്ളവയോടും) പുറമെ കഫരക്തങ്ങളോടുംകൂടിയിട്ടാണു പ്രമേഹങ്ങളെ ഉണ്ടാക്കുന്നതു്. വാതമാകട്ടെ മേൽപ്പറയപ്പെട്ടവയോടും വിശേഷിച്ചു് വസ, ലസീക, മജ്ജ, മേദസ്സ് എന്നിവയോടുംകൂടിയിട്ടാണു് പ്രമേഹങ്ങളെ ഉണ്ടാക്കുന്നതു്.

ത്രയാണാമപി ദോഷാണാം ശ്ലേഷ്മാ പ്രമേഹേഷു പ്രാക് പ്രകോപമാപദ്യതേ ശ്ലേഷ്മാധിഷ്ഠാനത്വാന്മൂത്രസ്യ। തദ്വൃദ്ധൗ മേദ ഏവ ച തതോ പ്രഥമം ദുഷ്യത്യത്യന്തസഭാഗത്വാൽ। തദനന്തരം ദേഹഃക്ലേദാദയഃ। തതഃ ശ്ലേഷ്മാദിക്ഷയേ പിത്തം പ്രബലീഭവച്ഛോണിതമപി ദൂഷയതി। തൽക്ഷയേപി വായുർവ്വസാദീൻ ധാതൂൻ ശ

രീരസ്യ പരമസാരഭൂതാൻ വസ്തിമാകൃഷ്യ മൂത്രേണ സഹ വിസൃജതി ॥

സാ—മൂന്നു ദോഷങ്ങൾക്കും പറഞ്ഞ പ്രമേഹങ്ങളിലും ആദ്യം കഫം കോപിക്കും. രോഗസ്വഭാവത്താലാണ് അങ്ങിനെ വരുന്നത്. പ്രമേഹം അതിമൂത്രണസ്വഭാവമാണല്ലൊ. മൂത്രമെന്നതു കഫാധിഷ്ഠാനവുമാകുന്നു. ഇതാണ് കഫകോപത്തിന്നു കാരണം. പിത്തപ്രമേഹത്തിൽക്കൂടിയും കഫം ആദിയിൽ സ്വല്പമൊന്നു കോപിച്ച് സ്വലിംഗത്തെ പ്രകടിപ്പിക്കും. ആദ്യം കുറച്ചുകാലം കഫപ്രമേഹംതന്നെയായിരുന്നിട്ട് കാലവശാൽ കഫാദികൾ ക്ഷയിച്ചതിന്നുശേഷമേ പിത്തമേഹം യഥാൎത്ഥത്തിൽ പിത്തമേഹമായി ഭവിക്കയുള്ളൂ. അതിങ്കലും രക്തപ്രവൃത്തിനിമിത്തം കാലേന രക്തം ക്ഷയിക്കയും അപ്പോൾ വായു, ദേഹസാരഭൂതങ്ങളായ വസാദികളെ ആകൎഷിച്ച് ഒടുവിൽ വാതപ്രമേഹങ്ങളെ ജനിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം ക്രമത്തിൽ ഇതരദോഷങ്ങളും പ്രമേഹകാരണമാകുന്നുണ്ടെങ്കിലും ഫലംകൊണ്ടു കുറച്ചൊരു കഫസംബന്ധം ഉണ്ടായിരിക്കും. ആദ്യം കഫം കോപിച്ച് വൎദ്ധിച്ചുവശായാൽ അത് അത്യന്തസ്വഭാഗത്വം (അത്യന്തസാദൃശ്യം) നിമിത്തം മേദസ്സിനെയാണ് ദുഷിപ്പിക്കുക. പിന്നെയേ ദേഹക്ലേദാദികളെ ദുഷിപ്പിക്കയുള്ളൂ. ആകയാൽ കഫാദികൾ ക്ഷയിക്കുന്നതുവരെ സൎവ്വപ്രമേഹങ്ങളിലും കഫത്തിന്നാണ് പ്രാധാന്യമെന്നു ഗ്രഹിക്കേണ്ടതാകുന്നു.

തസ്മാൽ കഫപിത്തവാതജാഃ ക്രമേണ സാദ്ധ്യയാപ്യാസാദ്ധ്യാഃ । തഥാ പിത്തജാഃ സംസൃഷ്ടദോഷമേദഃസ്ഥാനത്വാദവിരുദ്ധോപക്രമത്വാച്ച । വാതജാഃ പുനഃ ക്ഷീണേഷു ധാതുഷു മഹാത്യയതയാ വിരുദ്ധോപക്രമത്വാച്ച । മേദസി തു നാതിദുഷ്ടേ പിത്തജാ അപി സാദ്ധ്യതാം ഗച്ഛേയുഃ ॥

സാ—മേൽപറഞ്ഞ കാരണത്താൽ കഫം, പിത്തം, വാതം എന്നിവയെക്കൊണ്ടുണ്ടാകുന്ന പ്രമേഹങ്ങൾ ക്രമേണ സാദ്ധ്യമായും, യാപ്യമായും, അസാദ്ധ്യമായും ഭവിക്കുന്നു. കഫപ്രമേഹം സാദ്ധ്യവും പിത്തപ്രമേഹം യാപ്യവും വാതപ്രമേഹം അസാദ്ധ്യവുമാണെന്നൎത്ഥം. പിത്തജങ്ങളായ പ്രമേഹങ്ങൾ പിത്തപ്രാധാന്യേന ഉണ്ടായവയാണെങ്കിലും സംസൃഷ്ടദോഷങ്ങളും മേദഃസ്ഥാനങ്ങളുമായതുകൊണ്ടും ചികിത്സ

ചെയ്യുമ്പോൾ ഒന്നിനൊന്നു വിരോധം വരുന്നതുകൊണ്ടും അവ യാപ്യ ങ്ങളായി ഭവിക്കുന്നു. വാതജങ്ങളായ പ്രമേഹങ്ങളാകട്ടേ ധാതുക്കൾ ക്ഷയിച്ചിരിക്കുമ്പോൾ സംഭവിക്കുന്നവയാകകൊണ്ടും മഹത്തായ പ്രത്യ വായമുള്ളതുകൊണ്ടും ചികിത്സയിൽ പരസ്പരവിരോധമുള്ളതുകൊണ്ടും അവ അസാദ്ധ്യങ്ങളുമാകുന്നു. പിത്തപ്രമേഹങ്ങളിലാകട്ടേ മേദസ്സ് അധികം ദുഷിച്ചിട്ടില്ലെങ്കിൽ അവ സാദ്ധ്യമായിത്തന്നെ ഭവിക്കും.

ധാതുസങ്കർഷാൽ പുനഃ സർവ്വമേഹേഷ്വ മൂത്രമാവിലം ഭൂരി ച ഭവതി। ദോഷാണാം ദൂഷ്യാണാം ചോൽകൃഷ്ടാപകൃഷ്ടസംയോഗേ ന മൂത്രവർണ്ണരസസ്പർശഗന്ധവിശേഷാദ്വർണ്ണാനാമിവ ശുക്ലകൃഷ്ണാദീനാം ശബളകല്മാഷാദയഃ പ്രമേഹാണാം പ്രഭേദാ ഭവന്തി॥

സാ—എല്ലാ, പ്രമേഹങ്ങളിലും ധാതുസങ്കർഷം (ധാതുസംഘർഷണം) ഭവിക്കുന്നതുകൊണ്ട് മൂത്രം കലങ്ങിയതായി ഭവിക്കുന്നു. ദോഷങ്ങളും ദൂഷ്യങ്ങളും ഉൽകൃഷ്ടമായോ അപകൃഷ്ടമായോ സംയോഗിക്കുന്നതുകൊണ്ട് മൂത്രത്തിന്റെ വർണ്ണരസസ്പർശഗന്ധങ്ങൾക്കു ഭേദം വരികയും, തന്നിമിത്തം വെളുപ്പ്, കറുപ്പ് മുതലായ വർണ്ണങ്ങൾക്കു ശബളകല്മാഷാദികളായ ഭേദങ്ങൾ ഭവിക്കുന്നതുപോലെ പ്രമേഹങ്ങൾക്കും ഭേദങ്ങളുണ്ടാകയും ചെയ്യുന്നു.

ഇനി പ്രമേഹത്തിന്റെ പൂർവ്വരൂപം പറയുന്നു:—

തേഷാം പൂർവ്വരൂപാണ്യതിവൃദ്ധിർന്നഖാദീനാം ജടിലീഭാവശ്ച കേശാനാം മാധുര്യമാസ്യസ്യ താലുകണ്ഠശോഷഃ പിപാസാ മലാധിക്യം ബഹിഃകായേ കായച്ഛിദ്രേഷു ച ശീതേച്ഛാ സ്നേഹഃ സ്വേദഃ സുപ്തതാ ചാംഗേഷു പാണിപാദദാഹോതിമാധുര്യാൽ പിപീലികോപസർപ്പണം വിസ്രഗന്ധതാ ച മൂത്രശരീരയോഃ ശുക്ലതാ ച മൂത്രേ ശ്വാസനിദ്രാതന്ദ്രാലസ്യപ്രകർഷശ്ച॥

സാ—നഖവൃദ്ധി മുതലായവ സർവ്വ പ്രമേഹങ്ങളുടേയും പൂർവ്വരൂപങ്ങളാകുന്നു. നഖവൃദ്ധി=നഖം വളരൽ. കേശജടിലീഭാവം=തലമുടി ജടകെട്ടൽ. ആസ്യമാധുര്യം=വായ മധുരിക്കൽ. താലുകണ്ഠശോഷം=താലുകണ്ഠങ്ങൾക്കു വരൾച്ച. പിപാസാ=തണ്ണീർദാഹം. മലാധിക്യം-മലം അധികമാവൽ. ഈ മലാധിക്യം ശരീരത്തിന്റെ ബഹിർഭാഗത്തും ദ്വാരങ്ങളിലും ഭവിക്കും. ശീതേച്ഛാ=തണുപ്പിലാഗ്രഹം. സ്നേഹസ്വേദ

ങ്ങൾ പ്രസിദ്ധങ്ങൾ. അംഗങ്ങളിൽ സുപ്തതാ=തരിപ്പ്. പാണിപാദദാഹം=കൈകാലുകളിൽ ചുട്ടുനീറൽ. അതിമാധുൎയ്യം ഹേതുവായിട്ടു പിപീലികോപസൎപ്പണം=മൂത്രശരീരങ്ങളിൽ അതിയായ മധുരരസമുണ്ടാകയാൽ ഉറുമ്പരിക്കൽ. വിസ്രഗന്ധതാ=മൂത്രത്തിന്നും ശരീരത്തിന്നും പച്ചനാററം. മൂത്രശുക്ലതാ=മൂത്രത്തിന്നു വെളുപ്പ്. ശ്വാസനിദ്രാതന്ദ്രാലസ്യപ്രകൎഷം=ശ്വാസവും നിദ്രയും മടിയും ആലസ്യവും അധികമുണ്ടാവുക.

തത്ര ശീതം ശ്വേതമച്ഛമഗന്ധമുദകമിവോദകമേഹീ മേഹതി । ഇക്ഷുരസമിവാതിമധുരം ശീതമീഷൽപിച്ഛിലമാവിലമിക്ഷുമേഹീ । പൎയ്യുഷിതം സാന്ദ്രീഭവത്സാന്ദ്രമേഹീ । സുരാതുല്യമുപരിപ്രസന്നമധസ്സാന്ദ്രം സുരാമേഹീ । ഹൃഷ്ടരോമാ പിഷ്ടമിവ സാന്ദ്രം സിതഞ്ച പിഷ്ടമേഹീ । ശുക്ലാഭം ശുക്ലമിശ്രം വാ ശുക്ലമേഹീ । സരുജം സസികതം സികതാമേഹീ । പ്രായോ മധുരമതിശീതം ശീതമേഹീ । മന്ദം മന്ദം ശനൈശ്ശനൈഃ ശനൈൎമ്മേഹീ । പിച്ഛിലം തന്തുബദ്ധമിവ ലാലാമേഹീ । വൎണ്ണഗന്ധരസസ്പൎശൈഃ സ്രുതക്ഷാരോപമം ക്ഷാരമേഹീ । ഉഷ്ണം മഷീകാളം കാളമേഹീ । സഫേനമച്ഛമമ്ലം ചാഷപത്രനീലം നീലമേഹീ । കടുകം സദാഹം ഹരിദ്രായുക്തമിവ ഹാരിദ്രമേഹീ । വിസ്രം മഞ്ജിഷ്ഠോദകവൎണ്ണമിവ മഞ്ജിഷ്ഠാമേഹീ । വിസ്രമുഷ്ണം സലവണം ശോണിതസങ്കാശം ശോണിതമേഹീ । വസാമിശ്രം വസാം വാ വസാമേഹീ । മജ്ജമിശ്രം മജ്ജാനം വാ മജ്ജമേഹീ । സലസീകം മധുരമവേഗം ലസീകയൈവ ച വിബദ്ധമനുബദ്ധമജസ്രം മത്ത ഇവ ഹസ്തീ സ്രവതി ഹസ്തിമേഹീ ॥

സാ—ഇനി പ്രമേഹങ്ങളുടെ ലക്ഷണങ്ങളെപ്പറയുന്നു. തത്രേതി—അവയിൽവെച്ച് ഉദകമേഹി, വെളുത്തും നിൎമ്മലമായും ഗന്ധരഹിതമായും വെള്ളംപോലെയിരിക്കുന്നതായുമുള്ള മൂത്രത്തെ വീഴ്ത്തും. ഇക്ഷുമേഹി, കരിമ്പിൻനീരുപോലെ അതിമധുരവും തണുത്തതും തെല്ലൊന്നു പിച്ഛിലവും കലങ്ങിയതുമായ മൂത്രത്തെ വീഴ്ത്തും. സാന്ദ്രമേഹി, ഒരു ദിവസം ഇരുന്നു പഴകിയാൽ സാന്ദ്രീഭവിക്കുന്ന (കൊഴുക്കുന്ന) മൂത്രത്തെ വീഴ്ത്തും. സുരാമേഹി, സുരാമദ്യംപോലെ മുകളിൽ തെളിഞ്ഞും അടിയിൽ ഊറിയും ഉള്ളതായ മൂത്രത്തെ വീഴ്ത്തും. പിഷ്ടമേഹി, അരി

അരച്ചുകലക്കിയതുപോലെ കൊഴുത്തും വെളുത്തുമുള്ള മൂത്രത്തെ വീഴ്ത്തും. മൂത്രം പോകുമ്പോൾ രോമാഞ്ചമുണ്ടാകയും ചെയ്യും. ശുക്ലമേഹി, ശുക്ലത്തിന്റെ നിറമുള്ളതോ ശുക്ലം കലർന്നതോ ആയ മൂത്രത്തെ വീഴ്ത്തും. സികതാമേഹി, വേദനയോടുകൂടി മണൽപ്രമാണമായ തരികളുള്ളതായ മൂത്രത്തെ വീഴ്ത്തും. ശീതമേഹി, പ്രായേണ മധുരരസവും, അതിശീതവുമായ മൂത്രത്തെ വീഴ്ത്തും. ശനൈർമ്മേഹി, പതുക്കെപ്പതുക്കെയായും കുറച്ചുകുറച്ചായുമുള്ള മൂത്രത്തെ വീഴ്ത്തും. ലാലാമേഹി, പിച്ഛിലമായും നാരുകൊണ്ടു കെട്ടപ്പെട്ടതുപോലെ തോന്നുന്നതായുമുള്ള മൂത്രത്തെ വീഴ്ത്തും. ക്ഷാരമേഹി നിറം-ഗന്ധം-രസം-സ്പർശം എന്നിവകൊണ്ടു കാരം കലക്കിയ വെള്ളത്തോടു സദൃശമായ മൂത്രത്തെ വീഴ്ത്തും. കാളമേഹി, ഉഷ്ണമായും മഷിപോലെ കറുത്തതായുമുള്ള മൂത്രത്തെ വീഴ്ത്തും. നീലമേഹി, നുരയോടുകൂടിയതായും തെളിഞ്ഞതായും പുളിപ്പുള്ളതായും ചാഷപ്പക്ഷിയുടെ ചിറകുപോലെ നീലനിറമായുമിരിക്കുന്ന മൂത്രത്തെ വീഴ്ത്തും. ഹാരിദ്രമേഹി, എരിവുരസമുള്ളതായും നീറലോടുകൂടിയതായും മഞ്ഞപ്പൊടി ചേർത്ത മട്ടിലുള്ളതായുമിരിക്കുന്ന മൂത്രത്തെ വീഴ്ത്തും. മഞ്ജിഷ്ഠാമേഹി, വിസ്രഗന്ധവും മഞ്ചട്ടിവെള്ളത്തിന്റെ നിറമുള്ളതുപോലെയിരിക്കുന്നതുമായ മൂത്രത്തെ വീഴ്ത്തും. ശോണിതമേഹി, വിസ്രമായും ഉഷ്ണമായും ലവണരസയുക്തമായും രക്തതുല്യമായുമിരിക്കുന്ന മൂത്രത്തെ വീഴ്ത്തും. വസാമേഹി, വസയോടു കലർന്ന മൂത്രത്തെയോ വസയെത്തന്നെയോ വീഴ്ത്തും. മജ്ജമേഹി, മജ്ജയോടു കലർന്ന മൂത്രത്തെയോ മജ്ജയെത്തന്നെയോ വീഴ്ത്തും. ഹസ്തിമേഹി, ലസീകയോടുകൂടിയതും മധുരവും വേഗരഹിതവും ലസീകയാൽത്തന്നെ ബന്ധിക്കപ്പെട്ടതും സാനുബന്ധവുമായ മൂത്രത്തെ മത്തഗജമെന്നപോലെ എല്ലായ്പ്പോഴും വീഴ്ത്തും. ലസീകാ=വിലീനവും മേദഃപ്രായവുമായ ഒരു കൊഴുപ്പ്.

ഓജഃ സ്നിഗ്ദ്ധമധുരം തദ്രൌക്ഷ്യാദ്വായുഃ കഷായത്വേനോപസൃജതി തേന കഷായമധുരാനുയാതം മധ്വിവ മേഹതി മധുമേഹീ । സ തു ദ്വിധാ കൈശ്ചിദിഷ്യതേ ധാതുക്ഷയേണാനിലകോപാദ്ദോഷാവരണേന വാ । തദാവൃതോ ഹി വായുരാഹാരപ്രസാദമാദായ മുഹുർമ്മുഹുരനിമിത്തം ദോഷലിങ്ഗാനി വൃദ്ധിക്ഷയൌ ചാവിർഭാവയൻ കൃച്ഛ്രസാദ്ധ്യം മധുമേഹം പ്രവർത്തയതി । സർവ്വ ഏവ

ഷോപേക്ഷ്യമാണാ മധുമേഹത്വമായാന്തി । തസ്മാത്സർവ്വേപി മധുമേഹശബ്ദേനോച്യന്തേ । യതഃ സർവ്വേഷ്വപി പ്രാങ്മധ്വിവ മധുരം മേഹതി മധുരരസശ്ചാസ്യ ദേഹോ ഭവതീതി ॥

സാ—അനന്തരം മധുമേഹത്തിൻെറ ലക്ഷണം പറയുന്നു. ഓജ ഇതി—ഓജസ്സ് എന്നത് സ്നിഗ്ദ്ധമധുരമായ ഒരു വസ്തുവാകുന്നു. വായു അതിനെ രൌക്ഷ്യം ഹേതുവായിട്ടു കഷായമധുരത്തോടുകൂടി പരിണമിപ്പിക്കുന്നു. സ്വതേ സ്നിഗ്ദ്ധമധുരമായ ഓജസ്സ് വാതസംയോഗത്താൽ കഷായമധുരമായിത്തീരുമെന്നർത്ഥം. ആകയാൽ മധുമേഹി, കഷായമധുരാന്വയാതമായി മധു(=തേൻ)പോലെ ഇരിക്കുന്നതായ മൂത്രത്തെ പ്രവർത്തിപ്പിക്കുന്നു. ഈ മധുമേഹം ചില ആചാര്യന്മാരാൽ രണ്ടുവിധത്തിലാണെന്ന് ഇച്ഛിക്കപ്പെടുന്നു. ഒന്നുകിൽ ധാതുക്ഷയത്താലുള്ള വാതകോപം ഹേതുവായിട്ടോ അല്ലെങ്കിൽ ദോഷാവരണം ഹേതുവായിട്ടോ ആണു രണ്ടുവിധം. ദോഷത്താൽ ആവരണം ചെയ്യപ്പെട്ടതായ വായു, ആഹാരത്തിൻെറ പ്രസാദത്തെ വലിച്ചെടുത്ത് വീണ്ടും വീണ്ടും കാരണമൊന്നുംകൂടാതെ ദോഷലക്ഷണങ്ങളേയും വൃദ്ധിക്ഷയങ്ങളേയും പ്രദർശിപ്പിച്ചിട്ട് കൃച്ഛ്രസാദ്ധ്യമായ മധുമേഹത്തെ ഉണ്ടാക്കിത്തീർക്കുന്നു. ഇങ്ങിനെയാണ് മധുമേഹത്തിൻെറ ഉൽപത്തി. എല്ലാം പ്രമേഹങ്ങളും ചികിത്സിക്കാതെ ഉപേക്ഷിക്കപ്പെട്ടിരുന്നാൽ മധുമേഹമായിത്തീരും. ഇതേ കാരണത്താൽ എല്ലാ പ്രമേഹങ്ങളും മധുമേഹശബ്ദംകൊണ്ടു വ്യവഹരിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ പ്രമേഹങ്ങളിലും ആദ്യം മധു(=തേൻ)പോലെ മധുരമായ മൂത്രത്തെ വിസർജ്ജിക്കയും ഈ മധുമേഹിയുടെ ദേഹം മധുരരസമായിത്തീരുകയും ചെയ്യും.

തത്ര പ്രതിശ്യായഃ ശരീരശൈഥില്യമരോചകാവിപാകൌ പ്രസേകഃ ഛർദ്ദിർന്നിദ്രാ കാസശ്ച ശ്ലേഷ്മജാനാമുപദ്രവം ഭവന്തി । വൃഷണാവദരണം വസ്തിഃമേഢ്രതോദോല്ലകഃ പിപാസാ ജ്വരോ ദാഹോ മൂർച്ഛാതിസാരഃ പാണ്ഡുരോഗശ്ച പിത്തജാനാമ് । ഹൃദ്ഗ്രഹോ ലൌല്യമനിദ്രാ കമ്പഃ ശൂലം ബദ്ധപുരീഷതാ ശോഷഃ കാസഃ ശ്വാസശ്ച വാതജാനാമ് ॥

സാ—അവയിൽവെച്ച് കഫംകൊണ്ടുണ്ടാകുന്ന പ്രമേഹങ്ങളുടെ ഉപദ്രവങ്ങൾ പ്രതിശ്യായം(=പീനസം), ശരീരശൈഥില്യം, അരോചകം, അവിപാകം, പ്രസേകം, ഛർദ്ദി, നിദ്ര, കാസം എന്നിവയാകുന്നു. പിത്തജങ്ങളായ പ്രമേഹങ്ങളുടെ ഉപദ്രവങ്ങൾ വൃഷണം വി

ള്ളൽ, വസ്തിമേഢ്രങ്ങളിൽ കുത്തിനോവു്, പുളിച്ചുതേട്ടൽ, തണ്ണീർദാഹം, ജ്വരം, മുട്ടുനീറൽ, മൂർച്ഛ, അതിസാരം, പാണ്ഡുരോഗം എന്നിവയാകുന്നു. വാതപ്രമേഹങ്ങളുടെ ഉപദ്രവങ്ങൾ ഹൃദയഗ്രഹം, ലൌല്യം, നിദ്രാഹാനി, വിറയൽ, ശൂലം, മലബന്ധം, ശോഷം, കാസം, ശ്വാസം എന്നിവയുമാകുന്നു.

അതൈവമസ്യ മേദഃക്ലേദാദിഭിരഭിഷ്യണ്ണദേഹസ്യ ദോഷൈരനുഗതധാതോഃ പ്രമേഹാഭിവൃദ്ധൌ മാംസളേഷ്വവകാശേഷു സന്ധിമർമ്മസു ച പ്രദേശവിശേഷാശ്രയത്വാൽ പ്രാണാപഹാരിണ്യോ ഭൂയഃ കഷ്ടതമോപദ്രവാ ദശ പിടകാ ജായന്തേ । സുതരാഞ്ചാധഃകായേ । തദഭിമുഖാ ഹി പ്രമേഹിണാം ദോഷാഃ । തദ്യഥാ—ശരാവികാ കച്ഛപികാ ജാലിനീ പുത്രിണീ വിദാരികാ സർഷപികാ മസൂരികാലജീ വിനതാ വിദ്രധിശ്ച ॥

സാ—അനന്തരം ഇപ്രകാരം മേദസ്സ്-ക്ലേദം മുതലായവയാൽ നനഞ്ഞ ദേഹത്തോടുകൂടിയവനായും ദോഷങ്ങളാൽ അനുഗതധാതുവായുമിരിക്കുന്ന പ്രമേഹരോഗിക്കു പ്രമേഹം വർദ്ധിച്ചിരിക്കുമ്പോൾ അധികം മാംസമുള്ള സ്ഥാനങ്ങളിലും സന്ധിമർമ്മങ്ങളിലും പത്തു പിടകകൾ (കുരുക്കൾ) ഉണ്ടാകുന്നു. ഈ പിടകകൾ ചില പ്രദേശങ്ങളെ ആശ്രയിച്ചുണ്ടാകുമ്പോൾ പ്രാണാപായം വരുത്തുന്നവയും ഏററവും കഠിനമായ ഉപദ്രവത്തോടുകൂടിയവയുമാകുന്നു. ഈ പിടകകൾ വിശേഷിച്ചും ശരീരത്തിന്റെ അധഃപ്രദേശത്തിൽ (അതായതു് തുട മുതലായവയിൽ) ആണുണ്ടാകുന്നതു്. എന്തുകൊണ്ടെന്നാൽ പ്രമേഹരോഗികളുടെ ദോഷങ്ങൾ തദഭിമുഖങ്ങൾ (അതായതു് അധഃകായാഭിമുഖങ്ങൾ) ആകുന്നു. ഈ കുരുക്കൾ ഏവയെന്നാൽ—ശരാവിക, കച്ഛപിക, ജാലിനി, പുത്രിണി, വിദാരിക, സർഷപിക, മസൂരിക, അലജി, വിനത, വിദ്രധി എന്നിവയാകുന്നു.

ഇനി ക്രമത്തിൽ ഈ പിടകകളുടെ ലക്ഷണങ്ങളെ പറയുന്നു:—

തത്ര ശ്യാവാ ക്ലേദവേദനായുക്താ നിമ്നമദ്ധ്യോന്നതൌഷ്ഠാ ശരാവസംസ്ഥാനപ്രമാണാ ശരാവികാ । മഹാമൂലാവഗാഢാർത്തിതോദാ ശ്ലക്ഷ്ണാ കച്ഛപപൃഷ്ഠനിഭാ കച്ഛപികാ । മഹാശയാർത്തിതോദാ സൂക്ഷ്മാ സ്നിഗ്ദ്ധസ്രാവിണീ സൂക്ഷ്മച്ഛിദ്രാ മാംസസിരാജാലാവൃതാ ജാലിനീ । മഹതീ പിടകാഭിരല്പാഭിരാചിതാ പുത്രിണീ । കഠി

നാ വിദാരീകന്ദവദ്വൃത്താ വിദാരികാ । ശീഘ്രപാകാ മഹാവേദനാ സർഷപാകൃതിപ്രമാണാ തദ്വിധാഭിശ്ച പിടകാഭിശ്ചിതാ സർഷപികാ । മസൂരാകാരപ്രമാണാ മസൂരികാ । ത്വചമുത്ഥാന ഏവ ദഹന്തീ സ്ഫോടൈരാവൃതാ വിസർപ്പന്തീ രക്താ കൃഷ്ണാതിതൃഷ്ണാമോഹജ്വരകരീ ദാഹഭൂയിഷ്ഠാതികഷ്ടാ ചാലജീ । മഹതീ നീലാവഗാഢരുജാ ക്ലേദാ പൃഷ്ഠോദരാന്യതരാധിഷ്ഠാനാ വിനതാ വിനതാ । വിദ്രധിസ്തു വക്ഷ്യതേ പൃഥഗേവ ॥

സാ—അവയിൽവെച്ച് ശരാവിക എന്ന പിടക, കരുവാളിച്ചും നനവും വേദനയുമുള്ളതായും നടു കുഴിഞ്ഞും ഓഷ്ഠങ്ങൾ (വക്കുകൾ) പൊങ്ങിയും ചരാതിന്റേതുപോലെയുള്ള ആകൃതിയും വലുപ്പവുമായുമിരിക്കും. കച്ഛപിക വലിയ മൂലത്തോടുകൂടിയതായും ഘനമായ വേദനയും കുത്തിനോവുമുള്ളതായും മിനുത്ത് ആമപ്പുറംപോലെയുള്ളതായുമിരിക്കും. ജാലിനി, വലിയ സ്ഥാനവും വേദനയും കുത്തിനോവുമുള്ളതായും സ്തബ്ധയായും സ്നിഗ്ദ്ധമായ ഒരു വെള്ളം ഒലിക്കുന്നതായും സൂക്ഷ്മങ്ങളായ ദ്വാരങ്ങളുള്ളതായും മാംസസിരാജാലങ്ങളാൽ ആവരണം ചെയ്യപ്പെട്ടതായുമിരിക്കും. പുത്രിണി, വലിയതായും ചുറ്റും ചെറിയ കുരുക്കൾ നിറഞ്ഞതായുമിരിക്കും. വിദാരിക, കഠിനമായും പാൽമുതുക്കിൻകിഴങ്ങുപോലെ വൃത്താകാരമായുമിരിക്കും. സർഷപിക, വേഗത്തിൽ പഴുക്കുന്നതും വലിയ വേദനയുള്ളതും കടുകിൻമണിയുടെ ആകൃതിയിലും വലുപ്പത്തിലുമുള്ളതും അപ്രകാരംതന്നെയുള്ള ചെറുപിടകകളാൽ ചുറ്റപ്പെട്ടതുമായിരിക്കും. മസൂരിക, മസൂരത്തിന്റെ (ചെറുപയറിന്റെ) ആകൃതിയോടും വലുപ്പത്തോടും കൂടിയതായിരിക്കും. അലജി, ഉത്ഥാനത്തിൽ (പുറപ്പാടിൽ)തന്നെ തൊലിയെ ദഹിക്കുന്നതും പുണ്ണുകളാൽ ചുറ്റപ്പെട്ടതും വ്യാപിക്കുന്നതും രക്തവർണ്ണമോ കൃഷ്ണവർണ്ണമോ ആയിട്ടുള്ളതും അതിയായ തൃഷ്ണാമോഹജ്വരങ്ങളെ ഉണ്ടാക്കുന്നതും ദാഹഭൂയിഷ്ഠവും അതികഠിനവുമായിരിക്കും. വിനത, വലിയതായും നീലമായും ഗാഢമായ വേദനയും നനവുമുള്ളതായും പൃഷ്ഠം, ഉദരം ഇവയിലൊന്നിൽ ജനിക്കുന്നതായും താഴ്ന്നതായുമിരിക്കും. വിദ്രധിയാകട്ടേ വേറെത്തന്നെ പറയപ്പെടും.

താസാമാദ്യാഃ പഞ്ചാതിബലശ്ലേഷ്മമേദസ്സംഭവേന മൂലവ്യാധ്യേകരൂപതാപാത്തദ്വൃദ്ധികാരിതയാ ദുസ്സഹാഃ । ന തഥേതരാഃ ഷി

ത്തോല്ബണതയാല്പകഫമേദോഭാവാൽ । പ്രമേഹവശാച്ച പിടകാസു യഥാസ്വം ദോഷോദ്രേകോ ഭവതീതി ॥

മേല്പറഞ്ഞ പിടകകളിൽ ആദ്യത്തെ അഞ്ചെണ്ണം (അതായതു വിദാരികവരെയുള്ളവ) അതിബലങ്ങളായ കഫവും മേദസ്സും നിമിത്തമുണ്ടാകുന്നവയാകകൊണ്ടും മൂലവ്യാധിസാദൃശ്യംകൊണ്ടും അതിന്നു (മൂലവ്യാധി) വൃദ്ധിയെ ഉണ്ടാക്കുന്നവയാകയാൽ ദുസ്സഹങ്ങളാകുന്നു. ഇതരകളായ അഞ്ചു പിടകകൾ (സർഷപിക മുതലായ അഞ്ചെണ്ണം) പിത്താധികങ്ങളാകകൊണ്ടും കഫവും മേദസ്സും അല്പങ്ങളാകകൊണ്ടും ദുസ്സഹങ്ങളല്ല. ഈ പിടകകളിൽ പ്രമേഹവശാൽ അതാതിന്റെ സ്ഥിതിയനുസരിച്ച് ദോഷാധിക്യം ഭവിക്കുകയും ചെയ്യും.

ഭവതി ചാത്ര ശ്ലോകഃ—

പ്രമേഹേണ വിനാപ്യേതാ ജായന്തേ ദുഷ്ടമേദസഃ
താവച്ച നോപലക്ഷ്യന്തേ യാവദ്വസ്തുപരിഗ്രഹഃ.

സാ—മേല്പറഞ്ഞ പിടകകൾ പ്രമേഹരോഗികൾക്കുണ്ടാകുന്നവയാണല്ലോ. എന്നാൽ, മേദസ്സധികം ദുഷിച്ചിട്ടുള്ളവന്നു പ്രമേഹത്തോടുകൂടാതെയും ഇവ ഉണ്ടാകും. വസ്തുപരിഗ്രഹം ഭവിക്കുന്നതുവരെ അവ കാണപ്പെടുകയുമില്ല. വസ്തുപരിഗ്രഹം=വസ്തുക്കളെ അതായതു ത്വഗ്രക്താദികളായ ധ്രുണവസ്തുക്കളെ പരിഗ്രഹിക്കൽ. ദോഷങ്ങൾ ത്വഗ്രക്തമാംസമേദോമജ്ജസിരാസ്നായ്വാദികളെ ദുഷിപ്പിച്ച് ചൊക്കത്തിലൊ ആഴത്തിലൊ ആക്രമിത്തിക്കും. ഈ വസ്തുദൂഷണം എത്രകാലംകൊണ്ടു നിർവ്വഹിക്കപ്പെടുന്നുവൊ അത്രകാലത്തേക്കു ഈ പിടകകൾ കാണപ്പെടുകയില്ലെന്നും അതു കഴിഞ്ഞാൽ കാണപ്പെടുമെന്നും സാരം. ഈ പിടകകൾ വസ്തുപരിഗ്രഹാത്മകങ്ങളാകയാൽ ഇവക്കു പൂർവ്വരൂപങ്ങൾ ഉണ്ടാകയില്ല.

ഹാരിദ്രവർണ്ണം രക്തം വാ മേഹപ്രാഗ്രൂപവർജ്ജിതം
യോ മൂത്രയേന്ന തം മേഹം രക്തപിത്തന്തു തം വിദുഃ.

സാ—യാതൊരു രോഗം മഞ്ഞനിറമായോ രക്തമായോഉള്ള മൂത്രത്തെ പ്രവർത്തിപ്പിക്കയും പ്രമേഹത്തിന്റെ പൂർവ്വരൂപങ്ങളെ പ്രദർശിപ്പിക്കാതിരിക്കയും ചെയ്യുന്നുവോ അതിനെ ആചാര്യന്മാർ പ്രമേഹമായി വിചാരിക്കുന്നില്ല, രക്തപിത്തമായിട്ടാണറിയുന്നത്. അതു രക്തപിത്തമാണു് പ്രമേഹമല്ല എന്നർത്ഥം.

ദൃഷ്ട്വാ പ്രമേഹം മധുരം സപിഞ്ഛം
മധൂപമം സ്യാദ്ദ്വിവിധോ വിചാരഃ
സംപൂരണാൽ ശ്ലേഷ്മസമുത്ഭവഃ സ്യാൽ
ക്ഷീണേഷു ദോഷേഷ്വനിലാത്മകോ വാ.

സാ—മധുരമായും സപിഞ്ഛമായും മധുതുല്യമായുമിരിക്കുന്ന പ്രമേഹത്തെ കണ്ടാൽ വൈദ്യന്ന് രണ്ടുവിധം വിചാരങ്ങളുണ്ടാകും. ഒന്ന്, കഫം കോപിച്ച് സംപൂരണം ചെയ്തുണ്ടായതോ, രണ്ട്, ദോഷങ്ങൾ ക്ഷയിച്ച് വാതകോപംകൊണ്ടുണ്ടായതോ എന്നിവയാണ് ആ രണ്ടു വിചാരങ്ങൾ. ഈ വികല്പത്തിങ്കൽ സൂക്ഷ്മാവലോകനംചെയ്തു വാസ്തവം ഗ്രഹിക്കേണമെന്നു സാരം.

ഇനി പ്രമേഹങ്ങളുടെ സാദ്ധ്യാസാദ്ധ്യതകളെ കാണിക്കുന്നു:—

സപൂർവ്വരൂപാഃ കഫപിത്തമേഹാഃ
ക്രമേണ യേ വാതകൃതാശ്ച മേഹാഃ
സാദ്ധ്യാ ന തേ പിത്തകൃതാസ്തു യാപ്യാഃ
സാദ്ധ്യാസ്തു മേദോ യദി നാതിദുഷ്ടം.

സാ—പൂർവ്വരൂപങ്ങളോടു കൂടിയവയായ കഫപിത്തമേഹങ്ങളും, വാതത്താൽ ക്രമേണ ഉണ്ടാക്കപ്പെട്ടവയായ മേഹങ്ങളും സാദ്ധ്യങ്ങളല്ല. പിത്തകൃതങ്ങളായ പ്രമേഹങ്ങളാകട്ടെ യാപ്യങ്ങളാകുന്നു; എന്നാൽ അവയിൽ മേദസ്സ് അധികമായി ദുഷിച്ചിട്ടില്ലെങ്കിൽ അവ സാദ്ധ്യങ്ങൾ തന്നെയായിരിക്കും. "ക്രമേണ യേ വാതകൃതാഃ" എന്നതിന്റെ താല്പര്യമെന്തെന്നാൽ—എല്ലാ പ്രമേഹങ്ങളിലും രോഗസ്വഭാവാനുരോധേന കഫം കോപിക്കും. എന്നാൽ ആ കഫകോപം അന്യദോഷകോപമപേക്ഷിച്ച് സ്വല്പമാണെങ്കിൽ കഫം ആദ്യം സ്വല്പമായ ലക്ഷണത്തെ കാണിക്കയേ ചെയ്യുള്ളൂ. അതല്ല കഫകോപം അധികമായിട്ടാണെങ്കിൽ ആദ്യംതന്നെ തികഞ്ഞ കഫപ്രമേഹമായിട്ടു ഭവിക്കും. അങ്ങിനെ കുറേ കഴിഞ്ഞ് കഫാദികൾ ക്ഷയിച്ചാൽ അതു പിത്തപ്രമേഹമായി പരിണമിക്കും. എന്നാൽ സ്വാഭാവികമായിത്തന്നെ രക്തപ്രവൃത്തിയുമുണ്ടാകും. പിന്നെ രക്തം ക്ഷയിച്ച് കാലംകൊണ്ട് വാതം വസാദികളായ ദേഹസാരങ്ങളെ ആകർഷിച്ച് വാതപ്രമേഹമാക്കിത്തീർക്കുകയും ചെയ്യും. ഇതാണല്ലോ വാതപ്രമേഹത്തിന്റെ ക്രമം. ഈ ക്രമ

ത്തിൽ ഉണ്ടായ വാതമേഹങ്ങൾ അസാദ്ധ്യങ്ങളാണെന്നാണ് മേൽകാണിച്ചത്.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ദശമോƒദ്ധ്യായഃ
സമാപ്തഃ.

## ഏകാദശോƒദ്ധ്യായഃ.

അനന്തരം ഉത്സേധംകൊണ്ട് വിദ്രധിസാമ്യമുള്ള വൃദ്ധിഗുല്മങ്ങളെക്കൂടി പറയുവാനായി ഉക്തശേഷമായ വിദ്രധിയെ ആദ്യം ഗ്രഹിച്ച് അദ്ധ്യായം ആരംഭിക്കുന്നു:—

മൂ—അഥാതോ വിദ്രധിവൃദ്ധിഗുല്മനിദാനം വ്യാഖ്യാസ്യാമഃ।
ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ ॥

സാ—ഇനി വിദ്രധിവൃദ്ധിഗുല്മനിദാനം എന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. വിദ്രധിവൃദ്ധിഗുല്മനിദാനം=വിദ്രധി, വൃദ്ധി, ഗുല്മൻ എന്നിവരുടെ നിദാനം.

ഭുക്തൈഃ പര്യുഷിതാത്യുഷ്ണരൂക്ഷശുഷ്കവിദാഹിഭിഃ
ജിഹ്മശയ്യാവിചേഷ്ടാഭിസ്തൈസ്തൈശ്ചാസൃക്പ്രദൂഷണൈഃ
ദുഷ്ടത്വങ്മാംസമേദോസ്ഥിസ്നാവാസൃക്കണ്ഡരാശ്രയഃ
യശ്ശോഫോ ബഹിരന്തർവ്വാ മഹാമൂലോ മഹാരുജഃ
വൃത്തഃ സ്യാദായതോ യോ വാ സ്മൃതഃ ഷോഢാ സ വിദ്രധിഃ.

സാ—പര്യുഷിതം (പഴകിയത്), അത്യുഷ്ണം, രൂക്ഷം, ശുഷ്കം, വിദാഹി (ഉൾപ്പുഴുക്കുണ്ടാക്കുന്നത്) ഇങ്ങിനെയെല്ലാമിരിക്കുന്ന വസ്തുക്കളെ പതിവായി ഭുജിക്കുക, ജിഹ്മം (=വക്രം) ആയി കിടക്കുകയും പെരുമാറുകയും ചെയ്ക എന്നിവയെക്കൊണ്ടും രക്തദൂഷണങ്ങളായ മററുള്ളവകളെക്കൊണ്ടും, ദൂഷിച്ചിരിക്കുന്ന ത്വക്ക്-മാംസം-മേദസ്സ്-അസ്ഥി-സ്നായു-രക്തം-കണ്ഡര എന്നിവയെ ആശ്രയിച്ച് അകത്തോ പുറത്തോ വൃത്താകാരമായിട്ടോ ദീർഘമായിട്ടോ വലിയ മൂലത്തോടും വലിയ വേദനയോടും കൂടിയതായിട്ട് ഒരുതരം ശോഫം (=നീര്) ഉണ്ടാകും. അതാണ് വിദ്രധി. അത് ആറു വിധത്തിലാകുന്നു.

ദോഷൈഃ പൃഥക്സമുദിതൈശ്ശോണിതേന ക്ഷതേന ച
ബാഹ്യോത്ര തത്രതത്രാംഗേ ദാരുണോ ഗ്രഥിതോന്നതഃ
ആന്തരോ ദാരുണതരോ ഗംഭീരോ ഗുല്മവൽ ഘനഃ
വല്മീകവത്സമുച്ഛ്രായീ ശീഘ്രഘാത്യഗ്നിശസ്ത്രവൽ
നാഭിവസ്തിയകൃൽപ്ലീഹക്ലോമഹൃൽകുക്ഷിവംക്ഷണേ
സ്യാദ്വൃക്കയോരപാനേ വാ..........................

സാ—വാതം, പിത്തം, കഫം എന്ന ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും സന്നിപാതംകൊണ്ടൊന്നും രക്തംകൊണ്ടൊന്നും ക്ഷതംകൊണ്ടൊന്നും എന്നിങ്ങിനെയാണ് ആറുതരം വിദ്രധികൾ. ബാഹ്യമെന്നും ആഭ്യന്തരമെന്നും രണ്ടുതരമുള്ളതിൽ ബാഹ്യമായിട്ടുള്ളത് ഓരോ അംഗങ്ങളിൽ മുഴച്ചും ഉന്തിയും ഉള്ള ഭയങ്കരമായ മുഴയാകുന്നു. ആന്തരമായത് ആഴത്തിൽ ഉണ്ടാകുന്നതും ഗുല്മംപോലെ ഘനമായിട്ടുള്ളതും മറേറതിനെക്കാളധികം ഭയങ്കരവുമായ മുഴയാകുന്നു. അതു വല്മീകം (പുററ്) പോലെ സമുച്ഛ്രായി (പൊന്തുന്നത്) ആയിട്ടുള്ളതും അഗ്നിശസ്ത്രം പോലെ വേഗത്തിൽ ഹനിക്കുന്നതുമാകുന്നു. അത് നാഭിയിലും, വസ്തിയിലും, യകൃത്തിലും, പ്ലീഹയിലും, ക്ലോമത്തിലും, ഹൃദയത്തിലും, കുക്ഷിയിലും, ഒടിയിലും, വൃക്കങ്ങളിലും, ഗുദത്തിലും ആണുണ്ടാവുക. ഇവ പറഞ്ഞവ രണ്ടുതരത്തിലുള്ള വിദ്രധികളുടേയും സ്ഥാനമാകുന്നു.

.........................വാതാത്തത്രാതിതീവ്രരുക്
ശ്യാവാരുണശ്ചിരോത്ഥാനപാകോ വിഷമസംസ്ഥിതിഃ
വ്യധച്ഛേദഭ്രമാനാഹസ്പന്ദസർപ്പണശബ്ദവാൻ
രക്തതാമ്രാസിതഃ പിത്താത്തൃണ്മോഹജ്വരദാഹവാൻ
ക്ഷിപ്രോത്ഥാനപ്രപാകശ്ച പാണ്ഡുഃ കണ്ഡൂയുതഃ കഫാൽ
സോൽക്ലേശശീതകസ്തംഭജൃംഭാരോചകഗൗരവഃ
ചിരോത്ഥാനവിദാഹശ്ച സംകീർണ്ണസ്സന്നിപാതതഃ
സാമർത്ഥ്യാച്ചാത്ര വിഭജേൽ ബാഹ്യാഭ്യന്തരലക്ഷണം.

സാ—അവയിൽവെച്ച് വാതം ഹേതുവായിട്ടുള്ള വിദ്രധി അതികഠിനമായ വേദനയുള്ളതായും ശ്യാവവും അരുണവുമായ വർണ്ണത്തോടുകൂടിയതായും ഉത്ഥാനത്തിങ്കലും പാകത്തിങ്കലും വളരെ താമസത്തോടുകൂടിയതായും സമമല്ലാത്ത ആകൃതിയോടുകൂടിയതായും ഭവിക്കും. വ്യധച്ഛേദഭ്രമാനാഹസ്പന്ദസർപ്പണശബ്ദങ്ങളോടുകൂടിയതായിരിക്കയും ചെയ്യും (സ

ഷ്പണം=വ്യാപ്തി). പിത്തംകൊണ്ടുള്ള വിദ്രധി, രക്തതാമ്രകൃഷ്ണവൎണ്ണമായും തൃഷ്ണാമോഹജ്വരദാഹങ്ങളോടുകൂടിയതായും വേഗത്തിൽ ഉത്ഥാനവും പാകവും വരുന്നതായും ഭവിക്കും. കഫംകൊണ്ടുള്ള വിദ്രധി, പാണ്ഡുവൎണ്ണമായും ചൊറിച്ചിലുള്ളതായും ഉൽക്ലേശം ശീതകം സ്തംഭം ജൃംഭ അരോചകം ഗൌരവം എന്നിവയുള്ളതായും ചിരകാലംകൊണ്ടുമാത്രം ഉത്ഥാനവും വിദാഹവും ഭവിക്കുന്നതായുമിരിക്കും (വിദാഹം=പാകാഭിമുഖത്വം). സന്നിപാതജമായ വിദ്രധി മേൽപ്പറഞ്ഞ ലക്ഷണങ്ങളോടു സങ്കീൎണ്ണമായിരിക്കും. ഈ വിദ്രധികളിൽ ബാഹ്യാഭ്യന്തരലക്ഷണത്തെ സാമൎത്ഥ്യം ഹേതുവായിട്ടു തിരിച്ചറിയണം. ഇവിടെ വാതാദിവിദ്രധികളുടെ ലക്ഷണങ്ങൾ പറഞ്ഞതു ബാഹ്യമെന്നും ആഭ്യന്തരമെന്നും ഉള്ള ഭേദം കൂടാതെയാണെങ്കിലും ഇവയിലേതാണോ ബഹിൎഭാഗത്തു വരാവുന്നത് (രക്തതാമ്രതാദികൾ) അതു ബാഹ്യലക്ഷണമാണെന്നും, ഏതാണോ (ആനാഹമോഹാരോചകാദികൾ) അന്തൎഭാഗത്തു വരാവുന്നത് അത് ആഭ്യന്തരലക്ഷണമാണെന്നും അറിയണം. രണ്ടു സ്ഥാനങ്ങളിലും സംഭവിക്കാവുന്നവയായ ക്ഷിപ്രോത്ഥാനപ്രപാകാദികൾ ബാഹ്യാഭ്യന്തരോഭയലക്ഷണമാണെന്നും അറിയണം. ഇതാണ് "സാമൎത്ഥ്യാച്ചാത്ര വിഭജേൽ" എന്നതിന്റെ സാരം.

കൃഷ്ണസ്ഫോടാവൃതഃ ശ്യാവസ്തീവ്രദാഹരുജാജ്വരഃ
പിത്തലിംഗോസൃജാ ബാഹ്യഃ സ്ത്രീണാമേവ തഥാന്തരഃ
ശസ്ത്രാദ്യൈരഭിഘാതേന ക്ഷതേ വാപഥ്യകാരിണഃ
ക്ഷതോഷ്മാ വായുവിക്ഷിപ്തഃ സരക്തം പിത്തമീരയൻ
പിത്താസൃഗ്ലക്ഷണം കുൎയ്യാദ്വിദ്രധിം ഭൂൎയ്യുപദ്രവമ്.

സാ—അനന്തരം രക്തവിദ്രധിയെ പറയുന്നു. കൃഷ്ണസ്ഫോടേതി—കറുത്ത സ്ഫോടങ്ങളാൽ ആവൃതമായും ശ്യാവവൎണ്ണമായും കഠിനമായ നീരും വേദനയും പനിയുമുള്ളതായും പിത്തവിദ്രധിയുടെ ലക്ഷണങ്ങളോടുകൂടിയതായും ഇരിക്കുന്നതാണ് രക്തവിദ്രധി. ഇത് ബാഹ്യമായോ അപ്രകാരംതന്നെ ആഭ്യന്തരമായോ ഭവിക്കും. ഇത് ആഭ്യന്തരമായിട്ടു സ്ത്രീകൾക്കു മാത്രമേ ഉണ്ടാകയുള്ളൂ. ഇനി ക്ഷതവിദ്രധിയെ പറയുന്നു. ശസ്ത്രേതി—ആയുധം മുതലായവയാലുള്ള അഭിഘാതംകൊണ്ടും ക്ഷതത്തിങ്കൽ അപഥ്യം ചെയ്യുന്നവന്നും ക്ഷതത്തിലെ ഉഷ്മാവ് വായുവിനാൽ വിക്ഷേപിക്കപ്പെട്ടതായിട്ടു രക്തത്തേയും പിത്തത്തെയും പ്രേരണം

ചെയ്തിട്ടാണ് ക്ഷതവിദ്രധിയെ ഉണ്ടാക്കുന്നത്. ഈ വിദ്രധി പിത്തരക്തപ്രകോപജങ്ങളായ ലക്ഷണങ്ങളോടുകൂടിയിരിക്കും. അനവധി ഉപദ്രവങ്ങളോടു സഹിതമായിരിക്കയും ചെയ്യും. ഉപദ്രവങ്ങൾ=പശ്ചാൽക്കാലഭാവികളായ രോഗങ്ങൾ.

തേഷൂപദ്രവഭേദശ്ച സ്മൃതോധിഷ്ഠാനഭേദതഃ
നാഭ്യാം ഹിദ്ധ്മാ ഭവേദ്വസ്തൌ മൂത്രം കൃച്ഛ്രേണ പൂതി ച
ശ്വാസോ യകൃതി രോധസ്തു പ്ലീഹ്നുച്ഛ്വാസസ്യ തൃൾപുനഃ
ഗളഗ്രഹശ്ച ക്ലോമ്നി സ്യാത്സർവ്വാംഗപ്രഗ്രഹോ ഹൃദി
പ്രമോഹസ്തമകഃ കാസോ ഹൃദയോൽഘട്ടനം വ്യഥാ
കുക്ഷിപാർശ്വാന്തരാംസാർത്തിഃ കുക്ഷാവാടോപജന്മ ച
സക്ഥ്നോർഗ്രഹോ വംക്ഷണയോർവൃക്കയോഃ കടിപൃഷ്ഠയോഃ
പാർശ്വയോശ്ച വ്യഥാ പായൌ പവനസ്യ നിരോധനം
ആമപക്വവിദഗ്ദ്ധത്വം തേഷാം ശോഫവദാദിശേൽ.

സാ—അവയിൽ (വിദ്രധികളിൽ) അവ ഉണ്ടായ സ്ഥാനങ്ങളുടെ ഭേദംകൊണ്ട് ഉപദ്രവങ്ങൾക്കും ഭേദമുണ്ടാകുമെന്ന് പറയപ്പെട്ടിരിക്കുന്നു. ആശ്രയവിശേഷവശാൽ ആശ്രയിക്കു ഭേദമുണ്ടാകയാൽ ഉപദ്രവങ്ങൾക്കും വ്യത്യാസമുണ്ടാകുമെന്നർത്ഥം. ഈ ഉപദ്രവഭേദത്തെത്തന്നെ പറയുന്നു. നാഭ്യാമിതി—നാഭിയിൽ വിദ്രധിയുണ്ടായാൽ ഇക്കിട്ടുണ്ടാവും. വസ്തിയിങ്കലാണെങ്കിൽ മൂത്രം പോകാൻ പ്രയാസമുണ്ടാകും. പോകുന്നതു ദുർഗ്ഗന്ധത്തോടുകൂടിയിരിക്കയും ചെയ്യും. യകൃത്തിലാണെങ്കിൽ ശ്വാസവും പ്ലീഹയിലായാൽ ശ്വാസോച്ഛ്വാസത്തിന്നു തടസ്ഥവും ഉണ്ടാകും. ക്ലോമത്തിലായാൽ തൃഷ്ണയും ഗളഗ്രഹവും ഭവിക്കും. ഹൃദയത്തിലായാൽ സർവ്വാംഗങ്ങളിലും പിടിച്ചുവലിയും മോഹാലസ്യവും തമകശ്വാസവും കാസവും ഹൃദയത്തിന്നു ഘട്ടനവും വേദനയുമുണ്ടാകും. കുക്ഷിയിലായാൽ കുക്ഷിപാർശ്വാന്തരങ്ങളിലും ചുമലുകളിലും വേദനയും വയററിൽ ആടോപവും ഭവിക്കും. വംക്ഷണങ്ങളിൽ (ഒടികളിൽ) ഉണ്ടായാൽ തുടകളിൽ പിടിച്ചുവലിയുണ്ടാകും. വൃക്കങ്ങളിലായാൽ അരക്കെട്ടിലും പൃഷ്ഠത്തിലും പിടിച്ചുവലിയും പാർശ്വവേദനയുമുണ്ടാകും. ഗുദത്തിലാണെങ്കിൽ വായുവിന്നു നിരോധനവുമുണ്ടാകും. ഈ വിദ്രധികൾക്ക് ആമത്വവും പക്വത്വവും വിദഗ്ദ്ധത്വവും ശോഫങ്ങൾക്കെന്നപോലെ നിർദ്ദേശിക്കേണ്ടതാണ്. ശോഫത്തിന്റെ ആമത്വാദിലക്ഷണം സൂത്രസ്ഥാന

ത്തിൽ "ശോഫോഽല്പോല്പോഷ്ണരുക്" ഇത്യാദിയായി പറയപ്പെട്ടിട്ടുണ്ട്. വിദഗ്ധത്വം=പാകാഭിമുഖത്വം.

നാഭേരൂർദ്ധ്വം മുഖാൽ പക്വാഃ പ്രസ്രവന്ത്യധരേ ഗുദാൽ
ഗുദാസ്യാന്നാഭിജോ വിദ്യാദ്ദോഷം ക്ലേദാച്ച വിദ്രധൗ
യഥാസ്വം വ്രണവത്തത്ര വിവർജ്ജ്യസ്സന്നിപാതജഃ
പക്വോ ഹൃന്നാഭിവസ്തിസ്ഥോ ഭിന്നോന്തർബ്ബഹിരേവ വാ
പക്വശ്ചാന്തഃ സ്രവൻ വക്ത്രാൽ ക്ഷീണസ്യോപദ്രവാന്വിതഃ.

സാ— നാഭിയുടെ മേൽഭാഗത്തുണ്ടായ വിദ്രധികൾ പഴുത്താൽ വായിൽക്കൂടെ ദോഷത്തെ സ്രവിപ്പിക്കും. നാഭിയുടെ കീഴ്ഭാഗത്തുണ്ടായ വിദ്രധികൾ പഴുത്താൽ ഗുദത്തിൽക്കൂടെയാണ സ്രവിപ്പിക്കുക. നാഭിയിലുണ്ടായ വിദ്രധിയാകട്ടെ രണ്ടിന്റെയും മദ്ധ്യത്തിലാകയാൽ ഗുദത്തിൽക്കൂടേയും വായിൽക്കൂടേയും സ്രവിപ്പിക്കും. വിദ്രധിയിൽ ദോഷത്തെ വ്രണത്തിലെന്നപോലെ യഥാസ്വം ക്ലേദംകൊണ്ടറിയേണ്ടതാണ്. വ്രണത്തിൽ ക്ലേദം സ്രവിക്കുന്നതിന്റെ ഭേദംകൊണ്ട് ഇന്ന ദോഷമാണ സംബന്ധിച്ചിട്ടുള്ളതെന്നു നിർണ്ണയിക്കുന്നതുപോലെ വിദ്രധിയിലും ചെയ്യേണമെന്നു സാരം. വ്രണത്തിൽ ഇത് "മസ്തുമാംസപുലാകാംബുതുല്യതനച്ഛസംസ്രുതിഃ" ഇത്യാദിയായി പറയപ്പെടുന്നുണ്ട്. ഇനി വിദ്രധികളുടെ സാദ്ധ്യാസാദ്ധ്യതയെപ്പറയുന്നു. തത്രേതി— ആ വിദ്രധികളിൽവെച്ച് സന്നിപാതംകൊണ്ടുള്ള വിദ്രധി വർജ്ജിക്കപ്പെടേണ്ടതാണ്. ഹൃദയം, നാഭി, വസ്തി എന്നീ സ്ഥാനങ്ങളിൽവെച്ച് പഴുത്തു പൊട്ടിയ വിദ്രധി ആഭ്യന്തരമായാലും ബാഹ്യമായാലും വർജ്ജിക്കപ്പെടേണ്ടതാണ്. അന്തർഭാഗത്തിങ്കൽ പഴുത്തു പൊട്ടി വായിൽനിന്നൊലിക്കുന്നതും ക്ഷീണനായവനുള്ള ഉപദ്രവസഹിതമായ വിദ്രധിയും വർജ്ജിക്കപ്പെടേണ്ടതാണ്.

ഏവമേവ സ്തനസിരാ വിവൃതാഃ പ്രാപ്യ യോഷിതാം
സൂതാനാം ഗർഭിണീനാം വാ സംഭവേച്ഛ്വയഥുർഘനഃ
സ്തനേ സദുഗ്ധേഽദുഗ്ധേ വാ ബാഹ്യവിദ്രധിലക്ഷണഃ
നാഡീനാം സൂക്ഷ്മവക്ത്രത്വാൽ കന്യാനാന്തു ന ജായതേ.

സാ— ഇപ്രകാരംതന്നെ സ്ത്രീകളുടെ സ്തനങ്ങളിലുള്ള സിരകളെ ആശ്രയിച്ച് സ്തനവിദ്രധി എന്നൊരു രോഗമുണ്ടാകും. ഇത് പ്രസവിച്ചവരോ ഗർഭിണികളോ ആയ സ്ത്രീകൾക്കാണുണ്ടാവുക. മുലയിൽ പാ

ലുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഉണ്ടാകും. ഈ വിദ്രധി ഘനമായ ഒരു ശോഫമായിരിക്കും. ഇതിന്നു ബാഹ്യവിദ്രധിക്കുള്ള ലക്ഷണങ്ങളെല്ലാം കാണപ്പെടും. ഇതാണ് സ്തനവിദ്രധി. ഇതു കന്യകമാൎക്കുണ്ടാകയില്ല. കാരണം അവരുടെ സ്തനങ്ങളിലെ നാഡികൾക്ക് (സിരകൾക്ക്) സൂക്ഷ്മവക്ത്രത്വം ഉണ്ടാകുന്നതുതന്നെ. സൂക്ഷ്മവക്ത്രത്വം=സൂക്ഷ്മമുഖങ്ങളാണെന്നുള്ള അവസ്ഥ. സ്തനസിരകൾ വിടൎന്നിരിക്കുമ്പോഴെ സ്തനവിദ്രധി ഉണ്ടാകയുള്ളു എന്നു സാരം. ഇങ്ങിനെ വിദ്രധികൾ പറയപ്പെട്ടു.

അനന്തരം വൃദ്ധിയെ വിവരിക്കുന്നു:—

ക്രുദ്ധോ ഽധോഗതിർവ്വായുശ്ശോഫശൂലകരശ്ചരൻ
മുഷ്കൗ വംക്ഷണതഃ പ്രാപ്യ ഫലകോശാഭിവാഹിനീഃ
പ്രപീഡ്യ ധമനീർവൃദ്ധിം കരോതി ഫലകോശയോഃ
ദോഷാസ്രമേദോമൂത്രാന്ത്രൈസ്സ വൃദ്ധിസ്സപ്തധാ ഗദഃ
മൂത്രാന്ത്രജാവപ്യനിലാദ്ധേതുഭേദസ്തു കേവലമ്
വാതപൂൎണ്ണദൃതിസ്പൎശോ രൂക്ഷോ വാതാദഹേതുരുക്
പക്വോദുംബരസങ്കാശഃ പിത്താദ്ദാഹോഷ്മപാകവാൻ
കഫാച്ഛീതോ ഗുരുഃ സ്നിഗ്ദ്ധഃ കണ്ഡുമാൻ കഠിനോല്പരുക്
കൃഷ്ണസ്ഫോടാവൃതഃ പിത്തവൃദ്ധിലിംഗശ്ച രക്തതഃ
കഫവന്മേദസാ വൃദ്ധിർമൃദുസ്താലഫലോപമഃ
മൂത്രധാരണശീലസ്യ മൂത്രജസ്സ തു ഗച്ഛതഃ
അംഭോഭിഃ പൂൎണ്ണദൃതിവൽ ക്ഷോഭം യാതി സരുങ് മൃദുഃ
മൂത്രകൃച്ഛ്രമധഃ സ്യാച്ച വലയഃ ഫലകോശയോഃ.

സാ—വായു, അതിന്റെ കോപകാരണങ്ങളെക്കൊണ്ടു കോപിച്ച് കാരണാന്തരത്താൽ അധോഗതിയായിട്ടു, നീരും വേദനയും ജനിപ്പിച്ചുംകൊണ്ടു സഞ്ചരിക്കുമ്പോൾ, ഒടികളിൽനിന്നു വൃഷണങ്ങളെ പ്രാപിച്ചിട്ട്, ഫലകോശവാഹിനികളായ ധമനികളെ പ്രപീഡനം ചെയ്തിട്ട് ഫലകോശങ്ങൾക്കു(വൃഷണങ്ങൾക്കു)വൃദ്ധിയെ ഉണ്ടാക്കും. വൃദ്ധിഎന്ന ഈ രോഗം വാതപിത്തകഫങ്ങളാകുന്ന ത്രിദോഷങ്ങളെക്കൊണ്ടും, രക്തംകൊണ്ടും, മേദസ്സുകൊണ്ടും, മൂത്രംകൊണ്ടും, ആന്ത്രംകൊണ്ടും എന്നിങ്ങിനെ ഏഴു വിധത്തിലാകുന്നു. ഇവയിൽ മൂത്രംകൊണ്ടും ആന്ത്രംകൊണ്ടുമുള്ളവയും വാസ്തവത്തിൽ വാതം ഹേതുവായിട്ടുണ്ടാകുന്നവതന്നെയാണ്. ഹേതുഭേദം മാത്രമേ വ്യത്യാസമുള്ളു. ഇനി ഇവയുടെ ലക്ഷണങ്ങ

ളെ പറയുന്നു. വാതേതി—വാതം ഹേതുവായിട്ടുള്ള വൃദ്ധി തൊട്ടാൽ കാറ്റുനിറച്ച തോൽക്കുടം തൊട്ടാലത്തെ മാതിരിയിലിരിക്കും. രൂക്ഷമായും കാരണം കൂടാതെ വേദനിക്കുന്നതായുമിരിക്കും. പിത്തം ഹേതുവായിട്ടുള്ള വൃദ്ധി, പഴുത്ത ഉദുംബരം(=അത്തിക്കായ) പോലെയിരിക്കും. ചുട്ടുനീറലും ചൂടും പഴുപ്പും ഉണ്ടായിരിക്കയും ചെയ്യും. കഫം ഹേതുവായിട്ടുള്ള വൃദ്ധി, തണുത്തും കനത്തും സ്നിഗ്ദ്ധതയോടും ചൊറിച്ചിലോടും കൂടിയും കഠിനമായുമിരിക്കും. രക്തം ഹേതുവായിട്ടുള്ള വൃദ്ധി, കറുത്ത സ്ഫോടങ്ങളാൽ ആവൃതമായും പിത്തവൃദ്ധിയുടെ ലക്ഷണങ്ങളോടുകൂടിയുമിരിക്കും. മേദസ്സ് കൊണ്ടുള്ള വൃദ്ധി കഫവൃദ്ധിപോലെയും മൃദുവായും കരിമ്പനക്കായയോടു തുല്യമായും ഭവിക്കും. മൂത്രംകൊണ്ടുള്ള വൃദ്ധി, മൂത്രവേഗത്തെ ധാരണം ചെയ്യുന്നവന്നാണുണ്ടാവുക. ആ വൃദ്ധിയാകട്ടെ, രോഗി നടക്കുമ്പോൾ വെള്ളംനിറച്ച തോൽക്കുടംപോലെ എളകിക്കൊണ്ടിരിക്കയും വേദനയും മാർദ്ദവവും ഉള്ളതായിരിക്കയും ചെയ്യും. മൂത്രകൃച്ഛ്രവും വൃഷണങ്ങളുടെ അധോഭാഗത്തിൽ വലയവും ഉണ്ടാകയും ചെയ്യും.

ആന്ത്രവൃദ്ധിയെപ്പറയുന്നു:—

വാതകോപിഭിരാഹാരൈശ്ശീതതോയാവഗാഹനൈഃ
ധാരണേരണഭാരാദ്ധ്വവിഷമാംഗപ്രവർത്തനൈഃ
ക്ഷോഭണൈഃ ക്ഷുഭിതോഽന്യൈശ്ച ക്ഷുദ്രാന്ത്രാവയവം യദാ
പവനോ വിഗുണീകൃത്യ സ്വനിവേശാദധോ നയേൽ
കുര്യാദ്വങ്ക്ഷണസന്ധിസ്ഥോ ഗ്രന്ഥ്യാഭം ശ്വയഥും തദാ,
ഉപേക്ഷമാണസ്യ ച മുഷ്കവൃദ്ധി-
മാദ്ധ്മാനരുക്സ്തംഭവതീം സ വായുഃ
പ്രപീഡിതോന്തഃ സ്വനവാൻ പ്രയാതി
പ്രധ്മാപയന്നേതി പുനശ്ച മുക്തഃ.
ആന്ത്രവൃദ്ധിരസാദ്ധ്യോഽയം വാതവൃദ്ധിസമാകൃതിഃ
രൂക്ഷകൃഷ്ണാരുണസിരാതന്തുജാലഗവാക്ഷിതഃ.

സാ—വാതത്തെ കോപിപ്പിക്കുന്ന ആഹാരങ്ങൾ ശീതജലത്തിലുള്ള അവഗാഹനങ്ങൾ, വായുവിന്റെ ധാരണോദീരണങ്ങൾ, ഭാരവഹനം, വഴിനടത്തം, അംഗങ്ങളെ സമമല്ലാതെ പ്രവൃത്തിപ്പിക്കൽ എന്നിവയെക്കൊണ്ടും ക്ഷോഭകരങ്ങളായ മറ്റുള്ളവയെക്കൊണ്ടും വായു കോപിച്ച് ക്ഷുദ്രാന്ത്രത്തിന്റെ അവയവത്തെ വിഗുണമാക്കിത്തീർത്ത്

അതിനെ അതിന്റെ സ്ഥാനത്തുനിന്നു കീഴ്പോട്ടു തള്ളിക്കൊണ്ടുപോകും. എന്നിട്ടു വായു ഒടികളുടെ സന്ധിയിൽ സ്ഥിതിചെയ്തിട്ടു ഗ്രന്ഥിപോലെയുള്ള ഒരു ശ്വയഥുവിനെ ജനിപ്പിക്കും (ശ്വയഥു=നീര്.) ഈ നീരിനെ ചികിത്സിക്കാതെ ഉപേക്ഷിച്ചാൽ വായു, വൃഷണങ്ങളിൽ വൃദ്ധിയേയും ഉണ്ടാക്കും. ആയത് ആദ്ധ്മാനവേദനാസ്തംഭങ്ങളോടും കൂടിയതായിരിക്കും. വൃഷണങ്ങളിലുള്ള വായുവിനെ പ്രപീഡനം ചെയ്താൽ അതു ഒരു ശബ്ദത്തോടുകൂടി അകത്തു സഞ്ചരിക്കും. വിട്ടാൽപിന്നെയും വൃദ്ധിയെ വീർപ്പിച്ചുംകൊണ്ട് മുമ്പത്തെപ്പോലെ വരികയും ചെയ്യും. ഇതാണ് ആന്ത്രവൃദ്ധി. ഇത് വാതവൃദ്ധിക്കു പറഞ്ഞ ലക്ഷണങ്ങൾപോലെയുള്ള എല്ലാലക്ഷണങ്ങളോടും കൂടിയതായിരിക്കും. പരുപരുത്തും കറുത്തും ചുകന്നുമിരിക്കുന്ന ഞരമ്പുകളും നൂലുകളും ഈ വൃദ്ധിയിന്മേൽ നിറയെ ഓടിയിരിക്കയും ചെയ്യും. ഇത് അസാദ്ധ്യമാകുന്നു. ഇങ്ങിനെ വൃദ്ധികൾ വിവരിക്കപ്പെട്ടു.

അനന്തരം ശോഫസാമാന്യം ഹേതുവായിട്ടു ഗുല്മത്തെപ്പറയുന്നു:—

ഗുല്മോഷ്ടധാ പൃഥഗ്ദോഷൈഃ സംസൃഷ്ടൈർന്നിചയംഗതൈഃ
ആർത്തവസ്യ ച ദോഷേണ നാരീണാം ജായതേഷ്ടമഃ

സാ.—ഗുല്മൻ വാതാദിദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നു, സംസൃഷ്ടങ്ങളായ ദോഷങ്ങളെക്കൊണ്ടു മൂന്നും ദോഷസന്നിപാതംകൊണ്ടൊന്നും എന്നിങ്ങിനെ ദോഷങ്ങളെക്കൊണ്ട് ഏഴും, സ്ത്രീകൾക്ക് ആർത്തവദോഷംകൊണ്ട് ഒന്നുംകൂടി എട്ടുവിധത്തിലാണ്.

അഥ യോ ജ്വരാതിസാരാദിഭിർവ്വമനാദിഭിർവ്വാ കർമ്മഭിഃ കർശിതോ വാതളാന്യാഹാരയത്യാഹാരാഭിലാഷീ വാ ശീതമുദകം പിബത്യന്നപാനാനന്തരം വാ ലംഘനപ്ലവനവ്യവായയാനയാനാദീൻ ദേഹവിക്ഷോഭിണസ്സേവതേനുദീർണ്ണാം വാ ഛർദ്ദിമുദീരയത്യുദീർണ്ണാൻ വാതാദീൻ നിശ്വാസോച്ഛ്വാസൌ വാ നിഗൃഹ്ണാത്യസ്നേഹപൂർവ്വം വാ വമനവിരേചനേ കരോതി തഥാ ശോധിത ഏവ വാതിവിദാഹിനോഭിഷ്യന്ദിനോ വാ നിഷേവേത തസ്യ യഥാസ്വം വാതപ്രധാനാഃ കുപിതാ ദോഷാഃ പൃഥക് സംസൃഷ്ടാസ്സമസ്താസ്സരക്താ വാ മഹാസ്രോതോനുപ്രവിശ്യാവൃത്യോർദ്ധ്വമധശ്ച മാർഗ്ഗമവശ്യം ശൂലമുപജനയന്തോ ഗുല്മമഭിനിർവ്വർത്തയന്തി യതശ്ച തസ്മിൻ ശൂലവിദ്ധ ഇവ വ്യഥതേ തീവ്രവേദനാർദ്ദിതഃ ക്ലേശോച്ഛ്വാസസ്തസ്മാച്ഛൂലമിത്യുച്യതേ ॥

സാ—ഗുല്മങ്ങളുടെ നിദാനവും സമ്പ്രാപ്തിയും പറയുന്നു. അഥേതി—യാതൊരുവൻ ജ്വരം, അതിസാരം തുടങ്ങിയ രോഗങ്ങളെക്കൊണ്ടോ വമനം മുതലായ കർമ്മങ്ങളെക്കൊണ്ടോ ക്ഷീണിച്ചിരിക്കുമ്പോൾ വാതവൃദ്ധികരങ്ങളായ വസ്തുക്കളെ ആഹരിക്കുക; ആഹാരാഭിലാഷമുള്ളപ്പോൾ തണുത്തവെള്ളം കുടിക്കുക; അന്നപാനാനന്തരം വഴിനടക്കുക ചാട്ടുക മൈഥുനം ചെയ്യുക വാഹനത്തിലേറിപോവുക മുതലായി ദേഹത്തെ ക്ഷോഭിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുക; ഛർദ്ദിക്കണമെന്നു തോന്നാത്തപ്പോൾ ബലാൽക്കാരേണ ഛർദ്ദിയെ ഉദീരണം ചെയ്യുക; ഉദീർണ്ണങ്ങളായ വാതാദിരോഗങ്ങളെയൊ നിശ്വാസോച്ഛ്വാസങ്ങളെയൊ തടുക്കുക; സ്നേഹംശീലിക്കാതെ വമനവിരേചനങ്ങളെ ചെയ്യുക; വമനവിരേചനാദികളെക്കൊണ്ട് ശോധന വരുത്തിയാൽ അതിവിദാഹമുണ്ടാക്കുന്നവയോ അഭിഷ്യന്ദമുണ്ടാക്കുന്നവയൊ ആയ ദ്രവ്യങ്ങളെ സേവിക്കുക എന്നിവയിലേതെങ്കിലും ചെയ്യുന്നുവോ അവന്നു വാതാദികളായ ദോഷങ്ങൾ യഥാസ്വം കോപിച്ച് ഒററയൊററയായിട്ടോ ഈരണ്ടുദോഷങ്ങൾ കൂടി സംസർഗ്ഗിച്ചിട്ടോ എല്ലാംകൂടി സന്നിപതിച്ചിട്ടോ രക്തത്തോടു ചേർന്നിട്ടോ മഹാസ്രോതസ്സിനെ പ്രവേശിച്ചിട്ട്, മേല്പോട്ടും കീഴ്പോട്ടുമുള്ള മാർഗ്ഗത്തെ ആവരണംചെയ്തു ശൂലത്തെ ഉണ്ടാക്കിക്കൊണ്ടു ഗുല്മനെ ജനിപ്പിക്കുന്നു. ഈ ഗുൽമനുണ്ടായാൽ ശൂലംകൊണ്ടു കുത്തിയതുപോലെ കഠിനവേദനയുണ്ടാകയും ശ്വാസംകഴിക്കുവാൻ പ്രയാസം വരികയും ചെയ്യുന്നതിനാൽ ഗുൽമനെ ശൂലം എന്നും പറയുന്നുണ്ടു.

അനന്തരം ഗുല്മന്റെ സ്വരൂപം വിവരിക്കുന്നു:—

തത്രാതികർശനാൽ കഫപിത്താഭ്യാം വാ മാർഗ്ഗനിരോധാല്പബദ്ധാശ്രയോ വായുരുൽപ്ലുതോ രൌക്ഷ്യാൽ കഠിനീഭൂതഃ സ്വാശ്രയേ സ്വതന്ത്രഃ പരതന്ത്രോ വാ പിത്തശ്ലേഷ്മാശ്രയേ സ്പർശോപലഭ്യഃ പിണ്ഡിതത്വാദമൂർത്തോപി മൂർത്തതാമിവോപഗതോ ഗ്രന്ഥിരൂപേണാവതിഷ്ഠമാനോ ഗുല്മസംജ്ഞാം ലഭതേ । തസ്യ പഞ്ച സ്ഥാനാനി വസ്തിർന്നാഭിഃ പാർശ്വേ ഹൃദയഞ്ച । അഥാസ്യ പൂർവ്വരൂപാണി സദനമഗ്നിശരീരയോരരുചിസ്സൗഹിത്യാസഹിഷ്ണുതാ കുക്ഷിശൂലമാധ്മാനമുദ്ഗിരണം ബഹുശോ വിദഗ്ധേന്നേ ഛർദ്ദിരാടോപോ മലാന്യപ്രാദുർഭാവോപ്രവൃത്തിശ്ച ॥

സാ—അവയിൽവെച്ച് വായു അതികൎശനംകൊണ്ടോ കഫപിത്തങ്ങൾ മാൎഗ്ഗത്തെ ആവരണം ചെയ്യുന്നതുകൊണ്ടോ ഉള്ളിൽ സ്ഥാനം പിടിച്ച് പൊങ്ങി രൗക്ഷ്യം നിമിത്തം കഠിനമായിഭവിച്ച്, തന്റെ സ്ഥാനത്തിലാണെങ്കിൽ സ്വതന്ത്രമായിട്ടും കഫപിത്തസ്ഥാനത്തിലാണെങ്കിൽ പരതന്ത്രമായിട്ടും ഭവിച്ച്, സ്പൎശിച്ചാൽ കാണാവുന്നവിധത്തിലായി, സ്വതേ സ്വരൂപമില്ലാത്തതാണെങ്കിലും പിണ്ഡിതത്വം നിമിത്തം സ്വരൂപമുള്ളതുപോലെയായി, ഗ്രന്ഥി(=മുഴ)യുടെ രൂപത്തിൽ വരാവുന്നതും ആ അവസ്ഥയിലിരിക്കുന്ന വായുതന്നെയാണ് ഗുൽമൻ എന്നസംജ്ഞയെ പ്രാപിക്കുന്നത്. ഈ ഗുൽമന്ന് വസ്തി, നാഭി, പാൎശ്വങ്ങൾ, ഹൃദയം എന്നിങ്ങനെ അഞ്ചുസ്ഥാനങ്ങളുണ്ട്. ഇതിന്റെ പൂൎവ്വരൂപങ്ങൾ അഗ്നിക്കും ശരീരത്തിന്നും സാദം, അരോചകം, വയറു നിറയുന്നത് അസാദ്ധ്യമായിരിക്കുക, വയററിൽ ശൂലം അദ്ധ്മാനം, അധികം തേട്ടൽ, അന്നം വിദഗ്ദ്ധമായിരിക്കുമ്പോൾ ഛൎദ്ദി, വയററിൽ ആടോപം, മലം (പുരീഷം) ഉണ്ടാകയും പുറത്തേക്കു പ്രവൎത്തിക്കാതിരിക്കയും ചെയ്ക എന്നിവയാകുന്നു.

തത്ര വാതാൽ സൂച്യേവ ച ശങ്കുനേവ ച വ്യഥാ മന്യാശിരഃശംഖശൂലജ്വരാംഗമൎദ്ദ-പ്ലീഹാടോപാന്ത്രകൂജോദാവൎത്തോച്ഛ്വാസോപരോധമുഖശോഷസ്തബ്ധഗാത്രതാഃ വായുകാലേഷൂപദ്രവവൃദ്ധിൎവ്വിഷമാഗ്നിതാ കൃഷ്ണാരുണപരുഷത്വങ്നഖാദിത്വം ഗുല്മശ്ചാസ്യ ചലത്വാദ്വായോരനിയതസ്ഥാനസംസ്ഥാനോദയപ്രളയാല്പമഹാരുജഃ പിപീലികാപരിഗത ഇവ തോദസ്ഫുരണബഹുലോ വിസ്താരയതീവ സ്വദേശേ ചൎമ്മ കദാചിൽ കദാചിത്സങ്കോചയതീവ ഹൎഷയതി രോമാണി വേദനാതിപ്രവൃത്തൗ തു സൎവ്വസ്മിന്നപി ദേഹേ പ്രായോ വസ്ത്യാശ്രയശ്ച ഭവതി ॥

സാ—അവയിൽവെച്ച് വാതം ഹേതുവായിട്ടുള്ള ഗുൽമങ്കൽ സൂചികൊണ്ട് തറയ്ക്കുന്നതുപോലേയും കുററികൊണ്ട് മേട്ടുന്നതുപോലേയും വേദനയുണ്ടാകും. മന്യാശിരശ്ശംഖങ്ങളിൽ ശൂലവും ജ്വരവും അംഗമൎദ്ദവും പ്ലീഹയും ആടോപവും ആന്ത്രകൂജനവും ഉദാവൎത്തവും ശ്വാസം കഴിപ്പാൽ തടസ്ഥവും മുഖശോഷവും ഗാത്രസ്തംഭവുമുണ്ടാകും. വായുകാലങ്ങളിൽ (ദിനാന്താദികളിൽ) ഉപദ്രവം വൎദ്ധിക്കും. അഗ്നി വിഷമമായി ഭവിക്കും. തൊലി, നഖം മുതലായവ കറുത്തും ചുകന്നും പരുപരുത്തുമിരിക്കും. വായു ചഞ്ചലസ്വഭാവമാകയാൽ ഗുൽമൻ യാതൊരു വ്യവസ്ഥയും

കൂടാതെയുള്ള സ്ഥാനം, ആകൃതി, ഉൽപത്തി, നാശം, വേദനക്കുറവ്, വേദനയുടെ ആധിക്യം എന്നിവയോടുകൂടിയതായിരിക്കും. ഉറുമ്പരിച്ചാലെന്നപോലെ തോന്നും. കുത്തിനോവും സ്ഫുരണവും അധികമായിരിക്കും. ചിലപ്പോൾ ഗുൽമമുള്ള സ്ഥലത്തെ തൊലി വിസ്താരപ്പെടുന്നതുപോലെയും മററു ചിലപ്പോൾ തൊലിചുരുങ്ങുന്നതുപോലെയും തോന്നും. വേദന അധികമായിവരുമ്പോൾ ദേഹത്തിലെല്ലാം രോമങ്ങളെ എടുത്തു പിടിപ്പിക്കും. ഇതാണ് വാതഗുൽമൻ. ഇത് പ്രായേണ വസ്തിപ്രദേശത്താണ് ആശ്രയിച്ചിരിക്കുക.

പിത്താദ്ദാഹോ ധൂമകോല്ലകസ്തൃഷ്ണാ ജ്വരഃ സ്വേദോ വിഡ്ഭേദോ മൂർച്ഛാ ശീതോപശയതാ ഹരിതഹാരിദ്രത്വഗാദിത്വം ഗുല്മശ്ചാസ്യ തപ്തായഃപിണ്ഡമിവ തമവകാശം ദഹതി ദൂയതേ ധൂമായതേ ഊഷ്മായതേ ശിഥില ഇവ വ്രണ ഇവാസ്പൃശ്സഹോ നിർല്ലോമാ പ്രായോ നാഭ്യാശ്രയശ്ച ॥

സാ—പിത്തം ഹേതുവായിട്ടുള്ള ഗുല്മങ്കൽ ചുട്ടുനീറലും പുകഞ്ഞു തേട്ടലും പുളിച്ചുതേട്ടലും തണ്ണീർദാഹവും ജ്വരവും വിയർപ്പും മലഭേദവും മോഹാലസ്യവും ഉണ്ടാകും. തണുത്ത വസ്തുക്കളുടെ ഉപയോഗംകൊണ്ടു സുഖം തോന്നും. ത്വക്ക് മുതലായവ പച്ചനിറമായും മഞ്ഞനിറമായുമിരിക്കും. ഇവന്റെ ഗുല്മൻ ചുട്ടു പഴുത്ത ഇരുമ്പിൻപിണ്ഡമെന്നപോലെ അതു നിൽക്കുന്ന സ്ഥാനത്തെ ദഹിപ്പിക്കും. ദുഃഖം തോന്നുകയും പുകയുന്നതുപോലെ തോന്നുകയും ചൂട്ടുകയും ചെയ്യും. ഗുല്മൻ ശിഥിലമായതുപോലെ തോന്നും. വ്രണംപോലെ സ്പർശാക്ഷമമായി ഭവിക്കും. ഗുല്മസ്ഥാനത്തിൽ പുറത്തുള്ള രോമങ്ങൾ കൊഴിഞ്ഞുപോകും. പ്രായേണ ഇത് നാഭിയിലാണാശ്രയിച്ചിരിക്കുക.

കഫാൽ സ്തൈമിത്യാരോചകാവിപാകൗ ഹൃദയോപലേപഃ ശീതജ്വരസ്തൃപ്തിസ്സദനം കാസോ ഹൃല്ലാസഃ പീനസോ നിദ്രാലസ്യം നഖാദിശുക്ലതാ ഗുല്മശ്ച സുപ്തസ്ഥിരഗുരുകഠിനോവഗാഢോല്പരുക് പ്രായോ ഹൃൽപാർശ്വാശ്രയശ്ച । സംസൃഷ്ടലിംഗഃ സംസർഗ്ഗാൽ । സ ത്രിവിധഃ । സർവ്വലിംഗസ്സന്നിചയേ നിചയഗുല്മഃ സോഽസാധ്യഃ ॥

സാ—കഫം ഹേതുവായിട്ടുള്ള ഗുൽമങ്കൽ ഗുൽമത്തിന് ഇളക്കമുണ്ടാകയില്ല. അരുചി, ദഹനക്ഷയം, ഹൃദയലേപം, ശീതജ്വരം, തൃപ്തി, സദനം, കാസം, ഹൃല്ലാസം, പീനസം, നിദ്രാഹാനി, ആലസ്യം എന്നിവ

യുണ്ടാകും. നഖനയനാദികൾ ശുക്ലവൎണ്ണമായിരിക്കും. ഗുല്മൻ തരിപ്പും ഉറപ്പും കനവും കാഠിന്യവും ഉള്ളതും അവഗാഢവും വേദന കുറഞ്ഞതുമായിരിക്കും. ഇതു പ്രായേണ ഏകപാൎശ്വാശ്രയമായിരിക്കയും ചെയ്യും. ദോഷസംസൎഗ്ഗംകൊണ്ടുള്ള ഗുല്മങ്ങൾ മേല്പറഞ്ഞ ലക്ഷണങ്ങൾ തന്നെ സംസൃഷ്ടങ്ങളായിരിക്കും. അതു മൂന്നുവിധത്തിലാകുന്നു. മേൽപറഞ്ഞവയായ എല്ലാ ലക്ഷണങ്ങളും മിശ്രങ്ങളായിരുന്നാൽ അതു നിചയഗുല്മൻ (അതായതു സന്നിപാതഗുല്മൻ) ആകുന്നു. ഇങ്ങിനെ ഏഴുതരം ഗുല്മൻ പറയപ്പെട്ടു. ഇനി രക്തഗുല്മനെ പറയുന്നു.

രക്തഗുല്മസ്തു ഗൎഭകോഷ്ഠാൎത്തവാഗമനവൈശേഷ്യാൽ പാരതന്ത്ര്യാദവൈശാരദ്യാദുപചാരാനുരോധാച്ച സ്ത്രിയാ ഏവ ഭവതി.

സാ—രക്തഗുല്മനാകട്ടെ സ്ത്രീക്കു മാത്രമേ ഉണ്ടാകയുള്ളു. കാരണം ഗൎഭകോഷ്ഠാൎത്തവാഗമനാദികളാകുന്നു. ഗൎഭകോഷ്ഠാൎത്തവാഗമനവൈശേഷ്യം=പ്രതിമാസം സ്രവിച്ചുപോകേണ്ടതായ രക്തം ഗൎഭകോഷ്ഠത്തിങ്കൽ ആഗമിക്കുക എന്നുള്ള വിശേഷം. പാരതന്ത്ര്യം=പരാധീനത. അവൈശാരദ്യം=അസാമൎത്ഥ്യം. ഉപചാരാനുരോധം=ഉപചാരത്തെ അനുസരിക്കൽ. ഇവിടെ "സ്ത്രിയാ ഏവ" എന്നു പറഞ്ഞതിലെ സ്ത്രീപദത്തിന്നു ഗൎഭഗ്രഹണസമൎത്ഥയായ സ്ത്രീ എന്നാണൎത്ഥം; അതല്ലാതെ കന്യകയേയൊ ആൎത്തവം കുറഞ്ഞവളെയൊ യൌവനം കഴിഞ്ഞവളെയൊ ഗ്രഹിക്കരുത് എന്നാണ് ചരകവ്യാഖ്യാതാവായ ജജ്ജടാചാൎയ്യർ പറയുന്നത്.

തത്ര യദാ സാവൃതുമതീ നവപ്രസൂതാ യോനിരോഗിണീ വാ വാതളാന്യാസേവേത തദാസ്യാ വായുഃ പ്രകുപിതോ യോന്യാ മുഖമനുപ്രവിശ്യാൎത്തവമുപരുണദ്ധി। തദുപരുദ്ധ്യമാനം മാസേ മാസേ കുക്ഷിമഭിനിൎവ്വൎത്തയതി ഗൎഭലിംഗാനി ച ഹൃല്ലാസതന്ദ്രാംഗസാദദൌഹൃദസ്തന്യദൎശനാദീനി। വായുസംസൎഗ്ഗാൽ പുനഃ പിത്തകപ്രകോപതയാ ച വാതപിത്തഗുല്മരൂപാണി ക്രമാച്ഛൂലസ്തംഭദാഹാതീസാരാദീനി ഗൎഭാശയേ ച സുതരാം ശൂലം തഥാ യോന്യാ ദൌൎഗ്ഗന്ധ്യമാസ്രാവഞ്ച കരോതി। ഗുല്മശ്ച ന ഗൎഭ ഇവാംഗൈഃ പിണ്ഡിത ഏവ തു ചിരേണ സശൂലം സ്പന്ദതേ। ഗുല്മ ഏവ വൎദ്ധതേ ന കുക്ഷിഃ ॥

സാ—രക്തഗുല്മന്റെ നിദാനവും സമ്പ്രാപ്തിയും പറയുന്നു. തത്രേ

തി—ഋതുമതിയോ നവപ്രസൂതയോ യോനിരോഗമുള്ളവളോ ആയ സ്ത്രീ വാതവൃദ്ധികരങ്ങളായ ദ്രവ്യങ്ങളെ സേവിക്കുന്നതായാൽ വായു കോപിച്ച് യോനിമുഖത്തെ പ്രാപിച്ച് ആൎത്തവത്തെ രോധിക്കുന്നു. ആൎത്തവം രോധിക്കപ്പെട്ടാൽ അതു മാസംതോറും കുക്ഷിയെ വൎദ്ധിപ്പിക്കുകയും, ഹൃല്ലാസം-തന്ദ്ര-അംഗസാദം-ദൌഹൃദം-മുലയിൽ പാൽകാണൽ മുതലായ ഗൎഭലക്ഷണങ്ങളെ കാണിക്കുകയും ചെയ്യും. പിത്തം പ്രധാനമായി കോപിച്ചിരിക്കുന്നതുകൊണ്ടും വായുവിന്റെ സംസൎഗ്ഗംകൊണ്ടും വാതപിത്തഗുല്മങ്ങളുടെ ലക്ഷണങ്ങളായ ശൂലം-സ്തംഭം-ദാഹം-അതിസാരം മുതലായവയേയും ഗൎഭാശയത്തിൽ വലുതായ വേദനയേയും അപ്രകാരംതന്നെ യോനിക്കു ദുൎഗ്ഗന്ധത്തേയും യോനിയിൽനിന്നു സ്രവണത്തേയും ക്രമത്തിൽ ഉണ്ടാക്കുകയും ചെയ്യും. ഇവളുടെ ഗുല്മം ഗൎഭമെന്നപോലെ അംഗങ്ങളെക്കൊണ്ട് ഇളകുകയില്ല. പിന്നെയോ അതു പിണ്ഡീഭൂതമായിട്ടുതന്നെ ചിരകാലംകൊണ്ടു ശൂലസഹിതമായിട്ട് ഇളകുകയേ ഉള്ളു. ഗുല്മം തന്നെയാണിവൾക്കു വൎദ്ധിക്കുന്നത്, കുക്ഷിയല്ല.

സ്വദോഷാധിഷ്ഠാനശ്ച സൎവ്വോ ഭവതി ഗുല്മഃ। തസ്മാച്ചിരേണ നൈവ വാ പാകമേതി। ഭൃശദുഷ്ടരക്താശ്രയത്വാത്തു വിദ്രധിഃ ശീഘ്രപാകോ ഭവതീതി ॥

സാ—എല്ലാ ഗുല്മവും അതിന്നു കാരണമായ ദോഷത്തിന്റെ സ്ഥാനത്തെ ആശ്രയിച്ചാണിരിക്കുക. അതു നിമിത്തം എല്ലാ ഗുല്മവും ചിരകാലംകൊണ്ടേ പഴുക്കുകയുള്ളു. പഴുക്കാതെ ഇരുന്നുവെന്നും വരാം. സപാകമായിട്ടോ അപാകമായിട്ടോ ഭവിക്കുമെന്നൎത്ഥം. വിദ്രധിയാകട്ടേ, അന്യദോഷസംസൎഗ്ഗം കൂടാത്തതാണെങ്കിലും ദുഷിച്ച രക്തത്തെ ആശ്രയിച്ചതാകകൊണ്ടു ശീഘ്രം പചിക്കുന്നതാകുന്നു. വിശേഷേണ ദഹിക്കുന്ന (പഴുക്കുന്ന) സ്വഭാവമുള്ളതാകയാലാണ് വിദ്രധിക്ക് ആ പേർതന്നെ പറയുന്നത്, "ഭൃശദുഷ്ടരക്താശ്രയത്വാൽ" എന്നു വിദ്രധിയെപ്പററി പറഞ്ഞതുകൊണ്ടു ഗുല്മനിലും വിദ്രധിയെ അപേക്ഷിച്ചു സ്വല്പമായ രക്തകോപം വരുമെന്നു പ്രദൎശിപ്പിച്ചിരിക്കുന്നു എന്നറിയേണ്ടതാണ്.

ഭവതി ചാത്ര—

ഗുല്മോന്തരാശ്രയേ വസ്തികുക്ഷിഹൃൽപ്ലീഹവേദനാഃ
അഗ്നിവൎണ്ണബലഭ്രംശോ വേഗാനാഞ്ചാപ്രവൎത്തനം

അതോ വിപര്യയോ ബാഹ്യേ കോഷ്ഠാംശേഷു തു നാതിരുക്
വൈവർണ്യമവകാശസ്യ ബഹിരുന്നതതാധികമ്.

സാ—അന്തരാശ്രയമായിട്ടുള്ള ഗുന്മങ്കൽ വസ്തി, കുക്ഷി, ഹൃദയം, പ്ലീഹ എന്നിവകക്ക വേദനയും അഗ്നി-വിറം-ബലം എന്നിവയ്ക്കു ഹാനിയും വേഗങ്ങൾ പ്രവൎത്തിക്കായ്മയും ഭവിക്കും. ബഹിരാശ്രയമായിട്ടുള്ള ഗുന്മങ്കൽ മേൽപ്പുറത്തെതിന്നു വിപരീതമായ ലക്ഷണങ്ങൾ ഉണ്ടാകും. കോഷ്ഠാംശങ്ങളിൽ അധികമായ വേദനയുണ്ടാകയില്ല. ഗുന്മൻ നിൽക്കുന്ന സ്ഥാനത്തിന്നു വൈവൎണ്ണ്യമുണ്ടാകും. ബഹിർഭാഗത്തേക്കു അധികം പൊങ്ങിയിരിക്കയും ചെയ്യും.

അനന്തരം ആനാഹാദികളെ പറയുന്നു:—

സാടോപമത്യുഗ്രരുജമാദ്ധ്മാനമുദരേ ഭൃശമ്
ഊൎദ്ധ്വാധോവാതരോധേന തമാനാഹം പ്രചക്ഷതേ.
ഘനോഷ്ഠീലോപമോ ഗ്രന്ഥിരഷ്ഠീലോൎദ്ധ്വം സമുന്നതഃ
ആനാഹലിംഗസ്തിൎയ്യക്തു പ്രത്യഷ്ഠീലാ തദാകൃതിഃ.
പക്വാശയാൽ ഗുദോപസ്ഥം വായുസ്തീവ്രരുജശ്ചരൻ
തൂനീ പ്രതൂനീ തു ഭവേത്സ ഏവാതോ വിപര്യയേ.

സാ—വയററിൽ ആടോപത്തോടും (ആടോപം=നാഭിയുടെ ചുവട്ടിൽ വായുവിൻെറ മന്ദസഞ്ചാരം) അത്യുഗ്രമായ വേദനയോടുംകൂടി ഒരു ആനാഹം (വീൎപ്പ്) ഉണ്ടാകും, ഇതു് മേല്പോട്ടും കീഴ്പോട്ടുമുള്ള വായുവിൻെറ രോധംകൊണ്ടുമാണുണ്ടാകുന്നത്. ഇതിനെ ആചാൎയ്യന്മാർ ആനാഹമെന്നു പറയുന്നു. ആനാഹത്തിൻെറ ലക്ഷണങ്ങളോടുകൂടിയതായും ഘനമായും അമ്മിക്കൊഴപോലെ ഊൎദ്ധ്വഭാഗത്തേക്കുന്നതമായും ഒരു ഗ്രന്ഥി (മുഴ) ഉണ്ടാകും. ഇതിന്നു് അഷ്ഠീല എന്നു പേർ. അതുതന്നെ അതേ ആകൃതിയോടുകൂടി വിലങ്ങത്തിലായാൽ പ്രത്യഷ്ഠീല എന്നു പേർ. പക്വാശയത്തിൽനിന്നു ഗുദോപസ്ഥത്തിലേക്കു കലശലായ വേദനയോടുകൂടി വായു സഞ്ചരിക്കും. ഇതിനെയാണ് തൂനി എന്നു പറയുന്നത്. അതുതന്നെ നേരെ വിപരീതമായാൽ (അതായതു ഗുദോപസ്ഥത്തിൽനിന്നു പക്വാശയത്തിലേക്കായാൽ) പ്രതൂനി എന്നു പേർ പറയുന്നു. ഇവയെല്ലാം ഗുന്മപ്രായങ്ങളായ രോഗങ്ങളാകുന്നു.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ഏകാദശോദ്ധ്യായഃ
സമാപ്തഃ.

## ദ്വാദശോദ്ധ്യായഃ.

വിദ്ധ്യാദികളിലെന്നപോലെ ഉദരരോഗത്തിലും ശോഫാനാഹ ജ്വരവികാരങ്ങൾ ഭവിക്കുന്നതുകൊണ്ടു വിദ്ധ്യദ്ധ്യായനന്തരം ഉദരനിർണ്ണയത്തിനായി അദ്ധ്യായമാരംഭിക്കുന്നു:—

മൂ—അഥാത ഉദരനിദാനം നാമോദ്ധ്യായം വ്യാഖ്യാസ്യാമഃ. ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ.

സാ—അനന്തരം ഉദരനിദാനമെന്നു പേരായ അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. ഉദരനിദാനം=ഉദരത്തിൻെറ നിദാനം. ഉദരം=മഹോദരം.

രോഗാസ്സർവ്വേപി മന്ദേഗ്നൌ സുതരാമുദരാണി തു
അജീർണ്ണാന്മലിനൈശ്ചാന്നൈർജ്ജായന്തേ മലസഞ്ചയാൽ
ഊർദ്ധ്വാധോ ധാതവോ രുദ്ധ്വാ വാഹിനീ രംബുവാഹിനീഃ
പ്രാണാഗ്ന്യപാനാൻ സന്ദൂഷ്യ കുര്യുസ്ത്വങ്മാംസസന്ധിഗാഃ
ആദ്ധ്മാപ്യ കുക്ഷിമുദരം.......................................

സാ—ജ്വരാദികളായ എല്ലാ രോഗങ്ങളും അഗ്നി മന്ദമായിരിക്കുമ്പോഴാണുണ്ടാകുന്നത്. ഉദരരോഗങ്ങളാകട്ടെ പ്രത്യേകിച്ചും അഗ്നിമാന്ദ്യംകൊണ്ടാണ് ജനിക്കുക. അഗ്നിമാന്ദ്യത്താൽ അജീർണ്ണമുണ്ടാകുന്നു. അജീർണ്ണം ഹേതുവായിട്ടും മലിനങ്ങളായ അന്നങ്ങൾ ഹേതുവായിട്ടും ദോഷങ്ങൾ സഞ്ചയിച്ച് വരാവും. തന്നിമിത്തമാണ് ഉദരരോഗങ്ങളുടെ ഉൽപത്തി. ധാതുക്കൾ(=വാതാദികൾ) ഊർദ്ധ്വാധോഭേഗങ്ങളിൽ ജലവാഹിനികളായ വാഹിനികളെ (സിരകളെ) രോധിച്ച്, പ്രാണൻ—അഗ്നി—അപാനൻ എന്നിവയെ ദൂഷിപ്പിച്ച് ത്വങ്മാംസസന്ധികളെ പ്രാപിച്ച് കുക്ഷിയെ ആദ്ധ്മാപനം ചെയ്യിച്ച് (വീർപ്പിച്ച്) ഉദരത്തെ ഉണ്ടാക്കുന്നു. ഇങ്ങിനെയാണ് ഉദരത്തിൻെറ സമ്പ്രാപ്തി.

.....................അഷ്ടധാ തച്ച ഭിദ്യതേ.
പൃഥഗ്ദോഷൈസ്സമസ്തൈശ്ച പ്ലീഹബദ്ധക്ഷതോദകൈഃ
തേനാർത്താഃ ശുഷ്കതാല്വോഷ്ഠാഃ ശൂനപാദകരോദരാഃ
നഷ്ടചേഷ്ടാബലാഹാരാഃ കൃശാഃ പ്രദ്ധ്മാതകുക്ഷയഃ
സ്യുഃ പ്രേതരൂപാഃ പുരുഷാഃ..........................

സാ—ഈ ഉദരം എട്ടു വിധത്തിൽ ഭേദിക്കുന്നു. ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, ദോഷസന്നിപാതംകൊണ്ടൊന്നും, പ്ലീഹകൊണ്ട് ഒന്നും എന്നിങ്ങിനെ അഞ്ചുദരങ്ങളും ബദ്ധോദരം, ക്ഷതോദരം, ഉദകോദരം (ജലോദരം) എന്നിവയുംകൂടിയാണ് എട്ടുദരങ്ങൾ. ഈ ഉദരമെന്ന രോഗത്താൽ പീഡിതന്മാരായവർ താല്വും ചുണ്ടും വരണ്ടും കാലും കയ്യും വയറും വീർത്തും ചേഷ്ട—ബലം ആഹാരം എന്നിവ നശിച്ചും ദേഹം മെലിഞ്ഞും കുക്ഷി വീർത്തും പ്രേതസദൃശന്മാരായി ഭവിക്കും.

.....................ഭാവിനസ്തസ്യ ലക്ഷണമ്

ക്ഷുന്നാശോന്നം ചിരാത്സർവ്വം സവിദാഹഞ്ച പച്യതേ
ജീർണ്ണാജീർണ്ണം ന ജാനാതി സൌഹിത്യം സഹതേന ച
ക്ഷീയതേ ബലതഃ ശശ്വച്ഛ്വസിത്യല്പേപി ചേഷ്ടിതേ
വൃദ്ധിർവ്വിശോപ്രവൃത്തിശ്ച കിഞ്ചിച്ഛോഫശ്ച പാദയോഃ
രുഗ്വസ്തിസന്ധൌ തതാ ലഘ്വല്പാഭോജനൈരപി
രാജീജന്മ വലീനാശോ ജഠരേ.......................

സാ—വരുവാൻ പോകുന്ന ഉദരത്തിന്റെ ലക്ഷണം (അതായത് പൂർവ്വരൂപം) എന്തെന്നു പറയുന്നു. ക്ഷുന്നാശ ഇതി—വിശപ്പില്ലായ്കയും ഏതുവിധം അന്നവും പചിക്കുവാൻ വളരെ നേരം വേണ്ടിവരികയും പചിക്കുന്നതുതന്നെ വിദാഹത്തോടുകൂടിയായിരിക്കയും ചെയ്യും. ദഹിച്ചാലും ദഹിക്കാഞ്ഞാലും തിരിച്ചറിയുകയില്ല. തൃപ്തിയാവോളം ഭക്ഷിക്കുക വയ്യാതിരിക്കും. രോഗി എപ്പോഴും ബലത്തിൽനിന്നു ക്ഷയിക്കും. അല്പമായ വല്ല പ്രവൃത്തിയും എടുക്കുമ്പോഴേക്ക് ശ്വാസോച്ഛ്വാസം ചെയ്യും. മലം അധികമായി വർദ്ധിക്കും, എന്നാൽ പുറത്തേക്കു പോകയില്ലതാനും. കാലുകൾ രണ്ടിലും തെല്ലൊരു വീക്കമുണ്ടാകയും ചെയ്യും. വസ്തിസന്ധിയിൽ വേദനയുണ്ടാകും. ലഘുവായ ഭോജനംകൊണ്ടോ അല്പഭോജനംകൊണ്ടോ അഭോജനംകൊണ്ടുതന്നെയോ ജഠര (ഉദര)ത്തിൽ തതത (വിസ്തീർണ്ണത) ഉണ്ടാകും. ഉദരത്തിൽ രാജികൾ (വരകൾ) ഉണ്ടാകയും വലികൾ (മടക്കുകൾ) നശിക്കയും ചെയ്യും.

.....................................ജഠരേഷു തു

സർവ്വേഷ്വ തന്ദ്രാ സദനം മലസങ്ഗോല്പവഹ്നിതാ

ദാഹഃ ശ്വയഥുരാദ്ധ്മാനമന്തേ സലിലസംഭവഃ
സർവ്വം ത്വതോയമരുണമശോഫം നാതിഭാരികമ്
ഗവാക്ഷിതം സിരാജാലൈസ്സദാ ഗുഡുഗുഡായതേ
നാഭിമന്ത്രഞ്ച വിഷ്ടഭ്യ വേഗം കൃത്വാ പ്രണശ്യതി
മാരുതോ ഹൃൽകടീനാഭിപായുവംക്ഷണവേദനഃ
സശബ്ദോ നിശ്ചരേദ്വായുർവ്വിഡ് ബദ്ധാ മൂത്രമല്പകമ്
നാതിമന്ദോനലോ ലൌല്യം ന ച സ്യാദ്വിരസം മുഖമ്.

സാ—എല്ലാ ഉദരങ്ങളിലും തന്ദ്ര, തളച്ച, മലസംഗം, അഗ്നിമാന്ദ്യം, ചുട്ടനീറൽ, നീര്, വീപ്പ് എന്നിവയും ഒടുവിൽ വെള്ളം ഉണ്ടാകയും ചെയ്യും. ഇത്രയുമാണ് സാധാരണ ലക്ഷണം. എല്ലാ ഉദരവും അതോയം (വെള്ളമില്ലാത്തത്) ആയിരിക്കുമ്പോൾ അരുണവർണ്ണമായും അശോഭമായും നാതിഭാരികം (അധികം ഗുരുവല്ലാത്തത്) ആയും സിരാജാലങ്ങളാൽ ഗവാക്ഷിതം (വ്യാപ്തം) ആയും ഭവിക്കും. സദാ 'ഗുഡുഗുഡു എന്നു ശബ്ദിച്ചുംകൊണ്ടിരിക്കയും ചെയ്യും. വായു, നാഭിയേയും ആന്ത്രത്തേയും വിഷ്ടംഭിപ്പിച്ച് തന്റെ വേഗത്തെ പ്രകടിപ്പിച്ചിട്ടു നശിക്കും (കാണപ്പെടാതെകണ്ടാകും). ഹൃദയത്തിലും അരക്കെട്ടിലും നാഭിയിലും ഗുദത്തിലും ഒടികളിലും വേദനയുണ്ടാക്കിക്കൊണ്ട് ശബ്ദത്തോടുകൂടി വായു സഞ്ചരിക്കും. മലം ബന്ധിക്കപ്പെട്ടതായും മൂത്രം വളരെ അല്പമായും ഭവിക്കും. അഗ്നി അതിമന്ദമായി ഭവിക്കയില്ല. ലൌല്യവും ഉണ്ടാകയില്ല. വായ വിരസമായി ഭവിക്കയുമില്ല. അരുണത്വാദികളായി പറയപ്പെട്ടത് ഉദരങ്ങളുടെ അതോയസംഭവലക്ഷണമാകുന്നു.

അനന്തരം വാതാദ്യുദരങ്ങളുടെ വിശേഷലക്ഷണങ്ങളെ പറയുന്നു:—

തത്ര വാതോദരേ ശോഫഃ പാണിപാന്മുഷ്കസന്ധിഷു
കുക്ഷിപാർശ്വോദരകടീപൃഷ്ഠരുക്പർവ്വഭേദനമ്
ശുഷ്കകാസോംഗമർദ്ദോധോഗുരുതാ മലസംഗ്രഹഃ
ശ്യാവാരുണത്വഗാദിത്വമകസ്മാദ്വൃദ്ധിഹ്രാസവൽ
സതോദഭേദമുദരം തനുകൃഷ്ണസിരാതതമ്

ആധ്മാതദൃതിവച്ഛബ്ദമാഹതം പ്രകരോതി ച
വായുശ്ചാത്ര സരുക്ശബ്ദോ വിചരേത്സൎവ്വതോഗതിഃ.

സാ—അവയിൽവെച്ച് വാതോദരത്തിങ്കൽ പാണിപാദമുഷ്കസന്ധികളിൽ ശോഫവും, കുക്ഷിപാൎശ്വോദരകടീപൃഷ്ഠങ്ങളിൽ വേദനയും, സന്ധിസ്ഥാനങ്ങളിൽ പിളൎന്നുചാട്ടവും, ശുഷ്കകാസവും, അംഗങ്ങളിൽ മൎദ്ദനവും, അധോഭാഗത്തിങ്കൽ ഗുരുത്വവും, മലഗ്രഹവും, ത്വങ്നഖാദികൾക്കു ശ്യാവാരുണവൎണ്ണവും, കാരണം കൂടാതെകണ്ട് രോഗത്തിന്നു വൃദ്ധിഹ്രാസങ്ങളും ഉണ്ടാകും. ഉദരം തോദഭേദങ്ങളോടുകൂടിയതായും തനുകൃഷ്ണസിരകളാൽ വ്യാപ്തമായും ഭവിക്കും. ഉദരത്തിൽ കൊട്ടിനോക്കിയാൽ കാറ്റു നിറച്ച തോൽപ്പന്തിന്മേലടിച്ചാലത്തെ മാതിരി ശബ്ദം പുറപ്പെടുകയും ചെയ്യും. വായു ഉദരത്തിലെല്ലാടവും വേദനയോടും ശബ്ദത്തോടുംകൂടി സഞ്ചരിക്കയും ചെയ്യും.

പിത്തോദരേ ജ്വരോ മൂൎച്ഛാ ദാഹസ്തൃൾകടുകാസ്യതാ
ഭ്രമോതിസാരഃ പീതത്വം ത്വഗാദാവുദരം ഹരിൽ
പീതതാമ്രസിരാനദ്ധം സസ്വേദം സോഷ്മ ദഹ്യതേ
ധൂമായതി മൃദുസ്പൎശം ക്ഷിപ്രപാകം പ്രദൂയതേ.

സാ—പിത്തോദരത്തിങ്കൽ ജ്വരവും മൂൎച്ഛയും ചുട്ടുനീറലും തൃഷ്ണയും ഭവിക്കും. വായ കടുരസമായിരിക്കും. തലതിരിച്ചിലും അതിസാരവും ഉണ്ടാകും. ത്വങ്നഖാദികളിൽ പീതവൎണ്ണത്വവും ഉണ്ടാകും. ഉദരം ഹരിദ്വൎണ്ണമായിരിക്കും. ഉദരത്തിൽ പീതതാമ്രവൎണ്ണങ്ങളായ സിരകൾ വ്യാപിച്ചിരിക്കും. വിയൎപ്പോടും ഉഷ്മാവോടുംകൂടി ഉദരം ദഹിക്കുന്നതുപോലെ തോന്നും. പുകയുന്നതുപോലേയും തോന്നും. തൊട്ടാൽ പതുപതുപ്പുണ്ടാകും. വേഗത്തിൽ പാകം വരികയും പ്രദൂനമായി ഭവിക്കയും ചെയ്യും.

ശ്ലേഷ്മോദരേംഗസദനം സ്വാപഃ ശ്വയഥുഗൌരവമ്
നിദ്രോൽക്ലേശാരുചിശ്വാസകാസശ്ശുക്ലത്വഗാദിതാ
ഉദരം സ്തിമിതം സ്നിഗ്ദ്ധം ശുക്ലരാജീതതം മഹൽ
ചിരാഭിവൃദ്ധി കഠിനം ശീതസ്പൎശം ഗുരു സ്ഥിരമ്.

സാ—കഫോദരത്തിങ്കൽ അംഗങ്ങൾക്കു തളൎച്ചയും തരിപ്പും നീ

ണം കനവും നിദ്ര-ഉൾപ്പുഴുക്ക്-അരുചി- ശ്വാസം-കാസം- ത്വഗാദികൾക്കു ശുക്ലത്വം ഇവയും ഭവിക്കും. ഉദരം നിശ്ചലമായും സ്നിഗ്ദ്ധമായും ശുക്ലവർണ്ണങ്ങളായ രാജികളാൽ വ്യാപ്തമായും മഹത്തായും ചിരകാലംകൊണ്ട് വർദ്ധിക്കുന്നതായും കഠിനമായും തൊട്ടാൽ ശീതമായും ഗുരുത്വമുള്ളതായും സ്ഥിരമായും ഭവിക്കും.

ത്രിദോഷകോപനൈരന്നൈസ്സ്ത്രീദത്തൈശ്ച രജോ മ
ഗരദൂഷീവിഷാദ്യൈശ്ച സരക്താസ്സഞ്ചിതാ മലാഃ (ലൈഃ
കോഷ്ഠം പ്രാപ്യ വികുർവ്വാണാശ്ശോഫമൂർച്ഛാഭ്രമാന്വിതമ്
കുർയ്യുസ്ത്രിലിംഗമുദരം ശീഘ്രപാകം സുദാരുണമ്
ബാധതേ തച്ച സുതരാം ശീതവാതാഭ്രദർശനേ.

സാ—ത്രിദോഷങ്ങളെ കോപിപ്പിക്കുന്ന ഓരോതരം ദ്രവ്യങ്ങളെക്കൊണ്ടും സ്ത്രീകളാൽ നൽകപ്പെട്ടവയായ മരുന്നുകളെക്കൊണ്ടും കൈവിഷം, ദൂഷീവിഷം മുതലായവയെക്കൊണ്ടും, രക്തത്തോടുകൂടി സഞ്ചിതങ്ങളായ ത്രിദോഷങ്ങൾ കോഷ്ഠത്തെ പ്രാപിച്ചു വികാരം വരുത്തുന്നവയായിട്ട് സന്നിപാതോദരത്തെ ഉണ്ടാക്കുന്നു. ഈ ഉദരം ശോഫമൂർച്ഛാജ്വരങ്ങളോടുകൂടിയതായിരിക്കും. മൂന്നു ദോഷങ്ങളെക്കൊണ്ടുള്ള ഉദരങ്ങളുടേയും ലക്ഷണങ്ങൾ ഇതിനുണ്ടായിരിക്കും. ഈ ഉദരം വേഗത്തിൽ പാകം വരുന്നതും വളരെ ഭയങ്കരവുമാകുന്നു. ഈ ഉദരം ശീതവാതാഭ്രദർശനത്തിങ്കൽ അധികമായി ബാധിക്ക (=ഉപദ്രവിക്ക)യും ചെയ്യും.

അത്യാശിതസ്യ സംക്ഷോഭാദ്യാനയാനാദിചേഷ്ടിതൈഃ
അതിവ്യവായഭാരാദ്ധ്വഗമനവ്യാധികർശനൈഃ
വാമപാർശ്വാശ്രിതഃ പ്ലീഹാ ച്യുതഃ സ്ഥാനാദ്വിവർദ്ധതേ
ശോണിതം വാ രസാദിഭ്യോ വിവൃദ്ധന്തം വിവർദ്ധയേൽ
സോഷ്ഠീലേവാതികഠിനഃ പ്രോന്നതഃ കൂർമ്മപൃഷ്ഠവൽ
ക്രമേണ വർദ്ധമാനശ്ച കുക്ഷാവുദരമാവഹേൽ
ശ്വാസകാസപിപാപാസ്യവൈരസ്യാദ്ധ്മാനരുഗ്ജ്വരൈഃ
പാണ്ഡുത്വമൂർച്ഛാച്ഛർദ്ദിഭിർദ്ദാഹമോഹൈശ്ച സംയുതം
അരുണാഭം വിവർണ്ണം വാ നീലഹാരിദ്രരാജിമൽ
ഉദാവർത്തരുജാനാഹൈർമ്മോഹതൃഡ്ദഹനജ്വരൈഃ

ഗൗരവാരുചികാഠിന്യൈർവിദ്യാത്തത്ര മലാൻ ക്രമാൽ
പ്ലീഹവദ്ദക്ഷിണാൽ പാർശ്വാൽ കുര്യാദ്യകൃദപി ച്യുതമ്.

വ്യാ:—പ്ലീഹോദരത്തെ പറയുന്നു. അത്യാശിതസ്യേതി—അതിഭക്ഷണം ചെയ്തുവന്ന് വാഹനം കയറിപ്പോവുക മുതലായ പ്രവൃത്തികളെ ചെയ്താൽ അതുകൊണ്ടുള്ള ഇളക്കം ഹേതുവായിട്ടും, അതിമൈഥുനം-ഭാരവഹനം-അദ്ധ്വഗമനം-വ്യാധികളെക്കൊണ്ടുള്ള കർശനം എന്നിവയെക്കൊണ്ടും, ഇടത്തെ പാർശ്വത്തിങ്കലിരിക്കുന്ന പ്ലീഹ അതിന്റെ സ്ഥാനത്തിങ്കൽനിന്നു ഭ്രംശിച്ചിട്ട് വർദ്ധിക്കുന്നു. രക്തധാതു, രസാദികളായ ഇതരധാതുക്കളെക്കാളധികം വർദ്ധിച്ച് പ്ലീഹയെ വർദ്ധിപ്പിക്കുകയുമാം. രണ്ടു വിധത്തിലായാലും കുക്ഷിയിൽ കിടന്നു ചീർക്കുന്ന ഈ പ്ലീഹ അഷ്ഠീലപോലെ അതികഠിനവും ആമപ്പുറംപോലെ ഉന്നതവുമായിത്തീർന്നിട്ട് ഒരുതരം ഉദരത്തെ ഉണ്ടാക്കുന്നു. ഇതാണ് പ്ലീഹോദരം. ഇത് ശ്വാസം-കാസം-പിപാസ-മുഖവൈരസ്യം-ആദ്ധ്മാനം-വേദന-ജ്വരം എന്നിവയോടും വിളർപ്പ്-മൂർച്ഛ-ഛർദ്ദി-ചുട്ടുനീറൽ-മോഹം എന്നിവയോടും കൂടിയതായിരിക്കും. അരുണവർണ്ണമായോ വിവർണ്ണമായോ ഭവിക്കുകയും നീലവർണ്ണങ്ങളോ ഹാരിദ്രവർണ്ണങ്ങളോ ആയ രാജികളോടു കൂടിയതായിരിക്കയും ചെയ്യും. ഈ പ്ലീഹോദരത്തിങ്കൽ വാതം കോപിച്ചിരുന്നാൽ ഉദാവർത്തരുജാനാഹങ്ങളും, പിത്തം കോപിച്ചിരുന്നാൽ മോഹതൃഡ്ദഹനജ്വരങ്ങളും, കഫം കോപിച്ചിരുന്നാൽ ഗൗരവാരുചികാഠിന്യങ്ങളും ഭവിക്കും. വാമപാർശ്വത്തിങ്കൽ പ്ലീഹ എന്നപോലെ ദക്ഷിണപാർശ്വത്തിങ്കൽ യകൃത്തു സ്ഥിതിചെയ്യുന്നുണ്ടല്ലോ. പ്ലീഹച്യവനത്തിനു പറഞ്ഞ കാരണങ്ങളാൽത്തന്നെ യകൃത്തും സ്ഥാനത്തിങ്കൽനിന്നു ഭ്രംശിച്ച് ഉദരത്തെ ഉണ്ടാക്കും. അതും പ്ലീഹോദരംപോലെതന്നെയാകുന്നു.

പക്ഷ്മബാലൈസ്സഹാന്നേന ഭുക്തൈർബ്ബദ്ധായനേ ഗുദേ
ദുർന്നാമഭിരുദാവർത്തൈരന്യൈർവ്വാന്ത്രോപലേപിഭിഃ
വർച്ചഃ പിത്തകഫാൻ രുദ്ധ്വാ കരോതി കുപിതോനിലഃ
അപാനോ ജഠരം തേന സ്യുർദ്ദാഹജ്വരതൃട്ക്ഷവാഃ
കാസശ്വാസോരുസദനം ശിരോഹൃന്നാഭിപായുരുക്
മലസംഗോരുചിഃ ഛർദ്ദിരുദരം മൂഢമാരുതമ്
സ്ഥിരം നീലാരുണസിരാരാജീനദ്ധമരാജി വാ.

സാ—ബദ്ധോദരത്തെപ്പറയുന്നു. പക്ഷ്മേതി—പക്ഷ്മം (കണ്പോളരോമം), ബാലം (തലരോമം) എന്നിവ അന്നത്തോടുകൂടി ഭുജിക്കപ്പെട്ട് അവയാൽ ഗുദത്തിന്റെ മാർഗ്ഗം ബന്ധിക്കപ്പെട്ടിരിക്കുമ്പോഴോ ദുർന്നാമാക്കൾ (അർശോരോഗം) ഉദാവർത്തം എന്നിവ നിമിത്തമായോ, ആന്ത്രോപലേപികൾ (കുടലിൽ പററുന്നവ) ആയ അന്നങ്ങൾ ഭക്ഷിക്ക നിമിത്തമായോ അപാനവായു കോപിച്ചിട്ട് മലം, പിത്തം, കഫം എന്നിവയെ രോധിച്ച് ഒരുദരരോഗത്തെ ജനിപ്പിക്കും. ഇതാണ് ബദ്ധോദരം. ഇതുണ്ടായാൽ ദാഹം, ജ്വരം, തൃഷ്ണ, ക്ഷവം (തുമ്മൽ), കാസം, ശ്വാസം, ഊരുക്കൾക്കു കഴച്ചിൽ, തല-ഹൃദയം-നാഭി-ഗുദം എന്നിവയിൽ വേദന, മലസംഗം, അരുചി, ഛർദ്ദി എന്നിവയുണ്ടാകും. ഉദരം, മൂഢൻ (=വിമാർഗ്ഗഗൻ) ആയ വായുവിനോടുകൂടിയതായിരിക്കും. ഉദരത്തിന്നിളക്കമുണ്ടാകയില്ല. നീലാരുണവർണ്ണങ്ങളായ സിരകളാലും രാജികളാലും ഉദരം വ്യാപ്തമായിരിക്കും. അല്ലെങ്കിൽ രാജീരഹിതമായിരുന്നു എന്നും വരാം.

അസ്ഥ്യാദിശല്യൈസ്സാന്നൈശ്ച ഭുക്തൈരത്യശനേന വാ
ഭിദ്യതേ പച്യതേ ചാന്ത്രം തച്ഛിദ്രൈശ്ച സ്രവൻ ബഹിഃ
ആമ ഏവ ഗുദാദേതി തതോല്പാല്പം സവിഡ്രസഃ
തുല്യഃ കുണപഗന്ധേന പിച്ഛിലഃ പീതലോഹിതഃ
ശേഷശ്ചാപൂര്യ്യ ജഠരം ജഠരം ഘോരമാവഹേൽ
വർദ്ധതേ തദധോ നാഭേരാശു ചൈതി ജലാത്മതാം
ഉദ്രിക്തദോഷരൂപഞ്ച വ്യാപ്തഞ്ച ശ്വാസതൃഡ്ഭ്രമൈഃ
ഛിദ്രോദരമിദം പ്രാഹുഃ പരിസ്രാവീതി ചാപരേ.

സാ—ഛിദ്രോദരത്തെപ്പറയുന്നു. അസ്ഥീതി—അസ്ഥി തുടങ്ങിയ ശല്യങ്ങൾ അന്നത്തോടുകൂടി ഭുജിക്കപ്പെട്ടതുകൊണ്ടോ അല്ലെങ്കിൽ അതിഭക്ഷണംകൊണ്ടോ ആന്ത്രം ഭേദിക്കുകയും പഴുക്കുകയും ചെയ്യുന്നു. പിന്നെ, ഛിന്നപാകമായ ആന്ത്രത്തിന്റെ ഛിദ്രങ്ങളിലൂടെ, ഭക്ഷിക്കപ്പെട്ട ദ്രവ്യം ആമമായിട്ടുതന്നെ പുറത്തേക്കു സ്രവിച്ച് ഗുദത്തിൽനിന്ന് അല്പാല്പമായും മലരസത്തോടുകൂടിയതായും ശവഗന്ധതുല്യമായും പിച്ഛിലമായും പീതലോഹിതവർണ്ണമായും പോകും. ഇങ്ങിനെ പോയതു കഴിച്ചു ബാക്കിയുള്ളത് ജഠരത്തെ നിറച്ച് ഭയങ്കരമായ ഉദരരോഗത്തെ ഉണ്ടാക്കുകയും ചെയ്യും. ഈ ഉദരം നാഭിയുടെ അധോഭാഗത്തിങ്കൽ അ

ധികമായി വൎദ്ധിക്കുകയും വേഗത്തിൽ ജലമയമായി ചമയുകയും ചെയ്യും. ഈ ഉദരത്തിൽ വാതാദികളായ ദോഷങ്ങളിൽ ഏതാണോ കോപിച്ചിരിക്കുന്നത് ആ ദോഷത്തിന്റെ ലക്ഷണങ്ങൾ ഉൽക്കടങ്ങളായിരിക്കും. ശ്വാസതൃഷ്ണാഭ്രമങ്ങളാൽ വ്യാപ്തമായിരിക്കയും ചെയ്യും. ഈ ഉദരത്തെ ആചാൎയ്യന്മാർ ഛിദ്രോദരമെന്നു പറയുന്നു. മററു ചില ആചാൎയ്യന്മാർ ഇതിന്നു പരിസ്രാവി എന്നും പേർ പറയുന്നു.

പ്രവൃത്തസ്നേഹപാനാദേസ്സഹസാമാംബുപായിനഃ
അത്യംബുപാനാന്മന്ദാഗ്നേഃ ക്ഷീണസ്യാതികൃശസ്യ വാ
രുദ്ധ്വാംബുമാൎഗ്ഗാനനിലഃ കഫശ്ച ജലമൂർച്ഛിതഃ
വൎദ്ധയേതാം തദേവാംബു തൽസ്ഥാനാദുദരാശ്രിതൌ
തതഃ സ്യാദുദരം തൃഷ്ണാഗുദസ്രുതിരുജാന്വിതമ്
കാസശ്വാസാരുചിയുതം നാനാവൎണ്ണസിരാതതമ്
തോയപൂൎണ്ണദൃതിസ്പൎശശബ്ദപ്രക്ഷോഭവേപഥു
ദകോദരം മഹൽസ്നിഗ്ദ്ധം സ്ഥിരമാവൃത്തനാഭി തൽ.

സാ—ഉദകോദരത്തെപ്പറയുന്നു. പ്രവൃത്തേതി—സ്നേഹപാനാദികളെ ചെയ്യുന്നവൻ പെട്ടെന്ന് പച്ചവെള്ളം കുടിച്ചാൽ അവന്നും, മന്ദാഗ്നിയായവൻ അധികം വെള്ളം കുടിച്ചാൽ അവന്നും, ക്ഷീണനോ അതികൃശനോ ആയവൻ അധികം വെള്ളം കുടിച്ചാൽ അവന്നും, കുപിതനായ വായുവും ജലത്താൽ മൂർച്ഛിതമായ കഫവും ജലമാൎഗ്ഗങ്ങളെ രോധിച്ച് ഉദരത്തിൽ ചെന്നവരായി ആ ജലത്തെത്തന്നെ ആ സ്ഥാനത്തുനിന്നു വൎദ്ധിപ്പിക്കും. അതുഹേതുവായിട്ട് ഉദരം തൃഷ്ണയോടും ഗുദസ്രവണത്തോടും വേദനയോടും കൂടിയതായി ഭവിക്കും. കാസശ്വാസാരോചകങ്ങളുണ്ടാകും. ഉദരത്തിൽ പലനിറമുള്ള സിരകൾ വ്യാപിച്ചിരിക്കയും ചെയ്യും. വെള്ളംനിറച്ച തോൽക്കുടത്തിൽ തൊട്ടാലെന്നപോലെയിരിക്കും ഉദരത്തിന്റെ സ്പൎശം. അതുപോലെ ശബ്ദപ്രക്ഷോഭവേപഥുക്കളും ഉണ്ടാകും. ഇതാണ് ദകോദരം (=ഉദകോദരം, ജലോദരം). ഇത് മഹത്തായും സ്നിഗ്ദ്ധതയുള്ളതായും സ്ഥിരമായും ആവൃത്തനാഭിയായും ഭവിക്കും. ആവൃത്തനാഭി=ചുഴിഞ്ഞതായ പൊക്കിളോടുകൂടിയത്.

ഉപേക്ഷയാ ച സൎവ്വേഷു ദോഷാഃ സ്വസ്ഥാനതശ്ച്യുതാഃ
പാകാൽ ദ്രവാദ്രവീകുൎയ്യുഃ സന്ധിഃസ്രോതോമുഖാന്യപി
സ്വേദശ്ച ബാഹ്യസ്രോതസ്സു വിഹതസ്തിൎയ്യഗാസ്ഥിതഃ

തദേവോദകമാപ്യായ്യ പിഞ്ഛരാം കുര്യാത്തദാ ഭവേൽ
ഗുരൂദരം സ്ഥിരം വൃത്തമാഹതഞ്ച നശബ്ദവൽ
മൃദുവ്യപേതരാജീകം നാഭ്യാം സ്പൃഷ്ടഞ്ച സൎപ്പതി
തദന്വുദകജന്മാസ്മിൻ കുക്ഷിവൃദ്ധിസ്തതോധികമ്
സിരാന്തർദ്ധാനമുദകജഠരോക്തഞ്ച ലക്ഷണമ്.

സാ—എല്ലാ ഉദരങ്ങളിലും ജലമുണ്ടായിത്തീരുവാനുള്ള കാരണം പറയുന്നു. ഉപേക്ഷയേതി—എല്ലാ ഉദരങ്ങളിലും ഉപേക്ഷ ഹേതുവായിട്ട് ദോഷങ്ങൾ സ്വസ്ഥാനങ്ങളിൽനിന്നിളകിയവയായി, പാകംവരികനിമിത്തം ദ്രവീഭൂതങ്ങളായിട്ട് സന്ധികളുടേയും സ്രോതസ്സുകളുടേയും മുഖങ്ങളെക്കൂട്ടി ദ്രവീകരിക്കുന്നു. സ്വേദവും (വിയൎപ്പും) ബാഹ്യസ്രോതസ്സുകളിൽ തടയപ്പെട്ട് വിലങ്ങടിച്ചുവശായി ആ ഉദകത്തെ (അതായത് സന്ധിസ്രോതോമുഖങ്ങൾ ദ്രവീഭവിച്ചുണ്ടായ ജലത്തെ) വൎദ്ധിപ്പിച്ച് പിഞ്ഛരയെ ഉണ്ടാക്കും. അപ്പോൾ ഉദരം ഗുരുവായും സ്ഥിരമായും വൃത്താകാരമായും ഭവിക്കും. കൊട്ടിനോക്കിയാൽ ശബ്ദമുണ്ടാകയില്ല. ഉദരം മാർദ്ദവമുള്ളതായും രാജികളില്ലാത്തതായും ഭവിക്കും. നാഭിയിൽ തൊട്ടാൽ സൎപ്പണവും ഉണ്ടാകും. പിന്നെ ഈ ഉദരത്തിൽ വെള്ളമുണ്ടാകയും, തന്നിമിത്തം കുക്ഷിയുടെ വൃദ്ധി അധികമായി ഭവിക്കയും ചെയ്യും. സിരകൾ മറയും. ഉദകജഠരോക്തലക്ഷണവുമുണ്ടാകും.

ഇനി ഉദരങ്ങളുടെ സാദ്ധ്യാസാദ്ധ്യതകളെ പറഞ്ഞ് അദ്ധ്യായം ഉപസംഹരിക്കുന്നു:—

വാതപിത്തകഫപ്ലീഹസന്നിപാതോദകോദരമ്
കൃച്ഛ്രം യഥോത്തരം പക്ഷാൽ പരം പ്രായോപരേ ഹതഃ
സൎവ്വഞ്ച ജാതസലിലം രിഷ്ടോദകോപദ്രവാന്വിതമ്
ജന്മനൈവോദരം സൎവ്വം പ്രായഃ കൃച്ഛ്രതമം മതമ്
ബലിനസ്തദജാതാംബു യത്നസാദ്ധ്യം നവോത്ഥിതമ്.

സാ—വാതപിത്തകഫപ്ലീഹസന്നിപാതദകോദരങ്ങൾ മേല്പോട്ടു മേല്പോട്ട് അധികമധികം കൃച്ഛ്രങ്ങളാകുന്നു. വാതോദരത്തേക്കാൾ പിത്തോദരവും, പിത്തോദരത്തേക്കാൾ കഫോദരവും, കഫോദരത്തേക്കാൾ പ്ലീഹോദരവും, പ്ലീഹോദരത്തേക്കാൾ സന്നിപാതോദരവും, സന്നിപാതോദരത്തേക്കാൾ ദകോദരവും അധികം കൃച്ഛ്രമാണെന്നർത്ഥം. മറ്റുള്ള രണ്ടുദരങ്ങൾ, അതായത് ബദ്ധച്ഛിദ്രോദരങ്ങൾ പ്രായേണ ഒരു പക്ഷം

കഴിഞ്ഞതിന്നുശേഷം രോഗിയെ ഹനിക്കും. 'പ്രായഃ' എന്നതുകൊണ്ടു ചിലപ്പോൾ ½ പക്ഷം തികയുന്നതിന്നു മുമ്പും ഹനിക്കുമെന്നാണു് സൂചിപ്പിച്ചിരിക്കുന്നതു്. വെള്ളം ഉണ്ടാകയും വികൃതിവിജ്ഞാനീയത്തിൽ പറഞ്ഞ ഉപദ്രവങ്ങളോടുകൂടിയിരിക്കയും ചെയ്താൽ എല്ലാ ഉദരവും രോഗിയെ ഹനിക്കുകതന്നെ ചെയ്യും. ഉദരരോഗമെല്ലാം ജന്മനാതന്നെ പ്രായേണ അധികം കൃച്ഛ്രസാദ്ധ്യമാകുന്നു. എന്നാൽ, രോഗി ബലവാനായിരിക്കുകയും വെള്ളം ഉണ്ടാകാതെയിരിക്കയും നവോത്ഥിതമായിരിക്കയും ചെയ്താൽ അതു പ്രയത്നസാദ്ധ്യമായി ഭവിക്കും. പ്രയത്നപ്പെട്ടു ചികിത്സിച്ചാൽ ശമിച്ചേക്കാമെന്നു സാരം.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ

ഷോഡശോദ്ധ്യായഃ

സമാപ്തഃ.

---

## ത്രയോദശോദ്ധ്യായഃ.

---

ഉദരാനന്തരം പാണ്ഡുരോഗനിർണ്ണയത്തിനായി അദ്ധ്യായം ആരംഭിക്കുന്നു. മാംസാദികളുടെ ഉപഘാതം, ദോഷകോപം എന്നിവ ഉദരത്തിലെന്നപോലെ പാണ്ഡുരോഗത്തിലും ഉള്ളതുകൊണ്ടാണു് പാണ്ഡുവിന്നു് ഉദരാനന്തര്യമെന്നു ധരിക്കേണ്ടതാണു്.

മൂ—അഥാതഃ പാണ്ഡുശോഫവിസർപ്പനിദാനം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതി ഹസ്മാഹുരാത്രേയാദയോ മഹർഷയ.

സാ—ഇനി പാണ്ഡുശോഫവിസർപ്പനിദാനം എന്നു പേരായ അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇപ്രകാരം പറഞ്ഞു. പാണ്ഡുശോഫവിസർപ്പനിദാനം പാണ്ഡുവിന്റെയും ശോഫത്തിന്റെയും വിസർപ്പത്തിന്റെയും നിദാനം.

പിത്തപ്രധാനാഃ കുപിതാ യഥോക്തൈഃ കോപനൈർമ്മലാഃ
തത്രാനിലേന ബലിനാ ക്ഷിപ്തം പിത്തം ഹൃദി സ്ഥിതം
ധമനീർദ്ദശ സമ്പ്രാപ്യ വ്യാപ്നുവത്സകലാം തനും
ശ്ലേഷ്മത്വഗ്രക്തമാംസാനി പ്രദൂഷ്യാന്തരമാശ്രിതം

ത്വങ്മാംസയോസ്സ്ഥൽ കുരുതേ ത്വചി വണ്ണാൻ പൃഥഗ്വിധാൻ
പാണ്ഡുഹാരിദ്രഹരിതാൻ പാണ്ഡുത്വം തേഷു ചാധികം
യതോഽതഃ പാണ്ഡുരിത്യുക്തസ്സ രോഗഃ.....................

സാ—വാതാദികളായ മലങ്ങൾ (ദോഷങ്ങൾ) പിത്താധികങ്ങളായി യഥോക്തകോപകാരണങ്ങളെക്കൊണ്ടു കോപിക്കുന്നു. അപ്പോൾ ഹൃദയത്തിലിരിക്കുന്ന പിത്തത്തെ ബലവാനായ വാതം പുറത്തേക്കു പ്രക്ഷേപിക്കും. ഇങ്ങിനെ വായുക്ഷിപ്തമായ പിത്തം പത്തു ധമനികളേയും പ്രാപിച്ച് ദേഹമാസകലം വ്യാപിക്കുന്നതായിട്ട് കഫം, രക്തം, മാംസം എന്നിവയെ ദൂഷിപ്പിച്ച് ത്വക്കിൻേറയും മാംസത്തിൻേറയും അന്തരത്തെ ആശ്രയിച്ചിട്ട് ത്വക്കിങ്കൽ പലവിധത്തിലുള്ള വണ്ണങ്ങളെ ജനിപ്പിക്കുന്നു. വെളുപ്പ്, മഞ്ഞ, പച്ച എന്നീ വണ്ണങ്ങളെയാണുണ്ടാക്കുക. അവയിൽ വെളുപ്പ് (വിളുപ്പ്) അധികമായിരിക്കയും ചെയ്യും. പാണ്ഡുത്വം (വിളുപ്പ്) അധികമാകനിമിത്തം ഈ രോഗം പാണ്ഡു എന്നു പറയപ്പെടുന്നു.

..........................................തോ ഗൌരവം
ധാതൂനാം സ്യാച്ച ശൈഥില്യമോജസശ്ച ഗുണക്ഷയഃ
തതോല്പരക്തമേദസ്കോ നിസ്സാരഃ സ്യാച്ഛ്ലഥേന്ദ്രിയഃ
മൃദ്യമാനൈരിവാംഗൈർന്നാ ദ്രവതാ ഹൃദയേന ച
ശൂനാക്ഷികൂടവദനഃ കോപനഃ ഷ്ഠീവനോല്പവാക്
അന്നദ്വിട് ശിശിരദ്വേഷീ ശീർണ്ണരോമാ ഹതാനലഃ
സന്നസക്ഥീ ജ്വരീ ശ്വാസീ കർണ്ണക്ഷ്വേളീ ശ്രമീ ഭ്രമീ
സ പഞ്ചധാ പൃഥഗ്ദോഷൈസ്സമസ്തൈർമൃത്തികാദനാൽ.

സാ—ആ പാണ്ഡുരോഗംകൊണ്ട് ശരീരത്തിന്നു ഗൌരവവും ധാതുക്കൾക്കു ശൈഥില്യവും ഓജസ്സിന്നു ഗുണക്ഷയവും ഭവിക്കും. ഓജസ്സിന്നു പറയപ്പെട്ട മന്ദസ്നിഗ്ദ്ധാദികളായ ഗുണങ്ങൾക്കുള്ള ഹാനിയെയാണിവിടെ ഓജസ്സിൻെറ ഗുണക്ഷയമെന്നു പറഞ്ഞത്. ഇങ്ങിനെ ധാതുക്കൾ ശിഥിലങ്ങളാകയും ഓജസ്സ് ശിഥിലഗുണമാകയും ചെയ്താൽ മനുഷ്യൻ രക്തവും മേദസ്സും കുറഞ്ഞവനായും ശക്തിയില്ലാത്തവനായും ശ്ലഥങ്ങളായ (വിഷയഗ്രഹണാശക്തങ്ങളായ) ഇന്ദ്രിയങ്ങളോടുകൂടിയവനായും ഭവിക്കും. അംഗങ്ങൾ മർദ്ദിക്കപ്പെടുന്നതുപോലെയും ഹൃദയം ദ്രവിക്കുന്നതുപോലെയും തോന്നും. അക്ഷികൂടങ്ങൾ (കൺകൂട്ടകൾ)

മുഖം എന്നിവ വീൎത്തിരിക്കും. കോപശീലനായും ക്ഷീണസ്വഭാവനായും അല്പവാക്കായും ഭവിക്കും. അന്നം വേണ്ടെന്നു തോന്നും. തണുപ്പിനെ ഇഷ്ടപ്പെടുകയില്ല. രോമങ്ങൾ കൊഴിഞ്ഞുപോകയും മുഖം നിഷ്പ്രഭമായി ഭവിക്കയും ചെയ്യും. സക്ഥികൾ (തുടകൾ) സന്നങ്ങളായി ഭവിക്കും. ജ്വരശ്വാസങ്ങളും ചെവിയിൽ ശബ്ദവും തളൎച്ചയും തലതിരിച്ചിലുമുണ്ടാകും. ഈ പാണ്ഡുരോഗം അഞ്ചു വിധത്തിൽ ഉണ്ടാകുന്നു. ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, സന്നിപാതംകൊണ്ടൊന്നും, മൃത്തികാദനം (മണ്ണുതീന്)കൊണ്ടൊന്നും എന്നിങ്ങിനെയാണ് അഞ്ചുവിധം.

പ്രാഗ്രൂപമസ്യ ഹൃദയസ്പന്ദനം രൂക്ഷതാ ത്വചി
അരുചിഃ പീതമൂത്രത്വം സ്വേദാഭാവോല്പവഹ്നിതാ
സാദഃ ശ്രമോനിലാത്തത്ര ഗാത്രരുക്തോദകമ്പനം
കൃഷ്ണരൂക്ഷാരുണസിരാനഖവിണ്മൂത്രനേത്രതാ
ശോഫാനാഹാസ്യവൈരസ്യവിട്ശോഷാഃ പാൎശ്വമൂൎദ്ധരുക്
പിത്താദ്ധരിതപീതാഭസിരാദിത്വം ജ്വരസ്തമഃ
തൃട്സ്വേദമൂൎച്ഛാ ശീതേച്ഛാ ദൗൎഗ്ഗന്ധ്യം കടുവക്ത്രതാ
വൎച്ചോഭേദോമ്ലകോ ദാഹഃ കഫാച്ശുക്ലസിരാദിതാ
തന്ദ്രാ ലവണവക്ത്രത്വം രോമഹൎഷഃ സ്വരക്ഷയഃ
കാസഃ ഛൎദ്ദിശ്ച നിചയാന്മിശ്രലിങ്ഗോതിദുസ്സഹഃ.

സാ—ഹൃദയസ്പന്ദനം, ത്വക്കിങ്കൽ രൂക്ഷത, അരുചി, മൂത്രത്തിനു മഞ്ഞളിപ്പ്, വിയൎപ്പില്ലായ്മ, അഗ്നിമാന്ദ്യം, സാദം, ശ്രമം എന്നിവ എല്ലാ പാണ്ഡുരോഗങ്ങൾക്കുമുള്ള പൂൎവ്വരൂപമാകുന്നു. അവയിൽവെച്ച് വാതം ഹേതുവായിട്ടുള്ള പാണ്ഡുരോഗത്തിൽ ദേഹത്തിനു വേദനയും കുത്തിനോവും വിറയലുമുണ്ടാകും. ഞരമ്പുകൾ- നഖം- പുരീഷം- മൂത്രം-നേത്രം എന്നിവ കൃഷ്ണവൎണ്ണത്തോടും രൂക്ഷതയോടും അരുണവൎണ്ണത്തോടുംകൂടിയവയായിരിക്കും. ശോഫം- ആനാഹം- ആസ്യവൈരസ്യം—മലത്തിനു വരൾച്ച- പാൎശ്വങ്ങളിലും മൂൎദ്ധാവിങ്കലും വേദന എന്നിവയും ഉണ്ടായിരിക്കും. പിത്തം ഹേതുവായിട്ടുള്ള പാണ്ഡുരോഗത്തിൽ ഞരമ്പുകൾ, നഖം മുതലായവ പച്ചനിറമായോ മഞ്ഞനിറമായോ ഭവിക്കും. പനിയും കണ്ണുകൾക്ക് ഇരുളടയ്ക്കലും വെള്ളം ദാഹം-

വിയൎപ്പ്- മോഹാലസ്യം എന്നിവയും ഉണ്ടാകും. ശീതത്തിൽ ഇച്ഛയും ദൌൎഗ്ഗന്ധ്യവും വായക്ക് മധുരരസവും ഉണ്ടാകും. മലം ഭേദിക്കുക-പുളിച്ചു തേട്ടുക-ചുട്ടുനീറുക എന്നിവയും ഭവിക്കും. കഫംകൊണ്ടുള്ള പാണ്ഡുരോഗത്തിലാകട്ടേ ഞരമ്പ് മുതലായവ വെളുത്തിരിക്കും. മടി തോന്നുകയും വായക്ക് ഉപ്പുരസമുണ്ടാകയും രോമങ്ങൾ എഴുന്നു പിടിക്കുകയും ഒച്ച അടങ്ങുകയും ചെയ്യും. ചുമ, ഛൎദ്ദി എന്നിവയും ഉണ്ടാകും. ഇവയാണ് ദോഷങ്ങളെക്കൊണ്ടു വെവ്വേറെയുള്ള പാണ്ഡുരോഗങ്ങളുടെ ലക്ഷണങ്ങൾ. നിചയം (=സന്നിപാതം) ഹേതുവായിട്ടുള്ള പാണ്ഡുരോഗത്തിങ്കൽ മേൽപ്പറഞ്ഞ ലക്ഷണങ്ങൾ മിശ്രങ്ങളായിരിക്കും. സന്നിപാതജമായ പാണ്ഡുരോഗം ഏററവും ദുസ്സഹമാകുന്നു.

ഇനി മൃത്തികാഭക്ഷണംകൊണ്ടുള്ള പാണ്ഡുരോഗത്തെപ്പറയുന്നു:—

മൃൽ കഷായാനിലം പിത്തമൂഷരാ മധുരാ കഫം
ദൂഷയിത്വാ രസാദീംശ്ച രൌക്ഷ്യാൽ ഭുക്തം വിരൂക്ഷ്യ ച
സ്രോതാംസ്യപക്വൈവാപൂൎയ്യ കുൎയ്യാദ്രുദ്ധ്വാ ച പൂൎവ്വവൽ
പാണ്ഡുരോഗം തതഃ ശൂനനാഭിപാദാസ്യമേഹനഃ
പുരീഷം കൃമിവന്മുഞ്ചേൽ ഭിന്നം സാസൃക്കഫം നരഃ.

സാ—മൃൽഭക്ഷണംകൊണ്ടുള്ള പാണ്ഡുരോഗത്തിൽ, തിന്നുന്ന മണ്ണിന്റെ തരഭേദമനുസരിച്ച് ദോഷകോപത്തിങ്കൽ വ്യത്യാസം വരും. ചവൎപ്പുരസമായിട്ടുള്ള മണ്ണ് വാതത്തേയും ഊഷരമായ മണ്ണ് പിത്തത്തേയും, മധുരരസമായിട്ടുള്ള മണ്ണ് കഫത്തേയും അതുപോലെതന്നെ രസാദി ധാതുക്കളേയും ദുഷിപ്പിക്കുകയും, അപക്വമായിട്ടുതന്നെ സ്രോതസ്സുകളെ പൂരിപ്പിക്കുകയും സ്രോതോരോധം വരുത്തുകയും ചെയ്തിട്ട് മുമ്പത്തെപ്പോലെ പാണ്ഡുരോഗത്തെ ചെയ്യും. മുമ്പത്തെപ്പോലെ എന്നതുകൊണ്ട് സംപ്രാപ്തിയും ലക്ഷണങ്ങളും മുമ്പു പറഞ്ഞവതന്നെയാണിതിനുമെന്നു ഗ്രഹിക്കണം. മൃത്തികാദനജനിതമായ ഈ പാണ്ഡുരോഗമുണ്ടായാൽ രോഗി, നാഭിപാദമുഖലിംഗങ്ങളിൽ വീക്കമുള്ളവനായി ഭവിക്കും. മലവിസൎജ്ജനം ചെയ്യുന്നതു കൃമികളോടു കൂടിയതായും എളകിയതായും രക്തത്തോടും കഫത്തോടും സമ്മിശ്രമായും ഭവിക്കും. ഇങ്ങിനെ പാണ്ഡുരോഗം പറയപ്പെട്ടു. ഇനി ഇതിന്റെ അംഗമായ കാമിലയെ വിവരിക്കുന്നു.

യഃ പാണ്ഡുരോഗീ സേവേത പിത്തളം തസ്യ കാമിലാം
കോഷ്ഠശാഖാശ്രയം പിത്തം ദഗ്ദ്ധ്വാസൃങ്മാംസമാവഹേൽ
ഹാരിദ്രനേത്രമൂത്രത്വങ്നഖവക്ത്രശകൃത്തയാ
ദാഹാവിപാകതൃഷ്ണാവാൻ ഭേകാഭോ ദുൎബ്ബലേന്ദ്രിയഃ
ഭവേൽ പിത്തോൾബണസ്യാസൗ പാണ്ഡുരോഗാദൃതേപി ച.

സാ—പാണ്ഡുരോഗിയായ യാവനൊരുത്തൻ പിത്തവൃദ്ധികരമായ ആഹാരാദിയെ സേവിക്കുന്നുവോ അവന്ന് പിത്തം രക്തമാംസങ്ങളെ ദഹിപ്പിച്ചിട്ട് കാമിലയെ ഉണ്ടാക്കും. പിത്തം എവിടെ ആശ്രയിച്ചിട്ടാണ് ഈ രോഗത്തെ ഉണ്ടാക്കുന്നതെന്നു പറയുന്നു. കോഷ്ഠേതി—പിത്തം കോഷ്ഠത്തേയും ശാഖകളേയും (കൈകാലുകളേയും) ആശ്രയിച്ചിട്ടാണ് കാമിലയെ ഉണ്ടാക്കുന്നത്. കാമിലക്ക് കോഷ്ഠം, ശാഖകൾ എന്നിങ്ങിനെ രണ്ടു മാൎഗ്ഗങ്ങളുണ്ടെന്നു സാരം. ഈ രോഗമുണ്ടായാൽ, രോഗി മഞ്ഞവൎണ്ണമായ നേത്രവക്ത്രത്വക്കുകളോടും നഖവക്ത്രമലങ്ങളോടുംകൂടിയവനായിരിക്കും. ചുട്ടുനീറൽ, ദഹനമില്ലായ്മ, തൃഷ്ണ എന്നിവയുള്ളവനായും ഭേകത്തിൻെറ (=തവളയുടെ) പ്രഭപോലെയുള്ള ദേഹപ്രഭയോടുകൂടിയവനായും ബലഹീനങ്ങളായ ഇന്ദ്രിയങ്ങളോടുകൂടിയവനായും ഭവിക്കും. ഈ കാമില എന്ന രോഗം, പിത്താധിക്യമുള്ളവന്ന് പാണ്ഡുരോഗമില്ലാതേയും ഉണ്ടാകും.

ഉപേക്ഷയാ ച ശോഫാഢ്യാ സാ കൃച്ഛ്രാ കുംഭകാമിലാ.

സാ—കാമിലക്കു ചികിത്സ വഴിപോലെ ചെയ്യാതെ ഉപേക്ഷിച്ചാൽ നീരുവന്നു ചീൎത്ത് കുംഭകാമിലയായിത്തീരും; അതു കൃച്ഛ്രസാദ്ധ്യമാകുന്നു.

ഹരിതശ്യാവപീതത്വം പാണ്ഡുരോഗേ യദാ ഭവേൽ
വാതപിത്താൽ ഭ്രമസ്തൃഷ്ണാ സ്ത്രീഷ്വഹൎഷോ മൃദുജ്വരഃ
തന്ദ്രാ ബലാനലഭ്രംശോ ലോഢരം തം ഹലീമകം
അലസഞ്ചേതി ശംസന്തി ... ... ... ...

സാ—പാണ്ഡുരോഗത്തിൽ വാതപിത്താധിക്യം ഹേതുവായിട്ട് യാതൊരിക്കൽ ശരീരത്തിന്നും മറ്റും പച്ച, കരുവാളിപ്പ്, മഞ്ഞ എന്നീ നിറങ്ങൾ ഭവിക്കുകയും തലതിരിച്ചൽ-തണ്ണീർദാഹം-സ്ത്രീവിഷയത്തിൽ ലിംഗം ഹൎഷിക്കായ്മ-നേരിയ പനി എന്നിവയും മടിയും ബലഹാനി

യും അഗ്നിമാന്ദ്യവും ഭവിക്കയും ചെയ്യുമോ അപ്പോൾ ആ രോഗത്തെ ശോഫോദരമെന്നും ഹലീമകമെന്നും അലസമെന്നും പറയുന്നു.

... ... ... ... ... തേഷാം പൂർവ്വമുപദ്രവാഃ
ശോഫപ്രധാനാഃ കഥിതാസ്സ ഏവാതോ നിഗദ്യതേ.

സാ—അവസ്ഥയുള്ള ഉപദ്രവങ്ങൾ ശോഫം മുതലായവയാണെന്നു മുമ്പു പറയപ്പെട്ടിട്ടുണ്ട്. ഇവിടെ 'അവ' എന്നതുകൊണ്ട് പ്രധാന പാണ്ഡുരോഗങ്ങൾ എന്നു ഗ്രഹിക്കണം. "പാണ്ഡുരോഗഃ ശയഥുമാൻ" ഇത്യാദി ഗ്രന്ഥംകൊണ്ട് വികൃതിവിജ്ഞാനീയത്തിൽ ശോഫാദ്യുപദ്രവങ്ങളെ പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാകുന്നു. ശോഫപ്രധാനോപദ്രവത്വമെന്ന കാരണത്താൽ ഇനി ശോഫംതന്നെ പറയപ്പെടുന്നു.

പിത്തരക്തകഫാൻ വായുർദുഷ്ടോ ദുഷ്ടാൻ ബഹിസ്സിരാഃ
നീത്വാ രുദ്ധഗതിസ്തൈർഹി കുർയ്യാൽ ത്വങ്മാംസസംശ്രയമ്
ഉത്സേധം സംഹതം ശോഫം തമാഹുർന്നിചയാദതഃ
സർവ്വം ... ... ... ... ... ... ... ...

സാ—വാതം ദുഷിച്ചിട്ട്, ദുഷിച്ചിരിക്കുന്ന പിത്തരക്തകഫങ്ങളെ പുറമേയുള്ള സിരകളിലേക്കു നയിച്ചിട്ട്, അവയാൽതന്നെ (ആ പിത്തരക്തകഫങ്ങളാൽതന്നെ) രുദ്ധഗതിയായിച്ചമഞ്ഞ് ത്വക്കിനേയും മാംസത്തേയും ആശ്രയിച്ചുവശായിട്ട് ഉത്സേധാത്മകവും സംഹതവും ആയ ശോഫത്തെ (=നീരിനെ) ഉണ്ടാക്കുന്നു. ഈ കാരണത്താൽ എല്ലാ ശോഫവും നിചയം (=സന്നിപാതം) ഹേതുവായിട്ടുള്ളതാണെന്ന് ആചാര്യന്മാർ പറയുന്നു.

... ... ഹേതുവിശേഷൈസ്തു രൂപഭേദാന്നവാത്മകമ്
ദോഷൈഃ പൃഥഗ്ദ്വയൈസ്സർവ്വൈരഭിഘാതാദ്വിഷാദപി
ദ്വിധാ വാ നിജമാഗന്തും സർവ്വാംഗൈകാംഗജഞ്ച തം
പൃഥൂന്നതഗ്രഥിതതാവിശേഷൈശ്ച ത്രിധാ വിദുഃ.

സാ—മേൽപ്രകാരമാണെങ്കിലും ശോഫത്തിന്നു ഹേതുവിശേഷവശാൽ രൂപഭേദമുള്ളതുകൊണ്ട് അത് ഒമ്പതു പ്രകാരത്തിലാകുന്നു. പൃഥഗ്ദോഷങ്ങളെക്കൊണ്ടു മൂന്നും ഈരണ്ടു ദോഷങ്ങളുടെ സംസർഗ്ഗംകൊണ്ടു മൂന്നും സന്നിപാതംകൊണ്ടൊന്നും അഭിഘാതംകൊണ്ടൊന്നും വി

ഷം കൊണ്ടൊന്നും ഇങ്ങിനെയാണ് ഒമ്പതു വിധം. അഥവാ നിജം-ആഗന്തു എന്നും, സർവ്വാംഗജം-ഏകാംഗജം എന്നും ഈരണ്ടു വിധത്തിലായിട്ടും ശോഫത്തെ പറയാവുന്നതാണ്. മറ്റൊരുപ്രകാരം നോക്കിയാൽ ശോഫം മൂന്നു വിധമെന്നും പറയാമെന്നു കാണിക്കുന്നു. പൃഥ്വിതി—പൃഥു-ഉന്നതം-ഗ്രഥിതം എന്നിങ്ങിനെ ശോഫം മൂന്നു വിധത്തിലുമാകുന്നു. പൃഥു=പരന്നത്. ഉന്നതം=പൊങ്ങിയത്, മുഴച്ചത്, ഗ്രഥിതം—കെട്ടിച്ചത്.

സാമാന്യഹേതുശ്ശോഫാനാം ദോഷജാനാം വിശേഷതഃ
വ്യാധികർമ്മോപവാസാദിക്ഷീണസ്യ ഭജതോ ദ്രുതമ്
അതിമാത്രമഥാന്യസ്യ ഗുർവ്വമ്ലസ്നിഗ്ദ്ധശീതളം
ലവണക്ഷാരതീക്ഷ്ണോഷ്ണശാകാംബുസ്വപ്നജാഗരം
മൃദ്ഗ്രാമ്യമാംസവല്ലൂരമജീർണ്ണശ്രമമൈഥുനമ്
പദാതേർമ്മാർഗ്ഗഗമനം യാനേന ക്ഷോഭിണാപി വാ
ശ്വാസകാസാതിസാരാർശോജഠരപ്രദരജ്വരാഃ
വിഷൂച്യലസകച്ഛർദ്ദിഗർഭവീസർപ്പപാണ്ഡവഃ
അന്യേ ച മിത്ഥ്യോപക്രാന്താസ്തൈർദ്ദോഷാ വക്ഷസി സ്ഥിതാഃ
ഊർദ്ധ്വം ശോഫമധോവസ്ഥാ മദ്ധ്യേ കുർവ്വന്തി മദ്ധ്യഗാഃ
സർവ്വാംഗഗാസ്സർവ്വഗതം പ്രത്യംഗേഷു തദാശ്രയാഃ
തൽപൂർവ്വരൂപം ദവഥുസ്സിരായാമോംഗഗൗരവമ്.

സാ—ദോഷജങ്ങളായ ശോഫങ്ങൾക്കു ദോഷകോപത്തിന്നു സാമാന്യമായി സർവ്വരോഗനിദാനത്തിൽ പറയപ്പെട്ട ഹേതുതന്നെ ഹേതു. വിശേഷിച്ച് വ്യാധികളെക്കൊണ്ടോ വമനാദി കർമ്മങ്ങളെക്കൊണ്ടോ ഉപവാസാദികളെക്കൊണ്ടോ ക്ഷീണിച്ചിരിക്കുന്നവൻ പെട്ടന്നു ഗുർവ്വമ്ലസ്നിഗ്ദ്ധശീതളമായ ആഹാരാദിയെ ശീലിക്കുന്നതും, വ്യാധ്യാദി ക്ഷീണനല്ലാത്തവനായിരുന്നാലും ഗുർവ്വമ്ലസ്നിഗ്ദ്ധശീതളമായതിനെ മാത്രയിൽ കവിഞ്ഞ് സേവിക്കുന്നതും ശോഫത്തിന്റെ ഹേതുവാകുന്നു. ലവണക്ഷാരതീക്ഷ്ണോഷ്ണങ്ങളായ ദ്രവ്യങ്ങളേയും ശാകജലത്തേയും അകാലത്തിങ്കൽ സ്വപ്നജാഗരണങ്ങളേയും സേവിക്കുന്നതും, മൃത്തിക-ഗ്രാമ്യമാംസം-വല്ലൂരം (ഉണക്കമാംസം) എന്നിവയെ സേവിക്കുന്നതും, അജീർണ്ണമുള്ളപ്പോൾ അദ്ധ്വഗമനാദി ശ്രമത്തേയും മൈഥുനത്തേയും ചെയ്യുന്നതും, കാൽനടയായോ ഇളക്കമുള്ള വാഹനത്തിലേറിയോ മാർഗ്ഗഗമനം ചെ

ക്കുന്നതും ശോഫത്തിന്നുള്ള ഹേതുവാകുന്നു. ശ്വാസം, കാസം, അതിസാരം, അർശ്ശസ്സ്, ഉദരം, പ്രദരം (അസൃഗ്ദരം), ജ്വരം, വിഷൂചിക, അലസകം, ഛർദ്ദി, ഗർഭം, വിസർപ്പം, പാണ്ഡു എന്നിവയും ഇതുപോലെയുള്ള അന്യരോഗങ്ങളും അപകടമായി ചികിത്സിപ്പിക്കപ്പെട്ടാൽ അതും ശോഫകാരണമാകുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ശോഫങ്ങൾ ദുഷിച്ച് വക്ഷസ്സിൽ സ്ഥിതി ചെയ്താൽ ഊർദ്ധ്വകായത്തിലും, വസ്തിയിലായാൽ അധഃകായത്തിലും മദ്ധ്യഗതങ്ങളായാൽ മദ്ധ്യകായത്തിലും സർവ്വാംഗഗതങ്ങളായാൽ സർവ്വാംഗങ്ങളിലും പ്രത്യംഗഗതങ്ങളായാൽ പ്രത്യംഗങ്ങളിലും ശോഫത്തെ ജനിപ്പിക്കും. ഈ ശോഫത്തിന്റെ പൂർവ്വരൂപം ദവഥു(—ചക്ഷുരാദീന്ദ്രിയങ്ങളിൽ ചുട്ടുനീറൽ)വും സിരകൾക്ക് ആയാമവും അംഗങ്ങൾക്കു കനവും ആകുന്നു.

ഇനി ഒമ്പതു ശോഫങ്ങളുടേയും ലക്ഷണങ്ങളെപ്പറയുന്നു:—

വാതാച്ഛോഫശ്ചലോ രൂക്ഷഃ ഖരരോമാരുണാസിതഃ
സംകോചസ്പന്ദഹർഷാർത്തിതോദഭേദപ്രസുപ്തിമാൻ
ക്ഷിപ്രോത്ഥാനശമഃ ശീഘ്രമുന്നമേൽ പീഡിതസ്തനുഃ
സ്നിഗ്ദ്ധോഷ്ണമർദ്ദനൈശ്ശാമ്യേദ്രാത്രാവല്പോ ദിവാ മഹാൻ
ത്വക്ച സർഷപലിപ്തേവ തസ്മിംശ്ചിമിചിമായതേ
പീതരക്താസിതാഭാസഃ പിത്താദാതാമ്രരോമകൃൽ
ശീഘ്രാനുസാരപ്രശമോ മദ്ധ്യേ പ്രാഗ് ജായതേ തനോഃ
സതൃൾദാഹജ്വരസ്വേദദവക്ലേദമദഭ്രമഃ
ശീതാഭിലാഷീ വിഡ്ഭേദീ ഗന്ധീ സ്പർശാസഹോ മൃദുഃ
കണ്ഡൂമാൻ പാണ്ഡുരോമത്വക്കഠിനശ്ശീതളോ ഗുരുഃ
സ്നിഗ്ദ്ധഃ ശ്ലക്ഷ്ണഃ സ്ഥിരഃ സ്ത്യാനോ നിദ്രാച്ഛർദ്ദ്യഗ്നിസാദകൃൽ
ആക്രാന്തോ നോന്നമേൽ കൃച്ഛ്രശമജന്മാ നിശാബലഃ
സ്രവേന്നാസൃക് ചിരാൽ പിച്ഛാം കുശശസ്ത്രാദിവിക്ഷതഃ
സ്പർശോഷ്ണകാംക്ഷീ ച കഫാദ്യഥാസ്വം ദ്വന്ദ്വജാസ്ത്രയഃ
സങ്കരാദ്ധേതുലിംഗാനാം നിചയാന്നിചയാത്മകഃ
അഭിഘാതേന ശസ്ത്രാദിച്ഛേദഭേദക്ഷതാദിഭിഃ
ഹിമാനിലോദധ്യനിലൈർഭല്ലാതകപികച്ഛുജൈഃ
രസൈശ്ശൂകൈശ്ച സംസ്പർശാച്ഛ്വയഥുഃ സ്യാദ്വിസർപ്പവാൻ
ഭൃശോഷ്മാ ലോഹിതാഭാസഃ പ്രായശഃ പിത്തലക്ഷണഃ.

സാ—വാതം ഹേതുവായിട്ടുള്ള ശോഫം ചല (ഏളുകുന്നതു)മായും രൂക്ഷമായും ഭവിക്കും. ശോഫമുള്ള സ്ഥാനത്തെ രോമങ്ങൾ ഖരങ്ങളായിരിക്കും. അരുണകൃഷ്ണവർണ്ണമായുമിരിക്കും. ഇതിന്റെ ഉൽപത്തിയും ശമവും വേഗത്തിൽ കഴിയും. വേഗത്തിൽ ഉന്നമിക്കും. കൈകൊണ്ടമത്താൽ തനു (കനം കുറഞ്ഞതു) ആയിരിക്കും. സ്നിഗ്ദ്ധോഷ്ണമർദ്ദനങ്ങളെക്കൊണ്ടു ശമിക്കും. രാത്രിയിൽ അല്പവും പകൽ മഹത്തുമായിരിക്കും. ഈ വാതശോഫത്തിൽ ത്വക്ക് കടുകരച്ചു തേച്ചാലെന്നപോലെ നീറുകയും ചെയ്യും. ഇവയാണ് വാതശോഫലക്ഷണങ്ങൾ. പിത്തം ഹേതുവായിട്ടുള്ള ശോഫം പീതരക്തകൃഷ്ണവർണ്ണമായിരിക്കും. രോമങ്ങളെ തെല്ലൊന്നു ചെമ്പിച്ചവയാക്കിച്ചെയ്യും. വേഗത്തിൽ അനുസാരത്തോടും (വ്യാപ്തിയോടും) പ്രശമത്തോടും കൂടിയതായിരിക്കും. ആദ്യമായിട്ടിതു ദേഹത്തിന്റെ മദ്ധ്യത്തിലാണുണ്ടാവുക. തൃഷ്ണ, ദാഹം, ജ്വരം, സ്വേദം, ദവം, (ദവഥു), ക്ലേദം, മദം, ഭ്രമം എന്നിവയോടുകൂടിയതായിരിക്കും. തണുപ്പിനെ ഇഷ്ടപ്പെടുന്നതും മലഭേദമുള്ളതും ദുർഗ്ഗന്ധമുള്ളതും സ്പർശാസഹവും മൃദുവുമായിരിക്കയും ചെയ്യും. ഇവയാണ് പിത്തശോഫലക്ഷണങ്ങൾ. കഫം ഹേതുവായിട്ടുള്ള ശോഫം ചൊറിച്ചിലോടുകൂടിയതായിരിക്കും. പാണ്ഡുവർണ്ണമായ രോമത്തോടും ത്വക്കിനോടും കൂടിയിരിക്കും. തൊട്ടാൽ കഠിനമായും തണുപ്പുള്ളതായും കനമുള്ളതായുമിരിക്കും. സ്നിഗ്ദ്ധവും ശ്ലക്ഷ്ണവും സ്ഥിരവും സ്ത്യാനവും (കട്ടപിടിച്ചതും) ആയിരിക്കും. നിദ്രയേയും ഛർദ്ദിയേയും അതിസാരത്തെയും ഉണ്ടാക്കും. ആക്രാന്തം (=കൈകൊണ്ടു പീഡിതം) ആയാൽ പൊങ്ങുകയില്ല. ഉണ്ടാകുന്നതും ശമിക്കുന്നതും കൃച്ഛ്രമായിട്ടായിരിക്കും. രാത്രിയിൽ രോഗത്തിനു ബലം അധികമാകും. കുശം (ദർഭാഗ്രം), ശസ്ത്രം മുതലായവയെക്കൊണ്ടു മുറിയപ്പെട്ടാൽ രക്തത്തെ ഒലിപ്പിക്കയില്ല. വളരെ നേരം കഴിഞ്ഞാൽ കൊഴുത്ത ഒരു വെള്ളം മാത്രം തുറിക്കുകയേ ഉള്ളൂ. സ്പർശത്തിങ്കലും ഉഷ്ണത്തിങ്കലും കാംക്ഷയുണ്ടാകയും ചെയ്യും. ഇവയാണ് കഫശോഫലക്ഷണങ്ങൾ. ദ്വന്ദ്വജങ്ങൾ (ഈരണ്ടു ദോഷങ്ങളുടെ സംസർഗ്ഗത്താലുള്ളവ) ആയ മൂന്നു തരങ്ങളിലും മേല്പറഞ്ഞ ലക്ഷണങ്ങൾതന്നെ സംസൃഷ്ടങ്ങളായിരിക്കും. നിചയം (സന്നിപാതം)കൊണ്ടുള്ള ശോഫം സർവ്വലക്ഷണങ്ങളുമുള്ളതായും ഭവിക്കും. ഇങ്ങിനെ ദോഷജങ്ങളായ ഏഴ് ശോഫങ്ങൾ പറയപ്പെട്ടു. അനന്തരം അഭിഘാതജമായ ശോഫത്തെ പറയുന്നു. അഭിഘാതേനേതി—ശസ്ത്രാ

ദികളെക്കൊണ്ടുള്ള ഛേദനം, ഭേദനം, ക്ഷതം മുതലായവയാലും ഹിമാനിലാഗ്നിവാതങ്ങളാലും ഭല്ലാതം (ചേര്) കപികച്ഛു (നായ്ക്കുരണ) എന്നിവയിൽനിന്നുണ്ടായ രസങ്ങളോടോ ശൂകങ്ങളോടോ ഉള്ള സംസ്പർശത്താലും യാതൊരു ശോഫം ഭവിക്കുന്നുവോ അതു അഭിഘാതംകൊണ്ടുള്ള ശോഫമാകുന്നു. അതു വിസർപ്പത്തോടു കൂടിയതായും വലിയ ചൂടുള്ളതായും രക്തവർണ്ണമുള്ളതായും പ്രായേണ പിത്തശോഫലക്ഷണങ്ങളോടു കൂടിയതായുമിരിക്കയും ചെയ്യും.

അനന്തരം വിഷശോഫത്തെ പറയുന്നു:—

വിഷജസ്സവിഷപ്രാണിപരിസർപ്പണമൂത്രണാൽ
ദംഷ്ട്രാദന്തനഖാപാതാദവിഷപ്രാണിനാമപി
വിൺമൂത്രശുക്ലോപഹതമലവദ്വസ്ത്രസംകരാൽ
വിഷവൃക്ഷാനിലസ്പർശാദ് ഗരയോഗാവചൂർണ്ണനാൽ
മൃദുശ്ചലോവലംബീ ച ശീഘ്രോദാഹരുജാകരഃ
നവോനുപദ്രവശ്ശോഫസ്സാദ്ധ്യോസാദ്ധ്യഃ പുരേരിതഃ.

സാ—വിഷമുള്ള പ്രാണികൾ (സർപ്പാദികൾ) ദേഹത്തിൽക്കൂടെ അരിച്ചുപോവുക, മൂത്രം വീഴ്ത്തുക എന്നിവകൊണ്ടുണ്ടാകുന്ന ശോഫം വിഷജമാകുന്നു. വിഷമില്ലാത്ത പ്രാണികളുടെയായാലും ദംഷ്ട്ര-ദന്തം-നഖം ഇവ ഏററാൽ ഈ വിഷജശോഫം ഉണ്ടാകും. ദംഷ്ട്ര സൂകരാദികളുടേയും ദന്തനഖങ്ങൾ മനുഷ്യാദികളുടേയും എന്ന് ഗ്രഹിക്കണം. മലം, മൂത്രം, ശുക്ലം എന്നിവകൊണ്ടു ദുഷിച്ചതും മലമുള്ളതുമായ വസ്ത്രത്തിൻെറ സങ്കരംകൊണ്ടും വിഷവൃക്ഷക്കാറേറല്ക്കുന്നതുകൊണ്ടും ഗരയോഗപ്പൊടിയേൽക്കുന്നതുകൊണ്ടും (ഗരയോഗം=കൂട്ടുവിഷം ഇത് മുകളിൽ പറയപ്പെട്ടു) ഈ ശോഫം ഉണ്ടാകും. ഇത് മൃദുവും ചഞ്ചലവും അവലംബിയുമായിരിക്കും. അവലംബി=തൂങ്ങുന്നതു്. വേഗത്തിൽ ദാഹം-വേദന എന്നിവയെ ഉണ്ടാക്കുകയും ചെയ്യും. ഇനി ശോഫത്തിൻെറ സാദ്ധ്യലക്ഷണം പറയുന്നു. നവ ഇതി—നവം (പഴകാത്തതു) ആയും ഉപദ്രവങ്ങൾ കുറഞ്ഞതായുമുള്ള ശോഫം സാദ്ധ്യമാകുന്നു. അസാദ്ധ്യശോഫമാകട്ടെ മുമ്പ് വികൃതവ്യാധിവിജ്ഞാനീയത്തിൽ "അനേകോപദ്രവയുതഃ" ഇത്യാദി ഗ്രന്ഥംകൊണ്ടു പറയപ്പെട്ടിട്ടുണ്ട്.

അനന്തരം വിസർപ്പത്തെ പറയുന്നു:—

സ്യാദ്വിസർപ്പോഭിഘാതാന്തൈർദ്ദോഷൈർദ്ദൂഷ്യൈശ്ച ശോഫവൽ
ത്ര്യധിഷ്ഠാനഞ്ച തം പ്രാഹുർബ്ബാഹ്യാന്തരുഭയാശ്രയാൽ

യഥോത്തരഞ്ച ദുസ്സാധ്യാസ്തത്ര ദോഷാ യഥായഥമ്
പ്രകോപണൈഃ പ്രകുപിതാ വിശേഷേണ വിദാഹിഭിഃ
ദേഹേ ശീഘ്രം വിസൎപ്പന്തി തേന്തരന്തഃസ്ഥിതാ ബഹിഃ
ബഹിസ്ഥാ ദ്വിതയേ ദ്വിസ്ഥാഃ ... ... ... ...

സാ—ശോഫത്തിങ്കൽ പറയപ്പെട്ടതുപോലെതന്നെ അഭിഘാതം വരെയുള്ള ദോഷങ്ങളെക്കൊണ്ടും ദൂഷ്യങ്ങളെക്കൊണ്ടുമാണ് വിസൎപ്പം ഉണ്ടാവുക. വാതപിത്തകഫങ്ങളെക്കൊണ്ടു മൂന്നും സംസൎഗ്ഗംകൊണ്ടു മൂന്നും സന്നിപാതംകൊണ്ടൊന്നും അഭിഘാതംകൊണ്ടൊന്നും എന്നിങ്ങിനെ എട്ടുവിധം വിസൎപ്പങ്ങളുണ്ടാകുമെന്നൎത്ഥം. ഇത് ബാഹ്യാശ്രയം, അന്തരാശ്രയം, ഉഭയാശ്രയം എന്നിങ്ങിനെ മൂന്നു വിധസ്ഥാനങ്ങളെ ആശ്രയിച്ചുണ്ടാകുന്നതാണെന്നു മുനിമാർ പറയുന്നു. അവ മേൽക്കുമേൽ ദുസ്സാധ്യങ്ങളുമാകുന്നു. ബാഹ്യാശ്രയത്തേക്കാൾ അന്തരാശ്രയവും അന്തരാശ്രയത്തേക്കാൾ ഉഭയാശ്രയവും അധികം ദുസ്സാധ്യമെന്നൎത്ഥം. ഇനി ഇവയുടെ സംപ്രാപ്തി പറയുന്നു. തത്രേതി—ആ വിസൎപ്പങ്ങളിൽ ദോഷങ്ങൾ അതാതിനുള്ള പ്രകോപനങ്ങളെക്കൊണ്ടും, വിശേഷിച്ചും വിദാഹികളായ വസ്തുക്കളെക്കൊണ്ടും പ്രകൎഷേണ കുപിതങ്ങളായിട്ട് ദേഹത്തിങ്കൽ വേഗേന വിസൎപ്പിക്കുന്നു (വ്യാപിക്കുന്നു; പരക്കുന്നു) ദോഷങ്ങൾ അന്തഃസ്ഥിതങ്ങളായാൽ അന്തൎഭാഗത്തിലും, ബഹിഃസ്ഥിതങ്ങളായാൽ ബഹിൎഭാഗത്തിലും, ബഹിരന്തഃസ്ഥിതങ്ങളായാൽ ബാഹ്യാഭ്യന്തരോഭയഭാഗങ്ങളിലും വിസൎപ്പത്തെ ഉണ്ടാക്കുന്നു.

ഇനി, അന്തൎബ്ബഹിരാശ്രയങ്ങളുടെ ഭേദമറിവാനുള്ള ലക്ഷണം പറയുന്നു:—

... ... ... ... വിദ്യാത്തത്രാന്തരാശ്രയമ്
മൎമ്മോപഘാതാത്സമ്മോഹാദയനാനാം വിഘട്ടനാൽ
തൃഷ്ണാതിയോഗാദ്വേഗാനാം വിഷമഞ്ച പ്രവൎത്തനാൽ
* ആശുചാഗ്നിബലഭ്രംശാദതോ ബാഹ്യം വിപൎയ്യയാൽ.

സാ—അവയിൽവെച്ച് അന്തരാശ്രയമായ വിസൎപ്പത്തെ മൎമ്മങ്ങളുടെ (ഹൃദയാദികളുടെ) ഉപതാപം, സമ്മോഹം, അയനങ്ങളുടെ

---

* "ആശു ചാഗ്നിബലഭ്രംശാദ്ബാഹ്യമേഷാമസംഭവാൽ" എന്നു പാഠാന്തരം.

(സ്രോതസ്സുകളുടെ) വിഘട്ടനം, അതിയായ തൃഷ്ണ, വാതാദിവേഗങ്ങളുടെ വിഷമപ്രവൃത്തി, അഗ്നിക്കും ബലത്തിന്നും പെട്ടന്നു ഹാനി, എന്നീ ലക്ഷണങ്ങളെക്കൊണ്ടറിയണം. ഇവയിൽനിന്നു വിപരീതമായ ലക്ഷണങ്ങളെക്കൊണ്ടു ബഹിരാശ്രയവിസർപ്പത്തേയും അറിയണം.

ഇനി വാതാദിക്രമേണ വിസർപ്പങ്ങളെ വിവരിക്കുന്നു:—

തത്ര വാതാൽ പരീസർപ്പോ വാതജ്വരസമവ്യഥഃ
ശോഫസ്ഫുരണനിസ്തോദഭേദായാമാർത്തിഹർഷവാൻ
പിത്താൽ ദ്രുതഗതിഃ പിത്തജ്വരലിംഗോതിലോഹിതഃ
കഫാൽ കണ്ഡൂയുതഃ സ്നിഗ്ദ്ധഃ കഫജ്വരസമാനരുക്
സ്വദോഷലിംഗൈശ്ചീയന്തേ സർവ്വേ സ്ഫോടൈരുപേക്ഷിതാഃ
തേ പക്വഭിന്നാഃ സ്വം സ്വഞ്ച ബിഭ്രതി വ്രണലക്ഷണം.

സാ—അവയിൽവെച്ച് വാതം ഹേതുവായിട്ടുള്ള പരീസർപ്പം (=വിസർപ്പം) വാതജ്വരതുല്യമായ വേദനയോടുകൂടിയതായിരിക്കും. ശോഫം, സ്ഫുരണം, നിസ്തോദം (കുത്തിനോവ്), ഭേദനം, ആയാമം, ആർത്തി, ഹർഷം (തരിപ്പ്) എന്നിവയോടും കൂടിയതായിരിക്കും. പിത്തം ഹേതുവായിട്ടുള്ള വിസർപ്പം ദ്രുതഗതിയായും പിത്തജ്വരലക്ഷണങ്ങളുള്ളതായും ഏററവും രക്തവർണ്ണമായും ഭവിക്കും. കഫം ഹേതുവായിട്ടുള്ള വിസർപ്പം ചൊറിച്ചിലുള്ളതും സ്നിഗ്ദ്ധവും കഫജ്വരതുല്യമായ വേദനയോടുകൂടിയതുമായി ഭവിക്കും. എല്ലാ വിസർപ്പങ്ങളും ചികിത്സിക്കാതെ ഉപേക്ഷിക്കപ്പെട്ടാൽ അതിന്നു കാരണമായ ദോഷത്തിന്റെ ലക്ഷണങ്ങളോടുകൂടിയ സ്ഫോടങ്ങളോടുകൂടി വർദ്ധിച്ചുവശാവും. (സ്ഫോടങ്ങൾ=പുണ്ണുകൾ). ആ സ്ഫോടങ്ങൾ പഴുത്തു പൊട്ടിയാൽ വാതാദിവ്രണങ്ങൾക്കുള്ള ലക്ഷണത്തെ വഹിക്കയും ചെയ്യും. വാതസ്ഫോടങ്ങൾക്കു വാതവ്രണങ്ങളുടേയും പിത്തസ്ഫോടങ്ങൾക്കു പിത്തവ്രണങ്ങളുടേയും കഫസ്ഫോടങ്ങൾക്കു കഫവ്രണങ്ങളുടേയും ലക്ഷണങ്ങൾ ഉണ്ടാകുമെന്നർത്ഥം.

വാതപിത്താജ്ജ്വരച്ഛർദ്ദിമൂർച്ഛാതീസാരതൃഡ്ഭ്രമൈഃ
അസ്ഥിഭേദാഗ്നിസദനതമകാരോചകൈര്യുതഃ
കരോതി സർവ്വമംഗഞ്ച ദീപ്താംഗാരാവകീർണ്ണവൽ
യം യം ദേശം വിസർപ്പശ്ച വിസർപ്പതി ഭവേത്സ സഃ

ശാന്താങ്ഗാരാസിതോ നീലോ രക്തോ വാശു ച ചീയതേ
അഗ്നിദഗ്ദ്ധ ഇവ സ്ഫോടൈശ്ശീഘ്രഗത്വാൽ ദ്രുതഞ്ച സഃ
മർമ്മാനുസാരീ വിസർപ്പഃ സ്യാദ്വാതോതിബലസ്തതഃ
വ്യഥേതാങ്ഗം ഹരേത്സംജ്ഞാം നിദ്രാഞ്ച ശ്വാസമീരയേൽ
ഹിക്കാഞ്ച സ ഗതോവസ്ഥാമീദൃശീം ലഭതേ ന നാ
ക്വചിച്ഛർമ്മാരതിഗ്രസ്തോ ഭൂമിശയ്യാസനാദിഷു
ചേഷ്ടമാനസ്തതഃ ക്ലിഷ്ടോ മനോ ദേഹശ്രമോത്ഭവാം
ദുഷ്പ്രബോധോശ്നുതേ നിദ്രാം സോഗ്നിവിസർപ്പ ഉച്യതേ.

സാ—വാതപിത്തം ഹേതുവായിട്ടുള്ള വിസർപ്പം ജ്വരച്ഛർദ്ദിമൂർച്ഛാതിസാരതൃഷ്ണാഭ്രമങ്ങളോടും, എല്ലുപിളച്ചൽ-അഗ്നിമാന്ദ്യം-തമകശ്വാസം-അരുചി എന്നിവയോടും കൂടിയിരിക്കും. അത് എല്ലാ അംഗത്തേയും ദീപ്തമായ അംഗാരം (കനൽ)കൊണ്ട് വ്യാപ്തമായതുപോലെ ആക്കിത്തീക്കും. ആ വിസർപ്പം ദേഹത്തിൽ ഏതേതു ദേശത്തെ വിസർപ്പിക്കുന്നുവോ ആ ദേശമെല്ലാം ശാന്താംഗാരം (കരിക്കട്ട) പോലെ കൃഷ്ണവർണ്ണമായോ നീലവർണ്ണമായോ രക്തവർണ്ണമായോ ഭവിക്കും. അതു തീപ്പൊള്ളിയതുപോലെ വേഗത്തിൽ പുണ്ണുകളെക്കൊണ്ടു നിറയുകയും ചെയ്യും. ഇത് വാതപിത്തകാരണമാകയാൽ ശീഘ്രഗാമിയായതുകൊണ്ട് ശീഘ്രം മർമ്മാനുസാരിയായി ഭവിക്കും. വേഗത്തിൽ മർമ്മങ്ങളെ പ്രാപിക്കും. മർമ്മത്തിൽ തട്ടുമ്പോൾ വാതം അതിബലവാനായിത്തീന്നിട്ട് അംഗത്തെ വേദനിപ്പിക്കുകയും തന്റേടത്തെ ഹരിക്കുകയും നിദ്രയെ നശിപ്പിക്കുകയും ശ്വാസത്തെ പുറപ്പെടുവിക്കുകയും ചെയ്യും. ഇക്കിളും ഉണ്ടാകും. ഇങ്ങിനെയുള്ള അവസ്ഥയെ പ്രാപിച്ചാൽ ആ മനുഷ്യൻ ഒരിടത്തിലും സുഖത്തെ ലഭിക്കുകയില്ല. അരതിയാൽ (സ്ഥാനാസനശയനചംക്രമണാദികളിലുള്ള അനവസ്ഥിതിയാൽ) ഗ്രസ്തനായി ഭൂമിശയ്യാസനാദികളിൽ കിടന്നു ചുറുന്നവനായി വല്ലാതെ ക്ലേശിക്കുന്നവനായിട്ട്, മനസ്സിന്റേയും ദേഹത്തിന്റേയും ശ്രമംകൊണ്ടുണ്ടാകുന്ന നിദ്രയെ അനുഭവിക്കുന്നു. ഈ നിദ്രയിൽ പെട്ടാൽ അവൻ ഉണരുവാൻ വളരെ പ്രയാസം വരും. വാതപിത്തോത്ഭവമായ ഈ വിസർപ്പം അഗ്നിവിസർപ്പമെന്നു പറയപ്പെടുന്നു.

കഫേന രുദ്ധഃ പവനോ ഭിത്വാ തം ബഹുധാ കഫം
രക്തം വാ വൃദ്ധരക്തസ്യ ത്വക്സിരാസ്നാവമാംസഗം
ദൂഷയിത്വാ ച ദീർഘാന്തവൃത്തസ്ഥൂലഖരാത്മനാം

ഗ്രന്ഥീനാം കുരുതേ മാലാം രക്താനാം തീവ്രരുഗ്ജ്വരാമ്
ശ്വാസകാസാതിസാരാസ്യശോഷഹിദ്ധ്മാവമിഭ്രമൈഃ
മോഹവൈവർണ്ണ്യമൂർച്ഛാംഗഭംഗാഗ്നിസദനൈര്യുതാമ്
ഇത്യയം ഗ്രന്ഥിവിസർപ്പഃ കഫമാരുതകോപജഃ.

സാ—കഫത്താൽ രുദ്ധമായിരിക്കുന്ന വാതം, ആ കഫത്തെ പല പ്രകാരത്തിൽ ഖണ്ഡം ഖണ്ഡമാക്കിച്ചെയ്തിട്ടോ, രക്തവൃദ്ധിയുള്ളവനു ത്വക്സിരാസ്നാവമാംസഗതമായ രക്തത്തെ ഖണ്ഡം ഖണ്ഡമാക്കിച്ചെയ്തിട്ടോ ത്വഗാദികളെ ദുഷിപ്പിച്ചിട്ട് ദീർഘങ്ങളും അണുക്കളും വൃത്താകാരങ്ങളും സ്ഥൂലങ്ങളും ഖരാത്മകങ്ങളും രക്തവർണ്ണങ്ങളുമായ ഗ്രന്ഥികളുടെ (മുഴകളുടെ) സമൂഹത്തെ ഉണ്ടാക്കുന്നു. അതു വല്യതായ വേദനയോടും ജ്വരത്തോടും കൂടിയതായിരിക്കും. ശ്വാസം, കാസം, അതിസാരം, ആസ്യവൈരസ്യം, ശോഷം, ഹിദ്ധ്മാ, ഛർദ്ദി, ഭ്രമം എന്നിവയും മോഹം, വൈവർണ്ണ്യം, മൂർച്ഛ, അംഗഭംഗം, അഗ്നിസാദം എന്നിവയും ഉണ്ടാകയും ചെയ്യും. കഫവാതകോപംകൊണ്ടുള്ള ഈ വിസർപ്പം ഗ്രന്ഥിവിസർപ്പമാകുന്നു.

രക്തപിത്താൽ ജ്വരഃ സ്തംഭസ്തന്ദ്രാ നിദ്രാ ശിരോരുജഃ
അംഗാവസാദവിക്ഷേപപ്രലാപാരോചകഭ്രമാഃ
മൂർച്ഛാഗ്നിഹാനിർഭേദോസ്ഥ്നാം പിപാസേന്ദ്രിയഗൗരവമ്
ആമോപവേശനം ലേപഃ സ്രോതസാം സ ച സർപ്പതി
പ്രായേണാമാശയേ ഗൃഹ്ണന്നേകദേശഞ്ച നാതിരുക്
പിടകൈരവകീർണ്ണോതിപീതലോഹിതപാണ്ഡുരൈഃ
മേചകാഭോസിതഃ സ്നിഗ്ദ്ധോ മലിനഃ ശോഫവാൻ ഗുരുഃ
ഗംഭീരപാകഃ പ്രാജ്യോഷ്മാ സ്പൃഷ്ടഃ ക്ലിന്നോവദീര്യതേ
പങ്കവച്ഛീർണ്ണമാംസശ്ച സ്പഷ്ടസ്നായുസിരാഗണഃ
ശവഗന്ധീ ച വിസർപ്പഃ കർദ്ദമാഖ്യമുശന്തി തമ്.

സാ—കഫപിത്തം ഹേതുവായിട്ടുള്ള വിസർപ്പത്തിങ്കൽ ജ്വരം, സ്തംഭം, തന്ദ്രാ, നിദ്ര, ശിരോവേദന എന്നിവയും അംഗസാദം, അംഗവിക്ഷേപം, പ്രലാപം, അരോചകം, തലതിരിച്ചിൽ എന്നിവയും മൂർച്ഛാ, അഗ്നിഹാനി, അസ്ഥിഭേദം, തൃഷ്ണ, ഇന്ദ്രിയങ്ങൾക്ക് (ഇന്ദ്രിയാധിഷ്ഠാനങ്ങൾക്ക്) കനം എന്നിവയും ആമമായിട്ടുള്ള മലവിസർജ്ജനവും സ്രോതോലേപവും ഉണ്ടാകും. ഈ വിസർപ്പം പ്രായേണ ആമാശയ

ത്തിൽ ഏകദേശത്തെ ഗ്രഹിച്ചുംകൊണ്ടാണ് വ്യാപിക്കുക. വലിയ വേദനയുണ്ടാകയില്ല. മഞ്ഞളിച്ചും ചുവന്നും വെളുത്തുമുള്ള കുരുക്കൾ നിറഞ്ഞിരിക്കയും ചെയ്യും. ഈ വിസപ്പം മേചക (=കൃഷ്ണകപില) വൎണ്ണമായും കൃഷ്ണവൎണ്ണമായും സ്നിഗ്ദ്ധമായും മലിനമായും ശോഫത്തോടുകൂടിയതായും ഗുരുവായുമിരിക്കും. പഴുക്കുന്നത് ആഴത്തിൽ പിടിച്ചിട്ടായിരിക്കുന്നതും കലശലായ ചൂടുണ്ടായിരിക്കുന്നതും കൈകൊണ്ടു തൊട്ടാൽ നലഞ്ഞ് അടൎന്നുപോരുന്നതുമാണ്. ചളി വിള്ളുന്നതുപോലെ മാംസം വിണ്ടിരിക്കും. സ്നായുസിരാഗണങ്ങൾ തുറിച്ചിരിക്കും. ശവഗന്ധംപോലെയുള്ള ഗന്ധവും ഉണ്ടായിരിക്കും. കഫപിത്തോത്ഭവമായ ഈ വിസൎപ്പത്തെ ആചാൎയ്യന്മാർ കൎദ്ദമവിസൎപ്പമെന്നു പറയുന്നു.

സൎവ്വജോലക്ഷണൈസ്സൎവ്വൈസ്സൎവ്വധാത്വഭിസൎപ്പണഃ
ബാഹ്യഹേതോഃ ക്ഷതാൽ ക്രുദ്ധസ്സരക്തം പിത്തമീരയൽ
വിസൎപ്പം മാരുതഃ കുൎയ്യാൽ കുലത്ഥസദൃശൈശ്ചിതമ്
സ്ഫോടൈശ്ശോഫജ്വരരുജാദാഹാഢ്യം ശ്യാവലോഹിതം
പൃഥഗ്ദോഷൈസ്ത്രയസ്സാദ്ധ്യാ ദ്വന്ദ്വജാശ്ചാനുപദ്രവാഃ
അസാദ്ധ്യൗ ക്ഷതസൎവ്വോത്ഥൗ സൎവ്വേ ചാക്രാന്തമൎമ്മകാഃ
ശീൎണ്ണസ്നായുസിരാമാംസാഃ പ്രക്ലിന്നാശ്ശവഗന്ധയഃ.

സാ—സൎവ്വജം (സന്നിപാതജം) ആയ വിസൎപ്പം സൎവ്വധാതുക്കളേയും വ്യാപിക്കുന്നതാണ്. സന്നിപാതജം സൎവ്വലക്ഷണയുക്തമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. അനന്തരം ക്ഷതജമായ വിസൎപ്പത്തെ പറയുന്നു. ബാഹ്യഹേതോരിതി—ബാഹമായ ഹേതുവിനോടുകൂടിയ ക്ഷതം ഹേതുവായിട്ടു വായു കോപിച്ച് രക്തത്തേയും പിത്തത്തേയും പ്രേരണം ചെയ്തിട്ട ക്ഷതവിസൎപ്പത്തെ ഉണ്ടാക്കുന്നു. അത് കുലത്ഥസദൃശങ്ങളായ (മുതിരമണിപോലെയുള്ള) സ്ഫോടങ്ങളാൽ വ്യാപ്തമായിരിക്കും. ശോഫം, ജ്വരം, വേദന, ചുട്ടുനീറൽ എന്നിവ ധാരാളമുള്ളതായിരിക്കും. നിറം കരുവാളിച്ചും ചുവന്നും ഇരിക്കും ഇനി സാദ്ധ്യാസാദ്ധ്യവിസൎപ്പലക്ഷണത്തെ പറയുന്നു. പൃഥഗിതി—ദോഷങ്ങളെക്കൊണ്ടു വെവ്വേറെയുള്ള മൂന്നു വിസൎപ്പങ്ങൾ സാദ്ധ്യങ്ങളാണ്. ദ്വന്ദ്വജങ്ങൾ (സംസൎഗ്ഗജങ്ങൾ) ആയ മൂന്നു വിസൎപ്പങ്ങളും ശാരീരോക്തങ്ങളായ കാൎശ്യവൈവൎണ്ണ്യാദ്യുപദ്രവങ്ങളില്ലാതിരുന്നാൽ സാദ്ധ്യങ്ങൾതന്നെയാണ്. ക്ഷതംകൊണ്ടും സന്നിപാതംകൊണ്ടുമുണ്ടാകുന്ന രണ്ടു വിസൎപ്പങ്ങൾ

അസാദ്ധ്യങ്ങളാകുന്നു. എന്നാൽ, എല്ലാവിധ വിസർപ്പങ്ങളും മമ്മത്തെ ആക്രമിച്ചവയോ സ്നായുസിരാമാംസങ്ങൾക്കു കേടുവരുത്തിയവയോ നശിഞ്ഞു ശവഗന്ധം പുറപ്പെടുവിക്കുന്നവയോ ആയിരുന്നാൽ അസാദ്ധ്യങ്ങളാകുന്നു.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ത്രയോദശോദ്ധ്യായഃ
സമാപ്തഃ.

## ചതുർദ്ദശോദ്ധ്യായഃ.

അനന്തരം, ധാതുപാകാദികളെക്കൊണ്ടു വിസർപ്പസമാനമായ കുഷ്ഠാദികളുടെ നിർണ്ണയത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു:—

മൂ—അഥാതഃ കുഷ്ഠശ്വിത്രകൃമിനിദാനം നാമാദ്ധ്യായം വ്യാഖ്യാസ്യാമഃ । ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ.

സാ—ഇനി കുഷ്ഠശ്വിത്രകൃമിനിദാനമെന്നു പേരായ അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇപ്രകാരം പറഞ്ഞു. കുഷ്ഠശ്വിത്രകൃമിനിദാനം=കുഷ്ഠത്തിൻെറയും ശ്വിത്രത്തിൻെറയും കൃമിയുടേയും നിദാനം.

സർവ്വകുഷ്ഠങ്ങളുടേയും സാമാന്യഹേതുവിനെ പറയുന്നു:—

മിത്ഥ്യാഹാരവിഹാരേണ വിശേഷേണ വിരോധിനാ
സാധുനിന്ദാവധാന്യസ്വഹരണാദ്യൈശ്ച സേവിതൈഃ
പാപ്മഭിഃ കർമ്മഭിസ്സദ്യഃ പ്രാക്തനൈർവ്വേരിതാ മലാഃ
സിരാഃ പ്രപദ്യ തിര്യ്യഗ്ഗാസ്ത്വഗ്ലസികാസൃഗാമിഷമ്
ദൂഷയന്തഃ ശ്ലഥീകൃത്യ നിശ്ചരന്തസ്തതോ ബഹിഃ
ത്വചഃ കുർവ്വന്തി വൈവർണ്ണ്യം ദുഷ്ടാഃ കുഷ്ഠമുശന്തിതമ്
കാലേനോപേക്ഷിതം യസ്മാത്സർവ്വം കുഷ്ണാതി തദ്വപുഃ

സാ—അപത്ഥ്യങ്ങളായ ആഹാരവിഹാരങ്ങൾ, വിശേഷിച്ച് വിരോധികളായ ആഹാരവിഹാരങ്ങൾ ഇവകൊണ്ടും സജ്ജനനിന്ദ, കൊലപാതകം, പരസ്വാപഹരണം മുതലായി തൽക്കാലം ചെയ്യപ്പെട്ടവയോ പൂർവ്വജന്മകൃതങ്ങളോ ആയ പാപകർമ്മങ്ങളെക്കൊണ്ടും കുപിതങ്ങളായ മലങ്ങൾ (വാതാദിദോഷങ്ങൾ) ദുഷിച്ച് തിര്യ്യഗ്ഗാമിനികളായ സി

രകങ്ങളെ പ്രാപിച്ച് ത്വക്കിനേയും ലസീകയേയും രക്തത്തേയും മാംസത്തേയും ശിഥിലങ്ങളാക്കിത്തീൎത്തു ദുഷിപ്പിച്ച് ആ വഴിക്കു പുറമേ കടന്ന് ത്വക്കിന്ന് വൈവൎണ്ണ്യത്തെ ഉണ്ടാക്കുന്നു. അതിനെ ആചാൎയ്യന്മാർ കുഷ്ഠമെന്നു പറയുന്നു. ഈ രോഗം ചികിത്സിക്കാതെ ഉപേക്ഷിക്കപ്പെട്ടാൽ കാലക്രമേണ ദേഹത്തെ മുഴുവൻ കോഷണനം ചെയ്യുന്നു (തൊലിയുരിക്കുന്നു) അതു ഹേതുവായിട്ടാണ് ഇതിന്നു കുഷ്ഠം എന്നു പേർ പറയുന്നതു. "സിരാഃ പ്രപദ്യ" ഇത്യാദികൊണ്ടു സമ്പ്രാപ്തിയും "കാലേന" ഇത്യാദികൊണ്ടു അന്വൎത്ഥനാമതയും പറയപ്പെട്ടുവെന്നു കാണുക.

പ്രപദ്യ ധാതൂൻ വ്യാപ്യാന്തസ്സൎവ്വാൻ സംക്ലേദ്യ ചാവഹേൽ
സസ്വേദക്ലേദസംകോഥാൻ കൃമീൻ സൂക്ഷ്മാൻ സുദാരുണാൻ
ലോമത്വക്സ്നായുധമനീതരുണാസ്ഥീനി യൈഃ ക്രമാൽ
ഭക്ഷയേൽ ശ്വിത്രമസ്മാച്ച കുഷ്ഠബാഹ്യമുശന്തി തൽ.

സാ—"കാലേനോപേക്ഷിതം" എന്നു പൂൎവ്വവാക്യത്തിൽ പറഞ്ഞതു് ഇതിലും അനുവൎത്തിക്കുന്നു. കുഷ്ഠം ചികിത്സിക്കാതെ ഉപേക്ഷിക്കപ്പെട്ടാൽ ധാതുക്കളെ പ്രാപിച്ച് ഉള്ളിൽ വ്യാപിച്ച് അവയെ എല്ലാം നലച്ചു വശമാക്കി സ്വേദക്ലേദകോഥങ്ങളോടു കൂടിയവയും സൂക്ഷ്മങ്ങളും ഭയങ്കരങ്ങളുമായ കൃമികളെ ശരീരത്തിൽ ഉണ്ടാക്കും. ഈ കൃമികൾ മുഖേന രോമം, ത്വക്ക്, സ്നായു, ധമനി, തരുണാസ്ഥി എന്നിവയെ കുഷ്ഠം ക്രമത്താലെ ഭക്ഷിക്കും. ഈ കാരണത്താൽ ഇതിനെ ആചാൎയ്യന്മാർ കുഷ്ഠബാഹ്യമെന്നു പറയുന്നു. ശ്വിത്രമെന്നും ഇതിന്നു പേർ പറയുന്നു. കുഷ്ഠസമാനയോഗക്ഷേമവും ബാഹ്യാശ്രിതവുമാകയാൽ ഇത് ബാഹ്യകുഷ്ഠമാണെന്നു സാരം. ഇതുകൊണ്ടു് കുഷ്ഠത്തിന്നും ശ്വിത്രത്തിന്നും തമ്മിലുള്ള ഭേദം പറയപ്പെട്ടിരിക്കുന്നു.

അനന്തരം കുഷ്ഠഭേദങ്ങളെ വിവരിക്കുന്നു:—

കുഷ്ഠാനി സപ്തധാ ദോഷൈഃ പൃഥഗ്മിശ്രൈസ്സമാഗതൈഃ
സൎവ്വേഷ്വപി ത്രിദോഷേഷു വ്യപദേശോധികത്വതഃ.

സാ—കുഷ്ഠങ്ങൾ ഏഴു വിധത്തിലാകുന്നു. ദോഷങ്ങളെക്കൊണ്ടു വെവ്വേറെ മൂന്നും, മിശ്രങ്ങൾ (ദ്വിദോഷങ്ങൾ) ആയവയെക്കൊണ്ടു മൂന്നു, സമാഗതങ്ങൾ (സന്നിപതിതങ്ങൾ) ആയ ദോഷങ്ങളെക്കൊണ്ടൊന്നും എന്നിങ്ങിനെയാണ് ഏഴു പ്രകാരങ്ങൾ. എല്ലാ കുഷ്ഠങ്ങളും ത്രിദോഷങ്ങൾ (സന്നിപാതജങ്ങൾ) ആകുന്നു; എങ്കിലും ആധി

ക്യംകൊണ്ടാണ് വ്യപദേശം. വാതാധികമായതു വാതകുഷ്ഠം, പിത്താധികമായതു പിത്തകുഷ്ഠം ഇത്യാദിയായിട്ടാണ് വ്യവഹാരമെന്നർത്ഥം.

വാതേന കുഷ്ഠം കാപാലം പിത്താദൗദുംബരം കഫാൽ
മണ്ഡലാഖ്യം വിചർച്ചീ ച ഋശ്യാഖ്യം വാതപിത്തജം
ചർമ്മൈകകുഷ്ഠകിടിഭസിദ്ധ്മാലസവിപാദികാഃ
വാതശ്ലേഷ്മോത്ഭവാഃ ശ്ലേഷ്മപിത്താദ്ദദ്രുശതാരുഷീ
പുണ്ഡരീകം സവിസ്ഫോടം പാമാ ചർമ്മദലന്തഥാ
സർവൈഃ സ്യാൽ കാകണം പൂർവം ത്രികം ദദ്രു സകാകണം
പുണ്ഡരീകർശ്യജിഹ്വേ ച മഹാകുഷ്ഠാനി സപ്ത തു.

സാ—(1) വാതംകൊണ്ടുള്ള കുഷ്ഠത്തിന്നു കാപാലം എന്നു പേർ. (2) പിത്തംകൊണ്ടുള്ളതിന്നു ഔദുംബരമെന്നു പേർ. (3) കഫംകൊണ്ടുള്ള കുഷ്ഠങ്ങൾ മണ്ഡലം, വിചർച്ചി എന്നിങ്ങിനെ രണ്ടെണ്ണം. (4) വാതപിത്തംകൊണ്ട് ഋശ്യം എന്നുപേരായിട്ടൊരു കുഷ്ഠം. (5) വാതകഫംകൊണ്ട് ചർമ്മം, ഏകകുഷ്ഠം, കിടിഭം, സിദ്ധ്മം, അലസം, വിപാദിക എന്നിങ്ങിനെ ആറെണ്ണം. (6) കഫപിത്തംകൊണ്ട് ദദ്രു, ശതാരുസ്സ്, പുണ്ഡരീകം, വിസ്ഫോടം, പാമാ, ചർമ്മദലം എന്നിങ്ങിനെ ആറെണ്ണം. (7) സന്നിപാതംകൊണ്ട് കാകണം എന്നൊരു കുഷ്ഠം,—ഇങ്ങിനെ വക ഏഴിൽകൂടി ആകെ പതിനെട്ടു കുഷ്ഠങ്ങളാകുന്നു. ഇവയിൽ ആദ്യത്തെ മൂന്നും (കാപാലം, ഔദുംബരം, മണ്ഡലം) ദദ്രു, കാകണം, പുണ്ഡരീകം, ഋശ്യം എന്നിവയും എന്നിങ്ങിനെ ഏഴെണ്ണം മഹാകുഷ്ഠങ്ങളാകുന്നു.

അതിശ്ലക്ഷ്ണഖരസ്പർശസ്വേദാസ്വേദവിവർണ്ണതാഃ
ദാഹഃ കണ്ഡൂസ്ത്വചി സ്വാപസ്തോദഃ കോഠോന്നതിഃ ശ്രമഃ
വ്രണാനാമധികം ശൂലം ശീഘ്രോൽപത്തിശ്ചിരസ്ഥിതിഃ
രൂഢാനാമപി രൂക്ഷത്വം നിമിത്തേല്പേപി കോപനം
രോമഹർഷോസൃജഃ കാർഷ്ണ്യം കുഷ്ഠലക്ഷണമഗ്രജം.

സാ—ത്വക്ക് അധികം മിനുസമായോ തൊട്ടാൽ പരുപരുപ്പുള്ളതായോ ഇരിക്കുക, അധികം വിയർപ്പുണ്ടാകയോ ഒട്ടും വിയർക്കാതിരിക്കയോ ചെയ്യുക, നിറഭേദം-ചുട്ടുനീറൽ-ചൊറിച്ചിൽ-തരിപ്പ്- ഇവ ഉണ്ടാവുക, വട്ടത്തിലുള്ള പുണ്ണുകൾ പൊങ്ങുക, തളച്ചു തോന്നുക, പുണ്ണുകൊണ്ടുള്ള വ്രണങ്ങൾക്ക് അധികമായ വേദനയും വേഗത്തിൽ ഉൽപത്തി

യും ചിരകാലസ്ഥിതിയും ഭവിക്കുക, അവ ഉണങ്ങിയാലും ഉണ്ടായ പ്രദേശം രൂക്ഷമായിരിക്കുകയും അല്പമായ കാരണംകൊണ്ടുകൂടി കോപിക്കയും ചെയ്ക, രോമാഞ്ചമുണ്ടാവുക, രക്തം കറുത്തിരിക്കുക—ഇവയെല്ലാമാണ് എല്ലാകുഷ്ഠങ്ങളുടേയും പൂർവ്വരൂപം.

ഇനി ക്രമത്തിൽ പതിനെട്ടു കുഷ്ഠങ്ങളുടേയും ലക്ഷണം പറയുന്നു:—

കൃഷ്ണാരുണകപാലാഭം രൂക്ഷം സുപ്തം ഖരം തനു
വിസ്തൃതാസമപര്യന്തം ഹൃഷിതൈർല്ലോമഭിശ്ചിതം
തോദാഢ്യമല്പകണ്ഡൂകം കാപാലം ശീഘ്രസർപ്പി ച.

സാ—കാപാലമെന്ന കുഷ്ഠം കറുത്തോ ചുവന്നോ ഉള്ള കപാല (=കല ഓട്)ത്തിന്റെ പ്രഭപോലെയിരിക്കുന്ന പ്രഭയോടുകൂടിയതായിരിക്കും. രൂക്ഷമായും തരിപ്പുള്ളതായും ഖരമായും തനുവായും ഇരിക്കും. വിസ്തീർണ്ണങ്ങളും അസമ (ഹ്രസ്വദീർഘ)ങ്ങളുമായ പര്യന്തങ്ങളോടുംകൂടിയതും എടുത്തുപിടിച്ചു നിൽക്കുന്ന രോമങ്ങളാൽ വ്യാപ്തവുമായിരിക്കും. കുത്തിനോവ് കലശലായുണ്ടാവും. ചൊറിച്ചിൽ കുറവായിരിക്കും. വേഗത്തിൽ വ്യാപിക്കുന്നതായിരിക്കയും ചെയ്യും.

പക്വോദുംബരതാമ്രത്വഗ്രോമഗൌരസിരാചിതമ്
ബഹലം ബഹുലക്ലേദം രക്തം ദാഹരുജാകരമ്
ആശുത്ഥാനാവദരണകൃമി വിദ്യാദുദുംബരമ്.

സാ—ഉദുംബരമെന്ന കുഷ്ഠം, പഴുത്ത ഉദുംബര (അത്തി)ഫലം പോലെ താമ്രവർണ്ണമായ ത്വക്കിനോടും രോമത്തോടും കൂടിയതായിരിക്കും. ഗൌരവർണ്ണങ്ങളായ സിരകൾ നിറഞ്ഞിരിക്കും. ബഹളം (ഘനം) ആയും നനവധികമുള്ളതായും രക്തവർണ്ണമായും ചുട്ടുനീറൽ വേദന എന്നിവയെ ഉണ്ടാക്കുന്നതായുമിരിക്കും. ഇത് വേഗത്തിൽ പൊന്തുകയും വിള്ളുകയും കൃമിക്കുകയും ചെയ്യും.

സ്ഥിരം സ്ത്യാനം ഗുരു സ്നിഗ്ദ്ധം ശ്വേതരക്തമനാശുഗം
അന്യോന്യാസക്തമുത്സന്നം ബഹുകണ്ഡുസ്രുതിക്രിമി
ശ്ലക്ഷ്ണപീതാഭപര്യന്തം മണ്ഡലം പരിമണ്ഡലമ്
സകണ്ഡൂവിടകാ ശ്യാവാ ലസീകാഢ്യാ വിചർച്ചികാ.

സാ—മണ്ഡലകുഷ്ഠം, സ്ഥിരമായും സ്ത്യാനമായും ഗുരുവായും സ്നിഗ്ദ്ധമായും ശ്വേതരക്തവർണ്ണമായും അനാശുഗം (വേഗത്തിൽ വ്യാപിക്കാ

ത്തു)ആയും ഭവിക്കും. ഇതിലെ വ്രണങ്ങൾ പരസ്പരാസക്തങ്ങളായിരിക്കും. ഉത്സന്നമായിരിക്കയും ചെയ്യും. ചൊറിച്ചിലും ഒലിച്ചിലും കൃമിയും വളരെ ഉണ്ടായിരിക്കും. പര്യന്തങ്ങൾ മിനുത്തും മഞ്ഞനിറമായുമിരിക്കും. ഇത് മണ്ഡലാകാരമായുമിരിക്കും. വിചർച്ചിക എന്ന കുഷ്ഠം ചൊറിച്ചിലോടും കുരുക്കളോടും കൂടിയതായും കരുവാളിച്ചതായും ധാരാളം ലസീകാജലത്തോടു കൂടിയതായുമിരിക്കും.

പരുഷം തനുരക്താന്തമന്തഃശ്യാവം സമുന്നതമ്
സതോദദാഹരുക്ക്ലേദം കർക്കശൈഃ പിടകൈശ്ചിതമ്
ഋശ്യജിഹ്വാകൃതി പ്രോക്തമൃശ്യജിഹ്വം ബഹുക്രിമി
ഹസ്തിചർമ്മഖരസ്പർശം ചർമ്മൈകാഖ്യം മഹാശ്രയമ്
അസ്വേദം മത്സ്യശകലസന്നിഭം കിടിഭം പുനഃ
രൂക്ഷം കിണഖരസ്പർശം കണ്ഡൂമൽ പരുഷാസിതമ്.

സാ—ഋശ്യജിഹ്വമെന്ന കുഷ്ഠം പരുഷമായും തനുവും രക്തവർണ്ണവുമായ അന്തത്തോടുകൂടിയതായും അന്തർഭാഗത്തിങ്കൽ ശ്യാവവർണ്ണമായും ഉന്നതമായും ഭവിക്കും. കുത്തിനോവ്, ചുട്ടുനീറൽ, വേദന, നനവ് എന്നിവയുണ്ടായിരിക്കും. കഠിനങ്ങളായ കുരുക്കളാൽ നിറയപ്പെട്ടിരിക്കും. ഋശ്യത്തിൻെറ (മരമാനിൻെറ) നാവിൻെറ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയതായിരിക്കയും ചെയ്യും. വളരെ കൃമികളുള്ളതായും ഭവിക്കും. ചർമ്മമെന്ന കുഷ്ഠം, തൊട്ടാൽ ആനത്തോൽപോലെ ഖരമായിരിക്കും. ഏകകമെന്ന കുഷ്ഠം മഹാശ്രയം(=ഗംഭീരമൂലം)ആയും വിയർപ്പില്ലാത്തതായും മത്സ്യശകലംപോലെയുള്ളതായും ഭവിക്കും. കിടിഭമെന്ന കുഷ്ഠമാകട്ടെ രൂക്ഷമായും കിണം (കല)പോലെ തൊട്ടാൽ ഖരമായും ചൊറിച്ചിലുള്ളതായും പരുഷമായും കൃഷ്ണവർണ്ണമായും ഭവിക്കും.

സിദ്ധ്മ രൂക്ഷം ബഹിഃസ്നിഗ്ദ്ധമന്തർഘൃഷ്ടം രജഃ കിരേൽ
ശ്ലക്ഷ്ണസ്പർശം തനു ശ്വേതതാമ്രം ദൌഗ്ദ്ധികപുഷ്പവൽ
പ്രായേണ ചോർദ്ധ്വകായേ സ്യാൽഗണ്ഡൈഃ കണ്ഡൂസ്രുതൈശ്ചിതം
രക്തരലസകം പാണിപാദദാര്യോ വിപാദികാഃ
തീവ്രാർത്ത്യാ മന്ദകണ്ഡ്വാശ്ച സരാഗപിടികാചിതാഃ.

സാ—സിദ്ധ്മമെന്ന കുഷ്ഠം പുറമേ രൂക്ഷമായും ഉള്ളിൽ സ്നിഗ്ദ്ധമായും ഭവിക്കും. ഉരച്ചാൽ പൊടിയെ ഉതിർക്കുകയും ചെയ്യും. സ്പർശത്തിങ്കൽ ശ്ലക്ഷ്ണമായിരിക്കും. കനം കുറഞ്ഞതും ദൌഗ്ദ്ധികപുഷ്പം

പോലെ ശ്വേതതാമ്രവർണ്ണവുമായിരിക്കും. ഇത് പ്രായേണ ഊർദ്ധ്വകായത്തിങ്കലേ ഉണ്ടാകയുള്ളൂ. ചൊറിച്ചിലുള്ളതായ ഗന്ധങ്ങൾ നിറഞ്ഞിരിക്കയും ചെയ്യും. അലസകമെന്ന കുഷ്ഠം രക്തവർണ്ണങ്ങളായ ഗന്ധങ്ങളാൽ വ്യാപ്തമായിരിക്കും. വിപാദിക എന്ന കുഷ്ഠം പാണിപാദങ്ങളെ വിദാരണം ചെയ്യിക്കുന്നതും (വിള്ളിക്കുന്നതും) കഠിനവേദനയോടുകൂടിയതും ചൊറിച്ചിൽ കുറഞ്ഞതും ചുവന്ന കുരുക്കളാൽ വ്യാപ്തവുമായിരിക്കും.

ദീൎഘപ്രതാനാ ദൂർവ്വാവദതസീകുസുമച്ഛവിഃ
ഉത്സന്നമണ്ഡലാ ദദ്രുഃ കണ്ഡൂമത്യനുഷംഗിണീ
സ്ഥൂലമൂലം സദാഹാർത്തി രക്തശ്യാവം ബഹുവ്രണം
ശതാരുഃ ക്ലേദജന്ത്വാഢ്യം പ്രായശഃ പർവ്വജന്മ ച
രക്താന്തമന്തരാപാണ്ഡു കണ്ഡൂദാഹരുജാന്വിതം
സോത്സേധമാചിതം രക്തൈഃ പത്മപത്രമിവാംശുഭിഃ
ഘനഭൂരിലസീകാസൃക്പ്രായമാശു വിഭേദി ച
പുണ്ഡരീകം ... ... ... ... ... ... ...

സാ—ദദ്രു എന്ന കുഷ്ഠം, ദൂർവ്വ (=കറുക) യെന്നപോലെ നീണ്ട ഞരമ്പുകളുള്ളതായും അതസീപുഷ്പത്തിന്റെ നിറമുള്ളതായും ഉത്സന്നമായ മണ്ഡലത്തോടുകൂടിയതായും ചൊറിച്ചിലുള്ളതായും ദീൎഘകാലത്തേക്കു നീണ്ടുനില്ക്കുന്നതായും ഭവിക്കും. ശതാരുസ്സ് എന്ന കുഷ്ഠം, മൂലം തടിച്ചതായും ചുട്ടുനീറലും വേദനയുമുള്ളതായും രക്തശ്യാവവർണ്ണമായും അനേകവ്രണങ്ങളോടുകൂടിയതായും ക്ലേദം (=നലവ്) ജന്തുക്കൾ (=കൃമികൾ) എന്നിവ ധാരാളമുള്ളതായും ഭവിക്കും. ഇത് പ്രായേണ സന്ധികളിലാണുണ്ടാവുക. പുണ്ഡരീകം, രക്തവർണ്ണങ്ങളായ അന്തങ്ങളോടുകൂടിയതായും അന്തർഭാഗത്തിങ്കൽ ഈഷൽപാണ്ഡുവർണ്ണമായും ചൊറിച്ചിൽ-ചുട്ടുനീറൽ-വേദന എന്നിവയുള്ളതായും ഉത്സേധം (ഉയരം) ഉള്ളതായും പത്മപത്രമെന്നപോലെ രക്തവർണ്ണങ്ങളായ അംശുക്കളാൽ (=രജസ്സുകളാൽ) വ്യാപ്തമായും കനത്തും ധാരാളമായുമുള്ള ലസീകയും രക്തവും പോയിക്കൊണ്ടിരിക്കുന്നതായും ഭവിക്കും. പഴുത്തു വേഗത്തിൽ പൊട്ടുകയും ചെയ്യും.

......... തനുതാമ്രശിരാച്ഛിതം സ്ഥൈതൈസ്സിതാരുണൈഃ
വിസ്ഫോടം പിടകാഃ പാമാകണ്ഡൂക്ലേദരുജാധികാഃ

സൂക്ഷ്മാഃ ശ്യാവാരുണാ ബഹ്വ്യഃ പ്രായഃ സ്ഫിക്പാണികൂർപ്പരേ
സസ്ഫോടമസ്പർശസഹം കണ്ഡൂഷാതോദദാഹവൽ
രക്തം ദലച്ചർമ്മദലം കാകണം തീവ്രദാഹരുക്
പൂർവ്വം രക്തഞ്ച കൃഷ്ണഞ്ച കാകനന്ദീഫലോപമം
കുഷ്ഠലിംഗൈര്യുതം സർവ്വൈർന്നൈകവർണ്ണം തതോ ഭവേൽ.

സാ—വിസ്ഫോടമെന്ന കുഷ്ഠം, നേർത്ത തൊലിയോടുകൂടിയവയും വെളുത്തും ചുവന്നുമിരിക്കുന്നവയുമായ സ്ഫോടങ്ങളാൽ വ്യാപ്തമായിരിക്കും. പാമാ എന്ന കുഷ്ഠം, ചൊറിച്ചിലും നീറലും വേദനയും അധികമുള്ളവയും സൂക്ഷ്മങ്ങളും ശ്യാവാരുണവർണ്ണങ്ങളുമായ അനേകം കുരുക്കളാകുന്നു. ഇവ പ്രായേണ ആസനത്തിന്മേലും കൈമുട്ടുകളിലുമാണുണ്ടാവുക. ചർമ്മദലമെന്ന കുഷ്ഠം, സ്ഫോടത്തോടുകൂടിയതും തൊടുവാൻ വഹിയാത്തതും കണ്ഡൂഷാതോദദാഹങ്ങളോടുകൂടിയതും രക്തവും പൊട്ടിപ്പിളരുന്നതുമായിരിക്കും. കാകണമെന്ന കുഷ്ഠം, കഠിനമായ ചുട്ടുനീറലും വേദനയുമുള്ളതും ആയിരിക്കും. ഇത് ആദ്യം കാകനന്ദീഫലം (=കുന്നിക്കുരു)പോലെ രക്തവർണ്ണവും കൃഷ്ണവർണ്ണവുമായിരിക്കും. പിന്നെ ഇത് കുഷ്ഠത്തിന്റെ എല്ലാ ലക്ഷണങ്ങളോടും കൂടിയതായും അനേകവർണ്ണമായും ഭവിക്കുകയും ചെയ്യും.

ദോഷഭേദീയവിഹിതൈരാദിശേല്ലിംഗകർമ്മഭിഃ
കുഷ്ഠേഷു ദോഷോൽബണതാം സർവ്വദോഷോൽബണം ത്യജേൽ
രിഷ്ടോക്തം യച്ച യച്ചാസ്ഥിമജ്ജശുക്ലസമാശ്രയമ്
യാപ്യം മേദോഗതം കൃച്ഛ്രം പിത്തദ്വന്ദ്വാസ്രമാംസഗമ്
അകൃച്ഛ്രം കഫവാതാഢ്യം ത്വക്സ്ഥമേകമലഞ്ച യൽ.

സാ—മേല്പറഞ്ഞ കാപാലാദികളായ കുഷ്ഠങ്ങളിൽ ഓരോന്നിലും വാതാദികളായ ദോഷങ്ങളിൽ ഏതേതാണ് ഉൽബണമായിരിക്കുന്നതെന്ന് ദോഷഭേദീയത്തിൽ പറഞ്ഞ ലക്ഷണങ്ങളെക്കൊണ്ടും കർമ്മങ്ങളെക്കൊണ്ടും അറിയേണ്ടതാണ്. സ്രംസവ്യാസാദികളായ ലിംഗകർമ്മങ്ങളുടെ പൂർണ്ണാപൂർണ്ണതയെ നോക്കി ഇന്ന കുഷ്ഠത്തിൽ ദോഷം ഉൽബണമായിട്ടില്ലെന്നോ ഉണ്ടെന്നോ പരിച്ഛേദിക്കണമെന്നർത്ഥം. അവയിൽവെച്ച് എല്ലാ ദോഷങ്ങളും ഉൽബണമായിട്ടുള്ള കുഷ്ഠം ഏതോ അതിനെ ഉപേക്ഷിക്കണം. രിഷ്ടത്തിൽ (=വികൃതവ്യാധിവിജ്ഞാനീയത്തിൽ) പറയപ്പെട്ട കുഷ്ഠം യാതൊന്നോ അതിനേയും (കുഷ്ഠം വിശീർ

മാണാംശം ഇത്യാദിയായി പറയപ്പെട്ടതിനേയും ഉപേക്ഷിക്കണം. അസ്ഥി, മജ്ജ, ശുക്ലം എന്നിവയെ ആശ്രയിച്ചുണ്ടായ കുഷ്ഠം യാതൊന്നോ അതിനേയും ത്യജിക്കണം. അസ്ഥ്യാദ്യാശ്രയങ്ങളായ കുഷ്ഠങ്ങളുടെ ലക്ഷണം ഇവിടെത്തന്നെ പറയപ്പെടും. ഇപ്പറഞ്ഞ കുഷ്ഠങ്ങൾ അസാധ്യങ്ങളാകുന്നു. മേദസ്സിനെ ആശ്രയിച്ചിട്ടുള്ള കുഷ്ഠം യാപ്യമാകുന്നു. പിത്തദ്വന്ദ്വാസ്രമാംസഗമായിരിക്കുന്ന കുഷ്ഠം കൃച്ഛ്രസാധ്യമാകുന്നു. കഫവാതാധികമായിട്ടുള്ള കുഷ്ഠം സുഖസാധ്യമാകുന്നു. ത്വക്കിനെ ആശ്രയിച്ചും ഒരു ദോഷം മാത്രം ദുഷിച്ചും ഉണ്ടായ കുഷ്ഠം യാതൊന്നോ അതും സുഖസാധ്യമാകുന്നു.

അനന്തരം ത്വഗാദ്യാശ്രയവശേന കുഷ്ഠങ്ങൾക്കുള്ള ലക്ഷണഭേദത്തെപ്പറയുന്നു:—

തത്ര ത്വചി സ്ഥിതേ കുഷ്ഠേ തോദവൈവർണ്യരൂക്ഷതാഃ
സ്വേദസ്വാപശ്വയഥവഃ ശോണിതേ പിശിതേ പുനഃ
പാണിപാദാശ്രിതാഃ സ്ഫോടാഃ ക്ലേദസ്സന്ധിഷു ചാധികഃ
കൌണ്യം ഗതിക്ഷയോങ്ഗാനാം ദലനം സ്യാച്ചമേദസി
നാസാഭംഗോസ്ഥിമജ്ജസ്ഥേ നേത്രരാഗഃ സ്വരക്ഷയഃ
ക്ഷതേ ച കൃമയഃ ശുക്ലേ സ്വദാരാപത്യബാധനം.

സാ—അവയിൽവെച്ച് കുഷ്ഠം ത്വക്കിനെ ആശ്രയിച്ചിരിക്കുമ്പോൾ ത്വക്കിന്ന് കുത്തിനോവും വിവർണ്ണതയും രൂക്ഷതയും ഭവിക്കും. രക്തത്തെ ആശ്രയിച്ചിരിക്കുമ്പോൾ വിയർപ്പും തരിപ്പും വീക്കവും ഉണ്ടാകും. മാംസത്തെ ആശ്രയിച്ചിരിക്കുമ്പോൾ പാണിപാദങ്ങളിൽ സ്ഫോടങ്ങൾ പുറപ്പെടുകയും സന്ധികളിൽ അധികമായ നലവുണ്ടാകയും ചെയ്യും. മേദസ്സിനെ ആശ്രയിച്ചിരിക്കുമ്പോൾ കൌണ്യവും (കൈമുടന്തലും) ഗതിക്ഷയവും അംഗങ്ങൾക്കു ദലനവും ഭവിക്കും. അസ്ഥിമജ്ജകളെ ആശ്രയിച്ചിരിക്കുമ്പോൾ നാസാഭംഗവും നേത്രങ്ങൾക്കു കലക്കവും സ്വരഹാനിയും ക്ഷതത്തിൽ (വ്രണത്തിൽ) കൃമികളും ഉണ്ടാകും. ശുക്ലത്തിൽ ആശ്രയിച്ചിരിക്കുമ്പോൾ ആ കുഷ്ഠം രോഗിയുടെ ഭാൎയ്യയേയും അതിലുണ്ടാകുന്ന സന്താനങ്ങളേയുംകൂടി ബാധിക്കുകയും ചെയ്യും.

യഥാപൂർവ്വഞ്ച സർവ്വാണി സ്യുർല്ലിംഗാന്യസൃഗാദിഷു.

സാ—രക്താദിധാതുക്കളെ ആശ്രയിച്ചിട്ടുള്ള കുഷ്ഠങ്ങൾക്കു യഥാപൂർവ്വമുള്ള ലക്ഷണങ്ങളും ഭവിക്കും. കുഷ്ഠം ഏതു ധാതുവിങ്കൽ സ്ഥിതിചെ

യ്യുന്നുവോ അതിന്റെ മുമ്പുള്ള ധാതുവിൽ സ്ഥിതിചെയ്യുമ്പോഴത്തെ ലക്ഷണങ്ങളും ഉണ്ടാകുമെന്നർത്ഥം. അതുകൊണ്ട് രക്താശ്രിതകുഷ്ഠത്തിങ്കൽ ത്വഗാശ്രിതകുഷ്ഠത്തിന്റേയും, മാംസാശ്രിതത്തിങ്കൽ ത്വഗ്രക്താശ്രിതങ്ങളുടേയും, മേദോഗതത്തിങ്കൽ ത്വഗ്രക്തമാംസാശ്രിതങ്ങളുടേയും ലക്ഷണങ്ങൾക്കൂടി ഭവിക്കും. ഇതുപോലെ ശുക്ലപര്യന്തമുള്ളവയിലെല്ലാം കണ്ടുകൊൾക. ശുക്ലാശ്രിതകുഷ്ഠത്തിങ്കൽ സർവ്വധാത്വാശ്രിതങ്ങളായവയുടേയും ലക്ഷണങ്ങൾ പൂർണ്ണമായിരിക്കും. ഇങ്ങിനെ കുഷ്ഠം പറയപ്പെട്ടു.

അനന്തരം ശ്വിത്രത്തെപ്പറയുന്നു:—

കുഷ്ഠൈകസംഭവം ശ്വിത്രം കിലാസം ചാരുണഞ്ച തൽ
നിർദ്ദിഷ്ടമപരിസ്രാവി ത്രിധാതൂത്ഭവസംശ്രയമ്.

സാ—ശ്വിത്രം (പാണ്ട്) എന്ന രോഗം കുഷ്ഠസദൃശമായ സംഭവത്തോടുകൂടിയതാകുന്നു. കുഷ്ഠത്തിന്റെ നിദാനദോഷദൂഷ്യസംപ്രാപ്തികൾതന്നെയാണ് ശ്വിത്രത്തിന്നുമെന്നു സാരം. ഈ ശ്വിത്രത്തെ ആചാര്യന്മാർ കിലാസമെന്നും ചാരുണമെന്നും അപരിസ്രാവി എന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇത് മൂന്നു ധാതുക്കളെക്കൊണ്ട് (=വാതപിത്തകഫങ്ങളെക്കൊണ്ട്) ഉത്ഭവിക്കുന്നതും മൂന്നു ധാതുക്കളെ (രക്തമാംസമേദസ്സുകളെ) അധിഷ്ഠാനം ചെയ്തിരിക്കുന്നതുമാകുന്നു. ഉത്ഭവപക്ഷത്തിൽ ധാതുശബ്ദത്തിന്ന് ദോഷമെന്നും സംശ്രയപക്ഷത്തിൽ രസാദിധാതുക്കളെന്നും അർത്ഥമാകുന്നു.

ഇനി ഉത്ഭവധാതുത്രയക്രമേണതന്നെ ശ്വിത്രങ്ങളുടെ ലക്ഷണം പറയുന്നു:—

വാതാദ്രൂക്ഷാരുണം പിത്താത്താമ്രം കമലപത്രവൽ
സദാഹം രോമവിദ്ധ്വംസി കഫാച്ഛ്വേതം ഘനം ഗുരു
സകണ്ഡു ച ക്രമാദ്രക്തമാംസമേദസ്സു ചാദിശേൽ
വർണ്ണേനൈവതദ്ദുഭയം കൃച്ഛ്രം തച്ചോത്തരോത്തരമ്
അശുക്ലരോമാബഹുലമസംസൃഷ്ടം മിഥോനവമ്
അനഗ്നിദഗ്ദ്ധജം സാദ്ധ്യം ശ്വിത്രം വർജ്ജമതോന്യഥാ
ഗുഹ്യപാണിതലോഷ്ഠേഷു ജാതമപ്യചിരന്തനമ്
സ്പർശൈകാഹാരശയ്യാദിസേവനാൽ പ്രായശോ ഗദാഃ
സർവ്വേ സഞ്ചാരിണോ നേത്രത്വഗ്വികാരാ വിശേഷതഃ.

സാ—വാതം ഹേതുവായിട്ടുള്ളതും രക്തധാതുവിനെ ആശ്രയിച്ചിട്ടുള്ളതുമായ ശ്വിത്രം വർണ്ണംകൊണ്ട് രൂക്ഷാരുണമായിരിക്കും. പിത്തം ഹേ

ത്തുവായിട്ടുള്ളതും മാംസത്തെ ആശ്രയിച്ചിട്ടുള്ളതുമായ ശ്വിത്രം താമരയിതളുപോലെ താമ്രവർണ്ണമായിരിക്കും. അങ്ങിനെതന്നെ സദാഹവും രോമധ്വംസകരവുമായുമിരിക്കും. കഫം ഹേതുവായിട്ടുള്ളതും മേദസ്സിനെ ആശ്രയിച്ചിട്ടുള്ളതുമായ ശ്വിത്രം ശ്വേതവർണ്ണമായിരിക്കും. അങ്ങിനെതന്നെ ഘനമായും ഗുരുവായും ചൊറിച്ചിലുള്ളതായുമിരിക്കയും ചെയ്യും. ഈ രണ്ടുതരം ശ്വിത്രവും (അതായതു വാതാദ്യുത്ഭവവും രക്താദിസംശ്രയവുമായതു്) ഉത്തരോത്തരം കൃച്ഛ്രസാദ്ധ്യമാകുന്നു. വാതജവും രക്താശ്രിതവും കൃച്ഛ്രസാദ്ധ്യമാണെന്നും, പിത്തജവും മാംസാശ്രിതവും അതിനെക്കാളധികം കൃച്ഛ്രമാണെന്നും, കഫജവും മേദഃസംശ്രയവും എല്ലാററിലുമധികം കൃച്ഛ്രമാണെന്നും അർത്ഥം. ഇനി ശ്വിത്രങ്ങളുടെ സാദ്ധ്യാസാദ്ധ്യതയെ പറയുന്നു. അശുക്ലേതി—അശുക്ലരോമം (=രോമം വെളുക്കാത്തതു്) ആയും അതിഘനമല്ലാത്തതായും അന്യോന്യസംസർഗ്ഗമില്ലാത്തതായും പുതിയതായും അനഗ്നിദഗ്ദ്ധജം (=തീപ്പൊള്ളിയ സ്ഥലത്തുണ്ടാകാത്തതു്) ആയും ഇരിക്കുന്ന ശ്വിത്രം സാദ്ധ്യമാകുന്നു. ഇതിൽനിന്നു വിപരീതമായ ശ്വിത്രം അസാദ്ധ്യമാകയാൽ വർജ്ജ്യവുമാണു്. പുതിയതായിരുന്നാൽക്കൂടിയും ഗുഹ്യത്തിങ്കലും ഉള്ളംകയ്യിലും ഓഷ്ഠത്തിലും ഉണ്ടായ ശ്വിത്രം വർജ്ജ്യംതന്നെയാകുന്നു. ഇനി കുഷ്ഠശ്വിത്രാദികൾ പകരുന്ന രോഗങ്ങളാണെന്നു പറയുന്നു. സ്പർശേതി—തൊട്ടുപെരുമാററം, ഒരേ ആഹാരം കഴിക്കൽ, ഒന്നിച്ചു കിടക്കൽ മുതലായ കാരണങ്ങളെക്കൊണ്ടു് പ്രായേണ എല്ലാ രോഗങ്ങളും പകരുന്നവയാണു്. വിശേഷിച്ചു് നേത്രരോഗങ്ങൾ-ത്വഗ്രോഗങ്ങൾ എന്നിവ മേല്പറഞ്ഞ കാരണങ്ങളെക്കൊണ്ടു് ഒരാളിൽനിന്നു മറെറാരാൾക്കു പകരും.

കുഷ്ഠത്തിങ്കൽ കൃമിയുടെ പ്രസംഗം വന്നതുകൊണ്ടു് ഇനി കൃമികളെപ്പറയുന്നു:—

കൃമയസ്തു ദ്വിധാ പ്രോക്താ ബാഹ്യാഭ്യന്തരഭേദതഃ
ബഹിർമ്മലകഫാസൃഗ്വിഡ്ജന്മഭേദാച്ചതുർവ്വിധാഃ
നാമതോ വിംശതിവിധാ ബാഹ്യാസ്തത്രാമൃജോത്ഭവാഃ
തിലപ്രമാണസംസ്ഥാനവർണ്ണാഃ കേശാംബരാശ്രയാഃ
ബഹുപാദാശ്ച സൂക്ഷ്മാശ്ച യൂകാ ലിക്ഷാശ്ച നാമതഃ
ദ്വിധാ തേ കോഠപിടകാകണ്ഡൂഗണ്ഡാൻ പ്രകുർവ്വതേ.

സാ—കൃമികളാകട്ടേ ബാഹ്യങ്ങളെന്നും ആഭ്യന്തരങ്ങളെന്നുമുള്ള

ഭേദത്താൽ രണ്ടുവിധത്തിലായി പറയപ്പെട്ടിരിക്കുന്നു. ചിലത് ബഹിർമ്മലത്തിൽനിന്നുണ്ടാകുന്നവയും ചിലത് കഫത്തിൽനിന്നുണ്ടാകുന്നവയും ചിലത് രക്തത്തിൽനിന്നുണ്ടാകുന്നവയും ചിലത് മല (പുരീഷ)ത്തിൽനിന്നുണ്ടാകുന്നവയും എന്നിങ്ങിനെ കൃമികൾ ജന്മംകൊണ്ട് നാലുവിധമാകുന്നു. ബഹിർമ്മലമെന്നാൽ ശരീരബാഹ്യമായ കേശവസ്ത്രാദിമലമെന്നർത്ഥം. പേരുകൊണ്ട് കൃമികൾ ഇരുപതുവിധമാകുന്നു. ബാഹ്യാഭ്യന്തരഭേദേന ദ്വിവിധങ്ങളായവയിൽവെച്ച് ബാഹ്യങ്ങളായവ അമൃജ (അശുദ്ധി, ബഹിർമ്മലം) കൊണ്ടാണുണ്ടാകുന്നത്. അവ എള്ളിന്റേതുപോലെയുള്ള വലിപ്പവും ആകൃതിയും നിറവും ഉള്ളവയും തലമുടിയിലും വസ്ത്രത്തിലും പററിക്കൂട്ടുന്നവയും ആകുന്നു. ഇവക്ക് അനേകം കാലുകളുണ്ടായിരിക്കും. വളരെ സൂക്ഷ്മങ്ങളായിരിക്കും. ഇവ പേരുകൊണ്ട് യൂകകൾ, ലിക്ഷങ്ങൾ എന്ന് രണ്ടുവിധമത്രേ. ഇവ കോഠപിടകാകണ്ഡൂഗണ്ഡങ്ങളെ ജനിപ്പിക്കും. യൂകകൾ, ലിക്ഷകൾ= ഈരും, പേനും.

കുഷ്ഠൈകഹേതവോന്തർജ്ജാഃ ശ്ലേഷ്മജാസ്തേഷു ചാധികം
മധുരാന്നഗുളക്ഷീരദധിസക്തുനവോദനൈഃ
ശകൃജ്ജാ ബഹുവിഡ്ധാന്യപർണ്ണശാകൌകുലാദിഭിഃ.

സാ—അന്തർഭാഗത്തുണ്ടാകുന്ന കൃമികൾ കുഷ്ഠത്തിന്നു പറയപ്പെട്ട കാരണങ്ങളെക്കൊണ്ടുതന്നെ ഉണ്ടാകുന്നവയാണ്. ഇവയിൽവെച്ച് കഫജങ്ങളായവ അധികവും മധുരാന്നം, ഗുളം, ക്ഷീരം, ദധി, സക്തു, നവോദനം എന്നിവയെക്കൊണ്ടാണുണ്ടാകുന്നത്. ശകൃജ്ജങ്ങൾ (പുരീഷജങ്ങൾ) ആയ കൃമികൾ അധികവും ബഹുവിഡ്ധാന്യം (വളരെ മലത്തെ ഉണ്ടാക്കുന്ന ധാന്യം), പർണ്ണം, ശാകം, ഓകുലം മുതലായവയെക്കൊണ്ടുമാണുണ്ടാവുക. ഓകുലം=വിളയാതെയുള്ള ധാന്യം വറുത്തത്.

കഫാദാമാശയേ ജാതാ വൃദ്ധാസ്സർപ്പന്തി സർവ്വതഃ
പൃഥുവധ്രനിഭാഃ കേചിൽ കേചിൽ ഗണ്ഡൂപദോപമാഃ
രൂഢധാന്യാങ്കുരാകാരാസ്തനുദീർഘാസ്തഥാണവഃ
ശ്വേതാസ്താമ്രാവഭാസാശ്ച നാമതസ്സപ്തധാ തു തേ
അന്ത്രാദാ ഉദരാവേഷ്ടാ ഹൃദയാദാ മഹാരുഹാഃ
ചുരവോ ദർഭകുസുമാസ്സുഗന്ധാസ്തേ തു കുർവ്വതേ

ഹൃല്ലാസമാസ്യസ്രവണമവിപാകമരോചകമ്
മൂർച്ഛാച്ഛർദ്ദിജ്വരാനാഹകാർശ്യക്ഷവഥുപീനസാൻ.

സാ—കഫം ഹേതുവായിട്ട് ആമാശയത്തിൽ ജനിച്ചുവളൎന്ന് കൃമികൾ അവിടെനിന്ന് എല്ലാടത്തും(ഉദരത്തിൽ എല്ലാടത്തും)സഞ്ചരിക്കും. അവയിൽ ചിലത് വലുതായ വള്ളത്തിൻെറ ആകൃതിയുള്ളവയും ചിലത് ഗണ്ഡൂപദം (ഞാഞ്ഞൂൾ) പോലെ ഉള്ളവയും ആയും ചിലത് മുളച്ച ധാന്യമുളയുടെ ആകൃതിയുള്ളവയും ചിലത് തനുദീൎഘങ്ങളായും ചിലത് അണുക്കളായും ചിലത് ശ്വേതങ്ങളായും ചിലത് താമ്രങ്ങളായുമിരിക്കും. ഈ കഫജകൃമികൾ പേർകൊണ്ട് ഏഴുവിധമാകുന്നു. അന്ത്രാദങ്ങൾ, ഉദരാവേഷ്ടങ്ങൾ, ഹൃദയാദങ്ങൾ, മഹാഗുഹങ്ങൾ, ചൂരുക്കൾ, ദർഭകുസുമങ്ങൾ, സുഗന്ധങ്ങൾ എന്നിങ്ങിനെയാണ് ഏഴുവിധം. ഈ കൃമികൾ ഹൃല്ലാസം, ആസ്യസ്രവണം, അവിപാകം, അരോചകം, മൂർച്ഛാ, ഛൎദ്ദി, ജ്വരം, ആനാഹം, കാൎശ്യം, ക്ഷവം, പീനസം എന്നിവയെ ഉണ്ടാക്കുകയും ചെയ്യും. (അന്ത്രാദങ്ങൾ=ആന്ത്രത്തെ തിന്നുന്നവ, ഇത്യാദിയായി കൃമിനാമങ്ങളുടെ അൎത്ഥങ്ങൾ ആലോചിക്കേണ്ടതാകുന്നു). ഇനി രക്തജകൃമികളെ പറയുന്നു.

രക്തവാഹിസിരാസ്ഥാനാ രക്തജാ ജന്തവോണവഃ
അപാദാ വൃത്തതാമ്രാശ്ച സൌക്ഷ്മ്യാൽ കേചിദദൎശനാഃ
കേശാദാ ലോമവിധ്വംസാ ലോമദ്വീപാ ഉദുംബരാഃ
ഷൾ തേ കുഷ്ഠൈകകൎമ്മാണസ്സഹസൌരസമാതരഃ.

സാ—രക്തംകൊണ്ടുണ്ടാകുന്ന കൃമികൾ രക്തവാഹിനികളായ സിരകളിലാണ് അധിഷ്ഠാനം ചെയ്യുന്നത്. ഈ കൃമികൾ അണുക്കളും കാലില്ലാത്തവയും വൃത്താകാരങ്ങളും താമ്രവൎണ്ണങ്ങളുമായിരിക്കും. സൂക്ഷ്മങ്ങളാകയാൽ ചിലതിനെ കാണ്മാൻ സാധിക്കയില്ല. ഇവ കേശാദങ്ങൾ, ലോമവിധ്വംസങ്ങൾ, ലോമദ്വീപങ്ങൾ, ഉദുംബരങ്ങൾ, സൌരസങ്ങൾ, മാതൃക്കൾ എന്നിങ്ങിനെ ആറാകുന്നു. ഇതുകൾ കുഷ്ഠതുല്യമായ കൎമ്മത്തെ ചെയ്യുന്നവയാകുന്നു.

പക്വാശയേ പുരീഷോത്ഥാ ജായന്തേധോവിസൎപ്പിണഃ
വൃദ്ധാസ്തേസ്യുർഭവേയുശ്ച തേ യദാമാശയോന്മുഖാഃ
തദാസ്യോദ്ഗാരനിശ്വാസാ വിഡ്ഗന്ധാനുവിധായിനഃ

പൃഥുവൃത്തതനുസ്ഥൂലാഃ ശ്യാവപീതസിതാസിതാഃ
തേ പഞ്ചനാമ്നാ കൃമയഃ കകേരുകമകേരുകാഃ
സൌസുരാദാസ്സലൂനാഖ്യാ ലേലിഹാ ജനയന്തി ച
വിഡ്ഭേദശൂലവിഷ്ടംഭകാർശ്യപാരുഷ്യപാണ്ഡുതാഃ
രോമഹർഷാഗ്നിസദനഗുദകണ്ഡൂവിനിർഗ്ഗമാൻ.

സാ—പുരീഷജങ്ങളായ കൃമികൾ പക്വാശയത്തിലാണുണ്ടാകുന്നത്. അവ അധോവിസപ്പികൾ (കീഴ്പോട്ടു വ്യാപിക്കുന്നവ) ആയിരിക്കും. പക്വാശയജങ്ങളായ ഇവ പ്രവൃദ്ധങ്ങളായിട്ടു ചിലപ്പോൾ ആമാശയോന്മുഖങ്ങളായി ഭവിക്കും. ഇങ്ങിനെ ചെയ്യുന്നതെപ്പോഴോ അപ്പോൾ രോഗിയുടെ തേട്ടൽ ശ്വാസംകഴിക്കൽ എന്നിവയിൽ മലത്തിന്റെ ഗന്ധം ഉണ്ടായിരിക്കും. അവ പൃഥുത്വമുള്ളവയും വൃത്താകാരങ്ങളും തനുത്വമുള്ളവയും സ്ഥൂലങ്ങളും ശ്യാവപീതസിതാസിതവർണ്ണങ്ങളും ആയിരിക്കും. ഈ കൃമികൾ പേരുകൊണ്ട് അഞ്ചാകുന്നു. കകേരുകങ്ങൾ, മകേരുകങ്ങൾ, സൌസുരാദങ്ങൾ, ലൂനങ്ങൾ, ലേലിഹങ്ങൾ എന്നിങ്ങിനെയാണ് അഞ്ചുതരം. ഇവ, മലഭേദം-ശൂലം-വിഷ്ടംഭം-കാർശ്യം- പാരുഷ്യം-പാണ്ഡുത- രോമഹർഷം- അഗ്നിമാന്ദ്യം-ഗുദത്തിങ്കൽ ചൊറി-ഗുദനിർഗ്ഗമം എന്നിവയെ ജനിപ്പിക്കുകയും ചെയ്യും. ഇങ്ങിനെ ഇരുപതുതരം കൃമികളും പറയപ്പെട്ടു. (ബഹിർമ്മലജങ്ങൾ രണ്ട്; കഫജങ്ങൾ ഏഴ്; രക്തജങ്ങൾ ആറ്; പുരീഷജങ്ങൾ അഞ്ച്; ഇങ്ങിനെ ഇരുപത്).

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ചതുർദ്ദശോധ്യായഃ
സമാപ്തഃ.

## പഞ്ചദശോധ്യായഃ.

അനന്തരം, മഹാവ്യാധിത്വമെന്ന സാദൃശ്യംനിമിത്തം കുഷ്ഠശേഷം വാതവ്യാധിനിർണ്ണയത്തിന്നായി അദ്ധ്യായം ആരംഭിക്കുന്നു.

മൂ—അഥാതോ വാതവ്യാധിനിദാനം വ്യാഖ്യാസ്യാമഃ ഇതി ഹ സ്മാഹുരാത്രേയാദയോ മഹർഷയഃ.

സാ—അനന്തരം വാതവ്യാധിനിദാനത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. വാതവ്യാധിനിദാനം=വാതവ്യാധികളുടെ നിദാനം. വാതവ്യാധികൾ=വികൃതങ്ങളായ വാതങ്ങൾ.

സർവ്വാർത്ഥാനർത്ഥകരണേ വിശ്വസ്യാസ്യൈകകാരണമ്
അദൃഷ്ടദൃഷ്ടഃ പവനഃ ശരീരസ്യ വിശേഷതഃ
സ വിശ്വകർമ്മാ വിശ്വാത്മാ വിശ്വരൂപഃ പ്രജാപതിഃ
സ്രഷ്ടാ ധാതാ വിഭുർവ്വിഷ്ണുഃ സംഹർത്താ മൃത്യുരന്തകഃ
തദദുഷ്ടൗ പ്രയത്നേന യതിതവ്യമതസ്സദാ.

സാ—ഈ വിശ്വത്തിന്ന് എല്ലാ അർത്ഥങ്ങളേയും അനർത്ഥങ്ങളേയും ഉണ്ടാക്കുന്നതിൽ ക്രമേണ അദൃഷ്ടവും ദൃഷ്ടവുമായ വായുവാകുന്നു കാരണം. അദൃഷ്ടവായു അർത്ഥകരണത്തിങ്കലും ദൃഷ്ടവായു അനർത്ഥകരണത്തിങ്കലും മുഖ്യകാരണമാണെന്നർത്ഥം. ശരീരത്തിന്നു വിശേഷിച്ചും അർത്ഥാനർത്ഥകരണത്തിങ്കൽ വായുവാണ് കാരണം. അനന്തരം പൂർവ്വാചാര്യശൈലിയെ അനുസരിച്ച് വായുവിനെ സ്തുതിക്കുന്നു. സ ഇതി—വായു വിശ്വകർമ്മാവും വിശ്വാത്മാവും വിശ്വരൂപനും പ്രജാപതിയും സൃഷ്ടികർത്താവും ധാതാവും വിഭുവും വിഷ്ണു (=വ്യാപകൻ) വും സംഹർത്താവും മൃത്യുവും അന്തകനുമാകുന്നു. ആകയാൽ വായുവിന്റെ അദുഷ്ടിയിങ്കൽ (ദുഷിക്കാതിരിക്കുന്നതിൽ) എല്ലായ്പോഴും പണിപ്പെട്ട് പ്രയത്നം ചെയ്യണം.

തസ്യോക്തം ദോഷവിജ്ഞാനേ കർമ്മ പ്രാകൃതവൈകൃതമ്
സമാസാദധുനാ സ്ഥാനാദോഷഭേദീയേ നാമ ധാമ ച
പ്രത്യേകം പഞ്ചധാ ചാരോ വ്യാപാരശ്ചാപി വൈകൃതമ്
തസ്യോച്യതേ വിഭാഗേന സനിദാനം സലക്ഷണമ്
അസംഖ്യമപി സംഖ്യാതൈയ യദശീത്യാ പുരേരിതം
ധാതുക്ഷയകരൈർവ്വായുഃ കുപ്യത്യതിനിഷേവിതൈഃ
ചരൻ സ്രോതസ്സു രിക്തേഷു ഭൃശം താന്യേവ പൂരയൻ
തേഭ്യോന്യദോഷപൂർണ്ണേഭ്യഃ പ്രാപ്യ വാവരണം ബലീ
തത്ര പക്വാശയേ ക്രുദ്ധഃ ശൂലാനാഹാന്ത്രകൂജനം
മലരോധാശ്മവർദ്ധ്മാർശസ്ത്രികപൃഷ്ഠകടീഗ്രഹമ്
കരോത്യധരകായേ ച താംസ്താൻ കൃച്ഛ്രാനുപദ്രവാൻ

ആമാശയേ തൃഡ്വമഥുശ്വാസകാസവിഷൂചികാഃ
കണ്ഠോപരോധമുൽഗാരാൻ വ്യാധീനൂർദ്ധ്വഞ്ച നാഭിതഃ.

സാ—അതിന്റെ (അതായത് വായുവിന്റെ) പ്രാകൃതമായ ഉത്സാഹോച്ഛ്വാസാദികർമ്മവും വൈകൃതമായ വൃദ്ധിക്ഷയാനുസാരേണയുള്ള കാർശ്യാംഗസാദാദികർമ്മവും ദോഷവിജ്ഞാനീയത്തിൽ ചുരുക്കത്തിൽ പറയപ്പെട്ടിട്ടുണ്ട്. ദോഷഭേദീയത്തിൽ വിസ്തരിച്ച് പ്രത്യേകം അഞ്ചു വിധത്തിലുള്ള പ്രാണാപാനാദിനാമവും ഉരഃകണ്ഠാദിസ്ഥാനവും ചാരവും (വ്യാപ്തിയും) വ്യാപാരവും പറയപ്പെട്ടു. ഇവിടെയാകട്ടെ ആ വായുവിന്റെ തന്നെ രൂപാന്തരേണയുള്ള വൈകൃതമാണ് പറയപ്പെടുന്നത്. അതു വിഭാഗത്തോടുകൂടിയും നിദാനലക്ഷണസഹിതമായുമാണ് പറയപ്പെടുന്നത്. വായുവിന്റെ ഈ വൈകൃതം (വികൃതത്വം) അസംഖ്യമാണെങ്കിലും ഒരു സംഖ്യയെ ക്ലിപ്തപ്പെടുത്തേണ്ടതിനുവേണ്ടി അശീതി (എണ്പത്) എന്ന സംഖ്യകൊണ്ട് മുമ്പ് ഉക്തമായിട്ടുണ്ട്. വായുവിന്നു രണ്ടു വിധത്തിൽ കോപം വരും. ഒന്ന് ധാതുക്ഷയംകൊണ്ട്, മറ്റൊന്ന് ആവരണംകൊണ്ട്. ഇവയിൽ ധാതുക്ഷയംകൊണ്ടുള്ളതെങ്ങിനെയെന്നാൽ പറയുന്നു. ധാതുക്ഷയേതി—ധാതുക്ഷയകരങ്ങളായ വസ്തുക്കളെ അധികമായി സേവിച്ചാൽ വായു കോപിക്കുന്നു. ധാതുക്ഷയം വരുമ്പോൾ സ്രോതസ്സുകൾ ശൂന്യങ്ങളായിരിക്കുമല്ലോ. അങ്ങിനെയുള്ള സ്രോതസ്സുകളിൽ വായു സഞ്ചരിച്ച് അവയെത്തന്നെ ഏററവും പൂരണംചെയ്തിട്ട് വായുവികാരങ്ങളെ ജനിപ്പിക്കും. ആവരണംകൊണ്ടുള്ള കോപം എങ്ങിനെയെന്നാൽ പറയുന്നു. തേഭ്യ ഇതി—വായു ബലവാനായിരിക്കയും വായുവിന്നു സഞ്ചരിപ്പാനുള്ള സ്രോതസ്സുകൾ മററു ദോഷങ്ങളാൽ പൂർണ്ണങ്ങളാകയും ചെയ്യുമ്പോൾ മാർഗ്ഗത്തിന്ന് ആവരണം സംഭവിച്ച് വായു കോപിക്കുന്നു. അവയിൽവെച്ച് വായു പക്വാശയത്തിങ്കൽ ക്രുദ്ധനായാൽ ശൂലം, ആനാഹം, ആന്ത്രകൂജനം, മലരോധം, അശ്മരി, വൃദ്ധി, അർശസ്സ്, ത്രികപൃഷ്ഠകടികളിൽ ഗ്രഹം എന്നിവയേയും അധഃകായത്തിങ്കൽ അതികൃച്ഛ്രങ്ങളായ പല പല ഉപദ്രവങ്ങളേയും ഉണ്ടാക്കുന്നു. ആമാശയത്തിലാണ് കോപിച്ചതെങ്കിൽ തൃഷ്ണ, ഛർദ്ദി, ശ്വാസം, കാസം, വിഷൂചിക, കണ്ഠരോധം, ഉൽഗാരം എന്നിവയേയും നാഭിയിൽനിന്നു മേല്പെട്ടു നാനാപ്രകാരത്തിലുള്ള വ്യാധികളേയും ജനിപ്പിക്കുന്നു.

ശ്രോത്രാദിഷ്വിന്ദ്രിയവധം ത്വചി സ്ഫുടനരൂക്ഷതേ
രക്തേ തീവ്രാം രുജാം സ്വാപം താപം രാഗം വിവർണ്ണതാം

അരൂംഷ്യന്നസ്യ വിഷ്ടംഭമരുചിം കൃശതാം ഭ്രമം
മാംസമേദോഗതോ ഗ്രന്ഥീംസ്തോദാഢ്യാൻ കക്കശാൻ ഭ്രമമ്
ഗുവ്വങ്ഗഞ്ചാതിരുക്സ്തബ്ധം മുഷ്ടിദണ്ഡഹതോപമം
അസ്ഥിസ്ഥസ്സക്ഥിസദനം ശൂലം തീവ്രം ബലക്ഷയം
മജ്ജസ്ഥോസ്ഥിഷു സൌഷിയ്യമസ്വപ്നം സന്തതം രുജം
ശുക്ലസ്യ ശീഘ്രമുത്സഗ്ഗം സങ്ഗം വികൃതിമേവ വാ
തദ്വൽ ഗഭസ്യ ശുക്ലസ്ഥസ്സിരാസ്വാദ്ധ്മാനരിക്തതേ
തൽസ്ഥഃ സ്നാവസ്ഥിതഃ കുയ്യാൽ ഗൃധ്രസ്യായാമകുബ്ജതാഃ
വാതപൂണ്ണദൃതിസ്പശം ശോഫം സന്ധിഗതോനിലഃ
പ്രസാരണാകുഞ്ചനയോഃ പ്രവൃത്തിഞ്ച സവേദനാമ്
സവ്വാങ്ഗസംശ്രയസ്തോദഭേദസ്ഫുരണഭഞ്ജനമ്
സ്തമ്ഭനാക്ഷേപണസ്വാപസന്ധ്യാകുഞ്ചനകമ്പനം.

സാ—ശ്രോത്രാദികളിൽ വായു കോപിച്ചാൽ ശ്രോത്രേന്ദ്രിയം മുതലായ ഇന്ദ്രിയങ്ങൾക്ക് (ആദിശബ്ദംകൊണ്ട് നേത്രരസനാദികളെ ഗ്രഹിക്കണം.) വധത്തെ ഉണ്ടാക്കും. ത്വക്കിങ്കൽ വായു കോപിച്ചാൽ ത്വക്കിന്നു സ്ഫുടനത്തേയും രൂക്ഷതയേയും ജനിപ്പിക്കും. രക്തത്തിൽ വായു കോപിച്ചാൽ കഠിനമായ വേദന, തരിപ്പ്, ചൂട്, രാഗം, വൈവണ്ണ്യം, അരുസ്സുകൾ (ഒരുതരം കുരുക്കൾ), അന്നത്തിന്നു വിഷ്ടംഭം, അരുചി, കാർശ്യം, ഭ്രമം എന്നിവയെ ജനിപ്പിക്കും. മാംസധാതുവിനേയും മേദോധാതുവിനേയും ആശ്രയിച്ച് വായു കോപിച്ചാൽ വലിയ കുത്തിനോവുള്ളവയും കക്കശങ്ങളുമായ മുഴകളേയും ഭ്രമത്തേയും ഉണ്ടാക്കും. അംഗത്തെ കനമുള്ളതാക്കിയും കഠിനവേദനയുള്ളതാക്കിയും സ്തബ്ധമാക്കിയും മുഷ്ടികൊണ്ടും വടികൊണ്ടും ഹനിക്കപ്പെട്ടതുപോലെയാക്കിയും ചെയ്യും. വായു അസ്ഥിസ്ഥനായിട്ടു കോപിച്ചാൽ തുടകളിലും സന്ധ്യസ്ഥികളിലും കലശലായ വേദനയേയും ബലക്ഷയത്തേയും ഉണ്ടാക്കും. മജ്ജയിൽ സ്ഥിതനായിട്ടു വായു കോപിച്ചാൽ അസ്ഥികളിൽ സൌഷിയ്യ (സുഷിര)ത്തേയും നിദ്രാഹാനിയേയും സദാ വേദനയേയും ജനിപ്പിക്കും. ശുക്ലസ്ഥമായിട്ടു വായു കോപിച്ചാൽ ശുക്ലത്തിന്നു ശീഘ്രോത്സഗ്ഗത്തേയോ സംഗത്തേയോ വികൃതിയേയോ ജനിപ്പിക്കും; എന്നുതന്നെയല്ല, അതുപ്രകാരംതന്നെ ഗഭത്തിന്റെ ശുക്ലത്തിന്നും ശീഘ്രോത്സഗ്ഗാദികളെ ഉണ്ടാക്കും. സിരകളിൽ സ്ഥിതനായിട്ടു വായു കോപിച്ചാൽ സിര

കളിൽ വീപ്പും ശൂന്യതയും ഉണ്ടാക്കും. സ്നായുക്കളിൽ സ്ഥിതനായിട്ട വായു കോപിച്ചാൽ ഗൃധ്രസി, ആയാമം, കുബ്ജത (കൂന്) എന്നിവയെ ഉണ്ടാക്കും. സന്ധിഗതനായിട്ട കുപിതനായ വായു, വാതപൂർണ്ണദൃതിസ്പർശമായ (കാററുനിറഞ്ഞ തോൽപ്പന്തു തൊട്ടാലെന്നപോലെയുള്ള സ്പർശത്തോടുകൂടിയ) ശോഫത്തെ ജനിപ്പിക്കും. എന്നുതന്നെയല്ല കൈകാലുകളെ മടക്കുകയും നിവൃത്തുകയും ചെയ്യുമ്പോൾ വേദനയുണ്ടാക്കുകയും ചെയ്യും. സർവ്വാംഗങ്ങളേയും ആശ്രയിച്ചിട്ട കുപിതമായ വായു, അംഗങ്ങളിൽ കുത്തിനോവ്, പിളന്നനോവ്, മിന്നൽ, മുറിവ്, സ്തംഭനം, ആക്ഷേപണം, തരിപ്പ്, സന്ധികൾക്ക് ആകുഞ്ചനം, കമ്പനം എന്നിവയെ ഉണ്ടാക്കും.

യദാ തു ധമനീസ്സർവ്വാഃ ക്രുദ്ധോഭ്യേതി മുഹുർമ്മുഹുഃ
തദാംഗമാക്ഷിപത്യേഷ വ്യാധിരാക്ഷേപകഃ സ്മൃതഃ
അധഃ പ്രതിഹതോ വായുർവ്രജത്യൂർദ്ധ്വം ഹൃദാശ്രിതാഃ
നാഡീഃ പ്രവിശ്യ ഹൃദയം ശിരശ്ശംഖൌ ച പീഡയൻ
ആക്ഷിപേൽ പരിതോ ഗാത്രം ധനുർവ്വച്ചാസ്യ നാമയേൽ
കൃച്ഛ്രാദുച്ഛ്വസിതി സ്തബ്ധസ്രസ്തമീലിതദൃക്തതഃ
കപോത ഇവ കൂജേച്ച നിസ്സംജ്ഞഃ സോപതന്ത്രകഃ
സ ഏവ ചാപതാനാഖ്യോ മുക്തേ തു മരുതാ ഹൃദി
അശ്നുവീത മുഹുഃ സ്വാസ്ഥ്യം മുഹുരസ്വാസ്ഥ്യമാവൃതേ
ഗർഭപാതസമുത്പന്നഃ ശോണിതാതിസ്രുഃവാതഥിതഃ!
അഭിഘാതസമുത്ഥശ്ച ദുശ്ചികിത്സ്യതമോ ഹി സഃ.

സാ—യാതൊരിക്കൽ വായു കോപിച്ച് വീണ്ടും വീണ്ടും ധമനികളിലെല്ലാം സഞ്ചരിക്കുന്നുവോ അപ്പോൾ ആ വായു ശരീരത്തെ ആക്ഷേപിക്കും (അതായതു സങ്കോചിപ്പിക്കും). ഈ വ്യാധിക്ക് ആക്ഷേപകമെന്നു പേരാകുന്നു. ഇനി അപതന്ത്രകത്തെ പറയുന്നു. അധ ഇതി.—വായു മറെറാരു ദോഷത്താൽ അധോഭാഗത്തിൽ തടുക്കപ്പെട്ടിട്ട് ഹൃദയാശ്രിതങ്ങളായ നാഡികളെ പ്രവേശിച്ചിട്ട് ഹൃദയം-ശിരസ്സ്-ശംഖപ്രദേശങ്ങൾ എന്നിവയെ പീഡിപ്പിച്ചുംകൊണ്ട് ശരീരത്തെ എല്ലാം സങ്കോചിപ്പിക്കുകയും വില്ലുപോലെ നമിപ്പിക്കയും (വളയ്ക്കുകയും) ചെയ്യും. തന്നിമിത്തം ശ്വാസം കഴിക്കുന്നതിന്നു പ്രയാസം നേരിടുകയും കണ്ണുകൾ സ്തംഭിച്ചും സ്രംസിച്ചും ചിമ്പിയുമിരിക്കയും ചെയ്യും. സംജ്ഞവിട്ട്

കപോതപ്രാവിനെപ്പോലെ ഞരങ്ങുകയും ചെയ്യും. ഇത് അപതന്ത്രകമെന്ന വ്യാധിയാകുന്നു. ഇതിന്നുതന്നെ അപതാനകമെന്നും പേരുണ്ട്. ഇതിങ്കൽ ഹൃദയത്തെ പ്രപീഡനം ചെയ്യുന്ന വായു അവിടെനിന്ന് വിട്ടാൽ രോഗി പിന്നേയും പിന്നേയും സ്വാസ്ഥ്യത്തെ പ്രാപിക്കും. ഹൃദയം ആവൃതമായാലാകട്ടെ പിന്നേയും പിന്നേയും അസ്വാസ്ഥ്യത്തേയും പ്രാപിക്കും. ഈ അപതന്ത്രകമെന്ന വ്യാധി സ്ത്രീകൾക്ക് ഗർഭപാതം നിമിത്തമോ അധികമായ രക്തസ്രവണം നിമിത്തമോ ഉണ്ടായാലും അഭിഘാതം നിമിത്തമുണ്ടായാലും അതു ചികിത്സിപ്പാൻ ഏററവും പ്രയാസമുള്ളതാകുന്നു.

മന്യേ സംസ്തഭ്യ വാതോന്തരായച്ഛൻ ധമനീസ്തദാ
വ്യാപ്നോതി സകലം ദേഹം ജത്രുരായമ്യതേ തദാ
അന്തർദ്ധനുരിവാങ്ഗഞ്ച വേഗൈഃ സ്തംഭശ്ച നേത്രയോഃ
കരോതി ജൃംഭാം ദശനം ദശനാനാം കഫോദ്വമം
പാർശ്വയോർവ്വേദനാം വാക്യഹനുപൃഷ്ഠശിരോഗ്രഹമ്
അന്തരായാമ ഇത്യേഷ ബാഹ്യായാമശ്ച തദ്വിധഃ
ദേഹസ്യ ബഹിരായാമാൽ പൃഷ്ഠതോ ഹ്രിയതേ ശിരഃ
ഉരശ്ചോൽക്ഷിപ്യതേ തത്ര കന്ധരാ ചാവമൃദ്യതേ
ദന്തേഷ്വാസ്യേ ച വൈവർണ്യം പ്രസ്വേദഃ സ്രസ്തഗാത്രതാ
ബാഹ്യായാമം ധനുഷ്കമ്പം ബ്രുവതേ വേഗിനഞ്ച തമ്.

സാ—വാതം മന്യകളെ സ്തംഭിപ്പിച്ച് ധമനികളെ ഉള്ളിലേക്കു നയിച്ചിട്ട് എപ്പോൾ സകല ദേഹത്തേയും വ്യാപിക്കുന്നുവോ അപ്പോൾ ജത്രു ആയമിക്കപ്പെടുന്നു (അകത്തേക്കു കുനിക്കപ്പെടുന്നു). അംഗവും വില്ലെന്നപോലെ അകത്തേയ്ക്കു വലിക്കപ്പെടുന്നു. വാതവേഗങ്ങൾ വരുമ്പോഴാണ് ഇങ്ങിനെ വളയ്ക്കപ്പെടുന്നത്. അപ്പോൾ കണ്ണുകൾക്കു സ്തംഭം–കോട്ടുവായിടൽ–പല്ലുകടിക്കൽ–വായിൽനിന്നു കഫംവരൽ–വാരികളിൽ വേദന–നാക്കിന്നും താടിയെല്ലുകൾക്കും പൃഷ്ഠത്തിന്നും തലയ്ക്കും പിടുത്തം–എന്നിവയേയും ഉണ്ടാക്കുന്നു. ഇങ്ങിനെയുള്ള വ്യാധിക്ക് അന്തരായാമം എന്നു പേർ. ബാഹ്യായാമവും ഇതുപോലെതന്നെയാണ്. അതിങ്കൽ ദേഹം പിൻഭാഗത്തേക്കു വലിയുന്നതുകൊണ്ട് ശിരസ്സ് പൃഷ്ഠഭാഗത്തേയ്ക്കു നയിക്കപ്പെടുന്നു. അപ്പോൾ ഉരസ്സ് പൊന്തുകയും കഴുത്ത് പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. പല്ലുകളിലും വാ

യിലും വിവർണ്ണതയും കലശലായ വിയർപ്പും ഗാത്രസ്തംഭവും ഉണ്ടാകും. ഇതിനെ ബാഹ്യായാമമെന്നും ധനുഷ്ടംഭമെന്നും വേഗിയെന്നും പറയുന്നു. മന്യാസ്തംഭാദികൾ അന്തരായാമത്തിങ്കലും ബഹിരായാമത്തിങ്കലും സാധാരണമാണെന്നും, അന്തരായാമത്തിൽ തല മാറത്തേക്കും ബഹിരായാമത്തിൽ പൃഷ്ഠത്തിലേക്കും വലിയുന്നതു മാത്രമാണ് ഭേദമെന്നും കാണുക.

വ്രണം മർമ്മാശ്രിതം പ്രാപ്യ സമീരണസമീരണാൽ
വ്യായച്ഛന്തി തനും ദോഷാഃ സർവ്വാമാപാദമസ്തകമ്
തൃഷ്യതഃ പാണ്ഡുഗാത്രസ്യ വ്രണായാമസ്സ വർജ്ജിതഃ
ഗതേ വേഗേ ഭവേൽ സ്വാസ്ഥ്യം സർവ്വേഷ്വാക്ഷേപകേഷു തു
ജിഹ്വാതിലേഖനാച്ഛുഷ്കഭക്ഷണാദഭിഘാതതഃ
കുപിതോ ഹനുമൂലസ്ഥഃ സ്രംസയിത്വാനിലോ ഹനൂ
കരോതി വിവൃതാസ്യത്വമഥവാ സംവൃതാസ്യതാം
ഹനുസ്രംസസ്സ തേന സ്യാൽ കൃച്ഛ്രാച്ചർവ്വണഭാഷണം
വാഗ്വാഹിനീസിരാസംസ്ഥോ ജിഹ്വാം സ്തംഭയതേനിലഃ
ജിഹ്വാസ്തംഭസ്സ തേനാന്നപാനവാക്യേഷ്വനീശതാ.

സാ—ദോഷങ്ങൾ മർമ്മത്തെ ആശ്രയിച്ചിട്ടുള്ളതായ വ്രണത്തിൽ വായുവിന്റെ പ്രേരണകൊണ്ടു ചെന്നുവശാവും. എന്നിട്ട് അടിമുതൽ മുടിവരേയുള്ള ദേഹത്തെ മുഴുവൻ വ്യായമിപ്പിക്കും (പിടിച്ചുവലിക്കും). രോഗി തൃഷ്ണയുള്ളവനും വിളത്ത ദേഹത്തോടുകൂടിയവനുമായിത്തീരും. ഇങ്ങിനെയുള്ള വ്യാധിക്കു വ്രണായാമമെന്നു പേർ. ഇത് വൈദ്യന്മാരാൽ വർജ്ജിക്കപ്പെട്ടതാകുന്നു. ഇതേവരെ പറയപ്പെട്ട എല്ലാ ആക്ഷേപകങ്ങളിലും വായുവിന്റെ വേഗം ശമിച്ചാൽ സുഖം ഭവിക്കും. ഇനി ഹനുസ്രംസത്തെ പറയുന്നു. ജിഹ്വേതി—നാവ് അധികമായി വടിക്കുക, ഉണങ്ങിയ വസ്തുക്കളെ ഭക്ഷിക്കുക എന്നിവയെക്കൊണ്ടും വായു കോപിച്ച് ഹനുമൂലത്തിൽ (താടിയെല്ലുകളുടെ കടക്കൽ) ചെന്നുവശായി താടിയെല്ലുകളെ സ്രംസിപ്പിച്ച് (ശിഥിലീകരിച്ച്) ഒന്നുകിൽ വായയെ തുറപ്പിക്കുകയോ അല്ലെങ്കിൽ വായ അടപ്പിക്കുകയോ ചെയ്യുന്നു. ഇതാണ് ഹനുസ്രംസമെന്ന വ്യാധി. ഇതുണ്ടായാൽ ഭക്ഷ്യാദികൾ കടിക്കുന്നതിലും വാക്കുകളെ ഉച്ചരിക്കുന്നതിലും വലിയ പ്രയാസമുണ്ടാകും. ഇനി ജിഹ്വാസ്തംഭത്തെ പ്പറയുന്നു. വാഗിതി—വാക്കിനെ വഹിക്കുന്ന

വയായ സിരകളിൽ വായു സ്ഥിതിചെയ്തിട്ടു് ജിഹ്വയെ സ്തംഭിപ്പിക്കുന്നു. ഈ വ്യാധിക്കു ജിഹ്വാസ്തംഭമെന്നു പേരാകുന്നു. ഇതുണ്ടായാൽ അന്നപാനങ്ങളെ കഴിക്കുന്നതിലും വാക്കുകൾ പറയുന്നതിലും ശക്തനല്ലാതെവരും.

ശിരസാ ഭാരഹരണാദതിഹാസ്യപ്രഭാഷണാൽ
ഉത്ത്രാസവക്രക്ഷവഥുഖരകാർമ്മുകകർഷണാൽ
വിഷമാദുപധാനാച്ച കഠിനാനാഞ്ച ചർവ്വണാൽ.
വായുർവ്വിവൃദ്ധസ്തൈസ്തൈശ്ച വാതളൈരൂർദ്ധ്വമാസ്ഥിതഃ
വക്രീകരോതി വക്ത്രാർദ്ധമുക്തം ഹസിതമീക്ഷിതം
തതോഽസ്യ കമ്പതേ മൂർദ്ധാ വാക്സംഗഃ സ്തബ്ധനേത്രതാ
ദന്തചാലഃ സ്വരഭ്രംശഃ ശ്രുതിഹാനിഃ ക്ഷവഗ്രഹഃ
ഗന്ധാജ്ഞാനം സ്മൃതേർമ്മോഷസ്ത്രാസസ്സുപ്തസ്യ ജായതേ
നിഷ്ഠീവഃ പാർശ്വതോ യായാദേകസ്യാക്ഷ്ണോ നിമീലനം
ജത്രോരൂർദ്ധ്വം രുജാസ്തീവ്രാശ്ശരീരാർദ്ധേഽധരേപി വാ
തമാഹുരർദ്ദിതം കേചിദേകായാമമഥാപരേ.

സാ—തലയിൽ ഭാരം ഏററുക, അതിയായി ചിരിക്കുക, അധികം സംസാരിക്കുക, ഉത്ത്രാസം ചെയ്യുക, വക്രമാകുംവണ്ണം (ശരീരത്തെ വിഷമമാക്കിയിട്ടു്) തുമ്മുക, അതികഠിനമായ വില്ലിനെ വലിക്കുക, സമമല്ലാതെയുള്ള തലയണ വെയ്ക്കുക, കഠിനപദാർത്ഥങ്ങളെ കടിക്കുക എന്നീ കാരണങ്ങളെക്കൊണ്ടും വാതവൃദ്ധികരങ്ങളായ മററു പല കാരണങ്ങളെക്കൊണ്ടും വായു വർദ്ധിച്ചു് ഊർദ്ധ്വഭാഗത്തു സ്ഥിതമായിട്ടു മുഖത്തിൻെറ അർദ്ധഭാഗത്തേയും വാക്കിനേയും ചിരിയേയും നോട്ടത്തേയും വക്രമാക്കിച്ചെയ്യുന്നു. ഇതുണ്ടായാൽ രോഗിയുടെ ശിരസ്സ് കമ്പിക്കും. വാക്ക് തടസ്ഥപ്പെടും. കണ്ണ് എളകാതെയാകും. പല്ലുകൾ ആടും. ഒച്ചയടക്കും. ചെവി കേൾക്കാതെയാകയും തുമ്മൽ തടസ്ഥപ്പെടുകയും ചെയ്യും. ഗന്ധം അറിയാതെകണ്ടാകും. ഓർമ്മക്കേട്, ഉറക്കത്തിൽ ഞെട്ടിത്തെറിക്കൽ എന്നിവയുണ്ടാകും. തുപ്പൽ ഒരു പുറത്തേക്കുപോകും. ഒരു കണ്ണ് ചിമ്പിയിരിക്കും. ശരീരത്തിൻെറ അർദ്ധത്തിൽ ജത്രുവിൻെറ മുകളിലൊ ചുവട്ടിലുംകൂടിയൊ കഠിനവേദനകളുണ്ടാകും. ഇങ്ങിനെയുള്ള വ്യാധിയെ ചിലർ അർദ്ദിതമെന്നും മററുചിലർ ഏകായാമമെന്നും പറയുന്നു. അർദ്ദിതം=ചിറികോടിവാതം.

രക്തമാശ്രിത്യ പവനഃ കുര്യ്യാന്മൂർദ്ധധരാസ്സിരാഃ
രൂക്ഷാസ്സവേദനാഃ കൃഷ്ണാഃ സോസാദ്ധ്യഃ സ്യാത്സിരാഗ്രഹഃ.

സാ—വായു രക്തത്തെ ആശ്രയിച്ചിട്ട് ശിരസ്സിനെ വഹിക്കുന്നവയായ സിരകളെ രൂക്ഷതയും വേദനയും കറുത്ത നിറവും ഉള്ളവയാക്കിച്ചെയ്യും. ഇത് സിരാഗ്രഹം എന്ന രോഗമാകുന്നു. ഇത് അസാദ്ധ്യമാകുന്നു.

ഗൃഹീത്വാർദ്ധം തനോർവ്വായുസ്സിരാഃ സ്നായൂർവിശോഷ്യ ച
പക്ഷമന്യതരം ഹന്തി സന്ധിബന്ധാൻ വിമോക്ഷയൻ
കൃൽസ്നോർദ്ധകായസ്തസ്യ സ്യാദകർമ്മണ്യോ വിചേതനഃ
ഏകാംഗരോഗം തം കേചിദന്യേ പക്ഷവധം വിദുഃ
സർവ്വാംഗരോഗം തദ്വച്ച സർവ്വകായാശ്രിതേനിലേ
ശുദ്ധവാതഹതഃ പക്ഷഃ കൃച്ഛ്രസാദ്ധ്യതമോ മതഃ
കൃച്ഛ്രസ്ത്വന്യേന സംസൃഷ്ടോ വിവർജ്ജ്യഃ ക്ഷതഹേതുകഃ.

സാ—വായു കോപിച്ച് ശരീരത്തിന്റെ അർദ്ധഭാഗത്തെ പരിഗ്രഹിക്കുകയും സിരകളേയും സ്നായുക്കളേയും ശോഷിപ്പിക്കുകയും ചെയ്തിട്ട് സന്ധികളുടെ കെട്ടുകളെല്ലാം വിട്ടുവിച്ച് ഏതെങ്കിലും ഒരു പക്ഷത്തെ ഹനിക്കുന്നു. എന്നാൽ അവന്റെ അർദ്ധകായം മുഴുവൻ യാതൊരു പ്രവൃത്തിക്കും ശക്തിയില്ലാത്തതായും നിശ്ചേതനമായും ഭവിക്കും. ഈ വ്യാധിയെ ചിലർ ഏകാംഗരോഗമെന്നും മററു ചിലർ പക്ഷവധമെന്നും പറയുന്നു. അപ്രകാരംതന്നെ വായു സർവ്വഭാഗങ്ങളേയും ആശ്രയിച്ചിരുന്നാൽ (അതായതു ശരീരത്തിന്റെ രണ്ടു ഭാഗങ്ങളേയും ഗ്രഹിച്ചാൽ) അതിനെ സർവ്വാംഗരോഗമെന്നും പറയുന്നു. ഈ പക്ഷവധം കേവലവാതജമായാൽ അതികൃച്ഛ്രസാദ്ധ്യമാണ്. അന്യദോഷസംസൃഷ്ടമായാൽ കൃച്ഛ്രമാകുന്നു. ക്ഷതം കാരണമായുണ്ടായ പക്ഷവധം തീരെ വർജ്ജിക്കുകതന്നെ വേണം.

ആമബദ്ധായനഃ കുര്യ്യാത്സംസ്തഭ്യാംഗം കഫാന്വിതഃ
അസാദ്ധ്യം ഹതസർവ്വേഹം ദണ്ഡവദ്ദണ്ഡകം മരുൽ
അംസമൂലസ്ഥിതോ വായുസ്സിരാസ്സങ്കോച്യ തത്രഗാഃ
ബാഹുപ്രസ്പന്ദിതഹരം ജനയത്യപബാഹുകമ്
തലം പ്രത്യംഗുലീനാം യാഃ കണ്ഡരാ ബാഹുപൃഷ്ഠതഃ
ബാഹുചേഷ്ടാപഹരണീ വിശ്വാചീ നാമ സാ സ്മൃതാ.

സാ—വായുവിന്റെ മാൎഗ്ഗങ്ങൾ ആമദോഷത്താൽ ബദ്ധങ്ങൾ (ആവൃതങ്ങൾ) ആയിച്ചമയും. അപ്പോൾ ആ വായു കഫസഹിതമായിട്ടു ദണ്ഡകം എന്ന വ്യാധിയെ ജനിപ്പിക്കും. ഇതു ദേഹത്തിന്റെ എല്ലാ ചേഷ്ടകളേയും ഹനിച്ച് ദേഹത്തെ ദണ്ഡം (=വടി) പോലെയാക്കിത്തീൎക്കും. ഈ ദണ്ഡകം അസാദ്ധ്യമാകുന്നു. ഇനി അപബാഹുകത്തെപ്പറയുന്നു. അംസേതി—വായു അംസമൂലത്തിങ്കൽ (ചുമലിന്റെ മൂലത്തിൽ) സ്ഥിതനായിട്ട് അവിടെയുള്ള സിരകളെ വലിച്ചു ചുരുക്കി അപബാഹുകമെന്ന വ്യാധിയെ ജനിപ്പിക്കുന്നു. ഈ വ്യാധി ബാഹുപ്രസ്പന്ദിതഹരം (കയ്യനക്കാൻ പാടില്ലാതാക്കുന്നത്) ആകുന്നു. ഇനി വിശ്വാചിയെ പറയുന്നു. തലമിതി—കയ്യിന്റെ പുറത്ത് കയ്യടത്തിന്നഭിമുഖമായിട്ടു വിരലുകളുടെ ഒരു കണ്ഡര ഉണ്ടല്ലോ. അതിന്മേൽ വായു കോപിച്ചുവശായാൽ അതു കൈകളുടെ ചേഷ്ടകളെ അപഹരിക്കും. ഈ രോഗത്തിന്നു വിശ്വാചി എന്നു പേരാകുന്നു.

വായുഃ കട്യാം സ്ഥിതസ്സക്ഥ്നഃ കണ്ഡരാമാക്ഷിപേദ്യദാ
തദാ ഖഞ്ജോ ഭവേജ്ജന്തുഃ പംഗുസ്സക്ഥ്നോർദ്വയോരപി
കമ്പതേ ഗമനാരംഭേ ഖഞ്ജന്നിവ ച യാതി യഃ
കലായഖഞ്ജം തം വിദ്യാന്മുക്തസന്ധിപ്രബന്ധനം.

സാ—വായു അരക്കെട്ടിൽ സ്ഥിതനായിട്ട് യാതൊരിക്കൽ ഒരു തുടയുടെ കണ്ഡരയെ വലിക്കുമോ അപ്പോൾ ആ ജീവി ഖഞ്ജൻ (=ഒരു കാൽ മുടന്തൻ) ആയി ഭവിക്കും; രണ്ടു തുടകളുടേയും കണ്ഡരകളെ ആക്ഷേപിച്ചുവെങ്കിൽ പംഗു (രണ്ടുകാലും മുടന്തിയവൻ) ആയും ഭവിക്കും. യാതൊരുവൻ നടക്കുവാൻ ഭാവിക്കുമ്പോൾ വിറയ്ക്കുകയും ഒരു കാൽ മുടന്തിയവനെന്നപോലെ നടക്കുകയും ചെയ്യുന്നുവോ അവൻ സന്ധിബന്ധങ്ങളഴിഞ്ഞവനാകുന്നു. ആ രോഗത്തെ കലായഖഞ്ജമെന്നറിയണം.

ശീതോഷ്ണദ്രവസംശുഷ്കഗുരുസ്നിഗ്ദ്ധൈർന്നിഷേവിതൈഃ
ജീൎണ്ണാജീൎണ്ണേ തഥായാസസംക്ഷോഭസ്വപ്നജാഗരൈഃ
സശ്ലേഷ്മമേദഃപവനമാമമത്യൎത്ഥസഞ്ചിതം
അഭിഭൂയേതരം ദോഷമൂരൂ ചേൽ പ്രതിപദ്യതേ
സക്ഥ്യസ്ഥീനി പ്രപൂൎയ്യാന്തഃ ശ്ലേഷ്മണാ സ്തിമിതേന തൽ
തദാ സ്തഭ്നാതി തേനോരൂ സ്തബ്ധൗ ശീതാവചേതനൗ

പരകീയാവിവ ഗുരു സ്യാതാമതിഭൃശവ്യഥൌ
ധ്യാനാങ്ഗമർദ്ദസ്തൈമിത്യതന്ദ്രാച്ഛർദ്ദ്യരുചിജ്വരൈഃ
സംയുതഃ പാദസദനകൃച്ഛ്രോദ്ധരണസുപ്തിഭിഃ
തമൂരുസ്തംഭമിത്യാഹുരാഢ്യവാതമഥാപരേ.

സാ—ശീതങ്ങളും ഉഷ്ണങ്ങളും ദ്രവങ്ങളും ശുഷ്കങ്ങളും ഗുരുക്കളും സ്നിഗ്ദ്ധങ്ങളുമായ വസ്തുക്കളെ ജീർണ്ണാജീർണ്ണത്തിങ്കൽ സേവിക്കുന്നതുകൊണ്ടും അപ്രകാരംതന്നെ ശരീരായാസം-സംക്ഷോഭം-സ്വപ്നം-ജാഗരണം എന്നിവയെക്കൊണ്ടും, അതിമാത്രമായി ഇളകിട്ടും കൂടിക്കിടക്കുന്നതായ ആമം കഫത്തോടും മേദസ്സിനോടും വായുവിനോടുംകൂടി, പ്രകുപിതമായ അന്യദോഷത്തെ തിരസ്കരിച്ച് തുടകളെ പ്രാപിക്കുന്നു എങ്കിൽ, തുടകളിലുള്ള അസ്ഥികളെ ഉറച്ചുകിടക്കുന്നതായ കഫംകൊണ്ട് ഉള്ളിൽ നിറച്ച് സ്തംഭിപ്പിക്കും. എന്നാൽ തുടകൾ സ്തബ്ധങ്ങളായും തണുത്തവയായും ചേതനയില്ലാത്തവയായും ഭവിക്കും. അന്യന്റെ തുടകളോ എന്നു തോന്നുമാറ് തുടകൾ കനമുള്ളവയായും അതി കഠിനവേദനയോടു കൂടിയവയായും ഭവിക്കും. രോഗി, ധ്യാനം-അംഗമർദ്ദം-സ്തൈമിത്യം-മടി-ഛർദ്ദി-അരുചി-ജ്വരം-കാലുകൾക്കു കുഴച്ചിൽ-കാലുകൾ പൊക്കുവാൻ ഞെരുക്കം-കാൽത്തരിപ്പ് എന്നിവയോടുകൂടിയവനായി ഭവിക്കും. ഈ വ്യാധിയെ ആചാര്യന്മാർ ഊരുസ്തംഭമെന്നു പറയുന്നു. മററു ചിലർ ആഢ്യവാതമെന്നും പറയുന്നു.

വാതശോണിതജഃശോഫോ ജാനുമദ്ധ്യേ മഹാരുജഃ
ജ്ഞേയഃ ക്രോഷ്ടുകശീർഷസ്തു സ്ഥൂലഃ ക്രോഷ്ടുകശീർഷവൽ
രുക്പാദേ വിഷമന്യസ്തേ ശ്രമാദ്വാ ജായതേ യദാ
വാതേന ഗുൽഫമാശ്രിത്യ തമാഹുർവ്വാതകണ്ടകമ്
പാർഷ്ണിം പ്രത്യംഗുലീനാം യാ കണ്ഡരാ മാരുതാർദ്ദിതാ
സക്ഥ്യുൽക്ഷേപം നിഗൃഹ്ണാതി ഗൃദ്ധ്രസീം താം പ്രചക്ഷതേ.

സാ—രക്തവാതംകൊണ്ട് കാൽമുട്ടിന്റെ മദ്ധ്യത്തിലുണ്ടായ ശോഫം വലിയ വേദനയുള്ളതായും ക്രോഷ്ടുകശീർഷം (=കുറുക്കന്റെ തല) പോലെ തടിച്ചതായും ഭവിക്കും. ഇത് ക്രോഷ്ടുകശീർഷം എന്ന വ്യാധിയാകുന്നു. ഇനി വാതകണ്ടകത്തെ പറയുന്നു. രുഗിതി—വാതം കാലിന്റെ ഞെരിയാണിയെ ആശ്രയിച്ചു കോപിച്ചാൽ കാൽ സമമല്ലാതെ വെക്കുമ്പോഴും ശ്രമം ഹേതുവായിട്ടും മടമ്പിൽ വേദനയുണ്ടാകും. ഇ

തിനെ ആചാര്യന്മാർ വാതകണ്ടകമെന്നു പറയുന്നു. അനന്തരം ഗൃ ധ്രസിയെ പറയുന്നു. പാർഷ്ണിമിതി—കാലിൻെറ മടമ്പിന്നഭിമുഖമായി ട്ട് കാൽവിരലുകളുടെ യാതൊരു കണ്ഡരയുണ്ടോ ആ കണ്ഡര വാത ത്താൽ പീഡിതമായാൽ സക്ഥികളുടെ ഉൽക്ഷേപത്തെ (പൊന്തിക്കുക എന്ന ചേഷ്ടയെ) നിഗ്രഹിക്കും. ഈ വ്യാധിയെ ആചാര്യന്മാർ ഗൃ ധ്രസി എന്നു പറയുന്നു. കൈവിരലുകളുടെ പുറത്തെ കണ്ഡരയിൽ വാതകോപംകൊണ്ട് വിശ്വാചിയെന്നപോലെ തന്നെ കാലുകളിൽ ഗൃ ധ്രസിയുമെന്നു സാരം.

വിശ്വാചീ ഗൃധ്രസീ ചോക്താ ഖല്ലീ തീവ്രരുജാന്വിതാ
ഹൃഷ്യേതേ ചരണൗ യസ്യ ഭവേതാഞ്ച പ്രസുപ്തവൽ
പാദഹർഷസ്സ വിജ്ഞേയഃ കഫമാരുതകോപജഃ
പാദയോഃ കുരുതേ ദാഹം പിത്താസൃക്സഹിതോനിലഃ
വിശേഷതശ്ചംക്രമിതേ പാദദാഹം തമാദിശേൽ.

സാ—മേൽപ്പറയപ്പെട്ട വിശ്വാചി, ഗൃധ്രസി എന്ന രണ്ടു വ്യാധി കളും കഠിനവേദനയോടുകൂടിയതായിരുന്നാൽ 'ഖല്ലി' എന്നൊരു പ്രത്യേ കപേർകൊണ്ടു പറയപ്പെടുന്നു. ഇനി പാദഹർഷത്തെ പറയുന്നു. ഹൃ ഷ്യേതേ ഇതി—യാതൊരുവൻെറ കാലുകൾ ഹർഷിക്കയും (രോമാഞ്ചമു ണ്ടാകയും) തരിച്ചാലത്തെപോലെ ആയി ഭവിക്കയും ചെയ്യുന്നുവോ അ തു പാദഹർഷമെന്ന വ്യാധിയാകുന്നു. ഇതു് കഫവാതങ്ങളുടെ കോപം കൊണ്ടാണുണ്ടാകുന്നതു്. അനന്തരം പാദദാഹത്തെ പറയുന്നു. പാ ദയോരിതി—വാതം രക്തപിത്തസഹിതമായി പാദങ്ങളിൽ കോപിച്ചി ട്ട് കാലടികളിൽ ചുട്ടുനീറൽ, ഉണ്ടാക്കുന്നു. ഈ ചുട്ടുനീറൽ നടന്നതി ന്നുശേഷം വിശേഷിച്ചും ഉണ്ടാകും. ഈ വ്യാധിയെ പാദദാഹമെന്നറി യേണ്ടതാണ്.

[1 ആക്ഷേപകം=ദേഹം വളയൽ 2 അപതന്ത്രകം അല്ലെങ്കിൽ അപതാനം=വില്ലുപോലെ ദേഹം വളയൽ 3 അന്തരായാമം=ദേഹം തൊഴുക്കുത്തിയതുപോലെ അകത്തേക്കു വളയുക 4 ബാഹ്യായാമം=അതു പോലെ പുറത്തേക്കു വളയുക 5 പ്രാണായാമം=മർമ്മത്തിലുള്ള വ്രണ ത്തിൽ വായു പ്രവേശിച്ച് ദേഹമാസകലം വ്യാപിക്കുന്നതു് (ഇവയെ ല്ലാം ആക്ഷേപകങ്ങളാകുന്നു) 6 ഹനുസ്രംസം=വായു താടിയെല്ലുകളിൽ പ്രവേശിച്ച് വായ അടയ്ക്കുകയോ തുറക്കുകയോ ചെയ്യുക. ഇതിൽ വായ കൂടിയിരുന്നാൽ തുറക്കുവാനും തുറന്നിരുന്നാൽ കൂട്ടുവാനും സാധിക്കാതെ

വത്മം. 7 ജിഹ്വാസ്തംഭം=നാവ് സ്തംഭിക്കുക 8 അർദ്ദിതം=മുഖം കോട്ടുക 9 സിരാഗ്രഹം=ഞരമ്പു പിടിക്കൽ 10 ഏകാംഗരോഗം അഥവാ പക്ഷവധം=ദേഹത്തിന്റെ പകുതിഭാഗം അചേതനമായിട്ടിരിക്കുക 11 സർവ്വാംഗരോഗം=ദേഹത്തിന്റെ മുഴുവൻഭാഗവും അചേതനമായിരിക്കുക 12 ദണ്ഡകം=ദേഹം ഏളക്കാൻ വഹിയാതെ വടിപോലെ നില്ക്കുക 13 അപബാഹുകം=കൈ ഏളക്കാൻ വഹിയാതെയാവുക 14 വിശ്വാചി=വായു, കൈപ്പടം സംബന്ധിച്ച ഞരമ്പുകളെ ഗ്രഹിച്ച് കൈകളുടെ ചേഷ്ടയെ നശിപ്പിക്കുക 15 ഖഞ്ജം=അരക്കെട്ടിന്റെ ഒരു ഭാഗം അനക്കാൻ വയ്യാതായി ഒരു കാൽ മുടന്തുക 16 പംഗു=അരക്കെട്ടിന്റെ രണ്ടു ഭാഗവും അനങ്ങാതെയാവുക 17 കളായഖഞ്ജം=നടക്കുവാൻ തുടങ്ങുമ്പോൾ കാൽ വിറച്ചുപോവുക 18 ഊരുസ്തംഭം അഥവാ ആഢ്യവാതം=തുടകൾ സ്തംഭിക്കുക 19 ക്രോഷ്ടുകശീഷം=കാൽമുട്ടുകൾ നീരുകെട്ടി കുറുക്കൻതലപോലെ ആവുക 20 വാതകണ്ടകം=നെരിയാണികളിൽ വായുകോപംകൊണ്ട് കാൽ വേദനിക്കുക 21 ഗൃദ്ധ്രസി=കാലിന്റെ മടമ്പു സംബന്ധിച്ച ഞരമ്പുകളിൽ വായു കോപിച്ച് കാൽ ഏളക്കാൻ വയ്യാതാക്കുക 22 ഖല്ലീ=വിശ്വാചിയിലും ഗൃധ്രസിയിലും കഠിനമായ വേദനകൂടിയുണ്ടായാൽ അതിന്നു ഖല്ലി എന്നു പേർ 23 പാദഹർഷം=കാൽ തരിക്കുക 24 പാദദാഹം=കാൽ ചുട്ടുനീറുക,—എന്നീ രോഗങ്ങളാണ് ഈ അദ്ധ്യായത്തിൽ ലക്ഷണസഹിതം പറയപ്പെട്ടത്. വാതവ്യാധികൾ എണ്ണത്തുവിൽമുള്ളതിൽ പ്രധാനമായവയാണ് ഇവ എന്നു ഗ്രഹിക്കേണ്ടതാകുന്നു.]

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
പഞ്ചദശോദ്ധ്യായഃ
സമാപ്തഃ.

## ഷോഡശോദ്ധ്യായഃ.

വാതവ്യാധികളുടെ അനന്തരം, വാതഹേതുത്വം എന്ന സാമാന്യധർമ്മത്തെ പുരസ്കരിച്ച്, വാതശോണിത (=രക്തവാത)ത്തെ നിർണ്ണയിപ്പാനായി അദ്ധ്യായം ആരംഭിക്കുന്നു.

മൂ—അഥാതോ വാതശോണിതനിദാനം വ്യാഖ്യാസ്യാമഃ ഇതിഹ സ്മാഹുരാത്രേയാദയോ മഹർഷയഃ.

സാ—അനന്തരം വാതശോണിതനിദാനമെന്ന അദ്ധ്യായത്തെ പറയുവാൻ പോകുന്നു. ആത്രേയാദികളായ മഹർഷിമാർ ഇങ്ങിനെ പറഞ്ഞു. വാതശോണിതനിദാനം=വാതശോണിതത്തിൻെറ നിദാനം. വാതശോണിതം=രക്തവാതം.

വിദാഹ്യന്നം വിരുദ്ധഞ്ച തത്തച്ചാസൃക്പ്രദൂഷണമ്
ഭജതാം വിധിഹീനഞ്ച സ്വപ്നജാഗരമൈഥുനമ്
പ്രായേണ സുകുമാരാണാമചംക്രമണശീലിനാമ്
അഭിഘാതാദശുദ്ധേശ്ച നൃണാമസൃജി ദൂഷിതേ
വാതളൈശ്ശീതളൈർവ്വായുർവൃദ്ധഃ ക്രുദ്ധോ വിമാർഗ്ഗഗഃ
താദൃശേനാസൃജാ രുദ്ധഃ പ്രാക്തദേവ പ്രദൂഷയേൽ.

സാ—വിദാഹമുണ്ടാക്കുന്ന അന്നത്തേയും വിരുദ്ധമായ അന്നത്തേയും രക്തദൂഷണം വരുത്തുന്ന മററുള്ളവയേയും ശീലിക്കുന്നവക്കും, വിധിപ്രകാരമല്ലാതെ ഉറങ്ങുകയും ഉറക്കമിളയ്ക്കുകയും മൈഥുനം ചെയ്കയും ചെയ്യുന്നവക്കും, പ്രായേണ സുകുമാരന്മാർ (ക്ലേശം സഹിപ്പാൻ വയ്യാത്തവിധം മൃദുശരീരന്മാരായവർ) ആയവക്കും, ഇരുന്ന ഇരുപ്പിൽനിന്നിളകി നടന്നു ശീലിക്കാത്തവക്കും, അഭിഘാതം ഹേതുവായിട്ടും അശുദ്ധിഹേതുവായിട്ടും രക്തം ദുഷിപ്പിക്കപ്പെട്ടിരിക്കുമ്പോൾ, വാതവൃദ്ധികരങ്ങളും ശീതങ്ങളുമായ വസ്തുക്കളെക്കൊണ്ട് വാതം കോപിച്ച് വിമാർഗ്ഗങ്ങളിൽക്കൂടെ സഞ്ചരിക്കും. അപ്പോൾ ആ വാതം അങ്ങിനെതന്നെയുള്ള (അതായതു ദൂഷിതമായ) രക്തത്താൽ രോധിക്കപ്പെട്ടതായിട്ട് ആദ്യം ആ രക്തത്തെത്തന്നെ അധികമായി ദുഷിപ്പിക്കും.

ആഢ്യരോഗം ഖുഡം വാതബലാസം വാതശോണിതം
തദാഹുർന്നാമഭിസ്തച്ച പൂർവ്വം പാദൗ പ്രധാവതി
വിശേഷാദ്യാനയാനാദ്യൈഃ പ്രലംബൗ തസ്യ ലക്ഷണം
ഭവിഷ്യതഃ കുഷ്ഠസമം തഥാ സാദഃ ശ്ലഥാംഗതാ
ജാനുജംഘോരുകട്യംസഹസ്തപാദാംഗസന്ധിഷു
കണ്ഡൂസ്ഫുരണനിസ്തോദഭേദഗൗരവസുപ്തതാഃ
ഭൂത്വാ ഭൂത്വാ പ്രണശ്യന്തി മുഹുരാവിർഭവന്തി ച
പാദയോർമ്മൂലമാസ്ഥായ കദാചിദ്ധസ്തയോരപി
ആഖോരിവ വിഷം ക്രുദ്ധം കൃത്സ്നം ദേഹം പ്രധാവതി.

സാ—മേല്പറഞ്ഞ വാതശോണിതത്തെ, ആചാര്യന്മാർ ആഢ്യരോഗമെന്നും ഖുഡമെന്നും വാതബലാസമെന്നും വാതശോണിതമെന്നും ഉള്ള

പേരുകളെക്കൊണ്ടു പറയുന്നു. ഈ വാതശോണിതം, ആദ്യമായി കാലുകളിലാണ് ധാവനംചെയ്യും. വാഹനമേറിയുള്ള യാത്ര മുതലായ കാരണങ്ങളാൽ പ്രലംബങ്ങൾ (=തൂങ്ങിക്കിടക്കുന്നവ) ആയ കാലുകളെ ഇത് വിശേഷിച്ച് പ്രധാവനം ചെയ്യും. വരുവാൻ പോകുന്ന ആയതിന്റെ (രക്തവാതത്തിന്റെ) ലക്ഷണം കുഷ്ഠത്തിന്റേതുപോലെയാകുന്നു. (അതിശ്ലക്ഷ്ണഖരസ്പർശതാദിയാണിതിന്റേയും പൂർവ്വരൂപമെന്നർത്ഥം). അപ്രകാരംതന്നെ ഇതിങ്കൽ സാദവും അംഗശൈഥില്യവും ഉണ്ടാകും. കാൽമുട്ടുകൾ, കണങ്കാലുകൾ, തുടകൾ, അരക്കെട്ട്, ചുമലുകൾ, കൈകൾ, പാദങ്ങൾ, അംഗങ്ങൾ എന്നിവയുടെ സന്ധികളിൽ ചൊറിച്ചിൽ-മിന്നൽ-കുത്തിനോവ്-പിളന്നുചാട്ടം-കനം-തരിപ്പ് എന്നിവ പിന്നേയും പിന്നേയും ഉണ്ടാവുകയും മാറുകയും വീണ്ടും ഉണ്ടാവുകയും ചെയ്തുംകൊണ്ടിരിക്കയും ചെയ്യും. ചിലപ്പോൾ വാതശോണിതം കാലുകളുടേയും കൈകളുടേയും മൂലത്തിൽ കടന്നുകൂടി കോപിച്ചിട്ട്, എലിയുടെ വിഷമെന്നപോലെ ദേഹംമുഴുവൻ പാഞ്ഞുകയറും.

ത്വങ്മാംസാശ്രയമുത്താനം തൽപൂർവ്വം ജായതേ തതഃ
കാലാന്തരേണ ഗംഭീരം സർവ്വാൻ ധാതൂനഭിദ്രവൽ
കണ്ഡ്വാദിസംയുതോത്താനേ ത്വക്താമ്രശ്യാവലോഹിതാ
സായാമാ ഭൃശദാഹോഷ്ണാ ഗംഭീരേധികപൂർവ്വരുക്
ശ്വയഥുഗ്രഥിതഃ പാകീ വായുസ്സന്ധ്യസ്ഥിമജ്ജസു
ഭിന്ദന്നിവ ചരത്യന്തർവ്വക്രീകുർവ്വംശ്ച വേഗവാൻ
കരോതി ഖഞ്ജം പംഗും വാ ശരീരേ സർവ്വതശ്ചരൻ.

സാ—രക്തവാതം രണ്ടുവിധമാകുന്നു. ഒന്ന് ഉത്താനം, രണ്ട് ഗംഭീരം. ആദ്യം ഇത് ത്വക്കിനേയും മാംസത്തേയും ആശ്രയിച്ചാണിരിക്കുക. അപ്പോൾ ഉത്താനമെന്നു പറയപ്പെടുന്നു. പിന്നെ ക്രമത്തിൽ സർവ്വധാതുക്കളേയും വ്യാപിക്കും. ആ അവസ്ഥയിൽ അതു ഗംഭീരമെന്നു പറയപ്പെടുന്നു. ഇവയിൽ ഉത്താനത്തിന്റെ ലക്ഷണം പറയുന്നു. കണ്ഡ്വാദീതി—ഉത്താനത്തിങ്കൽ ത്വക്ക് ചൊറിച്ചിൽ മുതലായവയോടുകൂടിയതായും താമ്രശ്യാവലോഹിതവർണ്ണയായും ആയാമത്തോടുകൂടിയത് (വലിച്ചിലുള്ളത്) ആയും വലിയ ദാഹത്തോടും ഊഷ്മയോടും കൂടിയതായുമിരിക്കും. (ത്വക്കിങ്കൽ ചൊറിച്ചിൽ മുതലായവയോടുകൂടിയ വീക്കമുണ്ടാകുമെന്ന് സാരം). ഗംഭീരത്തിങ്കലാകട്ടേ, മുൻപറഞ്ഞ ഉപദ്രവം അധികമുള്ളതായും ഗ്രഥിതമായും പാകം വരുന്നതായുമുള്ള വീക്കം ഉണ്ടാകും.

സന്ധികളിലും അസ്ഥിയിലും മജ്ജയിലും വായു, പിളരുന്നതുപോലെയും വളയ്ക്കുന്നതുപോലെയും വേഗവാനായി സഞ്ചരിക്കും. ഇങ്ങിനെ വായു ദേഹത്തിലെല്ലാടവും സഞ്ചരിച്ചിട്ട്, രോഗിയെ ഖഞ്ജനോ പംഗുവോ ആക്കിത്തീർക്കും. ഖഞ്ജൻ=ഒരു കാൽമുടന്തൻ, പംഗു=രണ്ടുകാലും മുടന്തിയവൻ.

വാതേധികേധികം തത്ര ശൂലസ്ഫുരണതോദനം
ശോഫസ്യ രൗക്ഷ്യകൃഷ്ണത്വശ്യാവതാവൃദ്ധിഹാനയഃ
ധമന്യംഗുലിസന്ധീനാം സങ്കോചോംഗഗ്രഹോതിരുക്
ശീതദ്വേഷാനുപശയൌ സ്തംഭവേപഥുസുപ്തയഃ
രക്തേ ശോഫോതിരുക്തോദസ്താമ്രശ്ചിമിചിമായതേ
സ്നിഗ്ദ്ധരൂക്ഷൈശ്ശമം നൈതി കണ്ഡൂക്ലേദസമന്വിതഃ
പിത്തേ വിദാഹസ്സംമോഹഃ സ്വേദോ മൂർച്ഛാ മദസ്തൃൾ
സ്പർശാക്ഷമത്വം രുഗ്രാഗഃ ശോഫഃ പാകോ ഭൃശോഷ്മതാ
കഫേ സ്തൈമിത്യഗുരുതാ സുപ്തിസ്നിഗ്ദ്ധത്വശീതതാഃ
കണ്ഡൂർമ്മന്ദാ ച രുഗ്ദ്വന്ദ്വസർവ്വലിംഗഞ്ച സംകരേ.

സാ—രക്തവാതത്തിൽ വാതം അധികമായിരിക്കുമ്പോൾ ശൂലം, സ്ഫുരണം, കുത്തിനോവ് എന്നിവയുണ്ടാകും. നീരിന്ന് രൗക്ഷ്യം, കറുപ്പുനിറം, കരുവാളിപ്പ്, വൃദ്ധിഹാനികൾ എന്നിവയുമുണ്ടാകും. ധമനികൾക്കും അംഗുലിസന്ധികൾ (വിരലിന്റെ മുട്ടുകൾ)ക്കും സംകോചം-അംഗങ്ങൾക്കു പിടിച്ചുവലി-അതിവേദന എന്നിവയും, ശീതം വേണ്ടെന്നു തോന്നുകയും ശീതം തട്ടിയാൽ അസുഖവും ഭവിക്കും. സ്തംഭനം-വേപഥു-തരിപ്പ് എന്നിവയുമുണ്ടാകും. രക്തം അധികമായിട്ടുള്ള രക്തവാതത്തിൽ അതിവേദനയോടുകൂടിയതും താമ്രവർണ്ണവുമായ ശോഫവും തോദവും ഉണ്ടാകും. അത് ചിമിചിമായനം ചെയ്കയും ചെയ്യും. സ്നിഗ്ദ്ധരൂക്ഷങ്ങളായ ദ്രവ്യങ്ങളെക്കൊണ്ടു ശമനം ഭവിക്കയില്ല. ചൊറിച്ചിലും ക്ലേദവും ഉള്ളതായിരിക്കയും ചെയ്യും. പിത്തം അധികമായിട്ടുള്ള രക്തവാതത്തിൽ വിദാഹം, സമ്മോഹം, വിയപ്പ്, മൂർച്ഛാ, മദം, തൃഷ്ണ എന്നിവയുണ്ടാകും. സ്പർശത്തെ സഹിക്കുകയില്ല. വേദന, തുടുപ്പ്, നീര്, പഴുപ്പ്, അത്യുഷ്ണം എന്നിവയുമുണ്ടാകും. കഫം അധികമായിരിക്കുമ്പോൾ സ്തൈമിത്യം, ഗുരുത്വം, തരിപ്പ്, സ്നിഗ്ദ്ധത, തണുപ്പ് എന്നിവയും ചൊറിച്ചിലും ചെറുതായൊരു വേദനയും ഉണ്ടാകും. സങ്കരത്തിങ്കൽ (അതായതു സംസർഗ്ഗസന്നിപാതങ്ങളിൽ) ദ്വന്ദ്വലക്ഷണങ്ങളും സർവ്വലക്ഷണങ്ങളും ഉണ്ടായിരിക്കും.

ഏകദോഷാനുഗം സാദ്ധ്യം നവം യാപ്യം ദ്വിദോഷജമ്
ത്രിദോഷജം ത്യജേൽ സ്രാവി സ്തബ്ധമർബ്ബുദകാരി ച.

സാ—ഏകദോഷാനുഗം (=ഒരു ദോഷംകൊണ്ടുണ്ടായത്) ആയിട്ടുള്ളതും പുതിയതുമായ രക്തവാതം സാദ്ധ്യമാകുന്നു. ദ്വിദോഷജം (=രണ്ടു ദോഷങ്ങളെക്കൊണ്ടുണ്ടായത്) ആയ രക്തവാതം യാപ്യമാകുന്നു. ത്രിദോഷജമായിട്ടുള്ളതിനെ ത്യജിക്കണം. പഴുത്തൊലിക്കുന്നതും സ്തബ്ധവും അർബ്ബുദത്തെ ഉണ്ടാക്കുന്നതുമായതിനേയും ത്യജിക്കണം. അർബ്ബുദം=സ്ഥിരവും ഘനവും വ്രണസഹിതവുമായ അധിമാംസം.

രക്തമാർഗ്ഗം നിഹന്ത്യാശു ശാഖാസന്ധിഷു മാരുതഃ
നിവിശ്യാന്യോന്യമാവാര്യ വേദനാഭിർഹരത്യസൂൻ.

സാ—വായു, ശാഖാസന്ധികളിൽ (കൈകാലുകളുടെ കെണിപ്പുകളിൽ) കടന്നുകൂടിയിട്ടു വേഗത്തിൽ രക്തമാർഗ്ഗത്തെ ഹനിക്കുന്നു. അപ്പോൾ ആ വായു രക്തത്തേയും രക്തം വായുവിനേയും എന്നിങ്ങിനെ അങ്ങോട്ടുമിങ്ങോട്ടും ആവരണംചെയ്ത് വിവിധവേദനകളെ ഉണ്ടാക്കി, അവയെക്കൊണ്ടു പ്രാണനെ അപഹരിക്കുന്നു. ഇപ്പറഞ്ഞവിധത്തിൽ മാത്രമല്ല ആവരണം സംഭവിക്കയുള്ളൂ. ഇനി പറയുവാൻ പോകുന്ന വിധങ്ങളിലും അതുണ്ടാകും. നാനാപ്രകാരങ്ങളായ ആവരണങ്ങളെ കാണിപ്പാനായിട്ട് ആദ്യം പഞ്ചവായുക്കളിലും ഭവിക്കുന്ന ആവരണങ്ങളുടെ നിദാനലക്ഷണാദികളെ കാണിക്കുന്നു.

വായൗ പഞ്ചാത്മകേ പ്രാണോ രൗക്ഷ്യവ്യായാമലംഘനൈഃ
അത്യാഹാരാഭിഘാതാദ്ധ്വവേഗോദീരണധാരണൈഃ
കുപിതശ്ചക്ഷുരാദീനാമുപഘാതം പ്രവർത്തയേൽ
പീനസാർദ്ദിതതൃൾക്കാസശ്വാസാദീംശ്ചാമയാൻ ബഹൂൻ.

സാ—വായു അഞ്ചായിട്ടുള്ളതിൽവെച്ച് പ്രാണൻ രൗക്ഷ്യവ്യായാമലംഘനങ്ങളെക്കൊണ്ടും അത്യാഹാരം- അഭിഘാതം- അദ്ധ്വഗമനം- വേഗോദീരണം-വേഗധാരണം എന്നിവകൊണ്ടും കോപിച്ചിട്ടു ചക്ഷുരാദീന്ദ്രിയങ്ങൾക്ക് ഉപഘാത (=സ്വസ്വവിഷയഗ്രഹണാശക്തി)ത്തെയും പീനസം-അർദ്ദിതം-തൃഷ്ണ-കാസം-ശ്വാസം മുതലായ നാനോപദ്രവങ്ങളേയും ഉണ്ടാക്കും.

ഉദാനഃ ക്ഷവഥൂൽഗാരച്ഛർദ്ദിനിദ്രാവിധാരണൈഃ
ഗുരുഭാരാതിരുദിതഹാസ്യാദ്യൈർവ്വികൃതോ ഗദാൻ

കണ്ഠരോധമനോഭ്രംശച്ഛൎദ്ദ്യരോചകപീനസാൻ
കുൎയ്യാച്ച ഗളഗണ്ഡാദീംസ്താംസ്താൻ ജത്രൂൎദ്ധ്വസംശ്രയാൻ.

സാ—ഉദാനവായു, ക്ഷവഥൂൽഗാരച്ഛൎദ്ദിനിദ്രാവേഗങ്ങളുടെ ധാരണംകൊണ്ടും കനമുള്ള ചുമടെടുക്കുക, അതിയായി രോദിക്കുക, അതിഹാസ്യംചെയ്ക മുതലായവയെക്കൊണ്ടും വികൃതമായിട്ടു കണ്ഠരോധം, മനോഭ്രംശം, ഛൎദ്ദി, അരോചകം, പീനസം എന്നിവയേയും ജത്രൂൎദ്ധ്വഭാഗത്തെ ആശ്രയിച്ചുള്ള ഗളഗണ്ഡം തുടങ്ങിയ വ്യാധികളേയും ഉണ്ടാക്കും.

വ്യാനോതിഗമനസ്ഥാനക്രീഡാവിഷമചേഷ്ടിതൈഃ
വിരോധിരൂക്ഷഭീഹൎഷവിഷാദാദ്യൈശ്ച ദൂഷിതഃ
പുംസ്ത്വോത്സാഹബലഭ്രംശശോഫചിത്തോൽപ്ലവജ്വരാൻ
സൎവ്വാംഗരോഗനിസ്തോദരോമഹൎഷാംഗസുപ്തതാഃ
കുഷ്ഠം വിസൎപ്പമന്യാംശ്ച കുൎയ്യാത്സൎവ്വാംഗഗാൻ ഗദാൻ.

സാ—വ്യാനവായു അതിഗമനം, അതിസ്ഥാനം, അതിക്രീഡ, വിഷമചേഷ്ട എന്നിവകൊണ്ടും വിരുദ്ധങ്ങളായും രൂക്ഷങ്ങളായുമുള്ള ദ്രവ്യങ്ങളെക്കൊണ്ടും ഭയഹൎഷവിഷാദാദികളെക്കൊണ്ടും ദൂഷിതമായിട്ടു പുംസ്ത്വഭ്രംശം (=സ്ത്രീഗമനാശക്തി), ഉത്സാഹഭ്രംശം, ബലഭ്രംശം, ശോഫം, ചിത്തോൽപ്ലവം (മനോഭ്രമം), ജ്വരം, സൎവ്വാംഗരോഗം, നിസ്തോദം, രോമഹൎഷം, അംഗങ്ങളിൽ തരിപ്പ്, കുഷ്ഠം, വിസൎപ്പം എന്നിവയേയും സൎവ്വാംഗഗങ്ങളായ മററു പല രോഗങ്ങളേയും ഉണ്ടാക്കും.

സമാനോ വിഷമാജീൎണ്ണശീതസംകീൎണ്ണഭോജനൈഃ
കരോത്യകാലശയനജാഗരാദ്യൈശ്ച ദൂഷിതഃ
ശൂലഗുല്മഗ്രഹണ്യാദീൻ പക്വാമാശയജാൻ ഗദാൻ.

സാ—സമാനവായു, വിഷമഭോജനം-അജീൎണ്ണഭോജനം-ശീതഭോജനം-സങ്കീൎണ്ണഭോജനം എന്നിവകൊണ്ടും, അകാലത്തിലുള്ള ശയനം-ജാഗരം മുതലായവകൊണ്ടും ദൂഷിതമായിട്ടു്, പക്വാശയത്തിലും ആമാശയത്തിലുമുണ്ടാകുന്നവയായ ശൂലഗുല്മഗ്രഹണ്യാദിരോഗങ്ങളെ ജനിപ്പിക്കും. വിഷമഭോജനം എന്നതു അകാലത്തിൽ വളരെയോ കുറച്ചോ ഉള്ള ഭക്ഷണം.

അപാനോ രൂക്ഷഗുൎവ്വന്നവേഗാഘാതാതിവാഹനൈഃ
യാനയാനാസനസ്ഥാനചംക്രമൈശ്ചാതിസേവിതൈഃ

കുപിതഃ കുരുതേ രോഗാൻ കൃച്ഛ്രാൻ പക്വാശയാശ്രയാൻ
മൂത്രശുക്രപ്രദോഷാർശോഗുദഭ്രംശാദികാൻ ബഹൂൻ.

സാ—അപാനവായു, രൂക്ഷതയും ഗുരുത്വവുമുള്ളവയായ അന്നങ്ങളും വേഗങ്ങളുടെ ആഘാതം (=ധാരണം) അതിവാഹനം എന്നിവയും വാഹനയാനം-ആസനം-സ്ഥാനം-ചംക്രമണം എന്നിവയും അധികമായി ശീലിച്ചാൽ കുപിതമായിട്ട് മൂത്രദോഷം, ശുക്ലദോഷം, അർശസ്സ്, ഗുദഭ്രംശം മുതലായി പക്വാശയാശ്രിതങ്ങളായ കഠിനരോഗങ്ങളെ ഉണ്ടാക്കും. [ആദിശബ്ദാർത്ഥങ്ങൾ എല്ലാടത്തും ആഗമവിരുദ്ധമല്ലാത്തവിധം ഊഹിക്കേണ്ടതാകുന്നു].

സർവ്വഞ്ച മാരുതം സാമം തന്ദ്രാസ്തൈമിത്യഗൗരവൈഃ
സ്നിഗ്ദ്ധത്വാരോചകാലസ്യശൈത്യശോഫാഗ്നിഹാനിഭിഃ
കടുരൂക്ഷാഭിലാഷേണ തദ്വിധോപശയേന ച
യുക്തം വിദ്യാന്നിരാമന്തു തന്ദ്രാദീനാം വിപര്യയാൽ.

സാ—മേല്പറഞ്ഞ പ്രാണാദിവായുക്കളിലെല്ലാം ആമസംബന്ധമുണ്ടെങ്കിൽ തന്ദ്ര, സ്തൈമിത്യം, ഗൗരവം, സ്നിഗ്ദ്ധത, അരുചി, ആലസ്യം, ശൈത്യം, ശോഫം, അഗ്നിമാന്ദ്യം, എരിവുള്ളവയും രൂക്ഷങ്ങളുമായ വസ്തുക്കളിൽ ആഗ്രഹം, താദൃശവസ്തുക്കളുടെ ഉപയോഗംകൊണ്ടു സുഖം എന്നീ ലക്ഷണങ്ങളുണ്ടാകും. ഈ ലക്ഷണങ്ങളെക്കൊണ്ടു വായുവിനെ സാമമെന്നറിയണം. ഇപ്പറഞ്ഞ തന്ദ്രാദികളുടെ വൈപരീത്യംകൊണ്ടു വാതത്തെ നിരാമമെന്നും അറിയണം.

വായോരാവരണഞ്ചാതോ ബഹുഭേദം പ്രവക്ഷ്യതേ
ലിംഗം പിത്താവൃതേ ദാഹസ്തൃഷ്ണാ ശൂലം ഭ്രമസ്തമഃ
കടുകോഷ്ണാമ്ലലവണൈർവ്വിദാഹശ്ശീതകാമതാ
ശൈത്യഗൗരവശൂലാനി കട്വാദ്യുപശയോധികം
ലംഘനായാസരൂക്ഷോഷ്ണകാമതാ ച കഫാവൃതേ
രക്താവൃതേ സദാഹാർത്തിസ്ത്വങ്മാംസാന്തരജാ ഭൃശം
ഭവേച്ച രാഗീ ശ്വയഥുർജ്ജായന്തേ മണ്ഡലാനി ച
മാംസേന കഠിനശ്ശോഫോ വിവർണ്ണഃ പിടകാസ്തഥാ
ഹർഷഃ പിപീലികാനാഞ്ച സഞ്ചാര ഇവ ജായതേ
ചലഃ സ്നിഗ്ദ്ധോ മൃദുശ്ശീതഃ ശോഫോ ഗാത്രേഷ്വരോചകഃ
ആഢ്യവാത ഇതി ജ്ഞേയസ്സ കൃച്ഛ്രോ മേദസാവൃതേ.

സാ—ഇനി, നാനാഭേദങ്ങളോടുകൂടിയതായ വായുവിന്റെ ആവരണം പറയപ്പെടുന്നു. വായു, പിത്തത്താൽ ആവൃതമായിരിക്കുമ്പോഴത്തെ ലക്ഷണം ചുട്ടുനീറൽ-തണ്ണീർദാഹം-ശ്രമം-ഭ്രമം-തമോദർശനം-കടുകോഷ്ണാമ്ലലവണങ്ങളായ ദ്രവ്യങ്ങൾ ശീലിച്ചാൽ വിദാഹം-ശീതാഭിലാഷം എന്നിവയാകുന്നു. വായു, കഫാവൃതമായിരിക്കുമ്പോഴത്തെ ലക്ഷണം, ശൈത്യം-കനം-ശൂലം-കടുകാദികളായ വസ്തുക്കളുപയോഗിച്ചാൽ സുഖം-വഴിനടക്കാനും ആയാസം ചെയ്യാനും രൂക്ഷോഷ്ണദ്രവ്യങ്ങളെ അനുഭവിപ്പാനും ആഗ്രഹം എന്നിവയാകുന്നു. വായു, രക്താവൃതമായിരിക്കുമ്പോഴത്തെ ലക്ഷണം ത്വങ്മാംസങ്ങളുടെ ഇടയിൽ ചുട്ടുനീറലോടുകൂടിയതായ കഠിനവേദനയാകുന്നു. കൂടാതെ, ചുവന്ന നിറത്തോടുകൂടിയതായ നീരും ഉണ്ടാകും. മണ്ഡലങ്ങളും ഭവിക്കും. വായു, മാംസാവൃതമായിരിക്കുമ്പോഴത്തെ ലക്ഷണം അതികഠിനമായും വിവർണ്ണമായുമിരിക്കുന്ന നീരും കുരുക്കളും ഉണ്ടാവുകയാകുന്നു. രോമാഞ്ചവും ഉണ്ടാകും. ഉറുമ്പുകൾ അരിക്കുന്നതുപോലെ തോന്നുകയും ചെയ്യും. വാതം മേദസ്സിനാൽ ആവൃതമായിരിക്കുംസമയത്തിങ്കൽ ചലമായും സ്നിഗ്ദ്ധതയും മൃദുത്വവും തണുപ്പും ഉള്ളതായുമുള്ള നീര് അവയവങ്ങളിലുണ്ടാകും. അഗ്നിക്ഷയവും ഭവിക്കും. ഈ വ്യാധിക്ക് ആഢ്യവാതമെന്നു പേർ. ഇത് കൃച്ഛ്രസാദ്ധ്യമാകുന്നു.

സ്പർശമസ്ഥ്യാവൃതേത്യുഷ്ണം പീഡനഞ്ചാഭിനന്ദതി
സൂച്യേവ തുദ്യതേത്യർത്ഥമംഗം സീദതി ശൂല്യതേ
മജ്ജാവൃതേ വിനമനം ജൃംഭണം പരിവേഷ്ടനം
ശൂലഞ്ച പീഡ്യമാനേ ച പാണിഭ്യാം ലഭതേ സുഖം.
ശുക്ലാവൃതേതിവേഗോ വാ ന വാ നിഷ്ഫലതാപി വാ
ഭുക്തേ കുക്ഷൗ രുജാജീർണ്ണേ ശാമ്യത്യന്നാവൃതേനിലേ
മൂത്രാപ്രവൃത്തിരാധ്മാനം വസ്തേർമ്മൂത്രാവൃതേ ഭവേൽ
വിഡാവൃതേ വിബന്ധോധഃ സ്വേ ച സ്ഥാനേ പരികൃന്തതി
വ്രജത്യാശു ജരാം സ്നേഹോ ഭുക്തേ ചാനഹ്യതേ നരഃ
ശകൃൽപീഡിതമന്നേന ദുഃഖം ശുഷ്കം ചിരാൽ സൃജേൽ
സർവ്വധാത്വാവൃതേ വായൗ ശ്രോണിവംക്ഷണപൃഷ്ഠരുക്
വിലോമോ മാരുതോ സ്വാസ്ഥ്യം ഹൃദയം പീഡ്യതേതി ച.

സാ—വാതം അസ്ഥിയാൽ ആവൃതമായിരിക്കുംസമയത്തിങ്കൽ രോ

ഗ്നി അത്യുഷ്ണമായ സ്പർശത്തേയും പീഡനത്തേയും ഇഷ്ടപ്പെടും. ദേഹം സൂചികൊണ്ടു കുത്തുന്നതുപോലെ തോന്നുകയും വലിയ തളർച്ചയും ശൂലവേദനയും ഉണ്ടാകയും ചെയ്യും. വാതം മജ്ജധാതുവിനാൽ ആവൃതമായാൽ മുറിനിവിരുക-കോട്ടുവായിടുക-പരിവേഷ്ടനം ചെയ്ക എന്നിവയും ശൂലവും ഉണ്ടാകും. കൈകൾകൊണ്ടുഴിയുമ്പോൾ സുഖം കിട്ടുകയും ചെയ്യും. ശുക്ലത്താൽ വാതം ആവൃതമായാൽ ശുക്ലവേഗം അധികമാകയോ ശുക്ലവേഗം ഇല്ലാതാകയോ അല്ലെങ്കിൽ ശുക്ലത്തിന്റെ ഫലം (ഗർഭം) ഉണ്ടാകാതെ പോകയോ ചെയ്യും. വായു അന്നത്താൽ ആവൃതമായാൽ ഭക്ഷണം കഴിഞ്ഞ സമയത്തു വയററിൽ വേദനയുണ്ടാകും; ആഹാരം ജീർണ്ണമായാൽ അതു ശമിക്കയും ചെയ്യും. വായു, മൂത്രത്താൽ ആവൃതമായാൽ മൂത്രം പോകാതാവുകയും വസ്തിയിൽ ആദ്ധ്മാനം (=വീപ്പ്) ഉണ്ടാകയും ചെയ്യും. വായു പുരീഷത്താൽ ആവൃതമായാൽ അധോഭാഗത്തിൽ വിബന്ധമുണ്ടാകും. അതിന്റെ സ്ഥാനത്തിൽ അരിഞ്ഞു വേദനിക്കും. സ്നേഹം (=മെഴുക്ക്) ഭക്ഷിച്ചാൽ വേഗത്തിൽ ദഹിക്കും. അന്നം ചെന്നാൽ മേൽവയറ് തട്ടി വീർക്കുകയും ചെയ്യും. മലം അന്നത്താൽ പീഡിതമാകനിമിത്തം വളരെ പ്രയാസപ്പെട്ടും വരണ്ടും വളരെ നേരം കൊണ്ടും വിസർജ്ജിക്കുകയും ചെയ്യും. വായു, ഒരേസമയത്തുതന്നെ സർവ്വധാതുക്കളാലും ആവരണം ചെയ്യപ്പെട്ടാൽ ശ്രോണിപ്രദേശത്തും ഒടികളിലും പുറത്തും വേദനയുണ്ടാകയും വായു വിലോമമായി ഭവിക്കയും അസ്വാസ്ഥ്യമുണ്ടാകയും ഹൃദയം കലശലായി പീഡിക്കപ്പെടുകയും ചെയ്യും.

ഇങ്ങിനെ സാമാന്യേന വായുവിന്റെ ആവരണം പറഞ്ഞിട്ട്, പ്രാണാദിവിശേഷേണ ആവരണം പറയപ്പെടുന്നു:—

ഭ്രമോ മൂർച്ഛാ രുജാ ദാഹഃ പിത്തേന പ്രാണ ആവൃതേ
വിദാഹശ്ചന്നേ ച വമനമുദാനേ വിഭ്രമാദയഃ
ദാഹോന്ത്രരുജ്ജാ ഭ്രംശശ്ച ദാഹോ വ്യാനേ തു സർവ്വഗഃ
ക്ലമോഗ്ഗചേഷ്ടാസങ്ഗശ്ച സന്താപസ്സഹവേദനഃ
സമാന ഊഷ്മാപഹതിരതിസ്വേദോരതിസ്സതൃൾ
ദാഹശ്ച സ്യാദപാനേ തു മലേ ഹാരിദ്രവർണ്ണതാ
രജോതിവൃദ്ധിസ്താപശ്ച യോനിമേഹനപായുഷു

സാരം—പിത്തത്താൽ പ്രാണവായു ആവൃതമായിരിക്കുമ്പോൾ തല

തിരിച്ചിൽ, മോഹാലസ്യം, വേദന, ചുട്ടുനീറൽ എന്നിവയുണ്ടാകും. അന്നം വിദഗ്ദ്ധമായിരിക്കുംസമയത്തിൽ, അതായതു ദഹനം തുടങ്ങുമ്പോൾ ഛർദ്ദിയുമുണ്ടാകും. പിത്തത്താൽ ഉദാനവായു ആവൃതമായിരിക്കുമ്പോൾ വിഭ്രമം (ഒരുതരം മോഹാലസ്യം) മുതലായവയും ഉള്ളിൽ ചുട്ടുനീറലും ശക്തിക്ഷയവും ഉണ്ടാകും. പിത്തത്താൽ വ്യാനവായു ആവൃതമായിരിക്കുമ്പോൾ സർവ്വാംഗങ്ങളിലും ചുട്ടുനീറലും ഇന്ദ്രിയസാദവും അംഗചേഷ്ടകൾക്കു തടവും വേദനയോടുകൂടിയ സന്താപവും ഉണ്ടാകും. പിത്തത്താൽ സമാനവായു ആവൃതമായിരിക്കുമ്പോൾ ദേഹത്തിൽ ഉഷ്ണം ഉണ്ടാകയില്ല; വിയർപ്പു കലശലായുണ്ടാവും; അരതിയും തൃഷ്ണയും ദാഹവും ഭവിക്കും. പിത്തത്താൽ സമാനവായു ആവൃതമായിരിക്കുമ്പോൾ മലത്തിൽ മഞ്ഞനിറവും വേദനക്ക് ആധിക്യവും യോനിലിംഗഗുദങ്ങളിൽ താപവും ഉണ്ടാകും.

ശ്ലേഷ്മണാ ത്വാവൃതേ പ്രാണേ സാദസ്തന്ദ്രാരുചിർവ്വമിഃ
ഷ്ഠീവനക്ഷവഥൂൽഗാര നിശ്വാസോച്ഛ്വാസസംഗ്രഹഃ
ഉദാനേ ഗുരുഗാത്രത്വമരുചിർവ്വാക്സ്വരഗ്രഹഃ
ബലവർണ്ണപ്രണാശശ്ച വ്യാനേ പർവ്വാസ്ഥിവാഗ്ഗ്രഹഃ
ഗുരുതാംഗേഷു സർവ്വേഷു സ്ഖലിതഞ്ച ഗതൌ ഭൃശം
സമാനേതിഹിമാംഗത്വമസ്വേദോ മന്ദവഹ്നിതാ
അപാനേ സകഫം മൂത്രശകൃതോഃ സ്യാൽ പ്രവർത്തനം
ഇതി ദ്വാവിംശതിവിധം വായോരാവരണം വിദുഃ.

സാ—കഫത്താൽ പ്രാണവായു ആവൃതമായിരിക്കുമ്പോൾ തളച്ച്, മടി, അരുചി, ഛർദ്ദി എന്നിവയും തുപ്പൽ-തുമ്പൽ-തേട്ടൽ-നിശ്വാസം-ഉച്ഛ്വാസം എന്നിവക്കു തടസ്ഥവുമുണ്ടാകും. കഫത്താൽ ഉദാനവായു ആവൃതമായിരിക്കുമ്പോൾ ദേഹത്തിന്നു കനവും അരുചിയും വാക്സ്വരങ്ങൾക്കു സംഗ്രഹവും ബലവർണ്ണങ്ങൾക്കു ഹാനിയും ഭവിക്കും. കഫത്താൽ വ്യാനവായു ആവരണം ചെയ്യപ്പെട്ടാൽ സന്ധിയെല്ലുകൾക്കും വാക്കിന്നും ഗ്രഹവും അംഗങ്ങളിലെല്ലാക്കയും കനവും നടക്കുന്നതിൽ വല്ലതായ ഇടച്ചയും ഉണ്ടാകും. കഫത്താൽ സമാനവായു ആവൃതമായിരിക്കുമ്പോൾ ദേഹത്തിന്ന് അതിയായ തണുപ്പും വിയർപ്പില്ലായ്മയും അഗ്നിമാന്ദ്യവും ഭവിക്കും. കഫത്താൽ അപാനവായു ആവൃതമായിരിക്കുമ്പോൾ മലമൂത്രങ്ങൾ പോകുന്നതു കഫത്തോടുകൂടിയിരിക്കും. ഇങ്ങിനെ ഇരുപത്തിരണ്ടുവിധത്തിലാണ് വായുവിന്റെ ആവരണം—[പിത്തത്താലും കഫത്താലുംകൂടി ദോഷങ്ങളാൽ രണ്ട്; രക്താദികളായ ധാതുക്കളാൽ ആ

റ്; അന്നം-മൂത്രം-മലം എന്നിവയാൽ മൂന്ന്; സർവ്വധാതുക്കളാൽ ഒ
ന്ന് ഇങ്ങിനെ വായുവിന്നു വരുന്ന ആവരണങ്ങൾ പന്ത്രണ്ടുവിധം.
പ്രാണാദികളായ അഞ്ചു വായുക്കൾക്കു പിത്തത്താലും കഫത്താലും ഉള്ള
ആവരണം പത്തുവിധം; ഇങ്ങിനെ ആകെ ഇരുപത്തിരണ്ടുവിധം.]

പ്രാണാദയസ്തഥാന്യോന്യമാവൃണ്വന്തി യഥാക്രമമ്.
സർവ്വേപി, വിംശതിവിധം വിദ്യാദാവരണന്തു തൽ
നിശ്വാസോച്ഛ്വാസസംരോധഃ പ്രതിശ്യായശ്ശിരോഗ്രഹഃ
ഹൃദ്രോഗോ മുഖശോഷശ്ച പ്രാണേനോദാന ആവൃതേ
ഉദാനേനാവൃതേ പ്രാണേ വർണ്ണൗജോബലസംക്ഷയഃ.

സാ— അപ്രകാരംതന്നെ പ്രാണാദികളായ വായുക്കളും യഥാക്രമം
അന്യോന്യം ആവരണം ചെയ്യും. ഈ വകയിലുള്ള ആവരണം ഇരുപ
തുവിധമാണെന്നറിയണം. പ്രാണാദികളായ അഞ്ചു വായുക്കളിൽ ഏ
തെങ്കിലും ഒന്ന് ബാക്കിയുള്ള നാലിനേയും ആവരണം ചെയ്യുമല്ലോ.
ഇങ്ങിനെ അവ അഞ്ചും നന്നാലുവിധം ആവരണങ്ങളെ ജനിപ്പിക്കു
കയും ചെയ്യും. അതുകൊണ്ട് ആകെ ഇരുപതുവിധം ആവരണം വരു
ന്നു. ഈ അന്യോന്യാവരണത്തിന്റെ സ്വഭാവം ഗ്രഹിപ്പാനായി ദി
ങ്മാത്രം കാണിക്കുന്നു. നിശ്വാസേതി—പ്രാണവായു ഉദാനവായുവി
നെ ആവരണം ചെയ്താൽ നിശ്വാസോച്ഛ്വാസങ്ങൾക്കു തടവ്, പീന
സം, തലയ്ക്കു പിടുത്തം, ഹൃദ്രോഗം, വായ വരൾച്ച എന്നിവയുണ്ടാകും.
ഉദാനവായുവിനാൽ പ്രാണവായു ആവരണം ചെയ്യപ്പെട്ടാലാകട്ടെ വ
ർണ്ണം-ഓജസ്സ്-ബലം എന്നിവകൾ ക്ഷയവും ഭവിക്കും.

ദിശാനയാ ച വിഭജേത്സർവ്വമാവരണം ഭിഷൿ
സ്ഥാനാന്യവേക്ഷ്യ വാതാനാം വൃദ്ധിം ഹാനിഞ്ച കർമ്മണാമ്.

സാ—മേൽക്കാണിച്ചതായ ദിങ്മാത്രംകൊണ്ട് വൈദ്യൻ എല്ലാ
ആവരണങ്ങളേയും സ്വബുദ്ധികൊണ്ടാലോചിച്ച് വിഭജിക്കണം. പ്രാ
ണാദികളായ വായുക്കളുടെ സ്ഥാനങ്ങളേയും, അവയുടെ കർമ്മങ്ങൾക്കു
ള്ള വൃദ്ധിയേയും ഹാനിയേയും നോക്കിയിട്ടാണ് ഇത് നിർണ്ണയിക്കേണ്ട
ത്. ഇന്ന വായുവിന്ന് ഇന്നതാണ് സ്ഥാനം; ആ സ്ഥാനത്തു നിൽക്കു
മ്പോൾ അതിന്ന് ഇന്ന കർമ്മമാണ് പറഞ്ഞത്; ആ കർമ്മം ഇപ്പോൾ
വർദ്ധിച്ചിരിക്കുന്നു, അല്ലെങ്കിൽ ക്ഷയിച്ചിരിക്കുന്നു; എന്നിങ്ങിനെ നോ
ക്കി, അനുക്തങ്ങളായവയുടെ അന്യോന്യാവരണത്തെ അറിയേണമെന്നു
സാരം.

പ്രാണാദീനാഞ്ച പഞ്ചാനാം മിശ്രമാവരണം മിഥഃ
പിത്താദിഭിർദ്വാദശഭിർമ്മിശ്രാണാം മിശ്രിതൈശ്ച തൈഃ
മിശ്രൈഃ പിത്താദിഭിസ്തദ്വന്മിശ്രണാഭിരനേകധാ
താരതമ്യവികല്പാച്ച യാത്യാവൃതിരസംഖ്യതാം.

സാ—പ്രാണാദികളായ അഞ്ചു വായുക്കളുടേയും അങ്ങോട്ടുമിങ്ങോമുള്ള ആവരണം മിശ്രമായിട്ടു വരാം. പ്രാണാദികളിൽ രണ്ടെണ്ണമോ അധികമോ മിശ്രീഭവിച്ച് ആവരകങ്ങളായും ആവാര്യങ്ങളായും ഭവിക്കാമെന്നർത്ഥം. പിത്താദികളായ പന്ത്രണ്ടെണ്ണ (അതായത് പിത്തം, കഫം, രക്താദികളായ ആറ് ധാതുക്കൾ, അന്നം-മൂത്രം-മലം സർവ്വധാതു എന്നിവ) ത്തിൽ രണ്ടെണ്ണത്തോടൊ അധിലധികത്തോടൊ മിശ്രീഭവിച്ചും ആവാര്യമായൊ ആവരകമായോ ഭവിക്കാം. പിത്താദികളും ഈ രണ്ടിനോടൊ മറ്റോ മിശ്രമായിവരാം. മേൽപ്പറഞ്ഞ മിശ്രിതങ്ങളിൽ ഒന്ന് അധികതരം, മറ്റൊന്ന് അധികതമം എന്നിങ്ങിനെ താരതമ്യപരികല്പനയും വരും. ഈവക കാരണങ്ങളാൽ ആവരണം അസംഖ്യമെന്ന നിലയെ പ്രാപിക്കും.

തൽ ലക്ഷയേദവഹിതോ യഥാസ്വം ലക്ഷണോദയാൽ
ശനൈശ്ശനൈശ്ചോപശയാൽ ഗൂഢാമപിമുഹുർമ്മുഹുഃ
വിശേഷാജ്ജീവിതം പ്രാണ ഉദാനോ ബലമുച്യതേ
സ്യാത്തയോഃ പീഡനാദ്ധാനിരായുഷശ്ച ബലസ്യ ച.

സാ—ഇങ്ങിനെ അസംഖ്യമായിട്ടുള്ള ആ ആവൃതിയെ (ആവരണത്തെ) യഥാസ്വമുള്ള ലക്ഷണങ്ങളുടെ ആവിർഭാവംനോക്കി വൈദ്യൻ വളരെ മനസ്സിരുത്തി പരീക്ഷിച്ചറിയണം. ആവരണം ഗൂഢമായിരുന്നാലും പതുക്കെപ്പതുക്കെയുള്ള ഉപശയത്തെ (=സുഖപ്രാപ്തിയെ) പിന്നെയും പിന്നേയും നോക്കി അറിഞ്ഞ് നിർണ്ണയിക്കണം. വിശേഷിച്ചും മനുഷ്യന്നു പ്രാണവായു ജീവനാണെന്നും ഉദാനവായു ബലമാണെന്നും പറയപ്പെടുന്നു. അവയ്ക്കു രണ്ടിന്നും പീഡനം വന്നാൽ ആയുസ്സിന്നും ബലത്തിന്നും ഹാനി ഭവിക്കും. ആകയാൽ പ്രാണോദാനങ്ങളെ ആവരണത്തിൽനിന്നു സർവ്വഥാ രക്ഷിക്കണമെന്നു സാരം.

ആവൃതാ വായവോഽജ്ഞാതാ ജ്ഞാതാ വാ വത്സരം സ്ഥിതാഃ
പ്രയത്നേനാപി ദുസ്സാധാ ഭവേയുർവ്വാനുപക്രമാഃ.

സാ—വായുക്കൾ ആവരണം ചെയ്യപ്പെട്ടിട്ട്, അറിയാതേയോ അറിഞ്ഞോ, ഒരു സംവത്സരകാലം ചികിത്സിക്കാതെ നിന്നുപോയാൽ പിന്നെ വളരെ പ്രയത്നിച്ചു ചികിത്സിച്ചാലും ദുസ്സാധ്യങ്ങളായിട്ടോ അസാ

ധ്യങ്ങളായിട്ടുതന്നെയോ വരും. അതുകൊണ്ടതിൽ പ്രത്യേകദൃഷ്ടി വേണമെന്നർത്ഥം.

വിദ്രധിപ്ലീഹഹൃദ്രോഗഗുല്മാഗ്നിസദനാദയഃ
ഭവന്ത്യുപദ്രവാസ്തേഷാമാവൃതാനാമുപേക്ഷണാൽ.

സാ—ആവൃതങ്ങളായ വായുക്കളെ ചികിത്സിക്കാതെ ഉപേക്ഷിച്ചാൽ വിദ്രധി, പ്ലീഹരോഗം, ഹൃദ്രോഗം, ഗുല്മൻ, അഗ്നിമാന്ദ്യം മുതലായ രോഗങ്ങൾ ഭവിക്കും. ആകയാൽ ഉടൻ ചികിത്സചെയ്യേണമെന്നു താല്പര്യം.

ഇത്യഷ്ടാംഗസംഗ്രഹേ നിദാനസ്ഥാനേ
ഷോഡശാദ്ധ്യായഃ
സമാപ്തഃ.
(സമാപ്തഞ്ചേദം നിദാനസ്ഥാനം)

---

## വ്യാഖ്യാതൃശ്ലോകാഃ.

---

അഷ്ടാംഗസംഗ്രഹമഹോദധിവീചിമാലാ-
സ്വാരബ്ധകേളികലനോ നിരുപപ്ലവോയം
"ലീലാപ്ലവോ"ഽധ്യഗമദദ്യ സുഖം തൃതീയം
സ്ഥാനം നിദാനമഖിലേഷ്ടഗതേർന്നിദാനം. 1

ശ്രീനീലകണ്ഠകരുണാലവമേകമുച്ഛ-
ന്നുച്ഛൂനപാതമചിരാദനുകൂലവാതം
ബിഭ്രച്ഛിരസ്സതതമുച്ഛ്രിതമുജ്ജിഹീതേ
"ലീലാപ്ലവോ" ജന ഇവായമപത്യഗർഭഃ. 2

ജീയാദയം ഗുരുകൃപാഗരിമാ ജനേസ്മിൻ
ജീയാച്ച വാഹടഗിരാം വിവൃതിർമ്മമേയം
യത്സത്വ ഏവ ഹി ഭവേന്ന ഭവേദഭാവേ
യത്സത്വമിത്യനുഭവാഗമയുക്തിസിദ്ധം. 3

ഇതി ലീലാപ്ലവവ്യാഖ്യാനേ നിദാനസ്ഥാനം
സമാപ്തം.

---

25 JUL 19[illegible]6